കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 12, ബുധൻ

സ്പീക്കർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. വി . ശശി

സെക്രട്ടറി

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ

ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1439/2021

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. പിണറായി വിജയൻ
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ബാലൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി	:	ശ്രീ. ഇ. ചന്ദ്രശേഖരൻ
ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി	:	ഡോ. കെ. ടി. ജലീൽ
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി	:	ശ്രീ. ഇ. പി. ജയരാജൻ
വൈദ്യുതി വകുപ്പുമന്ത്രി	:	ശ്രീ. എം. എം. മണി
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. കെ. കൃഷ്ണൻകുട്ടി
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി	:	ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി	:	ശ്രീ. എ. സി. മൊയ്തീൻ
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി	:	ശ്രീ. കെ. രാജു
തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി	:	ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
തൊഴിലും എക്സൈസും വകുപ്പുമന്ത്രി	:	ശ്രീ. ടി. പി. രാമകൃഷ്ണൻ
പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി	:	പ്രൊഫ. സി. രവീന്ദ്രനാഥ്
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ശശീന്ദ്രൻ
ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി	:	ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി	:	ശ്രീ. ജി. സുധാകരൻ
കൃഷി വകുപ്പുമന്ത്രി	:	ശ്രീ. വി. എസ്. സുനിൽ കുമാർ
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി	:	ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി	:	ശ്രീ. പി. തിലോത്തമൻ
ധനകാര്യവും കയറും വകുപ്പുമന്ത്രി	:	ഡോ. ടി. എം. തോമസ് ഐസക്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 104

II അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ
(അവതരണാനുമതി നിഷേധിച്ചു) ...506

III ശ്രദ്ധ ക്ഷണിക്കൽ

(1) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കൽ

– ശ്രീമതി വീണാ ജോർജ്ജ് ...526

(2) വന്യജീവി ആക്രമണം

– ശ്രീ. പി. ജെ. ജോസഫ് ...534

IV സബ്മിഷൻ

(1) വനിതാപോലീസിന്റെ സേവനം

– ശ്രീമതി ഗീതാ ഗോപി ...540

(2) ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ഭാഷാന്യൂനപക്ഷ പദവി

– ശ്രീമതി ഷാനിമോൾ ഉസ്മാൻ ...541

(3) നദികളിലും ഡാമുകളിലുമുള്ള മണലും ചെളിയും നീക്കം ചെയ്യൽ

– ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...542

(4) പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക്

– ശ്രീ. പാറക്കൽ അബ്ദുല്ല ...543

പേജ്

(5) ഭരണഘടനയുടെ ആമുഖം വായന

– ഡോ. എം. കെ. മുനീർ ...545

(6) മുതലമൂർഖൻ കടവ് തൂക്കുപാലം

– ശ്രീ. പി. കെ. ശശി ...546

(7) കുടിവെള്ള പ്രശ്നം

– ശ്രീ. മുല്ലക്കര രത്നാകരൻ ...547

(8) കരമന-വെള്ളറട റോഡ് നിർമ്മാണം

– ശ്രീ. ഐ. ബി. സതീഷ് ...548

(9) ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത

– ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...548

(10) അപ്രോച്ച് റോഡ് നിർമ്മാണം

– ശ്രീ. സി. മമ്മൂട്ടി ...550

(11) വരയന്നൂർ അക്വഡക്ടിന്റെ പുനർനിർമ്മാണം

– ശ്രീമതി വീണാ ജോർജ്ജ് ...551

(12) ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറ്റം

– ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...552

(13) തൊഴിൽ നിയമങ്ങൾ

– ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...553

(14) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

– ശ്രീ. എം. സി. കമറുദ്ദീൻ ...554

(15) ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ

– ശ്രീ. ഒ. രാജഗോപാൽ ...555

പേജ്

(16) റെസ്റ്റ് ഹൗസ്

– ശ്രീ. ഡി. കെ. മുരളി …556

(17) പാകയി പാലം പുനർനിർമ്മാണം

– ശ്രീ. ഇ. കെ. വിജയൻ …557

(18) പാർപ്പിട പ്രശ്നം

– ശ്രീ. കെ. ബാബു …557

(19) കാസർഗോഡ് മെഡിക്കൽ കോളേജ്

– ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...559

(20) ആസ്തിവികസന ഫണ്ട്

– ശ്രീമതി യു. പ്രതിഭ …559

(21) മരങ്ങളുടെ വിലനിർണ്ണയം

– ശ്രീ. എൽദോ എബ്രഹാം …561

V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47(2)]
പ്രകാരമുള്ള കടലാസ്സുകൾ ...562,569

VI ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

(1) 2017-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്
(അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസിനുള്ള ഭേദഗതികൾ

– ശ്രീ. എം. വിൻസെന്റ് …570

(2) 2019-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി)
ചട്ടങ്ങൾക്കുള്ള ഭേദഗതി

– ശ്രീ. എം. ഉമ്മർ …572

പേജ്

VII റിപ്പോർട്ടുകളുടെ സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 48 മുതൽ 52 വരെയുള്ള റിപ്പോർട്ടുകൾ ...573

VIII ക്രമപ്രശ്നം

(1) ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

– ശ്രീ. എം. ഉമ്മർ ...573

(2) ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലെ കാലതാമസം

– പ്രതിപക്ഷനേതാവ്(ശ്രീ. രമേശ് ചെന്നിത്തല) ...576

(3) ഉപധനാഭ്യർത്ഥന പാസ്സാക്കാത്തത് സംബന്ധിച്ച്

– ശ്രീ. വി. ഡി. സതീശൻ ...576

റൂളിംഗ് ...579

IX വ്യക്തിപരമായ വിശദീകരണം

ഏറനാട് എം.എൽ.എ.-യുടെ പരാമർശം

– ശ്രീ. എം. നൗഷാദ് ...582

X ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച ...584

XI അവകാശലംഘന പ്രശ്നങ്ങൾ ...651

XII പ്രമേയം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...659

XIII അവലോകനം ...659

അനുബന്ധം ...663

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 12, ബുധൻ

വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2020 ഫെബ്രുവരി മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ ചോദ്യം നമ്പർ *181

കേരള ബാങ്കിന് അന്യസംസ്ഥാന ശാഖകൾ

1(*181) ശ്രീ. കെ. എം. ഷാജിക്കുവേണ്ടി ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എം. സി. കമറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരള സഹകരണ സംഘം നിയമം അനുസരിച്ച് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങാൻ അനുമതിയുണ്ടോ;

(സി) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങുന്നുവെങ്കിൽ ആയത് ഏത് നിയമപ്രകാരമാണെന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്ന വിഷയം ഭാവിയിൽ പരിഗണിക്കുന്നതാണ്. കേരള ബാങ്ക് ബൈലോയിൽ താഴെപ്പറയുന്ന രീതിയിലാണ് ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുള്ളത്:

" Area of operation: - Its operation shall extend to the whole of the Kerala State. It can be extended outside the State of Kerala/India with the permission of the Government/ Regulators."

(ബി) നിലവിൽ അനുമതിയില്ല.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമം അനുശാസിക്കും പ്രകാരമാണ് നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിച്ചു വരുന്നത്. ഈ ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങുന്നതിന് അനുമതി നേടുന്നത് ആലോചനയിലുണ്ട്. നിയമാനുസൃതം അതിനായി ശ്രമിക്കും.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, കേരള ബാങ്ക് നിലവിൽ വരുമ്പോൾ എല്ലാ ആധുനിക സംവിധാനങ്ങളും ഇടപാടുകാർക്ക് ഉറപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. എന്നാൽ നിലവിലുള്ള സൗകര്യംകൂടി നഷ്ടപ്പെട്ടതായാണ് അറിയാൻ കഴിയുന്നത്. കോഴിക്കോട്, ഇടുക്കി, വയനാട് ജില്ലാ ബാങ്കുകളിൽ എൻ.ആർ.ഇ. നിക്ഷേപ സൗകര്യമുണ്ടായിരുന്നു. ഇപ്പോൾ അവിടെ അത് ഇല്ലാതായതുവഴി എൻ.ആർ.ഇ. ഡെപ്പോസിറ്റർമാർ കബളിപ്പിക്കപ്പെടുമോ എന്നുള്ള സംശയം നിലവിലുണ്ട്. അതുകൊണ്ട് ഇവരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ട നടപടി സർക്കാർ സ്വീകരിക്കുമോ; അതോടൊപ്പം ഇത് കേരളത്തിന്റെ ബാങ്കായി മാറാൻ പോകുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ചുമതല വഹിക്കുന്ന ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയുമെല്ലാം ഇടപാടുകൾ സ്വകാര്യ വാണിജ്യ ബാങ്കുകളിലും ന്യൂ ജനറേഷൻ ബാങ്കുകളിലുമാണ്. കേരളത്തിന്റെ ബാങ്കായി കേരള ബാങ്ക് വരുന്നതോടുകൂടി ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളുടേത് ഉൾപ്പെടെയുള്ള ഡെപ്പോസിറ്റുകൾ ഇതിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങയുടെ ചോദ്യത്തോട് വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ പ്രതികരിക്കുന്നത്. കേരള ബാങ്ക് യാഥാർത്ഥ്യ മായെന്ന സത്യം അംഗീകരിക്കാൻ അങ്ങും അങ്ങയുടെ പാർട്ടിയും തയ്യാറായതിൽ

വളരെയേറെ ആഹ്ലാദവും തികഞ്ഞ അഭിമാനവുമുണ്ട്. കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലത്തിലധികമുള്ള നിരന്തര പരിശ്രമത്തിന്റെ ഉല്പന്നമാണ് കേരള ബാങ്ക്. അതിന്റെ സംയോജന ഘട്ടത്തിലുണ്ടാകുന്ന ചില പ്രശ്നങ്ങൾ നമ്മളിപ്പോൾ നേരിടുന്നുണ്ട്. അതിൽ എൻ.ആർ.ഇ. അക്കൗണ്ടുകളെ സംബന്ധിച്ച് അങ്ങ് പറഞ്ഞ ഒരു കാര്യമുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എൻ.ആർ.ഇ. അക്കൗണ്ടിന് അപേക്ഷിക്കാൻ അർഹത നേടിയ ഘട്ടത്തിൽത്തന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. മാർച്ച് മാസം കഴിയുമ്പോഴേയ്ക്കും അക്കാര്യത്തിൽ തീരുമാനമുണ്ടാകുമെന്ന് തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു കാര്യം തുടക്കത്തിൽ പറയാൻ വിട്ടുപോയി. ഈ ചോദ്യത്തിൽ അന്യസംസ്ഥാനമെന്ന പ്രയോഗമുണ്ട്. അത് ഇതര സംസ്ഥാനം എന്നാക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, അങ്ങനെയാണ് ചോദ്യം കൊടുത്തത്.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, ചോദ്യം അങ്ങ് കൊടുത്തതാണോ?

ശ്രീ. പി. ഉബൈദുള്ള: സർ, ചോദ്യം അങ്ങനെ കൊടുത്താൽപ്പോലും ഇവിടെവച്ച് തിരുത്തേണ്ടതല്ലേ; അത് പ്രിന്റ് ചെയ്യുമ്പോൾ നോക്കേണ്ടതല്ലേ.

മി. സ്പീക്കർ: പശു കുത്തിയതിനല്ല, രാമൻ കണ്ടതിനാണ് കുഴപ്പം അല്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, നിയമസഭാ രേഖകളിൽ അത് കറക്ട് ചെയ്യണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ശരി. ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് കേരള ബാങ്ക് എന്ന ആശയം അംഗീകരിച്ചതിൽ സന്തോഷമുണ്ടെന്നാണ്. പക്ഷെ, കേരള ബാങ്ക് നിലവിൽ വരുമ്പോൾ ഇടപാടുകാർക്ക് നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. അതിനെക്കുറിച്ചാണ് ഞാൻ ചോദിച്ചത്. പ്രാഥമിക ബാങ്കുകളിലെ ഇടപാടുകാർക്കുകൂടി ഇതിന്റെ ഗുണഫലം ലഭിക്കുമെന്നും ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന പലിശയിൽ ഇളവ് വരുത്തുമെന്നുമുള്ള കാര്യങ്ങളെല്ലാം അന്നുതന്നെ പറഞ്ഞിരുന്നു. ഇത്തരം നടപടികൾ എവിടെ എത്തിയിട്ടുണ്ടെന്നുകൂടി പറയണം. അതുപോലെ കേരള ബാങ്ക് നിലവിൽ വരുന്നതിന് മുമ്പ് ജില്ലാ ബാങ്കുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുണ്ട്. ജില്ലാ ബാങ്കുകളിൽ ജോലി ചെയ്തിരുന്നപ്പോൾ റിട്ടയർ ചെയ്താൽ അവർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി ഇതെല്ലാം സമയബന്ധിതമായി ലഭിച്ചിരുന്നു. ഇപ്പോൾ കേരള ബാങ്ക് നിലവിൽ വന്നതോടുകൂടി അതാത്

ബാങ്കുകളിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് അയച്ച് ആനുകൂല്യങ്ങൾ ലഭ്യമാകാൻ വലിയ കാലതാമസം നേരിടുകയാണ്. യഥാർത്ഥത്തിൽ ഇവിടെ പറഞ്ഞയത്ര എളുപ്പത്തിൽ കേരള ബാങ്കിന്റെ പ്രവർത്തനം നീങ്ങുന്നില്ല എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ജീവനക്കാരുടെയും ഇടപാടുകാരുടെയും പ്രശ്നങ്ങൾ പരിഹരിച്ച് കേരള ബാങ്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് സൂചിപ്പിക്കുന്നതുപോലെ ലയനപ്രക്രിയ നടക്കുന്ന സന്ദർഭത്തിലുണ്ടാകാവുന്ന സാധാരണ ചില പ്രശ്നങ്ങൾ മാത്രമാണ് ഇപ്പോൾ നിലനിൽക്കുന്നത്. എൻ.ആർ.ഐ. അക്കൗണ്ടിനെ സംബന്ധിച്ചാണ് അങ്ങിവിടെ സംസാരിച്ചത്. എൻ.ആർ.ഐ. അക്കൗണ്ടിനെ സംബന്ധിച്ചിടത്തോളം കേരള ബാങ്ക് റിസർവ് ബാങ്കിനെ സമീപിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി എൻ.ആർ.ഇ. അക്കൗണ്ട് സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും. ഇതിന്റെ ഗുണഫലം യഥാർത്ഥത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ലഭ്യമാകും. അതിനാവശ്യമായ സാങ്കേതിക ഏകീകരണം ആവശ്യമാണ്. അതിന്റെ നടപടികളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. അങ്ങ് നേരത്തേ ചോദിച്ച ഒരു ചോദ്യത്തിന്റെ മറുപടി ഞാൻ പറഞ്ഞിരുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ് എന്നിവയുടെ അക്കൗണ്ടുകൾ കേരള ബാങ്കിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങേണ്ടതായിട്ടുണ്ട്. ഇപ്പോൾ കേരള ബാങ്ക് രൂപീകരിച്ച് വന്നിട്ടേയുള്ളൂ. നിങ്ങളുടെയെല്ലാവരുടെയും സഹകരണമുണ്ടെങ്കിൽ വളരെപ്പെട്ടെന്നു തന്നെ ഇതെല്ലാം യാഥാർത്ഥ്യമാക്കാൻ സാധിക്കും. ദിവസവും എഴുത്തുകുത്തുമായി നടക്കുന്നതുകൊണ്ടുള്ള പ്രയാസമാണ് യഥാർത്ഥത്തിൽ ഇപ്പോൾ അഭിമുഖീകരിക്കുന്നത്. എഴുത്തെഴുത്തു പരിപാടി അവസാനിപ്പിക്കാൻ ശ്രമിച്ചാൽ വളരെപ്പെട്ടെന്ന് നമുക്കിത് യാഥാർത്ഥ്യമാക്കാൻ സാധിക്കും.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സഹകരണ വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിൽ ജില്ലാ ബാങ്കുകളെല്ലാം ലാഭത്തിലും 9%-ത്തിൽ കൂടുതൽ മൂലധന പര്യാപ്തതയും ആർജ്ജിച്ചുവെന്നായിരുന്നു റിപ്പോർട്ട്. തുടർന്ന് നടന്ന നബാർഡിന്റെ പരിശോധനയിൽ മൂന്ന് ജില്ലാ ബാങ്കുകൾ നഷ്ടത്തിലും നിർദ്ദിഷ്ട മൂലധന പര്യാപ്തത ആർജ്ജിച്ചിട്ടില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ എന്താണ് അതുമായി ബന്ധപ്പെട്ട തുടർനടപടിയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആദരണീയനായ അങ്ങയെപ്പോലെയുള്ള ഒരംഗം നബാർഡിന്റെ പരിശോധന സംബന്ധിച്ച് തികഞ്ഞ വ്യക്തതയുള്ള ആളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് ദീർഘകാലമായി സഹകരണ

രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖനായ സഹകാരിയാണ്. നേരത്തേയുള്ള ഒരു ആക്ഷേപം ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ ജില്ലാ ബാങ്കുകളെയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബാങ്കിനോട് ലയിപ്പിക്കാൻ ശ്രമിക്കുന്നുവെന്നതാണ്. സാധാരണഗതിയിൽ മുന്നും ജില്ലാ ബാങ്കുകൾ അവരുടെ ഓഡിറ്റ് നടത്താറുണ്ടെന്ന് അങ്ങേയ്ക്കറിയാവുന്നതാണ്. ആ ഓഡിറ്റിൽ ചില ന്യൂനതകൾ പിന്നീട് നബാർഡ് കണ്ടുപിടിക്കുകയും അതുസംബന്ധിച്ച് ബാങ്ക് അധികൃതർക്ക് അവർ കത്ത് നൽകാറുമുണ്ട്. ബാങ്ക് അധികൃതരും നബാർഡും തമ്മിൽ അക്കാര്യം ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയുന്നവ പരിഹരിച്ച് ഫൈനൽ തീരുമാനമെടുക്കാറുണ്ട്. ഇവിടെയും അതിനപ്പുറമൊന്നും സംഭവിച്ചിട്ടില്ല. തുടക്കം മുതൽ തന്നെ കേരള ബാങ്കിന്റെ രൂപീകരണത്തെ വളരെ ശക്തിയായി എതിർക്കുന്ന കേരളത്തിലെ ഒരു മാധ്യമം നബാർഡിന്റെ സാധാരണഗതിയിലുള്ള പരിശോധനാ റിപ്പോർട്ടിനെ പർവ്വതീകരിച്ച് കേരളത്തിലെ ഗവൺമെന്റ് എന്തോ കള്ളം കാണിച്ചുവെന്ന് റിപ്പോർട്ട് ചെയ്തു. അതിന്റെ വാർത്ത തന്നെ തുടങ്ങുന്നത് 'കള്ളക്കണക്ക്, കേരള ബാങ്ക് - സർക്കാർ നൽകിയത് കള്ളക്കണക്ക്' എന്നുപറഞ്ഞാണ്. 'കണക്കുകളിൽ തിരിമറി നടത്തിയത് റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിക്കാനെന്ന് നബാർഡ് റിപ്പോർട്ട്'. റിസർവ് ബാങ്ക് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് കേരള ബാങ്കിനായുള്ള അനുമതിക്ക് അപേക്ഷിച്ചത് നബാർഡ് മുഖാന്തരമാണ്. അന്തിമാനുമതിക്ക് വേണ്ടിയുള്ള അപേക്ഷ ഏതാണ്ട് മൂന്ന് മാസക്കാലമാണ് തിരുവനന്തപുരത്തെ റീജിയണൽ ഓഫീസ് പരിശോധിച്ചത്. അതിനുശേഷം നബാർഡിന്റെ ഹെഡ്ക്വാർട്ടേഴ്സ് പരിശോധിച്ചു. ഒന്നര മാസക്കാലം ഹെഡ്ക്വാർട്ടേഴ്സിന്റെ പരിശോധനയും കഴിഞ്ഞാണ് റിസർവ് ബാങ്കിന് സമർപ്പിച്ചത്. റിസർവ് ബാങ്കിന്റെ വിവിധ തലങ്ങളിലുള്ള പരിശോധനയ്ക്കു ശേഷമാണ് സംസ്ഥാന ഗവൺമെന്റിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവുണ്ടായത്. ഇതാണ് യാഥാർത്ഥ്യം. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു പിശകും കാണിച്ചിട്ടില്ല. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി വളരെ സൂക്ഷ്മമായ പരിശോധനയാണ് നബാർഡ് ഇപ്രാവശ്യം നടത്തിയത്. ഓഡിറ്റർമാർ നടത്തിയ പരിശോധനയിൽ പ്രൊവിഷൻ വയ്ക്കാത്ത ഇ.എം.എസ്. ഭവന പദ്ധതി, അതുപോലെയുള്ള ചില വായ്പകൾക്ക് നബാർഡ് പ്രൊവിഷൻ വച്ചു. അതിന്റെ ഭാഗമായി ചില നഷ്ടങ്ങൾ ഉണ്ടായി. ചില വായ്പകളാണെങ്കിൽ മാനദണ്ഡം പാലിക്കാതെ പുതുക്കി നൽകി എൻ.പി.എ. ഒഴിവാക്കി. ഇതെല്ലാമാണ് നബാർഡിന്റെ പരിശോധനയിൽ വന്ന കാര്യങ്ങൾ. ജില്ലാ ബാങ്കുകളുടെ സി.ആർ.എ.ആർ. (Capital to Risk (Weighted) Assets Ratio) ആലപ്പുഴ ഡി.സി.ബി.-യിൽ നമ്മുടെ ഓഡിറ്റ് പ്രകാരമുണ്ടായിരുന്നത് 10.29 ആണ്, അത് നബാർഡ് പരിശോധിച്ചപ്പോൾ 9.08 ആയി. എറണാകുളം ഡി.സി.ബി.-യിൽ നമ്മുടെ ഓഡിറ്റ് പ്രകാരം 12.48 ആയിരുന്നു, അത് നബാർഡിന്റെ ഓഡിറ്റിൽ 9.02 ആയി. ഇടുക്കി 9.18

ആയിരുന്നത് 8.35 ആയി. കാസർഗോഡ് 10.10 ആയിരുന്നത് 9.16 ആയി. കൊല്ലം 10.98 ആയിരുന്നത് 10.46 ആയി. കോഴിക്കോട് 10.17 ആയിരുന്നത് 10.07 ആയി. മലപ്പുറം 11.24 ആയിരുന്നത് 11.18 ആയി. പത്തനംതിട്ട 7.75 ആയിരുന്നത് 7.08 ആയി. തിരുവനന്തപുരം -10.05 ആയിരുന്നത് -10.77 ആയി. വയനാട് 9.54 ആയിരുന്നത് 7.90 ആയി. തൃശ്ശൂർ 11.24 ആയിരുന്നത് 10.60 ആയി. അതുപോലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റേത് ഓഡിറ്റ് പരിശോധനയിൽ 22.84 ആയിരുന്നത് 22.67 ആയി. ഇപ്രകാരം നേരത്തെ ഉന്നയിച്ചിരുന്ന ആരോപണത്തിൽനിന്നും വ്യത്യസ്തമായൊരു മാറ്റം വന്നിട്ടുണ്ട്. നമ്മുടെ കാര്യത്തിൽ മാത്രമല്ല, രാജ്യത്തെ എല്ലാ പ്രമുഖ ബാങ്കുകളിലും ഇത്തരത്തിലുള്ള പരിശോധനയിലുണ്ടായ മാറ്റംകൂടി ഞാൻ ചൂണ്ടിക്കാണിക്കാം. ഈ വാർത്തയെ സംബന്ധിച്ച് നബാർഡ് തന്നെ ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ലെന്ന വിശദീകരണക്കുറിപ്പ് കൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ചൊന്നും ഞാൻ ഇവിടെ ദീർഘമായി സംസാരിക്കുന്നില്ല. 2018-19 സാമ്പത്തിക വർഷം എസ്.ബി.ഐ. നൽകിയ കണക്ക് ആർ.ബി.ഐ.-യുടെ പരിശോധന കഴിഞ്ഞപ്പോൾ ലാഭം നഷ്ടമായി മാറുന്ന സാഹചര്യമുണ്ടായി. എസ്.ബി.ഐ. ലാഭം കാണിച്ചത് 862 കോടി രൂപയായിരുന്നു. ആർ.ബി.ഐ.-യുടെ പരിശോധനയ്ക്കുശേഷം നഷ്ടം 6,968 കോടി രൂപയായി. അത് ഗവൺമെന്റ് പറ്റിച്ചതാണെന്ന് പറയാൻ സാധിക്കുമോ? അവിടെ മാത്രമല്ല, പല ബാങ്കുകളും അങ്ങനെയാണ്. കുറച്ച് ബാങ്കുകളുടെ കണക്ക് എന്റെ കൈവശമുണ്ട്. ബാങ്ക് ഓഫ് ബറോഡ നഷ്ടം കാണിച്ചത് 8,339 കോടി രൂപയായിരുന്നു. പക്ഷെ, ആർ.ബി.ഐ.-യുടെ പരിശോധനയ്ക്കുശേഷം 10,998 കോടി രൂപയായി. YesBank ലാഭം കാണിച്ചത് 1,720 കോടി രൂപയായിരുന്നു. പരിശോധനയ്ക്കുശേഷം അത് 1,084 കോടി രൂപയായി. പഞ്ചാബ് നാഷണൽ ബാങ്ക് നഷ്ടം കാണിച്ചത് 9975 കോടി രൂപയായിരുന്നു. അത് പരിശോധനയ്ക്കുശേഷം 11,036 കോടി രൂപയായി. ഇത് കേരളത്തിലെ പ്രമുഖമായ ഒരു പത്രം സംസ്ഥാന ഗവൺമെന്റിനെയും കേരള ബാങ്കിനെയും അപകീർത്തിപ്പെടുത്തുന്നതിനു വേണ്ടി നടത്തിയ വളരെ മോശമായ ഒരു പരിശ്രമമാണ്. സംസ്ഥാന ഗവൺമെന്റ് ആർ.ബി.ഐ.-യുടെ അനുമതി കിട്ടുന്നതിനുവേണ്ടി കളളം പറഞ്ഞുവെന്ന് ഈ രാജ്യത്ത് ലക്ഷക്കണക്കിന് ആളുകൾ വായിക്കുന്ന പ്രമുഖമായ ഒരു പത്രമാണ് പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ ഇത് വിശദീകരിക്കുന്നത്. നമ്മുടെ രാജ്യത്തെ എല്ലാ ബാങ്കുകളെ സംബന്ധിച്ചും ഉന്നത തലത്തിലുള്ള സൂക്ഷ്മ പരിശോധന വരുമ്പോൾ ചില മാറ്റങ്ങൾ സ്വാഭാവികമായും വരും. ആ മാറ്റങ്ങളെ ആ അർത്ഥത്തിൽ കാണാതെ സർക്കാരിനെ അപകീർത്തിപ്പെടുത്തുന്നതിനും മോശപ്പെടുത്തുന്നതിനുംവേണ്ടി ഒരു നീക്കം നടത്തിയതിന്റെ ഭാഗമായാണ് ഈ രംഗത്ത് ദീർഘകാലത്തെ പരിചയമുള്ള ഒരംഗം പോലും ഈ ചോദ്യം ചോദിക്കാൻ ഇടയായത്. ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു

തരത്തിലുള്ള പിശകും കാണിച്ചിട്ടില്ല. ആർ.ബി.ഐ.-യുടെ അനുമതി നബാർഡ് മുഖാന്തരമാണ് നാം വാങ്ങിയത്. നബാർഡിന്റെ സൂക്ഷ്മപരിശോധനയ്ക്ക് ഇതെല്ലാം വിധേയമായതാണ്. ഞാൻ മറ്റ് ബാങ്കുകളുടെ ലാഭനഷ്ട കണക്കുകളിലേയ്ക്ക് പോകുന്നില്ല. സൂക്ഷ്മ പരിശോധന നടക്കുമ്പോഴുണ്ടാകുന്ന ഒരു ചെറിയ മാറ്റം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്തെ എല്ലാ ജില്ലാ ബാങ്കുകളെയും ലയിപ്പിച്ചാണ് കേരള ബാങ്ക് രൂപീകരിച്ചത്. ഓരോ ജില്ലാ ബാങ്കുകൾക്കും കേരള ബാങ്കിൽ ചേരാനും ചേരാതിരിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടതാണ്. അങ്ങനെ മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ചേരാതെ നിൽക്കുകയാണ്. മാത്രമല്ല കേരള ബാങ്കിൽ ലയിക്കേണ്ടതില്ലെന്ന് അവിടത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ ചേർന്നാണ് തീരുമാനിച്ചത്. അങ്ങനെയൊരു തീരുമാനമെടുത്ത് ജില്ലാ ബാങ്കിന് പ്രത്യേകമായി നിൽക്കാൻ നിയമപരമായ അനുവാദമുണ്ടായിരിക്കെ ജില്ലാ ബാങ്കിന് കീഴിൽവരുന്ന പ്രാഥമിക സഹകരണ സ്ഥാപനങ്ങളെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടിയും അതിന് ഓർഡിനൻസ് കൊണ്ടുവന്നതുമെല്ലാം ജനാധിപത്യത്തിന് വിരുദ്ധമല്ലേ? സഹകരണ തത്വത്തിന്റെ അടിസ്ഥാനഘടകം അതിന്റെ ജനാധിപത്യ സ്വഭാവമാണ്. അതിനെയാണ് നിങ്ങൾ തകർത്തിരിക്കുന്നത്. ഇത് ശരിയായ നടപടിയാണോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് 14 ജില്ലകളാണുള്ളത്. 14 ജില്ലാ ബാങ്കുകളും സംസ്ഥാന ബാങ്കും ലയിച്ച് കേരള ബാങ്ക് രൂപീകരിക്കുമെന്നായിരുന്നു പ്രഖ്യാപനം. ലയിക്കാനും ലയിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാ ജില്ലാ ബാങ്കുകൾക്കുമുണ്ടായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. മലപ്പുറം ജില്ലാ ബാങ്ക് എന്തുകൊണ്ട് കേരള ബാങ്കിൽ ലയിച്ചില്ല എന്ന ചോദ്യത്തിന്റെ മറുപടി, അത് കേവലമായ സങ്കുചിത രാഷ്ട്രീയ കാരണങ്ങളാൽ മാത്രമാണ് എന്നതാണ്. എന്നാൽ സങ്കുചിത രാഷ്ട്രീയ കാരണങ്ങളെക്കാൾ പ്രധാനം രാജ്യത്തിന്റെ പൊതുതാത്പര്യമായിരിക്കണം. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ജീവനക്കാരാണ് മലപ്പുറം ജില്ലാ ബാങ്കിലെ 400-ഓളം ജീവനക്കാരിൽ മഹാഭ്രൂരിപക്ഷവും. ഈ 400 ജീവനക്കാരും ഒപ്പിട്ട ഒരു നിവേദനം എനിക്കും ബഹുമാന്യരായ മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും ഡോ. എം.കെ. മുനീറിനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും നൽകുകയുണ്ടായി. അവിടെയുള്ള പ്രാഥമിക ബാങ്കുകളിൽ 31 ബാങ്കുകളെങ്കിലും കേരള ബാങ്കിൽ ലയിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സഹകാരികൾ കോടതിയിൽ കേസിന് പോയിരിക്കുകയാണ്. സങ്കുചിത രാഷ്ട്രീയ താത്പര്യങ്ങൾ വെടിഞ്ഞ് രാജ്യത്തിന്റെ പൊതു താത്പര്യത്തിനുവേണ്ടി അൽപ്പം ത്യാഗം സഹിക്കാൻ അങ്ങ് തയ്യാറാകണം. ജില്ലാ ബാങ്കിലെ പ്രസിഡന്റ്, വൈസ്

പ്രസിഡന്റ് സ്ഥാനങ്ങളും അതിനപ്പുറം ഏതാനും ഡയറക്ടർ ബോർഡ് അംഗത്വവുമെന്ന സ്ഥാനവുമാണ് ആത്യന്തികമായി വേണ്ടതെന്ന ഒരു ധാരണ വച്ചുപുലർത്തുന്നത് ശരിയല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം സമ്പുഷ്ടമാക്കുന്നതിന് പ്രവാസികളുടെ വലിയ പങ്കുണ്ടായിരുന്നു. എന്നാൽ മൂന്ന് ജില്ലാ ബാങ്കുകളിൽ എൻ.ആർ.ഇ. നിക്ഷേപം സ്വീകരിക്കാനുള്ള സൗകര്യം യഥാർത്ഥത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. അത് പ്രവാസികളുടെ വിശ്വാസ്യത തകരാനിടയാക്കിയിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. വാസ്തവത്തിൽ പ്രവാസികൾ ആഗ്രഹിക്കുന്നത് പ്രാഥമിക ബാങ്കുകളിലടക്കം എൻ.ആർ.ഇ. ഡെപ്പോസിറ്റ് സ്വീകരിക്കാനുള്ള സൗകര്യം വേണമെന്നാണ്. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിൽ പ്രവാസികൾ വഹിച്ച പങ്ക് നമുക്കൊരിക്കലും നിഷേധിക്കാൻ സാധിക്കില്ല. അതുകൊണ്ട് സഹകരണ ബാങ്കുകളിൽ പ്രവാസികളെ ആകർഷിക്കുന്നതിന് ഡെപ്പോസിറ്റ് സ്വീകരിക്കുന്ന സംവിധാനം പുനഃസ്ഥാപിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, NRE/NRO നിക്ഷേപങ്ങൾ സ്വീകരിക്കുന്നതരത്തിലുള്ള ആധുനിക ബാങ്കിംഗ് സംവിധാനമുള്ളതായിരിക്കും കേരള ബാങ്കെന്ന് ഞാൻ നേരത്തെതന്നെ പറഞ്ഞിരുന്നു. അതിന് നമ്മൾ റിസർവ് ബാങ്കിനെ സമീപിച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിലെ ജില്ലാ ബാങ്കിനുപോലും എൻ.ആർ.ഇ. നിക്ഷേപം സ്വീകരിക്കാൻ വളരെക്കാലം അനുവാദമില്ലാതിരുന്നു. അത് സംസ്ഥാനത്തെ എല്ലാ ബാങ്കുകൾക്കും നൽകുന്നതിനുവേണ്ടിയുള്ള നടപടിയുടെ ഭാഗമായുള്ള നീക്കമാണ് നടത്തുന്നത്. സമീപ ഭാവിയിൽ തന്നെ നമുക്കത് സാധിതപ്രായമാകുമെന്ന് കരുതാം.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, കേരളത്തിന്റെ മാതൃകാ ബാങ്കായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉൾപ്പെടെ ലയിപ്പിക്കപ്പെട്ടതോടുകൂടി കേരളത്തിന്റെ ജനകീയ ബാങ്കിംഗ് രംഗം ഒരു ചോദ്യചിഹ്നമായി മാറുകയായിരുന്നു. കിട്ടാക്കടം എഴുതിത്തള്ളുന്ന കുത്തകകൾക്ക് മാത്രമായി ബാങ്കിംഗ് രംഗം മാറ്റപ്പെടുകയും സാധാരണക്കാരുടെ ബാങ്കിംഗ് ഇടപാടുകൾ ദുഷ്കരമാകുകയും ചെയ്യുന്ന ഒരു ഘട്ടത്തിലാണ് സഹകരണ പ്രസ്ഥാനത്തിന്റെ ജനകീയതയും ലാളിത്യവുമൊക്കെ ഉൾക്കൊണ്ടുകൊണ്ട് കേരള ബാങ്ക് എന്ന കേരളത്തിന്റെ ആശയം മുന്നോട്ടുവരുന്നത്. ഇത്തരം ഒരു ബാങ്കിംഗ് സംവിധാനം കൊണ്ടുവന്ന് കേരളത്തിലെ സാധാരണക്കാർക്ക് ബാങ്കിംഗ് മേഖല പ്രാപ്യമാക്കിയതിൽ സർക്കാരിനെയും അങ്ങയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ ഒരു പുതിയ ബാങ്കിംഗ് സംവിധാനം വരുന്നതിന്റെ ചില പ്രശ്നങ്ങൾ ഒരുപക്ഷെ ഈ

ബാങ്കിംഗ് മേഖലയിൽ കണ്ടേക്കാം. എന്റെ ചോദ്യം, എല്ലാ അർത്ഥത്തിലും റിസർവ് ബാങ്കിന്റെ നിയമത്തിലെ രണ്ടാം ഷെഡ്യൂളിൽ പറയുന്ന തരത്തിലുള്ള ഒരു ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കായി കേരള ബാങ്കിനെ നിലനിർത്താൻ കഴിയുമോ; കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം ബാങ്കിംഗ് പ്രവർത്തന പഥത്തിലെത്തിക്കുന്നതിനുവേണ്ടി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി നവംബർ 29-ാം തീയതി ഇതിന്റെ ലയനം പൂർത്തീകരിക്കുകയും ഒരു ഇടക്കാല ഭരണസമിതി അധികാരമേൽക്കുകയും ചെയ്തു. 13 ജില്ലാ സഹകരണ ബാങ്കുകളുടെയും എസ്.എൽ.ആർ. (Statutory Liquidity Ratio), സി.ആർ.ആർ. (Cash Reserve Ratio) എന്നിവ ഏകീകരിച്ച് ഈ അക്കൗണ്ടുകളെ റിസർവ് ബാങ്കിലേയ്ക്ക് മാറ്റി. കോർ ബാങ്കിംഗ് സോഫ്റ്റ്വെയർ ഏകീകരണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ബാങ്കുകളുടെ ബാലൻസ് ഷീറ്റ് ഏകീകരണം, ആസ്തി ബാധ്യതകളുടെ ലയനം ഇതെല്ലാം തന്നെ പൂർത്തീകരിച്ചുവരികയാണ്. ജീവനക്കാരുടെ ഏകീകരണം, ശമ്പളപരിഷ്കരണം എന്നിവ സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. ഫിറ്റ് ആൻഡ് പ്രോപ്പർ മാനദണ്ഡമനുസരിച്ച് മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ട്. 2020 ജനുവരി 20-ന് കേരള ബാങ്കിന്റെ പ്രഥമ ജനറൽ ബോഡി യോഗം ചേർന്ന് ബൈലോ ഭേദഗതിയും കേരള ബാങ്കിന്റെ ദർശനരേഖ വരുന്ന മൂന്നുവർഷക്കാലത്തെ ഒരു ബിസിനസ് പ്ലാനും അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ആർ.ബി.ഐ.-യുടെ അന്തിമ അനുമതിയിലെ എല്ലാ കാര്യങ്ങളും 31-3-2020-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നമ്മുടെ സംസ്ഥാനത്തെതന്നെ ഒന്നാമത്തെ ബാങ്കും ജനങ്ങൾക്കുവേണ്ടിയുള്ള ബാങ്കും ആക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഈ ബാങ്ക് സ്വീകരിക്കുന്നത്. കാർഷിക വായ്പയ്ക്കും കാർഷികേതര വായ്പയ്ക്കും പലിശയിളവ് നൽകി സഹായിക്കാൻ സാധിക്കും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ നൽകാൻ സാധിക്കുന്ന ഒരു ബാങ്ക് എന്ന ആശയമാണ് കേരള ബാങ്കിന്റെ രൂപീകരണത്തിനുപിന്നിലുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ചില പ്രൈമറി ബാങ്കുകൾ സാമ്പത്തികമായി തകർന്നതിനാൽ നിക്ഷേപകർക്ക് പണം മടക്കിക്കൊടുക്കാനോ ജീവനക്കാർക്ക് ശമ്പളം കൊടുക്കാനോ കഴിയാത്ത അവസ്ഥയിലാണ്. എന്റെ നിയോജകമണ്ഡലത്തിലെ അങ്ങനെയൊരു സ്ഥാപനത്തെ സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു അപേക്ഷ നൽകിയിരുന്നു. അതിലെ പ്രശ്നം, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം നിലവിലുണ്ടെങ്കിൽപ്പോലും അതിൽനിന്നും ആർക്കും ഈ സഹായധനം ലഭിക്കുന്നില്ല എന്നതാണ്. നിക്ഷേപകർക്ക് പണം തിരികെ കിട്ടാത്ത ഒരു സാഹചര്യമുണ്ട്. കാരണം ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളിൽ മാത്രമാണ്, ആ സംഘത്തിലെ

നിക്ഷേപകർക്ക് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം പണം ലഭിക്കുന്നത്. ഒരു സംഘം സാമ്പത്തികമായി തകരാനിടയായാൽ അതിനെ റിവൈവ് ചെയ്യത്തക്ക രൂപത്തിലോ അല്ലെങ്കിൽ സമീപത്തുള്ള മറ്റൊരു സംഘത്തിലേയ്ക്ക് അമാൽഗമേറ്റ് ചെയ്യാനോ പ്രൊവിഷനുണ്ട്. അങ്ങനെയുള്ള ലയനത്തിന്റെ സമയത്തും ഈ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം നിക്ഷേപകർക്ക് അവരുടെ പണം കുറേയെങ്കിലും തിരികെ കിട്ടുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; ആ സ്കീമിലെ പോരായ്മകൾ പരിഹരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ലിക്വിഡേഷന് ശേഷം മാത്രമേ സഹായം നൽകാൻ സാധിക്കൂ. ബാങ്കുകൾ എങ്ങനെ തകർച്ചയിലേയ്ക്ക് പോകുന്നുവെന്നതും നമ്മൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അത്തരം ബാങ്കുകളിലെ നിക്ഷേപകരെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. രണ്ടുമൂന്ന് ബാങ്കുകളുടെ കാര്യം എടുത്തുപറഞ്ഞാൽ അങ്ങേയ്ക്ക് അത് ബോദ്ധ്യമാകും. ജീവനക്കാരും കൂടിചേർന്നുള്ള കൊള്ളയുടെ ഭാഗമായിട്ടാണ് സംസ്ഥാനത്ത് രണ്ടുമൂന്ന് ബാങ്കുകൾ തകരാനിടയായത്. അത്തരം കാര്യങ്ങളിൽ കർശന നിലപാട് സ്വീകരിക്കുന്നതോടൊപ്പം നിക്ഷേപകരെ സംരക്ഷിക്കാനാവശ്യമായ നടപടിയും സ്വീകരിക്കുന്നുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾ ടു ടയർ സിസ്റ്റം വന്നതോടുകൂടി പ്രാഥമിക ബാങ്കുകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുമോ എന്നൊരു ആശങ്കയുണ്ട്. ഡെപ്പോസിറ്റ് ലഭിക്കുന്നതിനും വായ്പ കൊടുക്കുന്നതിനും ഗ്യാരന്റിയുടെ പ്രശ്നമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ബാങ്കുകളുടെ അധികാരങ്ങൾ അല്ലെങ്കിൽ അതിനുള്ള സഹായങ്ങൾ കേരള ബാങ്കിൽ ഉൾപ്പെടുത്തി കൊടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവന്നിരുന്ന രൂപത്തിൽ തന്നെ നടക്കുന്നുണ്ട്. അത് കൂടുതൽ ശക്തിയായി നടത്താൻ കഴിയും. ഒരു ഇടനില ഒഴിവാക്കുന്നതോടുകൂടി പലിശയിൽ തന്നെ വലിയ വ്യത്യാസം വരുത്താൻ കഴിയും. പ്രാഥമിക ബാങ്കുകളെ സംബന്ധിച്ചിടത്തോളം പുതിയ സാഹചര്യം കൂടുതൽ സഹായകരമാണ്. പ്രാഥമിക കാർഷിക വായ്പസംഘങ്ങളെല്ലാം തന്നെ കേരള ബാങ്കിലെ അംഗങ്ങളാണ്. അതുകൊണ്ടു തന്നെ കേരള ബാങ്കിന്റെ സാമ്പത്തികവും സർവ്വീസ്പരമായ എല്ലാവിധ പിന്തുണയും നിശ്ചയമായും ഈ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകാനും മുമ്പത്തെക്കാളും നന്നായി അവയുടെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനും നമുക്ക് സാധിക്കും.

ക്രൂയിസ് ടൂറിസത്തിന്റെ വികസനം

2(*182) ശ്രീമതി യു. പ്രതിഭ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലും വടക്കൻ ജില്ലകളിലും ക്രൂയിസ് ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്ത് പ്രസ്തുത ടൂറിസത്തിന്റെ പ്രോത്സാഹനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഉത്തര മലബാറിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(സി) ആലപ്പുഴയിൽ വിനോദസഞ്ചാരികളുമായി പോയ ഹൗസ് ബോട്ടിന് തീപിടിക്കാനിടയായ പശ്ചാത്തലത്തിൽ ഹൗസ് ബോട്ടുകളുടെ ലൈസൻസ് സംബന്ധിച്ച പരിശോധന നടത്തുന്നതിനും അവയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വള്ളംകളികളെ ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) വടക്കൻ മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനും കൂടുതൽ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതിയാണ് മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി. 325 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിയാണിത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പുഴകളിലൂടെ സഞ്ചാരികൾക്ക് യാത്ര ചെയ്യുവാനും തദ്ദേശീയമായ വിവിധ കലാരൂപങ്ങൾ, പൈതൃകവും ചരിത്ര പരവുമായ അവശേഷിപ്പുകൾ, ഭക്ഷണരീതികൾ എന്നിവ ആസ്വദിക്കുവാനും അനുഭവിച്ചറിയാനുമുള്ള അവസരമൊരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാഹിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണം പുഴ, വലിയപറമ്പ കായൽ എന്നിവയിലാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് പദ്ധതിയായി 17 പദ്ധതികൾക്ക് 53.07 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

റൂറൽ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിക്കായി കേന്ദ്ര സർക്കാർ 80.37 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും ബോട്ട് ജെട്ടികൾ/ടെർമിനലുകൾ എന്നിവയ്ക്ക് പുറമെ ബോട്ട് പവലിയനും ഉൾപ്പെടുന്നു.

കൊച്ചി വെല്ലിംഗ്ടൺ ഐലന്റിനോട് ചേർന്ന് ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്ററും പെർഫോർമിംഗ് ആർട്സ് തിയേറ്ററുകളും (കൂത്തമ്പലം) നിർമ്മിക്കുന്നതിനായി 4.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം തുടങ്ങുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉത്തര മലബാറിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

മലനാട് മലബാർ റിവർ ക്രൂയിസ്

വടക്കൻ മലബാറിലെ കായലിലൂടെയും പുഴകളിലൂടെയും ഉള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും ഗ്രാമീണതയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണിത്. കണ്ണൂർ ജില്ലയിൽ കൂടി ഒഴുകുന്ന വളപട്ടണം, കുപ്പം, പെരുമ്പ, അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി പുഴകളും, കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാരംകോഡ്, ചന്ദ്രഗിരിപ്പുഴ മുതലായ ജലാശയങ്ങളുടെയും തീരപ്രദേശങ്ങളുടെയും സമീപപ്രദേശങ്ങളുടെയും പ്രാധാന്യവും ചരിത്രപരവുമായ വസ്തുതകളും ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഈ പദ്ധതി.

തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്

തലശ്ശേരി പൈതൃക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മലബാർ മേഖലയുടെ ചരിത്രം, കല, സംസ്കാരം എന്നിവയെ കോർത്തിണക്കി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. 3 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പ്രസ്തുത പദ്ധതി 4 സർക്യൂട്ടുകളായി തരംതിരിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഹാർബർ സർക്യൂട്ട്, പഴശ്ശി സർക്യൂട്ട്, ഫോക്‌ലോർ സർക്യൂട്ട്, കൾച്ചറൽ സർക്യൂട്ട് എന്നീ വിഭാഗങ്ങളിലായി ആകെ 40 ഡെസ്റ്റിനേഷനുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നത്. ആകെ 137 കോടി രൂപയാണ് ആദ്യഘട്ട പദ്ധതി ചെലവായി കണക്കാക്കിയിട്ടുള്ളത്. കിഫ്ബി വഴി പദ്ധതി നടപ്പാക്കാൻ തത്വത്തിലുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ആദ്യഘട്ടത്തിൽ ഏറ്റെടുത്ത നാല് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ 33 കോടി രൂപ ചെലവ് വരുന്ന 11 പദ്ധതി ഘടകങ്ങൾക്ക് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ അനുമതി നൽകുകയും ആയതിന്റെ പ്രവൃത്തി ആരംഭിക്കാവുന്ന ഘട്ടത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്.

ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി

വടക്കൻ കേരളത്തിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ഡ്രൈവ് ഇൻ ബീച്ച് വികസനവും ഉൾപ്പെടെ ധർമ്മടം തുരുത്തിൽ പരിസ്ഥിതി സൗഹൃദമായ "ധർമ്മടം-മുഴപ്പിലങ്ങാട് കടൽത്തീര പ്രദേശം" പദ്ധതി ആവിഷ്കരിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചുകളുടെ വികസനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കൺസൾട്ടന്റിനെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കുകയും M/s CBRE സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 233.71 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി M/s KIIDC -യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

കോഴിക്കോട് ബീച്ച്

കോഴിക്കോട് നഗരത്തിനോട് ചേർന്ന് കിടക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമായ കോഴിക്കോട് സ്പോർട്സ് സോൺ ബീച്ച് വികസനത്തിനായി 4.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ പ്രധാനമായി കുട്ടികളുടെ കളിസ്ഥലം, കളി ഉപകരണങ്ങൾ, സൈക്കിൾ ട്രാക്ക് & ബ്ലോഗിംഗ് ട്രാക്ക്, ഗ്യാലറി, ടോയ്ലറ്റ് ബ്ലോക്ക്, ഓപ്പൺ ജിം എക്യുപ്മെന്റ്സ് എന്നിവയാണ് പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്.

ലൈറ്റ് ആന്റ് സൗണ്ട് ഷോ ബേക്കൽ ഫോർട്ട്

കാസർഗോഡ് ബേക്കൽ കോട്ടയുടെ ആകർഷണം വർദ്ധിപ്പിക്കുന്നതിനും മോടി കൂട്ടുന്നതിനുമായി "സെറ്റിങ് അപ് ഓഫ് ലൈറ്റ് ആന്റ് സൗണ്ട് ഷോ ആന്റ് ഡൈനാമിക് ഇല്യൂമിനേഷൻ അറ്റ് ബേക്കൽ ഫോർട്ട്, കേരള" എന്ന പദ്ധതിക്ക് 400,00,000 രൂപയുടെ ഭരണാനുമതി നൽകി പണി പൂർത്തിയാക്കിയിട്ടുണ്ട്.

കോഴിക്കോട് മിഠായി തെരുവിന്റെ സൗന്ദര്യവൽക്കരണം

കോഴിക്കോട് നഗരത്തിലെ പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായ മിഠായിത്തെരുവിന്റെ സൗന്ദര്യവൽക്കരണത്തിനുവേണ്ടി 2.65 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

കാരാപ്പുഴ ഡാം

ഭാരതത്തിലെ ഏറ്റവും വലിയ ഡാമുകളിൽ ഒന്നായ കേരളത്തിലെ വയനാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കാരാപ്പുഴ ഡാമിന്റെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പൂക്കോട് തടാകം

വയനാട് ജില്ലയിലെ പ്രകൃതിരമണീയമായ പൂക്കോട് തടാകവും പരിസര പ്രദേശങ്ങളും നവീകരിക്കുന്നതിന്റെയും പുനഃസ്ഥാപിക്കുന്നതിന്റെയും ഭാഗമായി 8.84 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഹൗസ് ബോട്ടുകളുടെ ലൈസൻസ് സംബന്ധിച്ച് പരിശോധിക്കുന്നതും ലൈസൻസ് നൽകുന്നതും ടൂറിസം വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഇന്നലെ അതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം ചേർന്നിരുന്നു. ഈയടുത്ത കാലത്ത് വേമ്പനാട്ട് കായലിലുണ്ടായ ഹൗസ് ബോട്ടിന്റെ തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ കർശന നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാനും മറ്റും തീരുമാനമെടുത്തിട്ടുണ്ട്. ടൂറിസം വകുപ്പിന് മാത്രമായി ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്നും പരിശോധിക്കാവുന്നതാണ്.

(ഡി) കേരളത്തിലെ പ്രധാന ചുണ്ടൻ വള്ളംകളി മത്സരങ്ങളെ കോർത്തിണക്കി പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് 2019 വിനോദസഞ്ചാര വകുപ്പ് 5 ജില്ലകളിലെ 12 വേദികളിൽ സംഘടിപ്പിച്ചു.

പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിന്റെ പുതിയ വിനോദസഞ്ചാര ഉല്പന്നമായി പ്രചരിപ്പിക്കുവാൻ വകുപ്പ് നടപടികൾ എടുത്തിരുന്നു. പ്രൈസ് മണി, ബോണസ് എന്നീ ഇനങ്ങളിൽ 5.9 കോടി രൂപ മത്സരാർത്ഥികൾക്ക് നൽകുകയുണ്ടായി.

ചാമ്പ്യൻസ് ബോട്ട് ലീഗ് 2020 സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ടൂറിസത്തിന്റെ ഫലപ്രദമായ മാർക്കറ്റിംഗ് വഴി മഹാപ്രളയത്തിന്റെ കെടുതികളെ വരെ മറികടക്കാൻ കേരള ടൂറിസത്തിന് കഴിഞ്ഞിട്ടുണ്ട്. കേരള ടൂറിസം പ്രോത്സാഹനത്തിനുവേണ്ടി 320 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വയ്ക്കുമ്പോൾ അതിൽ 63 കോടി രൂപ മാർക്കറ്റിംഗിനാണ് എന്നുള്ളതും പ്രതീക്ഷ നൽകുന്നു. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 18.5 ശതമാനത്തിന്റെയും വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 8.24 ശതമാനത്തിന്റെയും വളർച്ച ഈ പ്രതിസന്ധി കാലഘട്ടത്തിലും നമുക്ക് കൈവരിക്കാൻ കഴിഞ്ഞു. അതിലൂടെ വരുമാനം വലുതായി വർദ്ധിച്ചിട്ടുണ്ട്. എന്റെ ചോദ്യം, അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാർ പ്രത്യേകിച്ചും നല്ല കമ്മ്യൂണിക്കേറ്റീവ് സ്കിൽസുള്ള ഒരുപാട് ചെറുപ്പക്കാർ നമ്മുടെ നാട്ടിലുണ്ട്. ഒട്ടനവധി തൊഴിൽ സാദ്ധ്യത ഈ മേഖലയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കഴിഞ്ഞ ദിവസം നടത്തിയ ഒരു പ്രസ്താവന, വിനോദസഞ്ചാരികളോട് മാന്യമായി പെരുമാറുകയും അവർക്കുവേണ്ട സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്താൽ കൂടുതൽ ടൂറിസ്റ്റുകളെ നമുക്ക് ഇനിയും ആകർഷിക്കാൻ കഴിയുമെന്നാണ്. കൂടുതൽ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളായി നിയമിക്കുന്നതിനുവേണ്ടി പ്രത്യേകമായൊരു ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ, വലിയ പ്രതിസന്ധികൾക്കിടയിലാണ് വ്യവസായത്തിന്റെ മുന്നോട്ടുള്ള യാത്ര. ഓഖി, നിപ വൈറസ്, 2018, 2019 വർഷങ്ങളിലെ പ്രളയം ഇതെല്ലാം ബാധിച്ചത് ഈ മേഖലയിൽ തന്നെയാണ്. ഫലപ്രദമായ പ്രചാരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി അതിനെ മറികടക്കാൻ സാധിച്ചതുകൊണ്ടാണ് അങ്ങ് ഇവിടെ സൂചിപ്പിച്ച സ്ഥിതിവിവരക്കണക്കുകൾ നമുക്ക് രേഖപ്പെടുത്തുവാൻ സാധിക്കുന്നത്. കൊറോണ രോഗം വന്നതോടെ നമ്മുടെ സംസ്ഥാനം വീണ്ടുമൊരു പ്രതിസന്ധി ഘട്ടത്തിലാണ് നിൽക്കുന്നത്. അതിനെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചതിലൂടെ ടൂറിസ്റ്റുകളുടെ ഇങ്ങോട്ടുള്ള വരവിനെ ശക്തിയായി തടയുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഏതായാലും അത് പരിഹരിക്കുന്നതിനുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുവാനായി ഇൻഡസ്ട്രിയിലെ പ്രമുഖ ആളുകളുമായുള്ള കൂടിയാലോചന നടത്തുകയാണ്. മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുവാൻ സാധിക്കുമെന്നതന്നെയാണ് നമ്മുടെ പ്രതീക്ഷ. ടൂറിസം ഇൻഡസ്ട്രിയുടെ വളർച്ചയിൽ വളരെ പ്രധാനപ്പെട്ട ഘടകമായി വരുന്നത് അതിഥി ദേവോ ഭവ: എന്ന ആപ്തവാക്യം സാധിതപ്രായമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള സഞ്ചാരികളോടുള്ള നമ്മുടെ പെരുമാറ്റമാണ്. അത് നാട്ടുകാരുടെയോ, ഗൈഡുകളുടെയോ പെരുമാറ്റമായിരുന്നാലും ആധുനിക കാലത്തിനനുസരിച്ച് പരിഷ്കരിക്കണമെന്ന നിലയിൽ

തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ കിറ്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഷോർട്ട് ടേം കോഴ്സുകൾ നടത്തി ഇപ്പോഴുള്ള ജീവനക്കാരെയും പുതുതായി യുവതീയുവാക്കളെയും പരിശീലിപ്പിച്ച് ഈ രംഗത്ത് കൊണ്ടുവരണമെന്ന് ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ തൊഴിൽ സാധ്യതയാണ് ഈ മേഖലയിലുള്ളത്. സംസ്ഥാനമാകെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന നിലയിലേയ്ക്ക് വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കഴിഞ്ഞ തവണ തിരുവനന്തപുരത്ത് ബസ് ടൂറിസത്തിനുവേണ്ടി വലിയ ഒരു ഇടപെടൽ നടത്തുമോ എന്ന് ചോദിച്ചപ്പോൾ അങ്ങ് നടത്തുമെന്ന് പറഞ്ഞു. ഇപ്പോൾ വളരെ ഭംഗിയായി ഇതുനടത്താൻ കഴിയുന്നുണ്ട്. തിരുവനന്തപുരം ഡി.ടി.പി.സി.-യുടെ ഇതര വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ബസ് ടൂറിസം ആരംഭിച്ചിട്ടുണ്ട്. അതുപോലെ കഴിഞ്ഞ ബഡ്ജറ്റിലെ ഏറ്റവും ആകർഷകമായ പ്രഖ്യാപനമായിരുന്നു ബോട്ട് ലീഗ്. അതിലേയ്ക്കായി 20 കോടി രൂപ ഈ വർഷവും മാറ്റിവച്ചിട്ടുണ്ട്. കായംകുളം അടക്കമുള്ള പ്രദേശങ്ങളിൽ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ വള്ളംകളി മത്സരം ആവേശകരമായി സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകളാണ് വള്ളംകളിയിലൂടെ കായികവിനോദ സാധ്യത കണ്ട് ഉപയോഗപ്പെടുത്തിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും തുടർന്നുമൊക്കെ വന്നിട്ടുള്ള കുറേ ഫണ്ടുകൾ ചെലവഴിച്ച് കായംകുളം അടക്കമുള്ള പ്രദേശങ്ങളിൽ ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ തീരദേശപരിപാലന നിയമത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ആലപ്പുഴയിൽ ഏകദേശം അഞ്ചോളം പ്രോജക്ടുകൾ തീരദേശപരിപാലന നിയമത്തിൽ കുരുങ്ങിക്കിടക്കുകയാണ്. തുടർ പ്രവർത്തനങ്ങളിൽ ചില പോരായ്മകളുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് തീരദേശപരിപാലന അതോറിറ്റിയുടെ വലിയ ഒരു ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. തുടർന്നും അവിടെയൊക്കെ വള്ളംകളി നടക്കേണ്ട പ്രദേശങ്ങളാണ്. അതിനുവേണ്ടി വളരെ സജീവമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മൾ ഏത് പദ്ധതിക്ക് പണം മുടക്കുമ്പോഴും രാജ്യത്ത് നിലവിലുള്ള നിയമത്തെ മാനിക്കാൻ സാധിക്കണം. നമ്മൾ സർക്കാരാണ്; സർക്കാരിന് അനന്തമായ അധികാരമുണ്ട്; എന്തും ചെയ്യും; ആരോടും ചോദിക്കേണ്ട കാര്യമില്ലെന്ന മട്ടിൽ നടത്തുന്ന ചില നിർമ്മാണ പ്രവർത്തനങ്ങളുടെ ദുരന്തമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കോടിക്കണക്കിന് രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച ആലപ്പുഴ ജില്ലയിൽ ഒരു മെഗാടൂറിസം പദ്ധതി അനാഥമായി കിടക്കുകയാണ്. ഒരു വകുപ്പും അനുമതി നൽകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ലഭിക്കാത്തതുകാരണം വൈദ്യുതി കണക്ഷൻ എടുക്കാൻ

സാധിക്കുന്നില്ല. അതുപോലെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ കഴിയുന്നില്ല. നമ്മുടെ രാജ്യത്ത് കുറേ നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. അവ പാലിക്കാൻ നമുക്ക് ബാധ്യതയില്ലേ; നിയമങ്ങൾ ഞങ്ങൾക്ക് ബാധകമല്ല, ഞങ്ങൾ അധികാര കേന്ദ്രമാണ്, ഞങ്ങൾ എന്തും ചെയ്യും എന്ന നില സ്വീകരിച്ചാൽ നമ്മുടെ സമൂഹത്തിൽ ആരെങ്കിലും അംഗീകരിച്ചുതരുമോ? അതാണ് സംഭവിച്ചത്. ഏതായാലും കഴിഞ്ഞ മൂന്നരവർഷക്കാലമായി അനാഥമായി കിടക്കുന്ന, നിയമം ലംഘിച്ച് നിർമ്മിച്ച പ്രവൃത്തികളെല്ലാം ടൂറിസത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശ്രമം നടക്കുകയാണ്. ആ പരിശ്രമം ഇവിടെ എത്തിയില്ലെന്ന് പറയുന്നത് ഖേദകരമാണ്. ചാമ്പ്യൻസ് ബോട്ട് ലീഗിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. 12 വേദികളിൽ അഞ്ച് ജില്ലകളിലായി നടന്നു. 20 ലക്ഷത്തോളം ആളുകൾ നേരിട്ട് മത്സരങ്ങൾ കാണുകയും ഒന്നരകോടി പ്രേക്ഷകർ അഞ്ച് ടെലിവിഷൻ ചാനലുകളിൽ തത്സമയ സംപ്രേക്ഷണത്തിലൂടെ സി.ബി.എൽ. (ചാമ്പ്യൻസ് ബോട്ട് ലീഗ്) മത്സരങ്ങൾ ആസ്വദിച്ചെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ തന്നെ ഏറ്റവും നല്ല പ്രൈസ് മണിയാണ് കൊടുക്കുന്നത്. 5.90 കോടി രൂപയുടെ പ്രൈസ് മണിയും ബോണസും എല്ലാം കൊടുത്തിട്ടുണ്ട്. ഏതായാലും തുഴച്ചിൽകാർക്കും വള്ളം ഉടമകൾക്കും ബോട്ട് ക്ലബ് അധികൃതർക്കും ഒരുപോലെ പ്രയോജനപ്രദമായ ഒന്നായി അതിനെ മാറ്റിയെടുക്കുവാൻ സാധിച്ചു. ഈ വർഷവും 2020 സി.ബി.എൽ. നടത്തുന്നതിനു വേണ്ടി ആദ്യത്തെ ആലോചനാ യോഗം നടന്നു. കഴിഞ്ഞ പ്രാവശ്യം കുറച്ച് പോരായ്മകളുണ്ടായിട്ടുണ്ട്. ആ പോരായ്മകളടക്കം പരിഹരിച്ചുകൊണ്ട് മത്സരം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ മാത്രമേ മത്സരം നടത്താൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ട്. പലപ്പോഴും സമ്മർദ്ദങ്ങൾക്ക് വഴങ്ങി കാര്യങ്ങൾ ചെയ്യുന്നതിന്റെ ദുരന്തം ഇപ്രാവശ്യവും നമ്മൾ അനുഭവിച്ചു. അടുത്ത പ്രാവശ്യം എല്ലാവരുടെയും സഹകരണത്തോടുകൂടി ഈ മത്സരം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ മാത്രമേ നടത്തുകയുള്ളൂ എന്ന നില സ്വീകരിക്കുവാൻ പോവുകയാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ക്രൂയിസ് ടൂറിസം രണ്ട് വിധത്തിലാണുള്ളത്. ഒന്ന്, ഉൾനാടൻ ജലാശയങ്ങളെ ഉപയോഗപ്പെടുത്തികൊണ്ടും മറ്റൊന്ന്, വിദേശത്തുനിന്നും ടൂറിസ്റ്റ് ഷിപ്പുകളിലെത്തുന്ന വിനോദസഞ്ചാരികളെ ഉൾക്കൊള്ളിച്ചുകൊണ്ടും. ഓരോ വർഷവും കേരളത്തിലെത്തുന്ന വിദേശ കപ്പലുകളുടെയും എണ്ണത്തിൽ വലിയ വർദ്ധനവ് കാണുന്നുണ്ട്. ഇങ്ങനെ വരുന്ന ആളുകൾ ഒരു ദിവസമാണ് നമ്മുടെ സംസ്ഥാനത്ത് ആകെ ചെലവഴിക്കുന്നത്. രാവിലെ എത്തും വൈകുന്നേരം അവർ കപ്പലിൽ തിരിച്ചു പോകും. ഇതിനിടയിൽ പ്രധാനപ്പെട്ട സ്ഥലങ്ങൾ കാണുന്നതിനേക്കാൾ കേരളീയ ജീവിതം തൊട്ടറിയുവാനാണ് ശ്രമിക്കുന്നത്. അങ്ങനെയൊരു പഠനം നടത്തിയപ്പോൾ കാണാൻ കഴിഞ്ഞത്,

കേരളീയ ജീവിതവും സംസ്കാരവും ഒക്കെ തൊട്ടറിയുന്ന സ്ഥലങ്ങൾ സന്ദർശിക്കുക യെന്നുള്ളതാണ്. ഫോർട്ട് കൊച്ചിയിലെ ഡോബിഘാന (അലക്കുകാരുടെ പ്രദേശം) യിൽ വിദേശ കപ്പലിൽ വരുന്ന നല്ലൊരുപങ്ക് യാത്രക്കാരും അരമണിക്കൂറെങ്കിലും ചെലവഴിക്കാറുണ്ട്. അതുപോലെ കുമ്പളങ്ങിയിൽ പോയി മീൻ പിടിക്കുന്നതും കയർ ഗ്രാമങ്ങളിൽ ചെന്ന് റാട്ടിൽ ഇരിക്കുന്നത് എങ്ങനെയാണെന്നും കാണുവാനാണ് താൽപ്പര്യം. ഇത്തരത്തിൽ ജീവിതം തൊട്ടറിയുന്ന നിലയിൽ അതിനെ പ്രോത്സാ ഹിപ്പിക്കുവാൻ കഴിയുന്ന പ്രത്യേക സെന്ററുകളെ ഐഡന്റിഫൈ ചെയ്ത് പ്രചരിപ്പിച്ചാൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയും. അക്കാര്യത്തിൽ ആ നിലയിലുള്ള നീക്കം നടത്താൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, 2017-ൽ അംഗീകരിച്ച ടൂറിസം നയത്തിന്റെ കാതൽതന്നെ ഉത്തരവാദിത്ത ടൂറിസമാണ്. ഇന്ന് ലോകത്തുതന്നെ ഏറ്റവും ശ്രദ്ധേയമായ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. അതിന് സാർവ്വദേശീയമായ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓർഡിനേറ്ററായ ശ്രീ. കെ. രൂപേഷ് കുമാറിനെ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കുന്ന നിലയും വന്നിട്ടുണ്ട്. ഈ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചതിനുശേഷം 17,000 യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്ത് പ്രാദേശികമായി പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. 31,432 പേർക്ക് നേരിട്ടും 61,548 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകുവാൻ സാധിച്ചു. അതിൽ മുഖ്യമായും അങ്ങ് ചൂണ്ടിക്കാണിച്ച ഗ്രാമീണ ടൂറിസം പാക്കേജുകൾ തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്. കരകൗശല നിർമ്മാണ യൂണിറ്റുകൾ, കൾച്ചറൽ യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉത്പാദനം, ഭക്ഷ്യോത്പാദനം, ആർ.റ്റി. ഡ്രൈവർമാർ, ടൂർ ലീഡേഴ്സ് സർവ്വീസ് യൂണിറ്റുകൾ ഇതെല്ലാം പ്രധാനപ്പെട്ട തൊഴിൽ മേഖലകളായി ഐഡന്റിഫൈ ചെയ്ത് യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. തുണിസഞ്ചി, ബാഗ്, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ കാര്യങ്ങളിലൊക്കെ പരിശീലനം നൽകി അവരെയെല്ലാവരെയും ഈ രംഗത്ത് കൊണ്ടുവരാൻ ശ്രമിച്ചു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 24 കോടി രൂപയുടെ വരുമാനം തദ്ദേശീയർക്ക് ലഭ്യമാക്കാൻ കഴിഞ്ഞു എന്നാണ് കണക്ക്. ആ നിലയിൽ ഉത്തര വാദിത്ത ടൂറിസത്തിനുതന്നെ പ്രാധാന്യം കൊടുക്കുന്ന ഒരു നയവും സമീപനവുമാണ് ഗവൺമെന്റ് ടൂറിസത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, വടക്കൻ മലബാർ മുൻകാലങ്ങളിലൊന്നും ടൂറിസം ഭൂപടത്തിൽ ഉണ്ടായിരുന്നില്ലെന്ന് പറയാം. മുമ്പ് കേരള ടൂറിസം എന്ന് പറയുമ്പോൾ ആലപ്പുഴ, കോവളം, തേക്കടി ഭാഗങ്ങളിലായിരുന്നു വന്നിരുന്നത്. ഇന്ന് ക്രൂയിസ് പദ്ധതി നടപ്പിലാക്കുമ്പോൾ മലബാറിന്റെ തനതായ സൗന്ദര്യം

ആസ്വദിക്കുവാൻ കഴിയുന്ന ഏറ്റവും നല്ല പദ്ധതിയായാണ് ഇതിനെ കാണാൻ കഴിയുന്നത്. അതോടൊപ്പം തദ്ദേശീയരായ ടൂറിസ്റ്റുകൾക്ക് ഏറ്റവും ആകർഷകമായ നിരവധി പദ്ധതികൾ അങ്ങ് വിവരിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിൽ കൂടി നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതും ക്വാളിറ്റി ഉറപ്പുവരുത്തേണ്ടതുമുണ്ട്. കോടിക്കണക്കിന് രൂപ ഇത്തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിക്കുമ്പോൾ സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയണം. ക്വാളിറ്റി മോശമാകുമ്പോൾ, ഒരു സീസൺ കഴിയുമ്പോൾ ഇടിഞ്ഞുവീഴുന്ന സംഭവമുണ്ട്. ഇവ ശ്രദ്ധിക്കാൻ എന്തെല്ലാം നടപടിയാണ് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മുൻകാലങ്ങളിൽ ടൂറിസം തിരുവിതാംകൂർ മേഖലയിൽ മാത്രമാണ് ഒതുങ്ങിനിന്നിരുന്നത്. മലബാറിന്റെ ടൂറിസം സാദ്ധ്യതകളെ ചൂഷണം ചെയ്യാനും അവയെ ഉപയോഗപ്പെടുത്താനുമുള്ള കാര്യമായ പരിശ്രമങ്ങളൊന്നും കഴിഞ്ഞ കാലത്ത് നടന്നിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യതകളെ പൊതുവായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കുന്നുണ്ട്. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ വളർച്ച വളരെ പെട്ടെന്നു തന്നെ പത്തുണ്ടോ പതിമൂന്നോ ശതമാനമാക്കി കൊണ്ടുവരുന്നതിനുള്ള ക്രിയാത്മകമായ പരിപാടിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായാണ് മലബാറിനെ ഒരു പ്രധാനപ്പെട്ട ഡെസ്റ്റിനേഷനായി കണ്ടുകൊണ്ടുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തത്. അതിന് ഫ്രണവുമുണ്ടായിട്ടുണ്ട്. ഇന്ന് സാർവ്വദേശീയമായി മലബാർ മേഖല ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രമായിട്ടുണ്ട്. ഒരുപക്ഷേ കോവളത്ത് വരുന്നതിനേക്കാളധികം വിദേശ വിനോദസഞ്ചാരികൾ മലബാറിന്റെ തീരപ്രദേശങ്ങളിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം കാസർഗോഡ് കടൽത്തീരത്താണ് ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ എത്തിയത്. അവിടെ കോവളത്തുള്ളതുപോലെയുള്ള സൗകര്യങ്ങളില്ലെങ്കിലും ബേക്കൽ കടൽത്തീരമൊക്കെ സന്ദർശിക്കാനായി ടൂറിസ്റ്റുകൾ വരികയുണ്ടായി. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കടൽത്തീരങ്ങളാണ് ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിച്ചത്. അതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സമയബന്ധിതമായി ഇവയെല്ലാം പൂർത്തീകരിക്കുന്നതിനുവേണ്ടി വകുപ്പുമന്ത്രിയുടെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ഓരോ ഡെസ്റ്റിനേഷനിലും നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ തലങ്ങളിൽ നിരന്തര പരിശോധനകൾ നടത്തി മുന്നോട്ടുപോകുകയാണ്.

മി. സ്പീക്കർ: ടൂറിസത്തെ സംബന്ധിച്ച വിഷയമായതുകൊണ്ട് ധാരാളം ഉപചോദ്യങ്ങളുണ്ട്. അതുകൊണ്ട് ചോദ്യവും ഉത്തരവും ചുരുക്കുന്നത് നന്നായിരിക്കും.

പ്രൊഫ. കെ. യു. അരുണനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, ടൂറിസത്തിന്റെ അനന്തസാദ്ധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ അങ്ങ് നല്ല ശ്രമമാണ് നടത്തുന്നത്. അതിന്റെ ഭാഗമായി ജിയോഗ്രഫിക്കൽ ബാലൻസിംഗുണ്ട്. തെക്കും വടക്കും ഒരുപോലെ ടൂറിസത്തിന്റെ സാദ്ധ്യതകൾ അങ്ങ് ഉപയോഗ പ്പെടുത്തി. അതിന്റെ ഭാഗമാണ് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി. 2010-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പുമന്ത്രിയായിരുന്നപ്പോഴുള്ള പ്രോജക്ടാണിത്. അത് പിന്നീട് നിശ്ചലമായി. ഇപ്പോളത് വീണ്ടും renovate ചെയ്തു. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ അങ്ങയുടെ ഭാഗത്തു നിന്നുമുണ്ടാകണം. അതോടൊപ്പം ഇത്തരം പ്രോജക്ടുകളുടെ മെയിന്റനൻസിന് സംവിധാനമുണ്ടാകണം. പല പ്രോജക്ടുകളും നിർമ്മിക്കുമെങ്കിലും അത് പിന്നീട് അനാഥമാകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇത്തരം സംവിധാനങ്ങൾ മെയിന്റയിൻ ചെയ്യാൻ ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടലു ണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെതന്നെയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അവിടെ നടക്കുന്ന പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ഉത്തര മലബാറിന്റെ ടൂറിസം വികസന സാദ്ധ്യതകളെക്കുറിച്ചും കായൽ ടൂറിസത്തെക്കുറിച്ചും തലശ്ശേരി അടക്കമുള്ള പ്രദേശങ്ങളിലെ ടൂറിസം സാദ്ധ്യതകളെക്കുറിച്ചുമൊക്കെ അങ്ങിവിടെ പറഞ്ഞു. നമ്മുടെ നാടുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ വളരെയധികം സാംസ്കാരിക - ടൂറിസ പ്രാധാന്യമുള്ള പ്രദേശമാണ് ഭാരതപ്പുഴ. അതിന്റെ ഇരുകരകളിലുമായി നിരവധി സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. ധാരാളം എഴുത്തുകാരുടെയും കലാ-സാംസ്കാരിക പ്രവർത്തകരുടെയും പ്രവർത്തന മേഖലകൂടിയാണ് ഭാരതപ്പുഴയുടെ ഇരുകരകളിലുമുള്ള പ്രദേശങ്ങൾ. നേരത്തെ മലബാറിലെ പദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചതുപോലെ, ഇവയെല്ലാം കോർത്തിണക്കി ഭാരതപ്പുഴ ടൂറിസം സർക്യൂട്ടിന് സർക്കാർ ഗൗരവതരമായ പരിഗണന നൽകുമോ? ഭാരതപ്പുഴയുടെ തീരത്ത് എന്റെ മണ്ഡലത്തിൽപ്പെട്ട പ്രദേശത്താണ് 'പറയിപെറ്റ പന്തിരുകുലം' അടക്കമുള്ള ഐതിഹ്യങ്ങളുള്ളത്. വിദേശ ടൂറിസ്റ്റുകൾക്ക് ഇത്തരം ഐതിഹ്യങ്ങളിൽ സ്വാഭാവികമായും താല്പര്യമുണ്ടാകാറുണ്ട്. അതിനെ മാർക്കറ്റ് ചെയ്യുന്ന തരത്തിൽ ഭാരതപ്പുഴ കേന്ദ്രീകരിച്ച് വെള്ളിയാങ്കല്ല് അടക്കമുള്ള ഡെസ്റ്റിനേഷനുകൾ, കലാമണ്ഡലം, ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലുള്ള മ്യൂസിയം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ പദ്ധതിയെക്കുറിച്ച് സർക്കാർ ഗൗരവപൂർവ്വം ആലോചിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ചക്രവട്ടം പുഴയോര സ്നേഹപാത, തിരുർ തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് ആന്റ് റിസർച്ച് സെന്ററിന്റെ പുനർനിർമ്മാണം, ചക്രവട്ടം പുഴയോര സ്നേഹപാതയുടെ രണ്ടാം ഘട്ടം, പൊന്നാനി ടൂറിസം സ്മ്യയർ കർമ്മ റോഡ് വിനോദ സഞ്ചാര വികസന പദ്ധതി, ഗ്രീൻ കാർപ്പറ്റ് കോട്ടക്കുന്ന് പാർക്കിന്റെ സൗന്ദര്യവൽക്കരണം, ചക്രവട്ടം നിളാ ഹെറിറ്റേജ് മ്യൂസിയം നിർമ്മാണ പദ്ധതി, നിളയോരം പാർക്ക് പുനരുദ്ധാരണ പദ്ധതി, മാമാങ്കം ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്ട്, തിരുമാന്ധാംകുന്ന്, അങ്ങാടിപ്പുറം, ചെമ്പൈ വൈദ്യനാഥ ഭാഗവതർ സാംസ്കാരിക കേന്ദ്രമ്യൂസിയം നിർമ്മാണ പദ്ധതി, ഒ. വി. വിജയൻ മെമ്മോറിയൽ റൈറ്റേഴ്സ് വില്ലേജ് ട്രസ്റ്റ്, പാലക്കാട് മലമ്പുഴ റോക്ക് ഗാർഡൻ നവീകരിക്കൽ, വെള്ളിനേഴി കലാഗ്രാമം തുടങ്ങി ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പത്തനംതിട്ട ജില്ലയിലെ വിവിധ പൈതൃക കേന്ദ്രങ്ങളെ കൂട്ടിയിണക്കി ജില്ലയ്ക്കുവേണ്ടി ഒരു പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുമെന്ന് എന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞിരുന്നു. ജില്ലയ്ക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ പരിഗണനയാണത്. ഈ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ടാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമാക്കി ആ പദ്ധതിയും കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പത്തനംതിട്ട ജില്ലയ്ക്കുവേണ്ടി മാത്രമായി ഒരു പദ്ധതിയാക്കി മാറ്റണോ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ടാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമാക്കണോ എന്നുള്ള ആലോചനയിലാണ്. അടിയന്തരമായി അതിന്റെ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കേരളത്തിന്റെ പൈതൃക ടൂറിസം, പ്രത്യേകിച്ച് ആലപ്പുഴയിലെ ഹൗസ് ബോട്ട് ടൂറിസം ലോകപ്രശസ്തമാണ്. ആലപ്പുഴയിലെ മനോഹരമായ ഹൗസ് ബോട്ട് സവാരിക്കിടയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ Erudite പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിലെത്തിയ ലോകപ്രശസ്ത നോബൽ സമ്മാന ജേതാവ് Michael Levitt അപമാനിക്കപ്പെട്ട സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചു? ഈ സംഭവം ടൂറിസ്റ്റുകൾക്കുള്ള മുന്നറിയിപ്പ് മാത്രമല്ല ഇന്ത്യയ്ക്കാകെ അപമാനമുണ്ടാക്കിയ കാര്യമാണ്. അങ്ങനെയുള്ള ആളുകൾക്ക് എന്ത് പ്രൊട്ടക്ഷൻ കൊടുത്തു? അദ്ദേഹം കേരള ഗവൺമെന്റിന്റെ അതിഥിയായിരുന്നു. ജനുവരി 8-ാം തീയതി ഹർത്താലാണെന്ന് അറിഞ്ഞിട്ടും അദ്ദേഹത്തിന് എന്തുകൊണ്ട് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തില്ല; ഇക്കാര്യത്തിൽ മറുപടി പറയാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആ സംഭവത്തിൽ അങ്ങയെപ്പോലെയോ അതിലുപരിയോ ഖേദമുള്ള ആളാണ് ഞാനും.

ശ്രീ. പി. ടി. തോമസ്: സർ, അതുകൊണ്ട് കാര്യമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കാര്യമില്ലെന്ന് അങ്ങേയ്ക്ക് പറയാം. പക്ഷേ, എനിക്കതിൽ വളരെ വിഷമമുണ്ട്. നമ്മുടെ ടൂറിസം ഇൻഡസ്ട്രിക്കുതന്നെ അപമാനകരമായ സംഭവമായിരുന്നു അത്. അന്ന് എല്ലാവരുംകൂടി ചേർന്ന് തീരുമാനമെടുത്ത് ടൂറിസം ഇൻഡസ്ട്രിയെ ഹർത്താലിൽനിന്നും ഒഴിവാക്കിയിട്ടുണ്ടായിരുന്നു. രണ്ട് സാമൂഹ്യവിരുദ്ധരാണ് ഈ സംഭവത്തിന്റെ പിന്നിലുള്ളത്. Michael Levitt-നെപ്പോലെയുള്ള വളരെ ശ്രദ്ധേയനായ എഴുത്തുകാരന്, നോബൽ സമ്മാന ജേതാവിന്, എന്തുകൊണ്ട് പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിച്ചില്ലെന്ന് ചോദിച്ചാൽ അദ്ദേഹം സർക്കാർ സംവിധാനങ്ങൾ അറിയാതെയാണ് ഈ കേന്ദ്രത്തിലേയ്ക്ക് പോയത്. അതുകൊണ്ടാണ് പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിക്കാതിരുന്നത്. അതിനെതിരെ വളരെ ശക്തമായ നടപടി സ്വീകരിച്ചു. അവരെ കസ്റ്റഡിയിലെടുത്ത് അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിച്ചു. അവർ ഇപ്പോൾ ജാമ്യത്തിലിറങ്ങി. ഇക്കാര്യത്തിലൊന്നും ഒരു വിട്ടുവീഴ്ചയും ചെയ്യുന്നതല്ല.

ശ്രീ. പി. ടി. തോമസ്: സർ, സർക്കാർ അറിയാതെയാണ് അദ്ദേഹം വന്നതെന്ന് പറയരുത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അദ്ദേഹം സർവ്വകലാശാലയിൽ പ്രഭാഷണം നടത്തുന്നതിനുവേണ്ടി വന്നതാണ്. അദ്ദേഹത്തിന്റെ ആ യാത്ര സർക്കാരിനെ അറിയിക്കാതെ സ്വകാര്യ യാത്രയാക്കി മാറ്റി എന്നുള്ളതാണ്. ചിലർ അങ്ങനെയും ചെയ്യാറുണ്ട്. അദ്ദേഹം അങ്ങനെ പോകാൻ ആഗ്രഹിച്ച് പോയതാണ്. ഈ അനിഷ്ട സംഭവമുണ്ടായത് സംസ്ഥാനത്തിനും ടൂറിസം ഇൻഡസ്ട്രിക്കും നമുക്കെല്ലാവർക്കും നാണക്കേടും അപമാനവുമാണ്. അതുകൊണ്ട് വളരെ ശക്തമായ നടപടിയെടുത്തിട്ടുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. ആലപ്പുഴയിൽ വിനോദസഞ്ചാരിയുമായി പോയ ഹൗസ് ബോട്ടിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് കൊടുക്കുന്നത് തുറമുഖ വകുപ്പാണ്. അനധികൃതമായ നിരവധി ഹൗസ് ബോട്ടുകളുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധിയുടെയും മന്ത്രിമാരുടെയും

ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് കർശന നടപടി സ്വീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഹൗസ് ബോട്ടുകളുടെ ലൈസൻസ് പരിശോധിച്ചു വരികയാണ്. അനധികൃതമായി ഓടുന്ന ഹൗസ് ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, ടൂറിസം രംഗത്ത് അതിരുകളില്ലാത്ത സാധ്യതകളുള്ള ഒരു സംസ്ഥാനമാണ് കേരളം. ആ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി മാതൃകാപരമായ പദ്ധതികൾക്ക് രൂപകല്പന ചെയ്യുവരുന്നുണ്ട്. കൊച്ചി നഗരത്തിന്റെ ഒരു വിളിപ്പാടകലെ 9 ദ്വീപുകൾ സംഗമിക്കുന്ന മനോഹരമായ ഒരു തീരഗ്രാമമാണ് കടമക്കുടി. അവിടത്തെ വികസനത്തിന് പ്രകൃതി സൗന്ദര്യം സംരക്ഷിച്ചും ഇക്കോ ഫ്രണ്ട്‌ലിയുമായ ഒരു ടൂറിസം വികസന പദ്ധതി തയ്യാറാക്കി ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. ബഹുമാന്യനായ മന്ത്രി സ്ഥലം സന്ദർശിച്ചിരുന്നതാണ്. ആ പദ്ധതിക്ക് എത്രയും പെട്ടെന്ന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രസ്തുത സ്ഥലം ഞാൻ സന്ദർശിച്ചിരുന്നു. വളരെ മനോഹരവും പ്രകൃതിരമണീയവും ഇക്കോ ടൂറിസത്തിന്റെ സർവ്വസാദ്ധ്യ തകളും ഉള്ള ഒരു സ്ഥലമാണ്. അതിനുവേണ്ടിയുള്ള നടപടി ഉടനുണ്ടാകും.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിലെ ആദ്യത്തെ അഡ്വഞ്ചറസ് ടൂറിസം അക്കാഡമി വിളപ്പിൽ പഞ്ചായത്തിലെ ശാസ്താംപാറയിൽ ആരംഭിക്കാൻ തീരുമാനിച്ചതാണ്. അഡ്വഞ്ചറസ് ടൂറിസം അക്കാഡമിയുടെ പ്രവർത്തന/നിർമ്മാണ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ,അഡ്വഞ്ചറസ് ടൂറിസം അക്കാഡമിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും.

ക്വാറികളുടെ പ്രവർത്തനം

3 (*183) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും മറ്റ് പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്വാറികളുടെ പ്രവർത്തനം പശ്ചിമഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണമാകുന്നു എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിലവിൽ ക്വാറികൾ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും മറ്റ് പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്നുണ്ടോ എന്നത് സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പരിശോധിച്ചിട്ടുണ്ട്. എന്നാൽ ക്വാറികളുടെ പ്രവർത്തനം മാത്രമാണ് ഇത്തരം പ്രകൃതി ദുരന്തങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടില്ല. കേരളത്തിൽ ഈ വിഷയത്തിൽ ശാസ്ത്രീയമായി പഠനം നടത്തുന്ന നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്നിവരും പഠനം നടത്തിയിട്ടുണ്ട്. പാറമട സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലും പാറമടയില്ലാത്ത പ്രദേശങ്ങളിലും ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്നിന്റെ ചെരിവ്, ഇടർച്ചയായി പെയ്യുന്ന മഴയുടെ അളവ്, മേൽമണ്ണിന്റെ കനം എന്നിവയും ഈ പ്രതിഭാസത്തിന് ആക്കം കൂട്ടുന്നുണ്ട്. കുന്നിൽ നിർമ്മിച്ചിട്ടുള്ള മഴക്കുഴികളും അവിടെയുള്ള മണ്ണിന്റെ ഘടനയുമാണ് കേരളത്തിൽ ഉരുൾപൊട്ടലുകൾ ഉണ്ടാകാനുള്ള കാരണമായി കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രകമ്പനം കുറവുള്ള രീതിയിൽ പാറ പൊട്ടിക്കുവാൻ നൂതന സാങ്കേതികവിദ്യയായ NONEL (നോൺ ഇലക്ട്രിക്കൽ ഡിറ്റണേറ്റർ ഉപയോഗിച്ചുള്ള ബ്ലാസ്റ്റിംഗ്) നിലവിൽ പ്രയോഗിച്ചുവരികയാണ്. പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ചുമാത്രമേ പാറ പൊട്ടിക്കാവൂ എന്ന് ഇപ്പോൾ നിർദ്ദേശം നൽകുന്നുണ്ട്. ഇക്കാര്യം SEIAA-(State Environment Impact Assessment Authority)യുടെ ശ്രദ്ധയിൽപ്പെടുത്തുകയും പാരിസ്ഥിതി കാനുമതിയിൽ ഇത് ഒരു നിബന്ധനയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ക്വാറികളുടെ പ്രവർത്തനം പശ്ചിമഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണമാകുന്നു എന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. പശ്ചിമഘട്ടത്തിലെ ജൈവ

വൈവിധ്യങ്ങളെക്കുറിച്ച് പഠനം നടത്തിയ ഡോ. മാധവ് ഗാഡ്ഗിലും ഡോ. കസ്തൂരി രംഗനും ഖനനംമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഈ വിഷയങ്ങളിൽ വേണ്ടത്ര ശാസ്ത്രീയ പഠനം നടത്തി ആധികാരികവും ശാസ്ത്രീയവുമായ റിപ്പോർട്ടുകൾ നൽകിയിട്ടില്ല. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിൽ ക്വാറികളുടെ പ്രവർത്തനം, പശ്ചിമ ഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണ മാകുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ശാസ്ത്രീയമായി പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അപേക്ഷിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ ക്വാറി പ്രവർത്തനത്തിന് നിലവിൽ ഖനനാനുമതി നൽകുന്നില്ല. പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് ഇത്തരം ചില സ്ഥലങ്ങളിൽ അനുമതി നൽകിയിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ക്വാറികളുടെ പ്രവർത്തനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ഓഫീസ് മെമ്മോറാണ്ട പ്രകാരം 2018-ൽ നിർത്തലാക്കിയിരുന്നു. നിലവിൽ ഏതു സ്ഥലത്തും ഖനനാനുമതി നൽകുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി (എൻവയോൺമെന്റൽ ക്ലിയറൻസ്) നിർബന്ധമാണ്.

(ഡി) അനധികൃത ക്വാറികളുടെ പ്രവർത്തനം തടയുന്നതിനായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചട്ടം 108 പ്രകാരം കർശന നടപടി സ്വീകരിക്കണമെന്ന് 16-1-2020-ൽ ചേർന്ന യോഗം ജില്ലാ ജിയോളജിസ്റ്റുമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പെർമിറ്റ് ഏരിയ ലംഘിച്ച് ഖനനം നടത്തുകയാണെങ്കിൽ ചട്ടങ്ങളും നിയമങ്ങളും പ്രകാരം നടപടിയെടുക്കുന്നുണ്ട്. അനധികൃത ഖനനത്തിൽ ഏർപ്പെടുന്ന വ്യക്തികൾക്കെതിരെ കോടതിയിൽ നിയമ നടപടി സ്വീകരിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അനധികൃത കരിങ്കല്ല് ഖനനം തടയുന്നതിന് സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടഞ്ഞാൽ മതിയാകും. 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 21(4) പ്രകാരം പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കും റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്കും അനധികൃത ഖനനം കണ്ടെത്തി നിർത്തിവയ്പ്പിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. അത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പലതരം വികസന പ്രവർത്തനങ്ങൾക്ക് പാറയുടെ ആവശ്യമുള്ള ഒരു സംസ്ഥാനമാണ് കേരളം. പ്രകൃതിവിഭവമെന്ന നിലയിൽ മറ്റുള്ളവ എത്രയുണ്ട്; എത്രയാണ് ഉപയോഗിക്കാവുന്നത്; എത്രയാണ് പരിസ്ഥിതിക്ക് പരുക്കില്ലാതെ എടുക്കാവുന്നത് എന്നതിനെക്കുറിച്ചെല്ലാം കൃത്യമായ കണക്കുകൾ പലയിടത്തും ശ്രുപപ്പെടുത്തിയിട്ടുണ്ട്. പാറ പലതരത്തിലുണ്ട്; എടുക്കാവുന്നതും എടുത്തുകൂടാത്തതുമുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ, ചരിവുള്ള പാറയുണ്ട്. നിൽക്കുന്ന പാറയുണ്ട് അത് തൊട്ടുകൂടാത്തതാണ്. ഇരിക്കുന്ന പാറയുണ്ട്, അത് ചെറുതായി തൊടാം. ഉറങ്ങുന്ന പാറയുണ്ട്, അതിൽ നിന്ന് നമുക്ക് വേണമെങ്കിൽ എടുക്കാം. ഇങ്ങനെ പാറയെ തരംതിരിച്ചിട്ടുള്ള കേരളത്തിൽ മണ്ണിന് മുകളിലുള്ള പാറകളിൽ എടുക്കാവുന്നതും എടുത്തുകൂടാത്തതും സംബന്ധിച്ച് റവന്യൂ, വനം, വ്യവസായം തുടങ്ങിയ വകുപ്പുകൾ തമ്മിൽ ഒരു പഠനം നടത്തി ലിസ്റ്റ് ഔട്ട് ചെയ്ത് സമൂഹത്തെ അറിയിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, സംസ്ഥാനത്ത് ഉരുൾപൊട്ടലിന് കാരണമായ ഘടകങ്ങളെക്കുറിച്ച് 2010-ൽ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസ് വിശദമായ പഠനം നടത്തി ഉരുൾപൊട്ടലുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ മാപ്പുകൾ തയ്യാറാക്കിയിരുന്നു. അപ്രകാരം തയ്യാറാക്കിയ മാപ്പുകളിൽ ഉരുൾപൊട്ടൽ സംഭവിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. അവയാണ് ഉരുൾ പൊട്ടലിന് വളരെയധികം സാധ്യതയുള്ള ഹൈ ഹസാർഡസ് സോൺ, ഉരുൾപൊട്ടലിന് സാധ്യത താരതമ്യേന കുറഞ്ഞ മീഡിയം ഹസാർഡസ് സോൺ, ഉരുൾപൊട്ടലിന് സാധ്യത ഏറ്റവും കുറഞ്ഞ ലോ ഹസാർഡസ് സോൺ. ഇതിൽ ഹൈ ഹസാർഡസ് സോൺ സംബന്ധിച്ച് മാപ്പുകളിൽ ചുവന്ന ചായം അടിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഇത് 'റെഡ് സോൺ' എന്ന പേരിലാണ് അറിയപ്പെടുന്നത്. റെഡ് സോണിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഒരു തരത്തിലുള്ള ലൈസൻസുകളും നൽകുന്നില്ല. ഇത് സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് എല്ലാ നടപടികളും സ്വീകരിക്കുന്നത്. അതുകൊണ്ട് ഇത് ഒരുപരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പാറ ഒരു പ്രകൃതിവിഭവമാണ്. പ്രകൃതി വിഭവങ്ങൾ പൊതുസമൂഹത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. അങ്ങനെയാണെങ്കിൽ ആ പ്രകൃതിവിഭവം കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഗവൺമെന്റ് നിയന്ത്രണത്തിലുള്ള പൊതുമരാമത്ത് വകുപ്പുതന്നെയാണ്. കേരളത്തിൽ പല ജില്ലയിലും പാറയുടെ വില നിശ്ചയിക്കുന്നത് പലതരത്തിലാണ്. ഒരു പ്രകൃതിവിഭവം പൊതു ഉടമസ്ഥതയിലുള്ളതാകുമ്പോൾ പ്രത്യേകിച്ച് പാറ, പലതും റവന്യൂ വകുപ്പിന്റെ

കീഴിൽ ഗവൺമെന്റ് ഉടമസ്ഥതയിലാണ്. അതിന്റെ വില നിശ്ചയിക്കാനും സാധാരണ ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് കിട്ടാനും അത് ഉപയോഗിക്കുന്ന പൊതുമരാമത്ത് വകുപ്പിന് ഉൾപ്പെടെ ഷോർട്ടേജില്ലാതെ കൊടുക്കുന്നതിനുമുള്ള സംവിധാനമൊരുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. കേരളത്തിൽ എല്ലാ സ്ഥലത്തും പാറയ്ക്ക് ഒരേവില നിശ്ചയിക്കാൻ സാധിക്കില്ല. ഭൂമിയുടെ വില തന്നെ കേരളത്തിലെ ഓരോ പ്രദേശങ്ങളിലും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പൊതുവായി, പാറയ്ക്ക് ഇത്രവില എന്നുപറഞ്ഞുകൊണ്ട് നിശ്ചയിക്കുന്നത് സാധാരണഗതിയിൽ പ്രായോഗികമല്ല. മാത്രവുമല്ല പാറ നമ്മുടെ പ്രകൃതിയിലെ ഒരു സമ്പത്താണ്. പാറ ഇപ്പോൾ കേരളത്തിൽ സ്വകാര്യ സ്വത്തും പൊതുസ്വത്തുമായി കിടക്കുകയാണ്. പാറ പൊട്ടിച്ച് വിപണനം നടത്തുന്നത് വൻവിലയ്ക്കാണ്. അതിന് ഒരു നിയന്ത്രണവുമില്ലാത്തതാണ് ഇപ്പോഴുള്ള സ്ഥിതി. പാറപൊട്ടിച്ച് വിപണനം നടത്തുമ്പോൾ അതിന് ഒരു വില നിശ്ചയിച്ച് ഈ രംഗത്തുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുള്ളത്. അതിനെപ്പറ്റി വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അധികം താമസിയാതെ തന്നെ അതുസംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെ.എസ്.ഐ.ഡി.സി.-യുടെ പ്രവർത്തനങ്ങൾ

4 (*184) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുള്ള പശ്ചാത്തലത്തിൽ വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ടോ; രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ;

(സി) ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായിട്ടുണ്ടോ; അനുബന്ധ വ്യവസായശാലകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) റബ്ബർ കർഷകർക്ക് ഏറെ പ്രതീക്ഷയേകുന്ന സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സ്വകാര്യ നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന് വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു: ഇന്ത്യയിലെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുകയും വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടുംകൂടി നടത്തിയ 'ASCEND-2020' എന്ന ആഗോള നിക്ഷേപക സംഗമം സംസ്ഥാനത്തിന്റെ നിക്ഷേപാനുകൂല സാഹചര്യങ്ങളെ ഉയർത്തിക്കാട്ടുന്നതിൽ വിജയിച്ചിട്ടുണ്ട്. പ്രസ്തുത സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചിട്ടുള്ള വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താൽപ്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ, കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പദ്ധതികളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ 2 മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകളിൽ പഠിച്ച് നടപ്പിലാക്കുവാൻ പറ്റുന്നവ സമയബന്ധിതമായി നടപ്പാക്കുന്നതിലേയ്ക്കായി വ്യവസായ വകുപ്പിന്റെ കീഴിൽ 4-2-2020-ലെ സ.ഉ.(സാധാ)നമ്പർ 105/2020/ വ്യവ. പ്രകാരം നോഡൽ ഓഫീസർമാരെ നിയമിക്കുകയും പ്രസ്തുത നോഡൽ ഓഫീസർമാർ ഇൻവെസ്റ്റുമെന്റ് സെല്ലിനായി നിയമിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടറോട് പദ്ധതികളുടെ സ്ഥിതിഗതികൾ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ കെ.എസ്.ഐ.ഡി.സി. നടപ്പാക്കിവരുന്ന വ്യവസായ വികസന പ്രവർത്തനങ്ങൾകൂടി താഴെ പറയുന്നു.

- ചെറുകിട, ഇടത്തര, വൻകിട വ്യവസായങ്ങൾക്ക് 3500 ലക്ഷം രൂപ വരെ ധനസഹായവും മറ്റ് വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു.

- ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ലോണുകളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്.

- ബാങ്ക് നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറുവാൻ ലോണുകളുടെ പലിശനിരക്ക് RBI-യുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 8.40% - 10.40% ആണ്. കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു.

- പുതിയ ഉൽപ്പാദന വ്യവസായങ്ങൾക്ക് കേരള ഗവൺമെന്റിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നൽകുന്നു.

- വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി. സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. എല്ലാ വ്യവസായ പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. നടപ്പാക്കുന്ന ലൈഫ് സയൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക്, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നീ പ്രദേശങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്താനും കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുന്നതാണ്.

- വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വ്യവസായ പ്രവർത്ത നങ്ങൾ പുരോഗമിപ്പിക്കുന്നതിനും സ്റ്റാർട്ട് അപ്പ് സംരംഭകരുടെ ഉന്നമന ത്തിനായും വിവിധ സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നവവ്യവസായ സംരംഭകർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുതന്നെ വ്യവസായങ്ങളുടെ സംരംഭങ്ങൾക്കായി പ്രാഥമിക

തലത്തിലേയ്ക്ക് വേണ്ടുന്ന സഹായ സഹകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നുണ്ട്. എല്ലാ വ്യവസായ പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്.

- വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ നോഡൽ ഏജൻസിയായും കെ.എസ്. ഐ.ഡി.സി. പ്രവർത്തിച്ചുവരുന്നു. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകൾ/ഏജൻസികൾ നൽകേണ്ട അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

(ബി) ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് 95% പൂർത്തിയായി. 6 എം.വി.എ. ശേഷിയുള്ള സമർപ്പിത വൈദ്യുതി വിതരണ സംവിധാനം, 1 എം.എൽ.ഡി. വെള്ളം വിതരണം ചെയ്യാൻ പ്രാപ്തിയുള്ള സമർപ്പിത ജലവിതരണ ലൈനുകൾ, ആന്തരിക റോഡ് ശൃംഖല, ഡ്രെയിനേജ് സിസ്റ്റം മുതലായവ നൽകിക്കൊണ്ട് തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ ഭൂവികസനവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ട വികസനത്തിനായി 123 ഏക്കർ സ്ഥലം ഏറ്റെടുക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിൽ 86 ഏക്കർ നിലവിൽ കെ.എസ്.ഐ. ഡി.സി.-യുടെ കൈവശമാണ്. രണ്ടാം ഘട്ടത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ റോഡ്, ഡ്രെയിനേജ്, ചുറ്റുമതിൽ, ജലവിതരണ കുഴലുകൾ, വൈദ്യുതി വിതരണ കേബിളുകൾ മുതലായവ പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്രീകൃത മലിനജല സംസ്കരണ പ്ലാന്റ് പൂർത്തിയാകാനുണ്ട്. മെഗാ ഫുഡ് പാർക്കിൽ 4 വ്യവസായശാലകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കമ്പനിയുടെ ഇടക്കാല എം.ഡി.-യെ സർക്കാർ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കു

ന്നതിനായി കിറ്റ്കോയെ കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി. മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കരട് ഡി.പി.ആർ. കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി കോട്ടയം ജില്ലയിൽ ഏറ്റെടുക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തിന്റെ പൊതുകടം

5 (*185) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) വാർഷിക വികസന പദ്ധതികൾക്ക് വേണ്ടി പൊതുകടം എടുക്കുന്നതിന് പകരം നിത്യനിദാന ചെലവുകൾ നേരിടുന്നതിന് വേണ്ടി കടമെടുക്കുന്നത് സാമ്പത്തികമായി ആശങ്കയുളവാക്കുന്ന സ്ഥിതിവിശേഷമല്ലേയെന്നും ആയത് ആരോഗ്യകരമായ ഒന്നാണോയെന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ 2019-ൽ എടുത്ത വായ്പകൾ സംബന്ധിച്ചും അവ ഏതൊക്കെ വിധത്തിൽ ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ കടമെടുപ്പിന്റെയും അവയുടെ പലിശ നിരക്കിന്റെയും ക്രമീകരണം സംബന്ധിച്ചും മുൻവായ്പകളുടെയും മുൻവായ്പാ പലിശയുടെയും സർവ്വീസിംഗും തിരിച്ചടവും സംബന്ധിച്ച് ക്രമീകരണങ്ങൾ ഏത് വിധത്തിലാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ വളർച്ചാനിരക്ക് കുറയ്ക്കുന്നതിനും പൊതുകടം ആരോഗ്യകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	പൊതുകടം		
	ആഭ്യന്തര വായ്പ	കേന്ദ്ര സർക്കാർ വായ്പ	ആകെ
2018-19	150991.04	7243.41	158234.44

(ബി) വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്. എന്നാൽ റവന്യൂ കമ്മി ഇല്ലാതായാലേ ഇത് സാദ്ധ്യമാകൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. കടമെടുക്കുന്ന ചെറിയൊരു ഭാഗം നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം 2019-20 (ഡിസംബർ 31 വരെ) സാമ്പത്തിക വർഷത്തെ പൊതുകടം (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

ഇനം	2019-20 (ഡിസംബർ 31 വരെ)
ആഭ്യന്തര കടം	11929.63
കേന്ദ്ര സർക്കാർ വായ്പ	1584.21
പൊതുകടം (തനി)	13513.84

ആഭ്യന്തര കടമിനത്തിൽ എടുക്കുന്ന വായ്പകൾ ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. വിദേശ സഹായ വായ്പകൾ മുഴുവനായും വിദേശ സഹായ പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിക്കുന്നത്.

(ഡി) സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭൂരിഭാഗവും പൊതു വിപണിയിൽനിന്നുള്ള വായ്പകളാണ്. വരവും ചെലവും കൃത്യമായി നിരീക്ഷിച്ച് ഈ ഇനത്തിലുള്ള പ്രതീക്ഷിത വിടവ് നികത്തുന്നതിന് അത്യന്താപേക്ഷിതമായ തുകയാണ് പൊതുവിപണിയിൽനിന്നും വായ്പയായി സമാഹരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ വായ്പകളുടെ മുതൽ തിരിച്ചടവുകളുടെ സമയക്രമം, bunching ഒഴിവാക്കുന്ന രീതിയിൽ ക്രമീകരിക്കുവാൻ ശ്രദ്ധിക്കാറുണ്ട്. മുൻ വായ്പകളുടെ പലിശ അടക്കമുള്ള തിരിച്ചടവ് പ്രത്യേകം ശ്രദ്ധിച്ച് ആയതിനാവശ്യമായ തുക ഉറപ്പുവരുത്തി കൃത്യമായി നടത്തിപ്പോരുന്നുണ്ട്.

(ഇ) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. 2012-13 മുതൽ 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	പൊതുകടം	പൊതുകടത്തിലുണ്ടായ വർദ്ധനവ്	പൊതുകടത്തിലുണ്ടായ വർദ്ധനവ് (%)
2012-13	72250.19	10457.10	16.92
2013-14	83466.56	11216.37	15.52
2014-15	96132.96	12666.40	15.18
2015-16	109730.97	13598.01	14.15
2016-17	125882.86	16151.89	14.72
2017-18	142984.53	17101.67	13.59
2018-19	158234.44	15249.92	10.67

2016-17 മുതൽ പൊതുകടത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞുവരുന്നതായിട്ടാണ് മേൽ കണക്കുകളിൽനിന്നും വ്യക്തമാവുന്നത്.

നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യച്ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

കേന്ദ്ര വായ്പയും ഗ്രാന്റും വെട്ടിക്കുറച്ച നടപടി

6 (*186) ശ്രീ. കെ. ബാബു :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതികളിൽ വിഹിതം കുറച്ച് സംസ്ഥാനത്തിന്റെ ചെലവുകൾ വർദ്ധിപ്പിക്കുകയും അതേസമയം തന്നെ വരുമാനം കുറയ്ക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നടപടികൾ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കണമെന്ന് കാണിച്ച് കേന്ദ്രസർക്കാരിന് നിവേദനം നൽകിയിരുന്നോ; അതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രബജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) സംസ്ഥാന സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാന മായവയിൽ ഒന്നായ കേന്ദ്രവായ്പയും ഗ്രാന്റും വെട്ടിക്കുറച്ചത് സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലും സാമൂഹ്യ സുരക്ഷ, ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്ത് പാവപ്പെട്ടവരുടെ താല്പര്യം പരിരക്ഷിക്കാൻ നടപടിയെടുത്തിരുന്നോ;

(സി) ദീർഘകാലമായിട്ടും ജി.എസ്.ടി. നെറ്റ് വർക്ക് കാര്യക്ഷമമാക്കാൻ സാധിക്കാത്തത് വ്യാപാരികൾക്ക് ജി.എസ്.ടി. വാർഷിക റിട്ടേൺ സമർപ്പിക്കാൻ കഴിയാതെ പോകുന്നതിന് കാരണമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതി നിർണ്ണയവും പരിശോധനയും അസാധ്യമാക്കുന്ന സ്ഥിതിക്ക് അടിയന്തരമായി പരിഹാരം കാണാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2020-21-ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിരുന്നു.

1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST-ക്കുമേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.

2. Multilateral Agency-കളിൽനിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.

3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകിവരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടുകൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കുക.

4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.

5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽനിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.

6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS-ന് തുല്യമായ ഒരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.

7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme-ൽ ഉൾപ്പെടുത്തുക.

8. Cochin Shipyard, FACT, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക, ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.

എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ സംബന്ധിച്ച് 2020-21-ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല.

(ബി) സംസ്ഥാന സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനമായവയിൽ ഒന്നായ കേന്ദ്ര വായ്പയും ഗ്രാന്റും വെട്ടിക്കുറച്ചത് സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലും സാമൂഹ്യ സുരക്ഷ, ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്ത് പാവപ്പെട്ടവരുടെ താൽപ്പര്യം പരിരക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി നാളിതുവരെ ആകെ 19030.34 കോടി രൂപയും ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണത്തിനായി ആകെ 3129.72 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാം 2019 സെപ്റ്റംബർ മാസംവരെയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടിനൽകിയിട്ടുണ്ട്.

(ഡി) വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതിനാൽ വ്യാപാരികൾ സ്വമേധയാ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യുന്ന റിട്ടേണുകളുടെ നിജസ്ഥിതി സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കുന്നു. ഇവ e-way bill വഴി ലഭ്യമായ വിവരങ്ങളുടെയും ടി.ഡി.എസ്., ടി.സി.എസ്. എന്നിവയിൽനിന്നും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2020 ഫെബ്രുവരിവരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2020 മാർച്ച് വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങൾക്കുമേലുള്ള നിയന്ത്രണം

7 (*187) ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകുന്ന ഉയർന്ന പലിശ നിരക്ക് കുറയ്ക്കുന്ന സാഹചര്യമുണ്ടാകുമോ;

(ബി) നിലവിൽ സഹകരണ സംഘങ്ങൾ സ്ഥിരനിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരള ബാങ്കിന് റിസർവ് ബാങ്ക് ലൈസൻസ് ലഭിക്കുന്നതിലൂടെ അതിലെ ഘടകമായ പ്രാഥമിക സഹകരണ സംഘങ്ങളിലും റിസർവ് ബാങ്കിന്റെ നിയന്ത്രണം ഉണ്ടാകുവാൻ സാധ്യതയുണ്ടോ;

(ഡി) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമിക സംഘങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടാകുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശ നിർണ്ണയിക്കുന്നത് പലിശ നിർണ്ണയ ഉപസമിതിയുടെ തീരുമാനപ്രകാരമാണ്. ടി പലിശ കുറയ്ക്കുന്ന സാഹചര്യം നിലവിലില്ല.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 40/2019 നമ്പർ സർക്കുലർ പ്രകാരമുള്ള പലിശ നിരക്കാണ് ബാധകമായിട്ടുള്ളത്. നിലവിൽ സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന പലിശ നിരക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	നിക്ഷേപങ്ങളുടെ കാലാവധി	പലിശനിരക്ക്
1	15 ദിവസം മുതൽ 45 ദിവസം വരെ	5.75
2	46 ദിവസം മുതൽ 90 ദിവസം വരെ	6.25
3	91 ദിവസം മുതൽ 179 ദിവസം വരെ	6.75
4	180 ദിവസം മുതൽ 364 ദിവസം വരെ	7.25
5	1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ	7.75
6	2 വർഷവും അതിന് മുകളിലും	7.50

എന്നാൽ 2020 ജനുവരി മുതൽ ഫെബ്രുവരി 29 വരെ സഹകരണ വകുപ്പ് നിക്ഷേപ സമാഹരണം സംഘടിപ്പിക്കുന്നതിനാൽ 180 ദിവസം മുതൽ 364 ദിവസം വരെയുള്ള നിക്ഷേപത്തിന് മാത്രം 7.5% പലിശനിരക്കും നൽകി വരുന്നുണ്ട്.

(സി) RBI ലൈസൻസ് ലഭിച്ച ബാങ്കുകൾക്ക് മാത്രമെ RBI-യുടെ നിയന്ത്രണം ഉള്ളൂ. കേരള സംസ്ഥാന സഹകരണ ബാങ്കിന് 1976 മുതൽ RBI ലൈസൻസും നിയന്ത്രണവും ഉണ്ട്. PACS-കളിന്മേൽ RBI നിയന്ത്രണം ഇല്ലാത്തതിനാൽ നിലവിലുള്ള സ്ഥിതിയിൽനിന്നും യാതൊരു മാറ്റവും സംഭവിക്കുന്നില്ല.

(ഡി) RBI-യുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചപ്പോൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ പാടില്ലെന്ന് RBI നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം പുതുതായി തുടങ്ങുന്ന സംഘങ്ങൾക്ക് ബാങ്ക് എന്ന് പേരിനോടൊപ്പം ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കയർ വ്യവസായരംഗത്തെ രണ്ടാം പുനഃസംഘടന

8 (*188) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കയർ ഉൽപാദനത്തിൽ മൂന്നു മടങ്ങോളം വർദ്ധനവ് സൃഷ്ടിക്കാൻ സാധിക്കുന്ന തരത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് തകർന്നടിഞ്ഞിരുന്നതായി ആക്ഷേപമുള്ള കയർ വ്യവസായരംഗത്ത് ആധുനീകരണത്തിലൂടെ പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരെ സംരക്ഷിച്ചുകൊണ്ട് നടത്തിയ രണ്ടാം പുനഃസംഘടനയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണി വിപുലീകരിക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർ മേഖലയുടെ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ

ആധുനികവൽക്കരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള സമ്പൂർണ്ണ യന്ത്രവത്കരണം, ഉൽപ്പന്ന മേഖലയിലെ ആധുനികവൽക്കരണം എന്നിവ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനപ്പെട്ടവയാണ്.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടി പുരോഗമിക്കുന്നു. ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 134 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് തുടങ്ങിയിട്ടുണ്ട്. 31-3-2020-ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) കയർ മേഖല സമ്പൂർണ്ണ യന്ത്രവത്കരണത്തിലൂടെ ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവത്കരണവും ആധുനികവത്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരു വിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നേറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരുഭാഗം (110 രൂപ) പ്രതിദിന വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക്

സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം കയർ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയാക്കി 1-1-2019 മുതൽ ഉയർത്തിയിട്ടുണ്ട്. കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.

4. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡിയും (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ഡീ-ഫൈബറിംഗ് മില്ലുകൾക്ക് 25 ലക്ഷം രൂപവരെയും നൽകിവരുന്നു.

5. കയർ വ്യവസായത്തിൽ സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കുന്നു.

6. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

10. കയർ ഭൂവസ്ത്ര വിപണന പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

13. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

14. യന്ത്രവത്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ ഗുണപരമായ മാറ്റമുണ്ടാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.

16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും തന്മൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകവഴി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടും. കയർ രണ്ടാം പുനഃസംഘടന നടപ്പാക്കുന്നത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടാണ്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കയർ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകം ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതു തന്നെയാണ്. ഇതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. പച്ചത്തൊണ്ടിൽനിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന 100 ഡീ-ഫൈബറിംഗ് മില്ലുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വർഷം	ചകിരി ഉൽപ്പാദനം
2015-16	1316.82 ക്വിന്റൽ
2018-19	6674.92 ക്വിന്റൽ
2019-20 ഡിസംബർ വരെ	4350.52

കയർ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള യന്ത്രവത്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡുകൾ, കയർ അകൗസ്റ്റിക്സ് പാനലുകൾ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.

കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ, ചെറുകിട ഉൽപ്പാദക സംഘങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് സഹായകരമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കയർ കേരള 2017 മേളയിൽ നടപ്പിലാക്കിയ കയർ ഭ്രവസ്തു പദ്ധതിവഴി 120 കോടി രൂപയുടെ ഓർഡറുകളാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നേടാൻ കഴിഞ്ഞത്. ഇതിൽ 42 കോടി രൂപയുടെ കയർ ഭ്രവസ്തും നിർമ്മിച്ചുനൽകുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019 മേളയിൽ തൊഴിലുറപ്പ് പദ്ധതിയുമായിച്ചേർന്ന് 100 കോടി രൂപയുടെ കയർ ഭ്രവസ്തു വിപണനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2017-ൽ ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കയർ കാർണിവൽ എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം 10 കോടി രൂപ മൂല്യമുള്ള കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചകിരിച്ചോറിൽനിന്നും തൊണ്ടിൽനിന്നും ബയന്റർലെസ് ബോർഡ് പോലെ മരംകൊണ്ടുള്ള ഉൽപ്പന്നങ്ങൾക്ക് ബദലായി ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ നിർമ്മിക്കുന്നതിന് പൈലറ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണിയെ സഹായിക്കുന്നതിന് കയർഫെഡിനും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നൽകിയിട്ടുള്ള ധനസഹായം ചുവടെ ചേർക്കുന്നു :

വർഷം	കയർഫെഡ് (തുക കോടിയിൽ)	കയർ കോർപ്പറേഷൻ (തുക കോടിയിൽ)
2015-16	11.5	13.5
2016-17	21.38	55.62
2017-18	25.41	23.29
2018-19	29.42	30.0
2019-20 (ഡിസംബർ 31 വരെ)	29.09	10.0

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

9 (*189) ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രവാസി ചിട്ടിയിൽ കൂടുതൽ ആളുകളെ ചേർക്കുന്നതിന് കെ.എസ്.എഫ്.ഇ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രവാസി ചിട്ടി പ്രചരണത്തിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. 'പ്രവാസി ഗ്രാൻഡ് ഡേ' എന്ന പരിപാടി നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 10,000 രൂപയോ അതിന് മുകളിലോ പ്രതിമാസ തവണകളടയ്ക്കുന്ന കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി വരിക്കാർക്ക് കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പ്രീമിയം കെ.എസ്.എഫ്.ഇ. നൽകുന്നതിനുള്ള പദ്ധതിക്ക് 2019 നവംബർ 1 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) പതിനായിരം രൂപയോ അതിന് മുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടയ്ക്കുന്ന വരിക്കാർക്കായി കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ പ്രതിമാസ പ്രീമിയം കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്. കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കേണ്ടത്. കേരള പ്രവാസി ക്ഷേമനിധി ബോർഡിലെ പെൻഷൻ വരിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന വരിക്കാർക്കും ലഭിക്കുന്നതാണ്. 60 വയസ്സ് പ്രായമാകുന്ന മുറയ്ക്ക്, ചുരുങ്ങിയത് 5 വർഷമെങ്കിലും പ്രീമിയം അടച്ചവർക്കാണ് പ്രവാസി ക്ഷേമനിധി ഫണ്ട് ബോർഡ് പെൻഷൻ അനുവദിക്കുന്നത്. ഇപ്പോൾ ഏറ്റവും കുറഞ്ഞ പെൻഷനായി 2,000 രൂപയും കൂടിയ പെൻഷനായി 4,000 രൂപയുമാണ് ബോർഡ് അനുവദിക്കുന്നത്. ഇതുകൂടാതെ പ്രവാസി ക്ഷേമനിധി ഫണ്ട് ബോർഡിന്റെ പദ്ധതി പ്രകാരം കുടുംബ പെൻഷൻ, മരണാനന്തര ആനുകൂല്യങ്ങൾ എന്നിവയുമുണ്ട്.

(സി) ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രവാസികളെ ചിട്ടിയിൽ ചേർക്കുന്നതിനു വേണ്ടി പ്രിന്റ്, ഓൺലൈൻ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണങ്ങൾ, നവമാധ്യമ പ്രചാരണങ്ങൾ, പ്രധാന നഗരങ്ങളിൽ കസ്റ്റമർ കൂട്ടായ്മകൾ കൂടാതെ പ്രവാസി സംഘടനകൾവഴി പ്രവാസികളെ ബന്ധപ്പെടൽ എന്നിവ നടക്കുന്നുണ്ട്.

(ഡി) 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 'പ്രവാസി ഗ്രാന്റ് ഡേ' എന്ന ഒരു പരിപാടി കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ സംഘടിപ്പിച്ചിരുന്നു. ബ്രാഞ്ചിലെത്തുന്ന പ്രവാസികളെ പ്രവാസിച്ചിട്ടിയിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും ചിട്ടിയിൽ ചേർക്കുന്നതിനുമുള്ള സൗകര്യങ്ങൾ ബ്രാഞ്ചിൽ ഒരുക്കിയിരുന്നു.

കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണന പ്രവർത്തനങ്ങൾ

10 (*190) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനപ്രിയമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കയർ മേഖലയിൽ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് കയർ സഹകരണ സംഘങ്ങൾ വഹിക്കുന്ന പങ്ക് പരിഗണിച്ച് അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പ്രദർശനത്തിനും വില്പനയ്ക്കുമായി സർക്കാർ നടത്തിവരുന്ന മേളകൾ ഏതെല്ലാമാണ്;

(ഡി) കയർ വികസന വകുപ്പ് നടത്തിയ അന്താരാഷ്ട്ര സംരംഭമായ 'കയർ കേരള' ഈ മേഖലയിൽ ഉണ്ടാക്കിയ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി, കയർ കാർണിവൽ, ബയന്റർലസ് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ഇവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ. കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രവും കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

കയർ ഉൽപ്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാന്റ് ഔട്ട്ലെറ്റുകളിലൂടെ സംസ്ഥാനത്താകെ 9 തെരഞ്ഞെടുക്കപ്പെട്ട ഹാന്റ്ലൂം പ്രോഡക്ടുകൾ 50% സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു. 2019 കയർ കേരള വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. കൽക്കട്ടയിൽ വച്ച് 2019-ൽ നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽനിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്ടൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിൽ എത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽനിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) എല്ലാ കയർ സഹകരണ സംഘങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽനിന്നും വർക്ക് ഷെഡ്, ടോയ്ലറ്റ്, ഗോഡൗണുകൾ എന്നിവ നിർമ്മിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും ധനസഹായം നൽകിവരുന്നു. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരം യന്ത്രവത്കരണ നടപടികളും സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ സംഘങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ തയ്യാറുള്ള ദുർബ്ബലാവസ്ഥയിലുള്ള കയർ സഹകരണ സംഘങ്ങൾക്കും നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ട്.

താഴെ പറയുന്ന പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.

2. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡി ഡി.എഫ്. മില്ലുകൾക്ക് 25 ലക്ഷം രൂപവരെ നൽകിവരുന്നു.

3. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

4. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

5. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

6. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

7. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

8. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

9. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

10. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

11. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

12. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

13. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.

14. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

കേരളത്തിലെ കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡുവഴി സംഭരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. 2018-19-ൽ 1.57 ലക്ഷം ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. കൂടാതെ ഈ കയറുകളിൽ ഏതെങ്കിലും ഇനം വിൽപ്പന നടത്തുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യങ്ങളിൽ പ്രൈസ് ഫ്ലക്ചുവേഷൻ കമ്മിറ്റി ചേർന്ന് ആവശ്യമായ ഡിസ്കൗണ്ട് നിശ്ചയിച്ചുനൽകുകയും ചെയ്യുന്നു. കയർ വില 1-1-2020 മുതൽ പുതുക്കി നിർണ്ണയിച്ച് 30-12-2019-ൽ ഉത്തരവായിട്ടുണ്ട്.

(സി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പ്രദർശനത്തിലും വിൽപ്പനയ്ക്കുമായി എല്ലാ വർഷവും കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര പ്രദർശന വിപണനമേള സംഘടിപ്പിക്കുന്നു. കയർ ഉൽപ്പന്ന വിപണനത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉൽപ്പന്നങ്ങളുടെ വിപണനമേള കയർ പൊതുമേഖലാ സ്ഥാനപങ്ങൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും പ്രദർശനത്തിനും വിൽപ്പനയ്ക്കുമായി എല്ലാ വർഷവും കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര പ്രദർശന വിപണനമേള സംഘടിപ്പിക്കുന്നു. കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ഒപ്പുവച്ചിരുന്നു. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. കയർ കേരള 2019 വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണ ഉണ്ടായിട്ടുണ്ട്. ഇതിൽ 181 കോടി രൂപ ആഭ്യന്തര വിപണിയിൽനിന്നും 218 കോടി രൂപ കയറ്റുമതിവഴി വിദേശ വിപണിയിൽനിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയർ കേരളവഴി കയർ കോർപ്പറേഷന് 167.50 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 47 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകഴിഞ്ഞു. കയർ കേരളയുമായി ബന്ധപ്പെട്ട് 40 ലക്ഷം രൂപയുടെ കയറും കയർ ഉൽപ്പന്നങ്ങളും കയർഫെഡ് വിൽപ്പന നടത്തിയിട്ടുണ്ട്.

ഹൈഡൽ ടൂറിസം പദ്ധതി

11 (*191) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളും അവയോടനുബന്ധിച്ചുള്ള പ്രദേശങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്നവയായതിനാൽ അവ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഡാമുകൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിനോദസഞ്ചാരികളെ ഹൈഡൽ ടൂറിസത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനായി ഡാമുകളോട് ചേർന്ന് പരിസ്ഥിതി സൗഹൃദ പാർക്കുകളും പൂന്തോട്ടങ്ങളും ബോട്ടിംഗും സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ&ബി) ഉണ്ട്. താഴെ പറയുന്ന ഡാമുകൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

1. മാട്ടുപ്പെട്ടി
2. കുണ്ടള
3. മൂന്നാർ ഹെഡ് വർക്സ്
4. ആനയിറങ്കൽ
5. കല്ലാർകുട്ടി
6. ശെങ്കുളം
7. ഇടുക്കി
8. പൊന്മുടി
9. ബാണാസുരസാഗർ, വയനാട്
10. ആഢ്യൻപാറ
11. കക്കയം
12. ലോവർ മീൻമുട്ടി

(സി) കേരള ഹൈഡൽ ടൂറിസത്തിന്റെ വിവിധ സെന്ററുകളിൽ പ്രകൃതിയോട് ഇണങ്ങിച്ചേരുന്ന തരത്തിൽ പരിസ്ഥിതി സൗഹൃദ പാർക്കുകളും പൂന്തോട്ടങ്ങളും ബോട്ടിംഗും വിനോദസഞ്ചാരികൾക്കായി സജ്ജീകരിച്ചിട്ടുണ്ട്.

നെൽകൃഷി പ്രോത്സാഹനത്തിന് സഹകരണ മേഖലയുടെ സഹായങ്ങൾ

12 (*192) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽ കർഷകരെ സഹായിക്കുന്നതിനുമായി സഹകരണ മേഖല എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നുണ്ടോ; ഈ സ്ഥാപനങ്ങൾ നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ടോ;

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാർഷിക സ്വർണ്ണപ്പണയ വായ്പകൾ ദേശസാത്കൃത ബാങ്കുകൾ വിതരണം ചെയ്യുന്നതുപോലെ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>):

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകർഷകര സഹായിക്കുതിനുമായി സഹകരണ വകുപ്പ് പദ്ധതിയിനത്തിൽ ചുവടെ പറയുംപ്രകാരം സ്കീമുകൾ നടപ്പിലാക്കിവരുന്നു.

സഹകരണ വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം സബ്വെൻഷൻ കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി സർക്കാർ നൽകുന്നതുവഴി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകിവരുന്നു.

കൂടാതെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നെൽകർഷകർക്കും കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ചുവടെ പറയുംപ്രകാരമുള്ള പദ്ധതി ധനസഹായവും സർക്കാർ നൽകിവരുന്നു.

- സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപവരെ പ്രോത്സാഹന സഹായം നൽകുന്നതിന് പദ്ധതിയുണ്ട്.

- കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25,000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകുന്നതിന് പദ്ധതിയുണ്ട്.

- സഹകരണ സംഘത്തിന് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകിവരുന്നുണ്ട്.

- നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ചുനൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.

- നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം ഗ്രൂപ്പ് ഒന്നിന് 1000 രൂപയും ഓഹരി മൂലധനവും നൽകിവരുന്നുണ്ട്.

കാർഷിക വായ്പാ സംഘങ്ങളുടെ ഉപനിബന്ധന പ്രകാരമുള്ള അപേക്ഷകൾ അംഗങ്ങളിൽനിന്നും ലഭ്യമാക്കി ആയതിന്മേലാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത്. കൂടാതെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സമർപ്പിക്കുന്ന അനുയോജ്യമായ പ്രൊപ്പോസലുകൾ/പ്രോജക്ടുകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ബഡ്ജറ്റ് തുകയ്ക്ക് വിധേയമായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നത്.

കൂടാതെ പാലക്കാട് ജില്ലയിലെ നെൽക്കർഷകരെ സഹായിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി 'പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.1449(PAPCOS)' എന്ന പേരിൽ സഹകരണ സംഘം രൂപീകരിക്കുകയും സംഘത്തിന്റെ കീഴിൽ നെല്ല് സംഭരണം, സംസ്കരണം എന്നിവയ്ക്കായി ആധുനിക രീതിയിലുള്ള റൈസ്മിൽ, സൈലോകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരികയുമാണ്. ടി മില്ലിന്റെ നിർമ്മാണത്തിനായി പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര 1 വില്ലേജിൽ 27.66 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി

സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി ആയതിൽ നെല്ലുൾപ്പെടെ കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ-യ്ക്ക് വേണ്ടി കേരള സംസ്ഥാന സഹകരണ ബാങ്ക് പാലക്കാട് മുഖാന്തരം 764.69 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. കൂടാതെ നെൽകർഷകർക്ക് പലിശ രഹിത വായ്പ, കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ, സബ്സിഡി നിരക്കിൽ രാസവളം, കീടനാശിനി, കർഷക സേവന കേന്ദ്രങ്ങൾ മുഖേന കാർഷിക ഉപകരണങ്ങൾ, ട്രാക്ടർ, മറ്റ് ഉപകരണങ്ങൾ എന്നിവ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുക എന്നീ സേവനങ്ങൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശ രഹിത വായ്പ നൽകുന്നുണ്ട്. ടി പദ്ധതിപ്രകാരം നൽകുന്ന വായ്പകൾ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കർഷകരെ നെൽകൃഷിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് വായ്പകൾ നൽകുന്നത്. കൂടാതെ കൃഷിക്കാവശ്യമായ വളം, കീടനാശിനി എന്നിവയും നൽകിവരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള തരിശ്ശു നിലങ്ങൾ വാടകയ്ക്കെടുത്തും പാടങ്ങൾ പാട്ടത്തിനെടുത്തും കൃഷി വകുപ്പുമായി സഹകരിച്ച് നെൽകൃഷി നടത്തുന്നുണ്ട്. അതോടൊപ്പം കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുകയും ചെയ്യുന്നു. കാർഷിക മേഖലയിലെ വിദഗ്ധരും പരിചയ സമ്പന്നരായ വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് പാടശേഖര കമ്മിറ്റികളിൽ ഉൾപ്പെട്ട കർഷകർക്ക് കൃഷി സംബന്ധമായ സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു.

(ഡി) നബാർഡ് മുഖേന ലഭിക്കുന്ന റീ-ഫിനാൻസ് വായ്പയാണ് കാർഷിക വായ്പയായി നൽകുന്നത്. ഇത് വായ്പാ തുകയുടെ 40% മാത്രമാണ്. ബാക്കി 60% സഹകരണ ബാങ്കുകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാലും സംസ്ഥാനത്ത് മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കുറഞ്ഞ നിരക്കിൽ സ്വർണ്ണപ്പണയ

കാർഷിക വായ്പ നൽകുന്നുണ്ട്. കാർഷിക വായ്പകൾ കൃഷി ആവശ്യത്തിന് മാത്രമായി ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളുടെ അളവിൽ സ്വർണ്ണപ്പണയ കാർഷിക വായ്പ നൽകാൻ സഹകരണ ബാങ്കുകൾക്ക് കഴിയുന്നില്ല. Loan to Value Ratio (LTV) 75%-ൽ അധികരിക്കാൻ പാടില്ല എന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

13 (*193) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കഴിഞ്ഞ വർഷത്തെ നഷ്ടത്തേക്കാൾ കൂടിയ തുക വൻകിടക്കാരിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെ ഈ തുക കർശനമായി പിരിച്ചെടുക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ നഷ്ടം 290 കോടി രൂപയാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് 31-12-2019 വരെ വൻകിട ഉപഭോക്താക്കളിൽ (എച്ച്.റ്റി.) നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 904.22 കോടി രൂപയാണ്. ഇതിൽ 383.41 കോടിരൂപ വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് വിവിധ കോടതികളിലും ഫോറങ്ങളിലുമായി നിലനിൽക്കുന്നവയാണ്. അതിന്റെ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. 31-12-2019 വരെയുള്ള കുടിശ്ശികയുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വൈ-ദ്യുതി ചാർജ്ജ് കുടിശ്ശിക വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് കാരണമാകുന്നില്ല. ഓരോ സാമ്പത്തിക വർഷവും ചെലവിന് ആനുപാതികമായി വരുമാനത്തിലുണ്ടാകുന്ന കുറവിന്റെ ഒരു ഭാഗം മാത്രമാണ് വൈദ്യുത നിരക്ക് വർദ്ധനവായി ഉപഭോക്താവിൽനിന്നും പിരിച്ചെടുക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്തെ വൻകിട ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം വൈദ്യുതി വിഛേദിക്കൽ/ഒറ്റത്തവണ തീർപ്പാക്കൽ/വൈദ്യുതി അദാലത്ത് എന്നിവയുൾപ്പെടെയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിക്ക് നടപടി

14 (*194) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ആൻസലൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ സമഗ്രപുരോഗതിയും കൈത്തറി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും കൈത്തറി വിപണി വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്;

(സി) കൈത്തറി സഹകരണസംഘങ്ങളെ ശാക്തീകരിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കൈത്തറി മേഖലയിലെ തൊഴിൽ വൈദഗ്ധ്യം, അറിവ്, സാങ്കേതികത എന്നിവ മെച്ചപ്പെടുത്തുന്നതിനും കൈത്തറി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തുതറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിപ്പിച്ചിരുന്നുള്ളൂ. മാത്രവുമല്ല, നൂറോ നൂറ്റിഅൻപതോ രൂപ കൂലിയിൽ വർഷത്തിൽ നൂറ് ദിവസത്തിനുതാഴെ മാത്രമായിരുന്ന ജോലി

ലഭ്യമായിരുന്നത്. ഇക്കാരണത്താൽ കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനായി ഈ സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5760 നെയ്ത്ത് തൊഴിലാളികളും 1513 അനുബന്ധത്തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകദേശം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്.

കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിക്കായി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായം, രാസവസ്തുക്കൾ എന്നീ അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യാണ് ബാങ്കുൾവഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിനൂൽ സബ്സിഡിയും ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാണ് ബാങ്കുകൾവഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകിവരുന്നുണ്ട്. കൈത്തറി തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് 18-51 വയസ്സ് വരെയുള്ളവരെ കൺവെർജ്ഡ് എം.ജി.ബി.ബി.വൈ. പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈത്തറി മേഖലയിലേയ്ക്ക് നവസംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി സംരംഭകന് ഏറ്റവും കുറഞ്ഞത് പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം. ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% (പരമാവധി 4 ലക്ഷം രൂപയും) പ്രവർത്തന മൂലധനത്തിന്റെ 30% (പരമാവധി 1,50,000 രൂപയും) സർക്കാർ ഗ്രാന്റായി നൽകിവരുന്നു. സംരംഭകത്വ

അഭിരുചിയുള്ള യുവതീ യുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200-ൽ അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗത മേഖലയിൽ സ്വയംതൊഴിൽ നേടിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സ്വയംതൊഴിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ടി തുകയിൽനിന്നും 5 സംരംഭകർക്കായി 13,65,712 രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. കൈത്തറി മേഖലയുടെ പുരോഗതിക്കും കൈത്തറി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി വാർഷിക വിറ്റുവരവ് 30 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രാഥമിക കൈത്തറി സംഘങ്ങൾ, അപെക്സ് സംഘങ്ങൾ എന്നിവർക്ക് മൂന്നുവർഷത്തെ ശരാശരി വാർഷിക വിറ്റുവരവിന്റെ 10% തുക മാർക്കറ്റിംഗ് ഇൻസെന്റീവ് ആയി നൽകുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ നടത്തിവരുന്നു. അതിൽ 5% തുക സംസ്ഥാന സർക്കാർ വിഹിതമായാണ് നൽകുന്നത്.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്കായി പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഉപഭോക്താക്കളെ ആകർഷിക്കുകയും വിൽപ്പന വർദ്ധിപ്പിക്കുകയും അതിലൂടെ കൈത്തറി മേഖലയെ പരിപോഷിപ്പിക്കുകയും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഉത്സവ കാലങ്ങളിൽ മുൻകൂട്ടി തിരുമാനിച്ച ദിവസങ്ങളിൽ നിശ്ചിത നിരക്കിൽ കിഴിവ് നൽകി കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പന നടത്തിവരുന്നു. ഇപ്രകാരം നടത്തിവരുന്ന വിൽപ്പനയിൽ കിഴിവ് നൽകുന്ന തുക പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന റിബേറ്റ് പദ്ധതി പ്രകാരം സർക്കാർ റീ-ഇമ്പേഴ്സ് ചെയ്തുനൽകുന്നുണ്ട്. 2019-20 വർഷത്തിൽ താഴെ പറയുംപ്രകാരം 20 കോടി രൂപ പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്കായി റിബേറ്റ് പദ്ധതി പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്.

ജില്ല	നൽകിയ തുക
തിരുവനന്തപുരം	507079
കൊല്ലം	762263
കോട്ടയം	56940

ഇടുക്കി	68171
എറണാകുളം	11151853
തൃശ്ശൂർ	8299654
പാലക്കാട്	6678257
കോഴിക്കോട്	6767481
വയനാട്	397918
കണ്ണൂർ	27075139
കാസർഗോഡ്	4157991
ഹാൻവീവ്	73900185
ഹാന്റക്സ്	60177069
ആകെ	200000000

പ്രാഥമിക സഹകരണ സംഘങ്ങളുടെ വർക്ക്ഷെഡ് നവീകരണത്തിനായി ഒരു സംഘത്തിന് പരാവധി 4 ലക്ഷം രൂപയും നെയ്ത്തുകാർക്ക് വീടിനോടനു ബന്ധിച്ചുള്ള വ്യക്തിഗത പണിശാല നവീകരണത്തിന് ഒരു നെയ്ത്തുകാരന് പരമാവധി 20,000 രൂപയും അനുവദിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഒരു സംഘത്തിന് പരമാവധി 3 ലക്ഷം രൂപ അനുവദിച്ചുനൽകുന്നു. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വനിതാ നെയ്ത്തുകാർക്ക് റെസ്റ്റ് റൂം, സ്റ്റോറേജ് ഫെസിലിറ്റി, ടോയ്ലറ്റ് സൗകര്യം എന്നിവയ്ക്കായി ഗ്രാന്റ് അനുവദിച്ച് നൽകുന്നുണ്ട്. പുതിയ റെസ്റ്റ് റൂം നിർമ്മാണത്തിനും അതിനോടനുബന്ധിച്ചുള്ള സ്റ്റോറേജ് ഫെസിലിറ്റിക്കും 3.5 ലക്ഷം രൂപയും ടോയ്ലറ്റ് മെയിന്റനൻസിനായി 50,000/- രൂപയും ചേർത്ത് പരമാവധി 4 ലക്ഷം രൂപയാണ് ഒരു ഫാക്ടറി ടൈപ്പ് സംഘത്തിന് അനുവദിച്ച് നൽകുന്നത്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കലാപരമായ കൈത്തറി പരമ്പരാഗത കരവിരുത് പ്രയോജനപ്പെടുത്തി നൂതനവും ആകർഷണീയവും മൂല്യവർദ്ധനവോടുകൂടിയതുമായ കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വിദഗ്ധ നെയ്ത്തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുകയും കൈത്തറി സഹകരണ സംഘങ്ങളുടെ ഷോറൂം നവീകരണത്തിനുള്ള ധനസഹായം നൽകി വരികയും ചെയ്യുന്നു. കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും വീവേഴ്സ് ഫെസ്റ്റ്/നെയ്ത്തുത്സവം എന്നിവ നടത്തുന്നതിനുള്ള ധനസഹായവും നൽകുന്നുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സ്ഥാപനമായ ഹാന്റക്സ്, പൊതുമേഖലാ സ്ഥാപനമായ ഹാൻവീവ് എന്നിവയ്ക്ക് കൈത്തറി പ്രദർശന വിപണനമേളകളിൽ (സംസ്ഥാനത്തിനകത്തും അന്യ സംസ്ഥാനങ്ങളിലും) പങ്കെടുക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ സംസ്ഥാന പ്രദർശനമേളകളിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ആകെ വിൽപ്പനയുടെ 10% പരമാവധി 10,000 രൂപ എക്സിബിഷൻ ഗ്രാന്റായി നൽകുന്നു. സംസ്ഥാനത്തിനകത്ത് ഓണം, ക്രിസ്തുമസ്, വിഷു എന്നീ സീസണുകളിലും കൂടാതെ പ്രത്യേക അനുമതിയോടുകൂടിയും സംഘടിപ്പിക്കുന്ന പ്രദർശന വിപണനമേളകൾക്കായി ജില്ലാ വ്യവസായ കേന്ദ്രം മുഖേന തുക അനുവദിച്ചുനൽകുന്നുണ്ട്. നാഷണൽ ഹാന്റ്ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്ലൂം എക്സ്പോ, ഇന്റർനാഷണൽ ട്രേഡ് ഫെയർ, മലബാർ ക്രാഫ്റ്റ് മേള എന്നിങ്ങനെയുള്ള ദേശീയ, അന്തർദേശീയ പ്രദർശന വിപണനമേളകളിൽ പങ്കെടുക്കുന്നതിനും സാമ്പത്തിക സഹായം നൽകിവരുന്നു. ഇതുകൂടാതെ വി.ജെ.ടി. ഹാൾ, വികാസ്ഭവൻ എന്നിവിടങ്ങളിൽ പ്രത്യേക പ്രദർശനമേളകൾ സംഘടിപ്പിക്കുന്നതിന് അനുമതിയും ആയതിന് തുകയും എക്സിബിഷൻ ഗ്രാന്റും അനുവദിക്കുന്നുണ്ട്. കൈത്തറി വസ്ത്രങ്ങളുടെ വിദേശ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി വിദേശ വിൽപ്പന/കയറ്റുമതിക്ക് എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) കൈത്തറി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി നെയ്ത്തുകാർക്ക് ഗ്രാണമേന്മയുള്ള നൂൽ, ചായം, രാസവസ്തുക്കൾ എന്നീ അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾവഴി യഥാസമയം ലഭ്യമാക്കുന്നു. ആയതിലേയ്ക്കായി യാൺ സബ്സിഡിയും ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകിവരുന്നു. ഗ്രാണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾവഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകുന്നുണ്ട്.

(ഡി) കൈത്തറി മേഖലയിൽ സാങ്കേതികവിദ്യ ഉയർത്തുന്നതിനും നൂതന സാങ്കേതികവിദ്യകൾ നെയ്ത്തുകാർക്ക് കൈമാറ്റം ചെയ്യുന്നതിനുമായി വിവിധതരം ഉപകരണങ്ങൾ വാങ്ങി നെയ്ത്തുസംഘങ്ങൾക്ക് നൽകുന്നതിന് സർക്കാർ ധനസഹായം നൽകുന്നു. കൈത്തറി വസ്ത്രങ്ങൾ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും കൈത്തറി എന്ന വ്യാജേന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനുംവേണ്ടി 'ഹാന്റ്ലൂം മാർക്ക്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ജി.എസ്.ടി. നഷ്ടപരിഹാര തുക

15 (*195) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം നൽകുവാനുള്ള തുക നൽകാത്തതുമൂലം സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ;

(ബി) ജി.എസ്.ടി. വരുമാനം വർദ്ധിക്കാത്തത് മൂലമാണ് നഷ്ടപരിഹാരത്തുക സമയബന്ധിതമായി കേന്ദ്രം കൈമാറാത്തത് എന്നത് വസ്തുതയാണോ;

(സി) നിലവിൽ എത്ര മാസത്തെ ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശികയാണ് കേന്ദ്രം നൽകുവാനുള്ളത്; ഇത് എത്ര കോടി രൂപ വരും; വ്യക്തമാക്കുമോ;

(ഡി) 2019-ൽ ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് നൽകിയത്; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം നൽകുവാനുള്ള തുക നൽകാത്തത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് ഒരു കാരണമായിട്ടുണ്ട്.

(ബി) GST കോമ്പൻസേഷൻ സെസ്സ് വഴി സ്വരൂപിക്കുന്ന compensation fund-ലെ അപര്യാപ്തതയാണ് ഇതിനുള്ള കാരണമായി 38-ഉം 39-ഉം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ കേന്ദ്ര പ്രതിനിധികൾ സൂചിപ്പിച്ചിട്ടുള്ളത്.

(സി) ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈ മാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപയാണ് കേന്ദ്രം നൽകാനുള്ളത്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 1411 കോടി രൂപ വരും എന്നാണ് കരുതുന്നത്.

(ഡി) 2019-20 സാമ്പത്തിക വർഷം ജി.എസ്.ടി. കോമ്പൻസേഷനായി 30-09-2019 വരെ 3743 കോടി രൂപ ലഭിച്ചിട്ടുണ്ട്.

ഊർജ്ജ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

16 (*196) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. വി. അൻവർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഗ്രാമീണ മേഖലയിലെ വൈദ്യുതി വിതരണ ശൃംഖല കാര്യക്ഷമ മാക്കുന്നതിനും ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനും ആവിഷ്കരിച്ച ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം എത്ര കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രളയത്തിൽ വൈദ്യുതി കണക്ഷൻ തകരാറിലായ വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സൗഭാഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) നഗര പ്രദേശങ്ങളിലെ പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.), സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.) എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ചു.

ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള State level Standing Committee, ഡി.ഡി.യു.ജി.ജെ.വൈ.-യുടെ പ്രവർത്തനങ്ങളെയും പവർ സെക്രട്ടറി ചെയർമാനായിട്ടുള്ള State level Distribution Reforms Committee, ഐ.പി.ഡി.എസ്. പ്രവൃത്തികളുടെ പുരോഗതിയും അവലോകനം ചെയ്യാറുണ്ട്. പ്രവർത്തന പുരോഗതിക്ക് തടസ്സമാകുന്ന പ്രതിസന്ധികൾക്ക് യുക്തമായ തീരുമാനങ്ങൾ എടുത്ത്, പുരോഗതി വർദ്ധിപ്പിക്കുന്നതിന് അവലോകന യോഗങ്ങൾ മുഖ്യ പങ്ക് വഹിച്ചു. ജില്ലാ തലങ്ങളിൽ അതാത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, ജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റികൾ യോഗങ്ങൾ നടത്തുകയും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ NLDC-യുടെ പവർ സിസ്റ്റം ഡവലപ്മെന്റ് ഫണ്ട് (PSDF) ഉപയോഗപ്പെടുത്തി ഏകദേശം 726.86 കോടി രൂപയുടെ ജോലികൾ പുരോഗമിക്കുന്നു. ഇതിൽ 581.8 കോടി രൂപ PSDF ഫണ്ടിൽനിന്നും ഗ്രാന്റായി ലഭിക്കുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. ഏറനാട് പാക്കേജ് എന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ (അടങ്കൽ തുക 371.03 കോടി രൂപ) ഉൾപ്പെടുത്തി മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിൽനിന്നും അരീക്കോട്ടേയ്ക്ക് വലിക്കുന്ന 400 കെ.വി. ലൈനും മാടക്കത്തറ മുതൽ നല്ലളം വരെ നിർമ്മിക്കുന്ന 220 കെ.വി. ലൈനും മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് എന്ന നൂതന സംവിധാനം ഉപയോഗിച്ചാണ് 333.93 കോടിയുടെ PSDF ഫണ്ടിംഗ് മുഖേന ചെയ്തുവരുന്നത്.

2. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുന്ന 89.13 കോടി അടങ്കൽ തുകയുള്ള NRHTLS പാക്കേജിൽ കക്കയം മുതൽ നല്ലളം വരെയുള്ള 110 കെ.വി. സർക്യൂട്ട് ഉയർന്ന ശേഷിയുള്ള HTLS കണ്ടക്ടർ ഉപയോഗിച്ച് മാറ്റുന്ന പ്രവൃത്തി PSDF ഗ്രാന്റുപയോഗിച്ച് പൂർത്തിയാക്കിക്കഴിഞ്ഞു. നല്ലളം മുതൽ കൊയിലാണ്ടി വരെയുള്ള 110 കെ.വി. സർക്യൂട്ടും HTLS കണ്ടക്ടർ ഉപയോഗിച്ച് ഡബിൾ സർക്യൂട്ടായി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി PSDF-ൽ ഉൾപ്പെടുത്തി നടന്നുവരുന്നു. 66.85 കോടി ഗ്രാന്റായി ലഭിക്കുന്ന ഈ പ്രവൃത്തി 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. 110 കെ.വി.-യും അതിനുമുകളിലുള്ള എല്ലാ സബ്സ്റ്റേഷനുകളെയും ബന്ധിപ്പിച്ച് കമ്മ്യൂണിക്കേഷൻ നെറ്റ്വർക്ക് രൂപീകരിക്കുന്നതിനും അതുവഴി സിസ്റ്റം സബ്സ്റ്റേഷനുകളെ LD സെന്ററിൽനിന്നും

നിയന്ത്രിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള 147.5273 കോടി രൂപ ചെലവ് വരുന്ന 'റിലയബിൾ കമ്മ്യൂണിക്കേഷൻ' പ്രോജക്ടിനായി PSDF ഏകദേശം 73.76 കോടി രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. K-FON പ്രോജക്ടുമായി ചേർന്ന് 2022 മെയ് മാസത്തിനുള്ളിൽ പൂർത്തിയാകുന്ന രീതിയിൽ ഈ പദ്ധതിയും നടന്നുവരുന്നു.

4. സബ്സ്റ്റേഷനുകളിലെ പ്രൊട്ടക്ഷൻ സിസ്റ്റത്തിന്റെ റിനോവേഷനും അപ്ഗ്രഡേഷൻ ജോലികളും നടപ്പാക്കുന്നതിന് 91.46 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 81.31 കോടി രൂപ PSDF ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

5. 322 സബ്സ്റ്റേഷനുകളിൽ നടപ്പിലാക്കിവരുന്ന 5.3 കോടിയുടെ ഓട്ടോമാറ്റിക് ഡിമാന്റ് മാനേജ്മെന്റ് സിസ്റ്റം (AGC) പദ്ധതിയുടെ 70% പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി ജോലികൾ അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കും. ഇതിൽ 4.77 കോടി രൂപ PSDF ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

6. സ്വിച്ച് യാർഡ് എക്വിപ്മെന്റ്സിന്റെ റിനോവേഷനും അപ്ഗ്രഡേഷൻ ജോലികളും മേജർ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ ഓട്ടോമാറ്റിക് ജനറേഷൻ കൺട്രോൾ സിസ്റ്റവും (AGC) ഓട്ടോമാറ്റിക് മീറ്റർ റീഡിംഗ് സംവിധാനവും നടപ്പിലാക്കുന്ന 22.43 കോടി രൂപയുടെ പദ്ധതിയിലെ 47% പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി ജോലികൾ അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ 20.18 കോടി രൂപ PSDF ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരവും അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു :

(1) <u>ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി</u>:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫിസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

14 ജില്ലകളിലായുള്ള സർക്കാർ ഓഫീസുകളിൽ ജില്ലയ്ക്കുള്ളിൽ എവിടെയും യഥാക്രമം 2, 3, 5, 10 കിലോവാട്ട് സൗരനിലയം സ്ഥാപിക്കുന്നതിനുള്ള നിരക്ക് മത്സരാധിഷ്ഠിത ടെണ്ടർ മുഖേന തീരുമാനിച്ചിട്ടുണ്ട്. 14 ജില്ലകളിലായി ആകെ 547 സർക്കാർ ഓഫീസുകളിൽ പ്രസ്തുത പദ്ധതി പ്രകാരം സൗരനിലയം സ്ഥാപിക്കുന്നതിനായി അപേക്ഷ ലഭ്യമായിട്ടുണ്ട്. 2020 ഡിസംബർ ആണ് പദ്ധതി പൂർത്തീകരണത്തിനുള്ള അവസാന തീയതിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(2) Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ് ഗ്രിഡ്) കെ.എസ്.ഇ.ബി. എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർപ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്ര സർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

(ബി) ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ 238.63 കോടി രൂപ ഗ്രാന്റായി ലഭിച്ചു. ആകെ പദ്ധതി തുക 485.37 കോടി രൂപയാണ്. ഇതിൽ 482.96 കോടി രൂപ പദ്ധതി പ്രവൃത്തികൾക്കും 2.41 കോടി രൂപ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിക്കുള്ള തുകയുമാണ്. പദ്ധതി തുകയുടെ (482.96 കോടി രൂപ) 60%-ഉം പ്രോജക്ട് മാനേജ്മെന്റ് ഏജൻസിക്കുള്ള തുകയും ഗ്രാന്റായി ലഭിക്കുന്നു. നാല് ഗഡുക്കളായാണ് തുക ലഭിക്കുന്നത്. 3 ഗഡുക്കൾ ലഭിച്ചു.

(സി) സൗഭാഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 2018-ലെ പ്രളയത്തിൽ വൈദ്യുതി കണക്ഷൻ നഷ്ടപ്പെട്ട 3,19,171 വീടുകളിൽ മീറ്റർ, ഫ്യൂസ്, സർക്യൂട്ട് ബ്രേക്കർ മുതലായവ സ്ഥാപിച്ച് പുനർ വൈദ്യുതി കണക്ഷനുകൾ നൽകി.

(ഡി) സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. 25 ഇലക്ട്രിക്കൽ സർക്കിൾ സ്കീമുകളാണ് ഉള്ളത്. ഈ പദ്ധതി പ്രകാരം 592.07 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. നഗരപ്രദേശങ്ങളിലെ ഊർജ്ജ പ്രസരണ വിതരണ സംവിധാനം

ശക്തിപ്പെടുത്തുന്നതിന് വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിൽ സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതി നടപ്പിലാക്കിവരുന്നു. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പുരോഗമിച്ചുവരുന്നു.

ഉദയ് പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാനം എന്ന നിലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിൽ സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള 3.2 ലക്ഷം ഉപഭോക്താക്കൾക്ക് (6 കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും) ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഇതുപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻവേണ്ടി കമ്പനിയെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) നടപ്പിലാക്കുന്നതിലൂടെ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. കെ.എസ.ഇ.ബി.എൽ.-ന്റെ ഐ.ടി. വിഭാഗത്തിനെ പദ്ധതി നടത്തിപ്പിനുവേണ്ടി നിയോഗിച്ചു. 2020 ഓഗസ്റ്റ് മാസത്തോടുകൂടി പദ്ധതി പൂർത്തീകരണത്തിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (RT-DAS) നടപ്പിലാക്കി ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള സബ്സ്റ്റേഷൻ ഫീഡറുകളുടെ സ്ഥിതി തൽസമയം നിരീക്ഷിച്ച് വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണത്തിനുവേണ്ടിയുള്ള കമ്പനിയെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

17 (*197) ശ്രീ. കെ. ആൻസലൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ആകെയെടുത്താൽ നഷ്ടത്തിലായിരുന്ന സ്ഥാനത്ത് ഇപ്പോൾ ആകെ പ്രവർത്തന ലാഭം നേടാനായിട്ടുണ്ടോ; ആകെ വിറ്റുവരവിൽ എത്ര നേട്ടം കൈവരിക്കാനായി; എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; തത്ഫലമായി എത്ര സ്ഥാപനങ്ങൾ ലാഭത്തിലാകുകയോ നഷ്ടം കുറയ്ക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഭാവി വാഹനമായ ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് പ്രാപ്തി നേടാൻ കേരള ഓട്ടോമൊബൈൽസിന് സാധ്യമായിട്ടുണ്ടോ; 'നീം ജി' ആവശ്യാനുസരണം നിർമ്മിക്കാൻ കഴിയുന്ന വിധത്തിൽ സ്ഥാപനത്തെ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്. മുൻ സർക്കാരിന്റെ കാലയളവിൽ (2015-16-ൽ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2799.72 കോടി രൂപയും മൊത്തം നഷ്ടം 121.18 കോടി രൂപയുമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19-ലെ കണക്കുകൾ പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 3442.74 കോടി രൂപയും മൊത്തം പ്രവർത്തന ലാഭം 156 കോടി രൂപയായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
3. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
4. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
5. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
6. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
7. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്
8. ട്രാൻസ്റ്റോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
9. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്
10. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

11. കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

12. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

13. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

14. ദി കേരള സിറാമിക്സ് ലിമിറ്റഡ്

15. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്

16. ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

(ബി) ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽകരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽനിന്നും സർക്കാർ കൂടുതൽ ധനസഹായം നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 14 സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. ഇലക്ട്രിക് ഓട്ടോ പദ്ധതിയുടെ ഭാഗമായി കേരള നീംജി എന്ന പേരിൽ ഇലക്ട്രിക് ഓട്ടോറിക്ഷയുടെ വ്യാവസായിക ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇലക്ട്രിക് മുച്ചക്ര വാഹനം നിർമ്മിക്കുന്നതിനായി ARAI-യുടെ അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനമാണ് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്. കാലപ്പഴക്കമുള്ള പ്ലാന്റിന്റെ നവീകരണത്തിനായി ലഭിച്ച ഏഴുകോടി രൂപ ഉപയോഗപ്പെടുത്തി പ്ലാന്റ് നവീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. മെഷീൻ ഷോപ്പിന്റെ നവീകരണപ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. ഇ-ഓട്ടോയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണം വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ

18 (*198) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-മൊബിലിറ്റി പ്രചരിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നതെന്നും അതിന് മാനദണ്ഡമാക്കുന്ന ദൂരപരിധിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പങ്കാളിത്ത യാത്രകളും (Shared Mobility), അന്തരീക്ഷ മലിനമുക്ത ഗതാഗതവുമെല്ലാം പ്രോത്സാഹിപ്പിച്ച് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിവിധ ഘടകങ്ങളുടെ നിർമ്മിതിക്കുള്ള ഒരു അനുയോജ്യ ഇടം സൃഷ്ടിക്കുന്നതിനും ഉതകുന്ന സംരംഭമെന്ന നിലയിൽ 'ഇലക്ട്രിക് മൊബിലിറ്റി'യെ കണ്ടുകൊണ്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച ഇ-മൊബിലിറ്റി നയപ്രകാരം 2022 ആകുമ്പോഴേയ്ക്കും കേരളത്തിൽ 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിൽ ഇറക്കാനാണ് ലക്ഷ്യമിടുന്നത്. ആവശ്യമായ വൈദ്യുതിയുടെ ലഭ്യത, മതിയായ ചാർജ്ജിംഗ് സ്റ്റേഷനുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള തന്ത്രപരമായ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഈ നയം ഊന്നൽ നൽകുന്നു. കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുകവഴി താൽപ്പര്യമുള്ള സ്വകാര്യ വ്യക്തികളെയും സംരംഭകരെയും കമ്പനികളെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളികളാകാൻ ഈ പദ്ധതിയിലേയ്ക്ക് ക്ഷണിക്കുകയാണ്. സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ്

സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആകർഷകമായ താഴ്ന്ന നിരക്കിലാണ് (യൂണിറ്റിന് 5 രൂപ) ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചുനൽകിയിരിക്കുന്ന വൈദ്യുതി താരിഫ്.

കെ.എസ്.ഇ.ബി.എൽ.-ന്റെ കോർപ്പറേറ്റ് ഓഫീസിലെയും 'ഫീൽഡ് ഓഫീസുകളിലെയും വാടക വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും ഘട്ടം ഘട്ടമായി ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറ്റാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 'ഇ-മൊബിലിറ്റി' അതിന്റെ പ്രാരംഭ ഘട്ടത്തിലാണെങ്കിലും ഉയർന്നവരുന്ന ആവശ്യകതയും പരിസ്ഥിതി സംരക്ഷണവും കണക്കിലെടുത്ത് ഈ മേഖലയിൽ ഒരു മുന്നേറ്റം സാധ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പ്രതിജ്ഞാബദ്ധമാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്ന ചുമതലയും ബോർഡിനാണ്.

(ബി) ഉണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വൈദ്യുതി ബോർഡിനെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യ ഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താൽപ്പര്യപത്രം (EoI) വിളിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അനുയോജ്യരായ ഇംപ്ലിമെന്റിംഗ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു. കൂടാതെ 6 കോർപ്പറേഷനുകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഭൂമിയിൽ ഡി.സി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു.

ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരത്തും മറ്റ് ജില്ലകളിലും ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള EoI വിളിച്ചിട്ടുണ്ട്. ആറ് കോർപ്പറേഷനുകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്തും മറ്റ് ജില്ലകളിലുമായി 32 പൊതുചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ, ദേശീയപാതകളിൽ ഓരോ 25 കിലോമീറ്ററിലും നഗരങ്ങളിൽ 5km x 5km ഗ്രിഡുകൾ എന്ന കണക്കിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ 'വൺ മില്യൺ പ്ലസ്' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ഉം അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 4 നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷൻ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ. നൽകിയിട്ടുണ്ട്.

വ്യവസായ സൗഹൃദ സംസ്ഥാനം

19 (*199) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. സി. കമറുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ റാങ്കിംഗിൽ 21-ാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്തെ മുൻനിരയിൽ എത്തിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണ്;

(ബി) കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിൽ എത്ര വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) രാജ്യത്തെ വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളത്തെ മുൻനിരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനു വേണ്ടി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺ ലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട്, 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക്

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുകവഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും. 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായത് നിക്ഷേപ സമൂഹത്തിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

(ബി) കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിൽ ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത് ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താൽപ്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകളിലെ പദ്ധതികൾ പ്രാവർത്തികമാക്കുന്നത് സൂക്ഷ്മമായി നിരീക്ഷിക്കുവാൻ സർക്കാർ 4-2-2020-ലെ G.O.(Rt)No.105/2020/ID പ്രകാരം നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും കെ.എസ്.ഐ.ഡി.സി.-യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം പദ്ധതി

20 (*200) ശ്രീ. വി. ജോയി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രദേശവാസികളിലേക്ക് വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ എത്തിക്കുന്ന രീതിയിൽ ആവിഷ്കരിച്ചിട്ടുള്ളതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ എത്രപേർക്ക് പ്രയോജനം ലഭ്യമാകുന്നുവെന്നതിന്റെ കണക്ക് നൽകാമോ; എത്ര ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പദ്ധതി വിപുലപ്പെടുത്തുന്നതിനായി സർക്കാർ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഉത്തരവാദിത്ത ടൂറിസം രംഗത്തെ പ്രവർത്തനത്തിന് എന്തൊക്കെ അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്;

(സി) വിനോദസഞ്ചാരകേന്ദ്രങ്ങളുടെ ശുചിത്വവും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) രണ്ട് വർഷക്കാലത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്തരവാദിത്ത ടൂറിസം എന്ന ആശയം പ്രചരിപ്പിക്കുവാനും അതിന്റെ ഭാഗമായി യൂണിറ്റുകളുടെ എണ്ണത്തിൽ കുതിച്ചുകയറ്റം നടത്താനും മിഷന് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടുകിടക്കുന്ന വ്യത്യസ്തങ്ങളായ 17008 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ആർ.ടി. മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ആകെ 92980 ആളുകൾ വിനോദസഞ്ചാരമേഖലയുടെ ഗുണഭോക്താക്കളായി മാറുകയും വരുമാനം ലഭിക്കുകയും ചെയ്യുന്നു.

(ബി) അവബോധ ശിൽപ്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റുകളുടെ രൂപീകരണം, യൂണിറ്റുകളെ ടൂറിസം വ്യവസായവുമായി നെറ്റ്വർക്ക് ചെയ്യുക, അതുവഴി പ്രാദേശിക വരുമാനം ഉറപ്പാക്കുക, പ്രാദേശിക ടൂർ പാക്കേജുകൾ കണ്ടെത്തി വികസിപ്പിക്കുകയും അവ മാർക്കറ്റ് ചെയ്യുകയും ചെയ്യുക, ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' പദ്ധതി, പാരിസ്ഥിതിക മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള ക്ലീൻ കേരള പദ്ധതി, ഉത്സവകാല ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നാട്ടിൻ പുറങ്ങളിൽ ഓണമുണ്ണാം ഓണസമ്മാനങ്ങൾ വാങ്ങാം, പാതിരാപലഹാരം പദ്ധതികൾ, കേരളത്തിന്റെ തനതുവിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ഉറപ്പുവരുത്തുന്നതിനുമായി എക്സ്പീരിയൻസ് എത്നിക്/ലോക്കൽ കുസിൻ പദ്ധതി

എന്നിങ്ങനെ വിവിധ പദ്ധതികളാണ് ആർ.ടി. മിഷൻ നടപ്പിലാക്കിവരുന്നത്. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനു ശേഷം 4 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ താഴെ പറയുന്ന 7 അവാർഡുകളാണ് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.

1. 2017-ൽ ഡബ്ല്യു.ടി.എം.-ന്റെ ഹൈലി കമെൻഡഡ് അവാർഡ് - കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്.

2. 2018-ലെ 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് - കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ.

3. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018-ലെ 'ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ് - കുമരകം.

4. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ അവാർഡ് 2019 ഫോർ വിമെൻ എംപവർമെന്റ് - ഉത്തരവാദിത്ത ടൂറിസം മിഷന്റെ കുമരകത്തെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ലഭിച്ചു.

5. 2018-ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്സിൽ 'ഔട്ട്സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ.

6. നാഷണൽ ടൂറിസം അവാർഡ് 2015-16-ലെ 'ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് ഇൻ നിഷ് കാറ്റഗറി'യിൽ-കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി.

7. നാഷണൽ ടൂറിസം അവാർഡ് 2016-17-ലെ 'മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട് ഇനിഷ്യേറ്റീവ് എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി.

(സി) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിക്കുന്നു. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൊരു പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

കൂടാതെ ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. <u>ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ</u>

   നിലവിൽ പ്രധാന ടൂറിസം കേന്ദ്രങ്ങൾ സന്ദർശകരെ ആകർഷിക്കുന്ന വിധത്തിൽ ശുചിയായി പരിപാലിക്കുകയാണ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. വിവിധ ജില്ലകളിലെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും ബന്ധപ്പെട്ട കുടുംബശ്രീകളുടെയും ജില്ലാ കോ-ഓർഡിനേഷൻ മിഷന്റെയും സഹകരണത്തോടുകൂടിയാണ് ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി

നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് ടൂറിസം വകുപ്പ് ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾക്ക് നേരിട്ട് നൽകുകയും തുടർന്ന് അവർ മുഖാന്തരം ബന്ധപ്പെട്ട കുടുംബശ്രീകൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. ടി പദ്ധതിക്കായി ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെയുള്ള കാലയളവിലേയ്ക്ക് 6,77,29,500 (ആറ് കോടി 77 ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്) രൂപയുടെ ഭരണാനുമതി ഇതിനകം നൽകിക്കഴിഞ്ഞു. ഒരു വർഷം കാലാവധിയുള്ള ഈ പദ്ധതിയിൽ ഓരോ മാസവും ഒരാൾക്ക് 10,500 രൂപ ശമ്പളവും ഒരു വർഷത്തിൽ 625 രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും 3125 രൂപ രണ്ട് ജോഡി യൂണിഫോം വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്.

2. ഗ്രീൻ കാർപ്പെറ്റ്

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതുസൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്. സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്ലറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ 'ഗ്രീൻ കാർപ്പെറ്റ്' പദ്ധതിയിൽ ഉറപ്പാക്കുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' പദ്ധതിയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ടുതന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കിവരുന്നുണ്ട്.

3. <u>സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, ഇടുക്കി</u>

ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതി കഴിഞ്ഞ 3 വർഷക്കാലമായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. എക്സ് സർവ്വീസ് മെൻ ചാരിറ്റബിൾ ട്രസ്റ്റ് എന്ന ഏജൻസി മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2017-18-ൽ 70,92,500 രൂപയും 2018-19- ൽ 70,20,000 രൂപയും പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ 80,64,000 (എൺപതു ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) രൂപയാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ 12 ടൂറിസം കേന്ദ്രങ്ങളിൽനിന്നും ആഴ്ചയിൽ രണ്ടുതവണ ശേഖരിച്ച് കേന്ദ്രീകൃതമായി തരംതിരിച്ച് അനുയോജ്യമായ രീതിയിലാണ് സംസ്കരിക്കുന്നത്. പ്രതിമാസം പരിശോധന നടത്തി തൃപ്തികരമായി മാലിന്യം നീക്കം ചെയ്തിട്ടുണ്ടെങ്കിൽ 6,72,000 (ആറു ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) വീതം 12 തവണകളായിട്ടാണ് പ്രസ്തുത ഏജൻസിക്ക് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന പണം നൽകുന്നത്.

നിലവിൽ താഴെ പറയുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നാണ് ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. മാട്ടുപ്പെട്ടി
2. മൂന്നാർ
3. രാമക്കൽമേട്
4. വളഞ്ഞങ്ങാനം
5. പരുന്തുംപാറ
6. വാഗമൺ അഡ്വഞ്ചർ പാർക്ക്
7. വാഗമൺ (മൊട്ടക്കുന്ന് & സൈൻവാലി)
8. തൊമ്മൻകുത്ത്
9. പാഞ്ചാലിമേട്
10. ഹിൽവ്യൂ പാർക്ക്
11. ആമപാറ വ്യൂ പോയിന്റ്
12. ഇടുക്കി പാർക്ക്

4. കോവളം വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്

അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കോവളം ബീച്ച് ഡെസ്റ്റിനേഷൻ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ മേഖലയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിഴിഞ്ഞം ഗ്രാമപഞ്ചായത്തുമായി ചേർന്ന് 2005 മുതൽ നടപ്പിലാക്കി വന്നിരുന്നുവെങ്കിലും മാലിന്യ നിക്ഷേപത്തിനുള്ള സ്ഥലം, ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സാങ്കേതിക അഭാവം എന്നിവമൂലം ടി പ്രവർത്തനങ്ങൾ ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖാന്തരം ഇപ്പോൾ വകുപ്പ് നടപ്പിലാക്കിവരുന്നു. 2010 മുതൽ ടി മേഖല കോർപ്പറേഷന്റെ പരിധിയിൽ വന്നതിനാൽ കോർപ്പറേഷന്റെ സഹകരണത്തോടെ പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു.

കോവളം ബീച്ച് മേഖലയിലെ ജൈവ-അജൈവ മാലിന്യങ്ങൾ 'ഇക്കോ പ്രിസർവ്' എന്ന ഏജൻസി മുഖാന്തരമാണ് പ്രധാനമായും സമാഹരിക്കുന്നത്. വെള്ളാർ ജംഗ്ഷൻ മുതൽ ലൈറ്റ് ഹൗസ് ബീച്ച് വരെയുള്ള 3 സ്ക്വയർ കി.മീ. ചുറ്റളവിലുള്ള ഹോട്ടലുകളിൽനിന്നും റെസ്റ്റോറന്റുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യ അവശിഷ്ടങ്ങൾ കോവളം ഡെസ്റ്റിനേഷന് പുറത്ത് ഏജൻസിയുടെ സ്വകാര്യ സ്ഥലത്ത് കൊണ്ടുപോയി വേർതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു.

മേൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തികൾക്കായി 2019-20 സാമ്പത്തിക വർഷം 49,68,000 (നാൽപ്പത്തി ഒൻപത് ലക്ഷത്തി അറുപത്തി എണ്ണായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

5. ഗ്രീൻ ഗ്രാസ്സ് പ്രോജക്ട്

സംസ്ഥാന സർക്കാരിന്റെ 'പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്' എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് 'വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൗൺ ഡെസ്റ്റിനേഷൻ അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2019-20)'. ഇതിൽ ആദ്യ ഘട്ടത്തിൽ 79 തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ഈ ഏജൻസി മുഖേന മാലിന്യങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സംസ്കരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് ഒരു 'തേർഡ് പാർട്ടി ആഡിറ്റിംഗ്' ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവയോൺമെന്റ് സ്റ്റഡീസ് ആണ് ആഡിറ്റ് നടപ്പാക്കുന്നത്. ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കായി 4,79,90,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

6. വേൾഡ് ക്ലാസ്സ് ടോയ്ലറ്റുകളുടെ നിർമ്മാണം

ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ്ലറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വർക്കല ബീച്ച്, പൂക്കോട്, കൊല്ലം ബീച്ച്, ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച് എന്നീ ആറ് കേന്ദ്രങ്ങളിൽ ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനായി 9,26,14,835 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബേക്കൽ ബീച്ച്, കാരാപ്പുഴ ഡാം, ബട്ട് റോഡ് ബീച്ച് പാർക്ക് കോഴിക്കോട്, ശംഖുമുഖം ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, മലമ്പുഴ എന്നിവിടങ്ങളിൽ ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനായി 7,13,72,413 രൂപയുടെ പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കേരളാ ട്രാവൽ മാർട്ട് (കെടിഎം)മായി ചേർന്ന് ക്ലീൻ കേരള ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കുന്നു. ടൂറിസം വ്യവസായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക, തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരംക്ഷണ/സൗഹാർദ്ദ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ.-കൾ എന്നിങ്ങനെ വിവിധ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ 9 കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട 25 ടൂറിസം കേന്ദ്രങ്ങളുടെ സുരക്ഷാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കായിക ക്ഷമതാ മിഷൻ

21 (*201) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും മികച്ച കായികക്ഷമതയും നല്ല ആരോഗ്യവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന കായികക്ഷമതാ മിഷന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്കൂൾ കായികമേളയിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പരിശീലനം നൽകി അവരെ ഭാവി കായികതാരങ്ങളായി വളർത്തിയെടുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പുതിയ സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും നിലവിലുള്ളവയുടെ നിലവാരത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) കായിക പരിശീലനത്തിനായി പുതിയ അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'കായിക ക്ഷമതാ മിഷൻ'.

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.

- നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ
- 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ

പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) സ്കൂൾ തലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് ടീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ്ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.

സ്പാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സുമുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹഡിൽ

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോക നിലവാരത്തിലുള്ള ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹഡിൽ. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ,2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ്

സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

(സി) കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ പത്തനംതിട്ട ജില്ലയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ് ജില്ലയിലെ ചായോത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ മൂന്ന് പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ നിലവിലുള്ള സ്പോർട്സ് സ്കൂളുകളുടെ നിലവാരം സംബന്ധിച്ച് പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം തുടർ/പരിഹാര നടപടികൾ സ്വീകരിക്കാറുമുണ്ട്.

(ഡി) നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരളത്തിലെ കുട്ടികളെ ഷൂട്ടിംഗ് മേഖലയിൽ അന്തർദേശീയ ദേശീയ ചാമ്പ്യന്മാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. അത്‌ലറ്റിക്സ് അക്കാഡമി കണ്ണൂരിൽ ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. അത്‌ലറ്റിക്സ്, വോളീബോൾ, തായ്കൊണ്ടോ, ജൂഡോ, കളരി, ടെന്നീസ് എന്നീ കായികയിനങ്ങളിൽ അക്കാഡമികൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

22 (*202) ശ്രീ. എം. മുകേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജസംരക്ഷണം ഉറപ്പു വരുത്തുന്നതിനും ഊർജ്ജക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വീടുകൾ, വ്യവസായ-വാണിജ്യസ്ഥാപനങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിർമ്മിക്കപ്പെടുന്ന എല്ലാ കെട്ടിടങ്ങൾക്കും ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് (ഇ.സി.ബി.സി.) ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മേൽനോട്ട, നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് എല്ലാ മേഖലകളിലും ഊർജ്ജ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഊർജ്ജസംരക്ഷണം സംബന്ധിച്ചും വൈദ്യുതിയുടെ കാര്യക്ഷമമായ ഉപയോഗം സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഊർജ്ജ ക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം, 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 12 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം നടത്തിവരുന്നു.

- പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 kVA-യ്ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജ സംരക്ഷണ നിയമ പ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- ഊർജ്ജ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തലുള്ള സ്റ്റാർഡേർഡ്സ് & ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

- ഫിലമെന്റ് രഹിത കേരളം പദ്ധതിവഴി കേരളത്തിൽ ഊർജ്ജ ക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുവാൻവേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- ചെറുകിട വ്യവസായ മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു.

- സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

- നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ തെരുവ് വിളക്കുകളെ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയതും ദീർഘനാൾ പ്രവർത്തിക്കുന്നതുമായ എൽ.ഇ.ഡി. അധിഷ്ഠിത തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതികളെ സഹായിക്കുന്നു.

- സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി അനെർട്ടുമായി ചേർന്ന് 22 സ്കൂളുകളിൽ 2kW സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്കൂളിൽ ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി. ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭം ഉണ്ടാക്കുകയും ചെയ്തു.

- സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തുകയും അതിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും 5 സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ സ്ഥാപിക്കുന്നതിന് കേരള ഊർജ്ജ സംരക്ഷണ നിധിയിൽനിന്ന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- ഊർജ്ജ കാര്യക്ഷമത പഞ്ചായത്ത് പരിപാടിയുടെ ഭാഗമായി 14 പഞ്ചായത്തുകളെ ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്.

- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ സർക്കാരിതര സംഘടനകളെയും പൊതുജനങ്ങളെയും സ്കൂൾ വിദ്യാർത്ഥികളെയും വീട്ടമ്മമാരെയും ഉൾപ്പെടുത്തി വിവിധ ഊർജ്ജ സംരക്ഷണ ബോധവൽകരണ പരിപാടികൾ നടത്തിവരുന്നു.

- സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ബോയിലറുകളുടെയും ജനറേറ്ററുകളുടെയും കാർഷിക പമ്പ് സെറ്റുകളുടെയും വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകളുടെയും ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച് പഠനം നടത്തി സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
- കശുവണ്ടി ഫാക്ടറികളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചുവടെ പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

- ഡെൽപ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതി.
- കെ.എസ്.ഇ.ബി.എൽ.-ന്റെ സബ് ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
- വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം.
- ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി.
- സബ് സ്റ്റേഷനുകളിലെ ഊർജ്ജ ഓഡിറ്റിംഗ്.
- എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി എന്ന പദ്ധതി.
- തെരുവ് വിളക്കുകളുടെ ഊർജ്ജ സംരക്ഷണം.
- ഫിലമെന്റ് രഹിത കേരളം.

(ബി) ഉണ്ട്. വീടുകൾ, വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) എല്ലാ കെട്ടിടങ്ങൾക്കും ഈ നിയമം ബാധകമല്ല. സംസ്ഥാനത്ത് പുതിയതായി നിർമ്മിക്കുന്ന 100kW കണക്ടഡ് ലോഡ് ഉള്ളതോ 120 kVA കോൺട്രാക്ട് ഡിമാന്റ് ഉള്ളതോ 500 m^2-ൽ അധികം വിസ്തീർണ്ണത്തിൽ എയർ കണ്ടീഷൻ ചെയ്യുന്നതോ ആയ വാണിജ്യ കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കാലാവസ്ഥയ്ക്കനുസരിച്ച് ഇതിൽ മാറ്റം വരുത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം ഉപയോഗിച്ച് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (G.O.(P)No.3/2017/PD, dated 11 April 2017) പ്രസിദ്ധീകരിക്കുകയും ഇത് നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലന പരിപാടികളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. SRO No. 829/2019 പ്രകാരം പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലും SRO No. 828/2019 പ്രകാരം മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടത്തിലും ഇതുസംബന്ധിച്ച ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(ഡി) മേൽനോട്ട നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT&EHT കൺസ്യൂമേഴ്സ്) ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ. (ആർ.ടി.) നമ്പർ 2/2011/പി.ഡി. തീയതി, 1-1-2011). നിയുക്ത ഉപഭോക്താക്കൾ ഒഴികെ എല്ലാ വൻകിട വൈദ്യുത ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് 45 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഊർജ്ജത്തിന്റെ ദുരുപയോഗം കണ്ടെത്തുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ചിട്ടയായ ഒരു വിലയിരുത്തലാണ് ഊർജ്ജ ഓഡിറ്റ്. ഊർജ്ജോത്പാദനത്തിനും ഫലപ്രദമായ ഉപയോഗത്തിനും ആവശ്യമായ സുപ്രധാന ഘടകങ്ങളെ കൃത്യമായി ക്രമീകരിക്കാൻ ഊർജ്ജ ഓഡിറ്റ്വഴി സാധിക്കുന്നു.

നിയുക്ത ഉപഭോക്താക്കൾ ഒഴികെയുള്ള മറ്റെല്ലാ കേന്ദ്ര, സംസ്ഥാന സഹകരണ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ കെട്ടിടങ്ങൾ എന്നിവയ്ക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ഊർജ്ജ ഓഡിറ്റ് സബ്സിഡി നൽകിവരുന്നു. പരമാവധി 50% അല്ലെങ്കിൽ 50,000 രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്. ചെറുകിട ഊർജ്ജ ഉപഭോക്താക്കളിൽ (LT കൺസ്യൂമേഴ്സ്) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അത്തരം സ്ഥാപനങ്ങളിൽ പ്രാഥമിക ഊർജ്ജ ഓഡിറ്റ് സൗജന്യമായി ചെയ്യുന്നുണ്ട്. ഈ വിഭാഗത്തിൽ കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായമുള്ള സ്ഥാപനങ്ങൾ, ബി.എസ്.എൻ.എൽ. ടെലിഫോൺ എക്സ്ചേഞ്ചുകൾ/കെട്ടിടങ്ങൾ, സഹകരണ മേഖല, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവ ഉൾപ്പെടാം.

(ഇ) ഊർജ്ജ സംരക്ഷണം സംബന്ധിച്ചും വൈദ്യുതിയുടെ കാര്യക്ഷമമായ ഉപയോഗം സംബന്ധിച്ചും പൊതുജനങ്ങൾക്കുള്ള ഊർജ്ജ സംരക്ഷണ ബോധവൽകരണ പരിപാടിയായ ഊർജ്ജ കിരൺ, വീട്ടമ്മമാരിൽ ഊർജ്ജ സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഊർജ്ജ ക്ലിനിക്,

എൻ.ജി.ഒ.-കൾ, ലൈബ്രറികൾ തുടങ്ങിയവയുമായി സഹകരിച്ച് വിവിധ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ എല്ലാ വർഷവും നവംബർ 14 മുതൽ ഡിസംബർ 14 വരെയുള്ള കാലയളവിൽ ഊർജ്ജ സംരക്ഷണ മാസാചരണവും നടത്തിവരുന്നു. കൂടാതെ പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾവഴി പൊതുജന ബോധവൽക്കരണത്തിനായി പരിപാടികൾ നടത്തുകയും പ്രമുഖ ഉത്സവ നഗരികളിൽ ഊർജ്ജ സുരക്ഷ ബോധവൽകരണ പ്രദർശനങ്ങൾ സംഘടിപ്പിച്ചും ലഘുലേഖകൾ അച്ചടിച്ച് വിതരണം നടത്തിയും വിവിധ സുവനീറുകൾ, മാഗസീനുകൾ തുടങ്ങിയവയിൽ പരസ്യം നൽകിയും പ്രചരണം നടത്തിവരുന്നു.

വൈദ്യുതി വിതരണ രംഗത്തെ പ്രവർത്തന പുരോഗതി

23 (*203) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോഡ് ഷെഡിംഗും പവർകട്ടും ഒഴിവാക്കുന്നതിനും സദാസമയം ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനം വിജയകരമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുടങ്ങി കിടന്നിരുന്ന ഇടമൺ കൊച്ചി പവർ ഹൈവേ യാഥാർത്ഥ്യ മാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളും പദ്ധതി കൊണ്ടുള്ള നേട്ടങ്ങളും വിശദമാക്കാമോ; ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ പുഗലൂർ-തൃശ്ശൂർ പ്രസരണ ലൈനിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനുള്ള പ്രവർത്തനത്തിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ലോഡ് ഷെഡ്ഡിംഗും പവർ കട്ടും ഒഴിവാക്കി അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി വൈദ്യുതി ഉൽപ്പാദന പ്രസരണ വിതരണ രംഗത്ത് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. 2021-ഓടുകൂടി കേരളത്തിലെ വൈദ്യുതി

വിതരണ രംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ദ്യുതി 2021, കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുക, കേരളത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുക എന്ന ലക്ഷ്യവുമായി സൗര, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവന ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽക്കണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ എന്ന ഒരു പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ഇതിനുപുറമെ 2015-ാമാണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങികിടന്നിരുന്ന ആകെ 104 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 12.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതികളിൽനിന്നും പ്രതിവർഷം 48.33 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 39.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽനിന്നും 131.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഒട്ടാകെ 193.5 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുത ഉൽപാദനത്തിന് പ്രത്യേക പരിഗണന നൽകിവരുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യ ഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽനിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്ന്

വൈദ്യുതി വാങ്ങുന്നതിനും KSEBL കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. കൂടാതെ അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു;

1. ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗ്രണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

2. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുവരുന്നു.

3. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി. എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്ന ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി.

5. സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയവഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

6. പ്രധാൻമന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ പദ്ധതി: ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്ഗ്രിഡ്) കെ.എസ്.ഇ. ബി.എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന

പമ്പുകൾ പ്രവത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്ര സർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

7. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിന്റ് പവർപ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിന്റ് പവർപ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർപ്ലാന്റിന്റെ ആദ്യ ഘട്ടമായ 1 മെഗാവാട്ട് സോളാർ പവർപ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിന്റ് എനർജി (NIWE)-യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

(ബി) കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കൂടംകുളം ആണവ നിലയത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഭാഗമായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സമരസമിതി ഭാരവാഹികൾ മുതലായവരുമായി വിവിധ തലത്തിൽ ചർച്ചകൾ നടത്തുകയും പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതി പുനരാരംഭിക്കാൻ

തീരുമാനിക്കുകയും ചെയ്തു. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് 256 കോടി രൂപയുടെ അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 25-9-2019-ൽ ലൈൻ ചാർജ്ജ് ചെയ്തു.

ഈ പദ്ധതിമൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാനത്തെ ആദ്യത്തെ 400 കെ.വി. പവർ ഹൈവേ ആയ തിരുനെൽവേലി-കൊച്ചി-തൃശ്ശൂർ-ഉദുമൽപ്പെട്ട് ലൈൻ യാഥാർത്ഥ്യമായി.
2. വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി 400 മെഗാവാട്ട് വർദ്ധിച്ചു.
3. കേന്ദ്ര വിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്താൻ സാധിക്കുന്നു.
4. ഇതുമൂലം ലൈൻ ലഭ്യത ഉറപ്പാവുകയും അറ്റകുറ്റപ്പണി വേണ്ടിവരുമ്പോൾ ദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുവാനും സാധിക്കുന്നു.
5. കേരള-തമിഴ്നാട് മേഖലയിലെ ലൈനുകളിലുള്ള പവർ തിരക്ക് കുറയ്ക്കുവാൻ സാധിച്ചു.
6. പ്രസരണ നഷ്ടം വലിയ തോതിൽ കുറഞ്ഞു. മെച്ചപ്പെട്ട വോൾട്ടേജിൽ പ്രസരണ-വിതരണം സാധ്യമായി. കൊച്ചി, മാടക്കത്തറ സബ് സ്റ്റേഷനുകളിൽ ഏകദേശം രണ്ട് കെ.വി.-യുടെ വർദ്ധനവുണ്ടായിട്ടുണ്ട്.
7. കുറഞ്ഞ ചെലവിൽ ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും.
8. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനായി നിർദ്ദിഷ്ട 400 കെ.വി. സബ് സ്റ്റേഷനുകളായ കോട്ടയം, ഇടമൺ നിർമ്മിക്കാൻ സാധിക്കുന്നു. കൂടാതെ മാടക്കത്തറ-കോഴിക്കോട് 400 കെ.വി. ലൈൻ പൂർത്തീകരിക്കുന്നതോടെ മലബാർ മേഖലയിൽ വൈദ്യുതി ലഭ്യത കൂടുകയും ചെയ്യും.

പുഗലൂർ-മാടക്കത്തറ പ്രസരണ ലൈനിന്റെ 52% ടവർ ഫൗണ്ടേഷൻ ജോലികളും 35% ടവർ ഇറക്ഷൻ ജോലികളും പൂർത്തിയായിട്ടുണ്ട്. ഭൂഗർഭ കേബിൾ ഭാഗത്തെ 92% കേബിൾ ഡക്ട് നിർമ്മാണവും 62% കേബിൾ ഇടൽ ജോലിയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജ നഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ KSEBL വിജയകരമായി പൂർത്തീകരിച്ചു. KSEBL-ന്റെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാനായി.

പുതിയ അണക്കെട്ടുകൾ നിർമ്മിക്കുവാനുള്ള സാധ്യതാപഠനം

24 (*204) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ അണക്കെട്ടുകൾ നിർമ്മിക്കുവാനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എവിടെയൊക്കെ പുതിയ ഡാമുകൾ നിർമ്മിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അതിന്മേലുള്ള മേൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) പുതിയ ഡാമുകൾ നിർമ്മിക്കുമ്പോൾ പരിസ്ഥിതിക്ക് കടുത്ത ആഘാതം ഉണ്ടാക്കുന്നില്ലായെന്ന കാര്യം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ട്.

(ബി) സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രളയക്കെടുതിയുടെ തീക്ഷ്ണത കുറയ്ക്കുന്നതിന് കൂടുതൽ ജലസംഭരണികൾ ആവശ്യമാണെന്ന കേന്ദ്ര ജല കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുമ്പ് പരിഗണനയിലുണ്ടായിരുന്ന ചില

പദ്ധതികളുടെ സാധ്യത വീണ്ടും പരിശോധിക്കുന്നുണ്ട്. പൊരിങ്ങൽക്കുത്ത് അപ്സ്ട്രീം പദ്ധതി, പൂയംകുട്ടി, ടിൻ കല്ലാർ എന്നീ പദ്ധതികളുടെ സാധ്യതയാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് പരിശോധിക്കുന്നത്. ആദ്യ ഘട്ടത്തിൽ പൊരിങ്ങൽക്കുത്ത് അപ്സ്ട്രീം ഡാമിന്റെ സർവ്വേ ജോലികൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള അനുമതിക്കായി വനം വകുപ്പിനെ സമീപിച്ചിട്ടുണ്ട്.

(ഡി) പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ചുകൊണ്ടുമാത്രമേ പുതിയ ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. നിലവിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ടുമാത്രമേ പുതിയ അണക്കെട്ടുകൾ നിർമ്മിക്കുകയുള്ളൂ.

അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം

25 (*205) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. കൗൺസിൽ ലോട്ടറിക്ക് 28 ശതമാനം നികുതി നിരക്ക് ബാധകമാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുകയറ്റം എങ്ങനെ നിയന്ത്രിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2017 ജൂലൈ മാസത്തിലാണ് ഭാഗ്യക്കുറി ടിക്കറ്റുകൾക്ക് GST നിലവിൽ വന്നിട്ടുള്ളത്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% ആയിരുന്ന GST നിരക്ക് (6% CGST + 6% SGST). 18-12-2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 1-3-2020 മുതൽ 12%-ത്തിൽനിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇപ്രകാരം GST ഇനത്തിൽ 28% (14% CGST + 14% SGST) തുക ഭാഗ്യക്കുറി വകുപ്പ് അടയ്ക്കേണ്ടതായിവരും. SGST ഇനത്തിൽ അടയ്ക്കുന്ന 14% തുക എന്നത് 8% അധിക വരുമാനമായി സർക്കാർ ഖജനാവിൽ മുതൽ കൂട്ടും. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 12%-ത്തിൽനിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പനവിലയിൽ മാറ്റം

വരുത്തേണ്ട സ്ഥിതി സംജാതമായി. നിലവിൽ 30 രൂപ വിൽപ്പനവിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പനവിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പനവില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പനവില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമാകുമായിരുന്ന അറ്റാദായത്തിൽ 7%-ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരും. ലോട്ടറികളുടെ വർദ്ധിച്ച നികുതി നിരക്ക് 2020 മാർച്ച് ഒന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നത്. ലോട്ടറി നികുതിയുടെ ഏകീകരണം ഇടനിലക്കാർ മുഖാന്തരം നടത്തുന്ന അന്യസംസ്ഥാന ലോട്ടറികളെ സഹായിക്കുന്നതിന് മാത്രമേ സഹായിക്കുകയുള്ളൂ എന്ന കാര്യം കേരളം കൗൺസിലിൽ ശക്തമായി ചൂണ്ടിക്കാട്ടിയതാണ്.

(ബി) ബഹുമാനപ്പെട്ട സുപ്രീകോടതി ബി.ആർ.എന്റർപ്രൈസസ് Vs State of Uttar Pradesh എന്ന കേസിൽ (07.05.1999) Lotteries (Regulations) Act-ലെ സെക്ഷൻ 5 പ്രകാരം കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികളുടെ വിപണനം നിരോധിക്കുവാൻ കഴിയുമെങ്കിലും സംസ്ഥാനം നേരിട്ട് ലോട്ടറി വ്യാപാരം നടത്തുന്നില്ലെങ്കിൽ മാത്രമേ ആ നിയമം വിനിയോഗിക്കാൻ പാടുള്ളൂ എന്ന് വിധി പ്രസ്താവിച്ചിട്ടുള്ളതാകുന്നു. ജി.എസ്.ടി. നിയമം നടപ്പിലാക്കിയശേഷം കേരള ലോട്ടറി (റെഗുലേഷൻ) ചട്ടം പ്രകാരം ഒരു സംസ്ഥാനം കേരളത്തിൽ ലോട്ടറി വ്യാപാരം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുവാദം തേടണം എന്ന് ഭേദഗതി വരുത്തി. ഇതുകൂടാതെ കേരള സംസ്ഥാന ജി.എസ്.ടി. നിയമത്തിൽ പ്രത്യേകമായി 58(19), 58(20)A എന്നീ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56(19) പ്രകാരം സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ/നിബന്ധനകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം എന്നിവ ലോട്ടറി (റെഗുലേഷൻ) നിയമം 2010-ലെ നിയമം 3(3) & (4) പ്രകാരം അറിയിക്കേണ്ടതാണ്.

2. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വിൽപ്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെനിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

4. വിൽപ്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വിൽപ്പന നടത്താതെപോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വിൽപ്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേയ്ക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വിൽപ്പനയിൽനിന്നും ലഭിച്ച തുക, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരം എന്നിവ ബോധ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56(20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വിൽപന നടത്തുന്ന ഏജന്റ്/ വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേയ്ക്കായി ആവശ്യപ്പെടുമ്പോഴും അവയിൽ വിൽപ്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. സംസ്ഥാന ലോട്ടറി ഉൾപ്പെടെ ഇതര സംസ്ഥാന ലോട്ടറികളുടെ നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും നികുതി വകുപ്പുസെക്രട്ടറിയുടെ അനുമതിക്കും മോണിറ്ററിംഗിനും വിധേയമായി മാത്രമേ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭാഗ്യക്കുറി റൂൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും അത്തരക്കാരുടെ സ്ഥാപനം അടച്ചുപൂട്ടി നിയമ നടപടി കൈക്കൊള്ളുന്നതിനും പ്രസ്തുത കേരള സംസ്ഥാന ഭാഗ്യക്കുറി റൂൾ ഭേദഗതി (2018) വ്യവസ്ഥ ചെയ്യുന്നു.

സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽപ്പന നടത്തുന്നതിന് ഏജൻസി രജിസ്ട്രേഷൻ എടുത്തിട്ടുള്ള ഏജന്റുമാർ നിയമാനുസൃതമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പന നടത്തിയാൽ അത്തരക്കാരുടെ ഏജൻസി റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, റീട്ടെയിലർമാർ, വിൽപനക്കാർ എന്നിവരും ഈ നിബന്ധന പാലിക്കണമെന്ന് ഉറപ്പാക്കാൻ രജിസ്റ്റേർഡ് ഏജന്റുമാർക്ക് ഉത്തര വാദിത്വം നൽകിയിട്ടുണ്ട്. അല്ലാത്തപക്ഷം ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

കൈത്തറി മേഖലയിലെ നൂതന പദ്ധതികൾ

26 (*206) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് യുവ-വീവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം പുതിയ തറി വാങ്ങുന്നതിന് സർക്കാർ എത്ര തുകയാണ് നൽകുന്നതെന്ന് അറിയിയ്ക്കാമോ;

(ഡി) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഹാൻടെക്സ് മുഖേന നടപ്പിലാക്കി വരുന്ന കൈത്തറി സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് യുവവീവ് പദ്ധതി. പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ വീതം അടങ്ങിയ ഓരോ ബാച്ചിനും ആദ്യ ഘട്ടമായി 3 മാസത്തെ പരിശീലനം നൽകുന്നു. പരിശീലനാരംഭത്തിൽ 10 തറികൾ വീതം ഓരോ ബാച്ചിനും നൽകുന്നു. 3 മാസ പരിശീലനത്തിന് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 1 ലക്ഷം രൂപ നൽകുന്നു. ഈ കാലയളവിൽ പ്രതിദിനം 200 രൂപ വീതം മാസം 25 ദിവസം എന്ന കണക്കിൽ 3 മാസത്തേയ്ക്ക് സ്റ്റൈപ്പന്റ് നൽകുന്നു. 3 മാസത്തെ പരിശീലനത്തിനുശേഷം ഓരോ ബാച്ചിനും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വീണ്ടും 10 തറികൾ വീതം നൽകുന്നു. രണ്ടാം ഘട്ടത്തിലെ ഇൻകുബേഷൻ കാലയളവിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ആരംഭിക്കുന്നു. മൂന്നുമാസം നീണ്ടു നിൽക്കുന്ന കാലയളവിൽ വേതനമായി പ്രതിദിനം 125 രൂപ വീതം മാസം 25 ദിവസം എന്ന തോതിൽ 3 മാസത്തേയ്ക്ക് നൽകുന്നു. പദ്ധതിക്കാവശ്യമായ മുഴുവൻ തറികളും നിർമ്മിച്ചുനൽകുന്നത് പൊതുമേഖലാ സ്ഥാപനമായ 'കാഡ്കോ'യാണ്. ഈ പദ്ധതിയിലൂടെ ലഭിക്കുന്ന തറിയിൽ കുറഞ്ഞത് 5 വർഷമെങ്കിലും വസ്തും നെയ്തിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ യുവവീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് ഒരു കോടി രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 18,75,000 രൂപ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ബാക്കി 81,25,000 രൂപ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) 2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതി. നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40,000 രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ഡി) കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ ഹാന്റക്സ് 500-ഓളം അംഗ സംഘങ്ങളിലെ നെയ്ത്തുകാരുടെ ഉൽപന്നങ്ങൾ സംഭരിച്ച് വിൽപനശാലകളിലൂടെ വിപണനം നടത്തിവരുന്നു. കൂടുതൽ ഗുണഭോക്താക്കളെ ആകർഷിക്കുന്നതിനായി കേരളത്തിന്റെ വിവിധ ജില്ലകളിൽനിന്നുള്ള 5000 തറികളിൽ കൈത്തറി ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഗുണമേന്മയോടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക എന്ന ലക്ഷ്യത്തോടെ ഹാന്റക്സ് മുഖേന നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് കൈത്തറി സുരക്ഷാ പദ്ധതി. നിലവിലെ ഉൽപ്പാദന സംഭരണ രീതികളിൽ കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് നെയ്ത്തുകാർക്ക് മുൻകൂറായി നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുകയും മാസംതോറും തുണിയുടെ ഗുണനിലവാരം പരിശോധിച്ച് സംഭരണം നടത്തി അപ്പോൾത്തന്നെ വില

നൽകുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ഒരു ലക്ഷത്തോളം സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചരക്ക് സേവന നികുതി

27 (*207) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന നികുതി വകുപ്പിൽ മൊത്തം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ഓരോ വർഷവും ലഭിച്ച വരുമാനവും വർദ്ധനവും വ്യക്തമാക്കുമോ;

(സി) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ ഇതിനെക്കാൾ ഉയർന്ന നികുതി വരുമാനം പ്രതീക്ഷിച്ചിരുന്നോ; എങ്കിൽ ഓരോ വർഷവും പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതീക്ഷിച്ച നികുതി വരുമാന വർദ്ധനവ് ലഭിക്കാതിരുന്നത് നികുതി വകുപ്പിന്റെ വീഴ്ച മൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഓരോ വർഷവും ലഭിച്ച ആകെ വരുമാനവും വർദ്ധനവും ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	ലഭിച്ച ആകെ വരുമാനം	വർദ്ധനവ് (തുകയിൽ)
2017-18	38403.69	4365.33
2018-19	43707.51	5303.82
2019-20 (31-1-2020 വരെ)	36078.14	849.40

(സി) ചരക്കു സേവന നികുതി നടപ്പിലാക്കുന്നതിനുമുമ്പ് വാറ്റിൽ ശരാശരി 10 ശതമാനം നികുതി വളർച്ച ഉണ്ടായിരുന്നത് ജി.എസ്.ടി.-യി ൽ 14 ശതമാനം വളർച്ച ഉറപ്പാക്കുന്നു. ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ നികുതി 2017-18-ലേയ്ക്ക് 16,398 കോടി രൂപയും (ജൂലൈ 2017 മുതൽ മാർച്ച് 2018 വരെ) 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് 24,924 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 28,416 കോടി രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. ഓരോ വർഷവും പ്രതീക്ഷിച്ച വരുമാനം (റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം) ചുവടെ ചേർക്കുന്നു.

തുക കോടിയിൽ

വർഷം	പ്രതീക്ഷിച്ച വരുമാനം (റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം)
2017-18	34945.26
2018-19	41907.97
2019-20	52959.79 (ബഡ്ജറ്റ് എസ്റ്റിമേറ്റ്)

(ഡി) ഇല്ല.

കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ

28 (*208) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി പ്രവാസി നിക്ഷേപം തിരിച്ചു നൽകാൻ ജില്ലാസഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ. നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ ഒരു ദിവസം സൂക്ഷിക്കാവുന്ന പണത്തിന്റെ പരിധി കുറച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ നിയന്ത്രണങ്ങൾമൂലം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച പശ്ചാത്തലത്തിൽ കോഴിക്കോട്, വയനാട് ജില്ലാ സഹകരണ ബാങ്കുകൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങളാണ് പ്രവാസി നിക്ഷേപം സംബന്ധിച്ച് റിസർവ് ബാങ്ക് നൽകിയിരുന്നത്.

1. പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് നൽകിയിരുന്ന ആതറൈസേഷൻ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്യണം.
2. പുതുതായി പ്രവാസി അക്കൗണ്ടുകൾ തുറക്കരുത്.
3. ലയന തീയതി മുതൽ 6 മാസത്തിനകം നിലവിലെ പ്രവാസി നിക്ഷേപ അക്കൗണ്ടുകൾ നിർത്തൽ ചെയ്യണം.
4. കാലാവധി തികയുന്ന പ്രവാസി നിക്ഷേപ അക്കൗണ്ടുകൾ പുതുക്കി നൽകരുത്.

(ബി) ശാഖകളുടെ inflow-outflow-യുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ ബാങ്ക് ശാഖകളിൽ സൂക്ഷിക്കേണ്ടുന്ന പണത്തിന്റെ പരിധി നിശ്ചയിക്കുന്നത്. ഇത് ശാഖകളിൽ നടക്കുന്ന ബിസിനസ്സിനനുസരിച്ച് കാലാകാലങ്ങളിൽ

മാറിക്കൊണ്ടിരിക്കും. ശാഖകളുടെ പ്രവർത്തനത്തിന് ആവശ്യമായ പണം എപ്പോഴും ശാഖകളിൽ ലഭ്യമായിരിക്കും. സഹകരണ ബാങ്കുകളിൽ ഒരു ദിവസം സൂക്ഷിക്കാവുന്ന പണത്തിന്റെ പരിധി കുറച്ചിട്ടില്ല.

(സി) ഇടപാടുകാർക്ക് ടി നടപടിമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല. ആവശ്യമായ പണം ലഭ്യമാക്കുന്നുണ്ട്.

സംസ്ഥാനത്തിന്റെ വികസനത്തിൽ കേരള ബാങ്കിനുള്ള പങ്ക്

29 (*209) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിൽ കേരളബാങ്കിന് മുഖ്യ പങ്ക് വഹിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും കാര്യമായ പ്രവർത്തനം കാഴ്ച വെയ്ക്കുവാൻ സാധിച്ചിരുന്നില്ലെന്നതുകൊണ്ടാണോ അവ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ തീരുമാനിച്ചത്;

(സി) സംസ്ഥാനത്ത് നിലനിന്നിരുന്ന ത്രീ ടയർ സിസ്റ്റം ഉപേക്ഷിച്ച് ടൂ ടയർ സിസ്റ്റത്തിലേക്ക് നീങ്ങുന്നത് സഹകരണ മേഖലക്ക് എപ്രകാരം ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് നിലവിൽ വരുന്നതോടെ കാർഷിക വായ്പകൾ നിലവിലുള്ളതിനെക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് നൽകുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് വളരാനുള്ള വലിയ അവസരമാണ് കേരള ബാങ്കിലൂടെ വിഭാവന ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ്

ഉറപ്പാക്കുന്നതിനും ഇത് സഹായകമാകും. പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാക്തീകരണത്തിന് കേരള ബാങ്കിന് സഹായിക്കാൻ കഴിയും. പ്രാഥമിക സഹകരണ ബാങ്കിലൂടെ കാർഷിക മേഖലയുടെ പുരോഗതിക്ക് ആവശ്യമായ ധനം ലഭ്യമാക്കാൻ കേരള ബാങ്കിന് സാധിക്കും. എല്ലാ വിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും കേരള ബാങ്കിന് ലഭ്യമാക്കാൻ സാധിക്കും. കാർഷിക കാർഷികേതര വായ്പ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കാൻ കഴിയും. ഇപ്രകാരം സംസ്ഥാനത്തിന്റെ നാനാമുഖമായ വികസനത്തിൽ കേരള ബാങ്കിന് മുഖ്യപങ്ക് വഹിക്കാൻ കഴിയും.

(ബി) സംസ്ഥാനത്തെ ഹ്രസ്വകാല സഹകരണ വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറണമെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ആയതിനെപ്പറ്റി പഠനം നടത്താൻ നിയോഗിച്ചിരുന്ന ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശ കൂടി കണക്കിലെടുത്താണ് കേരള സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ തീരുമാനമായത്. ജില്ലാ സഹകരണ ബാങ്കുകളിലെ പ്രവർത്തനത്തിലെ പോരായ്മകൾ ശ്രീറാം കമ്മിറ്റി ചൂണ്ടിക്കാട്ടിയിരുന്നു.

(സി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതോടെ എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുള്ള ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിയും. കോസ്റ്റ് എഫക്ടീവായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയും. സഹകരണ ബാങ്കിംഗ് മേഖല അതി നൂതന സാങ്കേതിക മികവിലേയ്ക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കാൻ കഴിയും. കേരള ബാങ്ക് വരുന്നതോടെ വായ്പയും നിക്ഷേപവും വർദ്ധിക്കും. അതുവഴി നബാർഡിൽനിന്നും കൂടുതൽ പുനർവായ്പ ലഭിക്കും. ജില്ലാ ബാങ്ക് എന്ന തലം ഇല്ലാതാവുന്നതോടെ ഒരു തലത്തിലെ ഭരണ, സ്ഥാപന സംബന്ധിയായ ചെലവുകൾ കുറയും. കർഷകർക്ക് നിലവിലെ പലിശ നിരക്കിൽനിന്നും കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ കഴിയും. കാർഷികേതര വായ്പയുടെ പലിശ നിരക്കും കുറയ്ക്കാൻ കഴിയും.

(ഡി) കേരള ബാങ്ക് നിലവിൽ വന്നതോടെ ശക്തമാകുന്ന ബാങ്കിന്റെ ധനസ്ഥിതി നബാർഡിൽനിന്നും കൂടുതൽ പുനർവായ്പ ലഭിക്കാൻ കഴിയുന്നതായിരിക്കും. 4.5% പലിശയ്ക്ക് നബാർഡിൽനിന്നും ലഭിക്കുന്ന പുനർവായ്പ ജില്ലാ ബാങ്ക് എന്ന തലം ഒഴിവായാൽ കർഷകർക്ക് നിലവിലെ 7% പലിശ നിരക്കിൽനിന്നും കുറഞ്ഞ നിരക്കിൽ നൽകാവുന്നതാണ്. തൻവർഷം 5000 കോടി രൂപ കാർഷിക വായ്പാ ഇനത്തിൽ കർഷകർക്ക് 6% പലിശ നിരക്കിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികേതര വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കാനും കഴിയുന്നതാണ്.

അസെൻഡ് - 2020

30 (*210) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസെൻഡ്-2020 വ്യവസായ സംഗമത്തിന്റെ ഫലമായി സംസ്ഥാനത്ത് ഇതുവരെ എത്ര പുതിയ സംരംഭകർ വ്യവസായം തുടങ്ങുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ;

(സി) ഇത്തരക്കാർ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താൽപര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. അസെൻഡ് - 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ അനന്തരനടപടി സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി 4-2-2020-ലെ G.O.(Rt)No.105/2020/ID പ്രകാരം നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും കെ.എസ്.ഐ.ഡി.സി.-യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)-ന് കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ നൽകുന്ന സ്വയംസംരംഭക വായ്പയ്ക്ക് മൂലധന പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം ലോൺ നൽകുന്നതിനുള്ള പരിധി 20 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പങ്കാളികളായ ബാങ്കുകളുടെ എണ്ണം രണ്ടിൽനിന്നും 15 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ

1 (2259) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദുർവിനിയോഗം സാധ്യമാക്കുന്നതിനും പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി 2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവിന് ശേഷം പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെന്നും അതിനുള്ള പ്രത്യേക കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ധനദുർവിനിയോഗ പ്രക്രിയയുടെ ഭാഗമായി വ്യയനിയന്ത്രണ നിർദ്ദേശങ്ങളുൾക്കൊള്ളിച്ചുകൊണ്ട് 17-4-2018-ലെ സ.ഉ.(അ) നമ്പർ 66/2018/ധന. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കാൻ പാടില്ലായെന്നും അത്തരം സ്ഥാപനങ്ങൾ അനുവദിക്കേണ്ടതുണ്ടെങ്കിൽ വിശദമായ പഠനത്തിനുശേഷമേ അനുമതി നൽകാവൂയെന്നും നിഷ്കർഷിച്ചിരുന്നു.

(ബി) അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് എന്ന ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനം രൂപീകരിക്കുന്നതിനായി ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ബോർഡിനുള്ള കരട് റൂൾസ് തയ്യാറാക്കി അത് നിയമോപദേശത്തിനായി നിയമവകുപ്പിലേയ്ക്ക് അയയ്ക്കാനുള്ള അന്തിമ നടപടിയിലാണ് കൃഷിവകുപ്പ്. കാർഷിക വൃത്തിയിലേയ്ക്ക് ധാരാളം പേരെ പ്രത്യേകിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. കാർഷിക സമ്പദ് വ്യവസ്ഥയുടെ നെടുംതൂണായ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനായി കർഷകന്റെ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് കർഷക ക്ഷേമ ബോർഡിന്റെ ആത്യന്തിക ലക്ഷ്യം.

ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

2 (2260) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതു കാലയളവ് മുതലുള്ള ബില്ലുകൾക്കാണ് ബി.ഡി.എസ്. ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ബി.ഡി.എസ്.എന്നുമുതലാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്; കേരളത്തിലെ എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾക്കും ആയത് ബാധകമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അതത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ബി.ഡി.എസ് നടപ്പാക്കുന്നതിലൂടെ കരാറുകാർക്ക് ഉണ്ടാകുന്ന നേട്ടം അറിയിക്കാമോ; ബിൽ ഡിസ്കൗണ്ട് ചെയ്യുന്നതിന് എത്ര ശതമാനം പലിശയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഡി) ഈ പലിശയുടെ ബാധ്യത ആർക്കാണ്; കരാറുകാർക്ക് പലിശയുടെ അധിക ബാധ്യത ഉണ്ടാക്കാതെ നടപടി സ്വീകരിക്കുമോ; പലിശ സർക്കാർ തന്നെ വഹിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) എത്ര ലക്ഷം രൂപവരെയുള്ള ബില്ലുകളാണ് ബി.ഡി.എസ്.-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്; അറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത്, ജലസേചനം മുതലായ വകുപ്പുകളിൽ നടപ്പിലാക്കിയിരുന്ന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. 2019 ഒക്ടോബർ മുതലുള്ള ബില്ലുകൾക്ക് ബി.ഡി.എസ്. ഏർപ്പെടുത്താനാണ് ഇപ്പോൾ ഉത്തരവായിട്ടുള്ളത്.

(ബി) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം 15-1-2020-ലെ സ.ഉ.(പി) നമ്പർ 7/2020/ധന ഉത്തരവ് പ്രകാരം എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്കും ബാധകമാക്കിയിട്ടുണ്ട്. 24-1-2020-ലെ സ.ഉ.(പി) നമ്പർ 10/2020/ധന ഉത്തരവ് പ്രകാരം ബി.ഡി.എസ്. സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കരാറുകാർക്ക് അവരുടെ ബില്ലിന്മേലുള്ള തുക ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഉടനടി ലഭ്യമാക്കാൻ സാധിക്കും എന്നതാണ് ബി.ഡി.എസ്. നടപ്പിലാക്കുന്നതിന്റെ നേട്ടം. ഇതിന്റെ പലിശ നിശ്ചയിക്കുന്നത് അതത് ബാങ്കുകൾ/ ധനകാര്യ സ്ഥാപനങ്ങളാണ്.

(ഡി) പലിശയുടെ പകുതി (പരമാവധി 5%വരെ) സർക്കാർ വഹിക്കുന്നതാണ്. ബാക്കി കരാറുകാർ വഹിക്കേണ്ടതാണ്.

(ഇ) കരാറുകാർ ആവശ്യപ്പെടുന്ന മുറയ്ക്ക് 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ ബില്ലുകളും ബി.ഡി.എസ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

3 (2261) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വികസന പദ്ധതികളിൽ ഇതിനകം തുടക്കമിട്ടിട്ടില്ലാത്തവ തൽക്കാലം നീട്ടിവച്ച് പ്രതിസന്ധി മറികടക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ പ്രഖ്യാപിച്ചതും, ഇതിനകം തുടക്കമിട്ടിട്ടില്ലാത്തതുമായ ഏതൊക്കെ വികസന പദ്ധതികളാണ് നീട്ടി വെയ്ക്കുവാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാനാണ് സർക്കാർ പരമാവധി ശ്രമിക്കുന്നത്. എല്ലാ പദ്ധതികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും സർക്കാർ നൽകി വരുന്നുണ്ട്. വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ പദ്ധതികൾക്കും തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. തീരദേശ ഹൈവേ, ദേശീയ പാത വികസന പദ്ധതി എന്നിവ പുരോഗമിച്ചുവരുന്നു. കൂടാതെ കണ്ണൂർ വിമാനത്താവളം പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. വിഴിഞ്ഞം തുറമുഖം പദ്ധതി പൂർത്തീകരിച്ച് വരുന്നു. സമയബന്ധിതമായി പൂർത്തീകരണം ആവശ്യമുള്ള എല്ലാ പദ്ധതികൾക്കും സാമ്പത്തിക പ്രതിസന്ധി ഒരു തടസ്സമാകാതെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വികസന പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുകയെന്നതാണ് സർക്കാരിന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിനാൽ വികസന പദ്ധതികൾ നീട്ടിവയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

വളാഞ്ചേരി ഫയർ സ്റ്റേഷന്റെ നിർമ്മാണം

4 (2262) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി ഫയർ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസലിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വളാഞ്ചേരി ഫയർസ്റ്റേഷന് 2017-2018, 2018-19, 2019-20 വർഷങ്ങളിൽ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിരുന്നുവോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ;

(സി) തുക നീക്കിവെച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി ധനവകുപ്പ് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ധനകാര്യവകുപ്പ് ബഡ്ജറ്റ് വിഭാഗം ഫയൽ പരിശോധിച്ചിട്ടുണ്ടോ; ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഫയർസ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ അനുമതി ധനവകുപ്പ് നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഭരണാനുമതിയുള്ള പ്രവൃത്തികളാണ് Work appendix II Volume I-ൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ഉൾപ്പെട്ട വളാഞ്ചേരി ഫയർ&റെസ്ക്യൂ സ്റ്റേഷൻ എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക 50 ലക്ഷം രൂപയും 2019-20 വർഷത്തെ വിഹിതം 1,14,000 രൂപയുമാണ്. ഈ പ്രവൃത്തിക്ക് വീണ്ടും ഭരണാനുമതി നൽകേണ്ടതില്ല. എന്നാൽ ഇപ്പോൾ ഭരണാനുമതി ആവശ്യപ്പെട്ടിരിക്കുന്ന അതേ പേരിലുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 3 കോടി രൂപയാണ്. ആയതിനാൽ ഈ പ്രവൃത്തി മുകളിൽ പരാമർശിച്ച നേരത്തെ ഭരണാനുമതി ലഭിച്ച Work appendix II Volume I-ൽ ഉൾപ്പെട്ട അതേ പ്രവൃത്തി തന്നെയാണോയെന്നും ഇത് മറ്റൊരു പ്രവൃത്തിയാണെങ്കിൽ ആയതിന് ഭരണാനുമതി നൽകേണ്ടതുണ്ടോയെന്ന് പരിശോധിച്ച് വ്യക്തമായ അഭിപ്രായം സഹിതം ഫയൽ പുനർസമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വളാഞ്ചേരി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റ് പ്രൊവിഷനിൽ 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമല്ല.

(സി) തുക നീക്കിവച്ചിട്ടില്ല.

(ഡി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) അധിക ഫണ്ട് വകയിരുത്തി അനുമതി നൽകുവാൻ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക നില പര്യാപ്തമല്ല.

ആറ്റുതീരം/തോട്ടുതീരം സംരക്ഷണം

5 (2263) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സാമ്പത്തിക വർഷത്തിൽ കോന്നി നിയോജക മണ്ഡലത്തിൽ ആറ്റുതീരം/തോട്ടുതീരം സംരക്ഷിക്കുന്നതിനായി മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) കോന്നി നിയോജകമണ്ഡലത്തിൽ ആറുകളുടെയും തോടുകളുടെയും കരയിടിഞ്ഞ് ഭൂമി നഷ്ടമാകുന്നത് പരിഹരിക്കുന്നതിനായി മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ആറ്റുതീരം/തോട്ടുതീരം സംരക്ഷിക്കുന്നതിനായി മേജർ ഇറിഗേഷന് 19.62 ലക്ഷം രൂപയും മൈനർ ഇറിഗേഷന് 65.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 84.62 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) തുക ചെലവഴിച്ചിട്ടില്ല.

(സി) ടി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബിൽ ലഭിക്കുന്ന മുറയ്ക്ക് സീനിയോറിറ്റി പരിശോധിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രളയാനന്തര പുനർനിർമ്മാണം

6 (2264) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് എന്ത് തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനകം എന്ത് തുക ഇക്കാര്യത്തിനായി സമാഹരിക്കുവാൻ കഴിഞ്ഞു; ഏതൊക്കെ മേഖലകളിൽ നിന്നാണ് പ്രസ്തുത തുക സമാഹരിച്ചിരിക്കുന്നത്;

(സി) ലോകബാങ്കിൽനിന്നും ഇതിനകം എത്ര തുക ലഭിച്ചു; പ്രസ്തുത തുക വകമാറ്റി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഐക്യരാഷ്ട്രസഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment (PDNA) പ്രകാരം പ്രളയാനന്തര പുനർനിർമ്മാണത്തിനായി മൊത്തം 31000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്.

(ബി& സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ ലഭ്യമാകുന്നത് സംബന്ധിച്ച നടപടി പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയുടെ ആദ്യ ഗഡുവായി 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) 4814.02 കോടി രൂപ (7-2-2020 വരെ) ലഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്.

കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി 4-9-2019-ൽ ലഭിച്ച ലോകബാങ്കിന്റെ സഹായം 6004-09-101-96(R)എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും അതുവഴി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമായി തീരുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, ടി തുക ഈ ശീർഷകത്തിലെ നീക്കിയിരുപ്പായി കണക്കാക്കാവുന്നതാണ്. ലോകബാങ്ക് സഹായമായി ലഭിച്ച തുക മുഴുവനും ലോകബാങ്ക് നിർദ്ദേശിക്കുന്ന രീതിയിലുള്ള ചെലവുകൾക്ക് സഞ്ചിത നിധിയിൽനിന്നും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്. ആയതിനാൽ ഈ തുക വകമാറ്റി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

പ്രളയ ദുരന്തം

7 (2265) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലേയും 2019-ലേയും മഹാപ്രളയം മൂലം സംസ്ഥാനത്തിന് എത്ര തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായി ; വിശദമാക്കാമോ;

(ബി) പ്രസ്തുത ദുരന്തം അതിജീവിക്കുന്നതിനായി ഏതെല്ലാം രീതിയിലാണ് ധനശേഖരണം നടത്തിയത്; വിശദാംശം നൽകാമോ;

(സി) ദുരന്താതിജീവനത്തിന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഐക്യരാഷ്ട്രസഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment (PDNA) പ്രകാരം 2018-ലെ പ്രളയത്തിൽ 26,718.90 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. കേന്ദ്ര മാനദണ്ഡമനുസരിച്ച് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ട പ്രകാരം 2019-ലെ പ്രളയത്തിലും ഉരുൾപൊട്ടലിലും 2,101.90 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായതായി വകയിരുത്തിയിട്ടുള്ളത്.

(ബി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ വായ്പ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടി പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയുടെ ആദ്യ ഗഡുവായി 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) 4814.02 കോടി രൂപ (7-2-2020 വരെ) ലഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്.

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ RKI യുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ പരിഗണിക്കുകയും ഉന്നതാധികാര സമിതിയുടെ

ശിപാർശയോടെ മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഇതുവരെ ആകെ 1850 കോടിയോളം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 31 റോഡുകളുടെ പുനർ നിർമ്മാണത്തിനായി നടപ്പുസമ്പത്തിക വർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

2. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്തെ കടമ്പ്രയാർ നദിക്ക് കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപ.

4. വനം വകുപ്പിന്റെ മൂന്ന് പദ്ധതികൾക്കും മൂന്ന് പഠനങ്ങൾക്കും വേണ്ടി ആകെ 130.40 കോടി രൂപ.

5. മത്സ്യബന്ധന വകുപ്പിന്റെ കീഴ് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.

6. മൃഗസംരക്ഷണ വകുപ്പിന്റെ ആകെ 23.01 കോടി രൂപയുടെ രണ്ട് പദ്ധതികൾ.

7. ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുടെ ആകെ 53.5 കോടി രൂപയുടെ ആറ് പദ്ധതികൾ.

8. ജലവിഭവ വകുപ്പിന്റെ ആകെ 350 കോടി രൂപയുടെ എട്ട് പദ്ധതികൾ.

9. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ആകെ 5 കോടി രൂപയുടെ മൂന്ന് പദ്ധതികൾ.

10. കുടുംബശ്രീയുടെ ആകെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ.

11. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിനായി ആകെ 35 കോടി രൂപ.

12. കൃഷി വകുപ്പിന്റെ ആകെ 182.76 കോടി രൂപയുടെ 12 പദ്ധതികൾ.

13. മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd (KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടി രൂപയുടെ 4 പദ്ധതികൾ.

14. വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിക്ക് 4.24 കോടി രൂപ.

ഇപ്രകാരം അംഗീകരിച്ച പദ്ധതികളിൽ ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

2018, 2019 പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതുവരെ 2888.84 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. (ഇതിൽ 89.71 കോടി രൂപ SDRF-ന്റെ വിഹിതമാണ്.) കൂടാതെ പ്രളയവുമായി ബന്ധപ്പെട്ട് വിവിധയിനങ്ങളിലായി ആകെ 2062.45 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

വ്യാപാരികൾക്കായി പങ്കാളിത്ത പെൻഷൻ പദ്ധതി

8 (2266) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കായി പ്രഖ്യാപിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട് എന്ന വിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഗുണഫലം വ്യാപാരികൾക്ക് ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ടോ എന്നതിന്റെ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി വ്യാപാരി ക്ഷേമ ബോർഡിൽ നടപ്പാക്കിയിട്ടില്ല. എന്നാൽ വ്യാപാരി ക്ഷേമ ബോർഡിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയായിട്ടുള്ളവരും 10 വർഷം അംശദായം അടച്ചിട്ടുള്ള വ്യാപാരികൾക്ക് 2009 മുതൽ പെൻഷൻ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം 11000 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

റീബിൽഡ് കേരള പദ്ധതി

9 (2267) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇരിട്ടി-ഉളിക്കൽ-മാട്ടറ-അമർകാലാങ്കി റോഡ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം പരിഗണിക്കുമോ?

ഉത്തരം

(എ) റീബിൽഡ് കേരള പദ്ധതിയിൽ ജില്ല അടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ് ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

(ബി) ഇത്തരത്തിൽ റീ ബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവര സാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 827 കോടിയോളം രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ പദ്ധതിയിൽ ഇരിട്ടി-ഉളിക്കൽ-മാട്ടറ-അമർകാലാങ്കി റോഡ് ഉൾപ്പെട്ടിട്ടില്ല. റീ ബിൽഡ് കേരള പദ്ധതിയിൽ പ്രസ്തുത റോഡ് നിലവിൽ പരിഗണനയിൽ ഇല്ല. പ്രളയത്തിൽ തകർന്ന റോഡുകളിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടാത്ത തദ്ദേശസ്വയം ഭരണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 961.24 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ചുകൊണ്ട് 9-1-2020-ലെ സ.ഉ.(കൈ) നമ്പർ 13/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

കാരുണ്യ ചികിത്സാ പദ്ധതി

10 (2268) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് തുടർ ചികിത്സയ്ക്കായി ചികിത്സാ കാർഡ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ;

(ബി) മാരക രോഗങ്ങൾക്ക് അടിപ്പെടുന്നവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളെ സമീപിക്കാമോ; ഹീമോഫീലിയ, കാൻസർ എന്നിവയുടെ ചികിത്സയ്ക്കും ഡയാലിസിസിനും കാരുണ്യ ചികിത്സാ പദ്ധതിയിൽ നൽകുന്ന സൗജന്യങ്ങൾ വ്യക്തമാക്കാമോ;

(സി) 2020 മാർച്ച് 31-നുശേഷം കാരുണ്യ ചികിത്സാ പദ്ധതിയുടെ ആനുകൂല്യങ്ങൾ തുടരുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ സാധുതയുള്ള RSBY, CHIS കാർഡുള്ളവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്.

(ബി) കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ഹീമോഫീലിയ രോഗികൾക്കും 31-3-2020 വരെ തുക പരിധിയില്ലാതെയും, വൃക്ക രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും മറ്റ് നിശ്ചിത രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെയും ചികിത്സാ സഹായം നൽകുന്നതാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും ടി പദ്ധതി പ്രകാരമുള്ള ചികിത്സ ലഭ്യമാണ്.

(സി) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരമുള്ള ചികിത്സ 31-3-2020 വരെ മാത്രമേ ലഭ്യമാകുകയുള്ളൂ. എന്നാൽ ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമായിട്ടുള്ള കുടുംബങ്ങൾക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാകും.

ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

11 (2269) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വാർഷിക ബഡ്ജറ്റുകളിൽനിന്നും ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. മംഗലം പദ്ധതിയുടെ കീഴിൽ 'കാഡ്' പ്രവൃത്തികൾക്കായി 2018-19, 2019-20 വർഷങ്ങളിൽ യഥാക്രമം 1.30 കോടി രൂപയും 0.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ചേരാമംഗലം സ്കീമിന്റെ കീഴിൽ 'കാഡ്' പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ 2 കോടി രൂപയും 2019-20 വർഷത്തിൽ 0.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ Improvement to Anicut and its allied structure and improvement of main canal' എന്ന പദ്ധതിക്ക് 3.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പിന് കൺസർവേഷൻ ഓഫ് ഹെറിറ്റേജ് ബിൽഡിംഗ് - കൺസർവേഷൻ ഓഫ് വില്ലേജ് ഓഫീസ് കം റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് ആൻഡ് സ്മാർട്ട് വില്ലേജ് ഓഫീസുസ് ആലത്തൂർ പദ്ധതിക്കായി 34.58 ലക്ഷം രൂപയും ആലത്തൂരിൽ മുൻസിഫിനും ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിനും ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 17 ലക്ഷം രൂപയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാർഷിക ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. ഇതിനുപുറമെ പൊതുമരാമത്ത് വകുപ്പ് വഴിയുള്ള മറ്റു പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I * ആയും MLA-മാരുടെ ആസ്തി വികസന പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധം II* ആയും കിഫ്ബി വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം III ആയും ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും ലഭ്യമായ തുക

12 (2270) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും ഓരോ സാമ്പത്തിക വർഷവും എന്ത് തുക ലഭ്യമായി;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്ത് തുക ഈ ഫണ്ടിൽനിന്നും ചെലവഴിച്ചു;

(സി) നിലവിൽ സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ എന്ത് തുക ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും കേന്ദ്ര വിഹിതമായി ഓരോ സാമ്പത്തിക വർഷവും ലഭിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ലഭിച്ച തുക (കോടിയിൽ)
2016-17	145.50
2017-18	153.00
2018-19	192.60
2019-20	52.27

കൂടാതെ 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും പ്രത്യേക ധനസഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്.

(ബി) 2016-17-ൽ 152.30 കോടി രൂപയും 2017-18-ൽ 199.52 കോടി രൂപയും 2018-19-ൽ 1321.81 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം അതായത് 5-2-2020 വരെ, 1102.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 1117.88 കോടി രൂപ ബാക്കിയുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്ന അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഇറിഗേഷന് അനുമതി നൽകിയ 536.27 കോടി രൂപയിൽ 50 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 486.27 കോടി രൂപ അനുവദിക്കേണ്ടതായിട്ടുണ്ട്. 2018-ലെ പ്രളയ സമയത്ത് അധികമായി അനുവദിച്ച അരിയുടെ തുകയായ 205.81 കോടി രൂപ അനുവദിക്കണമെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയ്ക്കുണ്ടായ 5,84,16,130 രൂപയുടെയും ഫിഷറീസ് വകുപ്പിനുണ്ടായ 5,80,74,814 രൂപയുടെയും നാശനഷ്ടങ്ങൾക്കുള്ള തുക നൽകുവാനുണ്ട്.

പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് 6,20,69,800 രൂപയും മലപ്പുറം ജില്ലാ കളക്ടർക്ക് 4,39,36,200 രൂപയും അനുവദിക്കേണ്ടതായിട്ടുണ്ട്. 2019-ലെ പ്രളയബാധിത കുടുംബത്തിന് അനുവദിക്കുന്ന അടിയന്തര സഹായമായ 10,000 രൂപ പൂർണ്ണമായും SDRF-ൽനിന്നാണ് അനുവദിച്ചിട്ടുള്ളത്. ഇതിലെ CMDRF വിഹിതം തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. വീടുകളുടെ നാശനഷ്ടവുമായി ബന്ധപ്പെട്ട് ആദ്യഘട്ട ലിസ്റ്റിലെ 12905 വീടുകളുടെ SDRF വിഹിതം (46,55,60,800 രൂപ) CMDRF-ൽ നിന്നാണ് വഹിച്ചത്. ഇതിൽ അടിയന്തര സഹായമായി അനുവദിച്ചതിൽ CMDRF-ൽ നിന്നും ലഭിക്കേണ്ട തുക കിഴിച്ച് ബാക്കി തുക SDRF-ൽ CMDRF-ലേയ്ക്ക് അനുവദിക്കേണ്ടതായിട്ടുണ്ട്. ഇതിന് ഏകദേശം 30 കോടി രൂപ ആവശ്യമായി വരും. കൂടാതെ 2019-ലെ പ്രളയത്തിൽ വീട് തകർന്നവർക്കുള്ള നഷ്ടപരിഹാരമായി ഏകദേശം 75 കോടിയോളം രൂപ ലാന്റ് റവന്യൂ കമ്മീഷണറുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കേണ്ടതായിട്ടുണ്ട്. പ്രളയബാധിത കുടുംബത്തിന് അടിയന്തര സഹായം അനുവദിക്കുന്നതിനായി 30 കോടി രൂപയോളം ആവശ്യമാണ്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് KSEBL-ന് 52,27,00,000 രൂപയും 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് 45.7 കോടി രൂപയും ഇനിയും നൽകാനുണ്ട്.

ക്ഷേമ-വികസന മേഖലകളിൽ ചെലവഴിച്ച തുക

13 (2271) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്ത് വികസനമേഖലയിൽ കഴിഞ്ഞ സർക്കാർ ചെലവഴിച്ചതിലും കൂടുതൽ തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ ചെലവിലുള്ള വർദ്ധനയും അതിന്റെ ഗുണമേന്മയും കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(സി) ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മൂലധന നിക്ഷേപം, സാമൂഹ്യസുരക്ഷ, ക്ഷേമപെൻഷൻ എന്നിവയ്ക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും കഴിഞ്ഞ സർക്കാർ ഈ ഇനങ്ങളിൽ ചെലവഴിച്ചത് എത്ര തുകയായിരുന്നുവെന്നും അറിയിക്കാമോ;

(ഇ) പാവപ്പെട്ടവരുടെ ക്ഷേമത്തിനായുള്ള തുക കുടിശ്ശികയാക്കാതെ ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സംസ്ഥാനത്ത് വികസന മേഖലയിൽ കഴിഞ്ഞ സർക്കാർ ചെലവഴിച്ചതിലും കൂടുതൽ തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ട്. കണക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 1,93,330.01 കോടി രൂപ ചെലവഴിച്ചപ്പോൾ ഈ സർക്കാർ 2016-17 മുതൽ 2019 ഡിസംബർ വരെയുള്ള കാലയളവിൽ 226986.35 കോടി രൂപ ചെലവഴിച്ചു. ഹരിതകേരളം, ആർദ്രം, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ സുപ്രധാന പദ്ധതികളിലൂടെ നവകേരള നിർമ്മിതിക്കായുള്ള സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ പുരോഗതിയിലാണ്. കുടിശ്ശികയില്ലാതെ ക്ഷേമ പെൻഷനുകളും വേണ്ട രീതിയിൽ സാമൂഹ്യ സുരക്ഷാ പദ്ധതികളും നടപ്പിലാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിയും വേണ്ട വിധത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിനാവശ്യമായ വിഭവ സമാഹരണത്തിന് വിദേശ ഏജൻസികൾ അടക്കമുള്ളവരുടെ സഹായം തേടിയിട്ടുണ്ട്. ഇവ കൂടാതെ കിഫ്ബി മുഖേനയുള്ള വിഭവസമാഹരണവും നിർമ്മാണ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.

(സി) ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) മൂലധന ചെലവ്, ക്ഷേമപെൻഷനുകൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവയ്ക്കായി ഈ സർക്കാർ 2019 ഡിസംബർ മാസം വരെയുള്ള 4 വർഷ കാലയളവിനുള്ളിൽ യഥാക്രമം 39127.40 കോടി, 19973 കോടി, 5400 കോടി രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷ കാലയളവിൽ ഈ ഇനങ്ങളിൽ യഥാക്രമം 30089.37 കോടി, 9311 കോടി, 3950 കോടി രൂപ വീതവും ചെലവഴിച്ചിട്ടുണ്ട്.

(ഇ) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ക്ഷേമപദ്ധതികൾ മുടക്കം വരാതെ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്.

സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികൾ

14 (2272) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക ഞെരുക്കത്തിന്റെ യഥാർത്ഥ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ചോർച്ച ഏതൊക്കെ വിധത്തിലാണെന്നും ആയത് കണ്ടെത്തി പരിഹരിക്കുന്നതിനുമുള്ള ശ്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സർക്കാർ സർവ്വീസിലെ കാലഹരണപ്പെട്ട തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇത്തരം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുന്നതിനും ഈ തസ്തികകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത

സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതുവിപണിയിൽനിന്നും 4908 കോടി രൂപ വായ്പ എടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മുതലുള്ള നഷ്ടപരിഹാരം ഇനിയും പൂർണ്ണമായും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച വസ്തുതകളാണ് സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നത്.

(ബി) ചരക്ക് സേവന നികുതി കേന്ദ്ര സർക്കാർ നടപ്പിലാക്കിയപ്പോൾ നികുതി ഭരണത്തിൽ സംഭവിച്ച പാളിച്ചകളാണ് നികുതി ചോർച്ചയ്ക്കുള്ള പ്രധാന കാരണം. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി. 2017-18 സാമ്പത്തിക വർഷത്തിലെയും 2018-19 സാമ്പത്തിക വർഷത്തിലെയും വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ട കാലപരിധി യഥാക്രമം 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് നീട്ടി നൽകിയത് ടി റിട്ടേണുകളുടെ പരിശോധനയിൽ കാലതാമസമുണ്ടാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ചരക്ക് വാഹനങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമായതിനാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. കൂടാതെ ഓട്ടോമാറ്റിക് നമ്പർ

പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടി വാളയാർ ചെക്ക്പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക് പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു.

വ്യാപാരികൾ ഫയൽ ചെയ്യുന്ന പ്രതിമാസ റിട്ടേണുകൾ യഥാസമയം സ്ക്രൂട്ടിനിക്ക് വിധേയമാക്കുന്നു. ജി.എസ്.ടി.ആർ.1., ജി.എസ്.ടി.ആർ.3 ബി റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഇ-വേ ബിൽ ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ ഐ.ഐ.ഐ.റ്റി.എം.കെ. എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികളും ആരംഭിച്ചു. എക്സൈസ് വകുപ്പ് നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി വകുപ്പ് നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂർ ഫീസ്/നികുതി ഈടാക്കുകയും ചെക്ക്പോസ്റ്റുകളിലും അതിർത്തി പ്രദേശങ്ങളിലും വാഹന പരിശോധന കർശനമാക്കുകയും ആയതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങൾ വിലകുറച്ച് രജിസ്റ്റർ ചെയ്ത് നികുതി നഷ്ടം വരുത്തുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഭൂമിക്ക് ന്യായവില ഏർപ്പെടുത്തുകയും ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നികുതി നഷ്ടം ഒഴിവാക്കാനായി സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്തു. ഫ്ലാറ്റുകൾ അല്ലാത്ത കെട്ടിടങ്ങൾക്കും സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതാണെന്ന് 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വില കുറച്ച് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ കേരള മുദ്രപ്പത്ര നിയമത്തിലെ വകുപ്പ് 45 ബി പ്രകാരം അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(സി) നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ് - ഇൻ - എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ

പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതോടൊപ്പം സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുമുണ്ട്.

(ഡി&ഇ) കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നിലവിലെ മാറിയ ഭൗതിക സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെട്ട തസ്തികകൾ പഞ്ചായത്തുകളിലേയ്ക്കടക്കം പുനർവിന്യസിക്കുമെന്ന് 2020-21 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം നിയമന നിരോധനമോ മരവിപ്പിക്കലോ സർക്കാർ നയമല്ല.

പ്രളയാനന്തര പുനർനിർമ്മാണത്തിന് ലോകബാങ്ക് സഹായം

15 (2273) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് ലോകബാങ്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനകം ലഭിച്ച തുക ഏതൊക്കെ മേഖലകളിലെ പുനർ നിർമ്മാണത്തിനാണ് വിനിയോഗിച്ചത്; വിശദാംശം നൽകുമോ;

(ബി) പുനർ നിർമ്മാണത്തിനുള്ള രണ്ടാം ഗഡു വായ്പ ലോകബാങ്കിൽനിന്നും എന്നത്തേക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പൊതു ധനകാര്യ രംഗം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പുനർനിർമ്മാണ പദ്ധതി കാലയളവിൽ സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെക്കുറിച്ച് തുടരെ പഠിക്കുന്നതിനും ധനകാര്യവകുപ്പുമായി ചേർന്ന് പ്രത്യേക സംഘം പ്രവർത്തിക്കുന്നതിനും ലോക ബാങ്ക് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്യൺ ഡോളർ (1779.85 കോടി രൂപ) ലഭ്യമായിട്ടുണ്ട്. സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും

ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും മത്സ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റാ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പുനർനിർമ്മാണ പദ്ധതികൾക്കാണ് തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വികസന നയവായ്പയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2020 ഏപ്രിൽ മാസത്തോടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകുന്ന പക്ഷം 2020 ജൂൺ-ജൂലൈ മാസത്തോടുകൂടി രണ്ടാം ഗഡു വികസന നയവായ്പ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) വികസന നയവായ്പയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ലോകബാങ്ക് പ്രതിനിധികളും ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്.

കരാറുകാർക്കുള്ള കുടിശ്ശിക

16 (2274) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി കരാറുകാർക്ക് കൊടുക്കുവാൻ കുടിശ്ശികയായ തുക എത്രയാണെന്ന് വകുപ്പ്/സ്ഥാപനം/ഏജൻസി തിരിച്ച് അറിയിക്കാമോ;

(ബി) സംസ്ഥാനത്തൊട്ടാകെ നിലവിൽ ഏറ്റവും കൂടുതൽ തുക കരാറുകാർക്ക് നൽകാൻ കുടിശ്ശികയായ വകുപ്പ്/സ്ഥാപനം ഏതാണെന്നറിയിക്കുമോ;

(സി) കുടിശ്ശിക തുക കരാറുകാർക്ക് നല്ലാനായി ബിൽ ഡിസ്കൗണ്ടിംഗ് രീതി നടപ്പാക്കാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര തുക ഓരോ വകുപ്പിലും/സ്ഥാപനത്തിലും കുടിശ്ശികയായി കരാറുകാർക്ക് നല്കിയിട്ടുണ്ട്; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവിധ മരാമത്ത് വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് 1-4-2019- മുതൽ 31-1-2020 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

വകുപ്പ്	കുടിശ്ശിക തുക (കോടിയിൽ)
പൊതുമരാമത്ത് (നിരത്ത് പാലം)	1206.63
പൊതുമരാമത്ത് (കെട്ടിടം)	390.9
ജലവിഭവം	156.02

ഇതിനുപുറമെ ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 586 കോടി രൂപയുടെയും deposit work ഇനത്തിലെ 81 കോടി രൂപയുടെയും മറ്റ് വകുപ്പുകൾ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 92 കോടി രൂപയുടെയും ഉൾപ്പെടെ 759 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനുണ്ട്.

(സി) മരാമത്ത് വകുപ്പുകൾക്ക് പുറമെ മറ്റ് വകുപ്പുകളിലേയും കരാറുകാർ/ വിതരണക്കാർ/അംഗീകൃത ഏജൻസികൾ/സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ കുടിശ്ശിക ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ബി.ഡി.എസ്. സംവിധാനം ആരംഭിച്ചുകൊണ്ട് 15-1-2020-ലെ സ.ഉ.(പി)നമ്പർ 7/2020/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു)* ഈ ബി.ഡി.എസ്. സംവിധാനം വഴി കുടിശ്ശിക ബില്ലുകളുടെ തുകകൾ തീർപ്പാക്കുന്ന രീതി ആരംഭിച്ചിട്ടേയുള്ളൂ.

ജി.എസ്.ടി. നഷ്ടപരിഹാരം

17 (2275) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യുടെ നഷ്ടപരിഹാരമായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അർഹതയുള്ളതെന്നും ഇതിൽ എത്രകോടി രൂപ നാളിതുവരെ ലഭ്യമായെന്നും അറിയിക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജി.എസ്.ടി. നടപ്പിലായപ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകോടി രൂപ മുൻ വർഷങ്ങളെ അപേക്ഷിച്ച് അധികമായി ലഭിച്ചു;

(സി) ജി.എസ്.ടി. ഘടനയിൽ ഏന്തെല്ലാം മാറ്റങ്ങളാണ് കേരളം നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി.-യുടെ നഷ്ടപരിഹാരമായി 2019-20 സാമ്പത്തിക വർഷം 30-09-2019 വരെ 3743 കോടി രൂപ ലഭിച്ചു. ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപയും 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷനായി 1411 കോടി രൂപയും ലഭിക്കുവാനുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഓരോ വർഷവും ലഭിച്ച ആകെ വരുമാനവും വർദ്ധനവും ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	ലഭിച്ച ആകെ വരുമാനം	വർദ്ധനവ് (തുകയിൽ)	വർദ്ധനവ് ശതമാനത്തിൽ
2017-18	38403.69	4365.33	13
2018-19	43707.51	5303.82	14
2019-20 (31-1-2020 വരെ)	36078.14	849.40	2

(സി) ഘടനാപരമായി പ്രധാനമായും ജി.എസ്.ടി. നിരക്കുകൾ വാറ്റ് കാലഘട്ടത്തിലെ combined tax incidence -മായി ഒത്തുപോകണം എന്നായിരുന്നു കേരളത്തിന്റെ വാദഗതി. ആദ്യഘട്ടത്തിൽ അപ്രകാരമാണ് നിരക്കുകൾ നിശ്ചയിച്ചത്. എങ്കിലും പിന്നീട് പ്രധാനമായും 23-ാം ജി.എസ്.ടി. കൗൺസിൽ 28 ശതമാനം നിരക്ക് നിശ്ചയിച്ചിരുന്ന പലചരക്കുകളുടെയും നികുതി 18 ശതമാനമോ അതിൽ കുറവോ ആയി നിശ്ചയിച്ചു. ഈ കുറവ് ഇപ്പോഴത്തെ വരുമാന നഷ്ടത്തിന് ഒരു കാരണമാണ്.

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വെരിഫിക്കേഷന് സാധ്യമാകുന്ന റിട്ടേൺ ഫയലിംഗ് സംവധാനം നടപ്പാക്കുന്നതിന് ജി.എസ്.ടി.എൻ.-ന് വീഴ്ച പറ്റി. ക്രെഡിറ്റ് വെരിഫിക്കേഷൻ സാധ്യമാകാത്തതുമൂലം ഈ ഇനത്തിലും വരുമാന നഷ്ടം നേരിടേണ്ടി വന്നിട്ടുണ്ട്. ഇ-വേ ബിൽ, 2017-18 വർഷത്തിലെ ആന്വവൽ റിട്ടേൺ എന്നിവ നടപ്പാക്കുന്നതിലും താമസം സംഭവിച്ചു. ലോട്ടറിക്ക് രണ്ട് നിരക്കുകൾ നിശ്ചയിച്ചതിൽ കേരളം പ്രധാന പങ്ക് വഹിച്ചു. എന്നാൽ പിന്നീട് കൗൺസിൽ യോഗം ഇത് തിരുത്തുകയുണ്ടായി. രണ്ട് നിരക്കുകൾ നിലനിർത്തണമെന്നായിരുന്നു കേരളത്തിന്റെ വാദം.

നികുതി പിരിവ്

18 (2276) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവിൽ 30 ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്ന് 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നോയെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം മാർഗ്ഗങ്ങളാണ് ഈ ലക്ഷ്യം നേടുവാൻ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മേൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എത്ര ശതമാനമാണ് നിലവിലെ വർദ്ധനവെന്ന് വ്യക്തമാക്കുമോ;

(ഡി) ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നികുതി പിരിവിൽ 30 ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്ന് 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു.

(ബി) നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയുംവേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. അപ്പീൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.

3. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.

4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതികൾ നടപ്പിൽ വരുത്തി.

5. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ വകുപ്പുകൾ, പൊതുമേഖല/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ 1-4-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി 8-3-2019-ലെ സ.ഉ.(അച്ചടി) നമ്പർ 28/2019/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.

2019-20 ബഡ്ജറ്റിൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി 1% വർദ്ധിപ്പിച്ചു. 5 വർഷമോ അതിൽ കൂടുതലോ നികുതി കുടിശ്ശികയുള്ള ട്രാൻസ്പോർട്ട്-നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള വാഹന ഉടമകളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും അതിനുശേഷവും നികുതി തുക അടയ്ക്കാത്തവരിൽനിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമവും നടത്തിവരുന്നു. നികുതി അടയ്ക്കാതെ റോഡിലിറങ്ങുന്ന വാഹനങ്ങൾ പരിശോധിച്ച് പിഴയും കുടിശ്ശികയും ഈടാക്കുന്നതിനായി എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ നികുതി അടയ്ക്കാൻ വിസമ്മതിക്കുന്ന വാഹന ഉടമകളിൽനിന്നും വാഹനങ്ങൾ പിടിച്ചെടുത്ത് ആ വാഹനങ്ങൾ ലേലം ചെയ്ത് തുക സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടുന്നുമുണ്ട്.

(സി&ഡി) ജി.എസ്.ടി.-യിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനായിട്ടില്ല. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി. ഗുണകരമാകേണ്ടതാണ്. നമ്മുടെ ഉപഭോക്തൃ വസ്തുക്കളിൽ സിംഹപങ്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. ഇവയെല്ലാം ഇ-വേ ബില്ലുവഴി തൽസമയംതന്നെ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകാത്തതിനാൽ നികുതി തട്ടിപ്പ് പൂർണ്ണമായും തടയാനായിട്ടില്ല. അതുപോലെതന്നെ വാർഷിക റിട്ടേണുകൾ ലഭിച്ചാലേ അവ സ്ക്രൂട്ടിണി ചെയ്ത് വെട്ടിപ്പ് കണ്ടെത്താനാകൂ. നീണ്ട കാത്തിരിപ്പിനൊടുവിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിലാണ് ആദ്യ വർഷത്തെ വാർഷിക റിട്ടേണുകൾ

ലഭിച്ചത്. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിനുമുമ്പ് ജി.എസ്.ടി. നിരക്കുകൾ കുത്തനെ വെട്ടിക്കുറച്ചതും തിരിച്ചടിയായി. മാന്ദ്യവും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു. ഈ വർഷത്തെ പ്രതീക്ഷിത നികുതി വരുമാനത്തിൽ 10, 10, 113 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കരുതുന്നത്.

കേന്ദ്ര നികുതി വരുമാന വിഭജനം

19 (2277) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതി വരുമാന വിഭജനം വഴി നികുതി വിഹിതത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടത്; വ്യക്തമാക്കുമോ;

(ബി) അതുപ്രകാരം ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട തുക എത്ര; അതിൽ എത്ര ലഭ്യമായി; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനങ്ങൾക്ക് നികുതിയിനത്തിൽ ഇത്രയും തുക നൽകേണ്ട തില്ലെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നിലവിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്ന നികുതി വിഹിതത്തിൽ കുറവ് വരുത്തുന്നതിന് ശ്രമിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതം എത്ര; വിശദമാക്കുമോ;

(എഫ്) ജി.എസ്.ടി. വരുമാനത്തിലെ നഷ്ടപരിഹാരം എത്ര; എത്ര ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം വിഭജിക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ (തനി) 42 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) ഇതുപ്രകാരം 2016-17 മുതൽ 2019-20 വരെ കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും സംസ്ഥാനത്തിന് ലഭിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	കേന്ദ്ര ബഡ്ജറ്റ് എസ്റ്റിമേറ്റ് (B.E)	ലഭിച്ചത് (Actual)
2016-17	14282.00	15225.02
2017-18	16891.75	16833.08
2018-19	19703.01	19038.17
2019-20	21115.14	13345.72*

*ജനുവരി 2020 വരെ

(സി&ഡി) ഇല്ല. 14-ാം ധനകാര്യ കമ്മീഷൻ വിഭജിക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ (തനി) 42% സംസ്ഥാനങ്ങൾക്ക് നൽകുന്നതിനായി ശിപാർശ ചെയ്യുകയും ഇതിന്റെ 2.50% സംസ്ഥാനത്തിന് നികുതി വിഹിതമായി ലഭിക്കുകയും ചെയ്തു. എന്നാൽ 15-ാം ധനകാര്യ കമ്മീഷൻ 2020-21-ലേയ്ക്ക് നൽകിയ ശിപാർശയിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം 41% ആയും സംസ്ഥാന നികുതി വിഹിതം ഇതിന്റെ 1.943% മായി കുറയ്ക്കുകയും ചെയ്തു.

(ഇ) ഉത്തരം (ബി) കണ്ടാലും.

(എഫ്) 2017-18 സാമ്പത്തിക വർഷത്തെ ജി.എസ്.ടി.വരുമാനത്തിലെ നഷ്ടപരിഹാരത്തുകയായ 2895.32 കോടി രൂപയും 2018-19 സാമ്പത്തിക വർഷം നഷ്ടപരിഹാരത്തുകയായി 3532 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ സംസ്ഥാനത്തിന് ലഭിക്കാനുള്ള ജി.എസ്.ടി. നഷ്ടപരിഹാര തുക 6665 കോടി രൂപയാണ്. ആയതിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 3743 കോടി രൂപ ലഭിച്ചിട്ടുണ്ട്. (ഏപ്രിൽ-മേയ് മാസത്തിൽ 862 കോടി രൂപ, ജൂൺ-ജൂലൈ മാസത്തിൽ 1284 കോടി രൂപ, ഓഗസ്റ്റ്-സെപ്റ്റംബർ 1597 കോടി രൂപ). ഒക്ടോബർ മുതൽ ജനുവരി വരെ 2922 കോടി രൂപ നഷ്ടപരിഹാരത്തുകയായി സംസ്ഥാനത്തിന് ഇനി ലഭിക്കുവാനുണ്ട്. (ഒക്ടോബർ-നവംബർ മാസത്തിൽ 1511 കോടി രൂപയും ഡിസംബർ-ജനുവരി മാസത്തിൽ 1411 കോടി രൂപയും ലഭിക്കുവാനുണ്ട്.)

ആംനസ്റ്റി പദ്ധതി

20 (2278) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി വിജയപ്രദമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്ന തുക എത്രയായിരുന്നുവെന്നും ലഭിച്ച തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം 5.86 കോടി രൂപ ലഭിച്ചു.

(ബി) പ്രസ്തുത പദ്ധതി ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ആകെ വരുമാനമായി ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 36963.92 കോടി രൂപ ലക്ഷ്യമിട്ടിരുന്നു. അതിൽനിന്നും ആംനസ്റ്റി പദ്ധതി പ്രകാരം ലഭിച്ച 5.86 കോടി രൂപ ഉൾപ്പെടെ ആകെ 34038.36 കോടി രൂപ ലഭിച്ചു.

ആംനസ്റ്റി സ്കീമുകൾ

21 (2279) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ 2019-20-ൽ വിവിധ ആംനസ്റ്റി സ്കീമുകൾ പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുന്നതിലൂടെ എന്ത് തുകയാണ് പ്രതീക്ഷിച്ചതെന്നും ഇതിനകം എന്ത് തുക ലഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) പ്രതീക്ഷിച്ച തുകയിൽ കുറവുണ്ടായിട്ടുണ്ടോയെന്നും എങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വാറ്റ്, വിൽപ്പന നികുതി തുടങ്ങിയ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ 2019-20-ൽ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു.

(ബി) 'ആംനസ്റ്റി സ്കീം' ഉൾപ്പെടെ ആകെ ഈ സാമ്പത്തിക വർഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 52959.79 കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ ആംനസ്റ്റി സ്കീം പ്രകാരം ലഭിച്ച 138.14 കോടി രൂപ ഉൾപ്പെടെ ആകെ ലഭിച്ചത് 36078.14 കോടി രൂപ (31-1-2020 വരെ) ആണ്.

(സി) ആംനസ്റ്റി സ്കീം പ്രകാരം കുടിശ്ശികകൾ അടയ്ക്കുന്നതിന് 31-3-2020 വരെ സമയം അനുവദിച്ചിട്ടുണ്ട്. ആംനസ്റ്റി സ്കീം പ്രകാരം പിരിക്കേണ്ട തുക പ്രത്യേകമായി ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല.

കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതം

22 (2280) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് നികുതി വരുമാന വിഹിതമായി എത്ര തുകയാണ് ലഭിക്കേണ്ടിയിരുന്നത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുക ഇനിയും ലഭിക്കാനുണ്ട് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്തിന് ലഭിക്കാനുള്ള കുടിശ്ശിക തുക എപ്പോൾ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന കേന്ദ്ര നികുതി വിഹിതം 20228.33 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ മാസം വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 11886.46 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ 2019-20 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾക്കനുസൃതമായ നികുതി വിഹിതം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റിയൽ എസ്റ്റേറ്റ് മേഖലയിലെ നികുതി വെട്ടിപ്പ്

23 (2281) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ കള്ളപ്പണത്തിന്റെ നിക്ഷേപങ്ങളും സർക്കാരിന് അതുമൂലം ലഭ്യമാകേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നതും റിയൽ എസ്റ്റേറ്റ് നിക്ഷേപകർ വാങ്ങുന്ന വസ്തു വില്പന നടത്തി കൂടുതൽ ലാഭമുണ്ടാക്കുമ്പോൾ ലഭിക്കുന്ന ലാഭത്തിന് നികുതി നല്കാതെ സർക്കാരിനെ കബളിപ്പിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിവിഡന്റ് വിതരണ നികുതി വാങ്ങുന്ന വ്യക്തികളിലാക്കി കബളിപ്പ് നടത്തുന്നതും ദീർഘകാല മൂലധന നേട്ട നികുതി /ഹ്രസ്വകാല മൂലധനനേട്ട നികുതി നൽകാതെ സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ അപഹരിക്കുന്നവരും ഉൾപ്പെട്ടവർ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും നികുതി വെട്ടിപ്പ് നടത്തിയവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി തുക അവരിൽ നിന്നും ഈടാക്കുന്നതിനുമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പ് നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മുനിസിപ്പൽ ലോക്കൽ ബോഡീസ്, ഇലക്ട്രിസിറ്റി ബോർഡ് മുതലായ ഏജൻസികളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തിവരുന്നു. ഇതിനായി സ്ഥിരം എൻഫോഴ്സ്മെന്റ് സംവിധാനം നിലവിലുണ്ട്. ഭൂമി കൈമാറ്റത്തിൽ പൊതുവായി നികുതി ചോർച്ച ഉണ്ടാകുവാൻ സാദ്ധ്യതയുള്ളത് ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്യുന്നത് കാരണമാണ്. അത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില ഏർപ്പെടുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തി. ഫ്ലാറ്റുകൾ അല്ലാത്ത കെട്ടിടങ്ങൾക്കും സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയം ചെയ്യുന്നതിന് കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതാണെന്ന് 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വില കുറച്ച് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ കേരള മുദ്രപത്ര ആക്ടിലെ വകുപ്പ് 45 ബി പ്രകാരം അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുകളിൽ (എ) പിരിവിൽ വിവരിച്ച നിയമവ്യവസ്ഥകളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുന്നതുകൂടാതെ ഒരു ആധാരത്തിൽ മുദ്രവില ശരിയായി അടയ്ക്കാതെ രജിസ്റ്റർ ചെയ്താൽ അത് നിയമപ്രകാരം അടയ്ക്കേണ്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതിന് 2018-ലെ ഫിനാൻസ് ആക്ടിലൂടെ കേരള മുദ്രപത്ര ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

വാർഷിക പദ്ധതിയിലെ വെട്ടിക്കുറവ്

24 (2282) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സംസ്ഥാനത്തിന്റെ അടുത്ത വാർഷിക പദ്ധതി ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വായ്പാ പരിധി ഉയർത്താത്തതും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം കിട്ടുന്നതിലെ കാലതാമസവും വിശദീകരിക്കാമോ?

ഉത്തരം

(എ) രാജ്യത്താകമാനമുള്ള സാമ്പത്തിക മാന്ദ്യത്തിന്റെയും കേന്ദ്രനികുതി വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെയും ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവിന്റെയും പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 27610 കോടി രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) എഫ്.ആർ.ബി.എം. നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2018-ലുണ്ടായ മഹാപ്രളയത്തെത്തുടർന്നുള്ള പുനർനിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ വിദേശ വായ്പ മുഖേന അധിക കടമെടുപ്പിനുള്ള അനുമതി സംസ്ഥാനത്തിന് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശിക ആറ് മാസം വൈകിയാണ് കിട്ടിയത്. നെല്ല് സംഭരിച്ചതിന് കേന്ദ്രത്തിൽനിന്നും 1035 കോടി രൂപ ലഭിക്കാനുണ്ട്. GST കോംപൻസേഷനും കുടിശ്ശികയാണ്.

സാമ്പത്തിക പ്രതിസന്ധി

25 (2283) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ശമ്പളം ഉൾപ്പെടെയുള്ളവ മുടങ്ങുന്ന നിലയിലേക്കാണ് ധനസ്ഥിതി നീങ്ങുന്നത് എന്നതും വസ്തുതയല്ലേ;

(ബി) സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ എങ്കിൽ എത്ര ശതമാനം?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്. ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽനിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ

നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ശോഷണം സംസ്ഥാനങ്ങൾ ക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാരും അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. തത്ഫലമായി വികസനക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. ശമ്പളം അടക്കമുള്ള അനിവാര്യ ഭരണച്ചെലവുകൾക്കും ക്ഷേമ വികസന ചെലവുകൾക്കും മുട്ടുണ്ടാകാതെ ട്രഷറി മാനേജ് ചെയ്ത് വരികയാണ്.

(സി) പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി 7500 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ കുറവ് വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് നടപടി

26 (2284) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം എന്തെല്ലാം പ്രവൃത്തികളാണ് വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ ബിൽ തുകയിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; ഇവ കൊടുക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പ എടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടി ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(ബി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20

സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ പബ്ലിക് അക്കൗണ്ട് കണക്കിലെടുത്ത് അനുവദനീയമായ കടമെടുപ്പ് പരിധിയിൽനിന്നും അധികരിച്ചിട്ടുള്ളതാണെന്ന നിലപാടിൽ 2019-20-ലെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽനിന്നും കേന്ദ്ര സർക്കാർ കുറവ് വരുത്തുകയുണ്ടായി.

(സി) നിലവിലെ സാമ്പത്തിക ഞെരുക്കം കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ പദ്ധതി അടങ്കൽ 30% വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിരുന്നു.

(ഡി) ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ച് പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട കരാറുകാരുടെ 2019 മാർച്ച് 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകം തന്നെ മാറി നൽകിയിട്ടുണ്ട്. 2019 ഓഗസ്റ്റ് 31 വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

കുടിശ്ശിക കാലയളവ്	തുക നൽകുന്ന തീയതി
ഏപ്രിൽ 2019	21-4-2020
മേയ് 2019	19-5-2020
ജൂൺ 2019	23-6-2020
ജൂലൈ 2019	20-7-2020
ആഗസ്റ്റ് 2019	17-8-2020

മേൽ പ്രകാരമുള്ള സമയക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ഉടനടി മാറുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

നാണ്യപ്പെരുപ്പത്തിന്റെ തോത്

27 (2285) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിലെ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പത്തിന്റെ തോത് ഓരോ വർഷവും എത്ര എന്നും ആയത് ആർ.ബി.ഐ. നിഷ്കർഷിച്ചത് എത്ര എന്നും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നാണ്യപ്പെരുപ്പത്തിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് പരിശോധിച്ചുവോ; എങ്കിൽ എന്തെല്ലാം എന്നും ആയതിനുണ്ടാക്കിയ പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും നിത്യോപയോഗ സാധനങ്ങൾക്കുൾപ്പെടെയുണ്ടായ വിലവർദ്ധനവ് വ്യക്തമാക്കുന്നതോടൊപ്പം ആയതിനുണ്ടായ കാരണം കണ്ടെത്തി അതു തടയുവാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) നാണ്യപ്പെരുപ്പം തടയുവാനും അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കാനും പ്രതികൂല കാലാവസ്ഥ കൊണ്ട് കഷ്ടപ്പെടുന്ന കർഷകർക്ക് സഹായം ഉറപ്പുവരുത്താനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പ തോത് നിർണ്ണയിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റാറ്റിസ്റ്റിക്സ് & പ്രോജക്ട്സ് ഇംപ്ലിമെന്റേഷൻ മന്ത്രാലയമാണ്. ഈ മന്ത്രാലയം 2012=100 അടിസ്ഥാന വർഷമായി കണക്കാക്കി തയ്യാറാക്കിയിട്ടുള്ള നാണ്യപ്പെരുപ്പത്തിന്റെ തോത് 2016 ജനുവരി മുതൽ 2019 നവംബർ വരെയുള്ളത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു* (അനുബന്ധം 1) റിസർവ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും നാണ്യപ്പെരുപ്പ നിരീക്ഷണ സംവിധാനം പ്രകാരം 2 ശതമാനത്തിനും 6 ശതമാനത്തിനുമിടയിൽ നാണ്യപ്പെരുപ്പതോത് നിർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതുപ്രകാരം ലക്ഷ്യമിട്ടിട്ടുള്ള മിതകാല നാണ്യപ്പെരുപ്പ നിരക്ക് 4 ശതമാനമാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പം കുറഞ്ഞ തോതിലായിരുന്നു. എന്നാൽ ഇപ്പോൾ ഇത് മിതകാല ലക്ഷ്യനിരക്കായ 4 ശതമാനത്തിനുമേൽ അധികരിച്ചിട്ടുണ്ട്.

(ബി-ഡി) കാർഷിക അസംസ്കൃത വസ്തുക്കൾ, ഗതാഗത ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവയിലുണ്ടായിട്ടുള്ള വർദ്ധനവാണ് നാണ്യപ്പെരുപ്പത്തിനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ഈ സർക്കാർ അധികാരത്തിൽവന്ന 2016 മുതൽ 2019 വരെയുള്ള കാലയളവിലെ അവശ്യ സാധനങ്ങളുടെ ചില്ലറ വിലയുടെ വാർഷിക ശരാശരി (State Average) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* (അനുബന്ധം 2)

2. 2020 ജനുവരി മാസത്തെ അവശ്യ സാധനങ്ങളുടെ ചില്ലറ വിലയുടെ മാസ ശരാശരി വിലയുടെ റിപ്പോർട്ട് ഇതൊടൊപ്പം ഉള്ളടക്കം ചെയ്യുന്നു.(അനുബന്ധം 3) *

3. കൂടാതെ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് മിനിമം വേജ് ആക്ട് 1948-ന്റെ പരിധിയിൽ വരുന്ന വ്യവസായത്തൊഴിലാളികൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന CPI (IW&AL) പ്രകാരം വിവിധ ഗ്രൂപ്പുകളുടെ സൂചികകളുടെ പട്ടികയും ഉള്ളടക്കം ചെയ്യുന്നു.* (അനുബന്ധം 4)

യഥാസമയം നെല്ല് സംഭരണം നടത്തുക, താങ്ങുവില നിശ്ചയിക്കുക തുടങ്ങിയ നടപടി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. സപ്ലൈകോ, കൺസ്യൂമർ ഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങളിലൂടെ കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിപണി ഇടപെടലുകൾ നടത്തി വരുന്നു. കൂടാതെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ബഡ്ജറ്റ് വിഹിതവും സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്.

കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതി

28 (2286) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും ഉണ്ടാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ കാരണം എന്തെല്ലാം പദ്ധതികളുടെ നടപടിക്രമങ്ങളാണ് റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ക്രമക്കേടുകൾ കാരണം അഴിമതി തടയുന്നതിന് ഓംബുഡ്സ്മാനെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് പരാതി തീർപ്പാക്കലിന് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തനത്തിന് പ്രതിവർഷം ആകെ എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനായി എത്ര തസ്തികകൾ ഏതെല്ലാം രീതിയിലാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഇല്ല. എന്നിരുന്നാലും കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തിനാൽ സംസ്ഥാനത്ത് നിർമ്മാണത്തിലിരുന്ന 17 പദ്ധതികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. നിർത്തിവയ്ക്കപ്പെട്ട പദ്ധതികളിൽ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.

1. ആയൂർ-ഇത്തിക്കര റോഡ്
2. പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡ്
3. കല്ലട്ക്ക-ചെർക്കള റോഡ്
4. പാങ്ങോട്-കടയ്ക്കൽ-ചിങ്ങേലി-ചടയമംഗലം റോഡ്
5. അമരവിള-ഒറ്റശേഖരമംഗലം റോഡ്
6. കള്ളിക്കാട്-പാറശ്ശാല ഹിൽ ഹൈവേ
7. കൈതവന-പഴയനടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ്
8. ഗവൺമെന്റ് ബോയ്സ് എച്ച്. എസ്.എസ്. കായംകുളം
9. കണ്ണശ്ശ സ്മാരക എച്ച്.എസ്.എസ്. കടപ്ര
10. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. അടൂർ
11. തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം, എടവ
12. എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ്
13. കൽപ്പറ്റ വരാമ്പറ്റ റോഡ്
14. അടൂർ ടൗൺ ബ്രിഡ്ജ്
15. കൊച്ചിൻ ക്യാൻസർ സെന്റർ, എറണാകുളം
16. കല്ലറ പാങ്ങോട് പനവൂർ പുല്ലൻപാറ വെമ്പായം പഞ്ചായത്ത് സെൻട്രൽ വാട്ടർ സപ്ലൈ സ്കീം.

(ബി) കിഫ്ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കുന്നതിനും പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതിനുമായി ഒരു പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ ഉയർന്ന തലത്തിലുള്ള ഒന്നായി ഓംബുഡ്സ്മാനെ നിയമിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) പുതിയ തസ്തികകളൊന്നും ഇപ്പോൾ സൃഷ്ടിച്ചിട്ടില്ല. ഗണ്യമായ അധിക ചെലവ് പ്രതീക്ഷിക്കുന്നില്ല.

കിഫ്ബി പദ്ധതി

29 (2287) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഡിസംബർ 31 വരെ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; ഇതിൽ ഇക്കാലയളവുവരെ എത്ര കോടി രൂപയുടെ ചെലവ് വന്നിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബി പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കേണ്ട സാഹചര്യം വന്നാൽ ആയതുകൂടി പരിഗണിച്ച് തുക നൽകുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2019 ഡിസംബർ 31 വരെ കിഫ്ബി മുഖേന 50703.10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു*. ഇതിൽ 3-2-2020 വരെ 4626.12 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ബി) കിഫ്ബി പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കേണ്ട സാഹചര്യം വന്നാൽ ആയതുകൂടി പരിഗണിച്ച് തുക നൽകുന്നതാണ്. റോഡ് പദ്ധതികൾ ഉൾപ്പെടെ സ്ഥലം ഏറ്റെടുക്കൽ അനിവാര്യമായ വിവിധ പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെയാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്.

പ്രവാസി ബോണ്ട്

30 (2288) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ ഇതിനോടകം എത്രപേർ അംഗങ്ങളായെന്നും ഇവരുടെ പങ്കാളിത്തത്തിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രവാസി ബോണ്ടിൽ ഇതിനോടകം എത്രയാളുകൾ അംഗങ്ങളായെന്ന് നിക്ഷേപമായി എത്ര കോടി ലഭ്യമായെന്നും അറിയിക്കുമോ;

(സി) ഇങ്ങനെ ലഭ്യമായ തുകയിൽ എത്രകോടി രൂപ കിഫ്ബിക്ക് കൈമാറിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.- യുടെ പ്രവാസി ചിട്ടിയിൽ ഇതുവരെ (6-2-2020) 13,966 പേർ അംഗങ്ങളായിട്ടുണ്ട്. അതിൽ 13,750 പേർ ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള മലയാളികളും 216 പേർ ഇന്ത്യയ്ക്കത്ത് കേരളത്തിന് പുറത്ത് താമസിക്കുന്ന മലയാളികളുമാണ്.

(ബി&സി) പ്രവാസി ബോണ്ട് എന്ന ഒരു ബോണ്ട് പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് നിലവിലില്ല. എന്നാൽ പ്രവാസി ചിട്ടിയിൽ അടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ. കിഫ്ബി ബോണ്ടിൽ നിക്ഷേപിക്കുകയും ചിട്ടി വിളിച്ചെടുത്ത ചിറ്റാളന് ചിട്ടിപ്പണം നൽകുന്നതിനാവശ്യമായ പണത്തിന് ബോണ്ട് കിഫ്ബിക്ക് തിരികെ നൽകുകയും ഉടനെ ചിട്ടിപ്പണം നൽകുകയുമാണ് ചെയ്യുന്നത്. കെ.എസ്. എഫ്.ഇ.-യിൽനിന്നും കിഫ്ബി ബോണ്ടുകളിലുള്ള നിക്ഷേപങ്ങളുടെ വിവരം (10-2-2020 തീയതിയിലെ കണക്കുകൾ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

ഇനം	തുക
കെ.എസ്.എഫ്.ഇ. സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി)	21.198 കോടി
കെ.എസ്.എഫ്.ഇ. ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി ചിട്ടി)	76.76 കോടി
ആകെ	97.958 കോടി

സംയുക്ത സംരംഭത്തിനുള്ള മാനദണ്ഡങ്ങൾ

31 (2289) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്രകോടി രൂപയ്ക്കു മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് സംയുക്ത സംരംഭം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ എത്രകോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കാണ് സംയുക്ത സംരംഭം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു രണ്ടിനും ഒരേ മാനദണ്ഡമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കിറ്റ്കോയ്ക്ക് എത്ര കിഫ്ബി പദ്ധതികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പ് സംവിധാനം നിലവിലിരിക്കെ ഇത്തരം സ്ഥാപനങ്ങൾക്ക് എന്തിനാണ് കരാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് നിരത്ത്, പാലം, കെട്ടിടം വിഭാഗങ്ങളിൽ നിലവിൽ 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പ്രവർത്തികൾക്കാണ് സംയുക്ത സംരംഭം സ്വീകരിക്കുന്നത്. ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ബിഡ്ഡിംഗ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. ദേശീയപാതയിലുള്ള 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ.പി.സി. വ്യവസ്ഥയിലാണ് നടപ്പിലാക്കേണ്ടത്. ഇ.പി.സി. വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കാനുള്ള ആർ.എഫ്.പി. പ്രകാരം 100 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികളിൽ മാത്രമേ സംയുക്ത സംരംഭം അനുവദിക്കുകയുള്ളൂ. കേന്ദ്ര ഫണ്ടിലുള്ള മറ്റ് പദ്ധതികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് പ്രകാരം നടപ്പിലാക്കുമ്പോൾ 25 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് സംയുക്ത സംരംഭം അനുവദനീയമാണ്.

(ബി&സി) നിലവിൽ കിഫ്ബി പദ്ധതികൾക്കൊന്നുംതന്നെ സംയുക്ത സംരംഭം സ്വീകരിക്കുന്നില്ല.

(ഡി) കിഫ്ബി മാനദണ്ഡങ്ങൾ അനുസരിച്ച് പദ്ധതി നിർവ്വഹണത്തിന് അനുയോജ്യമായ ഏജൻസികളെ തെരഞ്ഞെടുക്കുവാനുള്ള ചുമതല അതത് ഭരണ വകുപ്പുകളിൽ നിക്ഷിപ്തമാണ്. ഭരണ വകുപ്പ് കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിഫ്ബിയുടെ ധനസമാഹരണം

32 (2290) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണാർത്ഥം വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ധനസഹായം വാങ്ങിയിട്ടുണ്ടോ;

(ബി) എന്ത് തുകയാണ് ഇപ്രകാരം ലഭ്യമായതെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(സി) ലഭ്യമായ ടേം ലോണുകളുടെ പലിശക്ക് മൊറൊട്ടോറിയം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മസാല ബോണ്ട് വഴി കിഫ്ബിക്ക് ലഭിച്ച തുകയുടെ പലിശ ഉൾപ്പെടെയുള്ള തുക അടുത്ത സർക്കാരിന്റെ കാലയളവിൽ തിരിച്ചടക്കേണ്ടതുണ്ടോ; എങ്കിൽ എന്ത് തുകയാണ് അപ്രകാരം അടയ്ക്കേണ്ടിവരുന്നത്;

(ഇ) മസാല ബോണ്ട് പോലുള്ള കൂടുതൽ ബോണ്ടുകൾ കിഫ്ബിയുടെ ധനസമാഹരണത്തിനായി പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കിഫ്ബി നാളിതുവരെ ലഭ്യമാക്കിയ ലോണുകളും അവയുടെ പലിശനിരക്കും മൊറട്ടോറിയവും സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു :

നമ്പർ	സ്രോതസ്സ്	അനുവദിച്ച തുക	വിനിയോഗിച്ച തുക	നിലവിലെ പലിശ നിരക്ക് (%)	തിരിച്ചടവ് കാലാവധി	മൊറട്ടോറിയം
(1)	(2)	(3)	(4)	(5)	(6)	(7)
1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	1000	600	9	10 വർഷം	2 വർഷം

(1)	(2)	(3)	(4)	(5)	(6)	(7)
2	ഇന്ത്യൻ ബാങ്ക്	500	500	9.15	12 വർഷം	2 വർഷം
3	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ	500	500	8.95	10 വർഷം	2 വർഷം
4	സിൻഡിക്കേറ്റ് ബാങ്ക്	200	200	8.6	12 വർഷം	2 വർഷം
5	നബാർഡ്	565	200.8	9	12 വർഷം	2 വർഷം
6	കെ. എസ്. എഫ്. ഇ. സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി)	NA	21.198	8.5	5 വർഷം	-
7	കെ.എസ്. എഫ്. ഇ. ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി ചിട്ടി)	NA	74.36	8.6	3 വർഷം	-
8	നോർക്ക ഡിവിഡന്റ് സ്കീം	NA	17.93	9	-	-

(ഡി) മസാല ബോണ്ടിന്റെ കാലാവധിയായ 5 വർഷം തികയുമ്പോൾ പലിശയും മുതലും ഉൾപ്പെടെ ആകെ 3195.98 കോടി രൂപ തിരികെ അടയ്ക്കേണ്ടതായുണ്ട്.

(ഇ) ആഭ്യന്തര-അന്താരാഷ്ട്ര ധനവിപണിയെ കിഫ്ബി കൃത്യമായി നിരീക്ഷിച്ചുവരുന്നുണ്ട്. ഉചിതമായ സന്ദർഭങ്ങളിൽ ധനത്തിന്റെ ലഭ്യതയും ആവശ്യകതയും നിരക്കിനെയും അടിസ്ഥാനപ്പെടുത്തി മികച്ച സ്രോതസ്സിലൂടെ ധനസമാഹരണം നടത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. നിലവിൽ പരിസ്ഥിതി സൗഹൃദ പദ്ധതികൾക്ക് നിക്ഷേപകർ ധാരാളം ഉണ്ടെന്നിരിക്കെ ഇത്തരത്തിലുള്ള സ്രോതസ്സുകളുടെ സാധ്യതയും കിഫ്ബി തേടുന്നുണ്ട്.

കിഫ്ബിയിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം

33 (2291) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഇന്റേണൽ ആഡിറ്റ് സംവിധാനം നിലവിലുണ്ടോ; കിഫ്ബി നിലവിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ അത് പര്യാപ്തമാണോ; ഇത് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കിഫ്ബിയിലെ നിക്ഷേപകരുടെ താല്പര്യം കണക്കിലെടുത്ത് ആഡിറ്റിനായി എന്തെങ്കിലും പുതിയ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) സി. & എ.ജി.-യെ പോലുള്ള ശക്തമായ ആഡിറ്റ് സംവിധാനം സി .& എ.ജി. ഡി.പി.സി. ആക്ടിലെ വകുപ്പ് 20(2) പ്രകാരം കിഫ്ബിയിൽ ആഡിറ്റ് നടത്തുന്നത് കിഫ്ബിയിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് കൂടുതൽ സഹായകമാവില്ലേ; എങ്കിൽ അത് പ്രകാരം ആഡിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബി ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികളുടെ ബാഹുല്യം കണക്കിലെടുത്ത് നിലവിലെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്തുവാനും മെച്ചപ്പെട്ട ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം കൊണ്ടുവരുന്നതിനും 37-ാമത് കിഫ് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ചീഫ് ഓഡിറ്ററെയും ഒരു ഡെപ്യൂട്ടി അക്കൗണ്ട്സ് ഓഫീസറെയും ഇതിനോടകം നിയമിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനങ്ങൾ നിലവിൽ ഉണ്ടെങ്കിലും മസാല ബോണ്ടിന്റെ ഭാഗമായി നിക്ഷേപകരുമായിട്ടുള്ള ഉടമ്പടി പ്രകാരം പുതിയ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെയും പീർ റിവ്യൂ ഓഡിറ്റേഴ്സിനെയും നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഈ ഉടമ്പടി പ്രകാരം നിശ്ചിത കാലയളവുകളിൽ കിഫ്ബിയുടെ വിശദമായ അക്കൗണ്ട്സ് ത്രൈമാസിക, അർദ്ധവാർഷിക, വാർഷിക അടിസ്ഥാനത്തിൽ ട്രസ്റ്റി മുഖേന നിക്ഷേപകർക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ രീതിയിൽ പുതിയ ഓഡിറ്റേഴ്സിനെ തെരഞ്ഞെടുക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) മറ്റേതെങ്കിലും വ്യവസ്ഥ പ്രകാരമുള്ള സി.&എ.ജി. ഓഡിറ്റ് ബാധകമല്ലാത്ത സ്ഥാപനങ്ങൾക്കാണ് 20 പ്രകാരമുള്ള ഓഡിറ്റ് ബാധകമാവുക. വകുപ്പ് 14 പ്രകാരം കിഫ്ബിയുടെ എല്ലാ വരവ് ചെലവുകളും സമഗ്രമായി ഓഡിറ്റ് ചെയ്യുവാനുള്ള അപരിമിതവും സമഗ്രവുമായ അധികാരം സി.&എ.ജി.ക്ക് ഉണ്ട്. ആയത് നടന്നു വരികയും ചെയ്യുന്നു. ഈ സി.&എ.ജി. ഓഡിറ്റ് കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് പിൻബലമേകുന്നതാണ്. 2019-ൽ സി&എ.ജി 2 തവണ കിഫ്ബിയുടെ ഓഡിറ്റ് നടത്തിയപ്പോൾ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പെടെ എല്ലാം പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ അവർക്ക് നൽകിയിരുന്നു. ഓഡിറ്റ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സി.&എ.ജി. ആക്ട് വകുപ്പ് 14 പ്രകാരമുള്ള സമഗ്രമായ ഓഡിറ്റ് കിഫ്ബിയിൽ നടന്നുവരുന്ന സാഹചര്യത്തിൽ വകുപ്പ് 20 പ്രകാരമുള്ള ഓഡിറ്റ് ഇവിടെ പ്രസക്തമല്ല.

നിർമ്മാണ പ്രവർത്തനങ്ങൾ

34 (2292) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും കാലതാമസം വരുത്തിയതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കിഫ്ബിയുടെ മാനദണ്ഡം പാലിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തുകയും ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും ഒബ്സർവേഷൻ മെമ്മോയും അതത് സമയത്ത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകുകയും വസ്തുതാപരമായ മറുപടി ലഭ്യമാകാത്ത സമയത്ത് ബിൽ തടഞ്ഞുവയ്ക്കുന്നതടക്കമുള്ള നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തുവാൻ നിരന്തരമായി പദ്ധതി നിർവ്വഹണ ഏജൻസിയിലെ ഉന്നത ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്നുണ്ട്. സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിക്ക് കീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന വേണ്ട സഹായങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ലഭ്യമാക്കുന്നുമുണ്ട്.

കിഫ്ബി സഹായത്തോടെയുള്ള പ്രവൃത്തികളുടെ ഗുണനിലവാരം

35 (2293) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം വ്യക്തമാക്കുമോ;

(ബി) കിഫ്ബിക്ക് പ്രത്യേക സാങ്കേതിക വിഭാഗം ഇക്കാര്യത്തിനായി ഉണ്ടോ; എങ്കിൽ ഏതൊക്കെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പ്രസ്തുത വിഭാഗം പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡവും ഗുണനിലവാരവും സമയക്രമവും നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളിൽ പാലിക്കപ്പെടുന്നുണ്ടോ;

(ഡി) ഏതെങ്കിലും പ്രവൃത്തികളിൽ ഗുണനിലവാരം ഇല്ലായെന്ന കാരണത്താൽ അതിന്റെ നിർമ്മാണ പ്രവർത്തനം തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളിലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധനാ വിഭാഗം (TIW) ഉണ്ട്. പദ്ധതിയുടെ രൂപകൽപ്പന, എൻജിനീയറിംഗ്, കരാർ, ആസൂത്രണത്തിലെയും നടത്തിപ്പിലെയും ഗുണനിവാര പരിശോധന എന്നിവയൊക്കെയാണ് സാങ്കേതിക പരിശോധന വിഭാഗത്തിന്റെ ചുമതലകൾ. ഈ വിഭാഗം നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനും പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

i ഓട്ടോ ലാബ്: മെറ്റീരിയലുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും ത്രുപകൽപ്പന ചെയ്തിട്ടുള്ള സംവിധാനമാണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു.

ii ഡ്രോൺ ബേസ്ഡ് ക്വാളിറ്റി/ പ്രോഗ്രസ്സ് മോണിറ്ററിംഗ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശ ചിത്രങ്ങളെടുക്കുകയും പ്രവർത്തനങ്ങളുടെ പുരോഗതി മനസ്സിലാക്കുകയും ചെയ്യുന്നു.

iii സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്ത് പ്രവർത്തിക്കുന്ന പൂർണ്ണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിലും നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു.

iv നോൺ ഡിസ്ട്രക്ടീവ് ടെസ്റ്റിംഗ് എക്വിപ്മെന്റ്: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.

v ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റഡിയോ: പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റഡിയോ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ദൃശ്യങ്ങളെടുക്കുകയും സി.ഇ.ഒ., മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ബോർഡ് അത് വിലയിരുത്തുകയും ചെയ്യുന്നു.

vi നെറ്റ് വർക്ക് ലാബ് സിസ്റ്റം: നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് മെറ്റീരിയലുകളുടെ ആത്യാധുനിക ടെസ്റ്റിംഗ് ലാബ്.

vii ടെക്നിക്കൽ റിസോഴ്സ് സെന്റർ: സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും TIW-ന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ്.പി.വി.-കൾക്കാവശ്യമായുള്ള സാങ്കേതിക സഹായങ്ങളും സുലഭമാക്കുന്നു.

(സി) ഉണ്ട്. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും ഒബ്സർവേഷൻ മെമ്മോകളും നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ എല്ലാ നിർദ്ദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം ഒബ്സർവേഷൻ മെമ്മോകൾ പിൻവലിക്കാറുണ്ട്.

(ഡി) കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ സംസ്ഥാനത്ത് നിർമ്മാണത്തിലിരുന്ന 17 പദ്ധതികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. നിർത്തിവയ്ക്കപ്പെട്ട പദ്ധതികളിൽ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.

1. ആയൂർ-ഇത്തിക്കര റോഡ്

2. പേരാമ്പ്ര- ചെറുവണ്ണൂർ-വടകര റോഡ്

3. കല്ലട്ടക്ക-ചെർക്കള റോഡ്

4. പാങ്ങോട്-കടയ്ക്കൽ-ചിങ്ങേലി-ചടയമംഗലം റോഡ്

5. അമരവിള-ഒറ്റശേഖരമംഗലം റോഡ്

6. കള്ളിക്കാട്-പാറശാല ഹിൽ ഹൈവേ

7. കൈതവന-പഴയനടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ്

8. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്. എസ്. കായംകുളം

9. കണ്ണശ്ശ സ്മാരക എച്ച്.എസ്.എസ്. കടപ്ര

10. ഗവൺമെന്റ് ഗേൾസ് എച്ച്. എസ്.എസ്. ആറ്റിങ്ങൽ

11. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. അടൂർ.

12. തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം, എടവ

13. എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ്

14. കൽപ്പറ്റ വരാമ്പറ്റ റോഡ്

15. അടൂർ ടൗൺ ബ്രിഡ്ജ്

16. കൊച്ചിൻ കാൻസർ സെന്റർ എറണാകുളം

17. കല്ലറ പാങ്ങോട് പനവൂർ പുല്ലൻപാറ വെമ്പായം പഞ്ചായത്ത് സെൻട്രൽ വാട്ടർ സപ്ലൈ സ്കീം.

കിഫ്ബിയിൽ സി.&എ.ജി. ഓഡിറ്റ്

36 (2294) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ സി. എ.ജി. ഇതിനകം ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യമെന്ന് വെളിപ്പെടുത്താമോ;

(ബി) ഡി.പി.സി. ആക്ടിലെ ഏത് വകുപ്പ് പ്രകാരമാണ് സി. എ.ജി. പ്രസ്തുത ആഡിറ്റ് നടത്തിയതെന്ന് അറിയിക്കാമോ;

(സി) കിഫ്ബിയിൽ സമഗ്രവും വിശദവുമായ തലത്തിൽ 20(2) വകുപ്പ് പ്രകാരം സി. എ.ജി. ആഡിറ്റ് നടത്തുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട്, പ്രവാസി ചിട്ടിയിൽ നിന്നും ലഭിക്കുന്ന തുക എന്നിവ സംബന്ധിച്ച് ആഡിറ്റ് നടത്തുവാൻ സി. എ.ജി.ക്ക് സാധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ൽ സി.&എ.ജി. 2 തവണ ഓഡിറ്റ് നടത്തുകയുണ്ടായി. ഇപ്പോൾ 2020-ൽ നടന്നുവരുന്ന ഓഡിറ്റിംഗ് ഉൾപ്പെടെ 3 തവണ സി.&എ.ജി. ഓഡിറ്റിംഗിനായി വന്നിട്ടുണ്ട്.

(ബി) ഡി.പി.സി. ആക്ടിലെ വകുപ്പ് 14(1) പ്രകാരമാണ് നിലവിൽ സി.&എ.ജി. ഓഡിറ്റ് നടന്നുവരുന്നത്.

(സി) കിഫ്ബിയുടെ എല്ലാ വരവ് ചെലവുകളും സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ CAG-DPC Act സെക്ഷൻ14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് ക്വറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി.&എ.ജി. സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരുതരത്തിലും സി.&എ.ജി. ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act Section 14(1) പ്രകാരം സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല.

സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗ് ആണ് എന്നുള്ളത് സി.&എ.ജി.യുടെ ഒദ്യോഗിക വിശദീകരണക്കുറിപ്പിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act section 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)-നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിന് പ്രസക്തിയില്ല.

(ഡി) കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട്, പ്രവാസി ചിട്ടിയിൽനിന്നും ലഭിക്കുന്ന തുക എന്നിവ സംബന്ധിച്ച് ഓഡിറ്റ് നടത്തുവാൻ സി.&എ.ജി. ക്ക് സാധിക്കും.

കിഫ്ബിയിൽ സി.&എ.ജി. (ഡി.പി.സി.) ആക്ട് പ്രകാരമുള്ള ഓഡിറ്റ്

37 (2295) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ.ജി.(ഡി.പി.സി.) ആക്ട് സെക്ഷൻ 20(2) പ്രകാരം കിഫ്ബിയിൽ ആഡിറ്റ് നടത്തുവാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് സി.ആന്റ്.എ.ജി സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തീയതികളിലെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ 20(2) വകുപ്പ് പ്രകാരമുള്ള ആഡിറ്റിംഗിന് സി.എ.ജി.-ക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ആഡിറ്റ് നടത്തുന്നത് കിഫ്ബിയുടെ നിലവിലുള്ള ഏതെങ്കിലും പ്രവർത്തനത്തെ ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവർത്തനത്തെയെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബിയിൽ സി.എ.ജി.യുടെ സെക്ഷൻ 20(2) പ്രകാരമുള്ള സമഗ്ര ആഡിറ്റ് നടത്തിയാൽ നിക്ഷേപകർക്ക് അത് തെറ്റായ സന്ദേശം നൽകുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 15-3-2018, 2-8-2018, 11-2-2019 & 24-10-2019 എന്നീ തീയതികളിൽ ഈ വിഷയം സംബന്ധിച്ച എ.ജി.-യുടെ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി-ഡി) കിഫ്ബിയുടെ എല്ലാ വരവ് ചെലവുകളും സി.&എ.ജി. ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ CAG-DPC Act സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് നടന്നിട്ടുമുണ്ട്. പ്രസ്തുത ഓഡിറ്റ് സമയത്ത് ആവശ്യമായ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയും ഓഡിറ്റ് കുറികൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് കിഫ്ബിയിൽ അനുവദിക്കണമെന്ന് സി.&എ.ജി. സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. CAG-DPC Act സെക്ഷൻ 20(2)-ലെ വ്യവസ്ഥ നിയമപരമായി പരിശോധിച്ചാൽ വ്യക്തമാകുന്നത് ഒരു തരത്തിലും സി.&എ.ജി. ഓഡിറ്റിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്കാണ് സെക്ഷൻ 20(2) ബാധകമാകുന്നത് എന്നാണ്. CAG-DPC Act സെക്ഷൻ 14(1) പ്രകാരം സി.&എ.ജി.-യുടെ സമഗ്ര ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് ആവശ്യമായി വരുന്നില്ല. സെക്ഷൻ 14(1) സമഗ്രമായ ഓഡിറ്റിംഗ് ആണ് എന്നുള്ളത് സി.&എ.ജി.-യുടെ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)-നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ടി ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. സെക്ഷൻ 19, 20 എന്നിവയിലെ ഓഡിറ്റ് സാധാരണ വാർഷിക ഓഡിറ്റ് എന്ന നിലയിൽ ഒതുങ്ങുമ്പോൾ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് വിശാലവും സമ്പൂർണ്ണവുമാണ്. കിഫ്ബിയിൽ സെക്ഷൻ 14(1) പ്രകാരം സമഗ്രമായ ഓഡിറ്റ് നടന്നുവരുന്ന സാഹചര്യത്തിൽ സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റിന് പ്രസക്തിയില്ല.

അടിസ്ഥാനസൗകര്യവികസനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

38 (2296) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികവളർച്ചയുടെ അടിസ്ഥാനമായ അടിസ്ഥാനസൗകര്യ വികസനം ഊർജ്ജിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അടിസ്ഥാനസൗകര്യവികസനത്തിന് രാജ്യാന്തരതലത്തിലെ വായ്പാ സാദ്ധ്യതകൾ കൂടുതലായി ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(സി) കിഫ്ബിക്ക് ലഭിക്കുന്ന ഏറ്റവും ചെലവുകുറഞ്ഞ ഫണ്ട് ഏതാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബാങ്കുകളുടെ കൺസോർഷ്യം മുഖേന വായ്പയെടുക്കുന്നതിന് കിഫ്ബിക്ക് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനം ഊർജ്ജിതമാക്കുന്നതിനും കാര്യക്ഷമ മാക്കുന്നതിനും എല്ലാ നിയോജക മണ്ഡലങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നാളിതുവരെ 54,391 കോടി രൂപയുടെ 679 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് സുതാര്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നടത്തുക വഴി കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായും സമയബന്ധിതമായും അവ നടപ്പി ലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം വളരെ അധികം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു.

കേരളത്തിലെ ദേശീയപാത വികസന പദ്ധതികളിൽ ഭൂമി ഏറ്റെടുപ്പ് പ്രവർത്തികൾക്കായുള്ള ധനലഭ്യത ഒരു വിലങ്ങുതടിയാകുകയും ഇത് പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലവിളംബം ഉണ്ടാക്കുകയും ചെയ്ത സാഹചര്യ ത്തിലാണ് കിഫ്ബിയുടെ ധനസഹായം കൂടി ഉൾപ്പെടുത്തുവാനുള്ള സാധ്യതകൾ തേടിയത്. ഇത്തരത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കലിനായി വേണ്ടിവരുന്ന തുകയുടെ 25% കിഫ്ബി മുഖേന വഹിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനി ക്കുകയായിരുന്നു. കേരളത്തിൽ ദേശീയപാതകളുടെ വികസനത്തിന് ഇതൊരു സുപ്രധാന പങ്കുവഹിക്കും. സാമൂഹ്യ സേവന മേഖലകളിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതിവിതരണം എന്നീ മേഖലകളിൽ 154 പദ്ധതികളിലേയ്ക്കായി 10321 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാമൂഹിക നിലവാര സൂചികകളിൽ തുടർന്നും മെച്ചപ്പെട്ട നില ഉറപ്പുവരുത്തുവാൻ കേരളത്തിന് കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾ സഹായകമാകും എന്നതിൽ സംശയമില്ല.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് രാജ്യാന്തരതലത്തിലെ വായ്പാ സാധ്യതകൾ ഉചിതമായി ഉപയോഗപ്പെടുത്തുവാൻ സർക്കാർ ശ്രമിച്ചുവരുന്നു.

(സി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി (സെക്യൂരിറ്റി ബോണ്ട്)-ലൂടെ സമാഹരിച്ച തുകയാണ് നിലവിൽ കിഫ്ബിയുടെ ഏറ്റവും ചെലവുകുറഞ്ഞ ഫണ്ട്.

(ഡി) നിലവിൽ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വായ്പയൊന്നുംതന്നെ കിഫ്ബി ലഭ്യമാക്കിയിട്ടില്ല. പൊതുമേഖലാ ബാങ്കുകളിൽ നിന്ന് വായ്പകൾ ക്ഷണിച്ച സാഹചര്യത്തിൽ കൺസോർഷ്യം മുഖേനയുള്ള വായ്പകളും ക്ഷണിച്ചിരുന്നു.

കിഫ്ബിയെക്കുറിച്ച് ബോധവൽക്കരണം

39 (2297) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനും കിഫ്ബിയെക്കുറിച്ച് അവലോകനം ചെയ്യുന്നതിനും ഈ അടുത്തക്കാലത്ത് ജില്ലാതലത്തിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഈ പരിപാടിയിൽ പങ്കെടുത്ത മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിപാടികൾകൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയതും എന്നാൽ വർഷങ്ങളായി സാങ്കേതികത്വത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നതുമായ ഏതെല്ലാം പദ്ധതികളുടെ തടസ്സങ്ങൾ നീക്കാൻ ഈ പരിപാടികൊണ്ട് സാധിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ പരിപാടികൾ സംഘടിപ്പിക്കാൻ ചെലവായ തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഞ്ച് വർഷം കൊണ്ട് 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പിന് കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സമഗ്രവും സുദൃഢവും സുസ്ഥിരവുമായ വികസന യജ്ഞവുമായി ആധുനിക കേരളത്തിന് കരുത്തേകുന്ന സംരംഭമായ കിഫ്ബി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും കിഫ്ബിയിലൂടെയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള പ്രദർശനങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തിരുവനന്തപുരത്തും കാസർഗോഡും സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി തുടർന്ന് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതാണ്.

തിരുവനന്തപുരത്തും കാസർഗോഡും സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി എന്നീ മന്ത്രിമാരും ഇരു ജില്ലകളിലേയും എം.എൽ.എ.-മാരും പങ്കെടുത്തിരുന്നു. കൂടാതെ കിഫ്ബിയിൽനിന്നും വിവിധ എസ്.പി.വി.-കളിൽനിന്നുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു. എസ്.പി.വി.-കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ മോഡലുകൾ ജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുക വഴി, സ്വന്തം ജില്ലയിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി സ്വീകരിക്കുന്ന നൂതന മാർഗ്ഗങ്ങളെക്കുറിച്ചും വിവിധ ധന സമാഹരണ മാർഗ്ഗങ്ങളെ കുറിച്ചും പൊതുജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുവാൻ ബോധവൽക്കരണ പരിപാടിയിലൂടെ സാധിക്കുന്നു. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി നടത്തുന്ന പദ്ധതി അവലോകന യോഗങ്ങൾ വഴി നിയമസഭാ സാമാജികർക്ക് അവരവരുടെ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചും അതിന്മേലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും എസ്.പി.വി. ഉദ്യോഗസ്ഥരുമായും കിഫ്ബി ഉദ്യോഗസ്ഥരുമായി സംവദിക്കുന്നതിനും സാധിക്കുന്നു.

(സി) തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിലാണ് കിഫ്ബി പദ്ധതികളുടെ ബോധവൽക്കരണ പരിപാടിയായ 'കേരള നിർമ്മിതി' നടന്നിട്ടുള്ളത്. ഇതിനോടനുബന്ധിച്ച് ഈ ജില്ലകളിലെ കിഫ്ബി പദ്ധതികളുടെ അവലോകന യോഗവും നടന്നിരുന്നു. കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുന്നതായും ഭൂരിഭാഗം പദ്ധതികളും ഈ വർഷം തന്നെ പൂർത്തിയാക്കാൻ സാധിക്കുമെന്നും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിച്ചിട്ടുള്ള പ്രായോഗികമായ പദ്ധതികളുടെ പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി നടപ്പാക്കിവരികയാണ്. വർഷങ്ങളായി സാങ്കേതികത്വത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC Chavara)-നെയാണ് പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ളത്. അവർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 86,05,333 രൂപയാണ് ഒരു പ്രോഗ്രാമിന് ചെലവ് വരുന്നത്. എല്ലാ ജില്ലകളിലും നടത്താനുദ്ദേശിക്കുന്ന ബോധവൽക്കരണ പരിപാടികൾക്കായി 1,71,76,369 രൂപയാണ് നാളിതുവരെ ചെലവഴിച്ചിരിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലമ്പൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

40 (2298) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വന്നതിനുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ, അവയുടെ എസ്റ്റിമേറ്റ് തുകയടക്കം വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഇതിനായി ഇതുവരെ വിനിയോഗിച്ച തുകയും പദ്ധതി പൂർത്തീകരണ തീയതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി 6 പദ്ധതികളിലായി 303.01 കോടി രൂപയുടെ ധനാനുമതി നൽകി. കളത്തുംകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതി മാത്രമാണ് നിലവിൽ കിഫ്ബി അപ്രൈസൽ വിഭാഗത്തിന്റെ പരിഗണനയിലുള്ളത്. പദ്ധതികളുടെ പ്രവർത്തന പുരോഗതിയും പ്രവൃത്തി ആരംഭിച്ച പദ്ധതികളുടെ പൂർത്തീകരണ തീയതിയും പദ്ധതികൾക്ക് ഇതുവരെ വിനിയോഗിച്ച തുക ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണത്തിലിരുന്ന കെട്ടിടം തകർന്നുവീണ സംഭവം

41 (2299) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നിർമ്മാണം നടക്കുന്ന കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ കെട്ടിടം തകർന്നു വീണ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു പ്രോജക്ട് ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന് നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം സർക്കാർ നടപ്പിലാക്കിയിരുന്നോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതിക പരിശോധന കിഫ്ബി നടത്താറുണ്ടോ; എങ്കിൽ കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കെട്ടിടനിർമ്മാണത്തിലെ അഴിമതിയും ഗുരുതരമായ അനാസ്ഥയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെട്ടിടത്തിന്റെ ഒരു ഭാഗം കോൺക്രീറ്റ് ചെയ്യവെ തകർന്നുവീണ സംഭവം ഉണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു പ്രോജക്ട് ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന് നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ നിർദ്ദേശം കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ഭരണ വകുപ്പിനും ഭരണവകുപ്പ് നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസിക്കുമാണ് നിർമ്മാണ പ്രവർത്തികളുടെ ഉത്തരവാദിത്വം.

(സി) ഉണ്ട്. കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാര മില്ലാത്തതിനാൽ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

(ഡി) ടി വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവിന്റെ കത്ത് കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

42 (2300) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിൽ ഇനിയും കിഫ്ബി അംഗീകാരം ലഭ്യമാകാത്തവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി അംഗീകാരം ലഭിക്കാത്ത പ്രവൃത്തികൾക്ക് എന്തുകൊണ്ടാണ് കിഫ്ബി അംഗീകാരം വൈകുന്നത് എന്നറിയിക്കാമോ;

(സി) ഇനിയും കിഫ്ബി അംഗീകാരം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി അംഗീകാരം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് വേഗത്തിൽ കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭാംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുന്നു. വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പെടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. മേൽപ്പറഞ്ഞിരിക്കുന്ന പദ്ധതി അവലോകനം പരമാവധി വേഗത്തിലാണ് കിഫ്ബി നടത്തുന്നത്.

പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

43 (2301) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇനിയും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; പ്രസ്തുത പദ്ധതികൾ എന്ന് ആരംഭിക്കുവാൻ ആണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതികളുടെ നിർവ്വഹണ ചുമതല പദ്ധതി നിർവ്വഹണ ഏജൻസിയിൽ നിക്ഷിപ്തമാണ്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ കിഫ്ബിയിൽ നടത്താറുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കിഫ്ബി പദ്ധതികൾ

44 (2302) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഇനിയും അനുമതി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ നിലവിലെ സ്ഥിതി ഉൾപ്പെടെ അനുബന്ധം 1 ആയി ചേർക്കുന്നു. *

(സി) കിഫ്ബിയിൽ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും കിഫ്ബിയുടെ പരിഗണനയിൽ ഇരിക്കുന്നതുമായ തിരുവനന്തപുരം ജില്ലയിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

തിരുവനന്തപുരം ജില്ലയിലെ കിഫ്ബി പദ്ധതികൾ

45 (2303) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ആയതിലേക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്നും വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളും ആയതിലേയ്ക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകയും ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് തുക

46 (T2304) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറാത്തതു കാരണം കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റി, എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള തുക കെട്ടിവയ്ക്കാത്തതുകാരണം പൊതുമരാമത്ത് വകുപ്പ് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകാത്തതും കുഴിച്ച റോഡുകൾ തിരികെ ടാർ ചെയ്യുന്നതിനുള്ള കാലതാമസം സംഭവിക്കുന്നതും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി ആസ്തി വികസന പദ്ധതി അനുസരിച്ച് ആവശ്യമായ തുക സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സമയബന്ധിതമായി പണം അനുവദിച്ച് നൽകുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിച്ചുവന്നിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുന്ന ബില്ലുകൾക്ക് ജില്ലാവിഭവ വകുപ്പ് സെക്രട്ടറി നിയന്ത്രണാധികാരിയായിട്ടുള്ള 4215-01-800-93-Projects under LAC

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ADS (NP) എന്ന ശീർഷകത്തിൽനിന്നാണ് തുക അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം (2019-20) മേൽ ശീർഷകത്തിൽ 20 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽനിന്ന് ലഭ്യമായതും ജലവിഭവ വകുപ്പ് പേയ്മെന്റിനായി ശിപാർശ ചെയ്തതുമായ ബില്ലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 15 കോടി രൂപ റിലീസ് ചെയ്ത് നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള ക്ഷേത്രക്കുളം നവീകരണം

47 (2305) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രത്തിലെ ക്ഷേത്രക്കുളത്തിന് സംരക്ഷണഭിത്തി നിർമ്മിച്ച് നവീകരണം നടത്തുന്നതിനുള്ള പ്രവർത്തി നിയോജകമണ്ഡല ആസ്തി വികസന നിധി വിനിയോഗിച്ച് നിർവ്വഹിക്കുന്നതിന് സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

20-8-2019-ലെ സ.ഉ.(അച്ചടി)നമ്പർ 109/2019/ധന പ്രകാരം ജലസംരക്ഷണത്തിന്റെ ഭാഗമായി വാട്ടർ ഷെയർ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രകുളങ്ങൾ/ആരാധനാലയങ്ങളുടെ കുളങ്ങൾ നവീകരിക്കുന്നതിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള ആംബുലൻസ് അനുവദിക്കൽ

48 (2306) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പട്ടാമ്പി താലൂക്ക് ആശുപത്രിയ്ക്കും, കൊപ്പം പി.എച്ച്.സിയ്ക്കും ആംബുലൻസ് അനുവദിക്കുന്നതിന് നൽകിയ ശിപാർശയിൻമേൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് വളരെയധികം കാലതാമസം എടുക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ടെണ്ടർ നടപടികളിൽ പ്രതിപാദിച്ചിട്ടുള്ള സമയത്തിനുള്ളിൽ മറ്റു നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കാലയളവിൽ വാഹന വിലയിൽ വർദ്ധനവ് വരുന്നത് കാരണം നടപടിക്രമങ്ങൾ വീണ്ടും ആവർത്തിക്കേണ്ടി വരുന്നത് പിന്നെയും കാലതാമസം സൃഷ്ടിക്കുന്നതിനാൽ ഇത്തരം കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) 8-2-2019-ലെ സ.ഉ.(സാധാ)നമ്പർ 939/2019/ധന പ്രകാരം പട്ടാമ്പി നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളായ താലൂക്ക് ആശുപത്രി, കൊപ്പം പി.എച്ച്.സി. എന്നീ സ്ഥാപനങ്ങളിൽ ആംബുലൻസ് വാങ്ങുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ 2017-18 ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതിയും പാലക്കാട് ജില്ലാ കളക്ടറുടെ 7-3-2019-ലെ ഉത്തരവ് നമ്പർ ആർ.ഡി.1-310(1)/ 2018, 3-9-2019-ലെ ഉത്തരവ് നമ്പർ ആർ.ഡി.1-310/18 എന്നീ നടപടി ക്രമങ്ങൾ പ്രകാരം ഭരണാനുമതിയും നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി താലൂക്ക് ആശുപത്രി, കൊപ്പം പി.എച്ച്.സി. എന്നീ സ്ഥാപനങ്ങളിലേയ്ക്ക് അനുവദിച്ച വാഹനങ്ങൾ ഷോറൂമിൽനിന്നും എടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമായി 35,14,000 രൂപ അനുവദിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നൽകേണ്ടുന്ന തുക നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിക്കുന്ന പ്രകാരം താമസംവിനാ അനുവദിച്ചുനൽകിവരുന്നു.

ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ

49 (2307) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ നൽകുന്നതിന് വിലയുടെ കാര്യത്തിലും ഗ്യാരണ്ടിയുടെ കാര്യത്തിലും ഏകീകൃത നിബന്ധനകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം അംഗീകൃത ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് PRICE Software ഉപയോഗിച്ചാണ്. ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുംശേഷം ടെണ്ടർ ചെയ്താണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ മാർക്കറ്റ് നിരക്കുകൾ താരതമ്യം ചെയ്ത് പൊതുവായ ഒരു സ്പെസിഫിക്കേഷൻ/റേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പൊതുമരാമത്ത് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ ആയത് തയ്യാറാക്കുകയും നിരക്കുകൾ PRICE Software-ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ PRICE Software മുഖേനയാണ് തയ്യാറാക്കുന്നത്. കൂടാതെ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ ഒരു പ്രധാന ഇനമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM (Government e Marketplace) പോർട്ടൽ വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) Electro Mechanical മേഖലയിൽ അക്രെഡിറ്റേഷൻ ലഭിച്ച ഏജൻസികൾ വഴി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്. നിലവിൽ SILK, KEL എന്നീ ഏജൻസികൾക്ക് ഈ മേഖലയിൽ അക്രഡിറ്റേഷനുണ്ട്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് പദ്ധതികൾ

50 (2308) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന, 2016-17 മുതൽ 2019-20 വരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ബാക്കി നൽകുവാനുള്ള തുക എത്രയാണ്; ഓരോ പദ്ധതിയിലെയും സേവിംഗ്സ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം പ്രസ്തുത മണ്ഡലത്തിൽ ഇനി എത്ര തുകയ്ക്കുള്ള പദ്ധതികൾക്ക് ശിപാർശ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2019-20 വർഷത്തിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം 5 കോടി രൂപയുടെ പ്രവൃത്തികൾ ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ 2019-20 വർഷത്തിൽ ഇനി പ്രവൃത്തികൾ ശിപാർശ ചെയ്യുവാൻ സാധിക്കുകയില്ല.

ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം

51 (2309) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം നിർമ്മിക്കുന്നതിനായി മ്യൂസിയം വകുപ്പിൽനിന്നും ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് പ്രത്യേക അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിൽ ട്രാംവെ റെയിൽ മ്യൂസിയം നിർമ്മാണം എന്ന പ്രവൃത്തി സംബന്ധിച്ച വിഷയം എൻ.സി.സി-3/45/2019/ധന എന്ന ഫയലിൽ പരിശോധിക്കുകയും 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പ്രവൃത്തി അനുവദനീയമല്ലാത്തതിനാൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിൽ ട്രാംവെ റെയിൽ മ്യൂസിയ നിർമ്മാണം എന്ന പ്രവൃത്തിക്ക് അനുമതി നൽകുവാൻ നിർവ്വാഹമില്ലായെന്ന വിവരം 4-1-2020-ലെ എൻ.സി.സി.3/45/2019/ധന നമ്പർ കത്ത് മുഖേന ബഹുമാനപ്പെട്ട എം.എൽ.എ.യെ അറിയിച്ചിട്ടുള്ളതാണ്.

ആസ്തിവികസന ഫണ്ടിൽനിന്നും പി.എം.സി. രീതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

52 (2310) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും പി.എം.സി. രീതിയിൽ അക്രെഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വർക്ക് ഓർഡർ കരാറുകാർക്ക് നൽകുന്നത് ഏത് ഏജൻസിയാണ്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം പ്രവൃത്തികളുടെ എം.ബുക്ക് തയ്യാറാക്കി ജി.എസ്.ടി. പോർട്ടലിൽ സമർപ്പിക്കുമ്പോൾ ആരുടെ ജി.എസ്.ടി. നമ്പരിൽ പ്രവൃത്തി കാണിക്കണം എന്ന് വിശദീകരിക്കുമോ;

(സി) കരാറുകാർ പി.എം.സി. രീതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ എം. ബുക്ക് പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം തയ്യാറാക്കി സമർപ്പിക്കുമ്പോൾ ജി.എസ്.ടി. ഇൻവോയിസിന്റെ ഇൻപുട്ട് ടാക്സ് എടുക്കുന്നതിന് ആർക്കാണ് അധികാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ് സ്കൂൾ നിയമനങ്ങളുടെ പരിശോധന

53 (2311) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂൾ നിയമനങ്ങൾ പരിശോധിക്കാൻ സംസ്ഥാന ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് പരിശോധന നടത്താൻ തിരുമാനിച്ചിട്ടുള്ളത്; അറിയിക്കാമോ?

ഉത്തരം

ഇല്ല, സ്കൂൾ അദ്ധ്യാപക തസ്തിക നിർണ്ണയം ചട്ടപ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പാക്കുന്നതിനുള്ള സർക്കാർ നിയന്ത്രണം ശക്തമാക്കുന്നതിനെ സംബന്ധിച്ചാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചത്. ആയത് നടപ്പിലാക്കുന്നതിനുവേണ്ട നടപടി കൂടിയാലോചിച്ച് കൈക്കൊള്ളുന്നതാണ്.

മെഡിസെപ് പദ്ധതി നടപ്പിലാക്കുവാനുള്ള കാലതാമസം

54 (2312) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രഖ്യാപനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തത് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ പദ്ധതി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികൾ താൽപര്യപത്രം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് പദ്ധതി നടത്തിപ്പിനായി നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മെഡിസെപ് പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടി നിലവിൽ പുരോഗമിച്ചുവരുന്നു. റീ-ടെണ്ടർ നടപടികളുടെ ഭാഗമായി IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ വിവിധ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താൽപര്യപത്രം ക്ഷണിക്കുകയുള്ളൂ.

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി

55 (2313) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനപരിശോധിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; സമിതിയുടെ ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചിരുന്നോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ പൊതുജനങ്ങളിൽനിന്നും അഭിപ്രായം ശേഖരിക്കുന്നതിന് സമിതി എന്തെങ്കിലും നടപടികളുമായി മുന്നോട്ട് പോകുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യത്തിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുന്നതിന് പകരം പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സമിതിയുടെ ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയെ നിയമിച്ചുകൊണ്ടുള്ള സർക്കാരിന്റെ 7-11-2018-ലെ സ.ഉ.(അച്ചടി) നമ്പർ 172/2018/ധന ഉത്തരവിന് അനുബന്ധമായി സമിതിയുടെ ടേംസ് ഓഫ് റഫറൻസ് വ്യക്തമാക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഇക്കാര്യത്തിൽ സംഘടനകളിൽനിന്നും പൊതുജനങ്ങളിൽ നിന്നും അഭിപ്രായം ശേഖരിക്കുന്നതിലേയ്ക്കായി ഒരു ചോദ്യാവലി തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുകയും പ്രസ്തുത വിവരം പത്രമാധ്യമങ്ങൾ മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി ചോദ്യാവലിക്കുള്ള മറുപടി 2020 മാർച്ച് 7-നകം സമിതിയുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണെന്നാണ് അറിയിച്ചിട്ടുള്ളത്. സമിതി തയ്യാറാക്കിയ ചോദ്യാവലിക്ക് പൊതുജനങ്ങൾക്കും ജീവനക്കാർക്കും സംഘടനകൾക്കും മറുപടി ലഭ്യമാക്കുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് വ്യത്യസ്തവും സമഗ്രവുമായ അഭിപ്രായങ്ങൾ സ്വരൂപിക്കാൻ അതുവഴി സാധിക്കും.

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള, പെൻഷൻ ചെലവുകൾ

56 (2314) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-2014 മുതൽ 2018-2019 വരെ ഓരോ വർഷവും സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലും എത്ര രൂപ ചെലവായെന്ന് ഇനം തിരിച്ചും വർഷംതിരിച്ചും അറിയിക്കാമോ?

ഉത്തരം

2013-14 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലുമുള്ള ചെലവിന്റെ വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	ശമ്പളം	പെൻഷൻ
2013-14	19340.98	9971.27
2014-15	21410.92	11252.67
2015-16	23524.85	13062.86
2016-17	28044.75	15277.03
2017-18	31905.92	19938.41
2018-19	31510.37	19011.94

ജീവനക്കാരുടെ വ്യത്യസ്ത വിരമിക്കൽ പ്രായം

57 (2315) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയ 2013 ഏപ്രിൽ ഒന്നിന് മുമ്പ് സർവ്വീസിൽ ചേർന്നവർക്ക് അമ്പത്തിയാറ് വയസ്സും പങ്കാളിത്ത പെൻഷൻ നടപ്പാക്കിയശേഷം ചേർന്നവർക്ക് അറുപത് വയസ്സും കെ.എ.എസ്.ൽ പ്രവേശിക്കുന്നവർക്ക് അമ്പത്തിയെട്ട് വയസ്സും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്ക് അറുപത്തിരണ്ട് വയസ്സും ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് അറുപത് വയസ്സും എന്നിങ്ങനെ അഞ്ചുതരം വിരമിക്കൽ പ്രായം ആണെന്ന കാര്യം പരിശോധിക്കുമോ;

(ബി) പെൻഷൻ പ്രായവർദ്ധനവ് എന്ന വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ള വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ഇതര സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ധനകാര്യവകുപ്പിന് കത്ത് നൽകിയവർ ആരെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പെൻഷൻ പ്രായ വർദ്ധനവ് പരിഗണനയിലില്ല.

(സി)
1. കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ
2. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് (KLDB)
3. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)
4. കേരള അഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട്സ് ലിമിറ്റഡ് (KAFP)
5. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO)
6. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS)
7. ആരോഗ്യ വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർ
8. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ അക്കാദമിക് സ്റ്റാഫ്
9 കൊരട്ടി ഗാന്ധി ഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ പേഷ്യന്റ് എംപ്ലോയീസ് ഗ്രേഡ് -2 ജീവനക്കാർ

(ഡി)
1. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്(KLDB)
2. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)
3. കേരള അഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട്സ് ലിമിറ്റഡ് (KAFP)
4. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO)
5. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS)
6. ആരോഗ്യ വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർ (തൊഴിൽ വകുപ്പ് മുഖാന്തരം)
7. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ അക്കാദമിക് സ്റ്റാഫ് (ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖാന്തരം)
8. കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ പേഷ്യന്റ് എംപ്ലോയീസ് ഗ്രേഡ്-2 ജീവനക്കാർ (ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖാന്തരം)

ബ്യൂറോക്രസിയെ റൈറ്റ് സൈസ് ചെയ്യുന്നതിന് നടപടി

58 (2316) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വികസന അതോറിറ്റികളെ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രസ്തുത വികസന അതോറിറ്റികളുടെ ആവശ്യകതയും അവയുണ്ടാക്കുന്ന അധിക ബാദ്ധ്യതയും പരിശോധനാവിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനം നേരിടുന്ന കടുത്ത ധനപ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന ബ്യൂറോക്രസിയിൽ അത്യാവശ്യമുള്ള തസ്തികകളും അതിന് വേണ്ടുന്ന ജീവനക്കാരെ മാത്രം ഉൾകൊള്ളിച്ചും റൈറ്റ് സൈസിംഗ് ചെയ്യുന്നതിനാവശ്യമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ചില വകുപ്പുകളിൽ അനർഹമായ പ്രൊമോഷനും ആനുകൂല്യങ്ങളും നേടുന്നതിനായി ചില ജീവനക്കാർ ലീവെടുത്ത് മറ്റുള്ളവർക്ക് പ്രൊമോഷൻ തരപ്പെടുത്തുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; ആയത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വികസന അതോറിറ്റികളിൽ തിരുവനന്തപുരം വികസന അതോറിറ്റി (TRIDA), ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (GCDA) എന്നിവ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ അതോറിറ്റികളുടെ നിലവിലെ പ്രവർത്തനങ്ങളും ആവശ്യകതയും പരിശോധിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) സാമ്പത്തിക പ്രതിസന്ധി പരിഗണിച്ച് ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ വിവിധ വകുപ്പുകളിൽ ആവശ്യമുള്ള തസ്തികകൾക്ക് പുറമെ അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ജീവനക്കാർക്കും പെൻഷൻകാർക്കും ഇടക്കാലാശ്വാസം

59 (2317) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ശമ്പളപരിഷ്കരണ റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കണമെന്നാണ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടുള്ളത്; പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് ലഭ്യമാകുവാൻ കാലതാമസമുണ്ടാകുമെന്നതിനാൽ ജീവനക്കാർക്കും പെൻഷൻകാർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 6-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന. പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മീഷനോട് നിർദ്ദേശിച്ചിട്ടുള്ളത്. കമ്മീഷന്റെ കാലാവധി നീട്ടി നൽകിയിട്ടില്ല.

(സി) പരിഗണനയിൽ ഇല്ല.

വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ്

60 (2318) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാഭ്യാസ വായ്പ നിലവിൽ വിദ്യാർത്ഥികൾക്ക് പ്രതികൂലമായി മാറിയെന്നത് വസ്തുതയല്ലേ;

(ബി) വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുന്ന കാര്യത്തിൽ സമ്മർദ്ദം പാടില്ലെന്ന് നിർദ്ദേശം ഉണ്ടെങ്കിലും എല്ലാ തരം വായ്പകളുടെയും തിരിച്ചടവ് കർശനമാക്കുവാൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2013-14 ൽ തൊഴിലില്ലായ്മ 2.9 ആയിരുന്നത് ഇപ്പോൾ 6.1 ആയി വർദ്ധിച്ചത് വായ്പ എടുത്ത് പഠനം പൂർത്തിയാക്കിയവരുടെ തിരിച്ചടവിനെ കാര്യമായി ബാധിച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി ബാങ്കുകൾ ലഭ്യമാക്കുന്ന വിദ്യാഭ്യാസ വായ്പ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്നാണ് പൊതുവേ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

(ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് കർശനമാക്കുവാനുള്ള പ്രത്യേക നിർദ്ദേശങ്ങൾ റിസർവ് ബാങ്കിൽനിന്നും ബാങ്കുകൾക്ക് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് സംസ്ഥാന ബാങ്കേഴ്സ് സമിതി അറിയിച്ചിട്ടുണ്ട്.

(സി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

61 (2319) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ള മങ്കട നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട എത്ര പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇത്തരത്തിൽ നൂറ് രൂപ ടോക്കൺ പ്രൊവിഷനുള്ള മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ എത്ര രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ പരിശോധിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തിൽ മങ്കട മണ്ഡലത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷനുള്ള ഒരു പ്രവൃത്തിയാണ് ഉണ്ടായിരുന്നത്. ആയതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല.

(ബി) ഇത്തരത്തിൽ നൂറ് രൂപ ടോക്കൺ പ്രൊവിഷനുള്ള മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ സംബന്ധിച്ച് ഫയലുകളൊന്നുംതന്നെ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ പരിഗണനയിലില്ല.

മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

62 (2320) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 20 ശതമാനം ഫണ്ട് അനുവദിച്ച മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട വരിയാപുരം, അങ്ങാടിപ്പുറം, ഏറാക്കോട്, മലമ്പുർ റോഡ് നവീകരണത്തിന് ഈ സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകാത്തതിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷത്തിൽ 20% ഫണ്ട് അനുവദിച്ച മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരങ്ങളും പുരോഗതിയും അനുബന്ധമായി* നൽകിയിരിക്കുന്നു.

(സി) 20% തുക വകയിരുത്തിയിരിക്കുന്ന പ്രവർത്തികൾക്ക് നടപടിക്രമങ്ങൾ പാലിച്ചാണ് ഭരണാനുമതി നൽകിവരുന്നത്.

വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ്

63 (2321) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ചില വേയ്സ് & മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.

കുറുവയിലെ കീരൺകുണ്ട് പാലം നിർമ്മാണം

64 (2322) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ലഭിച്ച കുറുവയിലെ കീരൺകുണ്ട് പാലം (ചോഴിപ്പാലം) നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ശിപാർശ ചെയ്ത് നിലവിൽ ധനകാര്യ വകുപ്പിലുള്ള ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന് സാങ്കേതികമായി എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ട് ഭരണ വകുപ്പിന് നൽകാമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2019-20 വർക്സ് ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ മങ്കട നിയോജകമണ്ഡലത്തിലെ കീരൺകുണ്ട് പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് 350 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു.

കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയ്ക്ക് ബദൽ പാത

65 (2323) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഷകാലത്ത് സ്ഥിരമായി മണ്ണിടിഞ്ഞ് ഗതാഗത തടസ്സം ഉണ്ടാകുന്ന കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയ്ക്ക് ബദലായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകല്ല്-മുണ്ടേരി-അപ്പൻകാപ്പിൽ നിന്നും തമിഴ്നാട്ടിലെ പന്തല്ലൂരിലേക്കുള്ള ബദൽ പാതയ്ക്ക് സർവ്വേക്കും സാധ്യതാ പഠനത്തിനുമായി പ്രൊപ്പോസൽ സമർപ്പിച്ചാൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ഉത്തരം

സാധ്യതാപഠന റിപ്പോർട്ടും പദ്ധതി വിഹിതത്തിന്റെ ലഭ്യതയും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ

66 (2324) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽനിന്നും ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വാർഷിക ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ 923 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതായും 2017-18 കാലയളവിൽ അനുവദിച്ച 946 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നു വരികയാണെന്നും 2018-19, 2019-20 എന്നീ കാലയളവുകളിൽ 200 ലക്ഷം രൂപ വീതം വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നതായും പൊതുമരാമത്ത് (നിരത്ത്) വിഭാഗം അറിയിച്ചിരിക്കുന്നു. ഇതിനുപുറമെ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് വഴിയുള്ള മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയും* MLA-മാരുടെ ആസ്തി വികസന പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധം-II ആയും ചേർക്കുന്നു.*

വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ

67 (2325) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ച വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ എത്ര എണ്ണമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുക സഹിതം വിശദവിവരം നൽകാമോ?

ഉത്തരം

(എ) 2019-20 വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ 9 പ്രവൃത്തികൾക്ക് ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

68 (2326) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) ധനകാര്യവകുപ്പിന്റെ അനുമതി വൈകുന്നതിന്റെ കാരണമെന്താണ് എന്ന് അറിയിക്കാമോ;

(സി) എന്നത്തേക്ക് ഇതിന് അനുമതി നൽകാൻ കഴിയും എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും 2019 സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

സാമൂഹ്യസുരക്ഷാ പെൻഷനുള്ള മാനദണ്ഡങ്ങൾ

69 (2327) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2-ൽ ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പെൻഷൻ മസ്റ്ററിംഗ്

70 (2328) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക സുരക്ഷ പെൻഷൻ, ക്ഷേമനിധി പെൻഷൻ എന്നിവ ലഭിക്കുന്നതിന് മസ്റ്ററിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

ഉണ്ട്.

പെൻഷൻ മസ്റ്ററിംഗ്

71 (2329) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിച്ചിരിക്കുന്നവർ തന്നെയാണ് ക്ഷേമ പെൻഷൻ വാങ്ങുന്നത് എന്ന് ഉറപ്പാക്കുന്നതിനായി ബയോമെട്രിക് മസ്റ്ററിംഗ് നടത്തിയിട്ടുണ്ടോ;

(ബി) മസ്റ്ററിംഗിൽനിന്നും ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവ് അനുവദിച്ചിരുന്നോ; വിശദമാക്കുമോ;

(സി) അനർഹമായി പെൻഷൻ വാങ്ങിയവരിൽനിന്നും തിരിച്ചു പിടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേരിൽ നിന്നും അത് തിരിച്ചു പിടിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച് വയസ്സിൽ താഴെയുള്ള പെൻഷൻ ഗുണഭോക്താക്കളായ കുട്ടികളേയും പല കാരണങ്ങളാൽ ആധാർ എടുക്കാൻ കഴിയാത്തവരെയും ബയോമെട്രിക് മസ്റ്ററിംഗിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അത്തരക്കാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് നൽകി മസ്റ്ററിംഗ് പൂർത്തിയാക്കാവുന്നതാണ്.

(സി) അനർഹരായവരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും ഒഴിവാക്കുകയാണ് ബയോമെട്രിക് മസ്റ്ററിംഗിന്റെ ഉദ്ദേശം.

സർക്കാർ ആവശ്യപ്പെട്ട കേന്ദ്രസഹായം

72 (2330) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷവും ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര; ലഭ്യമായത് എത്ര; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) തൊഴിലുറപ്പ് തുടങ്ങി വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി (ഇനം തിരിച്ച്) ഓരോ വർഷവും സർക്കാർ ആവശ്യപ്പെട്ട സഹായങ്ങൾ എന്തെല്ലാം; ലഭ്യമായത് എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളി പെൻഷൻ ഉൾപ്പെടെ സംസ്ഥാന സർക്കാർ നൽകുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാം; എത്ര പെൻഷൻകാരുണ്ട്; എത്ര മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്; ആയതിനായി ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര; ലഭ്യമായത് എത്ര; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നൽകാനായി സംസ്ഥാന ധനകാര്യ വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് 992.5 കോടി രൂപ അടിയന്തര സഹായമായി സംസ്ഥാനം ആവശ്യപ്പെടുകയും 31.72 കോടി രൂപ കേന്ദ്രം അനുവദിക്കുകയുമുണ്ടായി. 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെ അടിയന്തര സഹായം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കുകയും 2904.85 കോടി രൂപ അനുവദിക്കുകയും ചെയ്തു. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ അടിയന്തര സഹായം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെ സഹായം അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാനം സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാർ ഓരോ വർഷവും തുക അനുവദിക്കുന്നത്. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് സാമൂഹ്യക്ഷേമ പെൻഷന്റെ കേന്ദ്രവിഹിതം

അനുവദിക്കുന്നത്. ഇത്തരത്തിൽ, 2016-17 കാലയളവ് മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കും വിവിധ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾക്കുമായി കേന്ദ്രസർക്കാർ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

	അനുവദിച്ച തുക (കോടിയിൽ)	
സാമ്പത്തിക വർഷം	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	വിവിധ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ
2016-17	195.78	222.00
2017-18	206.20	217.51
2018-19	303.17	222.00
2019-20	344.27 (11-2-2020 വരെ)	112.83

(സി) 6-2-2020-ലെ കണക്കുകൾ പ്രകാരം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നീ പദ്ധതികളിലായി 4734110 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും 16 ക്ഷേമനിധി ബോർഡുകളിലായി 678164 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ പെൻഷൻ അനുവദിക്കുന്നു. സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാംതന്നെ 2019 സെപ്റ്റംബർ മാസം വരെയുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക നൽകാനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് പ്രത്യേക പെൻഷൻ പദ്ധതികളൊന്നും നിലവിലില്ല.

(ഡി) നേരത്തെ വിവിധ തട്ടുകളിലായി കൈകാര്യം ചെയ്യുകയും വിതരണം നടത്തുകയും ചെയ്തിരുന്ന സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിന്റെ കീഴിൽ

26-6-2018-ലെ സ.ഉ.(എംഎസ്.)നമ്പർ 232/2018-ധന ഉത്തരവിലൂടെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മേൽപ്പറഞ്ഞ പെൻഷനുകൾ കൈകാര്യം ചെയ്യുന്നത് ഈ കമ്പനി വഴിയാക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി ലഭിക്കുന്ന കേന്ദ്ര സഹായത്തിനുപുറമെ സംസ്ഥാന ബഡ്ജറ്റ് വിഹിതവും കെ.എസ്.എസ്.പി.എൽ-ന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ, പെൻഷൻ വിതരണംമൂലം കമ്പനിക്കുണ്ടാകുന്ന ബാധ്യതയുടെ തിരിച്ചടവും സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ

73(T 2331) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അർഹരായ ദുർബലവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുകയാണ് വർദ്ധിപ്പിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15-7-2016-ലെ GO(MS) 282/2016/Fin ഉത്തരവ് പ്രകാരം 1-6-2016 മുതൽ 1000 രൂപയായും 23-3-2017-ലെ GO(MS)204/2017/Fin ഉത്തരവ് പ്രകാരം 1-4-2017 മുതൽ 1100 രൂപയായും തുടർന്ന് 18-2-2019-ലെ GO(MS)91/2019/Fin ഉത്തരവ് പ്രകാരം 1-4-2019 മുതൽ 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 21-2-2018-ലെ GO(MS)61/2018/Fin ഉത്തരവ് പ്രകാരം 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർക്ക് 21-2-2018 മുതൽ വികലാംഗ പെൻഷൻ തുക 1100 രൂപയിൽനിന്നും 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 4734110 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു. കൂടാതെ തൊഴിലാളികളിൽനിന്നും അംശദായം സ്വീകരിച്ച് അതത് ബോർഡുകളുടെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ വിതരണം നടത്തിയിരുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണംകൂടി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ 16 ക്ഷേമനിധി ബോർഡുകളിലായി 678164 ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്നുണ്ട്. വ്യത്യസ്ത നിരക്കുകളിൽ നൽകിവന്നിരുന്ന ക്ഷേമനിധി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ബോർഡ് പെൻഷൻ ഏകീകരിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷന് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രതിമാസം 1200 രൂപ നിരക്കിലാക്കുകയും ആയത് സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പംതന്നെ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ താൽപര്യാർത്ഥം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് നൽകുകയോ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുകയോ ആണ് ചെയ്തുവരുന്നത്. എല്ലാ ക്ഷേമനിധി/സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1300 രൂപയായി ഉയർത്തുമെന്ന് 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷൻ

74 (2332) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര പേർക്ക് എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ ആകെ 4734110 ഗുണഭോക്താക്കൾക്കായി 19030.34 കോടി രൂപയാണ് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി പെൻഷനായി 678164 പേർക്ക് 3129.72 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

സാലറി ഹെഡ്ഡിൽനിന്നുള്ള ചെലവ്

75 (2333) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ ഡിസംബർ 31 വരെ ഓരോ മാസവും സാലറി ഹെഡ്ഡിൽനിന്നുണ്ടായ ചെലവിന്റെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ഹെഡ്ഡിൽ ഏതെല്ലാം വിഭാഗങ്ങളുടെ സാലറിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ആകെ ലഭിച്ച റവന്യൂവിന്റെ എത്ര ശതമാനമാണ് ടി കാലയളവിൽ സാലറി ഹെഡ്ഡിൽനിന്നും ചെലവഴിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?

ഉത്തരം

(എ-സി) 2019 ഏപ്രിൽ മുതൽ ഡിസംബർ 31 വരെയുള്ള മാസങ്ങളിൽ ശമ്പളയിനത്തിൽ ഉണ്ടായ ചെലവിന്റെ വിശദവിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു :

(തുക കോടിയിൽ)

2019-20	ശമ്പളയിനത്തിനുള്ള ചെലവ്			റവന്യൂ വരുമാനം	റവന്യൂ വരുമാനത്തിന്മേലുള്ള ശമ്പളത്തിന്റെ ശതമാനക്കണക്ക്
	പദ്ധതി	പദ്ധതിയേതരം	ആകെ		
ഏപ്രിൽ	110.83	2599.70	2710.53	4998.24	54%
മേയ്	116.65	3392.86	3509.51	6775.22	52%
ജൂൺ	77.67	2584.47	2662.14	7271.40	37%
ജൂലൈ	72.44	2391.03	2463.47	4755.58	52%
ആഗസ്റ്റ്	75.64	2490.89	2566.53	10450.99	25%
സെപ്റ്റംബർ	84.90	2932.66	3017.56	6889.75	44%
ഒക്ടോബർ	73.16	2408.33	2481.49	5313.57	47%
നവംബർ	71.87	2390.78	2462.66	9292.67	27%
ഡിസംബർ	71.92	2374.81	2446.73	6580.93	37%
	755.08	23565.53	24320.61	62328.35	39%

സംസ്ഥാന സർക്കാർ/എയ്ഡഡ് വിഭാഗം ജീവനക്കാരും അദ്ധ്യാപകരും (യു.ജി.സി/എ.ഐ.സി.റ്റി.ഇ. ഉൾപ്പെടെ) ഓൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർ, ജൂഡീഷ്യൽ സർവ്വീസ് ഉദ്യോഗസ്ഥർ തുടങ്ങിയ വിഭാഗക്കാരുടെ ശമ്പളയിനത്തിലെ ചെലവാണ് ഇതിലുൾപ്പെടുന്നത്.

മണലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

76 (2334) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നീ പദ്ധതികൾ ഒഴികെ മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികളും പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികളും പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ആയതിനായി അനുവദിച്ച തുകയടക്കം അനുബന്ധമായി നൽകുന്നു.*

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

77 (2335) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് പണം ലഭിക്കുന്നതിന് ധനകാര്യ വകുപ്പ് പുതിയ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് അതിഭീമമായ വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതിക്കായി അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിലക്കയറ്റവും സാമ്പത്തിക ബുദ്ധിമുട്ടും കാരണം ഇപ്പോൾത്തന്നെ പ്രതിസന്ധിയിലായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പേരിൽ പ്രഥമാദ്ധ്യാപകർക്കുള്ള ബാധ്യത പുതിയ സംവിധാനംമൂലം ഇരട്ടിക്കുമെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും നേരിട്ട് കണ്ടിജൻസി തുക അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഈ തുക (BIMS) അലോട്ട്മെന്റായാണ് അനുവദിക്കുന്നത്. ഓരോ മാസവും ചെലവിനുള്ള തുകയുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ബില്ലുകൾ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരം വാങ്ങി ട്രഷറിയിൽ സമർപ്പിച്ചാൽ ടി തുക ബന്ധപ്പെട്ട പ്രഥമാധ്യാപകർക്ക് ലഭ്യമാകുന്നതാണ്.

(ബി) ഇല്ല. സ്കൂൾ ഉച്ചക്ഷണ പദ്ധതിക്ക് അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് സംബന്ധിച്ച് സ്കൂൾ പ്രഥമാധ്യാപകരിൽനിന്നോ സ്കൂൾ പി.ടി.എ പ്രതിനിധികളിൽനിന്നോ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നോ ജനപ്രതിനിധികളിൽ നിന്നോ പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ട്രഷറി മുഖാന്തരം തുക അനുവദിക്കുന്നതുകൊണ്ട് പ്രഥമാധ്യാപകർക്ക് ബാധ്യത ഇരട്ടിക്കുമെന്ന പരാതി ലഭിച്ചിട്ടില്ല.

ബാർ ഹോട്ടലുകളുടെ നികുതി കുടിശ്ശിക

78 (2336) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ നികുതി കുടിശ്ശിക എത്രയാണ്;

(ബി) നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾ എതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ജി.എസ്.ടി. -യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോട്ടലുകൾ

79 (2337) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജി.എസ്.ടി.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോട്ടലുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ഹോട്ടലുകളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത് 3976 ഹോട്ടലുകളാണ്.

(ബി) ജി.എസ്.ടി. നിയമപ്രകാരം പ്രതിവർഷം 20 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള ഹോട്ടലുകൾക്കാണ് നിയമപരമായി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ബാധ്യതയുള്ളത്. ഈ മേഖലയിലെ നികുതിദായകരുടെ ശൃംഖല വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫുഡ് ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിവരങ്ങളും പാചകവാതക ഉപഭോഗം, ഇലക്ട്രിസിറ്റി ഉപഭോഗം തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് വ്യാപാരികൾക്ക് നോട്ടീസ് നൽകി സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജി.എസ്.ടി. വഴിയും ആംനസ്റ്റി സ്കീം വഴിയും സമാഹരിച്ച തുക

80 (2338) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വഴിയും ആംനസ്റ്റി സ്കീം വഴിയും ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്; അതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) ഇതുവരെ ജി.എസ്.ടി വഴിയും ആംനസ്റ്റി സ്കീം വഴിയും സമാഹരിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി. വഴിയും ആംനസ്റ്റി സ്കീം വഴിയും ഉൾപ്പെടെ ഈ സാമ്പത്തിക വർഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 52959.79 കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടൈനസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. വാർഷിക റിട്ടേൺ നൽകേണ്ട അവസാന തീയതി 2020 ഫെബ്രുവരി 7 വരെ ജി.എസ്.ടി. കൗൺസിൽ നീട്ടിനൽകിയിരുന്നു.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടി സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടി പൂർത്തിയായി കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

4. KSEBL, Pollution Control Board, Food & Safety വകുപ്പ് എന്നിവിടങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് അവ റിട്ടേണുമായി ഒത്തുനോക്കുന്ന പ്രക്രിയ തുടർന്നുവരുന്നു.

5. റിട്ടേൺ ഫയൽ ചെയ്യാത്തവരെ കണ്ടുപിടിച്ച് നൽകേണ്ട നികുതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നോട്ടീസ് നൽകി അസസ്സ്മെന്റുകൾ പൂർത്തിയാക്കിവരുന്നു.

6. ജി.എസ്.ടി. Back-end സംവിധാനം ഉപയോഗിച്ച് റിട്ടേണിലെ പൊരുത്തക്കേട് വിശദീകരിക്കുവാൻ വ്യാപാരികൾക്ക് നോട്ടീസ് നൽകുന്നു.

7. നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Technology Kerala- യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.

8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇതുവരെ ആംനസ്റ്റി സ്കീം പ്രകാരം ലഭിച്ച 138.14 കോടി രൂപ ഉൾപ്പെടെ ആകെ ലഭിച്ചത് 36078.14 കോടി രൂപ (31-9-2020 വരെ) ആണ്.

ജി.എസ്.ടി. നിരക്കിലെ മാറ്റങ്ങൾ

81 (2339) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കാലാനുസൃതമായി പരിഷ്കരിക്കുവാൻ ജി.എസ്.ടി. കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നിരക്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇത് വിലവർദ്ധനവിനും, വിലവർദ്ധനവുമൂലം ബുദ്ധിമുട്ടുന്ന സാധാരണക്കാരുടെ കുടുംബ ബഡ്ജറ്റിനെ സാരമായി ബാധിക്കുന്നതിനും ഇടയാക്കില്ലേ; വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. സ്ലാബിൽ കൊണ്ടുവരുന്ന ഈ വർദ്ധനവിനെതിരെ സംസ്ഥാനം നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ ജി.എസ്.ടി. കൗൺസിലിന്റെയും ശിപാർശകൾ അനുസരിച്ചാണ് ജി.എസ്.ടി.-യിൽ കാലാനുസൃതമായ ഭേദഗതികൾ കൊണ്ടുവരുന്നത്.

(ബി) ജി.എസ്.ടി. നിരക്കിൽ മാറ്റങ്ങൾ നിഷ്കർഷിക്കുന്നത് ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരമാണ്. രാജ്യമൊട്ടാകെയുള്ള നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചാണ് ചരക്കു സേവന നികുതി കൗൺസിലിൽ തീരുമാനമെടുക്കുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് മാത്രമായി തീരുമാനമെടുക്കുന്നതിന് അധികാരമില്ല.

(സി) ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ പ്രധാനമായും ചരക്ക് സേവനങ്ങൾക്ക് 3%, 5%, 12%, 18%, 28% എന്നീ നികുതി നിരക്കുകളായിരുന്നു. പ്രസ്തുത നികുതി നിരക്കുകളിൽ നാളിതുവരെ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

(ഡി) സംസ്ഥാനം നടത്തുന്ന ലോട്ടറിക്കുണ്ടായിരുന്ന 12% നികുതിയും അന്യ സംസ്ഥാന ലോട്ടറിക്ക് ബാധകമായിരുന്ന 28% നികുതിയും ഏപ്രിൽ 2020 മുതൽ ഏകീകരിച്ച് 28% ആക്കുന്നതിന് തീരുമാനിച്ചതൊഴികെ ജി.എസ്.ടി. സ്ലാബിൽ മറ്റ് നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. ലോട്ടറിയുടെ നികുതി ഏകീകരണം സംസ്ഥാനം എതിർത്തെങ്കിലും വോട്ടിംഗ് പ്രക്രിയയിലൂടെ തീരുമാനം എടുക്കുകയായിരുന്നു.

ജി.എസ്.ടി. ഭരണ സംവിധാനം

82(2340) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഭരണ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായത്; വിശദമാക്കുമോ;

(സി) ജി.എസ്.ടി.എൻ പോർട്ടലിൽ ഇ-വേ ബിൽ ഡേറ്റ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ചെക്ക്പോസ്റ്റുകൾ നിർത്തലാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ചരക്കുവാഹനങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. കൂടാതെ ഓട്ടോമറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (ANPR) വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടി വാളയാർ ചെക്പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്പോസ്റ്റുകളിൽകൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു.

വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകൾ യഥാസമയം സ്ക്രൂട്ടിനിക്ക് വിധേയമാക്കുന്നു. GSTR1, GSTR3B റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ബിൽ ഡാറ്റാ, GSTR 2A റിട്ടേൺ ഡാറ്റാ, TDS/TCS ഡാറ്റാ

എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ IIITMK എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചു. വിവിധ മേഖലയിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) വാളയാറിൽ ANPR സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. ഇത് വിജയകരമായതിനാൽ മറ്റ് 23 അതിർത്തി പ്രദേശങ്ങളിൽകൂടി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടിക്രമം പൂർത്തിയാവുകയും താമസംവിനാ അവ സ്ഥാപിക്കുന്നതുമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ സംസ്ഥാന ത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ നിരീക്ഷണം അനിവാര്യമാണ്. ANPR സംവിധാനത്തിലൂടെ ചരക്കുവാഹനങ്ങളുടെ നമ്പർ ഇ-വേ ബിൽ വിവരങ്ങളുമായി പരിശോധിച്ച് ചരക്കുനീക്കത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നു. കൂടാതെ സംശയാസ്പദമായ ചരക്കുവാഹനങ്ങൾ വിശദമായ പരിശോധനയ്ക്കായി ഇന്റലിജൻസ് വിഭാഗത്തിന് തത്സമയം അറിയിപ്പ് നൽകുക വഴി നികുതി വെട്ടിപ്പ് തടയാനാകും. ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ വീണ്ടും ചരക്കുകളുമായി വരികയാണെങ്കിലും ഇന്റലിജൻസ് വിഭാഗത്തിന് തത്സമയം അറിയിപ്പ് ലഭിക്കുന്നു.

(സി) വകുപ്പിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ച് ഇ-വേ ബിൽ വിവരങ്ങൾ യഥാസമയം കൈമാറുന്നതിന് GSTN അടുത്തകാലത്തായി അനുവദിച്ചിട്ടുണ്ട്. ഇത് ANPR സംവിധാനം വഴിയുള്ള പരിശോധന കാര്യക്ഷമമാക്കും.

ജി.എസ്.ടി. റീഫണ്ടിലെ കാലതാമസം

83 (2341) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. റീഫണ്ടിനായി അപേക്ഷ സമർപ്പിച്ചാൽ തുക സമയ ബന്ധിതമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) യഥാസമയം റീഫണ്ടിന് അപേക്ഷ സമർപ്പിച്ചവരുടെ എത്ര അപേക്ഷകളിൽ നിലവിൽ തുക നൽകാനുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിൽ എന്ത് തുകയാണ് റീഫണ്ടായി നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ജി.എസ്.ടി. റീഫണ്ടിനായി നൽകുന്ന അപേക്ഷകൾ പരിശോധനയ്ക്ക് മതിയായ രേഖകൾ ഇല്ലാതെ സമർപ്പിക്കുകയാണെങ്കിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നു. തുടർന്ന് വ്യാപാരി രേഖകൾ സമർപ്പിക്കാൻ സമയം ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ റീഫണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ബി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 3177 അപേക്ഷകൾ ലഭിച്ചതിൽ 1783 അപേക്ഷകൾ റീഫണ്ട് ഉത്തരവായിട്ടുള്ളതും 510 റീഫണ്ട് അപേക്ഷകളിൽ അപാകതകൾ ഉള്ളതിനാൽ നിരസിച്ചിട്ടുള്ളതുമാണ്. ഇനി 884 റീഫണ്ട് അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. ഇത് പരിശോധന ഘട്ടത്തിലാണ്.

(സി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ഇനി തീർപ്പുകൽപ്പിക്കാനുള്ള 884 റീഫണ്ട് അപേക്ഷകളിൽ 6881.06 ലക്ഷം രൂപ ഉൾപ്പെട്ടിട്ടുണ്ട്.

ജി. എസ്. ടി

84 (2342) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിന്നിരുന്ന പരോക്ഷനികുതികൾ ഇല്ലാതാക്കി ജി.എസ്.റ്റി.യിലേയ്ക്ക് മാറുമ്പോൾ, നിലനിന്നിരുന്ന നികുതിനിരക്കിനേക്കാൾ കുറഞ്ഞ തോതിലായിരിക്കും ജി.എസ്.റ്റി. എന്നും അതുവഴി സാധനങ്ങളുടെ വില താഴുമെന്നും ആയത് ഉണഭോക്താക്കൾക്ക് അനുഗ്രഹമാകുമെന്നും പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുതപ്രഖ്യാപനം യാഥാർത്ഥ്യമായോ എന്ന് ജി.എസ്.റ്റി. നടപ്പിലാക്കി രണ്ടരവർഷം കഴിയുന്ന വേളയിൽ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യധാന്യങ്ങളുടെ വില ഉയർന്ന സാഹചര്യത്തിൽ ഇനിയും ജി.എസ്.റ്റി. നിരക്ക് ഉയർത്തിയാൽ അതു കൂടുതൽ വിലക്കയറ്റത്തിനിടയാക്കുന്ന സാഹചര്യം ഉണ്ടാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നതിനുള്ള ഒരു പ്രധാനകാരണം സാമ്പത്തിക മാന്ദ്യത ആണെന്നിരിക്കേ അതിനെ കൂടുതൽ വഷളാക്കുന്ന സ്ഥിതിവിശേഷമാണോ ഇപ്പോൾ നിലവിലുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ചരക്കുസേവന നികുതിയിൽ സെൻട്രൽ എക്സൈസ് നികുതി, സർവ്വീസ് ടാക്സ്, മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി എന്നിവ അന്തർഗണിപ്പിച്ച് ഏകീകൃത നികുതി നിരക്ക് നിശ്ചയിച്ചപ്പോൾ പല ചരക്കുകൾക്കും നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ നികുതി നിരക്കാണ് ഉള്ളത്.

(ബി) വിലയിരുത്തിയിട്ടുണ്ട്. ചരക്കുസേവന നികുതി നിയമം നിലവിൽ വന്നപ്പോൾ വില കുറഞ്ഞ ഏതാനും ചില ചരക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നികുതി നിരക്ക് വർദ്ധിച്ചിട്ടില്ല. പക്ഷേ ചരക്കുകളുടെ അടിസ്ഥാനവിലയുടെ വർദ്ധനവാണ് വിലക്കയറ്റത്തിന് കാരണമായിട്ടുള്ളത്. ജി.എസ്.ടി. നിയമം നടപ്പിലായപ്പോൾ നികുതിയിലുണ്ടായ കുറവിനോടനുബന്ധിച്ച വിലക്കുറവ് ഉപഭോക്താക്കൾക്ക് കൈമാറ്റം ചെയ്യാത്ത സാഹചര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ആന്റിപ്രോഫിറ്ററിങ് നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നിരക്കുകൾ നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിൽ ആണ്. സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നതിന് പ്രധാന കാരണങ്ങൾ ജി.എസ്.ടി. സമ്പ്രദായം പൂർണ്ണമായും സമഗ്രമായും നടപ്പിലാക്കാൻ ഇനിയും കഴിയാത്തതും അതോടൊപ്പം മാന്ദ്യം നികുതിപിരിവിൽ വരുത്തിയ കുറവുമാണ്. ഇത് പരിഹരിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള കോമ്പൻസേഷൻ യഥാസമയം നൽകുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാകുന്നുമില്ല.

നികുതി വിഹിതം

85 (2343) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്ന് നികുതി വിഹിതമായി ലഭിക്കേണ്ടിയിരുന്ന വിഹിതം എത്രയാണ്;

(ബി) ഇക്കാര്യത്തിൽ കേന്ദ്രം സംസ്ഥാനത്തോട് വിവേചനം കാണിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന കേന്ദ്ര നികുതി വിഹിതം 20228.33 കോടി രൂപയാണ്.

(ബി&സി) കേന്ദ്ര നികുതി വിഹിതമായി കഴിഞ്ഞ വർഷം അവസാന മൂന്നുമാസം 6866 കോടി രൂപ കിട്ടിയത് ഈ വർഷം 4524 കോടി രൂപയായി കുറയുമെന്ന സൂചന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി മാത്രം കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയടക്കമുള്ള മൊത്തം ധനസഹായത്തിൽ 8330 കോടി രൂപയുടെ കുറവാണ് പ്രതീക്ഷിക്കുന്നത്.

ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം

86 (2344) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നെറ്റ് വർക്കിന്റെ തകരാർമൂലം വ്യാപാരികൾക്ക് യഥാസമയം റിട്ടേൺ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം റിട്ടേൺ സമർപ്പിക്കാൻ കഴിയാത്തതുമൂലം വലിയ പിഴ നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത് പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സാങ്കേതിക തകരാറുകൾമൂലം വ്യാപാരികൾക്ക് ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അത്തരം സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടിനൽകിയിട്ടുണ്ട്.

(ബി) നിയമപ്രകാരം യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് ലേറ്റ് ഫീ നൽകുവാൻ നിയമപരമായി ബാധ്യതയുള്ളതാണ്. ഏതെങ്കിലും സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയം നീട്ടി നൽകുകയാണെങ്കിൽ ലേറ്റ് ഫീ പ്രസ്തുത കാലയളവിലേക്ക് ഒഴിവാക്കി നൽകാറുണ്ട്.

(സി) സാങ്കേതിക തകരാറുകൾ സംബന്ധിച്ച പരാതികൾ GSTN പരിശോധിച്ച് ആവശ്യമായ തുടർനടപടി കൈക്കൊള്ളുന്നുണ്ട്. GSTN-നുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയം നീട്ടി നൽകാറുണ്ട്.

പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി

87(2345) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇടയ്ക്കിടെയുള്ള വിലവർദ്ധനവിലെ ആഘാതം കുറയ്ക്കുന്നതിനായി എത്ര തവണ നികുതി നിരക്കിൽ കുറവ് വരുത്തുകയുണ്ടായി ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഷയത്തിൽ എത്ര തവണ നികുതി നിരക്കിൽ കുറവ് വരുത്തി എന്നതിന്റെ വിശദവിവരം നൽകുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുവാനും അതിനാലുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ആവശ്യമായ മാറ്റംവരുത്തുവാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ പെട്രോളിന് 4 തവണയും ഡീസലിന് 2 തവണയും കുറവ് വരുത്തുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

പെട്രോൾ

മേയ് 2011-ൽ 29.01 ശതമാനത്തിൽനിന്ന് 26.64 ശതമാനത്തിലേയ്ക്കും സെപ്റ്റംബർ 2011-ൽ 26.64 ശതമാനത്തിൽ നിന്നും 25.42 ശതമാനത്തിലേക്കും നവംബർ 2011-ൽ 25.42 ശതമാനത്തിൽനിന്ന് 24.75 ശതമാനത്തിലേക്കും മെയ് 2012-ൽ 25.82 ശതമാനത്തിൽനിന്ന് 23.07 ശതമാനത്തിലേക്കും കുറവ് വരുത്തുകയുണ്ടായി.

ഡീസൽ

ജൂൺ 2011-ൽ 24.69 ശതമാനത്തിൽനിന്ന് 22.60 ശതമാനത്തിലേയ്ക്കും സെപ്റ്റംബർ 2012-ൽ 22.60 ശതമാനത്തിൽനിന്ന് 19.80 ശതമാനത്തിലേക്കും കുറവ് വരുത്തുകയുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഷയത്തിൽ ജൂൺ 2018-ൽ പെട്രോളിന് 31.8 ശതമാനത്തിൽനിന്ന് 30.08 ശതമാനത്തിലേക്കും ഡീസലിന് 24.52 ശതമാനത്തിൽനിന്ന് 22.76 ശതമാനത്തിലേക്കും കുറവ് വരുത്തുകയുണ്ടായി.

(സി) പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാന മെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരള പൊതുവിൽപ്പന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമേ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

വ്യാജ സിഗരറ്റ് വിൽപ്പനമൂലമുള്ള നികുതി നഷ്ടം

88 (2346) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജ്യാന്തര ബ്രാൻഡുകളുടെ വ്യാജ സിഗരറ്റ് വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 3-4 വർഷത്തിനിടയിൽ വ്യാജ സിഗരറ്റ് വിൽപ്പന ഇരട്ടിയായി മാറിയ കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) അംഗീകൃത ബ്രാൻഡുകളുടെ സിഗരറ്റുകൾ സംസ്ഥാന സർക്കാരിന് സെസ് ഉൾപ്പെടെ എഴുപത്തി മൂന്ന് ശതമാനം നികുതി നൽകിയാണോ വിൽപ്പന നടത്തുന്നത്; എങ്കിൽ ഇതുവഴി 13,000 കോടി രൂപ പ്രതിവർഷം നികുതിയായി ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) വ്യാജ സിഗരറ്റ് വിൽപ്പനക്കാർ നികുതി നൽകാത്തതിനാൽ ഇത്രയും തുക നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മതിയായ രേഖകൾ ഇല്ലാതെ സിഗരറ്റ് കൊണ്ടുവരുന്നത് വളരെ ചുരുക്കമാണ്.

(സി) സിഗരറ്റിന് 28% ജി.എസ്.ടി. ആണ് നിലവിലുള്ളത്. ഇതിനുപുറമെ കോമ്പൻസേഷൻ സെസ്സും ബാധകമാണ്. സിഗരറ്റ് വ്യാപാരികൾ ഫയൽ ചെയ്ത ജി.എസ്.ടി.ആർ 1 റിട്ടേൺ പ്രകാരം അടയ്ക്കേണ്ട നികുതി ചുവടെ ചേർക്കുന്നു.

വർഷം	സി.ജി.എസ്.ടി. കുടിശ്ശിക	എസ്.ജി.എസ്.ടി. കുടിശ്ശിക	ഐ.ജി.എസ്.ടി. കുടിശ്ശിക	സെസ്സ്
2017-18 (1-7-2017 മുതൽ)	331 കോടി	331 കോടി	1.23 കോടി	2880.94 കോടി
2018-19	461 കോടി	461 കോടി	12.03 കോടി	3798.81 കോടി
2019-20 (ഡിസംബർ 2019 വരെ)	348 കോടി	348 കോടി	30.16 കോടി	2590.28 കോടി

(ഡി) വ്യാജ സിഗരറ്റ് കണ്ടുപിടിച്ചാൽ അവ നശിപ്പിക്കുമെന്നതിനാൽ വ്യാജ സിഗരറ്റ് വിൽപ്പന ലാഭകരമല്ല. തന്മൂലം നികുതി നഷ്ടം പ്രതീക്ഷിക്കുന്നില്ല.

പ്രളയ സെസ്സ്

89 (2347) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയസെസ്സ് വഴി എന്ത് തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

1-8-2019 മുതൽ രണ്ട് വർഷത്തേയ്ക്കാണ് സംസ്ഥാനത്ത് പ്രളയ സെസ്സ് ഏർപ്പെടുത്തിയത്. 31-3-2020 വരെ 472.86 കോടി രൂപ പ്രസ്തുത ഇനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

ട്രഷറി എ.ടി.എം. കാർഡ് വിതരണം

90 (2348) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡ് വിതരണം ചെയ്യുന്നതിന് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; കാർഡ് വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ബാങ്കുകളുമായി സഹകരിച്ച് ട്രഷറി ഇടപാടുകാർക്ക് Co-Branded ATM Card നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 31-10-2019-ലെ സ.ഉ.(സാധാ)നമ്പർ 8577/2019/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താൽപര്യമുള്ള ബാങ്കുകളിൽ നിന്ന് പ്രൊപ്പോസലുകൾ സ്വീകരിച്ച് ട്രഷറി കോർ ബാങ്കിംഗ് സംവിധാനവുമായുള്ള ഇന്റഗ്രേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ട്രഷറി നിയന്ത്രണം

91 (2349) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരി 1 വരെ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ട്രഷറി നിയന്ത്രണംമൂലം പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രവർത്തനം പൂർത്തിയാക്കി സമർപ്പിച്ച ബില്ലുകൾ മാറി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം അനുവദിക്കാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ ഏതെല്ലാം തരത്തിലുള്ള ട്രഷറി നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രാദേശിക സർക്കാരുകളുടെ 6-2-2020 വരെയുള്ള പദ്ധതിച്ചെലവുകളാണ് ലഭ്യമായിരിക്കുന്നത്.

തലം	പദ്ധതിച്ചെലവ് (തുക കോടിയിൽ)
മുനിസിപ്പൽ കോർപ്പറേഷൻ	258.51
മുനിസിപ്പാലിറ്റി	375.79
ജില്ലാ പഞ്ചായത്ത്	312.72
ബ്ലോക്ക് പഞ്ചായത്ത്	445.27
ഗ്രാമ പഞ്ചായത്ത്	1631.42
ആകെ	3023.71

(ബി) ബിൽ ഡിസ്കൗണ്ടിംഗ് മുഖേനയും നേരിട്ടും ക്രമപ്രകാരം ബില്ലുകൾ മാറി നൽകുന്നുണ്ട്.

(സി) അനുവദിച്ചിട്ടുണ്ട്.

(ഡി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

ട്രഷറി നിക്ഷേപങ്ങൾ

92 (2350) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും നിക്ഷേപകർക്ക് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ട്രഷറികൾ നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ ബാങ്കുകളിലേതു പോലെ പെട്ടെന്ന് നശിക്കാത്ത തരത്തിൽ കവർ ചെയ്ത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കാൻ 4-10-2019-ലെ സ.ഉ.(പി)136/2019/ധന നമ്പർ ഉത്തരവുപ്രകാരം ട്രഷറികളിൽ 1-11-2019 മുതൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല നിക്ഷേപങ്ങൾ സ്വീകരിച്ചുതുടങ്ങി. സ്ഥിരനിക്ഷേപ പലിശ നിരക്കിനെ കുറിച്ച് നോട്ടീസ് പ്രിന്റ് ചെയ്ത് ട്രഷറി മുഖാന്തരം ഇടപാടുകാർക്ക് എത്തിക്കുകയും എല്ലാ ട്രഷറികളിലും ഇതുസംബന്ധിച്ച് ബാനർ തയ്യാറാക്കി പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപകരോട് സൗഹാർദ്ദ പരമായ സമീപനം സ്വീകരിക്കുന്നതിനായി കൗണ്ടറിൽ തിരക്ക് അനുഭവപ്പെടുന്ന അവസരങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് ഇടപാടുകൾ നടത്തിക്കൊടുക്കുന്നതോടൊപ്പം നിക്ഷേപകരുടെ അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിന് ഹെൽപ്പ് ഡെസ്ക് സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇടപാടുകാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മിക്ക ട്രഷറികളിലും ലഭ്യമല്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിക്ഷേപ സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കുവാൻ പരിസ്ഥിതി സൗഹൃദ കവറുകൾ ആവശ്യാനുസരണം പ്രിന്റ് ചെയ്ത് ട്രഷറികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ രണ്ട് ലക്ഷം കവറുകൾ വിതരണവും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ

93(2351) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എത്ര ബില്ലുകൾ പണമില്ലാത്തതിനാൽ പാസ്സാക്കാൻ കഴിയാതെ ട്രഷറികളിലുണ്ട് എന്നറിയിക്കുമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സംസ്ഥാന സർക്കാർ വിഹിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത് എത്ര രൂപയാണെന്നും ഇതിൽ എത്ര തുക നൽകിയെന്നും എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 7-2-2020 വരെ ട്രഷറിയിൽ സമർപ്പിച്ചിരുന്നതിൽ 4100 ബില്ലുകൾ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലേക്ക് മാറ്റുന്നതിനായി നടപടി സ്വീകരിക്കുകയാണ്. പ്രാദേശിക സർക്കാരുകളുടെ 7-2-2020 വരെ ശേഷിക്കുന്ന 21160 ബില്ലുകൾ പാസ്സാക്കാനുണ്ട്. വേയ്സ് ആന്റ് മീൻസ് സ്ഥിതി പരിഗണിച്ച് അവ പാസ്സാക്കി നൽകിവരുന്നുണ്ട്.

(ബി) ലൈഫ് പദ്ധതിയുടെ ഭാഗമായി ഉടമ്പടി പത്രം ഒപ്പുവച്ച് നിർമ്മാണം ആരംഭിച്ച ഗ്രാമീണ മേഖലയിലെ 92213 ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപ വീതം നൽകാനുള്ള ആകെ തുകയായ 922.13 കോടി രൂപയിൽ 554 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വീടുകളുടെ പണി അവസാന ഘട്ടത്തിലെത്തിയ എല്ലാ ഗുണഭോക്താക്കൾക്കും 2020 ഫെബ്രുവരി മാസം തന്നെ ബാക്കി സംസ്ഥാന വിഹിതമായ 368.13 കോടി രൂപ നൽകാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന ലോട്ടറി റെഗുലേഷൻ

94 (2352) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നടത്തുമ്പോൾ സംസ്ഥാന സർക്കാരുകൾ അവലംബിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് 28-ാം ജി.എസ്.ടി. കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് സംസ്ഥാന ലോട്ടറി റെഗുലേഷൻ ഭേദഗതി ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ലോട്ടറികളുടെ വില വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ വില്പന നടത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വില്പനയ്ക്കായി പ്രിന്റ് ചെയ്ത് പുറത്തിറക്കുന്ന ടിക്കറ്റുകളുടെ സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) ലോട്ടറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) നടപടി പുരോഗമിക്കുന്നു.

(സി) ഉണ്ട്. 18-12-2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01-03-2020 മുതൽ 12%ത്തിൽനിന്നും 28%ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിച്ചു. മുഖവില 31.25 രൂപയും 28% GST-യും കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റുകളുടെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പും C-DIT മായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കുകയും ടിക്കറ്റുകളിൽ Microletters Pattern, Guilloche Pattern, Opaque text pattern, Relief pattern, Void pantograph pattern, Invert microline pattern എന്നീ ആറ് (06) സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. Lottery Information System-ന്റെ പരിഷ്കരിച്ച പുതിയ version ഉടൻ പ്രയോഗത്തിൽ വരുത്തുകയാണ്. ഇതോടെ ഭാഗ്യക്കുറികളുടെ ആധികാരികത ഏജന്റുമാർക്കും വില്പനക്കാർക്കും പൊതുജനങ്ങൾക്കും പരിശോധിക്കാനുതകുന്ന സാങ്കേതിക സൗകര്യം ലഭ്യമാകും.

(എഫ്) ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായുള്ള മൊബൈൽ ആപ്പിന്റെ (M LOTIS) Development നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ട്. സെക്യൂരിറ്റി ഓഡിറ്റിനുശേഷം 2020 ഫെബ്രുവരി മാസം മൊബൈൽ ആപ്പ് roll-out ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

ലോട്ടറി മേഖലയുടെ നവീകരണം

95 (2353) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ പുതുക്കിയ വില, ഏജന്റുമാർക്കുള്ള കമ്മീഷൻ, സമ്മാനഘടന എന്നിവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽരഹിതർക്കും മറ്റ് അവശ വിഭാഗങ്ങൾക്കും പുതുതായി ലോട്ടറി ഏജൻസി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് എത്ര സബ് ആഫീസുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കൂടുതൽ സബ് ആഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 18-12-2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 1-3-2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാകുകയുണ്ടായി. നിലവിൽ 30 രൂപ വിൽപ്പന വില ഉണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിച്ചു. മുഖവില 31.25 രൂപയും 28% GST-യും കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. നിലവിൽ പ്രതിവാര ഭാഗ്യക്കുറികൾക്ക് 52%-ത്തോളംതുക സമ്മാനമായി നൽകിയിരുന്ന സ്ഥാനത്ത് പുതുക്കിയ സമ്മാനഘടന പ്രകാരം ഏകദേശം 59%-ത്തോളം തുക സമ്മാനമായി നൽകിയും സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയുമാണ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിരിക്കുന്നത്. ഇപ്രകാരം പരിഷ്കരിക്കുന്ന സമ്മാനഘടന പ്രകാരം ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി താഴെപറയുംപ്രകാരം ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്.

2000 ടിക്കറ്റുകൾ വരെ - 23.5%

2001 മുതൽ 10000 ടിക്കറ്റുകൾ വരെ - 24.25%

10000 ത്തിനുമുകളിൽ - 25%

പരിഷ്കരിച്ച സമ്മാനഘടന പ്രകാരമുള്ള ആദ്യ നറുക്കെടുപ്പ് 1-3-2020-ന് നറുക്കെടുക്കുന്ന പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-ാമത് നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരും. GST 28% ആയി ഏകീകരിച്ചതുവഴി സംസ്ഥാന സർക്കാരിന് ലഭ്യമാകുമായിരുന്ന അറ്റാദായത്തിൽനിന്നും 7% (പകുതിയോളം) കുറവ് വരുത്തിയാണ് സമ്മാനത്തുക വർദ്ധിപ്പിച്ചത്.

(ബി) ഭാഗ്യക്കുറി ഏജൻസികൾക്ക് നിയമപ്രകാരം അപേക്ഷിക്കുന്ന എല്ലാവർക്കും ഏജൻസി അനുവദിക്കുന്നതാണ്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് താൽക്കാലികമായി നിർത്തി വയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് കായംകുളം, ചേർത്തല എന്നിവിടങ്ങളിലായി രണ്ട് സബ് ഓഫീസുകളുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ലോട്ടറി നികുതി ഏകീകരണം

96 (2354) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നികുതി ഏകീകരിച്ചതുവഴി ലോട്ടറി മേഖലയിലും സംസ്ഥാനത്തെ സാമ്പത്തികരംഗത്തും എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടാകുമെന്നാണ് കരുതുന്നത്; ഇത് മറികടക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) നികുതി ഏകീകരണം നടപ്പിലാക്കിയാൽ അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാമെന്ന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഉറപ്പ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 18-12-2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 1-3-2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. വിൽപ്പന വില

30 രൂപയുണ്ടായിരുന്ന ഒരു ഭാഗ്യക്കുറി ടിക്കറ്റിന് 28% GST-യാകുമ്പോൾ 3.34 രൂപ മുഖവിലയിൽ കുറവ് വരുന്നതിനാൽ ഒരു വർഷം ഏകദേശം 1302 കോടിയോളം രൂപയുടെ വരുമാനക്കുറവ് ഉണ്ടാകാനിടയുണ്ട്. പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28%കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. നികുതി ഏകീകരണത്തെ സംസ്ഥാനം ശക്തിയായി എതിർക്കുകയും കൗൺസിലിൽ വോട്ടെടുപ്പ് ആവശ്യപ്പെടുകയും ചെയ്തു. കേരളത്തിന്റെ നിലപാടിനെ പിന്തുണയ്ക്കും എന്ന് നാം പ്രതീക്ഷിച്ച നമ്മോട് വാശാനം ചെയ്ത നിലപാടിൽനിന്ന് ചില സംസ്ഥാനങ്ങൾ പൊടുന്നനെ മാറിയതാണ് കൗൺസിൽ വോട്ടെടുപ്പിൽ തിരിച്ചടി നേരിടാൻ കാരണം.

ലോട്ടറി നികുതിയുടെ ഏകീകരണം ഇടനിലക്കാർ മുഖാന്തരം നടത്തുന്ന അന്യ സംസ്ഥാന ലോട്ടറികളെ സഹായിക്കുന്നതിന് കാരണമാകും. ബഹുമാനപ്പെട്ട സുപ്രീം കോടതി ബി.ആർ എന്റർപ്രൈസസ് Vs. State of Uttar Pradesh എന്ന കേസിൽ (7-5-1999) Lotteries (Regulations) Act-ലെ സെക്ഷൻ 5 പ്രകാരം കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികളുടെ വിപണനം നിരോധിക്കുവാൻ കഴിയുമെങ്കിലും സംസ്ഥാനം നേരിട്ട് ലോട്ടറി വ്യാപാരം നടത്തുന്നില്ലെങ്കിൽ മാത്രമേ ആ നിയമം വിനിയോഗിക്കാൻ പാടുള്ളൂവെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമം നടപ്പിലാക്കിയശേഷം കേരള ലോട്ടറി (റെഗുലേഷൻ) ചട്ടം പ്രകാരം ഒരു സംസ്ഥാനം കേരളത്തിൽ ലോട്ടറി വ്യാപാരം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുവാദം തേടണം എന്ന് ഭേദഗതി വരുത്തി. ഇത് കൂടാതെ കേരള സംസ്ഥാന ജി.എസ്.റ്റി നിയമത്തിൽ പ്രത്യേകമായി 58(19), 58(20)A എന്നീ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56(19) പ്രകാരം സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ/ നിബന്ധനകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം എന്നിവ ലോട്ടറി (റെഗുലേഷൻ) നിയമം 2010-ലെ നിയമം 3(3)&(4) പ്രകാരം അറിയിക്കേണ്ടതാണ്.

2. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വിൽപ്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെനിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

4. വിൽപ്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വിൽപ്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വിൽപ്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വിൽപ്പനയിൽനിന്നും ലഭിച്ച തുക, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരം എന്നിവ ബോധ്യപ്പെടുത്തേണ്ടതാണ്.

(ബി) അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിന് കൂടുതൽ അധികാരം സംസ്ഥാന സർക്കാരിന് നൽകും എന്ന് വാക്കാൽ പറഞ്ഞിരുന്നുവെങ്കിലും കൗൺസിൽ നടപടിക്രമങ്ങളുടെ മിനിറ്റ്സിൽ ആയത് രേഖപ്പെടുത്തിക്കാണുന്നില്ല. മിനിറ്റ്സ് ലഭ്യമായിട്ടേയുള്ളൂ. ഇത് സംബന്ധമായ തുടർ നടപടികൾക്ക് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകി. അതേസമയം നേരത്തെ കേരള ലോട്ടറി റെഗുലേഷൻ റൂൾസിൽ ഉണ്ടായിട്ടുള്ളത് അകാരണമായി പിൻവലിച്ച് നിയമ തർക്കങ്ങളിൽപ്പെട്ടുപോയതുമായ വ്യവസ്ഥകൾ ഈ സർക്കാർ പുനഃസ്ഥാപിച്ച് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിലുള്ള നിയന്ത്രണാധികാരങ്ങൾ ബലപ്പെടുത്തിയിട്ടുണ്ട്. അതേ SGST റൂൾസിലും കർശനമായ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. ആയത് ചോദ്യം ചെയ്തുകൊണ്ടുള്ള കേസുകൾ സീനിയർ അഭിഭാഷകരെ നിയോഗിച്ച് കാര്യക്ഷമമായി നടത്തുകയും ചെയ്യുന്നുണ്ട്.

ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്ത ലോട്ടറി ഏജന്റുമാർ

97 (2355) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്ത എത്ര ലോട്ടറി ഏജന്റുമാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലോട്ടറി ഏജന്റുമാർക്ക് ക്ഷേമനിധിയിൽനിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നാളിതുവരെ ആകെ 47,508 പേർ സ്ഥിരം ഏജന്റുമാരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏജന്റുമാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ഏജന്റുമാരുടെ എണ്ണം
1	തിരുവനന്തപുരം	6079
2	കൊല്ലം	4308
3	പത്തനംതിട്ട	1838
4	ആലപ്പുഴ	2632
5	കോട്ടയം	4828
6	ഇടുക്കി	1757
7	എറണാകുളം	4872
8	തൃശ്ശൂർ	5308
9	പാലക്കാട്	4362
10	മലപ്പുറം	2976
11	കോഴിക്കോട്	3369
12	വയനാട്	1458
13	കണ്ണൂർ	2818
14	കാസർഗോഡ്	903
	ആകെ	47508

(ബി) കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിയിൽ അംഗമായ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശ്രുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ഒരു വർഷം പരമാവധി 3000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി,

ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 20000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും 5000 രൂപ വിവാഹ ധനസഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 5000 രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗം മരണപ്പെട്ടാൽ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000 രൂപയും അപകട മരണത്തിന് 1,00,000 രൂപയും ധനസഹായം നൽകുന്ന മരണാനന്തര ധനസഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അനുവദിച്ചുവരുന്നു. ഇവ കൂടാതെ എല്ലാ വർഷവും ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും പെൻഷൻകാർക്കും നിശ്ചിത തുക അനുവദിച്ചുവരുന്നു. ക്ഷേമനിധി അംഗങ്ങളായ വിൽപ്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ നൽകുന്ന പദ്ധതി, വഴിയോര ഭാഗ്യക്കുറി വിൽപ്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായ ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി, പത്താംതരം തുല്യതാപഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കൊല്ലം ജില്ലാ ഭാഗ്യക്കുറി സബ് ആഫീസ്

98 (2356) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഒരു സബ് ഓഫീസ് ചാത്തന്നൂരിൽ ആരംഭിക്കുന്നതിന് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ചാത്തന്നൂരിൽ ഭാഗ്യക്കുറി സബ് ആഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

ഓഡിറ്റ് കമ്മീഷൻ രൂപീകരണം

99 (2357) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധനക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിനുശേഷം പ്രസ്തുത കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് 27-1-2018-ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പരിശോധന പൂർത്തിയാക്കി തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് തിരികെ ലഭ്യമാക്കിയിട്ടില്ല.

കെ.എസ്.എഫ്.ഇ. നടപ്പാക്കിവരുന്ന വിവിധ നിക്ഷേപ പദ്ധതികൾ

100(2358) ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് അൻപത് വർഷം വിജയകരമായി പൂർത്തീകരിച്ചിരിക്കുന്ന വേളയിൽ കെ.എസ്.എഫ്.ഇ.-യെ കൂടുതൽ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ചിട്ടിക്ക് പുറമേ കെ.എസ്.എഫ്.ഇ. നടപ്പാക്കിവരുന്ന വിവിധ നിക്ഷേപ പദ്ധതികൾ ഏതൊക്കെയാണ്;

(സി) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽനിന്നുള്ള വരുമാനത്തിലൂടെ എത്ര തുക കിഫ്ബിയിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ. കുടുംബശ്രീയുമായി ചേർന്ന് സാധാരണക്കാരായ സ്ത്രീകൾക്ക് പരസ്പര ജാമ്യത്തിൽ ചിട്ടി തുടങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അൻപതാം വർഷത്തോടനുബന്ധിച്ച് കെ.എസ്.എഫ്.ഇ. നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സുവർണ്ണ ജൂബിലി ചിട്ടി പോലുള്ള സമ്മാനച്ചിട്ടി പദ്ധതികൾ, കുടിശ്ശിക നിവാരണത്തിനായി ഇളവ് പദ്ധതി തുടങ്ങിയവ ഉപഭോക്താക്കൾക്കായി കമ്പനി സമർപ്പിക്കുകയുണ്ടായി. കൃത്യമായി തിരിച്ചടയ്ക്കുന്ന ഇടപാടുകാർക്ക് പുതിയ ചിട്ടിയിൽ ചേരുന്നതിന് 25,000 രൂപ വരെ കമ്പനി പ്രദാനം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചു. ഐക്യരാഷ്ട്രസഭ കരിമ്പട്ടികയിൽപ്പെടുത്തിയ രാജ്യങ്ങൾ ഒഴികെ മറ്റ് രാജ്യങ്ങളിൽ വസിക്കുന്ന പ്രവാസി മലയാളികൾക്കായി ആരംഭിച്ച കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. ഈ സാമ്പത്തിക വർഷം 50,000 കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം ജീവനക്കാരുടെ മാനസികോല്ലാസത്തിനായി കലാ-കായിക മത്സരങ്ങൾ അടക്കം നിരവധി പരിപാടികൾ ആവിഷ്കരിക്കുകയുണ്ടായി. കോർപ്പറേറ്റ് ഓഫീസും 6 റീജിയണൽ ഓഫീസുകളും 150-ഓളം ശാഖകളും സ്മാർട്ട് ഓഫീസുകളായി പരിവർത്തിപ്പിക്കുകയുണ്ടായി. ആഭ്യന്തര ചിട്ടികളിൽ പ്രവാസി ചിട്ടികളിൽ എന്ന പോലെ സാങ്കേതിക മാറ്റങ്ങൾ കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞിരിക്കുന്നു. ഇതെല്ലാം സർക്കാരിന്റെ പിന്തുണയോടുകൂടിയാണ് നടക്കുന്നത്.

(ബി) ചിട്ടിക്ക് പുറമെ കെ.എസ്.എഫ്.ഇ. നടപ്പാക്കിവരുന്ന നിക്ഷേപ പദ്ധതികൾ ഇപ്രകാരമാണ്.

1. സ്ഥിര നിക്ഷേപ പദ്ധതി:- ഒരു വർഷം മുതൽ 3 വർഷം വരെയുള്ള കാലാവധിയിൽ 7% പലിശനിരക്കിലുള്ള (മുതിർന്ന പൗരൻമാർക്ക് 8%) നിക്ഷേപ പദ്ധതി. ചിട്ടി പ്രൈസ് സംഖ്യ നിക്ഷേപിക്കുമ്പോൾ 7.5% പലിശ ലഭിക്കുന്നു.

2. ഹ്രസ്വകാല നിക്ഷേപ പദ്ധതി:- 30 ദിവസം മുതൽ 364 ദിവസം വരെയുള്ള കാലാവധിയിൽ 3.25% മുതൽ 5.5% വരെ പലിശ നിരക്കിലുള്ള പദ്ധതി.

3. സുഗമ സമ്പാദ്യ പദ്ധതി:- പ്രവർത്തനംകൊണ്ട് ബാങ്കുകളിലെ സേവിംഗ്സ് അക്കൗണ്ടുകളുമായി സമാനത പുലർത്തുന്ന പദ്ധതിയാണിത്. 5.5% ആണ് പലിശ നിരക്ക്. ചിട്ടിത്തവണകൾ അടയ്ക്കുന്നതിനും സ്ഥിര നിക്ഷേപ പലിശ മാറ്റുന്നതിനും മറ്റ് ദൈനംദിന ഇടപാടുകൾക്കും ഈ പദ്ധതി സുരക്ഷിതമായ ഒരു മാർഗ്ഗമാണ്.

4. ഡെപ്പോസിറ്റ് ഇൻ ട്രസ്റ്റ് പദ്ധതി:- ഇത് ചിട്ടി വരിക്കാർക്ക് മാത്രമായി തയ്യാറാക്കിയ പദ്ധതിയാണ്. ചിട്ടിയുടെ ഭാവി ബാധ്യതയ്ക്ക് തുല്യമായ സംഖ്യ ചിട്ടി പ്രൈസ് സംഖ്യയിൽനിന്ന് ചിറ്റാളൻ മാറ്റിവച്ച് ചിട്ടിക്ക് ജാമ്യമായി നിക്ഷേപിക്കാവുന്ന പദ്ധതി. നിലവിൽ 8% ആണ് പലിശ നിരക്ക്.

5. സുഗമ സെക്യൂരിറ്റി നിക്ഷേപ പദ്ധതി:- ചിട്ടിക്ക് ജാമ്യമായി സ്വീകരിക്കാവുന്ന സുഗമ നിക്ഷേപ പദ്ധതിയാണിത്. 5.5% ആണ് പലിശ നിരക്ക്.

(സി) കെ.എസ്.എഫ്.ഇ.-യിൽനിന്നും കിഫ്ബി ബോണ്ടുകളിലുള്ള നിക്ഷേപങ്ങളുടെ വിവരം (10-2-2020 തീയതിയിലെ കണക്കുകൾ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു :

ഇനം	തുക
കെ.എസ്.എഫ്.ഇ. സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി)	21.198 കോടി
കെ.എസ്.എഫ്.ഇ. ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി ചിട്ടി)	76.76 കോടി
ആകെ	97.958 കോടി

(ഡി) കുടുംബശ്രീയുമായി ചേർന്ന് പ്രത്യേക ചിട്ടി നടത്തുന്നതിനുള്ള പദ്ധതി കെ.എസ്.എഫ്.ഇ.-യുടെ അജണ്ടയിലുണ്ട്. അതിന്റെ വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. അതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നുവരുന്നു.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

101 (2359) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്ക് നിലവിൽ എത്ര ശതമാനം ഡി.എ. കുടിശ്ശിക നൽകാനുണ്ട്; ഇത് എന്നത്തേക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്ക് നിലവിൽ 8% ഡി.എ. കുടിശ്ശിക (1-1-2019-ൽ 3%-ഉം 1-7-2019-ൽ 5%) നൽകാനുണ്ട്. സർക്കാർ ഡി.എ പ്രഖ്യാപിക്കുന്ന മുറയ്ക്ക് ആയത് നൽകുന്നതാണ്.

കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

102 (2360) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽനിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്/ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. സംസ്ഥാനത്തിന്റെ എല്ലാ നഗരസഭകളിലും കെ.എസ്.എഫ്.ഇ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശാഖകൾ ഇല്ല. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾകൂടി കണക്കിലെടുത്ത് കമ്പനിയുടെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിലവിൽ ശാഖകൾ ഇല്ലാത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ 27 കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സാദ്ധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ ശാഖ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നത്. പാലക്കാട് ജില്ലയിൽ മേൽപ്പറഞ്ഞ 27 ശാഖകൾക്കുപുറമെ കോട്ടായി, പത്തിരിപ്പാല, ഒറ്റപ്പാലം-II, മുണ്ടൂർ, തത്തമംഗലം, കൊപ്പം എന്നീ 6 പ്രദേശങ്ങളിൽകൂടി ശാഖകൾ തുടങ്ങുവാൻ 2019-20 ബഡ്ജറ്റിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇനിയും ശാഖ തുടങ്ങുവാൻ ഉതകുന്ന സ്ഥലങ്ങളുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

കെ.എസ്.എഫ്.ഇ.-യിലെ ഉന്നത മാനേജീരിയൽ തസ്തിക

103 (2361) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യ്ക്ക് സർക്കാർ പുതുതായി അനുവദിച്ച ഉന്നത മാനേജീരിയൽ തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

കെ.എസ്.എഫ്.ഇ.-ക്ക് സർക്കാർ പുതിയതായി അനുവദിച്ച ഉന്നത മാനേജീരിയൽ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല. നിയമനങ്ങളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

കാരുണ്യ പദ്ധതി

104 (2362) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതും പതിനായിരക്കണക്കിന് രോഗികൾക്ക് പ്രയോജനകരവുമായിരുന്ന കാരുണ്യ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാരുണ്യ പദ്ധതിയുടെ കീഴിൽ ഏതെങ്കിലും വിഭാഗം രോഗികൾക്ക് ലഭിച്ചുകൊണ്ടിരുന്ന എന്തെങ്കിലും ആനുകൂല്യം നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാരുണ്യ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിച്ച കൊണ്ടിരുന്ന ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് പുതിയ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയത്; ഇത്തരം രോഗികൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയെ പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു കുടുംബത്തിന് പ്രതിവർഷം പരമാവധി 5 ലക്ഷം രൂപ വരെയുള്ള ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നു. ടി പദ്ധതി പ്രകാരം ഹീമോഫീലിയ ഒഴികെയുള്ള രോഗങ്ങൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതാണ്. എങ്കിലും 3-7-2019 വരെ അപേക്ഷ നൽകിയ കാരുണ്യ ബനവലന്റ് ഫണ്ട് ഗുണഭോക്താക്കളായ അർഹരായ എല്ലാ രോഗികൾക്കും 31-3-2020 വരെ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള എല്ലാ ചികിത്സാ സഹായവും ലഭിക്കുന്നതാണ്. ഇക്കാര്യത്തിൽ 2020-21 ബഡ്ജറ്റ് പ്രസംഗത്തിലെ പരാമർശത്തിനനുസരിച്ച് തുടർ നടപടികളും സ്വീകരിക്കുന്നതാണ്.

(ബി) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ 3-7-2019 വരെ അപേക്ഷ സമർപ്പിച്ചവരിൽ അർഹരായ രോഗികൾക്ക് 31-3-2020 വരെ മുൻപ് ലഭിച്ചിരുന്നതു പോലെ തന്നെ ചികിത്സാ സഹായം നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് 2019 ഏപ്രിൽ 01 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു കുടുംബത്തിന് പ്രതിവർഷം പരമാവധി 5 ലക്ഷം രൂപ വരെയുള്ള ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നു. ടി പദ്ധതി പ്രകാരം ഹീമോഫീലിയ ഒഴികെയുള്ള മറ്റ് രോഗങ്ങൾക്ക് ചികിത്സാ സഹായം ലഭിക്കുന്നു.

കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി

105 (2363) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ചികിത്സാ ധനസഹായ പദ്ധതി നിർത്തലാക്കി പകരം ആരോഗ്യസുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയെ പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. എങ്കിലും 3-7-2019 വരെ അപേക്ഷ നൽകിയ എല്ലാ കാരുണ്യ ബനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കും 2020 മാർച്ച് 31 വരെ മേൽ പദ്ധതി പ്രകാരമുള്ള എല്ലാ ചികിത്സാ സഹായവും ലഭിക്കുന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിലെ പരാമർശം കണക്കിലെടുത്ത് തുടർ നടപടികൾ നിശ്ചയിക്കുന്നതാണ്.

മെഡിസെപ് പദ്ധതി

106 (2364) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കുന്ന മെഡിസെപ് പദ്ധതിയിൽ നിലവിൽ എത്ര പേർ അംഗങ്ങൾ ആയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ)മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാകയാൽ പദ്ധതി ഇതുവരെ നിലവിൽ വന്നിട്ടില്ല. പദ്ധതി ആരംഭിക്കുന്ന മുറയ്ക്കേ അംഗങ്ങളായി എൻറോൾ ചെയ്തവരുടെ എണ്ണം തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

(ബി) മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നമ്പർ87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം

നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാകയാൽ പദ്ധതി ഇതുവരെ നിലവിൽ വന്നിട്ടില്ല. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

മെഡിസെപ് പാക്കേജ് നിരക്കുകൾ

107(2365) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപിന്റെ പാക്കേജ് നിരക്കുകൾ പുനഃപരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

ഉത്തരം

പദ്ധതിയുടെ റീ-ടെണ്ടർ നടപടികളുടെ ഭാഗമായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി 28-12-2019-ലെ സ.ഉ.(സ)നമ്പർ 10206/2019/ധന ഉത്തരവ് പ്രകാരം ആരോഗ്യ രംഗത്തെ വിദഗ്ധരെകൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

108(2366) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിലായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ടി പദ്ധതിയിൽ ജീവനക്കാരിൽ നിന്ന് എത്ര രൂപയാണ് പ്രീമിയം തുകയായി ഈടാക്കാൻ ഉദ്ദേശിക്കുന്നത് ; അറിയിക്കാമോ;

(സി) ടി പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ കമ്പനിയെ കണ്ടെത്തുന്നതിന് ടെൻഡർ നടപടി പൂർത്തീകരിച്ചോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാകയാൽ പദ്ധതി ഇതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല.

(ബി) പദ്ധതിയുടെ റീ-ടെണ്ടർ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരിൽനിന്നും ഈടാക്കുന്ന പ്രീമിയം തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടി നിലവിൽ പുരോഗമിച്ചുവരുന്നു. IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെണ്ടർ മുഖേന റീ-ടെണ്ടർ നടപടികളിലൂടെ മാത്രമേ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുകയുള്ളൂ.

സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

109 (2367) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി പുതുതായി ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നേരത്തെ ആവിഷ്കരിച്ച മെഡിസെപ് പൂർണ്ണമായി റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പുതിയ സാഹചര്യങ്ങൾക്ക് അനുസൃതമായി ജീവനക്കാർക്ക് കൂടുതൽ വേഗത്തിലും പ്രായോഗികവുമായി പ്രയോജനപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

(ബി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടി നിലവിൽ പുരോഗമിച്ചുവരുന്നു. റീ-ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെകൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകളെ അടിസ്ഥാനമാക്കി മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ട്രീറ്റ്മെന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള താഴ്ന്ന നിരക്കുകൾ പദ്ധതിയിൽനിന്നും ആശുപത്രികൾ വിട്ടുനിൽക്കുന്നതിന് കാരണമായി എന്ന വസ്തുത സർക്കാർ വിശദമായി പരിശോധിക്കുകയും പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായി മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെകൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

ആലത്തൂർ താലൂക്ക് സ്റ്റാമ്പ് വെണ്ടറുടെ ലൈസൻസ്

110 (2368) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഓഫീസ് സ്റ്റാമ്പ് വെണ്ടർ മരണപ്പെട്ടതുമൂലം ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരേതനായ സ്റ്റാമ്പ് വെണ്ടറുടെ ലൈസൻസ് സറണ്ടർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) നിലവിൽ സ്റ്റാമ്പ് വെണ്ടറുടെ സേവനം തടസ്സപ്പെട്ടത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്റ്റാമ്പ് വെണ്ടർ കെ. എ. വിഷ്ണുദാസൻ നായരുടെ മരണശേഷം ടിയാന്റെ മകൻ ശ്രീ. എം. ശശിധരന് സ്പെഷ്യൽ വെണ്ടർ ലൈസൻസ് അനുവദിക്കുകയുണ്ടായി. കെ. എ. വിഷ്ണുദാസൻ നായരുടെ ഒറിജിനൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് ട്രഷറിയിൽ സമർപ്പിച്ചതിനുശേഷമാണ് അവകാശിക്ക് സ്പെഷ്യൽ വെണ്ടർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

(സി) നിലവിൽ മൂന്ന് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസ് ആലത്തൂർ താലൂക്ക് ഓഫീസ് പരിസരത്ത് അടുത്തടുത്തായി പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ സ്റ്റാമ്പ് ലഭ്യതയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ലഭിക്കേണ്ടതായ സേവനങ്ങൾ തടസ്സപ്പെട്ടിട്ടില്ല.

മുദ്രവില, ആധാരം രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ കുറവ്

111 (2369) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുദ്രപത്രവില, ആധാര രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ ഓരോ വർഷവും കുറവ് വരുന്നതിന്റെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂമിയുടെ ന്യായവിലയിൽ ഉണ്ടായ വർദ്ധനവ് ഇതിന് കാരണമായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൂമിയുമായി ബന്ധപ്പെട്ട നിക്ഷേപം കുറയുന്നതിന്റെയും തദനുസരണമായി മുദ്രപത്ര വില വരുമാനം കുറയുന്നതിന്റെയും കാരണങ്ങൾ സംബന്ധിച്ച് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുദ്രപത്ര വില, ആധാര രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ ഓരോ വർഷവും കുറവ് വന്നിട്ടില്ല.

(ബി) ചോദ്യം (എ) യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) വർഷംതോറുമുള്ള ആധാരങ്ങളുടെ എണ്ണത്തിൽ കുറവാണെങ്കിലും വരുമാനത്തിൽ കുറവ് വന്നിട്ടില്ല.

ചകിരിനാര് ഉപയോഗം

112 (2370) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനുള്ള അകൂസ്റ്റിക് പാനലും പ്ലൈവുഡിന് ബദലായ ബോർഡും നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

ചകിരിനാരുപയോഗിച്ച് ശബ്ദ നിയന്ത്രണത്തിനുള്ള അകൂസ്റ്റിക് പാനൽ നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ തിരുവനന്തപുരം കടപ്പനക്കുന്ന് പ്രവർത്തിക്കുന്ന നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) വികസിപ്പിച്ചെടുത്തിട്ടുണ്ട്. നിലവിൽ വിപണിയിലുള്ള മറ്റ് ഉല്പന്നങ്ങളേക്കാൾ ഗുണനിലവാരം കൂടിയതും എന്നാൽ വില കുറവുള്ളതുമായ പ്രകൃതി സൗഹൃദമായ ഈ ഉല്പന്നം വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ ചകിരിനാരുപയോഗിച്ച് കയർ കോമ്പസിറ്റ് ബോർഡുകളും രാസപദാർത്ഥങ്ങളൊന്നും ഉപയോഗിക്കാത്ത കയർ ബൈന്റർലെസ് ബോർഡുകളും നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിൽ കയർ കോമ്പസിറ്റ് ബോർഡിന്റെ വ്യാവസായിക ഉല്പാദനം ഫോം മാറ്റിംഗ്സ് (ഇന്ത്യ) തുടങ്ങിയിട്ടുണ്ട്. ബൈന്റർലെസ് ബോർഡിന്റെ ഉല്പാദനം തുടങ്ങുന്നതിനുള്ള മെഷിനറികളുടെ സംഭരണത്തിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

പച്ചത്തൊണ്ട് സംഭരണം

113(2371) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തൊണ്ട് സംഭരിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പൈതൃക ഇനമായ അഞ്ചുതെങ്ങ് കയറിനു പ്രത്യേകപരിഗണന നൽകി ഇവ ഉത്പാദിപ്പിക്കുന്ന സംഘങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയിലെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി തൊണ്ട് സംഭരണം, സാങ്കേതികവിദ്യയുടെ ഉറവിടം, ഉല്പന്നങ്ങളുടെ വിറ്റഴിവ്, പങ്കാളികളുടെ കാര്യക്ഷമത തുടങ്ങി കയർ സഹകരണ സംഘങ്ങളിൽ ഡി.എഫ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വൈക്കം കയർ കൺസോർഷ്യം കേരളം മുഴുവൻ പ്രവർത്തനപരിധിയായി രൂപീകരിച്ചു. ചേർത്തല, ആലപ്പുഴ, വൈക്കം എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഡി.എഫ് സംഘങ്ങൾക്കാണ് വൈക്കം കയർ കൺസോർഷ്യം തൊണ്ട് നൽകിവരുന്നത്. കൺസോർഷ്യം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ചിറയിൻകീഴ് പ്രോജക്ടിലെ വർക്കല, കടയ്ക്കാവൂർ സർക്കിളുകളിലെ സംഘങ്ങളാണ് പ്രധാനമായും അഞ്ചുതെങ്ങ് മേഖലയിൽ വരുന്നത്. ഇവിടെ അഴുക്കൽ തൊണ്ടിന്റെ ചകിരി ഉപയോഗിച്ച് അഞ്ചുതെങ്ങ്, വെട്ടൂർ എന്നീ മേൽത്തരം കയറുകളാണ് ഉല്പാദിപ്പിക്കുന്നത്. കേരളത്തിൽ റാട്ടുകൾ ഉപയോഗിച്ച് പിരിക്കുന്ന കയറുകളിൽ ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്ന കയറാണ് അഞ്ചുതെങ്ങ് കയർ. ഇതിൽതന്നെ ഏറ്റവും കനം കുറഞ്ഞ തരത്തിൽ പിരിച്ചെടുക്കുന്ന കയറിനെ "വെട്ടൂർതിന് " എന്നും പറയുന്നു. ഈ കയറുകൾക്ക് താരതമ്യേന ഉയർന്ന വിലയാണ് കയർഫെഡിലും പൊതുവിപണിയിലും ലഭിക്കുന്നത്. ഫ്ലോർ കവറിംഗുകൾ, മാറ്റിംഗുകൾ, റഗ്സ്, കാർപ്പെറ്റ് ഇവ ഉല്പാദിപ്പിക്കുന്നതിനും കാർഷിക രംഗത്ത് ഹോപ്പ് കൾട്ടിവേഷനിലും ഇത് ഉപയോഗിക്കുന്നുണ്ട്. എന്നാൽ കൃത്രിമനാരുകളുടെ കടന്നുകയറ്റം പ്രധാനമായും ഈ വിഭാഗം കയറുകളുടെ ആഭ്യന്തര വിദേശ വിപണിയെ ബാധിച്ചിട്ടുണ്ട്. ഈ കയറുകൾ ഉല്പാദിപ്പിക്കുന്നതിന് അഴുകൽ തൊണ്ടിൽനിന്നുമുള്ള ചകിരി ആവശ്യമായതിനാൽ ചകിരിവില പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിയേക്കാൾ ഇരട്ടിയിൽ അധികം ആകുന്നുണ്ട്. കൂടാതെ തൊണ്ട് അഴുക്കലിന് പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഉള്ളതിനാൽ മുൻകാലങ്ങളിലെപോലെ വ്യാപകമായി കായലിൽ തൊണ്ട് പൂഴ്ത്തുന്നതിന് സാധിക്കുന്നില്ല. അതോടൊപ്പം തൊണ്ട് ലഭിക്കുന്നതിന് നേരിടുന്ന പ്രയാസം ഈ മേഖലയിൽ അഞ്ചുതെങ്ങ്, വെട്ടൂർ കയറുകളുടെ ഉല്പാദനം കുറഞ്ഞുവരുന്നുണ്ട്. കണക്കുകൾ പരിശോധിക്കുമ്പോൾ അഞ്ചുതെങ്ങ് കയറിന്റെ ഉല്പാദനം വളരെ കുറഞ്ഞ അളവിലാണ്. ആയതിനാൽ ഈ കയറിനെ പൈതൃക ഇനങ്ങളുടെ പട്ടികയിൽ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതാണ്. ഈ മേഖലയിലെ കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകളിൽ പരിശീലനം നൽകി വൈക്കം കയർ ഉൾപ്പെടെയുള്ള കയറുകൾ പച്ചത്തൊണ്ടിന്റെ ചകിരിയിൽനിന്നും ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പരമ്പരാഗതമായി

അഴുകൽ തൊണ്ടിന്റെ ചകിരിയിൽനിന്നും കയർ പിരിച്ചുവന്ന തൊഴിലാളികൾ പച്ചത്തൊണ്ടിൽനിന്നുള്ള ചകിരി ഉപയോഗിച്ച് കയർ പിരിക്കുന്നതിന് വിസമ്മതം പ്രകടിപ്പിക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽനിന്നും സംഭരിക്കുന്ന തൊണ്ടുപയോഗിച്ചാണ് കയറുല്പാദനം നടക്കുന്നത്. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത്. വിഴിഞ്ഞം, പൂവാർ എന്നീ പ്രദേശങ്ങളിൽനിന്നുള്ള തൊണ്ട് കച്ചവടക്കാരിൽനിന്നും കൂടാതെ പ്രാദേശികമായി സംഘങ്ങൾ നേരിട്ടും തൊണ്ട് സംഭരിക്കുന്നു. നാട്ടിൻപുറത്തെ ചെറിയ കടകളിൽ നാളികേരം വിൽക്കുമ്പോൾ ലഭ്യമാകുന്ന തൊണ്ട് സംഭരിക്കുന്നതിനുള്ള നടപടി സംഘങ്ങൾ വഴി പ്രോജക്ട് ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രതിദിനം 5000 തൊണ്ട് വരെ സംഭരിക്കാൻ കഴിയുന്നു. തൊണ്ട് സംഭരിക്കുന്നതിന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി കയർ സഹകരണസംഘങ്ങളുടെ യോഗം രണ്ടുതവണ ചേരുകയും ബൈലാ തയ്യാറാക്കി രജിസ്ട്രേഷനുള്ള നടപടി തുടങ്ങുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീ, നാളികേര ഉല്പാദന സൊസൈറ്റികൾ എന്നിവ വഴി തൊണ്ട് സംഭരിക്കുന്നതിനും പ്രോജക്ട് ഓഫീസ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനാവശ്യമായ പരിശീലനവും സാങ്കേതികവിദ്യാ വിന്യാസവും നടപ്പിലാക്കിവരുന്നു.

കയർ മേഖല

114 (2372) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിസന്ധി മറികടക്കുവാൻ പൊതുമേഖലാ സ്ഥാപനമായ കയർ കോർപ്പറേഷൻ റിലയൻസുമായി സഹകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലെന്ന് അറിയിക്കാമോ;

(സി) 2007-ലെ കയർ കേരളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 100 കോടി രൂപയുടെ കയർ ഭ്വവസ്തും നൽകാമെന്ന കരാറിൽ ഒപ്പുവച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ധാരണ പ്രകാരം കയർ ഭ്വവസ്തും നൽകുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കയർ മേഖല നേരിടുവന്ന അതീവ ഗുരുതരമായ പ്രതിസന്ധിയിൽ നിന്നും സാവധാനവും സുസ്ഥിരവുമായ പുരോഗതി കൈവരിക്കുകയാണ്. ചകിരി ഉല്പാദനം ഈ സർക്കാരിന്റെ കാലത്ത് 376% വർദ്ധിച്ചു. കയർ ഉല്പാദനം 78820.40 ക്വിന്റലിൽനിന്നും 157767.52 ക്വിന്റലായി ഉയർന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നടത്തുന്ന കയർ ഉൽപ്പന്ന സംഭരണത്തിൽ 56% വർദ്ധനവ് കൈവരിച്ചു. ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ഉൽപ്പന്ന മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചു വരുന്നുണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേരിടുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് പുറമെ, ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് പുതുതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾക്ക് നിലവിൽ സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽനിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ചകിരി വില (ലക്ഷത്തിൽ)	
2015-16	ഇല്ല	2019-20 ജനുവരി 31 വരെ 19909.27 കി.ചകിരി സംസ്ഥാനത്തെ ഡി.എഫ് മില്ലുകളിൽനിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് കയർഫെഡ് ആകെ സംഭരിച്ച ചകിരിയുടെ 45.76% ആണ്.
2016-17	50.94	
2017-18	78.14	
2018-19	284.02	

13-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടൊപ്പം ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്. എ.എസ്.എം.-കൾ സ്ഥാപിച്ച് തുടങ്ങുന്നതിന് മുമ്പായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും 6056 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കൊണ്ടും കയർ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

വർഷം	കയർ ഉൽപ്പാദനം (ക്വിന്റലിൽ)
2015-16	78820.40
2018-19	157767.52
2019-20 ഡിസംബർ വരെ	144263.24

2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർരംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ടതരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകിവരുന്നു.

4. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡി ഡി.എഫ്. മില്ലുകൾക്ക് 25 ലക്ഷം രൂപ വരെ നൽകിവരുന്നു.

5. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

6. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

8. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

10. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

13. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

14. യന്ത്രവത്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.

16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

(ബി) പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ റിലയൻസിന്റെ വ്യാപാര ശൃംഖലകൾ വഴി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള വ്യാപാര കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് വ്യാപാര ശൃംഖലകളുള്ള ഏജൻസികളുമായും വ്യാപാര കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടി വ്യാപാര സാധ്യത വികസിപ്പിക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്.

(സി) 2007-ലെ കയർ കേരളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 100 കോടി രൂപയുടെ കയർ ഭ്രവസ്തും നൽകാമെന്ന കരാറിൽ ഒപ്പുവച്ചിരുന്നില്ല. എന്നാൽ കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭ്രവസ്തു പദ്ധതി ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവിച്ചിട്ടുണ്ട്.

(ഡി) 2007-ൽ ധാരണാപത്രം ഒപ്പുവയ്ക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കയർ ഭ്രവസ്തും നൽകുന്ന നടപടികൾ ഉണ്ടായിട്ടില്ല. 2017-ൽ ഒപ്പുവച്ച ധാരണാപത്രം പ്രകാരം ലഭിച്ച ഓർഡറുകളിൽനിന്ന് കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) എന്നിവയിലൂടെ 43 കോടി രൂപയുടെ കയർ ഭ്രവസ്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓർഡറുകൾ ഈ ഏജൻസികൾക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമാണ് കയർ ഭ്രവസ്തും നൽകുന്നതിന് സാധിക്കുന്നത്. കയർ ഭ്രവസ്തു പദ്ധതി ആവിഷ്കരിച്ചതിലൂടെ മുൻകാലങ്ങളിലുൾപ്പെടെ കയർഫെഡ് വഴി സർക്കാർ സംഭരിച്ചിരുന്ന കയർ മുഴുവനും വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2015-16-ൽ 78820.40 ക്വി.കയർ ഉല്പാദിപ്പിച്ചിരുന്ന സമയത്താണ് 2017-ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭ്രവസ്തു പദ്ധതിക്ക് ധാരണാപത്രം ഒപ്പിട്ടത്. പരമ്പരാഗത റാട്ടുകളിലും ഇ-റാട്ടുകളിലും ദിവസേന ഉല്പാദിപ്പിക്കാൻ കഴിയുന്ന കയറിന്റെ അളവ് 15 കിലോ മാത്രമാണ്. എന്നാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ 50 കിലോ മുതൽ 70 കിലോ വരെ കയർ ഒരു ദിവസം ഉല്പാദിപ്പിക്കുവാൻ സാധിക്കും. ആയതിനാൽ കൂടുതൽ ഇലക്ട്രോണിക് റാട്ടുകൾ പരമ്പരാഗത തൊഴിലാളികൾക്കായി വിതരണം ചെയ്തും എ.എസ്.എം.-കൾ സ്ഥാപിച്ചും കയർ ഉൽപ്പാദനം വർദ്ധിപ്പിച്ച് ലഭിക്കുന്ന ഭ്രവസ്തു ഓർഡറുകൾ പൂർണ്ണമായും നൽകുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. കൂടാതെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 2018 മാർച്ച് മാസത്തോടെയാണ് ധാരണപ്രകാരമുള്ള ഓർഡറുകൾ ലഭിച്ചത്. 2018 മാർച്ചിനുശേഷവും കയർ ഭ്രവസ്തും 2018-19, 2019-20 വർഷങ്ങളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർന്നും നൽകിവരികയാണ്.

കയർ മേഖലയുടെ നവീകരണം

115 (2373) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി അടിസ്ഥാന വസ്തുവായ തൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നടക്കം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(സി) കയർ വ്യവസായത്തിൽ സമ്പൂർണ നവീകരണം നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകും എന്ന് കരുതുന്നു. ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, സ്വകാര്യ സംരംഭകർ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. പ്രാഥമിക സഹകരണ ബാങ്കുകളെ ചകിരി ഉൽപ്പാദന രംഗത്തേക്ക് കടന്നുവരുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടപ്പിലായി കഴിഞ്ഞു. സംസ്ഥാനത്ത് ഇതിനോടകം 100 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 27 മില്ലുകൾ ഉടനെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 എ.എസ്.എം.-കൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ, വൈക്കം, കണ്ണൂർ, നോർത്ത് പറവൂർ, ചിറയിൻകീഴ്, കൊല്ലം, കായംകുളം എന്നീ പ്രോജക്ടുകളിലായി അടിസ്ഥാന സൗകര്യങ്ങളുള്ള 61 സംഘങ്ങളിൽ 620 എ.എസ്.എം.-കൾ 31-3-2020-ന് മുമ്പായി സ്ഥാപിക്കുന്നതിനായി കെ.എസ്.സി.എം.എം.സി-ക്ക് ഓർഡർ നൽകികഴിഞ്ഞു. കണ്ണൂർ-92, ആലപ്പുഴ-40, വൈക്കം-10 എന്ന ക്രമത്തിൽ 142 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ശരാശരി 50 കിലോ 160-180 റണ്ണേജിലുള്ള വൈക്കം കയർ പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന തൊഴിലാളിക്ക് ഉല്പാദിപ്പിക്കാനാകും. പരമ്പരാഗത/ഇലക്ട്രോണിക് റാട്ടിൽ ശരാശരി 15-18 കിലോ ഗ്രാം കയർ ഒന്നോ മൂന്നോ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഒരു തൊഴിലാളി എ.എസ്.എം.-ൽ 50 കിലോ കയർ ഉൽപ്പാദിപ്പിക്കുന്നത്. കയർ ഉല്പാദനം വർദ്ധിക്കുന്നതിന് ഇത് ഏറ്റവും സഹായകരമാണ്. കയർ ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിൽ, യന്ത്രവത്കരണ പദ്ധതിയിൽ, കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അകൗസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70%വരെ ഡിസ്കൗണ്ട് നൽകി ഉറഞ്ഞ് പോകാതെ വിൽക്കേണ്ടിവരുന്ന സ്ഥിതി 2016-17-നുശേഷം അവസാനിച്ചു. എം.ജി.എൻ.

ആർ.ഇ.ജി.എസ്.-മായി ചേർന്ന് കയർ കേരള 2017-ൽ ആരംഭിച്ച ഇത് കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണ്. ഈ പദ്ധതിക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതുവഴി തൊഴിലാളികൾക്ക് കൃത്യമായ വേതനവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്തുനടത്തുന്നു.

പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300 രൂപയുടെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. 29-12-2018-ലെ ജി.ഒ (ആർ.റ്റി)നമ്പർ 1401/18/ഐ.ഡി പ്രകാരം, പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. 2015-16 വർഷത്തിൽ 78820 ക്വി. കയർ കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിരുന്ന സ്ഥാനത്ത് 2018-19 വർഷത്തിൽ 1.57 ലക്ഷം ക്വി. കയർ സംഭരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31 വരെ 144263.24 ക്വി. കയർ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷത്തെ ആകെ ഉല്പാദനത്തിന്റെ 45.76% കയർ ഉല്പാദിപ്പിച്ചിരിക്കുന്നത് കേരളത്തിനകത്ത്

സ്ഥാപിച്ചിട്ടുള്ള ചകിരി മില്ലുകളിൽനിന്നുള്ള ചകിരി ഉപയോഗിച്ചിട്ടാണ്. ഈ വർഷം സെപ്റ്റംബർ 30 വരെ 80990 ക്വിന്റൽ കയർ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷം ഈ കാലയളവിൽ സംഭരിച്ചതിനേക്കാൾ 40.6% വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2015-16-ൽ 12.45 കോടി രൂപ 406 സഹകരണ സംഘങ്ങളിലും രജിസ്റ്റേർഡ് യൂണിറ്റുകളിലുമായി നൽകിയപ്പോൾ 2018-19-ൽ 585 സംഘങ്ങൾക്ക് 22.64 കോടി രൂപയാണ് നൽകിയത്. ഇത് കൈവരിക്കാൻ കഴിഞ്ഞത് ഉൽപ്പാദന വർദ്ധനവിന്റെ വ്യക്തമായ ചിത്രമാണ്. 2019-20 വർഷത്തിൽ 30-9-2019 വരെ ഫൈബർ സബ്സിഡി ഇനത്തിൽ 2,21,14,902 രൂപ കയർഫെഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും മുടങ്ങാതെ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് കയർഫെഡിന് ഇപ്രകാരം തുക നൽകുന്നത്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കയർ രണ്ടാം പുനഃസംഘടനയുടെ ഏറ്റവും പ്രധാന ഘടകം ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതു തന്നെയാണ്. ഇതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ 100 ചകിരി മില്ലുകൾ ഇതിനോടകം സ്ഥാപിക്കപ്പെട്ടു. 27 ചകിരി മില്ലുകൾ കൂടി ഉടൻതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. ഇതോടൊപ്പം കേരളത്തിലെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് കയർ വികസന വകുപ്പുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കയർ കേരള 2019-ൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് തൽപ്പരരായ 80 സംരംഭകരുടെ ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുള്ളതാണ്. കേരളത്തിലെ ഡി.എഫ് മില്ലുകളുടെ എണ്ണം വർദ്ധിക്കുന്നതോടെ ഇതര സംസ്ഥാനങ്ങളിലേക്ക് പച്ചത്തൊണ്ട് കൊണ്ടു പോകുന്നത് അവസാനിക്കുകയും കേരളത്തിലെ കർഷകന് തൊണ്ടിന് മെച്ചപ്പെട്ട വില ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും.

തൊണ്ട് സംഭരണത്തിന്റെ വിശദാംശം

വർഷം	തൊണ്ടിന്റെ എണ്ണം (ലക്ഷത്തിൽ)	വില (ലക്ഷത്തിൽ)
2011-12	98.54	137.97
2012-13	84.98	84.53
2013-14	78.96	83.18
2014-15	94.09	116.92
2015-16	97.42	120.92
2016-17	109.31	139.27
2017-18	118.94	177.61
2018-19	204.01	312.59

കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കപ്പെട്ടപ്പോൾ കേരളത്തിലെ തൊണ്ട് സംഭരണം ഇരട്ടിയോളം വർദ്ധിച്ചതായി കണക്കാക്കാം. കൂടാതെ 2017-18-ൽ തൊണ്ടുസംഭരണത്തിനായി റിവോൾവിംഗ് ഫണ്ട് സബ്സിഡി ഇനങ്ങളിലായി 1,80,00,000 രൂപ നൽകിയപ്പോൾ 2018-19-ൽ 38.23 ലക്ഷം രൂപ മാത്രമാണ് നൽകേണ്ടിവന്നിട്ടുള്ളത്. ഇത് ഗുണകരമായ ഒരു മാറ്റമാണ്. തൊണ്ടുസംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ആലപ്പുഴ, വൈക്കം കയർ കൺസോർഷ്യം മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. ഇതേ മാതൃകയിൽ മറ്റ് പ്രോജക്ടുകൾക്ക് കീഴിലും തൊണ്ടുസംഭരണം ശക്തമാക്കുന്നതിന് കൺസോർഷ്യങ്ങൾ രൂപീകരിച്ചുവരികയാണ്. പൂർണ്ണമായി യന്ത്രവത്കരണം വഴി പരമാവധി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ-ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കർഷകന് തൊണ്ടിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിന് സാധിക്കും.

(സി) കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. ചികിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ നവീകരണം ഇതുവഴി കൈവരിക്കാനാകും എന്നുകരുതുന്നു.

കയർ നിർമ്മാണ മേഖലയുടെ ആധുനികവത്കരണം

116 (2374) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ നിർമ്മാണ മേഖലയിലെ ആധുനികവത്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഈ മേഖലയിലെ വൈവിദ്ധ്യവത്കരണം, ഗവേഷണം എന്നിവയ്ക്ക് 2016 മുതൽ 2019 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. ചികിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകും എന്ന് കരുതുന്നു. ചികിരിയുടെ ദൗർലഭ്യമാണ് കയർമേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, സ്വകാര്യ സംരംഭകർ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചികിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം

പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. പ്രാഥമിക സഹകരണ ബാങ്കുകളെ ചകിരി ഉൽപ്പാദന രംഗത്തേക്ക് കടന്നുവരുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘടങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടപ്പിലായിക്കഴിഞ്ഞു. സംസ്ഥാനത്ത് ഇതിനോടകം 100 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 27 മില്ലുകൾ ഉടനെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ചുതുടങ്ങി. ഈ ധനകാര്യ വർഷം പൂർത്തിയാകുമ്പോൾ 600 ASM കൾ മിനിഫാക്ടറി അടിസ്ഥാനത്തിൽ സ്ഥാപിക്കും. ഒരു വർഷം കൊണ്ട് 2000 ASM-കൾ സ്ഥാപിക്കും. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 എ.എസ്.എം.കൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ, വൈക്കം, കണ്ണൂർ, നോർത്ത് പറവൂർ, ചിറയിൻകീഴ്, കൊല്ലം, കായംകുളം എന്നീ പ്രോജക്ടുകളിലായി അടിസ്ഥാന സൗകര്യങ്ങളുള്ള 61 സംഘങ്ങളിൽ 620 എ.എസ്.എം.കൾ 31-3-2020-ന് മുമ്പായി സ്ഥാപിക്കുന്നതിനായി കെ.എസ്.സി.എം.എം.സി.ക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കണ്ണൂർ-92, ആലപ്പുഴ-40, വൈക്കം-10 എന്ന ക്രമത്തിൽ 142 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു.

കയർ ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിൽ, യന്ത്രവത്കരണ പദ്ധതിയിൽ, കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അകൗസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നു.

പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലി 300 രൂപയിൽനിന്നും 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. 2015-16 വർഷത്തിൽ 78820 കി.ഗ്രാം കയർ കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിരുന്ന സ്ഥാനത്ത് 2018-19 വർഷത്തിൽ 1.57 ലക്ഷം കി.ഗ്രാം കയർ സംഭരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31 വരെ 144263.24 കി.ഗ്രാം കയർ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷത്തെ ആകെ ഉല്പാദനത്തിന്റെ 45.76% കയർ ഉല്പാദിപ്പിച്ചിരിക്കുന്നത് കേരളത്തിനകത്ത് സ്ഥാപിച്ചിട്ടുള്ള ചകിരി മില്ലുകളിൽ നിന്നുള്ള ചകിരി ഉപയോഗിച്ചിട്ടാണ്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2015-16-ൽ 12.45 കോടി രൂപ 406 സഹകരണ സംഘങ്ങളിലും രജിസ്റ്റേർഡ് യൂണിറ്റുകളിലുമായി നൽകിയപ്പോൾ 2018-19-ൽ 585 സംഘങ്ങൾക്ക് 22.64 കോടി രൂപയാണ് നൽകിയത്.

(ബി) കയർ വകുപ്പിന് കീഴിലുള്ള സ്വയംഭരണ ഗവേഷണ സ്ഥാപനമാണ് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ). കയർ മേഖലയിലെ വൈവിദ്ധ്യവൽക്കരണം, ഗവേഷണം എന്നിവയ്ക്ക് 2016 മുതൽ 2019 വരെയുള്ള 3 സാമ്പത്തിക വർഷങ്ങളിലായി എൻ.സി.ആർ.എം.ഐ.-ക്ക് 599.65 ലക്ഷം രൂപ ചെലവായിട്ടുണ്ട്. എൻ.സി.ഡി.സി പദ്ധതി പ്രകാരം കയർ മേഖലയുടെ നവീകരണത്തിനായി 110 കോടി രൂപ ലഭ്യമായിട്ടുണ്ട്.

2019-ൽ നടന്ന കയർ കേരള

117 (2375) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ നടന്ന കയർകേരള സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് സഹായമാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനായി അക്കൂസ്റ്റിക്ക് പാനൽ നിർമ്മിക്കുന്നതിന് ധാരണയായിട്ടുണ്ടോ; ഇതിന് പുറമെ വേറെ ഏതൊക്കെ മേഖലകളിലാണ് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്;

(സി) കയർ കേരളയിൽ കയർ ഭൂവസ്ത്രത്തിന് ഓർഡർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നൊക്കെയാണെന്നും എത്ര കോടി രൂപയുടേതാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭവസ്ത പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർമേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭവസ്ത കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർഭവസ്ത ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർരംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. ഇതടക്കം 399 കോടി രൂപയുടെ ഓർഡറുകൾ കയർ കേരള 2019-ൽ ലഭ്യമായിട്ടുണ്ട്.

(ബി) ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനായി അക്കൂസ്റ്റിക് പാനൽ നിർമ്മിക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭവസ്ത ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്.

(സി) കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭവസ്ത പദ്ധതി ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചു. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭവസ്ത ധാരണാപത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്.

കെ. സ്വിഫ്റ്റ് പോർട്ടൽ

118 (2376) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകുന്നതിനുള്ള കെ-സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ എത്രയെണ്ണത്തിന് അനുമതി നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെ-സ്വിഫ്റ്റ് പോർട്ടൽ വഴി അനുമതി നൽകുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സമയത്തിനുള്ളിൽ അനുമതി നല്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനുവേണ്ടി സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി ഇതിനകം 519 കോമൺ ആപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് നടപടി

119(2377) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണമേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്ക് വ്യവസായ വകുപ്പ് എന്തെങ്കിലും പ്രോത്സാഹനമോ സഹായമോ നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ആലോചിക്കുമോ;

(സി) വ്യക്തികൾക്കോ സ്വകാര്യസ്ഥാപനങ്ങൾക്കോ വ്യവസായം ആരംഭിക്കുന്നതിന് ഭൂമി നൽകുന്നതിലും സുരക്ഷിതമായി സർക്കാരിൽ തന്നെ പ്രസ്തുത ഭൂമി നിക്ഷിപ്തമായിരിക്കുന്നതിനാൽ സഹകരണ, വ്യവസായ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നതിന് സുതാര്യതയും വേഗതയും ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് വ്യവസായം തുടങ്ങുന്നതിന് സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയൊന്നും നിലവിലില്ല. അതേസമയം വ്യവസായ സംരംഭകർ എന്ന നിലയ്ക്ക് സഹകരണ സംഘങ്ങൾക്ക് വ്യവസായ വികസന ഏരിയ/പ്ലോട്ട്/എസ്റ്റേറ്റുകളിൽ പൊതുവായ നിബന്ധനകളുടെ അടിസ്ഥാനത്തിലും ലഭ്യതയനുസരിച്ചും ഭൂമി അനുവദിക്കുന്നതിന് തടസ്സമില്ല.

(ബി) സഹകരണമേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്കുള്ള ധനസഹായ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യവസായ ഭൂമി അനുവദിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ്. വ്യവസായ ആവശ്യത്തിനായി വ്യവസായ-സഹകരണ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്ന രീതി നിലവിലില്ല.

അമരവിള ചുടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പ്

120 (2378) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര അമരവിള ചുടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി മണ്ഡലത്തിൽ മൽസരിച്ച വ്യക്തി പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഖാദി വ്യവസായ വകുപ്പ് നൽകിയ 36044/18 നമ്പർ ഹർജിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.36044/18 എന്ന കേസ് ഫയൽ ചെയ്തത് ഖാദി ബോർഡ് അല്ല. ടി കേസിലെ ഹർജിക്കാരൻ ശ്രീ. അരുൺ ബി.എസ്. എന്ന വ്യക്തിയാണ്. പ്രസ്തുത കേസിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വകുപ്പ് എന്നിവയും കക്ഷികളല്ല. ഈ കേസിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷൻ, റിട്ടേണിംഗ് ഓഫീസർ, അമരവിള ചുടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘം, തഹസിൽദാർ എന്നിവർ യഥാക്രമം 1 മുതൽ 4 വരെ എതിർകക്ഷികളാകുന്നു. പ്രസ്തുത കേസിൽ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാരന് ഇലക്ഷനിൽ മത്സരിക്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കുകയും ഇലക്ഷൻ നടപടി പൂർത്തീകരിച്ച് പുതിയ ഭരണസമിതി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

കെ-സ്വിഫ്റ്റ്

121(2379) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ-ഇടത്തരം-ചെറുകിട മേഖലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) കെ-സ്വിഫ്റ്റ് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ പരിഷ്കരിച്ചതിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് വ്യവസായ രജിസ്ട്രേഷൻ നടത്താനാഗ്രഹിക്കുന്ന വർക്ക് ലഭ്യമാവുക; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ വ്യവസായ വകുപ്പ് മുഖേന 53218 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതുകൂടാതെ സംസ്ഥാനത്ത് പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് സർക്കാർ തീരുമാനിച്ചപ്രകാരം 'കേരള-സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്' പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം K-SWIFT വഴി നാളിതുവരെ 221 അപേക്ഷകൾ 114.65 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി K-SWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ ഏകജാലക സംവിധാനമാണ് കെ-സ്വിഫ്റ്റ്. ഏകീകൃത അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസ്തുത ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 ഏജൻസികൾ/വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ/ലൈസൻസുകൾ എന്നിവ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി അതിവേഗം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി ഇതിനകം 519 കോമൺ ആപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. ഇതുകൂടാതെ വ്യവസായ വകുപ്പിന്റെ വിവിധ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള ലാന്റിന്റെ വിവരങ്ങളും കെ-സ്വിഫ്റ്റിൽ ലഭ്യമാണ്.

പുതിയ വ്യവസായങ്ങൾക്ക് സബ്സിഡി

122 (2380) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന സംരംഭക സഹായ പദ്ധതി പ്രകാരം നിലവിൽ 15% മുതൽ 30% വരെ നിക്ഷേപ സബ്സിഡി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകിവരുന്നുണ്ട്. തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് സബ്സിഡി നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ 2020 ഏപ്രിൽ ഒന്ന് മുതൽ 2025 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്ന കാര്യം ആലോചനയിലാണ്. ഇവർ തൊഴിലാളികളുടെ ESI, PF എന്നീ സ്കീമുകൾ നടപ്പിലാക്കിയിരിക്കണം. മാത്രമല്ല, സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകാനാണ് വിഭാവന ചെയ്യുന്നത്.

പുതിയ വ്യവസായങ്ങൾക്ക് സബ്സിഡി

123 (2381) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന സംരംഭക സഹായ പദ്ധതി പ്രകാരം നിലവിൽ 15% മുതൽ 30% വരെ നിക്ഷേപ സബ്സിഡി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകിവരുന്നുണ്ട്. തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് സബ്സിഡി നൽകുന്ന പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ 2020 ഏപ്രിൽ ഒന്ന് മുതൽ 2025 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്യുകയും തൊഴിലാളികളുടെ ESI, PF സ്കീമുകൾ നടപ്പിലാക്കുന്ന കമ്പനികൾക്കാണ് എംപ്ലോയ്മെന്റ് സബ്സിഡി നൽകാൻ വിഭാവന ചെയ്യുന്നത്. മാത്രമല്ല, സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകുന്ന കാര്യവും ആലോചനയിലാണ്.

പുതിയ വ്യവസായങ്ങൾക്കുള്ള സബ്സിഡി

124 (2382) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2020 ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

വ്യവസായ വകുപ്പ് കൈകാര്യം ചെയ്യുന്ന സംരംഭക സഹായ പദ്ധതി പ്രകാരം നിലവിൽ 15% മുതൽ 30% വരെ നിക്ഷേപ സബ്സിഡി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകിവരുന്നുണ്ട്. തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് സബ്സിഡി നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ 2020 ഏപ്രിൽ ഒന്ന് മുതൽ 2025 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത്, തൊഴിലാളികൾക്ക് നൽകേണ്ടതായ ESI, PF സ്കീമുകൾ നടപ്പിലാക്കാൻ തയ്യാറായി രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്ന കാര്യം ആലോചനയിലാണ്. സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു.

സർക്കാർ ഇ-മാർക്കറ്റിംഗിലെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾ

125 (2383) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയിസ് എന്ന സ്കീമിൽ സംസ്ഥാന സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളിൽ നിന്ന് കൃഷി, വേസ്റ്റ് മാനേജ്മെന്റ്, സാനിട്ടേഷൻ, വ്യവസായം എന്നീ മേഖലയിലെ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതികളിൽ നേരിട്ട് സാധനങ്ങൾ വിതരണം നടത്തുന്നതിന് എത്ര ലക്ഷം രൂപയുടെ പരിധിയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്ക് ടെൻഡർ നടപടിക്രമങ്ങൾ ആവശ്യമുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സ് എന്ന സ്കീമിൽ എല്ലാ സംസ്ഥാന സർക്കാർ വകുപ്പുകളും സർക്കാരിനുകീഴിലുള്ള മറ്റ് സ്ഥാപനങ്ങളും ഉൾപ്പെടും.

(ബി) 18-12-2018-ലെ G.O(M.S)No.35/2018/ITD പ്രകാരം 20 ലക്ഷം രൂപവരെ മൂല്യമുള്ള സ്റ്റാർട്ടപ്പ് ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് നേരിട്ട് എടുക്കാവുന്നതാണ്. മേൽ പറഞ്ഞ രീതിയിൽ ഉല്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ സർക്കാർ വകുപ്പുകൾക്ക് എടുക്കുന്നതിനായി 4-8-2017-ലെ G.O(M.S) No.19/2017/ ITD സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപിതമായ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതുണ്ട്.

കെ.എം.എം.എൽ-ന്റെ പ്രവർത്തനം

126 (2384) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കെ.എം.എം.എൽ. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്നു എന്ന വാർത്ത വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എം.എം.എൽ.-ന്റെ കരിമണൽ ഖനനാനുമതി റദ്ദാക്കികൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ് പുറത്തുനിന്നും വാങ്ങി കമ്പനിയിൽ ഉല്പാദനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനിയിൽ നിന്നും ഇത് വാങ്ങുവാനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) അല്ല. കെ.എം.എം.എൽ. ഇപ്പോഴും ലാഭത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

(ബി) ഇല്ല. നിയമാനുസൃത ലൈസൻസ്/ക്ലിയറൻസ് സമ്പാദിച്ചിട്ടുമാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളുവെന്ന് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ കെ.എം.എം.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കമ്പനിക്ക് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദനത്തിന് അത്യന്താപേക്ഷിതമായ ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ് ആവശ്യത്തിന് വേണ്ട അളവിൽ ആഭ്യന്തര ഉല്പാദനത്തിലൂടെ കണ്ടെത്താൻ സാധിക്കാതെ വന്നിട്ടുള്ളതിനാൽ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതിയോടെ പുറത്തുനിന്ന് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ് വങ്ങുന്നതിന് കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

കേരള സോപ്പ്സ് പരിഷ്കരണം

127 (2385) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്സ് കളിക്കുന്നതിനും തുണി അലക്കുന്നതിനും വിവിധ ഇനം ഗുണനിലവാരമുള്ള സോപ്പുകൾ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും മാറിയ സാഹചര്യത്തിൽ ഉൽപ്പന്നങ്ങൾ പരിഷ്കരിക്കേണ്ടതായി സർക്കാരിന് അഭിപ്രായമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) എങ്കിൽ അലക്കുസോപ്പ് ബാറുകൾക്കു പുറമേ വാഷിംഗ് മെഷീനിൽ അലക്കുന്നതിനനുയോജ്യമായ ഗുണമേൻമയോടെ സോപ്പ് പൗഡർ മാർക്കറ്റിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേരള സോപ്സിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) മാറിയ സാഹചര്യത്തിൽ വിപണിക്കാവശ്യമായ ലിക്വിഡ് ഡിറ്റർജന്റുകളുടെ കടന്നുവരവാണ് ദൃശ്യമാകുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള വാഷിംഗ് പൗഡർ, ലിക്വിഡ് സോപ്പ്, ടോയിലറ്ററീസ് എന്നിവയുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നടപടികൾ കെ.എസ്.ഐ.ഇ. തുടർന്നു വരുന്നു.

കാസർഗോഡ് ബി.എച്ച്.ഇ.എൽ. ജീവനക്കാരുടെ ശമ്പളം

128 (2386) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബി.എച്ച്.ഇ.എൽ.-ൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ല എന്നും ഈ പ്രതിസന്ധിക്ക് കാരണമെന്തെന്നും വ്യക്തമാക്കാമോ;

(സി) മാസങ്ങളോളം ശമ്പളം കിട്ടാതെ വരുമ്പോൾ പട്ടിണിയിലേയ്ക്ക് എടുത്തെറിയപ്പെടുന്ന ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-നെയും ആ സ്ഥാപനത്തിലെ ജീവനക്കാരെയും രക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭെൽ-ഇ.എം.എൽ എന്ന കമ്പനിയിൽ 151 സ്ഥിരം ജീവനക്കാരും 24 കരാർ തൊഴിലാളികളുമാണ് ജോലി ചെയ്യുവരുന്നത്.

(ബി&സി) കമ്പനിയിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് 14 മാസമായി ശമ്പളം വിതരണം ചെയ്തിട്ടില്ല. ഇടക്കാലാശ്വാസമായി പലതവണകളായി ചെറിയ തുകകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലാണ് പ്രവർത്തിക്കുന്നത്. ഇൻഡ്യൻ റെയിൽവേയ്ക്കാവശ്യമായ വിവിധ ആൾട്ടർനേറ്റേഴ്സും മറ്റ് ജനറൽ ആവശ്യങ്ങൾക്കുള്ള ആൾട്ടർനേറ്റേഴ്സുമാണ് ഈ കമ്പനിയുടെ ഉൽപ്പന്നങ്ങൾ. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണംമൂലം ഉൽപ്പാദന വിതരണ പ്രക്രിയയിലുണ്ടായിരിക്കുന്ന തടസ്സങ്ങളാണ്

നിലവിലെ പ്രതിസന്ധിക്ക് കാരണം. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതമൂലം ലഭ്യമായ ഓർഡറുകൾപോലും ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ പരിഗണിച്ച് കമ്പനിയുടെ അപേക്ഷ പ്രകാരം 5 കോടി രൂപയുടെ പ്രവർത്തനമൂലധനസഹായം കെ.എം.എം. എൽ.-ൽനിന്നും ഫെബ്രുവരി 2018-ൽ കേരള സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ മാർച്ച് 2019-ൽ 1.50 കോടി രൂപയുടെ സഹായവും സർക്കാർ നൽകിയിരുന്നു. കൂടാതെ 2019 സെപ്റ്റംബർ മാസത്തിൽ 15 ലക്ഷം രൂപയുടെ സഹായവും കേരള സർക്കാർ നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നയത്തിന്റെ ഭാഗമായി ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ച ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള ഇടപെടലുകളാണ് പ്രാരംഭമായി കേരള സർക്കാർ നടത്തിയത്. ഭെൽ-ഇ.എം.എൽ.-ന്റെ ഓഹരികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 7-9-2019-ലെ സ.ഉ.(കൈ)നമ്പർ 78/2019/വ്യവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഭെൽ-ഇ.എം.എൽ. ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

129 (2387) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ സംസ്ഥാനം സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വെള്ളൂർ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള ചെലവെത്രയാണ്; വ്യക്തമാക്കുമോ;

(സി) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് ഭെൽ-ഇ.എം.എൽ എന്നിവ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ഡി) ആരോഗ്യ രംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും വിൽക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അവ സംസ്ഥാനത്തിന് കൈമാറാൻ ആവശ്യം ഉന്നയിക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ചിട്ടുള്ള കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കാസർഗോഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് [എച്ച്.എൻ.എൽ], വെള്ളൂർ എന്നീ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനാണ് അവയെ സംസ്ഥാനം ഏറ്റെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. ഈ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ താഴെ വിവരിക്കുംപ്രകാരമാണ്.

ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്

കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെലിന്റെ 51% ഓഹരികൾ ഒരു രൂപ വിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി കേരള സർക്കാർ തലത്തിൽ പൂർത്തിയാക്കി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സർക്കാരും ബി.എച്ച്.ഇ.എൽ.-മായി കരാർ ഒപ്പുവയ്ക്കാവുന്നതിനുള്ള അന്തിമ തീരുമാനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്.

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്-ന്റെ 31-3-2017 പ്രകാരമുള്ള ആസ്തി ബാധ്യതകൾ നിജപ്പെടുത്തി 53.02 കോടി രൂപയ്ക്ക് ആസ്തികൾ ഏറ്റെടുക്കുന്നതിന് സംയുക്തമായി തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ സെക്രട്ടറിതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത വിഷയത്തിന്മേൽ അന്തിമ തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല.

ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് [എച്ച്.എൻ.എൽ]

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ [എച്ച്.എൻ.എൽ] കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്വകാര്യവത്കരിക്കാനുള്ള സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവംമൂലം നടപടി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവർത്തിച്ചുള്ള ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചതിനെത്തുടർന്ന് കമ്പനി കേരള സർക്കാർ ഏറ്റെടുക്കുവാനുള്ള സന്നദ്ധത അറിയിച്ച് തുടർനടപടികൾ സ്വീകരിക്കുകയുണ്ടായി.

സ്വകാര്യവത്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടിമൂലമുണ്ടായ വിവിധ കാരണങ്ങളാൽ സ്ഥാപനം 2019 ജൂൺ മാസം മുതൽ തുടർച്ചയായി ഉൽപ്പാദനം നിർത്തിവച്ചിരിക്കുകയാണ്. നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഡൽഹി ബെഞ്ചിന്റെ 25-11-2019-ലെ തീരുമാന പ്രകാരം മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിൽ നിക്ഷിപ്തമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ 100% ഓഹരികളും 25 കോടി രൂപയ്ക്ക് കേരള സർക്കാരിന് കൈമാറുവാൻ ഉത്തരവായി. എന്നാൽ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ ബാങ്ക് സമർപ്പിച്ചിരുന്ന അപേക്ഷ 28-11-2019-ൽ ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രോസെസ്സിന് വിധേയമാക്കുവാൻ തീരുമാനിക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയുമാണ്.

(ഡി) നീതി ആയോഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിലെ കേന്ദ്ര സർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയതായാണ് അറിയുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്യുവരുന്നു.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്ന് നൽകുവാൻ സഹായകമായിട്ടുണ്ട്. കൂടാതെ കമ്പനികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പംതന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനുംവേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം

130 (2388) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് മുൻഗണന നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ 12 പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

1. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്
2. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്
3. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
4. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
5. ആട്ടോകാസ്റ്റ് ലിമിറ്റഡ് - ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 18% വർദ്ധനവ് 2019 ഏപ്രിൽ 1 മുതൽ നൽകിവരുന്നു.
6. ദി കേരള സിറാമിക്സ് ലിമിറ്റഡ്
7. ദി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്
8. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
9. മലബാർ സിമന്റ്സ് ലിമിറ്റഡ്
10. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് - മാനേജർമാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടില്ല.
11. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്
12. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്-ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 80% റിക്കവറബിൾ അഡ്വാൻസായി നൽകിവരുന്നു.

(ബി) ധനകാര്യ വകുപ്പിന്റെ 69/2016/ധന. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 27043/ബി.പി.ഇ/06/പ്ലാനിംഗ്, 26518/ബി.പി.ഇ/87/പ്ലാനിംഗ് എന്നീ നമ്പർ പരിപത്രങ്ങൾ പ്രകാരം ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

131 (2389) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; ഓരോ സ്ഥാപനത്തിന്റെയും നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന 26 സ്ഥാപനങ്ങളും അവയുടെ നഷ്ടത്തിന്റെ വിവരവും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

കെൽട്രോൺ ഉത്പാദിപ്പിക്കുന്ന ഹിയറിംഗ് എയ്ഡ്

132 (2390) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതുമേഖലാസ്ഥാപനമായ കെൽട്രോൺ നന്തി യൂണിറ്റ് ഉത്പാദിപ്പിക്കുന്ന ഹിയറിംഗ് എയ്ഡ് ഉത്പന്നം മാർക്കറ്റ് ചെയ്യാൻ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന കേൾവി സംബന്ധിച്ച കാര്യങ്ങളിൽ ഈ ഹിയറിംഗ് എയ്ഡുകൾ ടെണ്ടർ നടപടികളില്ലാതെ പർച്ചേസ് ചെയ്യാൻ വ്യവസായ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കൂടുതൽ സർക്കാർ വകുപ്പുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഹിയറിംഗ് എയ്ഡുകൾ ഈ സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് പ്രത്യേക ഇളവ് അനുമതികൾ ലഭ്യമാക്കാൻ വകുപ്പ് മുൻകൈയെടുക്കുമോ എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കെൽട്രോൺ നിർമ്മിച്ച ശ്രവണ ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡുകൾ തിരുവനന്തപുരം കെൽട്രോൺ ഹൗസിൽ വച്ച് 2018 ജൂൺ മാസത്തിൽ ഔദ്യോഗികമായി പൊതുവിപണിയിൽ ഇറക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സമഗ്രശിക്ഷ കേരള എന്നിവ മുഖേന ഹിയറിംഗ് എയ്ഡുകളുടെ നിരവധി ഓർഡറുകൾ കെൽട്രോണിന് ലഭിക്കുകയും അതിലൂടെ ഹിയറിംഗ് എയ്ഡുകളുടെ മാർക്കറ്റ് സാധ്യത വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി&സി) ടെൻഡർ നടപടികൾ കൂടാതെ കെൽട്രോൺ നിർമ്മിക്കുന്ന ഹിയറിംഗ് എയ്ഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിക്കുന്നതിനായി 11-6-2018-ലെ സ.ഉ(സാധാ)നമ്പർ 1581/2018/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എല്ലാ സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കെൽട്രോൺ നർമ്മിക്കുന്ന ഹിയറിംഗ് എയ്ഡുകൾ ടെൻഡർ നടപടികൾ കൂടാതെ വാങ്ങിക്കുന്നതിനായി സ്റ്റോർ പർച്ചേസ് വകുപ്പിൽനിന്നും 1-6-2019-ലെ സ.ഉ (സാധാ) നമ്പർ 15/2019/എസ് പി ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം

133 (2391) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതൊക്കെ ലാഭത്തിലായിട്ടുണ്ടെന്നും ഇവ നാളിതു വരെ എത്ര കോടി രൂപയുടെ ലാഭമുണ്ടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്റ്റോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ 2015-16 മുതലുള്ള വർഷങ്ങളിലെ ലാഭകണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

നമ്പർ	സ്ഥാപനം	2015-16	2016-17	2017-18	2018-19
1	ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്	-1244.73	2882.12	18110.83	16328.76
2	ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്	-737.00	621.00	3503.97	3579.05
3	ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്	-447.45	852.53	1831.38	1837.22
4	ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ്	-1418.00	670.00	744.00	799.10
5	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്	-521.00	-585.54	153.70	113.07
6	കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്	-51.94	-640.92	52.05	105.20

വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് നടപടി

134 (2392) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി വ്യവസായം ആരംഭിക്കുന്നതിനുള്ള വിവിധ അനുമതികൾ വേഗത്തിലാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപം ആകർഷിപ്പിക്കുന്നതിന്റെയും ഭാഗമായി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലീയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിരൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്.

വ്യവസായ നിക്ഷേപക സൗഹൃദമാക്കാൻ നടപടി

135 (2393) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽനിന്നും വ്യവസായം ആരംഭിക്കുന്നതിന് എൻ.ഒ.സി. ലഭിക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടാകുന്നുവെന്ന സംരംഭകരുടെ ആക്ഷേപം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വ്യവസായ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാന തലത്തിൽ ചീഫ്

സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്ക പ്പെട്ടിട്ടുണ്ട്. 15 കോടി രൂപ വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിരൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കു ന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുവാനും സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപ സംഗമത്തിൽ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകൾ സാക്ഷാത്കരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി ബന്ധപ്പെട്ട ഏജൻസികളിൽ/വകുപ്പിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

136 (2394) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ഇനിയും പരിഷ്കാരങ്ങൾ വേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുള്ളത്; അറിയിക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരി ക്കുന്നതിന് എന്ത് നിർദ്ദേശമാണ് ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ എന്തൊക്കെ ചലനങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചിയിൽ നടത്തിയ 'അസെൻഡ് 2020' ആഗോള നിക്ഷേപ സംഗമത്തിൽ വ്യവസായികളുമായി സംവദിക്കാനുള്ള സ്ഥിരമായ സംവിധാനം, വ്യവസായങ്ങൾക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാനുള്ള സംവിധാനം, ഉദ്യോഗസ്ഥരും നിക്ഷേപകരുമായി സ്ഥിരമായി ആശയവിനിമയം നടത്തുന്ന തിനുള്ള സംവിധാനം എന്നിവയും ടെയിനിംഗിലൂടെ ഉദ്യോഗസ്ഥരുടെ മനോഭാവം മാറ്റിയെടുക്കുക തുടങ്ങി കാലിക പ്രസക്തിയുള്ള ഒട്ടനവധി നിർദ്ദേശങ്ങളും പ്രസ്തുത സംഗമത്തിൽനിന്നും ലഭിക്കുകയുണ്ടായി. അസെൻഡ് 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്നതായിരിക്കും. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകുന്നതായിരിക്കും.

2. വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽനിന്ന് ഉയർത്തുന്നതാണ്.

3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി ലഘൂകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.

4. സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

5. 66,000 കോടി രൂപയിലേറെ മുതൽമുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതിയായ Silverline-ന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.

6. വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടിവരുന്ന വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷംകൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് വിവിധ Stakeholders-ൽ നിന്ന് സർക്കാരിന് നിവേദനം ലഭിച്ചിരുന്നു. തുടർന്ന് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചുവരികയാണ്.

(സി) കേരളത്തിന്റെ വ്യവസായ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കാനും കേരളത്തിലേക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിപ്പിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ

137 (2395) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അസെൻഡ് 2020 വ്യവസായ നിക്ഷേപ സംഗമത്തിൽ അനുമതി നൽകിയിട്ടുള്ളതും താത്പര്യപത്രം ലഭിച്ചതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അനന്തര നടപടി സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി 4-2-2020-ലെ G.O.(Rt) No. 105/2020/ID പ്രകാരം നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും കെ.എസ്. ഐ.ഡി.സി.-യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അസെൻഡ് 2020 വ്യവസായ നിക്ഷേപ സംഗമത്തിൽ ധാരണാപത്രം ഒപ്പ് വച്ചതും താത്പര്യപത്രം ലഭിച്ചതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

കേരള സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതി

138 (2396) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ സ്റ്റാർട്ടപ്പുകളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്ന തരത്തിൽ നിലവിൽ തിരികെ നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് 2018-നു ശേഷം എന്തെല്ലാം പരിപാടികളാണ് സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 14 വിദ്യാർത്ഥികൾ ഉൾപ്പെടെ 64 സ്റ്റാർട്ടപ്പുകളിൽനിന്നാണ് പേറ്റന്റ് സഹായത്തിനുള്ള അപേക്ഷ കേരള സ്റ്റാർട്ടപ്പ് മിഷനിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 12 സ്റ്റാർട്ടപ്പുകൾക്ക് ഇതിനോടകം പേറ്റന്റ് ലഭിക്കുകയും അതിൽ 7 സ്റ്റാർട്ടപ്പുകൾക്കായി 8 കോടിയോളം രൂപ പുറത്തുനിന്നുള്ള നിക്ഷേപം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പേറ്റന്റ് സഹായം ലഭിച്ച 48 സ്റ്റാർട്ടപ്പുകൾ മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിൽ ഏറ്റവും അധികം പേറ്റന്റുകൾ ലഭിക്കുകയും ഏറ്റവും കൂടുതൽ പേറ്റന്റ് സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തതിന് ടെക്നോളജി ഇന്നൊവേഷൻ സോണിൽ പ്രവർത്തിക്കുന്ന മേക്കർ വില്ലേജിന് 2019-ൽ ബൗദ്ധിക സ്വത്ത് (Intellectual Property) പ്രൊമോഷൻ ഫൗണ്ടേഷന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും പ്രസ്തുത പദ്ധതി മികച്ചതാണെന്ന് വിലയിരുത്താവുന്നതാണ്.

(ബി) ദേശീയ പേറ്റന്റുകൾക്ക് 2 ലക്ഷം രൂപ വരെയും വിദേശ പേറ്റന്റുകൾക്ക് 10 ലക്ഷം രൂപവരെയും എന്ന പരിധിയിൽ പേറ്റന്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ചെലവഴിച്ച തുക സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കും തിരികെ നൽകുന്നതാണ് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതി. ഇപ്പോൾ തന്നെ മതിയായ തുക ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2018-ന് ശേഷം പേറ്റന്റ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചിട്ടുള്ള പരിപാടികൾ താഴെ പറയുന്നവയാണ്.

1. ബൗദ്ധിക സ്വത്ത് (Intellectual Property) സംബന്ധിച്ച ക്ലാസ്സുകളും വർക്ഷോപ്പുകളും.
2. നിയമ വിദഗ്ധർ ബൗദ്ധിക സ്വത്തുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്റ്റാർട്ടപ്പുകളുമായി നേരിട്ട് സംവദിച്ച് സംശയദൂരീകരണം നടത്തുന്ന പരിപാടി.
3. സ്റ്റാർട്ടപ്പ് ഇന്ത്യ പോർട്ടലുമായി ബന്ധപ്പെടുത്തുന്നതിനുള്ള സഹായം.

റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്

139 (2397) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ആനക്കല്ലിൽ 200 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) പഠനം നടത്തിയിട്ടുണ്ട്. പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ഇതുസംബന്ധിച്ച് കിൻഫ്ര നടത്തിയ പഠനത്തിൽ പ്രസ്തുത ഭൂമിയുടെ വില കൂടുതൽ ആയതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അനുയോജ്യമല്ലെന്നും ഭൂമി ഏറ്റെടുക്കുന്നത് പ്രായോഗികമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടാൽ ഉടൻ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയും

പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

140 (2398) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ

141 (2399) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; വ്യക്തമാക്കുമോ;

(സി) എം.എസ്.എം.ഇ. മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര നിക്ഷേപം ഈ മേഖലയിൽ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം വന്നശേഷം കിൻഫ്ര വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയിൽ ഇതിനകം എത്ര സംരംഭങ്ങൾ ആരംഭിച്ചു; അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര ആവിഷ്കരിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) തൊഴിലും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനുവേണ്ടി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് " പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്

ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ല കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി രൂപ വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിലും 15 കോടിരൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും. 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായത് നിക്ഷേപ സമൂഹത്തിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 വൻകിട വ്യവസായ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ വായ്പാ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

Institution	Investment (within crore)
Malabar Ispat Ltd.	34.25
Sunpower Cement Company Pvt Ltd. (expansion)	24.68
Dr. K.M.Cherian Institute of Medical Sciences Pvt Ltd.	216.50

ഇതുകൂടാതെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലേയ്ക്കുള്ള അനുമതി ലഭിച്ച താഴെ പറയുന്ന 5 വൻകിട സംരംഭങ്ങൾ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1	M/s.Lakshore Hospital and Research Centre Ltd.	Rs. 363.50 Cr.
2	M/s.Acquatic Proteins Pvt.Ltd., Thrissur	Rs.38 Cr.
3	M/s. PTL Enterprises	Rs.250 Cr.
4	M/s.Kitex Ltd.	Rs.60 Cr
5	M/s.Rajagiri Hospital	Rs.30 Cr.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (1-6-2016 മുതൽ 31-12-2019 വരെ) 53218 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 4775.34 കോടി രൂപയുടെ നിക്ഷേപവും 185581 തൊഴിലും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം വന്നശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 273 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം തന്നെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 151 വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഇ) സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ലാന്റ് ബാങ്ക്: സംസ്ഥാനത്ത് വ്യാവസായിക ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് 4400 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്. കിഫ്ബി വഴിയാണ് ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി കിൻഫ്ര ഉദ്ദേശിക്കുന്നത്.

2. കൊച്ചി ബെംഗളൂരു വ്യവസായ ഇടനാഴി:- പ്രസ്തുത ഇടനാഴിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡ് ആയി വികസിപ്പിക്കാൻ കിൻഫ്ര നടപടികൾ ആരംഭിച്ചു. വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പാലക്കാട് നോഡിനെ ഒരു സംയോജിത ഉത്പാദന ക്ലസ്റ്റർ ആയി വികസിപ്പിക്കാനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി പാലക്കാട് ജില്ലയിൽ 1351 ഏക്കർ ഭൂമി കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികളും കിൻഫ്രയാണ് നടപ്പിലാക്കുന്നത്.

3. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം

4. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം

5. മെഗാ ഫുഡ് പാർക്ക്, പാലക്കാട്

6. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

7. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

8. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ

9. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, മട്ടന്നൂർ

10. ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ

11. കാർബൺ ന്യൂട്രൽ കോഫി പാർക്ക്, വയനാട്

12. കൊരട്ടി പാർക്കിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം

13. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം

14. രണ്ടാം ഘട്ട വികസനം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം

വയനാട് ജില്ലയിലെ ചെറുകിട വ്യവസായ പദ്ധതികൾ

142(2400) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ചെറുകിട വ്യവസായ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ പദ്ധതി യുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെന്ന് വിശദമാക്കാമോ;

(ബി) ചെറുകിട വ്യവസായ പദ്ധതികളെ പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികൾ ഒന്നും വ്യവസായ വകുപ്പിന് കീഴിൽ ഇല്ല.

(ബി) ചെറുകിട വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ വ്യവസായ വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സംരഭകത്വ സഹായ പദ്ധതി
- കരകൗശല തൊഴിലാളികൾക്ക് സഹായം
- നാനോ ഗാർഹിക വ്യവസായ പലിശ സബ്സിഡി
- പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്ന സഹായം
- പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള പലിശ ധനസഹായം
- തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണം.

കൂടാതെ, സംരംഭകർക്കായി നൈപുണ്യ വികസന പരിപാടി, ബോധവൽക്കരണ സെമിനാറുകൾ, വിവിധ നിക്ഷേപ സംഗമം, സാങ്കേതിക വിദ്യ ക്ലിനിക് എന്നിവ നടപ്പിലാക്കിവരുന്നു. വ്യവസായ യൂണിറ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് എക്സിബിഷനുകൾ എല്ലാ വർഷവും നടത്തിവരുന്നു.

വള്ളിക്കുന്ന് മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി

143 (2401) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിൽ വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ അഞ്ച് സംരംഭകർക്കായി 30.91 ലക്ഷം രൂപയുടെ ബാങ്ക് ലോൺ ലഭിക്കുന്നതിന് വേണ്ട ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് വിവിധ ബാങ്കുകളിലേയ്ക്ക് വ്യവസായ വകുപ്പ് മുഖേന ശിപാർശ ചെയ്യുകയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 6 സംരംഭകർക്ക് 57.46 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രിയുടെ തൊഴിൽദായക അപേക്ഷകൾ നാലെണ്ണം ബാങ്കിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട്. സംരംഭകത്വ സഹായ പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ 5 യൂണിറ്റുകൾക്കായി 49.47 ലക്ഷം രൂപ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി 2019-20 വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ സംരംഭകരെ ബോധവത്കരിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടിയും താലൂക്ക് തലത്തിൽ നിക്ഷേപ സംഗമവും വള്ളിക്കുന്ന് മണ്ഡലം ഉൾപ്പെട്ട താലൂക്കുകളിൽ 2019-20 വർഷം നടത്തിയിട്ടുണ്ട്. വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽനിന്നും 495 സൂക്ഷ്മ ചെറുകിട ഇടത്തര യൂണിറ്റുകൾ വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്പ് മുഖേന Geo-tag ചെയ്തിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ സംരംഭകത്വ സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി എന്നിവയിൽ വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി 10% അധിക സബ്സിഡി നൽകുന്നുണ്ട്. 2019-20 വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ ഒരു വനിതാ സംരംഭകയുടെ 10 ലക്ഷം രൂപയുള്ള പ്രധാനമന്ത്രിയുടെ തൊഴിൽദായക

പദ്ധതി വായ്പ ബാങ്കിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട്. കരകൗശല തൊഴിലാളിക ൾക്കുള്ള സഹായ പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ഒരു വനിതാ സംരംഭകയ്ക്ക് 1.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിയായ നാനോ ഗാർഹിക വ്യവസായ പലിശ സബ്സിഡി പദ്ധതി പ്രകാരം നടപ്പുവർഷം ഒരു വനിതാ സംരംഭകയ്ക്ക് 29,073 രൂപയുടെ സഹായം നൽകിയിട്ടുണ്ട്. കൂടാതെ സംരംഭകത്വ ബോധവത്കരണ പരിപാടികളിൽ പരമാവധി വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനം

144 (2402) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കുന്നതിനും അവരുടെ തൊഴിൽ, വരുമാനം എന്നിവ ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ;

(സി) പരമ്പരാഗത ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും അവയുടെ വിപണനത്തിന് ഫലപ്രദമായ കച്ചവട വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;വിശദമാക്കുമോ;

(ഡി) പരമ്പരാഗത വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കാത്തവിധം ഉല്പാദന പ്രക്രിയയിലെ യന്ത്രവത്ക്കരണത്തിലൂടെ ഈ മേഖലയുടെ ആധുനികവ ത്ക്കരണത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായമേഖലയെ സംരക്ഷിക്കുന്നതിന് ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കേർപ്പറേഷൻ (കാഡ്കോ),

കരകൗശല അപക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പ റേഷൻ എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി'. ഏകദേശം 5600-ലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥി കൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും കൂടി 42 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉൽപ്പാദിപ്പിച്ച് നൽകാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതി വഴി ഇതുവരെ 125 കോടിയോളം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കു ന്നതിനുവേണ്ടി 'യുവ വീവ് പദ്ധതി', വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും വേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാന്റായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000 രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ച് നൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് "നെയ്ത്തുത്സവം" സംഘടിപ്പിച്ചു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500 ഓളം ആർട്ടിസാന്മാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടുപാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്ര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് കണ്ണൂർ ബെൽ മെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്റ്റാപിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ, 14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800 ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവെയർനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളി ഹാന്റിക്രാഫ്റ്റ് എന്ന പേരിൽ ഓൺലൈൻ മാർക്കറ്റിങ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് (KADCO) കീഴിൽ കൈത്തൊഴിൽ മേഖലയിൽ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയ്ക്ക് ആവശ്യമായ തറികൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 500-ൽ പരം ഗ്രാമ പഞ്ചായത്ത് ഓഫീസുകൾ നവീകരിക്കാൻ കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആർട്ടിസാന്മാർക്ക് തുടർച്ചയായി ജോലി നൽകാൻ കഴിഞ്ഞു. മുള മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ', ഈറ്റയിൽനിന്നും അളി കീറി പനമ്പ് നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിംഗ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നൊവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉൽപ്പന്നങ്ങളായ ഫ്ലാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽനിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാട്ടും കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ചു നടപ്പിലാക്കൽ, ഉത്സവബത്ത 900 രൂപയിൽ നിന്നും 1500 രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത്, ഉൽപ്പാദന ഇൻസെന്റീവ് നൂൽ നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും ആയി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് ' കയർ രണ്ടാം പുന:സംഘടന'. രണ്ടാം പുന:സംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഇതിനോടകം 75 ഡിഫൈബറിംഗ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. 500 ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികൾ എല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞു കിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപ്പെക്സ് വഴി ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി സംസ്ഥാനത്തിന് അകത്തും പുറത്തും വ്യാപകമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് 25 കോടി

രൂപയുടെ പലിശ ധനസഹായ പദ്ധതി 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകയിരുത്തിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ച് വിവിധ ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികളെ മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിധ്യവത്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കിവരുന്നു.

കേരളത്തിലെ കളിമൺപാത്ര നിർമ്മാണ മേഖലയെ സംരംക്ഷിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാന വ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റാ മെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കരകൗശലത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ദൗർലഭ്യമില്ലാത്ത വിധം ലഭ്യമാക്കുകവഴിയും അവരുടെ ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണി ലഭ്യമാക്കുകവഴിയും അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ധനസഹായം നൽകുന്നു. ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് മികച്ച ഡിസൈനുകളും പരിശീലനവും ആവശ്യമാണ്. അതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. പരമ്പരാഗത കൈത്തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ ഉന്നമനത്തിനായാണ് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. കൈത്തൊഴിൽ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ കാലതാമസം കൂടാതെ വിറ്റഴിക്കുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി കാഡ്കോ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും പരമ്പരാഗത ആർട്ടിസാൻമാർക്ക് ജോലി നൽകുന്നതിനും തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവ വ്യവസായ വകുപ്പിൽനിന്നും ലഭിച്ച ഉത്തരവ് പ്രകാരം കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉയർന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് ഫർണിഷിംഗ്, ആധുനികവത്കരണം എന്നിവ ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ പരിഗണിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 500-ൽപ്പരം പഞ്ചായത്ത് ഓഫീസുകൾ നവീകരിക്കുന്നതിന് സാധിച്ചു. ഇതിലൂടെ നിരവധി മരപ്പണിക്കാർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായും വിദ്യാഭ്യാസ മേഖലയിലെ ക്ലാസ്റൂം നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂം തയ്യാറാക്കുന്നതിനും നോഡൽ ഏജൻസിയായി കാഡ്കോയെ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൻ പ്രകാരം നിരവധി മരപ്പണിക്കാർ, ഇരുമ്പുപണിക്കാർ, കൽപ്പണിക്കാർ (മേസൺസ്) എന്നിവർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

പരമ്പരാഗത തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉൽപാദനം നടത്തുന്നതും അവരുടെ ഉൽപന്നങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300 രൂപയുടെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. 29-12-2018-ലെ ജി.ഒ. (ആർറ്റി). നമ്പർ 1401/18/ ഐഡി പ്രകാരം, പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.

21-2-2015-ലെ സ.ഉ. (അച്ചടി) നമ്പർ 21/2015/ തൊഴിൽ നമ്പർ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള കൂലിയും മറ്റ് ആനുകൂല്യ ങ്ങളുമാണ് കോർപ്പറേഷനിലെ തൊഴിലാളികൾക്ക് നൽകിവരുന്നത്. കൂടാതെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭ്യമാക്കി അവരുടെ തൊഴിൽ, വരുമാനം എന്നിവ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കേരള കരകൗശല കോർപ്പറേഷനിൽ കരകൗശല കലാകാരന്മാർക്കുള്ള വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട കരകൗശല കലാകാരന്മാർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങി മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനും അവരുടെ തൊഴിൽ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിന് ഉപകരിക്കുന്ന വിധത്തിൽ NBCFDC പദ്ധതി പ്രകാരം 42 പേർക്ക് 92 ലക്ഷം രൂപ വായ്പയായി അനുവദിച്ചു.

പരമ്പരാഗത വ്യവസായ മേഖലയിലെ കൂലി, വരുമാനം, തൊഴിൽ തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഗാന്ധി ശിൽപ്പബസാർ, ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചു. ഇവയിൽ ഗാന്ധിശിൽപ ബസാർ നൂറോളം വരുന്ന ആർട്ടിസാൻമാർക്കും ക്രാഫ്റ്റ് ബസാറുകൾ 60 മുതൽ 100 വരെ ആർട്ടിസാൻമാരുടെയും ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനു വേണ്ടി അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്ലെറ്റ്) ഏർപ്പെടുത്തുന്നതിനുംവേണ്ടി സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉത്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട്. (നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും) ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, ഗ്രൂപ്പ് ഇൻഷ്വറൻസ്, എം.ഡി.എ. ഇൻസെന്റീവ്, ഹോളിഡേ വേജസ്, 20 പ്രവൃത്തി ദിവസങ്ങൾക്ക് ഒന്ന് എന്ന നിലയിൽ ലീവ് വേജസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടെയും സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്.

(സി) പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലായി കരകൗശല വികസന കോർപ്പറേഷൻ ഡിസൈൻ-ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തുകയുണ്ടായി. കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപെക്സ് സഹകരണ സംഘം (സുരഭി) എന്നിവയുടെ ആഭിമുഖ്യത്തിൽ സ്ഥിരം വിപണന കേന്ദ്രങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു എന്നതിനുപുറമെ വിശേഷാവസരങ്ങളിൽ പ്രദർശന-വിൽപ്പന മേളകളും സംഘടിപ്പിക്കുന്നു. ഇവ കൂടാതെ ഓൺലൈൻ വ്യാപാരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കോർപ്പറേഷൻ സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് ആരംഭിക്കുകയും ആമസോൺ, ഫ്ലിപ്കാർട്ട്, ജി.ഇ.എം. എന്നീ ഇ-കോമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും ചെറുകിട ഉൽപ്പാദക സംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് സഹായകരമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കയർ കേരള 2017-ൽ നടപ്പിലാക്കിയ കയർഭൂവസ്ത്ര പദ്ധതി 120 കോടി രൂപയുടെ ഓർഡറുകളാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായത്. ഇതിൽ 42 കോടി രൂപയുടെ കയർ ഭൂവസ്ത്രം നിർമ്മിച്ച് നൽകുന്നതിന് കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019-ൽ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് വിഭാവന ചെയ്തിട്ടുള്ളത്. 2017-ൽ ഓണക്കാലത്ത് കയർ വികസന വകുപ്പ് ജീവനക്കാർ ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കയർ കാർണിവൽ എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം 10 കോടി രൂപ മൂല്യമുള്ള കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചകിരിച്ചോറിൽ നിന്നും തൊണ്ടിൽനിന്നും ബയന്റർലെസ് ബോർഡ് പോലെ തടിക്കുപകരമായി ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ നിർമ്മിക്കുന്നതിന് പൈലറ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

പരമ്പരാഗത കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യു വിറ്റ, കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യു ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കശുമാങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യു, സോഡാ കാഷ്യു, പൈൻ ജാം, കാഷ്യു ആപ്പിൾ ജ്യൂസ് എന്നിവയും കാഷ്യു സൂപ്പ്, കാഷ്യു വിറ്റ എന്നിവ അപ്പപ്പോൾ ഉപയോഗിക്കാവുന്ന വിധത്തിലും വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്. കൂടാതെ കേരളാ ബ്രാൻഡ് ജംമ്പോ സൈസ് കശുവണ്ടി പരിപ്പ് കമ്പോളത്തിൽ ഇറക്കിയിട്ടുള്ളതാണ്. കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായ തരത്തിൽ മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തരം കശുവണ്ടി പരിപ്പിന്റെയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും വിപണനം നടത്തിവരുന്നു.

കൂടാതെ കോർപ്പറേഷന്റെ 10 ഫാക്ടറികളിലുള്ള ഔട്ട്‌ലെറ്റ് മുഖാന്തരം നേരിട്ട് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണനം നടത്തി വരുന്നു. ആർട്ടിസാൻ വികസന കോർപ്പറേഷൻ സ്വർണ്ണതൊഴിലാളികൾക്കായി TAG (Training for Appraisers in Gold) എന്ന പരിശീലന പരിപാടി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ന്യൂവർ ടെക്നോളജിക്കൽ ഇന്റർവെൻഷൻ പ്രോഗ്രാം പദ്ധതിയിലൂടെ സർക്കാരിൽ നിന്നും കിട്ടിയ ധനസഹായം ഉപയോഗിച്ച് വിവിധ ആർട്ടിസാൻമാർ പ്രകൃതിദത്ത വസ്തുക്കൾ കൊണ്ട് സാമ്പിൾസ് നിർമ്മിച്ച് നൽകുന്നതിലേയ്ക്കായും പുതുശൈലി ഉൽപ്പന്നങ്ങൾ നിർമ്മിച്ച് നൽകുന്നതിലേയ്ക്കായും വിനിയോഗിച്ചിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ പ്രോഗ്രാം പദ്ധതി സർക്കാരിൽ നിന്നും 2016-17 കാലയളവിൽ അനുവദിച്ച 19 ലക്ഷം രൂപ കാഡ്കോയുടെ എംപാനൽ ആർട്ടിസാന്മാർ നിർമ്മിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ KTDC -യുടെ കീഴിലുള്ള വിവിധ സ്റ്റാർ ഹോട്ടലുകളുടെ ലോബികളിൽ പ്രദർശനവും വിപണനവും നടത്തുന്നതിനായി പ്രീമിയം സുവനീയർ ചെയിൻഷോപ്പുകൾ തുടങ്ങുകയുണ്ടായി.

കരകൗശല വികസന കോർപ്പറേഷനിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിനുവേണ്ടി ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പ്, ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പ്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടത്തിയിട്ടുണ്ട്. അതോടൊപ്പം പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനത്തിന് നൂതനമായ കച്ചവടതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഇ-പോർട്ടൽ സംവിധാനത്തിലൂടെ കോർപ്പറേഷൻ KAIRALI-HANDICRAFTS (www.keralahandicrafts.in) എന്ന പേരിൽ സ്വന്തമായി ഇ-കോമേഴ്സ് വൈബ്സൈറ്റ് ആരംഭിച്ചു. കൂടാതെ ആമസോൺ ഫ്ലിപ്കാർട്ട്, GeM (Government e Market place) എന്നീ ഇ-കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു.

ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വിൽപനശാലകളുടെ നവീകരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വിൽപ്പന മേളകളും നടത്തുന്നുണ്ട്. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ചരിത്രത്തിലാദ്യമായി നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റ സർക്കാർ എക്സിബിഷനുകളിലും ബോർഡിന്റെ വിൽപ്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞു. അതുപോലെ യുവതലമുറയിൽ

പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ"പദ്ധതി ആരംഭിക്കുന്നതിനും ആയതനുസരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു.

(ഡി) കരകൗശല മേഖലയെ സംബന്ധിച്ച് യന്ത്രവൽക്കരണത്തിന് പരിമിതികളുണ്ടെങ്കിലും ഉൽപ്പാദന പ്രക്രിയയേയും തൊഴിൽ സാധ്യതകളെയും പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ യന്ത്രങ്ങൾ ഉപയോഗപ്പെടുത്താനുള്ള സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ ധനസഹായം ചെയ്യുവരുന്നു. പരമ്പരാഗത കൈത്തറിതൊഴിലുകളായ മരപ്പണി, ഇരുമ്പുപണി എന്നീ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കരവിരുതിനെ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ നൂതനമായ ഡിസൈൻസ് രൂപകൽപന ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിന് Furniture & Filling Skill Council of India (FFSC)-യിലെ വിദഗ്ധരായ പരിശീലകരുടെ സഹായത്തോടെ പരിശീലനം കൊടുക്കുക വഴി മികച്ച മരം, സ്റ്റീൽ ഉൽപ്പനങ്ങൾ, ഇന്റീരിയർ ഡെക്കറേഷൻ ആന്റ് ഫർണിഷിംഗ് വൈദഗ്ധ്യം നിർമ്മാണ മേഖലയ്ക്ക് നൽകുവാൻ കാഡ്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ വൈദഗ്ധ്യം നേടിയവരെ ഉപയോഗപ്പെടുത്തി നവീന രീതിയിലുള്ള ഇന്റീരിയർ ഫർണിഷിംഗ് വർക്കുകൾ കാഡ്കോ ഏറ്റെടുത്ത് സമയബന്ധിതമായും ഗുണനിലവാരത്തോടെയും ചെയ്യുവരുന്നു.

കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്ത് മാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവത്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡ് വഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110 രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് ലഭ്യമായിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കാത്ത വിധം ആധുനികവൽക്കരണ നടപടി കാഷ്യൂ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളതാണ്. പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് പരമാവധി ഉത്പാദനം കൈവരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കൂടാതെ ഫാക്ടറികളുടെ ആധുനികവത്കരണത്തിനും നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 40 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ളതിൽ 12 കോടി രൂപ വിനിയോഗിച്ചുള്ള നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തിയായിവരുന്നു. പുതിയ ഷെഡുകളുടെ സ്ഥാപനം, ആധുനിക രീതിയിലുള്ള ഫില്ലിംഗ് പാക്കിംഗ് സെന്ററുകൾ, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ഇതിനാവശ്യമായ പരിശീലനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്നതരത്തിലുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ശൗചാലയങ്ങൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാനുകൾ, കാഷ്യൂ പാർക്ക്, സിസിടിവി, സർവെയലൻസ് ക്യാമറ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ചൂടട് അനായാസമാക്കുന്ന ഹൈഡ്രോളിക് പ്ലള്ളറ്റ് ടക്സ്, ഡൈനിംഗ് ഹാൾ, ക്യാന്റീൻ, തൊട്ടിപ്പുര, വായനാമുറി, ഷെഡുകളിൽ ആവശ്യാനുസരണം ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയാണ് നവീകരിച്ച കാഷ്യൂ ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ.

കരകൗശല ഉൽപ്പന്നങ്ങളുടെ പ്രാദേശിക നിർമ്മാണ രീതികൾ ഒരു പ്രത്യേക സ്ഥലത്ത് ക്രമീകരിക്കാനും ഒരു കൂട്ടം ശിൽപ്പികൾക്ക് ഉൽപ്പന്നം നിർമ്മിക്കുവാനും പരിശീലിക്കുവാനും പുതിയ ഡിസൈനുകളും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്ന സംവിധാനമാണ് പൊതുസേവന കേന്ദ്രങ്ങൾ, ഇത്തരത്തിലുള്ള രണ്ട് കേന്ദ്രങ്ങൾ കണ്ണൂരിലെ കുഞ്ഞിമംഗലത്തും കൊല്ലത്തെ കടവൂരും പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂരിലെ ചേർപ്പിൽ പൊതുസേവനകേന്ദ്രം പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ചെന്നൈ IIT യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റ്റാഗ് എന്ന സ്ഥാപനവുമായി ചേർന്ന് ഗവേഷണ പദ്ധതികൾ നടത്തിവരുന്നുണ്ട്. ഉല്പാദനക്ഷമത കൂടിയ ചർക്കകളും തറികളും സ്ഥാപിച്ചുവരുന്നു.

വയനാട് ജില്ലയിൽ കേരള ബ്രാന്റ് കാപ്പി സംസ്കരണ കേന്ദ്രം സ്ഥാപിക്കുവാൻ നടപടി

145(2403) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കേരള ബ്രാന്റ് കാപ്പി സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാപ്പി സംസ്കരണ കേന്ദ്രം എന്നത്തേക്ക് സ്ഥാപിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക് സ്ഥാപിക്കുവാൻ 102.60 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ വിശദമായ പഠനം നടത്തുന്നതിനായി MBYom, എന്ന ഒരു കൺസൾട്ടന്റിനെ നിയമിക്കുകയും അവർ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുത്തതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി

146 (2404) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴിയുടെ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സ്ഥലം ഏറ്റെടുക്കലും വികസനവും ഏതൊക്കെ ഏജൻസികളുടെ ചുമതലയാണ്; ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങളേയും സ്വകാര്യ സംരംഭകരെ ആകർഷിക്കാനായുള്ള വിവിധ പദ്ധതികളെക്കുറിച്ചും അറിയിക്കാമോ?

ഉത്തരം

(എ-സി) വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയിലൂടെ സാധ്യമാകുന്നത്. ഉത്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. ഇതിനായി പാലക്കാടിനെ ഒരു നോഡ് ആയി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 20-11-2019-ലെ സ.ഉ. (സാധാ) നമ്പർ 1152/2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ വ്യവസായ ഇടനാഴി പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിന് വേണ്ടി നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT)-ഉം സംസ്ഥാന സർക്കാരും കിൻഫ്രയും തമ്മിൽ ഒപ്പ് വയ്ക്കുന്ന സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരം നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് പദ്ധതിക്കുള്ള ശുപരേഖ തയ്യാറാക്കുകയും സംസ്ഥാന സർക്കാരും കിൻഫ്രയും ഇതുപ്രകാരം പാലക്കാടിനെ ഒരു നോഡ് ആയി വികസിപ്പിക്കുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തി പദ്ധതി നടപ്പിലാക്കുക എന്നതാണ് എഗ്രിമെന്റിന്റെ കാതലായ ഭാഗം. മൊത്തം 1878 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ പാലക്കാട് ജില്ലയിൽ 1351 ഏക്കർ ഭൂമി കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്നതിനുള്ള അനുമതി 16-1-2020-ലെ സ.ഉ. (കൈ)നമ്പർ 15/2020/വ്യവ പ്രകാരം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക്

147 (2405) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്കിനായി കേരള ബഡ്ജറ്റ് 2019-20-ൽ നാലുകോടി രൂപ വകയിരുത്തിയിട്ടും നാളിതുവരെയായി ഭരണാനുമതി നൽകുവാനുള്ള നടപടി സ്ഥിരീകരിക്കാൻ കഴിയാതെ വരുന്നതെന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിൽ തുക വകയിരുത്താത്ത എത്ര പുതിയ പ്രോജക്ടുകളാണ് വ്യവസായ വകുപ്പിൽ പുതുതായി ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നിലവിൽ ഐ.ടി. വകുപ്പിന് കൈവശമുള്ള 100 ഏക്കർ ഭൂമിയുടെ വില ഐ.ടി. പാർക്കുകളിൽ സർക്കാർ ഓഹരിയായി കണക്കാക്കുവാനാണ് റവന്യൂ വകുപ്പ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത സ്ഥലം വിലയ്ക്ക് വാങ്ങി വ്യവസായ പാർക്ക് തുടങ്ങാൻ കിൻഫ്രയ്ക്ക് കഴിയുന്നതല്ല.

(ബി) ബഡ്ജറ്റിൽ തുക വകയിരുത്താത്ത പദ്ധതികൾ ഒന്നും പ്രഖ്യാപിച്ചിട്ടില്ല.

ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

148 (2406) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(സി) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ഭൂവുടമകൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഗെയിൽ പൈപ്പ്ലൈൻ പദ്ധതി കേരളത്തിൽ രണ്ട് ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടം (48 കി.മീ) 2013-ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (444 കി.മീ) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മീ) 19-6-2019-ന് കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി.മീറ്ററിൽ പ്രധാനമായും 5 നദികളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമേ ബാക്കിയുള്ളൂ. കൂറ്റനാട്-വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ-93.8 കി.മീ) 95% വെൽഡിങ്ങ് പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതി 2020 മാർച്ച് 31-നകം കമ്മീഷൻ ചെയ്യുവാനാണ് ഗെയിൽ വിഭാവന ചെയ്യുന്നത്.

(ബി) കണ്ണൂർ ജില്ലയിൽ പൈപ്പ്‌ലൈനിന്റെ ആകെ നീളം 82 കി.മീറ്റർ ആണ്. ആകെയുള്ള 82 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞ ഭൂമി പൂർവ്വ സ്ഥിതിയിലാക്കി, സുരക്ഷാ/മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്ന ജോലി ഏറെക്കുറേ പൂർത്തിയായി വരികയാണ്. ജില്ലയിൽ ആകെയുള്ള 6 SV/IP സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണവും Valve Erection-ഉം പൂർത്തിയായിട്ടുണ്ട്.

(സി) നാളിതുവരേയ്ക്കും കേരളത്തിൽ ഭൂമിയിലെ വിളകൾക്കും നാശനഷ്ടങ്ങൾക്കുമായി 254.10 കോടി രൂപയും ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയുടെ വിലയായി 45.8 കോടി രൂപയും ഭൂവുടമകൾക്ക് നൽകിക്കഴിഞ്ഞു. 10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് 5 ലക്ഷം രൂപ പാക്കേജ് ഇനത്തിൽ ആകെ 6.76 കോടി രൂപയും നൽകിയിട്ടുണ്ട്.

കെൽ ഫാക്ടറിയിലെ അൺസ്കിൽഡ് ലേബർ തസ്തികയിലെ നിയമനം

149 (2407) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽ (KEL) ഫാക്ടറിയിൽ അൺസ്കിൽഡ് ലേബർ തസ്തികയിലേക്ക് 28-5-2014-ലെ നോട്ടിഫിക്കേഷൻ പ്രകാരം 2017-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചുവെന്നും നിയമനം ലഭിച്ചവർക്ക് എത്ര കാലം ജോലിയിൽ തുടരാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ;

(സി) നിയമനം ലഭിച്ച എത്രപേർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചവർക്ക് സ്ഥിര നിയമനം നൽകാത്തത് എന്തുകൊണ്ടെന്നും വിശദമാക്കുമോ;

(ഡി) കെൽ ഫാക്ടറികളിൽ അൺസ്കിൽഡ് ലേബേഴ്സിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കുണ്ടറ കെൽ ഫാക്ടറിയിൽ പുതിയതായി ആരംഭിക്കുന്ന പ്രോജക്ട് ഏതാണെന്നും പ്രസ്തുത പ്രോജക്ടിലൂടെ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കെൽ (KEL) ഫാക്ടറിയിൽ അൺസ്കിൽഡ് ലേബർ തസ്തികയിലേക്ക് 2017-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ 188 പേർ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി &സി) മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 69 പേർക്ക് 179 ദിവസത്തേക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. ഇവരിൽ 31 പേരെ നാളിതുവരെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതും 179 ദിവസത്തെ താൽക്കാലിക നിയമന കാലാവധി പൂർത്തിയാക്കിയവരെ പിരിച്ചുവിട്ടിട്ടുള്ളതുമാണ്.

അൺസ്കിൽഡ് വർക്കറുടെ റാങ്ക് ലിസ്റ്റിൽപ്പെട്ട ശ്രീ. ഫ്രാങ്ക് ജോസഫും (W.P(c)No.31589/2018) ശ്രീ. കെ.എ.ഷൈജുവും മറ്റ് 9 പേരും (W.P(c) No. 27091/2017) കൂടി തങ്ങൾക്ക് ടി തസ്തികയിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ പുതിയതായി സ്ഥിര ജീവനക്കാരെ നിയമിക്കുന്നത് പ്രായോഗികമല്ല എന്ന കമ്പനിയുടെ വാദം കേട്ട ബഹു. ഹൈക്കോടതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും എപ്രകാരമാണോ അൺസ്കിൽഡ് വർക്കർക്ക് താൽക്കാലിക നിയമനം നടത്തുന്നത് അപ്രകാരം റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് താൽക്കാലിക നിയമനം നൽകുവാൻ ഉത്തരവായിരുന്നു. അതിൻ പ്രകാരമാണ് അൺസ്കിൽഡ് വർക്കറായി (179 ദിവസത്തേക്കുമാത്രം)റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയത്.

(ഡി) നിലവിൽ ഈ സ്ഥാപനത്തിൽ അൺസ്കിൽഡ് വർക്കറുടെ 19 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ കമ്പനിയുടെ ഉല്പാദന രംഗത്താണുള്ളത്.

(ഇ) കമ്പനിയുടെ കണ്ടറ യൂണിറ്റിൽ ട്രാക്ഷൻ മോട്ടോറുകൾ, ഇലക്ട്രിക്കൽ വാഹനങ്ങളുടെ മോട്ടോറുകൾ, ഉയർന്ന ഊർജ്ജക്ഷമതയുള്ള സീലിംഗ് ഫാനുകൾ എന്നിവയുടെ ഉത്പാദനം തുടങ്ങുന്നതിനായിട്ടുള്ള പ്രൊപ്പോസലുകൾ പരിഗണിച്ചുവരുന്നു. ഈ പ്രോജക്ടുകളിലെല്ലാമായി നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ചതിനു ശേഷം 50 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കിൻഫ്ര നടപ്പാക്കുന്ന പദ്ധതികൾ

150 (2408) ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് കിൻഫ്ര മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കാൻ തീരുമാനമായിട്ടുണ്ടോ; അവയ്ക്കുള്ള ആനുകൂല്യങ്ങളും നിബന്ധനകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കിൻഫ്ര നടപ്പാക്കുന്ന വൻകിട പദ്ധതികളായ പാലക്കാട് മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, എറണാകുളം പെട്രോ കെമിക്കൽ പാർക്ക് തുടങ്ങിയവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; സംയോജിത റൈസ് പാർക്കുകൾക്കുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കിൻഫ്ര വഴി എത്ര വ്യവസായങ്ങൾക്ക് ഭൂമി അനുവദിക്കാനായെന്നും അതുവഴി സൃഷ്ടിക്കാനായ തൊഴിലവസരങ്ങൾ എത്രയെന്നതിന്റെയും കണക്കുകൾ ലഭ്യമാണോ?

ഉത്തരം

(എ) വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാം അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് സ്വന്തം നിലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പരിഗണിക്കാവുന്നതാണ്. എന്നാൽ അവർ അക്വയർ ചെയ്ത ഭൂമി വ്യാവസായികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല. ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്വകാര്യ

വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും.

(ബി) 1. മെഗാഫുഡ് പാർക്ക്, പാലക്കാട്:

കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക്. 99 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റൈപെനിംഗ് ചേംബർ, വെയർ ഹൗസ്, പായ്ക്ക് ഹൗസ്, സുഗന്ധ വ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. 11 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.

2. ഡിഫൻസ് പാർക്ക്, പാലക്കാട്:

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കറിൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation Scheme (MIIUS) പ്രകാരം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഒരു ഡിഫൻസ് പാർക്ക് സ്ഥാപിച്ചുവരുന്നു. 130.94 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. പ്രതിരോധ മേഖലയിലുള്ള വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണ സംവിധാനം, 27344 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 3 വെയർഹൗസുകൾ 9066 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ യൂട്ടിലിറ്റി സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 266154 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ 72406 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

3. പെട്രോ കെമിക്കൽ പാർക്ക്:

കൊച്ചിയിലെ ഫാക്ടിൽനിന്നും കിഫ്ബി ഫണ്ട് മുഖാന്തിരം കിൻഫ്ര വാങ്ങിയ 481.79 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. അതിൽ 170 ഏക്കർ ഭൂമി ബി.പി.സി.എൽ.-ന് അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു.

4. ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്:

സംസ്ഥാനത്ത് നെല്ല് കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും ലക്ഷ്യമാക്കി സർക്കാർ വിഭാവന ചെയ്ത പദ്ധതിയാണ് ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്. കിൻഫ്രയുടെ നേതൃത്വത്തിലാണ് സംസ്ഥാനത്ത് റൈസ് പാർക്കുകൾ സ്ഥാപിക്കുന്നത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് റൈസ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽ ഭൂമി കണ്ടെത്തി തുടർ നടപടികൾ കിൻഫ്ര സ്വീകരിച്ചുവരുന്നു. പാലക്കാടും ആലപ്പുഴയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പദ്ധതിക്ക് 66.05 കോടി രൂപയും പാലക്കാട് ജില്ലയിലെ പദ്ധതിക്ക് 42.30 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 273 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 522 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 7380 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

ഏനാദിമംഗലം കിൻഫ്ര പാർക്ക്

151 (2409) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന കിൻഫ്ര പാർക്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള തൊഴിലധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പദ്ധതികൾ പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലത്ത് തൊഴിലധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിൽ കിൻഫ്രയുടെ പക്കൽ പദ്ധതികൾ ഒന്നും പരിഗണനയിൽ ഇല്ല.

കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ

152 (2410) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കേണ്ടതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

കൊച്ചി-ബംഗളരു വ്യവസായ ഇടനാഴി:

കൊച്ചി-ബംഗളരു വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയെ ഒരു നോഡ് ആയി വികസിപ്പിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പാലക്കാട് നോഡിനെ ഒരു സംയോജിത ഉൽപ്പാദന ക്ലസ്റ്റർ ആയി വികസിപ്പിക്കാനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി

1878 ഏക്കർ ഭൂമിയാണ് പാലക്കാട് ജില്ലയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, പ്രസ്തുത പദ്ധതിക്കായി പാലക്കാട് ജില്ലയിൽ 1351 ഏക്കർ ഭൂമി കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്നതിനും ഉദ്ദേശിക്കുന്നു.

ലാന്റ് ബാങ്ക്:

സംസ്ഥാനത്ത് വ്യവസായിക ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് കണ്ണൂർ ജില്ലയിൽ 4400 ഏക്കർ ഭൂമി കിഫ്ബി ഫണ്ട് വഴി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്.

സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി:

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിൽ സുഗന്ധവ്യഞ്ജന പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. വ്യവസായ വകുപ്പിൽനിന്ന് കിൻഫ്രയ്ക്ക് കൈമാറിയ 6.1905 ഹെക്ടർ ഭൂമിയിൽ ആണ് പ്രസ്തുത പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

വ്യവസായ പാർക്ക്, മട്ടന്നൂർ:

കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ 127 ഏക്കർ സ്ഥലത്ത് കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, തെരുവ് വിളക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ചുറ്റുമതിൽ, റോഡ് എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു. ജലവിതരണവുമായി ബന്ധപ്പെട്ട നടപടി പുരോഗമിക്കുന്നു. എക്സ്പോർട്ട് എൻക്ലേവ്, കെ-മാർട്ട് എന്നീ പദ്ധതികൾ ഈ പാർക്കിലാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്:

സംസ്ഥാനത്ത് നെല്ല് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമാക്കി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്. കിൻഫ്രയുടെ നേതൃത്വത്തിലാണ് സംസ്ഥാനത്ത് റൈസ് പാർക്കുകൾ സ്ഥാപിക്കുന്നത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് റൈസ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

തൃശ്ശൂരിൽ ഭൂമി കണ്ടെത്തി തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. പാലക്കാടും ആലപ്പുഴയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പദ്ധതിക്ക് 66.05 കോടി രൂപയും പാലക്കാട് ജില്ലയിലെ പദ്ധതിക്ക് 42.30 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

കാർബൺ ന്യൂട്രൽ കോഫി പാർക്ക്, വയനാട്:

വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക് സ്ഥാപിക്കുവാൻ 102.60 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കൈമാറ്റം

153 (2411) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖല സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) സംസ്ഥാന സർക്കാരിന് കൈമാറാൻ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ (എൻ.സി.എൽ.ടി.) ഡൽഹി ബഞ്ച് ഉത്തരവിടുക യുണ്ടായോ എന്ന് അറിയിക്കാമോ;

(ബി) ഇതുവഴി കമ്പനിയുടെ നിലവിലെ മുഴുവൻ സാമ്പത്തിക ബാധ്യതയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിക്കും എന്ന് അറിയിക്കാമോ;

(സി) പ്രധാനമായും എന്തൊക്കെ ബാധ്യതകളാണ് സർക്കാർ ഏറ്റെടുക്കുക; ജീവനക്കാരുടെയും തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സ്വപ്നങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിൽ നിക്ഷിപ്തമായിരുന്ന 100% ഓഹരികളും 25 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാരിന് കൈമാറുവാൻ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ ഡൽഹി ബെഞ്ചിന്റെ ഉത്തരവായിട്ടുണ്ട്. എന്നാൽ

നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ, കൊച്ചി ബെഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ. ബാങ്ക് സമർപ്പിച്ചിരുന്ന അപേക്ഷ 28-11-2019-ൽ ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രോസസ്സിന് വിധേയമാക്കുവാൻ തീരുമാനിക്കുകയും തുടർനടപടികൾ പുരോഗമിക്കുകയുമാണ്.

(ബി&സി) 2019 മാർച്ച് 31 പ്രകാരമുള്ള പ്രൊഫഷണൽ ബാലൻസ് ഷീറ്റിനെ ആധാരമാക്കിയുള്ള ധനകാര്യ റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിന്റെ മൊത്തം ബാധ്യത 409 കോടി രൂപയാണ്. ഏറ്റെടുക്കൽ സംബന്ധിച്ച നടപടികളും ബാധ്യതകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ചർച്ചകളും പുരോഗമിച്ചുവരികയാണ്. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ ഏറ്റെടുത്ത് ഉൽപ്പാദനം പുനരാരംഭിക്കുന്നതിനും പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുമുള്ള നടപടി വിവിധ തലങ്ങളിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

പാലപ്പുറം സിൽക്ക് വികസനം

154 (2412) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ സ്ഥാപനമായ പാലപ്പുറം സിൽക്കിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലപ്പുറം സിൽക്കിന്റെ വികസനത്തിനും നവീകരണത്തിനുമായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; 1-6-2016 മുതൽ 31-12-2019 വരെയുള്ള കണക്ക് വാർഷികാടി സ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം യൂണിറ്റിന്റെ വികസനത്തിനായി സ്പെക്ട്രോമീറ്റർ സ്ഥാപിക്കുന്നതിനും മെറ്റലർജി ലാബിന്റെ നിർമ്മാണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കായും 2017-18 വർഷത്തെ ബഡ്ജറ്റിൽ 270 ലക്ഷം രൂപ വകയിരുത്തുകയും ഈ ബഡ്ജറ്റ് തുകയിൽനിന്ന് 62 ലക്ഷം രൂപ 2018-19 കാലയളവിൽ അനുവദിച്ചുതരികയും ചെയ്തു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിൽക്ക്, ഫൗണ്ടറി യൂണിറ്റ് ഒറ്റപ്പാലത്തിന്റെ വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1-6-2016 - 31-3-2017 - തുക അനുവദിച്ചിട്ടില്ല

1-4-2017 - 31-3-2018 - തുക അനുവദിച്ചിട്ടില്ല

1-4-2018 - 31-3-2019 - 62 ലക്ഷം രൂപ അനുവദിച്ചു.

1-4-2019 - 31-12-2019 - തുക അനുവദിച്ചിട്ടില്ല

കുറ്റിപ്പുറം മാൽക്കോ ടെക്സ് സഹകരണ സ്പിന്നിംഗ് മിൽ

155 (2413) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം മാൽക്കോ ടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മാൽക്കോ ടെക്സിൽ മൂന്നുവർഷത്തിൽ കൂടുതലായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്നത് ഏത് ചട്ടം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര പേരെ താൽക്കാലികമായും എത്ര പേരെ സ്ഥിരമായും നിയമിച്ചു;

(ഡി) നിയമനം നടത്തിയവരുടെ പേര്, യോഗ്യത, പ്രവർത്തന പരിചയം, തസ്തികയുടെ പേര്, ശമ്പളം, നിയമനകാലയളവ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) താൽക്കാലിക നിയമനം നടത്തിയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങിയിട്ടാണോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എൻ.ഒ.സി. വാങ്ങിയിട്ടുണ്ടോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റും എൻ.ഒ.സി.-യും വാങ്ങാതെ നടത്തിയ മുഴുവൻ നിയമനങ്ങളും റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മാൽക്കോടെക്സിലെ ഓഹരി ഉടമകൾ തെരഞ്ഞെടുപ്പ് നടത്തുന്നതിനെതിരെ പരാതി ഉന്നയിച്ച സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ ഇടയായത്.

(ബി) മാൽക്കോടെക്സിലെ ബൈലോ 20 പ്രകാരമുള്ള ഭരണസമിതി അംഗങ്ങളുടെ ക്വാറം തികയാതിരുന്നതിനാൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 1969-ലെ കേരള സഹകരണ നിയമത്തിൽ എത്ര തവണ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കാം എന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല. നിലവിലുള്ള കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനോ, പുതിയ കമ്മിറ്റിയെ നിയമിക്കുന്നതിനോ ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ വിഷയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) മാൽക്കോ ടെക്സിൽ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 4 പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

(ഡി) മാൽക്കോ ടെക്സിലെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ താൽക്കാലിക നിയമനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ&എഫ്) അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയ്ക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ലഭ്യമാക്കി ഇന്റർവ്യൂ നടത്തിയിരുന്നു. ഇപ്രകാരം ഇന്റർവ്യൂ നടത്തി നിയമന ഉത്തരവ് അയച്ച മൂന്ന് പേരും ജോലിക്ക് ഹാജരാകാത്തതിനാൽ പത്ര പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് 2 പേർക്ക് താൽക്കാലിക നിയമനം നൽകി. സ്പിന്നിംഗ് മാസ്റ്റർ, സ്പിന്നിംഗ് സൂപ്പർവൈസർ തസ്തികയിലേയ്ക്കാവശ്യമായ ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ യോഗ്യതയുള്ളവർ ലഭ്യമല്ല എന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ മാൽക്കോടെക്സിലെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തിയ താൽക്കാലിക നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന്റെ ആവശ്യകത നിലവിലില്ല.

ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക്

156 (2414) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഇതിനകം ഏറ്റെടുത്തത്; എത്ര ഏക്കർ സ്ഥലം കൂടി ഇനി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ കമ്പനികൾ ഇതിനകം താല്പര്യം പ്രകടിപ്പിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പാർക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ആമ്പല്ലൂരിൽ ഇക്കോണിക് വ്യവസായ പാർക്ക് പദ്ധതിക്കായി 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 11.87 ഏക്കർ ഭൂമി പാർക്കിനുവേണ്ടി ഏറ്റെടുത്ത് ആയത് കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി തുടർ സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചവറ കെ.എം.എം.എൽ.-നുള്ള ഖനനാനുമതി

157 (2415) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ചവറ കെ.എം.എം.എൽ.-നുള്ള ഖനനാനുമതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) സ്വകാര്യ കമ്പനികളിൽനിന്ന് സിന്തറ്റിക് റൂട്ടൈൽ വാങ്ങുന്നതിനു വേണ്ടിയാണ് ഖനനാനുമതി റദ്ദ് ചെയ്തതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. 25-11-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം കെ.എം.എം.എൽ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള മൈനിംഗ് ലീസിന്റെ ഡീഡ് എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള കാലാവധി കമ്പനിയുടെ ആവശ്യപ്രകാരം ഒരു വർഷത്തേക്കുകൂടി നീട്ടിനൽകിയിട്ടുണ്ട്. എല്ലാ നിയമാനുസൃത അനുമതികളും സമ്പാദിച്ചിട്ടു മാത്രമേ ഖനനം നടത്താവൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) ആക്ഷേപം വസ്തുതയല്ല.

കരിമണൽ ഖനനം

158 (2416) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം എന്താണെന്ന് വിശദീകരിക്കാമോ;

(ബി) ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ധാതുമണൽ ഖനനം പൊതുമേഖലയിൽ മാത്രമായി പരിമിതപ്പെടുത്തുമെന്നും എന്നാൽ ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പാലിക്കപ്പെടുമെന്നും സംസ്ഥാന സർക്കാരിന്റെ 2018-ലെ വ്യവസായ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 20-2-2019-ൽ കേന്ദ്ര സർക്കാർ 2016-ലെ അറ്റോമിക് മിനറൽ കൺസെഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും സ്വകാര്യമേഖലയിൽ അനുവദിച്ച കരിമണൽ ഖനാനുമതികൾ റദ്ദാക്കുന്നതിനായി സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം 8-4-2016-ലെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരികയാണ്. കരിമണൽ ഖനനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് മാത്രമേ നിയമനിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കരിമണൽ ഖനന നയം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

രാസപരിശോധനശാലകളുടെ പ്രവർത്തനം

159 (2417) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിലുള്ള രാസ പരിശോധന ശാലകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത രാസ പരിശോധനശാലയിൽ ശാസ്ത്രീയമായ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) രാസപരിശോധനയ്ക്കായി പൊതുജനങ്ങൾ നൽകുന്ന പദാർത്ഥങ്ങൾ പരിശോധിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുജനങ്ങളിൽനിന്നും എത്ര സാമ്പിളുകൾ പരിശോധിക്കാൻ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര സാമ്പിളുകൾക്ക് ഇനിയും പരിശോധനാഫലം ലഭ്യമാക്കാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ധാതു പര്യവേഷണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന സാമ്പിളുകളുടെ രാസപരിശോധനയ്ക്കാണ് രാസപരിശോധനശാല സ്ഥാപിതമായിട്ടുള്ളത്. വകുപ്പിൽനിന്നുള്ള സാമ്പിളുകൾക്ക് പുറമെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നിശ്ചിത ഫീസ് ഈടാക്കി രാസപരിശോധന നടത്തി കൊടുക്കാറുണ്ട്. ധാതുപര്യവേഷണത്തിന്റെ ഭാഗമായി ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് 2913 സാമ്പിളുകളുടെ രാസപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകൾ മുഖേന നൽകിയിട്ടുള്ള 1103 സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള 257 ധാതു സാമ്പിളുകൾ പരിശോധിച്ച് നൽകിയിട്ടുണ്ട്.

(ബി) രാസപരിശോധനശാലയിലെ ഉപകരണങ്ങൾ

1. Atomic Absorption Spectrometer:

   ഈ ഉപകരണം ഉപയോഗിച്ചാണ് ധാതുക്കളിൽ അടങ്ങിയിട്ടുള്ള വിവിധ മൂലകങ്ങളുടെ അളവുകൾ കണ്ടുപിടിക്കുന്നത്.

2. Particle Size Analyser:

   ചൈനാക്ലേയിൽ അടങ്ങിയിട്ടുള്ള ചെറിയ കണികകളെ 0.1 micrometer-1750 micrometer range-ൽ വലിപ്പമനുസരിച്ച് തരം തിരിക്കുന്നതിന് ഉപയോഗിക്കുന്നു.

3. XRF: XRF ധാതുക്കളിലെ വിവിധ മൂലകങ്ങളുടെ സാന്നിധ്യം അറിയുന്നതിന് ഉപയോഗിക്കുന്നു.

4. Sieve Shaker: മണൽ സാമ്പിളുകളുടെ വലിപ്പമനുസരിച്ച് സ്വീവ് ചെയ്ത് തരംതിരിക്കുന്നതിന് ഉപയോഗിക്കുന്നു.

5. Flame Photometer: സോഡിയം, പൊട്ടാസ്യം, ലിഥിയം, കാത്സ്യം തുടങ്ങിയ മൂലകങ്ങളുടെ അളവ് കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്നു.

6. Crusher, Pulveriser, Vibratory Disc Mill: രാസപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് അനുയോജ്യമായ വലിപ്പത്തിൽ സാമ്പിളുകളെ പൗഡർ രൂപത്തിലാക്കുന്നതിന് ഉപയോഗിക്കുന്നു.

7. Muffle Furnace: ധാതുക്കളെയും മിനറലുകളെയും രാസപരിശോധനയ്ക്കായി 1000 ഡിഗ്രി സെൽഷ്യസ് വരെ ചൂടാക്കുന്നതിന് ഉപയോഗിക്കുന്നു.

8. Air Oven: ധാതുക്കളെ moisture free ആക്കുന്നതിന് ഉപയോഗിക്കുന്നു.

9. PH meter: PH നിർണ്ണയത്തിന് ഉപയോഗിക്കുന്നു.

10. Hot Plate: രാസപരിശോധനയ്ക്കുള്ള സാമ്പിളുകൾ digest ചെയ്യുന്നതിന് ഉപയോഗിക്കുന്നു.

11. Analytical balance: രാസപരിശോധനയ്ക്ക് കൊണ്ടുവരുന്ന സാമ്പിളുകളുടെ കൃത്യമായ ഭാരം എടുത്ത് പരിശോധന നടത്തുന്നതിന് ഉപയോഗിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് Hot Plates-13,850, 28,910 രൂപ വീതം. ഒരു Analytical balance-2,10,040 രൂപ,

Fixed Volume Dispenser-29,500 രൂപ, Eppendorf Varispenser- 35,691 രൂപ എന്നിവയാണ് രാസപരിശോധനശാലയിലേയ്ക്ക് വാങ്ങിയിട്ടുള്ളത്. കൂടാതെ Atomic Absorption Spectrometer ന് Annual Maintenance Cost ഇനത്തിൽ 2017-18 വർഷത്തിൽ 1,60,753 രൂപയും 2018-19 വർഷത്തിൽ 1,67,987 രൂപയും ചെലവായിട്ടുണ്ട്.

(സി) പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പദാർത്ഥങ്ങൾ താമസം കൂടാതെ പരിശോധിച്ച് നൽകാറുണ്ട്. ചില സമയങ്ങളിൽ സാമ്പിളുകളുടെ ബാഹുല്യവും ഉപകരണങ്ങളുടെ സാങ്കേതിക തകരാറുംമൂലം രാസപരിശോധനയ്ക്ക് കാലതാമസം നേരിട്ടിട്ടുണ്ട്.

(ഡി) 260 സാമ്പിളുകൾ ലഭിച്ചിട്ടുണ്ട്. 257 സാമ്പിളുകളുടെ രാസപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. 28-1-2020-നും 30-1-2020-നും ലഭിച്ചിട്ടുള്ള മൂന്ന് സാമ്പിളുകളുടെ രാസപരിശോധന പുരോഗമിക്കുന്നു.

കൈത്തറി ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്കൂൾ യൂണിഫോം

160 (2418) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉല്പന്നങ്ങൾ സ്കൂൾ യൂണിഫോമായി വിതരണം ചെയ്തത് വഴി കൈത്തറി മേഖലയിൽ എത്ര അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2019-20 വർഷത്തിൽ എത്ര കുട്ടികൾക്ക് സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്;

(സി) സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ വിതരണം ചെയ്ത വകയിൽ എത്ര രൂപ കുടിശ്ശിക ഉണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി 4 വർഷം പിന്നിട്ടപ്പോൾ 5760 നെയ്ത്ത തൊഴിലാളികളും 1513 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം പ്രതിവർഷം 200-ൽ അധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2019-2020 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്നുമുതൽ ഏഴാം ക്ലാസ് വരെയും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാലാം ക്ലാസ് വരെയുമുള്ള 8.5 ലക്ഷം വിദ്യാർത്ഥികൾക്ക് 2 ജോഡി വീതം ആകെ 41.57 ലക്ഷം മീറ്റർ തുണി സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിഫോമായി വിതരണം ചെയ്യുകയുണ്ടായി.

(സി) സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾ ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾ വിതരണം ചെയ്ത വകയിൽ ഹാന്റക്സിനും ഹാൻവീവിനും കൂടി ആകെ 2.64 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്.

കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

161 (2419) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 27-9-2018-ൽ കഴിഞ്ഞിട്ടും നവീകരണ ജോലികൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മിൽ നവീകരണ ജോലികൾ എപ്പോൾ ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളികൾക്ക് നൽകാനുള്ള ലേ ഓഫ് വേതനമടക്കമുള്ള ആനുകൂല്യങ്ങളിൽ വന്നിട്ടുള്ള കുടിശ്ശിക തീർത്തുനൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നവീകരണ ജോലികൾ പൂർത്തിയാക്കി പ്രസ്തുത മിൽ അടിയന്തരമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിലെ വളരെ പഴക്കംചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉൽപാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപ്പാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ മിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 45.19 കോടി രൂപ എൻ.സി.ഡി.സി അനുവദിച്ച് നൽകുകയും ഇതിൽ 2094.75 ലക്ഷം രൂപ മില്ലിന് നാളിതുവരെ നൽകിയിട്ടുമുണ്ട്. ആയതിൽനിന്നും 350 ലക്ഷം രൂപ ലോണായി കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് അടിയന്തരമായി നൽകുകയുണ്ടായി. ഈ തുക അടിയന്തരമായി ടെക്സ്ഫെഡിന് തിരിച്ച് നൽകുന്നതിന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മില്ലിന് അനുവദിച്ചുനൽകിയിട്ടുള്ള 2094.75 ലക്ഷം രൂപയിൽ 1242.76 ലക്ഷം രൂപ നവീകരണ പദ്ധതിയുടെ ആദ്യഘട്ടമായി 7290 സ്പിന്റിൽ സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കിനും അനുബന്ധ മെഷീനറികൾ വാങ്ങുന്നതിനുമായും ബാക്കി തുകയായ 501.99 ലക്ഷം രൂപ പ്രവർത്തന മൂലധനമായും മിൽ വിനിയോഗിച്ചു.

27-9-2018 മുതൽ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ പൂർണ്ണമായും ലേ-ഓഫിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മില്ലിന് നാളിതുവരെ 1078.46 ലക്ഷം രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുക മില്ലിന്റെ ദൈനംദിന ചെലവുകൾക്കും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ., പി.എഫ്, ലേ-ഓഫ് ആനുകൂല്യം (ഒക്ടോബർ 2018 മുതൽ ആഗസ്റ്റ് 2019 വരെ) എന്നിവ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ മില്ലിന് അനുവദിച്ചുനൽകിയ 250 ലക്ഷം രൂപയിൽ നിന്നും സിവിൽ വർക്കിനായി 21.25 ലക്ഷം രൂപയും ഫാൾസ് സീലിംഗ് വർക്കിനായി 7 ലക്ഷം രൂപയും മെഷിനറികളും മറ്റ് അനുബന്ധ ചെലവുകൾക്കായി 221.75 ലക്ഷം രൂപയും മിൽ വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വാർഷിക ബഡ്ജറ്റിൽ മില്ലിന് അനുവദിച്ചിരിക്കുന്ന ബാക്കി തുകയായ 525 ലക്ഷം രൂപ അനുവദിച്ചുനൽകുന്നതോടെ 7290 സ്പിന്റിൽ പൂർണ്ണമായും സ്ഥാപിച്ച് നവീകരണം പൂർത്തീകരിച്ച് കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണെന്നാണ് പ്രതീക്ഷിക്കുന്നത്.

കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികൾ

162 (2420) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

വയനാട് ജില്ലയിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

163 (2421) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട കായിക താരങ്ങളുടെ വളർച്ചയ്ക്കായി ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വയനാട് ആർച്ചറി അക്കാഡമിയിൽ നാഷണൽ ഗെയിംസിനുവേണ്ടി ഉപയോഗിച്ച 9 ഗെയിംസ് വില്ലുകളിൽ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കി കുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സി. കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം (ജില്ലാ സ്റ്റേഡിയം), ജിനചന്ദ്ര സ്റ്റേഡിയം (പഞ്ചായത്ത് സ്റ്റേഡിയം) എന്നീ രണ്ട് പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രസ്തുത പദ്ധതി വയനാട് ജില്ലയിലെ പനമരം ജി.എച്ച്.എസ്.എസ്-ലും നടപ്പിലാക്കിവരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലും പദ്ധതി നടപ്പിലാക്കിവരുന്നു.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. വയനാട് ജില്ലയിലെ കല്ലുപാടി ജി.എൽ.പി.എസ്-ലും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ഫുട്ബോൾ താരങ്ങൾക്ക് ജോലി

164 (2422) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുവാനും അവിടെ മികച്ച ഫുട്ബോൾ താരങ്ങൾക്ക് ജോലി നല്കി ഫുട്ബോളിന്റെ സുവർണകാലം മടക്കി കൊണ്ടുവരുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

മികച്ച ഫുട്ബോൾ താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകി മികച്ച ഫുട്ബോൾ ടീമുകൾ രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കായികക്ഷമതാ മിഷൻ പദ്ധതി

165 (2423) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുവാനായി കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അഞ്ച് മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായികക്ഷമത മെച്ചപ്പെടുത്തുവാൻ ആവശ്യമായ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതീയുവാക്കളിലും ഉൾപ്പെടെ കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാ മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ കുട്ടികൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും ഉറപ്പ് വരുത്തുന്നതിനുവേണ്ടി "കേരള കായികക്ഷമതാ മിഷൻ"

പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച പ്രോജക്ടിന്റെ അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായിക ക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തിഗതമായി അളന്ന് പരിശോധിച്ച്, പരിശോധന ഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമത പദ്ധതി. 2008-ൽ ആരംഭിച്ച പദ്ധതി 2012-13 ന് ശേഷം ചില സാങ്കേതിക കാരണങ്ങളാൽ തുടരുവാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനായി 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായിക ക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ കായികക്ഷമത പരിശോധിച്ച് തിട്ടപ്പെടുത്തിയതിൽ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും കായികക്ഷമത കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കണ്ടെത്തലുകളുടെയും പൊതുവായി കേരള സമൂഹത്തിൽത്തന്നെ മുഴുവൻ ജനവിഭാഗങ്ങൾക്കിടയിലും കായിക ക്ഷമതയുടെ കുറവും ജീവിതശൈലി രോഗങ്ങളുടെ തോതിൽ വർദ്ധനവുണ്ടായതിന്റെയും അടിസ്ഥാനത്തിലാണ് കായികയുവജനകാര്യ വകുപ്പ് കേരള കായികക്ഷമതാ മിഷൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

സ്കൂൾ വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിനുള്ള പദ്ധതികൾ

166 (2424) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടനവധി വിദ്യാലയങ്ങളിലും ഇപ്പോഴും കായിക പരിശീലനത്തിന് മൈതാനങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും മുൻനിർത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും ഒരുക്കുന്നതിന് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്പ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്പ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ്

പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പിന്റ്-ഗ്രാസ്റൂട്ട് അത്ലറ്റിക് ടെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

കൂടാതെ കായികയുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും മുൻനിർത്തി അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും വിവിധ പദ്ധതികൾ

167 (2425) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ ഈ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽപറഞ്ഞ വകുപ്പുകളുടെ കീഴിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ/ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) സ്കൂൾതലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് &കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായിക ഇനങ്ങളിൽ ആർച്ചറിയും ഷൂട്ടിംഗും ഒഴികെയുള്ള 9 കായിക ഇനങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ്, ബോക്സിംഗ് & ബാഡ്മിന്റൺ എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായിക ഇനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന യുവജനനയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപംനൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ ചുമതല. കേരളോത്സവം, ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ, ആർട്ട് ഡി ടൂർ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്,

ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല, പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവത്കരണം, യുവജന ദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവത്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, ചിത്രരചനാ ക്യാമ്പ്, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സ്പോർട്സ് കിറ്റ് വിതരണം, ജെൻഡർ പ്രോജക്ട്, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ ടെയിനിംഗ്, അമച്വർ നാടകോത്സവം, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം നാടൻ പാട്ട് മത്സരം, സെവൻസ് ഫുട്ബോൾ ടൂർണമെന്റ് എന്നിവയാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ.

(ബി) കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നത്. ബോർഡിന്റെ വയനാട് ജില്ലാ യുവജനകേന്ദ്രം മുഖേന 2016 മുതൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളോത്സവം
2. പരിസ്ഥിതി ദിനാചരണം
3. യുവജനസാമൂഹ്യ പ്രതിബദ്ധതാ പദ്ധതി
4. ജീവദായിനി (രക്തദാന ക്യാമ്പ്)
5. സ്പോർട്സ് കിറ്റ് വിതരണം (ക്ലബ്ബ്/സ്കൂളുകൾക്ക്)
6. ദേശീയ യുവജനദിനാചരണം
7. വനിതാ ശിൽപ്പശാല
8. മാധ്യമക്യാമ്പ്
9. എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കൽ
10. യുവാക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും (പിന്നോക്ക മേഖലകളിലും, ആദിവാസി കോളനികൾ കേന്ദ്രീകരിച്ചും ക്ലബ്ബുകളുടെ രൂപീകരണം)
11. പി.എസ്.സി പരീക്ഷാ പരിശീലന പരിപാടി

12. സ്പോർട്സ് കിസ്

13. വേൾഡ് കപ്പ് ഫുട്ബോൾ ബിഗ്സ്ക്രീൻ പ്രദർശനം

14. കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പരിപാടി (തിരുവനന്തപുരം)

15. യുവജനദിനാചരണ കിസ്

16. കേരള വോളണ്ടറിയൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പരിപാടി (തിരുവനന്തപുരം)

17. കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പരിപാടി (മൂന്നാർ)

18. മാധ്യമസെമിനാർ

19. ഗാന്ധിജയന്തി ദിനാചരണം

20. നാടൻപാട്ട് മത്സരം (പഞ്ചായത്ത് തലം)

21. മണിനാദം നാടൻപാട്ട് മത്സരം

22. ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ്

23. സ്കൂൾ പരിസരശുചീകരണ പരിപാടി

24. കെ.എ.എസ്. പരീക്ഷാ പരിശീലനം

25. യൂത്ത് ക്ലബ്ബ് അവാർഡ്-ജില്ലാ തലം

വയനാട് ജില്ലയിൽ യുവജനക്ഷേമബോർഡ് അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്ന 267 യൂത്ത് ക്ലബ്ബുകളും 41 യുവാക്ലബ്ബുകളും വഴിയും മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്. കൂടാതെ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വയനാട് ജില്ലയിൽ കൽപ്പറ്റ ജില്ലാ സ്പോർട്സ് അക്കാഡമി, ആർച്ചറി സ്പോർട്സ് അക്കാഡമി, സെന്റ് മേരീസ് കോളേജ് സ്പോർട്സ് അക്കാഡമി, സെന്റ് മേരീസ് സ്കൂൾ സ്പോർട്സ് അക്കാഡമി എന്നിവ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ പുതിയ പദ്ധതി/ പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

വിദ്യാർത്ഥികളിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികൾ

168 (2426) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഇടയിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ 'പ്ലേ ഫോർ ഹെൽത്ത്' പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കുട്ടികൾക്ക് നീന്തലിൽ മികച്ച പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'സ്പ്ലാഷ്' പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനായി 'കിക്കോഫ്' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) വിദ്യാർത്ഥികളുടെ ഇടയിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിന് കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ്, സ്പിന്റ്, പ്ലേ ഫോർ ഹെൽത്ത്, സ്വയം പ്രതിരോധ പരിശീലന പദ്ധതി എന്നീ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക്

വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.

സ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹഡ്ൽ

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹഡ്ൽ. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21-ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വച്ച് നടത്തി.

സ്പിന്റ്-ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറു പ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായിക ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് &കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലാണ് നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സ്പാഷ് പദ്ധതി പ്രാരംഭ ഘട്ടത്തിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) 'എ'പിരിവിന്റെ മറുപടി വിവരത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒളിമ്പ്യ പദ്ധതി

169 (2427) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒളിമ്പ്യ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മത്സരയിനങ്ങളിലാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സ്പോട്സ് മേഖലയിൽ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ടി കായിക ഇനങ്ങളിൽ ആർച്ചറിയും ഷൂട്ടിംഗും ഒഴികെയുള്ള 9 കായികയിനങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ്, ബോക്സിംഗ്&ബാഡ്മിന്റൺ എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് &കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൻകീഴിലുള്ള കായിക താരങ്ങൾക്ക് ആവശ്യമായ പരിശീലന കേന്ദ്രം, വിദഗദ്ധരായ പരിശീലകർ, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ബോർഡിംഗ്/ലോഡ്ജിംഗ്, വാഷിംഗ് അലവൻസ്, മെഡിക്കൽ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

കായിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ

170 (2428) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് എത്ര കളിസ്ഥലങ്ങൾ പുതിയതായി നിർമ്മിച്ചുവെന്നും ഏതെല്ലാം കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഹയർസെക്കണ്ടറി സ്കൂളുകളോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ പുനർനിർമ്മാണത്തിന് കായിക-യുവജനകാര്യ വകുപ്പിന്റെ സഹായം അനുവദിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കായിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ആസ്തി വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കൂടാതെ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന 57 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി&സി) സ്കൂളുകളും പഞ്ചായത്തുകളും വിവിധ സ്ഥാപനങ്ങളും അടക്കം 73 കളിസ്ഥലങ്ങളുടെ നവീകരണം പരിഗണനയിലാണ്.

കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

171 (2429) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുമോ;വിശദവിവരം വെളിപ്പെടുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

29-1-2018-ലെ സ.ഉ. (കൈ) നമ്പർ 11/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന/ജില്ല സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നതിനും ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ മേൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

കോട്ടുക്കലിൽ കായിക സമുച്ചയം

172 (2430) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിലെ കോട്ടുക്കലിൽ കായിക സമുച്ചയത്തിനായി കൈമാറിയിട്ടുള്ള ഇരുപത് ഏക്കർ ഭൂമി ഉപയോഗിച്ച് കായിക സമുച്ചയം സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

ചടയമംഗലം നിയോജകമണ്ഡലത്തിലെ കോട്ടുക്കലിൽ കായിക യുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള 20 ഏക്കർ ഭൂമിയിൽ കായികസമുച്ചയം സ്ഥാപിക്കുന്നതിലേക്കായി പ്രാഥമിക ഘട്ടമെന്ന നിലയിൽ പ്രസ്തുത സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിനായുള്ള സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ പ്രവർത്തനങ്ങൾ

173 (2431) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഷൂട്ടിങ്ങ് താരങ്ങളെ പരിശീലിപ്പിക്കുന്നതിനായി ആരംഭിക്കുന്ന ഷൂട്ടിംഗ് അക്കാഡമിയുടെ പൂർണ്ണ പ്രയോജനം തദ്ദേശീയരായ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ;

(ബി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പ്രദേശവാസികളെയും കായികതാരങ്ങളെയും ഉൾപ്പെടുത്തിയുള്ള ജനകീയ കമ്മിറ്റിയ്ക്ക് രൂപം നൽകുമോ;

(സി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പണിപൂർത്തിയാക്കിയിട്ടുള്ള എ.സി. ഓഡിറ്റോറിയം പൊതുജനങ്ങൾക്ക് വിവിധ പരിപാടികൾക്കായി മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഈ ഹാൾ പോളിടെക്നിക് കോളേജിന്റെ പരിപാടികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഒരുക്കിയിട്ടുള്ള ക്രിക്കറ്റ് നെറ്റ് പ്രാക്ടീസിങ്ങ് സൗകര്യം എന്ന് പൂർത്തിയാക്കി കായികതാരങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ദേശീയ അന്തർദേശീയ ഷൂട്ടിംഗ് മത്സരങ്ങളിൽ കേരളത്തിലെ കുട്ടികൾ മികച്ച നേട്ടം കൈവരിക്കുന്നതിനായി വിദഗ്ധ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചിട്ടുണ്ട്. 10 വയസ്സിനുമുകളിൽ പ്രായമുള്ളതും ഷൂട്ടിംഗിൽ താൽപര്യമുള്ളവരുമായ തദ്ദേശീയരായവർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ആളുകൾക്കും പരിശീലനം നൽകുക എന്നതാണ് അക്കാഡമി ആരംഭിക്കുന്നതിന്റെ ലക്ഷ്യം. 2020 ഫെബ്രുവരി മുതൽ അക്കാഡമി പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഷൂട്ടിംഗ് മറ്റ് കായിക ഇനങ്ങളിൽനിന്നും വ്യത്യസ്തമായി കൂടുതൽ സുരക്ഷ ആവശ്യമുള്ള കായിക ഇനമാണ്. അതിനാൽ നിലവിൽ നാഷണൽ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യ (എൻ.ആർ.എ.ഐ) മുഖേനയാണ് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ ഷൂട്ടിംഗ് അക്കാഡമിയിൽ പരിശീലനം നൽകുന്നത്. മാത്രമല്ല ആയുധങ്ങളും വെടിക്കോപ്പുകളും സൂക്ഷിക്കുന്ന സുരക്ഷിതമേഖലയാണ് ഷൂട്ടിംഗ് റേഞ്ച്. സാധാരണ വ്യക്തികളെ സുരക്ഷാമേഖലയായ ഷൂട്ടിംഗ് റേഞ്ചിൽ പ്രവേശിപ്പിക്കുന്നത് സുരക്ഷയെ ബാധിക്കുമെന്നതിനാൽ സാധാരണക്കാരെ ഒഴിവാക്കിക്കൊണ്ട് എം.എൽ.എ., മേയർ, എൻ.ആർ.എ.ഐ പ്രതിനിധി, കായികയുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, കായിക യുവജനകാര്യ ഡയറക്ടർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ദേശീയ അന്തർദേശീയ ഷൂട്ടിംഗ് താരങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു മേൽനോട്ട കമ്മിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ എ.സി ആഡിറ്റോറിയത്തിന് സമീപത്തായിട്ടാണ് ഷൂട്ടിംഗ് റേഞ്ച് സജ്ജീകരിച്ചിട്ടുള്ളത്. ആയുധങ്ങളും വെടിക്കോപ്പുകളും സൂക്ഷിക്കുന്ന സ്ഥലമായതിനാൽ സുരക്ഷാമേഖലയായ ഷൂട്ടിംഗ് റേഞ്ചിൽ പൊതു

പരിപാടികൾക്കായി ഓഡിറ്റോറിയം നൽകുന്നത് ഷൂട്ടിംഗ് റേഞ്ചിന്റെയും നാടിന്റെയും സുരക്ഷിതത്വത്തിന് ഭീക്ഷണിയാവാൻ സാധ്യതയുള്ളതിനാൽ പൊതുപരിപാടികൾക്ക് അനുവദിക്കുന്നത് ഒഴിവാക്കി കായിക പരിപാടികളുമായി ബന്ധപ്പെട്ട മീറ്റിംഗുകൾക്ക് ഷൂട്ടിംഗ് റേഞ്ചിന്റെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് ഫീസ് ഈടാക്കി ഓഡിറ്റോറിയം അനുവദിക്കുന്നതാണ്. ഈ ഓഡിറ്റോറിയത്തിൽ പ്രദേശത്തെ കുട്ടികൾക്കായി യോഗ, ജൂഡോ, കരാട്ടെ തുടങ്ങിയ പരിശീലന പരിപാടികൾ ആരംഭിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. കായികപരിപാടികൾക്കല്ലാതെ പൊതു പരിപാടികൾക്ക് പ്രസ്തുത ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നില്ല.

(ഡി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ ടെറസ്സിനു മുകളിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ക്രിക്കറ്റ് പ്രാക്ടീസ് ഇടനാഴിയുടെ നിർമ്മാണം 95% പൂർത്തിയായിക്കഴിഞ്ഞു. പ്രസ്തുത പ്രവൃത്തി 2020 മാർച്ച് മാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

എല്ലാ ജില്ലകളിലും സ്റ്റേഡിയം

174 (2432) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സ്റ്റേഡിയം എന്ന സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് എത്ര ജില്ലകളിൽ പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് നടപടി ആയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിലെ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഗ്രാമീണ സ്റ്റേഡിയങ്ങളും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഉള്ള സ്റ്റേഡിയങ്ങളും പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നവയിൽ 4 സ്റ്റേഡിയങ്ങളുടെ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു. 10 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കി ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഗ്രാമീണ മേഖലയിലെ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ 20 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-II* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളും പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 എണ്ണത്തിൽ ഭൂരിഭാഗവും നിർമ്മിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ളതോ സർക്കാർ എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥതയിൽ ഉള്ളതോ ആയ ഭൂമിയാണ്. ഇതിനുപുറമേ സർക്കാർ ബഡ്ജറ്റ് ഹെഡ്ഡിലുൾപ്പെടുത്തിയും കോളേജ്/പഞ്ചായത്ത് ഗ്രൗണ്ടുകൾ നവീകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഗ്രാമീണ സ്റ്റേഡിയങ്ങളും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഉള്ള സ്റ്റേഡിയങ്ങളും പുനരുദ്ധരിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല.

നെന്മാറ നിയോജകമണ്ഡലത്തിലെ മിനിസ്റ്റേഡിയം

175 (2433) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ മിനിസ്റ്റേഡിയം നിലവിലില്ലായെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു മിനിസ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ;

(സി) മിനിസ്റ്റേഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) ആവശ്യകതയുടെ അടിസ്ഥാനത്തിലും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന തദ്ദേശസ്വയംഭരണ/സർക്കാർ സ്ഥാപനങ്ങളുമായി ഒപ്പ് വയ്ക്കുന്ന നിശ്ചിത മാതൃകയിലുള്ള ധാരണാപത്രത്തിലെ വ്യവസ്ഥകൾ അംഗീകരിക്കുന്ന മുറയ്ക്കാണ് പ്രസ്തുത കായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആരംഭിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയങ്ങൾ

176 (2434) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ എത്ര ഇൻഡോർ സ്റ്റേഡിയങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇൻഡോർ സ്റ്റേഡിയങ്ങൾ ഇല്ലെങ്കിൽ ആയത് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ കീഴിൽ ഇൻഡോർ സ്റ്റേഡിയം നിലവിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ ക്രിക്കറ്റ് സ്റ്റേഡിയം

177 (2435) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ക്രിക്കറ്റ് സ്റ്റേഡിയങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വകുപ്പിന് കീഴിൽ ക്രിക്കറ്റ് സ്റ്റേഡിയങ്ങൾ ഒന്നും നിലവിലില്ല.

(ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നിലമ്പൂർ മിനി സ്റ്റേഡിയം

178 (2436) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിനുകീഴിൽ നിർമ്മാണം പുരോഗമിക്കുന്ന നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിന്റെ പദ്ധതി പൂർത്തീകരണത്തിന് ശേഷമുള്ള ആവർത്തന പരിപാലന ചെലവുകൾ കണ്ടെത്തുന്നതിന് എന്ത് ക്രമീകരണമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഉഭയകക്ഷി കരാർ പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിരിക്കേ സ്റ്റേഡിയം നടത്തിപ്പിന് രൂപീകരിക്കേണ്ട സമിതിയുടെ ഘടന വ്യക്തമാക്കാമോ;

(സി) നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിലെ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ടെണ്ടർ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർമ്മാണത്തിനും നടത്തിപ്പിനും പരിപാലനത്തിനുമായി സ്ഥലം ഉടമസ്ഥരും കായികയുവജനകാര്യാലയവും ചേർന്ന് ധാരണാപത്രത്തിൽ ഏർപ്പെടുകയും പ്രസ്തുത ധാരണാപത്രപ്രകാരം സ്റ്റേഡിയത്തിന്റെ നടത്തിപ്പിനായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ബഹു.എം.എൽ.എ (നിലമ്പൂർ)	-	രക്ഷാധികാരി
പഞ്ചായത്ത് പ്രസിഡന്റ്	-	ചെയർമാൻ
സ്ഥലത്തിന്റെ ഉടമസ്ഥൻ/പ്രതിനിധി	-	വൈസ് ചെയർമാൻ
പ്രസിഡന്റ്, ജില്ലാ സ്പോർട്സ് കൗൺസിൽ	-	വൈസ് ചെയർമാൻ
സ്ഥലം ഉടമ നിർദ്ദേശിക്കുന്ന ഒരു അംഗം	-	സെക്രട്ടറി
സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ	-	മെമ്പർ
ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന ഒരു അംഗം	-	മെമ്പർ
കായികയുവജനകാര്യ ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു അംഗം	-	മെമ്പർ

ജില്ലാ സ്പോർട്സ് കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു അംഗം	-	മെമ്പർ
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിക്കുന്ന ദേശീയ/സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ഒരു കായികതാരം	-	മെമ്പർ
സ്റ്റേഷൻ ഹൗസ് ഓഫീസർ	-	മെമ്പർ

സ്റ്റേഡിയം നടത്തിപ്പിന്റെയും പരിപാലനത്തിന്റെയും ചുമതല ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിക്കാണ്. സ്റ്റേഡിയം പ്രവർത്തിക്കുന്നതിൽനിന്ന് ലഭിക്കുന്ന വരുമാനം സ്റ്റേഡിയത്തിന്റെ ആവർത്തന ചെലവുകൾക്കായി മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന് ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) നിലമ്പൂർ മിനിസ്റ്റേഡിയത്തിലെ 4.71 കോടി രൂപ അടങ്കൽ തുക വരുന്ന 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു.

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

179 (2437) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കായികവകുപ്പിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

ചെങ്ങന്നൂരിലെ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

180 (2438) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്വിമ്മിംഗ് യാർഡ് ഉൾപ്പെടെ വിവിധ മത്സരങ്ങൾ നടത്തുന്നതിനുള്ള മൾട്ടി പർപ്പസ് സ്റ്റേഡിയം ചെങ്ങന്നൂരിൽ നിർമ്മാണ പുരോഗതിയിലാണോ;

(ബി) ആലപ്പുഴ ജില്ലയിലെ എല്ലാ കോളേജുകളെയും ഹൈസ്കൂളുകളെയും കേന്ദ്രീകരിച്ചുകൊണ്ട് സ്പോർട്സ്സിലും ഗെയിംസിലും പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി ഭാവിയിൽ അവരെ അഖിലേന്ത്യാ മത്സരങ്ങളിൽ പ്രാവീണ്യരാക്കുന്ന അവധിക്കാല പരിശീലനം ഈ സ്റ്റേഡിയത്തിൽ നടത്തുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകുന്നതിന് സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉദയകുമാർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ, നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലൈൻ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, പവലിയൻ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണമാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പദ്ധതിയുടെ 18% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സ്റ്റേഡിയം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മൊയ്തീൻകുട്ടി സ്മാരക മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം

181(2439) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി സ്മാരക മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിനുള്ള പുതുക്കിയ ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻകെൽ എജ്യൂസിറ്റിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി സ്മാരക മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം കോമ്പൗണ്ടിൽ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

തൃക്കരിപ്പൂരിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയം

182(2440) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഈ സ്റ്റേഡിയം പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിഫ്ബി പദ്ധതിയിലുൾപ്പെട്ട കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയം (എം.ആർ.സി കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം) പ്രവൃത്തികൾക്കായി ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കായികതാരങ്ങൾക്ക് സർക്കാർ-പൊതുമേഖല സർവ്വീസിലേയ്ക്ക് നിയമനം

183 (2441) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ-പൊതുമേഖല സർവ്വീസിലേക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കായിക താരങ്ങൾക്ക് നിയമനം നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ആനുപാതിക പങ്ക് പാലിച്ചുകൊണ്ടുള്ള നിയമനം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയതു പ്രകാരമുള്ള നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി. കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈജൻ. ഇ. ബി.ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

184 (2442) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

185 (2443) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സ്കൂൾ, കോളേജ് തലങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് കൊണ്ടുവന്നിട്ടുള്ളത്; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്പോർട്സ് മേഖലയിലെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനബന്ധം-1 ആയും* ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 2016-17

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 പദ്ധതികളുടെ വിശദാംശം അനുബന്ധം-II ആയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.* സംസ്ഥാനത്തെ സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് &കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ്, എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായിക ഇനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥി കൾക്കാണ് പരിശീലനം നൽകുന്നത്.

ഹഡിൽ

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹഡിൽ. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21-ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വച്ച് നടത്തി.

സ്പിന്റ്-ഗ്രാസ്റൂട്ട് അത്ലറ്റിക് ടെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രാ യത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്ക പ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകര ണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

അന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട് ന്യൂട്രീഷ്യൻ ഉൽപന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2019" സംഘടിപ്പിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടം 2020 ഫെബ്രുവരി 13, 14, 15 തീയതികളിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലും 2020 ഫെബ്രുവരി 18, 19, 20 തീയതികളിൽ കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലും സംഘടിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

ബീച്ച് ഗെയിംസ്

തീരദേശ കായിക സംസ്കാരവും വിനോദസഞ്ചാരമേഖലയിലെ പുത്തൻ സാധ്യതകളും മുൻനിർത്തി കേരളത്തിന്റെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ് നൽകുന്നതിനുമായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഉണഭോക്താക്കളാകുന്ന പരിപാടി 2019 നവംബർ, ഡിസംബർ, 2020 ജനുവരി മാസങ്ങളിലായി ജില്ലാതല മത്സരങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാനതല മത്സരങ്ങൾ ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സ്പോർട്സ് കേരള മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടംനേടിയ ഈ കായിക ഇനത്തിന്റെ

ആദ്യ പതിപ്പിൽ ദേശീയ, അന്തർദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം ജില്ലകളിൽ യഥാക്രമം 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഹാഫ് മാരത്തോണും തിരുവനന്തപുരത്ത് ഫുൾ മാരത്തോണും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിങ്ങിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ-അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ

ജീവിതശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ. സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്.

സൈൽ പദ്ധതി

സൈൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കായികക്ഷമത മിഷൻ

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത,

കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാ മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിഭാവന ചെയ്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമത മിഷൻ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

എലൈറ്റ് സ്കീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.

കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കോളേജ് തലത്തിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിശീലനത്തിനും പരിശീലകനും ട്രെയിനിമാർക്കും ഹോണറേറിയം, നവീകരണ പ്രവർത്തനങ്ങൾ, ഫിറ്റ്നസ് സെന്റർ, ലാബ് എക്യുപ്മെന്റ്, ഫിസിയോളജി ലാബ്, സ്റ്റാർട്ട് റൂം എന്നീ ആവശ്യങ്ങൾക്കും കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ പരിശീലന പദ്ധതികൾ നടത്തുന്നതിനും കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിപാടികൾ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

(സി) കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതിക്ക് വേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഏറനാട് മണ്ഡലത്തിലെ അരീക്കോട് ജി.എം.യു.പി. സ്കൂളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു.

സ്പോർട്സ് മെഡിസിൻ സെന്ററുകൾ

186 (2444) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിക്കുപറ്റുന്ന കായികതാരങ്ങളുടെ ചികിത്സയ്ക്കായി കേരളത്തിൽ എത്ര സ്പോർട്സ് മെഡിസിൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ജില്ലകളിലും സ്പോർട്സ് മെഡിസിൻ സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പരിക്ക് പറ്റുന്ന കായിക താരങ്ങളുടെ ചികിത്സക്കായി കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ വെള്ളയമ്പലം ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബിൽ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ പുതുതായി രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ റീജിയണൽ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ. ഓഫീസുകളുടെ പ്രവർത്തനം

187 (2445) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുവാൻ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാട്സ്ആപ് സംവിധാനം വഴി ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തലത്തിലുള്ള ഉപഭോക്താക്കൾക്കാണ് അത് നടപ്പിലാക്കുന്നത്?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുവാൻ ഇ-ഓഫീസ് സംവിധാനം ബോർഡിന്റെ ഐ.ടി വിഭാഗം വികസിപ്പിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തിയശേഷം എല്ലാ ഓഫീസുകളിലേയ്ക്കും വിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വാട്സ്ആപ്പ് സംവിധാനം വഴി ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉപഭോക്തൃ സേവന കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന സോഷ്യൽ മീഡിയ സംവിധാനമായ 9496001912 എന്ന വാട്സ്ആപ്പ് ഫോൺ നമ്പർ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും സന്ദേശങ്ങൾ അയയ്ക്കാവുന്നതാണ്. ശരാശരി 500-ഓളം പരാതികൾ ദിവസേന സ്വീകരിക്കുകയും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ അപ്പോൾത്തന്നെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് താഴെ പറയുന്ന രണ്ട് പദ്ധതികൾ മുഖേന സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

1. <u>സംയോജിത ഊർജ്ജ വികസന പദ്ധതി</u>

   ഐ.പി.ഡി.എസ്. പട്ടണങ്ങളിൽ ഉള്ള 3.2 ലക്ഷം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ളതാണ് ഈ പദ്ധതി. 6 കോർപ്പറേഷനുകളിലെ 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

2. തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

ചേലക്കര മണ്ഡലത്തിലെ വൈദ്യുതി കണക്ഷന്റെ കണക്ക്

188 (2446) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016, 2017, 2018, 2019 എന്നീ വർഷങ്ങളിലായി ചേലക്കര നിയോജകമണ്ഡലത്തിൽ വിവിധ കെ.എസ്.ഇ.ബി.എൽ. സെക്ഷനുകളിലായി എത്ര വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഗാർഹിക -കാർഷിക -വ്യവസായ കണക്ഷനുകളുടെ തരം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ വിവിധ കെ.എസ്.ഇ.ബി. എൽ. സെക്ഷനുകളിലായി 2016, 2017, 2018, 2019 വർഷങ്ങളിൽ ആകെ 11223 എണ്ണം വൈദ്യുതി കണക്ഷനുകളാണ് നൽകിയിട്ടുള്ളത്.

(ബി) ഗാർഹികം - 4944 എണ്ണം വൈദ്യുതി കണക്ഷനുകൾ

കാർഷികം -770 എണ്ണം വൈദ്യുതി കണക്ഷനുകൾ

വ്യവസായം -180 എണ്ണം വൈദ്യുതി കണക്ഷനുകൾ

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുള്ള ജനകീയ അദാലത്തുകൾ

189 (2447) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ ജനകീയ അദാലത്തുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ഇതിൽ എത്ര പരാതികൾ വന്നിട്ടുണ്ടെന്നും എത്ര എണ്ണം പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഉപഭോക്തൃ സംതൃപ്തി ലക്ഷ്യം വച്ചും വൈദ്യുതി മേഖല പരാതിരഹിതമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയും ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ പരാതികളും തീർപ്പാക്കുന്നതിന് 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് 24-12-2019-ലെ B.O.(FTD)No.946/2019 (D(D&IT)/General Adalath 2020/2019-20)പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഇതുവരെ 8 ജില്ലകളിലായി നടത്തിയ അദാലത്തുകളിൽ 8604 പരാതികളിൽ 7691 എണ്ണവും തീർപ്പ് കൽപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി&സി) 27-1-2020-ന് കാസർഗോഡ് ജില്ലയിൽ അദാലത്ത് നടത്തിയിട്ടുണ്ട്. 856 പരാതികളിൽ 720 എണ്ണവും തീർപ്പ് കൽപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഞാറക്കൽ 110 കെ. വി. സബ്-സ്റ്റേഷൻ

190 (2448) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിലെ ഞാറക്കലിൽ 110 കെ.വി. സബ്-സ്റ്റേഷൻ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടി എന്തൊക്കെയെന്നു വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ടവറുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഞാറക്കലിൽ നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ആയതിന് ബന്ധപ്പെട്ട സമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രാഥമിക സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി ഭരണാനുമതി ആയതിനുശേഷം വിശദമായ സർവ്വേ നടത്തി മാത്രമേ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(സി) പദ്ധതി ആരംഭിക്കുന്നതിന് ഇപ്പോൾ തടസ്സങ്ങളില്ല.

(ഡി) ഭരണാനുമതി ലഭ്യമാക്കി ഈ സാമ്പത്തിക വർഷത്തിൽതന്നെ പ്രാരംഭപ്രവൃത്തികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൻകിട സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

191 (2449) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷം കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം 290 കോടി രൂപ ആയിരിക്കെ വൻകിടക്കാർ വരുത്തിയ കുടിശ്ശിക 340 കോടി യിൽപ്പരം രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ പത്ത് എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ ഏഴെണ്ണവും സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപ നങ്ങളാണോ; എങ്കിൽ അവ ഏതൊക്കെയാണ്;

(സി) ഇവയിൽ ചിലത് അടച്ചുപൂട്ടലിന് വിധേയമായതിനാൽ കുടിശ്ശിക പിരിച്ചെടുക്കണമെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) നഷ്ടം നികത്താൻ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിപ്പിച്ച് ഉപഭോക്താക്കളെ ബുദ്ധിമുട്ടിപ്പിക്കുന്ന പതിവ് ഒഴിവാക്കി വൻകിടക്കാരുടെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 31-12-2019-ലെ ലഭ്യമായ കണക്ക് പ്രകാരം വൻകിട ഉപഭോക്താക്കളിൽ (എച്ച്.റ്റി) നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള ആകെ തുക 904.22 കോടി രൂപയാണ്. ഇതിൽ 383.4 കോടി രൂപ വിവിധ കോടതികളിലും ഫോറങ്ങളിലുമായി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ തീർപ്പുണ്ടാക്കുന്ന മുറയ്ക്ക് മാത്രമേ ടി തുകകൾ പിരിച്ചെടുക്കുവാൻ കഴിയുകയുള്ളൂ.

(ബി) 31-12-2019-ലെ കുടിശ്ശിക കണക്ക് പ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ 10 എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിൽ ഉൾപ്പെട്ട ഒരു കൺസ്യൂമറാണ് നിലവിലുള്ളത്. ഇത് ഓട്ടോകാസ്റ്റ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനമാണ്. 31-12-2019-ലെ കണക്ക് പ്രകാരം ഈ ഉപഭോക്താവിന് 68.28 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള 10 എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) മുകളിൽ സൂചിപ്പിച്ച 10 ഉപഭോക്താക്കളിൽ ഇപ്പോൾ പ്രവർത്തന സജ്ജമല്ലാത്ത 4 ഉപഭോക്താക്കളാണുള്ളത്. ഇതിൽ 4 ഉപഭോക്താക്കളും റവന്യൂ റിക്കവറി നേരിടുന്നവരാണ്. ഇതിൽ ട്രാവൻകൂർ റയോൺസ് ഒഴികെയുള്ള 3 ഉപഭോക്താക്കൾക്കും വ്യവഹാരങ്ങൾ നിലവിലുണ്ട്.

(ഡി) കുടിശ്ശിക പരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Accounting System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. വൈദ്യുതി നിയമം-2003, നാഷണൽ താരിഫ് പോളിസി 2016, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2018 എന്നിവയുടെ അടിസ്ഥാനത്തിലാണ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. ആയതിനാൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഒന്നുംതന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുകയില്ല. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്കുകൾ പുതുക്കുന്നത്, വൈദ്യുതിയുടെ ഉൽപ്പാദന വാങ്ങൽ ചെലവുകൾ (Generation & Power Purchase Cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost), സാമ്പത്തിക പലിശ ചെലവുകൾ (Interest & Finance Charges), മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity)തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരംകൂടി പരിഗണിച്ചാണ്.

വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഈടാക്കുന്നതിന് താഴെ പറയുന്ന നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

1. റവന്യൂ റിക്കവറി മുഖാന്തരം കുടിശ്ശിക ഈടാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

2. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ കിട്ടാകടങ്ങൾക്ക് പലിശയിൽ ഇളവ് നൽകി പിരിച്ചെടുക്കുന്നതിന് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു.

3. ഗവൺമെന്റ് തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതുവഴി വാട്ടർ അതോറിറ്റിയിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക ഘട്ടം ഘട്ടമായി ബജറ്റിൽ വകയിരുത്തി ലഭ്യമാക്കിവരുന്നു.

വൈദ്യുതി അദാലത്ത്

192 (2450) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ വൈദ്യുതി മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദാലത്തുകളിൽ കിട്ടിയ പരാതികൾ എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത പരാതികളുടെ സ്വഭാവവും പരിഹരിച്ച പരാതികൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരാതികളിൽ പരിഹരിക്കുവാൻ ബാക്കിയുള്ളവ ഏതൊക്കെയാണെന്നും നടപടികൾ എപ്പോൾ സ്വീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട്, കോട്ടയം, ഇടുക്കി, കൊല്ലം, എറണാകുളം, കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ അദാലത്ത് നടത്തി മറ്റ് ജില്ലകളിലും ജനകീയ വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി-ഡി)

ജില്ല	അദാലത്തിൽ കിട്ടിയ പരാതികളുടെ എണ്ണം	അദാലത്തിൽ തീർപ്പാക്കിയ പരാതികളുടെ എണ്ണം	തീർപ്പാക്കുവാൻ ബാക്കിയുള്ള പരാതികളുടെ എണ്ണം
വയനാട്	158	133	25
കോട്ടയം	897	734	163
ഇടുക്കി	1017	1008	9
കൊല്ലം	880	610	270
എറണാകുളം	1689	1610	79
കാസർഗോഡ്	856	720	136
കണ്ണൂർ	1036	1019	17
മലപ്പുറം	2071	1857	214
	8604	7691	913

അദാലത്തുകളിൽ ലഭിച്ചിട്ടുള്ള പരാതികൾ പ്രധാനമായും ലൈൻ/പോസ്റ്റ്/ ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതിന്, ഉപയോഗമില്ലാത്ത ലൈനുകളും കണക്ഷനുകളും അഴിച്ചുമാറ്റുന്നതിന്, ബില്ലുകൾ, കറന്റ് ചാർജ്ജ് കുടിശ്ശിക, കേബിൾ ടി.വി. പോസ്റ്റ് വാടക കുടിശ്ശിക, സർവ്വീസ് കണക്ഷൻ ലഭിക്കാത്തത്, മരം മുറിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കാത്തത്, വോൾട്ടേജ് ക്ഷാമം എന്നിവ സംബന്ധിച്ചാണ്. ഇതുകൂടാതെ മറ്റ് പരാതികളും ലഭിച്ചിട്ടുണ്ട്. തീർപ്പാക്കുവാൻ ബാക്കിയുള്ള പരാതികൾ പരിശോധിച്ച് എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതാണ്.

വൈദ്യുതി കണക്ഷനുകൾ

193 (2451) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ആഫീസുകൾ വഴി എത്ര ഗാർഹിക, കാർഷിക, വ്യാവസായിക കണക്ഷനുകൾ നല്കിയിട്ടുണ്ടെന്നതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി കണക്ഷനുകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ മാസം വരെ നൽകിയിട്ടുള്ള എൽ.ടി. ഗാർഹിക, കാർഷിക, വ്യാവസായിക വൈദ്യുതി കണക്ഷനുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ഗാർഹിക കണക്ഷനുകൾ	- 679440 എണ്ണം
കാർഷികാവശ്യത്തിനുള്ള കണക്ഷനുകൾ	- 46252 എണ്ണം
വ്യാവസായിക കണക്ഷനുകൾ	- 19136 എണ്ണം

(ബി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റംവരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്

100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസ ഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശരേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2-11-2018-ലെ ബോർഡ് ഉത്തരവുപ്രകാരം ആരാധനാലയങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ, കലാ സംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും ചെയ്തു. കൂടാതെ തറവാട് വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ അതാത് സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമേ ഓൺലൈൻ വഴി സ്വീകരിച്ചും ഓൺലൈൻ അപേക്ഷകൾക്ക് അപേക്ഷാഫീസ് ഒഴിവാക്കിയും സർവ്വീസ് കണക്ഷൻ നൽകുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിയിലും കുറഞ്ഞ സമയത്തിനുള്ളിൽ കണക്ഷനുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകി വരുന്നു.

സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തമാക്കാൻ നടപടി

194 (2452) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം വൈദ്യുതി സ്വയംപര്യാപ്തമായി മാറിയിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) കൂടുതൽ ഊർജ്ജോല്പാദനത്തിനായി സർക്കാരിന്റെ പരിഗണനയിലുള്ള സജീവപദ്ധതികൾ എന്തെല്ലാമാണ്?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായി നിറവേറ്റുന്നതിനായി ആഭ്യന്തര ഉത്പാദനം, ദീർഘകാല അടിസ്ഥാനത്തിലുള്ള കരാറുകൾ വഴിയുള്ള ഇറക്കുമതി, കേന്ദ്ര പദ്ധതികളിൽനിന്നുമുള്ള വിഹിതം എന്നിവയെ ആശ്രയിക്കുന്നുണ്ട്. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടി എടുത്തിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് പുറമെ നിർമ്മാണത്തിലും പരിഗണനയിലുള്ളതുമായ KSEBL-ന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കുന്നതാണ്. സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽനിന്നുമുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ ജല സംഭരണികൾ, വെള്ളക്കെട്ടുകൾ തുടങ്ങിയിടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട നടപടികൾ.

2015-ാമാണ്ട് മുതൽ നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന ആകെ 104 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഒട്ടാകെ 193.5 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർത്തിരിക്കുന്നു.* 12.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതികളിൽ നിന്നും പ്രതിവർഷം 48.33 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. കൂടാതെ പുതിയതായി 12 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 119 MW അധിക സ്ഥാപിതശേഷികൂടി ലക്ഷ്യമിട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരഗണന നൽകിവരുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽനിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണപ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും K.S.E.B.L കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന പുഗലൂർ-മാടക്കത്തറ 320 കെ.വി.എച്ച്.വി.ഡി.സി. ലൈൻ വഴി 2000 മെഗാവാട്ട് വൈദ്യുതി കേരളത്തിന് പുറത്തുനിന്നും തൃശ്ശൂർ-മാടക്കത്തറയിലുള്ള എച്ച്.വി.ഡി.സി. സ്റ്റേഷനിൽ എത്തിക്കുവാൻ സാധിക്കും. വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിന് സ്വകാര്യമേഖലയുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 2012-ലെ ചെറുകിട ജലവൈദ്യുതനയ പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകാറുണ്ട്. ഇത്തരം പദ്ധതികൾ 30 വർഷത്തേയ്ക്ക് ബൂട്ട് (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് മത്സര ദർഘാസിലൂടെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ സംരംഭകർക്കാണ് അനുവദിച്ചു നൽകുന്നത്. 30 വർഷത്തിനുശേഷം ഈ പദ്ധതികൾ സർക്കാരിലേക്ക് തിരിച്ചുവരുന്നതാണ്. കൂടാതെ 11-12-2017-ലെ G.O.(MS)No.25/2017/PD പ്രകാരം 47.4 MW സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 2012-ലെ ചെറുകിട ജലവൈദ്യുതനയ പ്രകാരം സ്വകാര്യസംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ട്രാൻസ്ഫോർമറുകൾ

195 (2453) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കെ.എസ്.ഇ.ബി.എൽ. എത്ര പുതിയ ട്രാൻസ്ഫോർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; അവ എവിടെയെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) പഴയതും, പ്രവർത്തനക്ഷമത കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ കെ.എസ്.ഇ.ബി.എൽ. മാറ്റിസ്ഥാപിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകി എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വിവിധ സെക്ഷനുകളിലായി താഴെപറയുന്ന സ്ഥലങ്ങളിൽ 64 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷന്റെ പേര്	ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലം	സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണം.
ഇലക്ട്രിക്കൽ സെക്ഷൻ മേലടി	കോ-ഓപ്പറേറ്റീവ് ബാങ്ക്, വി.പി. റോഡ്, നാഗത്തൊടി, കീഴൂർ മാർക്കറ്റ് റോഡ്, ഗ്രൗ പീഠം, പാറ സ്രാമ്പി, എസ്.ബി.ഐ. പയ്യോളി, പീടികകണ്ടി	8
ഇലക്ട്രിക്കൽ സെക്ഷൻ മൂടാടി	എൻഫിൽഡ്, കണ്ണങ്കണ്ടി താഴെ, പാറപ്പള്ളി ഓർഫനേജ്, പുളിയഞ്ചേരി ഹെൽത്ത് സെന്റർ, മൂടാടി തെരു, പുരായി പള്ളി	6
ഇലക്ട്രിക്കൽ സെക്ഷൻ തിക്കോടി	നടക്കൽ, എം.ബി.എൽ, ഇയ്യച്ചേരി മുക്ക്, അറഫ പള്ളി	4
ഇലക്ട്രിക്കൽ സെക്ഷൻ അരിക്കുളം	ഇലങ്കമഹൽ പള്ളി, കാരയാട്-എ.കെ.ജി സെന്റർ,അരിക്കുളം ടാക്കീസ്, ചാവട്ട്, കോഴിപ്പുറത്ത് കോളനി, ചാലിൽ പള്ളി, പാഞ്ഞാട്ട് സ്കൂൾ	7
ഇലക്ട്രിക്കൽ സെക്ഷൻ കൊയിലാണ്ടി നോർത്ത്	പീസ് സ്കൂൾ, ഐ.എൻ.എ.റോഡ്, കട്ടത്ത് കുന്ന്, മൂഴിക്ക്	17

	മീത്തൽ, കഞ്ചിലാട്ട് കുന്ന്, ചാലോറ, കണയംകോട്, കോമത്ത് കര, എസ്.എൻ.ഡി.പി. കോളേജ്, തക്കാര, സൈന, ശോഭിക, ടെൻഡ്, മുൻസിപ്പൽ ടൗൺ ഹാൾ, ഗവ.ഹോസ്പിറ്റൽ, നിത്യാനന്ദ, സ്റ്റാഫ് ആർക്കേഡ്	
ഇലക്ട്രിക്കൽ സെക്ഷൻ കൊയിലാണ്ടി സൗത്ത്	എളാട്ടേരി, തെക്കയിൽ ടെമ്പിൾ, മുണ്ട്യാടി-നോബിത, വിദ്യാതരംഗിണി, അരങ്ങാടത്ത്, രാമകൃഷ്ണ മഠം, ചേലിയ-വലിയാറമ്പത്ത്, ചേലിയ, പലംത്തല, പയഞ്ചേരി, തുവപ്പാറ, വലിയമങ്ങാട് മാടക്കര, വലിയമങ്ങാട് ടെമ്പിൾ, ചെറിയമങ്ങാട് ബീച്ച്, തിരുവങ്ങൂർ ടൗൺ-കോട്ടക്കൽ ടെമ്പിൾ, കിന്നിയോറമല, കഞ്ഞിലാരി പള്ളി, തുവക്കോട് പോസ്റ്റ് ഓഫീസ് പൂക്കാട് ഈസ്റ്റ്, വെറ്റിലക്കാട്ടുപാറ, വലിയമങ്ങാട്, കണ്ണംകടവ്, അമാന ടൊയോട്ട	22

(ബി) 2021-22 സാമ്പത്തിക വർഷത്തോടെ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. വിതരണ മേഖലയിൽ ഊർജ്ജ കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ദ്യുതി 2021 എന്ന പദ്ധതിയിലുൾപ്പെടുത്തി പഴയതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ 102 ബി.പി.എൽ കണക്ഷനുകൾ സൗജന്യമായി നൽകിയിട്ടുണ്ട്.

ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കേണ്ട സാഹചര്യം

196 (2454) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കേണ്ട എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വർദ്ധിച്ച വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) വൈദ്യുതി നഷ്ടത്തിന്റെയും ഉപഭോഗത്തിന്റെയും തോത് കുറയ്ക്കാനായി എന്തൊക്കെ നടപടികളാണ് കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിന്റെയും നിലവിലുള്ള കരാറുകൾ പ്രകാരം ലഭിക്കാവുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020 വേനൽക്കാലത്ത് പ്രതീക്ഷിക്കാവുന്ന വൈദ്യുതി കമ്മി കെ.എസ്.ഇ.ബി.എൽ. മുൻകൂട്ടി വിലയിരുത്തിയിരിക്കുന്നു. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി ഹ്രസ്വകാല കരാറുകളിലൂടെയും സ്വാപ്പ് കരാറുകളിലൂടെയും (മറ്റ് സംസ്ഥാനങ്ങളിലെ ഉത്പാദകരിൽ നിന്നും വേനൽക്കാലത്ത് വാങ്ങിയും വർഷകാലത്ത് തിരികെ നൽകുന്ന രീതി) പരമാവധി നികത്തുവാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ വേനൽക്കാലത്ത് പ്രതീക്ഷിക്കുന്ന അധിക വൈദ്യുതി ഉപഭോഗം നിറവേറ്റാൻ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങുവാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് കേരളത്തിലെ വൈദ്യുതി വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ദ്യുതി 2021 കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, 2021 ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 മെഗാവാട്ട് സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവന ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ എന്ന ഒരു മഹത്തായ പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിനുപുറമെ 2015-മാണ്ടുമുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന ആകെ 104 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. 12.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതികളിൽ നിന്നും പ്രതിവർഷം 48.33 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 39.5 MW സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽനിന്നും 131.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിക്കുവാൻ കഴിയും. ഒട്ടാകെ 193.5 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ രണ്ട് 220 കെ. വി. സബ്സ്റ്റേഷനുകളും 16, 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദനത്തിന് പ്രത്യേക പരിഗണന നൽകിവരുന്നു.

കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 45 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണ

വകുപ്പിന് കീഴിലുള്ള കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലെ നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയതും ദീർഘനാൾ പ്രവർത്തിക്കുന്നതുമായ എൽ.ഇ.ഡി അധിഷ്ഠിത തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി, സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (എസ്.എൽ.എൻ.പി.) എന്ന പേരിൽ ഇന്ത്യയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലും എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും അതിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സറ്റാർ റേറ്റഡ് ഫാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ സ്ഥാപിക്കുന്നതിന് കേരള ഊർജ്ജ സംരക്ഷണ നിധിയിൽനിന്ന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടിയുടെ ഭാഗമായി 14 പഞ്ചായത്തുകളെ ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പ്രസരണ മേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പ്രസരണ മേഖലയിലെ പ്രവൃത്തികൾക്ക് പുറമെ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയും വിതരണ മേഖലയിലെ സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് ദ്യുതി 2021 എന്ന പദ്ധതിയും നടത്തി വരുന്നു. ഈ രണ്ട് പദ്ധതികളും ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ്. വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി വിതരണ നഷ്ടം ചരിത്രത്തിലാദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ ആകെ പ്രസരണ വിതരണ നഷ്ടം എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് AT&C Loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാനായി. LED വിതരണത്തിലൂടെയും ഊർജ്ജ ഓഡിറ്റിംഗിലൂടെയും വൈദ്യുതിയുടെ അനാവശ്യ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൊയിലാണ്ടിയിൽ പുതിയ ത്രീഫേസ് ലൈനുകൾ

197 (2455) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ പുതിയ ത്രീ ഫേസ് ലൈനുകൾ വലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലം പരിധിയിൽ എത്ര പുതിയ കണക്ഷനുകളാണ് നൽകിയത്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വിവിധ പദ്ധതികളിലായി 15.07 കി.മീ പുതിയ ത്രീ ഫേസ് ലൈൻ വലിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 11242 പുതിയ സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	നൽകിയ കണക്ഷനുകൾ
2016-17	3623
2017-18	2411
2018-19	2855
2019-20	2353

ചെറായി 110 കെ. വി. സബ് സ്റ്റേഷൻ

198 (2456) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ പ്രവർത്തനം പൂർണ്ണതോതിലാണോ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇനിയും ഏതെങ്കിലും തരത്തിലുള്ള ക്രമീകരണങ്ങൾ ഇതിലേയ്ക്കായി നടപ്പിലാക്കാനുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വൈപ്പിനിലെ ചെറായി 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു.

മുൻ സർക്കാർ ആരംഭിച്ച വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

199(2457) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളാണ് ആരംഭിച്ചത്; വിശദമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്?

ഉത്തരം

(എ) 2011-16 സർക്കാരിന്റെ ഭരണകാലത്ത് ആകെ 60.1 MW സ്ഥാപിത ശേഷിയുള്ള '5' ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

1. വെള്ളത്തൂവൽ	-	3.6 മെഗാവാട്ട്
2. പെരുംതേനരുവി	-	6 മെഗാവാട്ട്
3. ചിമ്മിനി	-	2.5 മെഗാവാട്ട്
4. പെരിങ്ങൽകുത്ത്	-	24 മെഗാവാട്ട്
5. ഭൂതത്താൻകെട്ട്	-	24 മെഗാവാട്ട്

മുൻ സർക്കാരിന്റെ കാലത്ത് മുൻകാലങ്ങളിൽ അനുവദിച്ച് നൽകിയ പദ്ധതികളിൽ നിന്ന് 13.5 MW (10.5 MW കാരിക്കയം സ്റ്റേജ്-1, 3 MW മീൻവല്ലം) സ്ഥാപിത ശേഷിയുള്ള പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ MNRE യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ അഞ്ച് കിലോവാട്ട് വരെ ശേഷിവരുന്ന 100 പൈകോ ജലവൈദ്യുതി പദ്ധതികൾ സ്ഥാപിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവ കൂടാതെ 115.85 MW സ്ഥാപിതശേഷിയുള്ള 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ G.O. (M.S) No. 23/2014/PD 21-7-2014 പ്രകാരം ബൂട്ട് അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച്

നൽകിയിരുന്നു. അവയിൽ അരിപ്പാറ 4.5 MW, പാതംകയം 8 MW, ആനക്കാംപൊയിൽ 8 MW എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും അടയ്ക്കാത്തോട് 3 MW പദ്ധതിയുടെ സ്ഥലമെടുപ്പ് ആരംഭിക്കുകയും ചെയ്തു.

1. മുൻ സർക്കാരിന്റെ കാലത്ത് പാലക്കാട് കുഴൽമന്ദത്ത് അനെർട്ട് 2 മെഗാവാട്ട് സൗരനിലയത്തിന്റെ പണി ആരംഭിക്കുകയും ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തി പദ്ധതി പൂർത്തിയാക്കി ഉത്പാദനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി KSEBL-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നുണ്ട്.

2. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും ആരംഭിച്ചിട്ടുണ്ട്.

(ബി) 2011-16-ലെ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച '5' ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 2.5 MW-ന്റെ ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി മാത്രമാണ് 2015-ൽ പൂർത്തിയാക്കിയത്. 6 MW-ന്റെ പെരുംതേനരുവി, 3.6 MW-ന്റെ വെള്ളത്തൂവൽ എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലയളവിലാണ് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തത്. മറ്റ് '2' പദ്ധതികളായ 24 മെഗാവാട്ടിന്റെ പെരിങ്ങൽകുത്ത്, 24 മെഗാവാട്ടിന്റെ ഭൂതത്താൻകെട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഈ രണ്ട് പദ്ധതികളും ഈ സർക്കാരിന്റെ കാലത്ത് തന്നെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച് നൽകിയ 25 പദ്ധതികളിൽ ഇനി 10 പദ്ധതികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. 8 മെഗാവാട്ടിന്റെ പാതംകയം പദ്ധതി 14-8-2017-ൽ കമ്മീഷൻ ചെയ്തു കഴിഞ്ഞു. കൂടാതെ 8 MW ആനക്കാംപൊയിൽ പദ്ധതി 2020 മേയിലും 4.5 MW-ന്റെ അരിപ്പാറ പദ്ധതി 2020 ഡിസംബറിലും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബാക്കിയുള്ളവയിൽ ഒരു പദ്ധതി പ്രാരംഭഘട്ടത്തിൽത്തന്നെ പ്രീമിയം തുക അടയ്ക്കാത്തതിനാൽ റദ്ദ് ചെയ്യപ്പെടുകയുണ്ടായി. 7 പദ്ധതികൾ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ മൂലവും പദ്ധതി വനമേഖലകളിൽ ആയതിനാലും സംരംഭകരുടെ അപേക്ഷ പ്രകാരം സർക്കാർ അലോട്ട്മെന്റ് റദ്ദാക്കുകയുണ്ടായി. കൂടാതെ മറ്റ് 6 പദ്ധതികളുടെ നടത്തിപ്പുകാർ മേൽപ്പറഞ്ഞ കാരണങ്ങളാൽ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുകയാണ്.

വൈദ്യുത പദ്ധതികൾ

200 (2458) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് പണി ആരംഭിച്ചതും മുടങ്ങിക്കിടന്നതുമായ ഏതെങ്കിലും വൈദ്യുത പദ്ധതികൾ ഈ സർക്കാർ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളെന്നും അതിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(ബി) ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെള്ളിയാമറ്റത്ത് 750 മെഗാവാട്ട് സ്ഥാപകശേഷിയുള്ള വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയത്; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ വൈദ്യുതി രംഗത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്നും ഓരോ പദ്ധതിയുടെയും ഉദ്ദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-ാമാണ്ട് മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം- 60 മെഗാവാട്ട്, തോട്ടിയാർ ജല വൈദ്യുത പദ്ധതി-40 മെഗാവാട്ട്. ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതി-6 മെഗാവാട്ട് എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനു കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ. വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഭാഗമായി തർക്കപരിഹാരത്തിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തു. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് 256 കോടി രൂപയുടെ അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെ തുടർന്ന് ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിച്ച് 25-9-2019-ൽ ലൈൻ ചാർജ്ജ് ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ, വോൾട്ടേജ് നിലവാരത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) നിലവിലെ ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപകശേഷി വരുന്ന ഒരു പുതിയ ഭൂഗർഭ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിനായി ബോർഡ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. അതനുസരിച്ച് ഈ കമ്മിറ്റി പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിയായ ഇടുക്കി എക്സ്റ്റൻഷൻ സ്കീമിന്റെ DPR (Detailed Project Report) തയ്യാറാക്കുന്നതിനായുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുവാനുള്ള സർക്കാർ അനുമതി ലഭിക്കുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.), സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.), സൗഭാഗ്യ എന്നീ പദ്ധതികളാണ് സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ നടപ്പിലാക്കിയത്. ഗ്രാമീണ ഭവന വൈദ്യുതീകരണം, ഉപപ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണം, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കൽ എന്നിവയാണ് ഡി.ഡി.യു.ജി.ജെ.വൈ.യുടെ ലക്ഷ്യങ്ങൾ. ഉപപ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുക, കൺസ്യൂമർ, ഫീഡർ, ട്രാൻസ്ഫോർമർ മീറ്ററിംഗ്, റൂഫ് ടോപ്പ് സൗരോർജ്ജ പദ്ധതിയും അനുബന്ധ നെറ്റ് മീറ്ററുകളും സ്ഥാപിക്കുക എന്നിവയാണ് നഗര പ്രദേശങ്ങൾക്ക് മാത്രമായുള്ള ഐ.പി.ഡി.എസ്. പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര സർക്കാരിന്റെ സൗഭാഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി, 2018-ലെ പ്രളയത്തിൽ വൈദ്യുതി കണക്ഷൻ നഷ്ടപ്പെട്ട 319171 ഭവനങ്ങൾക്ക് പുനർവൈദ്യുതി കണക്ഷൻ നൽകി.

കേന്ദ്ര അക്ഷയ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വനമേഖലയിലും സമീപ പ്രദേശങ്ങളിലോ മറ്റ് ഒറ്റപ്പെട്ട സ്ഥലങ്ങളിലോ വൈദ്യുതി എത്തിക്കുക എന്നതായിരുന്നു ഉദ്ദേശം കൂടാതെ ഈ സർക്കാർ കാലയളവിൽ MNRE യുടെ ധനസഹായത്തോടെ മറയൂരിൽ ഈച്ചാംപെട്ടി വനമേഖലയിലുള്ള ഒറ്റപ്പെട്ട കിടക്കുന്ന ആദിവാസി കോളനിയിൽ 4 കിലോവാട്ട് പദ്ധതി സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഒരു മൈക്രോഗ്രിഡ് വഴി വൈദ്യുതിവിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

അനെർട്ട് മുഖേനയുള്ള പദ്ധതിയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

(1) ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ. ആർ.ഇ നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

(2) Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ് ഗ്രിഡ്) കെ.എസ്.ഇ.ബി. എൽ-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺഗ്രിഡ്) ആയ സൗരോർജ്ജ പവർപ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്ര സർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

ട്രാൻസ് ഗ്രിഡ് പദ്ധതി

201 (2459) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി ലക്ഷ്യമിട്ട 10000 കോടി രൂപ മുതൽമുടക്കുള്ള ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) രണ്ട് ഘട്ടങ്ങളിലായി തരംതിരിച്ചിട്ടുള്ള ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ള പല പ്രവൃത്തികളും ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതിയുടെ വിശദാംശങ്ങളും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതിയുടെ ഒന്നാംഘട്ടം (കോട്ടയം 400 കെ.വി. സബ്സ്റ്റേഷൻ ഒഴികെ) 2021 മാർച്ചിലും രണ്ടാം ഘട്ടം 2024 മാർച്ചിലും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ്

202 (2460) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനവലംബിച്ച മാർഗ്ഗം എസ്റ്റിമേറ്റ് തുക കുത്തനെ കൂട്ടുന്നതിന് കാരണമായെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) രണ്ടു പദ്ധതികളുടെയും എസ്റ്റിമേറ്റ് തുകയിൽ എത്ര ശതമാനം വർദ്ധനവാണ് വന്നത്;

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ കോസ്റ്റ് ഡേറ്റയിലോ, ഡി.എസ്.ആറിലോ പ്രതിപാദിക്കാത്ത വസ്തുക്കളുടെ എസ്റ്റിമേറ്റ് എപ്രകാരമാണ് തയ്യാറാക്കുന്നത് എന്നറിയിക്കാമോ;

(ഡി) സ്റ്റെർലൈറ്റും എൽ.&റ്റി.യും സമർപ്പിച്ച സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പ്രവൃത്തികൾക്കാണ് അവർ നൽകിയ സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിച്ചത്;

(ഇ) പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ അതിനാവശ്യമായ ഡേറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഏതു രീതിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. അവലംബിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ലെ വർക്കുകൾക്ക് സാധാരണ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയിൽ തന്നെയാണ് കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽത്തന്നെ എസ്റ്റിമേറ്റ് തുക കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കോലത്തുനാട്, കോട്ടയം പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് മേൽപ്പറഞ്ഞ പ്രകാരം ഡി.എസ്.ആർ. നിരക്കുകളെ അടിസ്ഥാനമാക്കിയോ അല്ലെങ്കിൽ കെ.എസ്.ഇ.ബി.എൽ. ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ പിന്തുടർന്നുവരുന്ന മറ്റു മാർഗ്ഗങ്ങളുപയോഗിച്ചോ ആണ്. ആയതിനാൽ എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്ന തുകയാണ് ടെണ്ടറിൽ ടി പ്രവൃത്തികൾ ചെയ്യുന്നതിനായി ക്വാട്ട് ചെയ്തിട്ടുള്ളത്.

(സി) കെ.എസ്.ഇ.ബി.എൽ.-ലെ വർക്കുകൾക്ക് സാധാരണ ഏതെങ്കിലും ഘടകങ്ങളുടെ ഡാറ്റ, കോസ്റ്റ് ഡാറ്റയിലോ ഡി.എസ്.ആർ.-ലോ ലഭ്യമല്ലെങ്കിൽ അതിനായി പ്രാദേശികമായി അന്വേഷണം നടത്തി കമ്പോള നിരക്കുകളുടെ അടിസ്ഥാനത്തിലോ ഇതിനുമുമ്പ് നൽകിയിട്ടുള്ള സമാനമായ പ്രവൃത്തികളുടെ നിരക്കുകളുടെ അടിസ്ഥാനത്തിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയ observed data-യും ഉപയോഗിക്കാറുണ്ട്. കൂടാതെ ഒന്നിലധികം കമ്പനികളിൽനിന്നും ശേഖരിക്കുന്ന budgetory offer-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയും ഉപയോഗിക്കാറുണ്ട്. പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ ഡാറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മറ്റ് ഇലക്ട്രിസിറ്റി പ്രസരണ ലൈസൻസികളുടെ കോസ്റ്റ് ഡാറ്റയോ, മുകളിൽ പറഞ്ഞിരിക്കുന്നതു പോലെ budgetory offer-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയോ ഉപയോഗിക്കാറുണ്ട്.

(ഡി) സ്റ്റെർലൈറ്റ്, എൽ&റ്റി എന്നീ കമ്പനികളുടെ സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചിട്ടില്ല. എന്നാൽ മറ്റു കമ്പനികളിൽ നിന്നെന്നതുപോലെ ടി കമ്പനികളിൽനിന്നും ലഭ്യമായ ബഡ്ജറ്ററി ഓഫറുകളും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്.

(ഇ) പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ അതിനാവശ്യമായ ഡാറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ സമാന സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ഡാറ്റയോ അല്ലെങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ഒന്നിലധികം കമ്പനികളിൽനിന്നും ശേഖരിക്കുന്ന budgetory offer-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിക്കാറുണ്ട്.

ദ്യുതി 2021 പദ്ധതി

203 (2461) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് ദ്യുതി 2021 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ കീഴിൽ വൈദ്യുതി രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ പദ്ധതിയുടെ കീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2021-22 സാമ്പത്തിക വർഷത്തോടെ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. വിതരണ മേഖലയിൽ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ദ്യുതി 2021 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) ദ്യുതി 2021 പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ എല്ലാവർക്കും ലഭ്യമാക്കുക.
2. വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര-ഗ്രാമ വിവേചനം ഒഴിവാക്കുക.
3. വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക.
4. ഏറ്റവും മെച്ചപ്പെട്ട സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.
5. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി/എച്ച്.റ്റി അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികളുപയോഗിച്ച് നിലവിലുള്ള ചാലക ശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക

(Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, HT-LT ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ദ്യുതി 2021 പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നു. ഇതുവരെ 490.41 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2018-21 കാലയളവിൽ ദ്യുതി പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 483.334 കി.മീ. 11 കെ. വി. ഓവർ ഹെഡ് ലൈനും ഏരിയൽ ബെഞ്ചിഡ് കേബിൾ (എ.ബി.സി.) ഉപയോഗിച്ച് 140.68 കി.മീ. 11 കെ.വി. ലൈനും വലിക്കുവാനും 73.843 കി.മീ. 11 കെ.വി. യു.ജി. കേബിൾ നിർമ്മിക്കുവാനും 308 ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും 102 ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുവാനും 203.157 കി.മീ. ഓവർ ഹെഡ് എൽ.ടി. ലൈനും ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.) ഉപയോഗിച്ച് 88.45 കി.മീ. LT ലൈനും നിർമ്മിക്കുവാനും 5498.807 HT-LT ലൈനുകൾ റീ കണ്ടക്ടറിങ് നടത്തുവാനും 868.886 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ 3 ഫേസായി മാറ്റുവാനും ലക്ഷ്യമിടുന്നുണ്ട്. ഈ പ്രധാന പ്രവൃത്തികളുൾപ്പെടെ ആകെ 192.65 കോടി രൂപയുടെ പദ്ധതികളാണ് ദ്യുതി പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ജല വൈദ്യുതോദ്പാദനം

204 (2462) ശ്രീ. മല്ലിക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയ സമയത്തുണ്ടായ അതിവർഷം പ്രയോജനപ്പെടുത്തുതിന് വൈദ്യുത വകുപ്പിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കാലവർഷം അതിവർഷമാകുമ്പോഴുള്ള അവസ്ഥ പ്രയോജനപ്പെടുത്തി ജല വൈദ്യുതോദ്പാദനം കൂട്ടുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) ഇടുക്കിയിൽ നിലവിലുള്ള ഉദ്പാദന യൂണിറ്റുകളുടെ എണ്ണം കൂട്ടി വൈദ്യുതോദ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് സംബന്ധിച്ചും മറ്റു സാദ്ധ്യതകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018-ലെയും 2019-ലെയും പ്രളയ സമയത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ ജലസംഭരണികളിൽ സംഭരിച്ച ജലം താഴെപ്പറയും പ്രകാരമാണ് പ്രയോജനപ്പെടുത്തിയത്. 2017-18 കാലയളവിൽ ബാങ്കിംഗ് സംവിധാന കരാറുകളിലൂടെ കേരളത്തിന് ഹരിയാന പവർ പർച്ചേസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച 135.9 മില്യൺ യൂണിറ്റ് വൈദ്യുതി, 16-06-2018 മുതൽ 30-09-2018 വരെയുള്ള കാലയളവിൽ പ്രതിസന്ധികളില്ലാതെ തിരിച്ചു നൽകുവാൻ സാധിച്ചു. കൂടാതെ ഹ്രസ്വകാല ടെണ്ടർ അടിസ്ഥാനത്തിൽ 2018 ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി യൂണിറ്റിന് 4.23 രൂപ മുതൽ 6.50 രൂപ വരെയുള്ള നിരക്കിൽ വിവിധ സമയക്രമങ്ങളിലായി 72.91 മില്യൺ യൂണിറ്റ് വൈദ്യുതി ബീഹാർ സംസ്ഥാനത്തിനും 2018 ഒക്ടോബർ, നവംബർ മാസങ്ങളിലായി യൂണിറ്റിന് 4.09 രൂപ മുതൽ 5.16 രൂപ വരെയുള്ള നിരക്കിൽ വിവിധ സമയ ക്രമങ്ങളിലായി 66.75 മില്യൺ യൂണിറ്റ് വൈദ്യുതി ചണ്ഡിഗഡ് സംസ്ഥാനത്തിന് കരാറിലേർപ്പെട്ട് വില്പന നടത്തി. 2019 വേനൽക്കാലത്ത് ബാങ്കിംഗ് സംവിധാന കരാറുകളിലൂടെ കേരളത്തിന് ഹരിയാന, പഞ്ചാബ്, നോയിഡ എന്നീ സംസ്ഥാനങ്ങളിൽ നിന്നും ലഭിച്ച 219.61 മില്യൺ യൂണിറ്റ് വൈദ്യുതി 15-6-2019 മുതൽ 30-9-2019 വരെയുള്ള കാലയളവിൽ പ്രതിസന്ധികളില്ലാതെ തിരിച്ചു നൽകുവാനും സാധിച്ചു.

(ബി) ജല സംഭരണികളിൽ അധിക ജലം ഒഴുകിപ്പോകുന്നത് (സ്പിൽ) ഒഴിവാക്കി അവയിൽനിന്നും പരമാവധി വൈദ്യുതോല്പാദനം നടത്തി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാൻ, കെ.എസ്.ഇ.ബി.എൽ.-ൽ വിവിധ ജലവൈദ്യുത പദ്ധതികളുടെ എക്സ്റ്റൻഷൻ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. 50 മെഗാവാട്ട് ശേഷിയുള്ള കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം, 100 മെഗാവാട്ട് ശേഷിയുള്ള കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം, 25 മെഗാവാട്ട് ശേഷിയുള്ള നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം, 16 മെഗാവാട്ട് ശേഷിയുള്ള പെരിങ്ങൽ ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ സ്കീം എന്നീ എക്സ്റ്റൻഷൻ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുപുറമെ 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) നിലവിലെ ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിവരുന്ന ഒരു പുതിയ ഭൂഗർഭ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിനായി ബോർഡ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. അതനുസരിച്ച് ഈ കമ്മിറ്റി പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിയായ ഇടുക്കി എക്സ്റ്റൻഷൻ സ്കീമിന്റെ DPR (Detailed Project Report) തയ്യാറാക്കുന്നതിനായുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുവാനുള്ള സർക്കാർ അനുമതി ലഭിക്കുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇടുക്കി ജലവൈദ്യുത പദ്ധതിയോടനുബന്ധിച്ച് ഇടുക്കി വിപുലീകരണ പദ്ധതി വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യത പഠനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മറ്റ് വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

വൈദ്യുതി ഉല്പാദനം

205(2463) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം വൈദ്യുതി ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഒരു ദിവസത്തെ വൈദ്യുതി ഉല്പാദനം എത്രയാണ്; നിലവിലെ ഉപഭോഗം അനുസരിച്ച് ഉല്പാദനത്തിൽ എന്ത് വർദ്ധനവാണ് ഇനി കൈവരിക്കേണ്ടത്; വ്യക്തമാക്കുമോ;

(സി) വൈദ്യുതി തടസ്സം കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ കൺട്രോൾ സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം വൈദ്യുതി ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. നിർമ്മാണം നടന്നുകൊണ്ടിരുന്ന പദ്ധതികളായ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ പദ്ധതികൾ പൂർത്തീകരിച്ച് 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.

2. 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ പദ്ധതി (60 മെഗാവാട്ട്), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്), ചാത്തൻകോട്ടു നട ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) എന്നിവ പുനരാരംഭിക്കുകയും ഇവയുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

3. 39.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള '4' ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. അപ്പർ കല്ലാർ (2 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), പഴശ്ശി സാഗർ (7.5 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്).

4. മേൽപ്പറഞ്ഞ പദ്ധതികളുൾപ്പെടെ '10' ജലവൈദ്യുത പദ്ധതികളുടെ (193.5 മെഗാവാട്ട്) നിർമ്മാണം പുരോഗമിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

5. ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി (780 മെഗാവാട്ട്)-നു വേണ്ടിയുള്ള സാധ്യതാപഠനം നടത്തി, വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

6. ആനക്കയം (7.5 മെഗാവാട്ട്), ഓലിക്കൽ (5 മെഗാവാട്ട്), പൂവാരംതോട് (3 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

11-12-2017-ലെ G.O.(MS)No.25/2017/PD സർക്കാർ ഉത്തരവ് പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജല വൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി നൽകി. തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ, കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമ ചുഴിയുപയോഗിച്ച് പ്രവർത്തിക്കുന്ന ടർബൈനുപയോഗിച്ച് 20kW (2x10KW) മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി, കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്യു കഴിഞ്ഞു. പദ്ധതിയുടെ Automation-ന്റെയും ഊർജ്ജലഭ്യത കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള പരീക്ഷണ, ഗവേഷണ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസിൽ 25kW (5x5KW)-ന്റെ കൈനെറ്റിക് ടർബയിനുകൾ പരീക്ഷിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

അനെർട്ട് മുഖേന സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

(1). സൗര-ഊർജ്ജ കേരള മിഷൻ:

'ഊർജ്ജ കേരള മിഷൻ' പദ്ധതിപ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ -സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2). "ബൈ മൈ സൺ" വെബ് പോർട്ടൽ:

ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ട് തന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവന ദാതാക്കളുടെയും ഗ്രണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(3). കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(4). പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ)

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ. ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടി കൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരുന്നു.

(5). ഗ്രിഡ് കണക്ടഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജനിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗ ശേഷിയുള്ള വൈദ്യുതി കെ.എസ്.ഇ. ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(6). ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

(7). Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum)പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ് ഗ്രിഡ്) കെ.എസ്.ഇ.ബി. എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർപ്ലാന്റുപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരി ച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാ ക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്ര സർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

(8). കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ

പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ കാറ്റാടിപാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

(ബി) 2020 ജനുവരി മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരു ദിവസത്തെ ശരാശരി ആഭ്യന്തര വൈദ്യുതി ഉത്പാദനം 15.17 ദശലക്ഷം യൂണിറ്റാണ്. ഇതേ കാലയളവിലെ ദൈനംദിന ശരാശരി വൈദ്യുതി ഉപഭോഗം 72.74 ദശലക്ഷം യൂണിറ്റാണ്.

(സി) വിതരണശൃംഖലയിലെ എച്ച്.ടി. ലൈനുകളിലെ തകരാറുകൾ നിലവിൽ ലൈൻ പട്രോൾ നടത്തിയും വിവിധ സ്ഥലങ്ങളിലായി ലൈൻ ഐസൊലേറ്റ് ചെയ്യ ടെസ്റ്റ് ചാർജ്ജ് ചെയ്യും മറ്റും കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാറുണ്ടാകുന്ന സമയത്തു വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ് വെയർ വഴി തകരാറുണ്ടായ സ്ഥലം കണ്ടുപിടിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഈ സംവിധാനം വഴി തകരാറ് സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാവുകയും ചെയ്യുന്നു. ഇത് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ച് വളരെ ഫലപ്രദമെന്ന് വിലയിരുത്തിയിട്ടുണ്ട്. 2021-ഓടുകൂടി ആഗോളനിലവാരത്തിലുള്ളതും തടസരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്ന "ദ്യുതി 2021" -ന്റെ നാലുവർഷ പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ CFPD സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യ ഘട്ടത്തിൽ തകരാറുകൾ സംഭവിക്കാൻ സാധ്യത കൂടുതലുള്ള ലൈനുകളിൽ ഇവ സ്ഥാപിക്കുവാനും പിന്നീട് മറ്റിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുമാണ് നിശ്ചയിച്ചിരിക്കുന്നത്.

അധികമായി ഉത്പാദിപ്പിച്ച വൈദ്യുതി

206 (2464) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 213.388 MW വൈദ്യുതി അധികമായി കേരളത്തിൽ ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ

1. 12.6 മെഗാവാട്ട് ശേഷിയുള്ള KSEBL ജലവൈദ്യുത പദ്ധതികളും (വെള്ളത്തൂവൽ -3.6 MW, പെരുംതേനരുവി - 6MW, കക്കയം - 3MW),
2. 12.55 MW ശേഷിയുള്ള സ്വകാര്യ ജലവൈദ്യുത പദ്ധതികളും പതങ്കയം -8MW, കാരിക്കയം - 4.5 MW, ദേവിയാർ -0.05 MW),
3. 27 MW ശേഷിയുള്ള പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരം കാറ്റിൽനിന്നും (INOX-16MW, കൊശമറ്റം -1MW, മനോരമ -10 MW),
4. 15.718 MW KSEBL-ന്റെ സൗരോർജ്ജ പദ്ധതികളും
5. മറ്റു സൗരോർജ്ജ പദ്ധതികൾ 145.52 MW (സോളാർ പാർക്ക് - 50 MW, അനെർട്ട് കഴൽമന്ദം -2 MW, സിയാൽ - 26.44 MW, കെ.എം.ആർ.എൽ. - 5.39 MW ഉപഭോക്താക്കളുടെ പുരപ്പുറം പ്ലാന്റുകൾ - 61.69 MW) ആണ് ഉൾപ്പെട്ടത്.

ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ സംരംഭകർ വഴി 12.5 MW സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാംഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോ വാട്ടിന്റെ മൈക്രോ ജലവൈദ്യുത പദ്ധതി വഴി വൈദ്യുതി ഉത്പാദിപ്പിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു. MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

ട്രാൻസ് ഗ്രിഡ് പദ്ധതി

207 (2465) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ ഒന്നാം ഘട്ടം 2021 മാർച്ചിൽ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഒന്നാം ഘട്ടം പൂർത്തിയാകുന്നതോടെ വൈദ്യുതി പ്രസരണ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാകുന്നത്;

(സി) കിഫ്ബിയിൽനിന്നും എന്ത് തുകയാണ് ഈ പദ്ധതിക്കായി അനുവദിച്ചത്; അതിന് എത്ര ശതമാനം പലിശയാണ് കിഫ്ബിക്ക് നൽകേണ്ടത്;

(ഡി) സംസ്ഥാനത്ത് ജല വൈദ്യുതോല്പാദനത്തിന്റെ സാധ്യത വിരളമായിക്കൊണ്ടിരിക്കുന്നതായി ബോർഡ് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഭാവിയിലെ ആവശ്യത്തിലേക്കായി വൈദ്യുതി ഇറക്കുമതിയെ സംസ്ഥാനത്തിന് കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടോ;

(ഇ) ട്രാൻസ് ഗ്രിഡ് പദ്ധതി പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ടം എത്രമാത്രം കുറയ്ക്കുവാൻ കഴിയും; അതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി പ്രതിവർഷം ലാഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ടം 2021 മാർച്ചിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാംഘട്ടമായി പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും ഒരു 400 കെ.വി. സബ്സ്റ്റേഷനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ കോട്ടയം 400 കെ.വി. സബ്സ്റ്റേഷൻ ഒഴികെ എല്ലാ പ്രവൃത്തികൾക്കും കരാർ നൽകിയിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. 400 കെ.വി. കോട്ടയം സബ്സ്റ്റേഷന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഒന്നാം ഘട്ടം പൂർത്തിയാകുന്നതോടെ പ്രസരണ മേഖലയിൽ പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും ഒരു 400 കെ.വി. സബ്സ്റ്റേഷനും വിവിധ വോൾട്ടേജിലുള്ള ഏകദേശം 2500 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളും യാഥാർത്ഥ്യമാവുകയും പ്രസരണ ശൃംഖല ശക്തിപ്പെടുകയും ചെയ്യുക വഴി തൃശ്ശൂർ

മണ്ണുത്തിയിൽ ദ്രുതഗതിയിൽ നിർമ്മാണം പുരോഗമിക്കുന്ന PGCIL-ന്റെ 2000 മെഗാവാട്ട് HVDC സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് തടസ്സം കൂടാതെയും പ്രസരണനഷ്ടം കുറച്ച് എത്തിക്കാനാവും. പുഗലൂർ-മാടക്കത്തറ ലൈനിനോടൊപ്പം ട്രാൻസ് ഗ്രിഡ് പദ്ധതി ഒന്നാംഘട്ടം പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാകുന്നതോടെ സംസ്ഥാനത്തിന്റെ ഇറക്കുമതി ശേഷി ഇപ്പോഴുള്ള 3400 മെഗാവാട്ടിൽനിന്നും ഏകദേശം 5400 മെഗാവാട്ടായി വർദ്ധിക്കും. ഈ വർദ്ധനവ് സംസ്ഥാനത്തിന്റെ ഭാവി വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ സർവ്വോന്മുഖമായ വികസനത്തിനും ഒരു മുൻ ഉപാധിയാണ്.

(സി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിന് കിഫ്ബിയിൽ നിന്നും 5200 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. വായ്പയുടെ പലിശ സംബന്ധിച്ചുള്ള കാര്യങ്ങൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ഡി) കേരളത്തിലെ ജലവൈദ്യുതി പദ്ധതികൾക്ക് വേണ്ട ജലസ്രോതസ്സുകൾ പരിസ്ഥിതി ദുർബല മേഖലയായി പരിഗണിച്ചിട്ടുള്ള പശ്ചിമഘട്ടത്തിലാണുള്ളത്. പാരിസ്ഥിതികമായ അനുമതി ലഭിക്കാത്തതിനാൽ പുതിയ വൻകിട ജലവൈദ്യുതി പദ്ധതികൾക്ക് സാധ്യത വിരളമാണ്. എങ്കിലും സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതോടൊപ്പം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ ജലസംഭരണികൾ, വെള്ളക്കെട്ടുകൾ തുടങ്ങിയിടങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക, തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. നിലവിലെ വൈദ്യുതി ആവശ്യകതയുടെ ശരാശരി 30 ശതമാനമാണ് ആഭ്യന്തര ഉത്പാദനം വഴി ലഭിക്കുന്നത്. ശരാശരി 31 ശതമാനം ആവശ്യകത ദീർഘകാല കരാറുകൾ വഴിയും 37 ശതമാനം ആവശ്യകത കേന്ദ്ര പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി വിഹിതത്തിലൂടെയുമാണ് നിറവേറ്റുന്നത്. ബാക്കി വരുന്ന ശരാശരി 2 ശതമാനം ആവശ്യകത മാത്രമാണ് പവർ എക്സ്ചേഞ്ച് വഴി വാങ്ങി ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയുപയോഗിച്ച് കൊണ്ട് നിറവേറ്റുന്നത്.

ഭാവിയിലെ ആവശ്യത്തിലേയ്ക്കായി വൈദ്യുതി ഇറക്കുമതിയെ കൂടുതലായി ആശ്രയിക്കാതിരിക്കുവാൻ ആഭ്യന്തരോത്പാദനം വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത്

നടപ്പിലാക്കിവരുന്നു. ജലവൈദ്യുതപദ്ധതികൾക്ക് പുറമേ മറ്റു പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. ഊർജ്ജ കേരളാ മിഷന്റെ ഭാഗമായ സൗര പദ്ധതിയിൽ 2021 ഓടുകൂടി 1000 മെഗാവാട്ട് കൂട്ടിച്ചേർക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 മെഗാവാട്ട് വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 മെഗാവാട്ട് ശേഷി കൂട്ടിച്ചേർക്കുന്നു.

(ഇ) ട്രാൻസ്ഗ്രിഡ് ഒന്നും രണ്ടും ഘട്ടങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളോടൊപ്പം താഴെ തട്ടിലുള്ള മറ്റ് അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതോടെ പ്രസരണ നഷ്ടത്തിൽ 107.8 മെഗാവാട്ട് കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ലാഭമുണ്ടാകുമെന്നും കണക്കാക്കുന്നു.

വൈപ്പിനിൽ പുതുതായി സെക്ഷൻ ഓഫീസ്

208 (2466) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ഗ്രണഭോക്താക്കളുടെ ബാഹുല്യം പരിഗണിച്ചും ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്തും പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത്

ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഗ്രണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈപ്പിൻ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോട്ടത്താവളം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

209 (2467) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ കോട്ടത്താവളം കേന്ദ്രമാക്കി മിനി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര വാട്ട് വൈദ്യുതിയാണ് ഇതുവഴി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ കോട്ടത്താവളത്തിനടുത്ത് പെരിങ്കുളം എന്ന സ്ഥലത്ത് 2012-ലെ ചെറുകിട ജല വൈദ്യുതി നയപ്രകാരം ശ്രീ. ജോൺസ് മാത്യു, കോലോത്ത് (പെരിങ്കുളം പോസ്റ്റ്) എന്ന വ്യക്തി 3 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ഈ പദ്ധതി 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകൻ സ്വന്തം പുരയിടത്തിനടുത്ത് സ്വയം

കണ്ടെത്തിയ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉദ്ദേശത്തോടെ സമർപ്പിച്ച അപേക്ഷ എന്ന രീതിയിലുള്ളത് ആയതിനാൽ ഇതിനുവേണ്ടി 5-12-2017-ൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും മറ്റ് വിവരങ്ങളും ആരാഞ്ഞു കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിൽ നിന്ന് അയച്ച കത്തിന് ഇതുവരെ മറുപടി ലഭിക്കാത്തതിനാൽ രൂപരേഖ തയ്യാറാക്കാനുള്ള അനുമതി നൽകിയിട്ടില്ല.

(ബി) സ്വകാര്യ സംരംഭകർ ഇത്തരത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്ന അവസരത്തിൽ രൂപരേഖ തയ്യാറാക്കുന്നതിന് സംരംഭകർ തന്നെ ഏജൻസിയെ കണ്ടെത്തേണ്ടതുണ്ട്.

(സി) രൂപരേഖ തയ്യാറാക്കിയാൽ മാത്രമേ പദ്ധതിയുടെ ശേഷിയും വൈദ്യുതി ഉത്പാദനവും കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

വൈദ്യുതി നിരക്ക് വർദ്ധന

210 (2468) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-2022 കാലത്തെ സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധനവിൽ എത്ര ശതമാനം വർദ്ധനവാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 100 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പ്രതിമാസം എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള അധികാരം ആർക്കാണ് നിഗ്ധയിച്ചിരിക്കുന്നത്; ഇതിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-2022 കാലയളവിലേയ്ക്ക് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ (ARR & ERC Petition), അംഗീകാരത്തിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചതോടൊപ്പം തന്നെ 2018-19, 2020-21 വർഷങ്ങളിൽ താരിഫ് പരിഷ്കരണം ആവശ്യപ്പെട്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. Control Period (2018-2022)-ലെ എല്ലാ സാമ്പത്തിക വർഷങ്ങളിലും (യഥാക്രമം 32.15 കോടി രൂപ, 800.56, 944.75, 998.53) റവന്യൂ ഗ്യാപ്പ് ഉണ്ടാകുമെന്ന് 8-7-2019-ലെ ഉത്തരവിലൂടെ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ മാത്രം 902.94 കോടി രൂപ അധികം

വരുമാനം ലഭ്യമാകത്തക്ക വിധത്തിലുള്ള താരിഫ് പരിഷ്കരണത്തിനാണ് റെഗുലേറ്ററി കമ്മീഷൻ 8-7-2019-ലെ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുള്ളത്. ടി പരിഷ്കരണംമൂലം 6.81 ശതമാനം അധിക വരുമാനമുണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) 100 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് 8-7-2019 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണംമൂലമുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(സി) വൈദ്യുതി നിയമം- 2003-ലെ 62, 86 എന്നീ സെക്ഷനുകൾ പ്രകാരം സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. താരിഫ് പരിഷ്കരണ പ്രക്രിയയിൽ സംസ്ഥാന സർക്കാരിന് നിയമപരമായി യാതൊരുവിധ പങ്കുമില്ല. എന്നിരുന്നാലും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫിന് മേൽ വൈദ്യുതി നിയമം 65-ലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി അനുവദിച്ച്, ഏതെങ്കിലും വിഭാഗം ഉപഭോക്താക്കളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കിന് മേൽ ഭാഗികമായോ പൂർണ്ണമായോ ഇളവ് അനുവദിച്ചു നൽകാവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന തുക സെക്ഷൻ 65-ലെ വ്യവസ്ഥകൾ പ്രകാരം മുൻകൂറായി വിതരണ ലൈസൻസിക്കു നൽകേണ്ടതാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

211 (2469) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരം നൽകാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) ഇനിയും വൈദ്യുതി കണക്ഷൻ നൽകാനുണ്ടെങ്കിൽ തടസ്സം എന്താണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പർ	ഫണ്ട്	ചെലവഴിച്ച തുക
1	ബോർഡിന്റെ തനതു ഫണ്ട്	4,11,837
2	കൺസ്യൂമർ ഫണ്ട്	1,86,970
3	ഡിഡിയുജിജെവൈ പദ്ധതി (DDUGJY)	68,36,774
4	എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ട് (MLA SDF)	25,01,184
5	പട്ടിക ജാതി/വർഗ്ഗ വകുപ്പ് (SC/ST)	5,75,318
6	തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട് (LSGD)	18,65,563
മൊത്തം		1,23,77,646

(ബി&സി) വനം വകുപ്പിൽനിന്നും ലഭിക്കേണ്ട അനുമതിയുമായി ബന്ധപ്പെട്ട് തടസ്സം നിലനിൽക്കുന്നതിനാൽ 105 ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്.

പുരപ്പുറ സൗരോർജ്ജ പദ്ധതി

212 (2470) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ എത്ര സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്;വിശദമാക്കാമോ;

(ബി) ഇതിന്റെ ജോലികൾ പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. നേരിട്ടാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ സൗരോർജപാനലുകൾ സ്ഥാപിച്ച് തുടങ്ങിയിട്ടില്ല.

(ബി) കെ.എസ്.ഇ.ബി.എൽ. കരാറുകാരെവച്ചാണ് ജോലികൾ ചെയ്യിക്കുന്നത്.

(സി) ഉണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് ആകെ 2,78,258 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ന്റെ സോളാർ കോർഡിനേറ്റർമാർ മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് നടത്തിയ പ്രാഥമിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

സൗരോർജ്ജ പാനൽ

213(2471) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക ഉപയോക്താക്കൾക്ക് സൗരോർജ്ജ പാനൽ ഒരുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വീടുകളിലെ മേൽക്കൂരകളിൽ സോളാർ പാനലുപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന 'സൗര' പദ്ധതിയിൽ ആകെ 500 മെഗാവാട്ട് ആണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ട പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ മൂന്ന് മോഡലുകൾ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്.

മോഡൽ - I

ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10 ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.

മോഡൽ - II

ഉപഭോക്താവിന്റെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ചെലവിൽ സൗരനിലയം സ്ഥാപിക്കുന്നു. ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.

മോഡൽ - III

കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സംരംഭകന്റെ ചെലവിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് സൗരനിലയം സ്ഥാപിക്കുന്നു. ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഭാഗികമായോ പൂർണ്ണമായോ നിശ്ചിത നിരക്കിൽ വാങ്ങുന്നു അല്ലെങ്കിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംരംഭകന് ഉപയോഗിക്കാം. ഇതു കൂടാതെ കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ളതാണ്.

സംസ്ഥാനത്തെ ഗാർഹിക ഉപയോക്താക്കൾക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകിവരുന്നു. ഗ്രണനിലവാരമുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന അംഗീകൃത സേവനദാതാക്കളെ എംപാനൽ ചെയ്ത് അനെർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് 2,78,000-ത്തിൽപരം ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിരുന്നത്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് സോളാർ കോ-ഓർഡിനേറ്റർമാർ മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് നടത്തിയ പ്രാഥമിക സാദ്ധ്യത പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ട ടെണ്ടർ നടപടികൾ പൂർത്തിയായി. ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗ്രണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

സോളാർ വൈദ്യുതി ഉത്പാദനം

214 (2472) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ വൈദ്യുതിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സോളാർ വൈദ്യുതിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 26 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ൽ പൂർത്തീകരിച്ചു (16.88 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 63 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 97.84 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ്ലിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 177MWp ആണ്. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. എൽ. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി കെ.എസ്.ഇ.ബി.എൽ.-ന് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്. സോളാർ വൈദ്യുതിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് മുഖാന്തിരം സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു :

(1). സൗര-ഊർജ്ജ കേരള മിഷൻ:

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2). ബൈ മൈ സൺ വെബ് പോർട്ടൽ:

ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗ്രണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(3). കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(4). പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടി അനെർട്ട് സ്വീകരിച്ചു വരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

(5). ഗ്രിഡ് കണക്ടഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ. ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(6). ഓഫ് ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടു കൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ. ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

(7). പ്രധാൻമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM-Kusum) പദ്ധതി:

കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടും കൂടി സോളാറിലേയ്ക്ക് മാറ്റിനൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ് സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി. എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ കെട്ടിടങ്ങളുടെ മുകളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലുമായി 26 സൗരോർജ്ജ പദ്ധതികൾ (16.88 മെഗാവാട്ട്) പൂർത്തീകരിച്ചു. ഇതിൽനിന്നും പ്രതിദിനം ഉത്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

നമ്പർ	ജില്ല	സോളാർ വൈദ്യുതി (യൂണിറ്റ്)
(1)	(2)	(3)
1	പാലക്കാട്	4263
2	തൃശ്ശൂർ	3964
3	വയനാട്	2237
4	തിരുവനന്തപുരം	36380
5	കാസർഗോഡ്	2775
6	മലപ്പുറം	3951
7	എറണാകുളം	6500
8	ഇടുക്കി	1778

(1)	(2)	(3)
9	കോഴിക്കോട്	3501
10	കൊല്ലം	783
11	ആലപ്പുഴ	450
12	കോട്ടയം	248
13	പത്തനംതിട്ട	969
14	കണ്ണൂർ	306
	ആകെ	68105

ഇതു കൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 63 മെഗാവാട്ടും സിയാൽ 39 മെഗാവാട്ടും കെ.എം.ആർ.എൽ. 5 മെഗാവാട്ടും കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. ഇതിൽനിന്നും ഏകദേശം 4,43,814 യൂണിറ്റ് സൗരോർജ്ജ വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്.

വീടുകളിൽ സോളാർ പാനൽ

215 (2473) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) അതിൽ എത്ര വീടുകളിൽ പാനൽ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ പ്രവർത്തന പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവന ചെയ്തിട്ടുള്ള 'സൗര' പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

നമ്പർ	ജില്ല	രജിസ്റ്റർ ചെയ്ത അപേക്ഷകരുടെ എണ്ണം	അനുയോജ്യമായ തെരഞ്ഞെടുത്ത മേൽക്കൂരകളുടെ എണ്ണം
1	തിരുവനന്തപുരം	12,976	3,701
2	കൊല്ലം	16,707	2,794
3	പത്തനംതിട്ട	7,948	1,378
4	ആലപ്പുഴ	16,910	2,500
5	കോട്ടയം	13,606	2,241
6	ഇടുക്കി	11,184	870
7	എറണാകുളം	25,981	4,589
8	തൃശ്ശൂർ	40,163	7,549
9	മലപ്പുറം	25,955	2,824
10	കോഴിക്കോട്	20,863	2,155
11	വയനാട്	20,190	959
12	പാലക്കാട്	24,784	4,680
13	കണ്ണൂർ	22,316	3,283
14	കാസർഗോഡ്	16,155	2,935

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരപ്പുറ പദ്ധതി വഴി അല്ലാതെ വീടുകളിലും സ്ഥാപനങ്ങളിലുമായി സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനെർട്ടിന് ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	1406
2	കൊല്ലം	651
3	ആലപ്പുഴ	707
4	പത്തനംതിട്ട	386
5	കോട്ടയം	1203
6	ഇടുക്കി	223
7	എറണാകുളം	1978
8	തൃശ്ശൂർ	1100
9	പാലക്കാട്	684
10	മലപ്പുറം	783
11	കോഴിക്കോട്	650
12	വയനാട്	138
13	കണ്ണൂർ	817
14	കാസർഗോഡ്	408
ആകെ		11134

(ബി) അനെർട്ടിന് ആകെ ലഭിച്ച 11134 അപേക്ഷകളിൽ 5,067 അപേക്ഷകരുടെ വീടുകളിൽ/സ്ഥാപനങ്ങളിൽ അനെർട്ട് സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. സൗര പദ്ധതി പ്രകാരം സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവർത്തനം കെ.എസ്.ഇ.ബി.എൽ. ഒരു ജില്ലയിലും ആരംഭിച്ചിട്ടില്ല.

(സി) സൗര പദ്ധതിയിൽ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. പൂർത്തിയാക്കി. രണ്ടാംഘട്ടമായ 60 മെഗാവാട്ടിന്റെ റീ-ടെണ്ടറിംഗ് ജോലികൾ പൂർത്തിയായിവരുന്നു. അനെർട്ട് മുഖാന്തരം സ്ഥാപിക്കുന്ന സോളാർ പാനലുകളുടെ തുടർ പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത നിലയങ്ങൾ

216 (2474) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ അധീനതയിൽ എവിടെയൊക്കെ സോളാർ വൈദ്യുത നിലയങ്ങളുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ സോളാർ നിലയങ്ങളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നാളിതുവരെ എത്ര രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ സോളാർ പാർക്കുകൾ നിർമ്മിക്കുന്നതിനായി രൂപീകരിച്ച കെ.എസ്.ഇ.ബി. എൽ.-ന്റെയും Solar Energy Corporation of India (SECI)-യുടെയും സംയുക്ത സംരംഭമായ Renewable Power Corporation of Kerala Limited (RPCKL)-ന്റെ അധീനതയിൽ അമ്പലത്തറയിൽ 50MW സോളാർ നിലയം 14-9-2017 -ൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ പൈവെളിഗ-യിൽ 50MW-ഉം നെല്ലിത്തടത്ത് 5 MW-ഉം സോളാർ നിലയങ്ങൾ 2020 മേയ് മാസത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അമ്പലത്തറ സോളാർ നിലയത്തിൽനിന്നും പരമാവധി 50 MW വൈദ്യുതി വരെ ഉത്പാദിപ്പിക്കുന്നുണ്ട്.

(സി) സോളാർ നിലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 31-3-2019-ലെ കണക്കുപ്രകാരം 24.03 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി

217 (2475) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആരംഭിക്കുകയും, പണി പൂർത്തിയാക്കുകയും ചെയ്ത പദ്ധതികളിൽനിന്നും ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതി ഏതൊക്കെ പദ്ധതികളിൽനിന്നുമാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, കളക്ടറേറ്റുകൾ, വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങൾ എന്നിവയുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഇതിലൂടെ എത്ര കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഴശ്ശിസാഗർ, ചിന്നാർ, പെരുവണ്ണാമൂഴി, അപ്പർ കല്ലാർ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ഇതിൽ കണ്ണൂർ ജില്ലയിലെ 7.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പഴശ്ശിസാഗർ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 27-10-2017-ൽ ആരംഭിച്ചു. ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 25.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചിന്നാർ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 19-3-2018-ൽ ആണ് ആരംഭിച്ചത്. പദ്ധതിയുടെ വാർഷിക ഉല്പാദനശേഷി 76.45 ദശലക്ഷം യൂണിറ്റാണ്. കോഴിക്കോട് ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 25-5-2018-ൽ ആരംഭിച്ചു. പദ്ധതി പൂർത്തിയാകുന്നതുവഴി പ്രതിവർഷം 24.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. ഇടുക്കി ജില്ലയിലെ 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 12-8-2016-ൽ ആരംഭിച്ചു. 2020 മാർച്ച് മാസം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പൂർത്തിയാകുന്നതു വഴി 5.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉല്പാദിപ്പിക്കുവാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർമ്മാണം പൂർത്തീകരിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പത്തനംതിട്ട ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 3-6-2017 മുതൽ വൈദ്യുതി ഉല്പാദനം ആരംഭിച്ചു. ഈ പദ്ധതി 23-10-2017-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 25.77 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഇടുക്കി ജില്ലയിലെ 3.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി 8-9-2016-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽനിന്നും പ്രതിവർഷം 12.17 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കോഴിക്കോട് ജില്ലയിലെ 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കക്കയം ചെറുകിട ജലവൈദ്യുത

പദ്ധതി നിർമ്മാണം പൂർത്തിയാക്കി 16-7-2018-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 10.39 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ കാലയളവിൽ KSEBL ഇതിനോടകം നേരിട്ട് പൂർത്തീകരിച്ച 3 ജലവൈദ്യുത പദ്ധതികൾക്ക് പുറമേ 10 ജലവൈദ്യുത പദ്ധതികൾ (ആകെ ശേഷി 193.5 MW) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്നു.

(ബി&സി) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ 18.96 MWp ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

അപകടകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി

218 (2476) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ കോടങ്കരയിൽ റോഡിന് അടുത്ത് അപകടകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമർ അപകടകരമായ സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൂഴിക്കുന്ന് സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന ചെങ്കൽ ഗ്രാമപഞ്ചായത്തിലെ കോടങ്കര എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമർ റോഡരികിൽ പൊതുസ്ഥലത്ത് സ്വകാര്യവ്യക്തിയുടെ മതിലിനു പുറത്തായി ലോഡ് സെന്ററിലാണ് സ്ഥിതിചെയ്യുന്നത്. ടി ട്രാൻസ്ഫോർമർ അപകടകരമായ അവസ്ഥയിലാണെന്ന് ഡി.ഡി.സി. മീറ്റിംഗിൽ ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ.യുടെ പരാമർശത്തെ തുടർന്നുണ്ടായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തിയിരുന്നു. എന്നാൽ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുവാനായി ലോഡ് സെന്ററിന് അകലെ അല്ലാതെ അനുയോജ്യമായ പൊതുസ്ഥലം ഇതുവരെയും കണ്ടെത്താനായിട്ടില്ല.

(ബി) ടി സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നതുമായി ബന്ധപ്പെട്ട കോടങ്കരയിലെ ഗാന്ധി നഗർ റെസിഡൻഷ്യൽ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

റോഡുകളിൽ എൽ.ഇ.ഡി. ലൈറ്റ്

219 (2477) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ നിർദ്ദേശ പ്രകാരം ഏതെല്ലാം റോഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിന് തുക കൈമാറിയിട്ടുണ്ടെന്നും എത്ര തുക കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ആയത് ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കിയത് എന്നും ഇതിന്റെ മെയിന്റനൻസ് കോൺടാക്ട് എത്രവർഷത്തേക്കാണെന്നും വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഈ വിഭാഗത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കൊല്ലം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ നിർദ്ദേശപ്രകാരം റോഡുകളിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. വഴി നടപ്പാക്കുന്നില്ല.

പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ വിഭജനം

220 (2478) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഇലക്ട്രിക്കൽ സെക്ഷനിലെ പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ഗാർഹിക, ഗാർഹികേതര കണക്ഷനുകളുള്ള എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ വിഭജിച്ച് പുതിയ ഒരു ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു ഇലക്ട്രിക്കൽ സെക്ഷനിലെ പരമാവധി ഉപഭോക്താക്കളുടെ എണ്ണം നിർവ്വചിച്ചിട്ടില്ല.

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ 4-2-2020-ലെ കണക്ക് പ്രകാരം 14437 ഗാർഹിക ഉപഭോക്താക്കളും 4985 ഗാർഹികേതര ഉപഭോക്താക്കളുമുണ്ട്.

(സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി KSEBL നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പട്ടിക്കാട് സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ലക്കിടിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ്

221 (2479) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപെട്ട ലക്കിടിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എന്നാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് ലക്കിടിയിൽ ആരംഭിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(സി) പ്രസ്തുത ഓഫീസ് എന്ന് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 24-2-2016-ലെ B.O.(DB)No.594/2016 (D(D&S)D6/AE2/ New sections/2016) എന്ന ബോർഡ് ഉത്തരവിലൂടെയാണ് ലക്കിടിയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയത്. ബോർഡ് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി&സി) അനുവദിക്കപ്പെട്ട പുതിയ സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം അല്ലെങ്കിൽ ഓഫീസ് മന്ദിരം പണിയുന്നതിന് സൗജന്യമായി 10 സെന്റ് സ്ഥലം, ഇവയിലേതെങ്കിലും ഒന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതുണ്ട്. ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിനും അതുവരെ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വാടക നൽകി കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കാനും തീരുമാനിച്ചതായി പഞ്ചായത്ത് അറിയിച്ചിരുന്നു. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിയമനം

222 (2480) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ. അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയാമോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) ട്രാൻസ്മിഷൻ സബ് സ്റ്റേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ൽ നിലനിൽക്കുന്നതായി ആക്ഷേപിക്കപ്പെടുന്ന നിയമന നിരോധനം പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 29-12-2019-ൽ അവസാനിച്ച റാങ്ക് ലിസ്റ്റുകളിൽ നിന്നും 40% ഓപ്പൺ ക്വാട്ടയിൽ 221 പേർക്കും 10% ഇൻസർവ്വീസ് ക്വാട്ടയിൽ 82 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2019 ഡിസംബർ 29-ാം തീയതി അവസാനിച്ചു.

(സി-ഇ) കെ.എസ്.ഇ.ബി.എൽ.-ൽ ട്രാൻസ്മിഷൻ മേഖല ഉൾപ്പെടെ കെ.പി.എസ്.സി. വഴി നിയമിക്കേണ്ട അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) -മാരുടെ അനുവദനീയമായ തസ്തികകൾ ആകെ തസ്തികകളുടെ 50% ആണ്. ഇതിൽ വന്നിട്ടുള്ള എല്ലാ ഒഴിവുകളും കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40% ക്വാട്ടയിലേയും 10% ക്വാട്ടയിലേയും ഒഴിവുകളാണ് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ടി ഒഴിവുകൾ കൃത്യസമയത്ത് കാലവിളംബം കൂടാതെ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുംമുമ്പ് തന്നെ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹൈഡൽ ടൂറിസം സെന്ററിന് പാട്ടത്തിന് നൽകിയ ഭൂമി

223 (2481) ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ പൊൻമുടി അണക്കെട്ടിന് സമീപം കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലിരുന്ന 25 ഏക്കർ ഭൂമി കേരള ഹൈഡൽ ടൂറിസം സെന്ററിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥയിലാണ് ഭൂമി നൽകിയതെന്ന് അറിയിക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ അധീനതയിലിരുന്ന പ്രസ്തുത ഭൂമി എന്ത് പദ്ധതി ക്കായിട്ടാണ് കെ.എസ്.ഇ.ബി.എൽ.-ന് കൈമാറിയത്;

(സി) പ്രസ്തുത ഭൂമി ഹൈഡൽ ടൂറിസം സെന്ററിന് പാട്ടത്തിന് നൽകുന്നതിന് മുമ്പ് റവന്യൂ വകുപ്പിന്റെ അനുമതി തേടേണ്ടതില്ലേ ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കേരള ഹൈഡൽ ടൂറിസം സെന്റർ പ്രസ്തുത ഭൂമിയിൽ ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഭൂമി കൈമാറ്റം സംബന്ധിച്ച് ബോർഡിനോട് റവന്യൂ വകുപ്പ് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ പൊൻമുടി അണക്കെട്ടിന് സമീപം കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള 21 ഏക്കർ ഭൂമി ഹൈഡൽ ടൂറിസത്തിന് നൽകിയിട്ടുണ്ട്. ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുവേണ്ടി നിയന്ത്രിത അനുവാദം (Permissive Sanction) വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്.

(ബി) റവന്യൂ വകുപ്പിന്റെ അധീനതയിലിരുന്ന പ്രസ്തുത ഭൂമി, പന്നിയാർ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ പൊൻമുടി അണക്കെട്ടിന്റെ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് കെ.എസ്.ഇ.ബി.എൽ.-ന് കൈമാറിയിട്ടുള്ളത്.

(സി) പ്രസ്തുത ഭൂമി ഹൈഡൽ ടൂറിസത്തിന് പാട്ടത്തിന് നൽകിയിട്ടില്ല.

(ഡി) ഹൈഡൽ ടൂറിസവുമായി ചേർന്ന് 20% വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കുന്നതിനായി ഉപയോഗപ്പെടുത്താൻ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് അനുമതി നൽകിയതിനെ തുടർന്ന് ഒന്നാംഘട്ടമായി ചിൽഡ്രൻസ് പാർക്ക്, കഫേറ്റേരിയ എന്നിവയുടെ നിർമ്മാണം നടന്നിട്ടുണ്ട്.

(ഇ) ഭൂമി കൈമാറ്റം സംബന്ധിച്ച് ബോർഡിനോട് റവന്യൂ വകുപ്പ് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

വാടകയ്ക്ക് പ്രവർത്തിക്കുന്ന വൈദ്യുതി വകുപ്പിന്റെ ഓഫീസുകൾ

224 (2482) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ നിലവിൽ വൈദ്യുതി വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളാണ് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി നിയോജകമണ്ഡലത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ ചുവടെ കാണിച്ചിട്ടുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗത്തിലെ ഓഫീസുകൾ നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

1. ഇലക്ട്രിക്കൽ സെക്ഷൻ, കലഞ്ഞൂർ
2. ഇലക്ട്രിക്കൽ സെക്ഷൻ, വകയാർ
3. ഇലക്ട്രിക്കൽ സെക്ഷൻ, കൈപ്പട്ടൂർ
4. ഇലക്ട്രിക്കൽ സെക്ഷൻ, കോന്നിക്ക് കീഴിൽ തണ്ണിത്തോട് പ്രവർത്തിക്കുന്ന ഓവർസീയർ ഓഫീസ്

(ബി) അനുയോജ്യവും സൗകര്യപ്രദവുമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല.

കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായ നഷ്ടം

225 (2483) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലുണ്ടായ കാറ്റിലും കനത്തമഴയിലും കെ.എസ്.ഇ.ബി.എൽ-ന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നഷ്ടം സംസ്ഥാന സർക്കാർ നികത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2019 ആഗസ്റ്റ് മാസം വീശിയടിച്ച കാറ്റിലും കനത്തമഴയെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കെ.എസ്.ഇ.ബി.എൽ.-ന് ആകെ 243.05 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരുന്നത്.

	2019-ൽ പ്രളയത്തിലുണ്ടായ നാശനഷ്ടം (Rs In Cr)			
	ഉത്പാദനം	പ്രസരണം	വിതരണം	ആകെ
ആകെ	14.63	4.15	224.27	243.05

(ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 2019-ലെ പ്രളയത്തിൽ കേടുപാട് സംഭവിച്ച അടിസ്ഥാന സൗകര്യങ്ങൾ പുനർ നിർമ്മിക്കാൻ 102.27 കോടി രൂപ സർക്കാർ 30-9-2019-ൽ അനുവദിച്ചിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

226 (2484) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്; സ്ഥലങ്ങളുടെ പേരുവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. 29.49 കിലോമീറ്റർ പുതിയ 11 കെ.വി. ലൈനുകൾ വലിക്കുകയും 31.06 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ 3 ഫേസ് ലൈനുകളാക്കി മാറ്റുകയും 34 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു.

(ബി) ഇതിന്റെ ഭാഗമായി താഴെക്കൊടുത്തിരിക്കുന്ന 34 സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷന്റെ പേര്	2016	2017	2018	2019
(1)	(2)	(3)	(4)	(5)
പഴയന്നൂർ	വെള്ളപ്പാറ	1.കുന്നത്തറ 2.കോണ്ടാഴി ഹോമിയോ ഹോസ്പിറ്റൽ 3.പള്ളിമുക്ക് 4.ബ്ലോക്ക് ഓഫീസ്	1. നീലച്ചിറ 2.കണ്ടംകുളത്തൂർ	1. ചിറങ്ങര 2.മായന്നൂർ 3. പഴയന്നൂർ 4.കാക്കിരിക്കുന്ന് 5.പെട്രോൾ പമ്പ് 6. മേൽമുറി

(1)	(2)	(3)	(4)	(5)
ചേലക്കര	1.തോന്നൂർക്കര 2.യൂക്കാലിക്കാട് 3.വെണ്ണൂർ സ്കൂൾ 4.വെങ്ങാനെല്ലൂർ മൂപ്പൻ തെരുവ് 5.മംഗലംകുന്ന് 6.കുഴിക്കാല കുളമ്പ്	1. പുളച്ചോട് 2.ഈച്ചാടി 3.അംബേദ്കർ കോളനി	ചേപ്പ	----
ചെറുതുരുത്തി	1.ചേരിപ്പറമ്പ് 2.പന്നിയടി ചന്ദ്രൻ മിൽ	1.പള്ളത്ത് കോളനി 2.ബൈബിൾ കോമ്പൗണ്ട്	----	1.ചുങ്കം സെന്റർ 2.പോലീസ് സ്റ്റേഷൻ 3.മുള്ളൂർക്കര സെന്റർ
ദേശമംഗലം	1.പല്ലൂർ ഊരോളി 2.ദേശമംഗലം മനപ്പടി	1.ഉണിക്കുന്ന് കോളനി 2.രാമൻകുളം	----	----

കൽപ്പറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

227 (2485) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതിനായി എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) 2017-ഓടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി വെളിച്ചം എത്തിക്കുമെന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി ലക്ഷ്യം കാണുകയും 29-5-2017-ന് കോഴിക്കോട് വച്ച് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി വൈദ്യുതീകരിക്കാത്ത വീടുകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ, അപേക്ഷകർക്ക് സെക്ഷൻ ഓഫീസ് വഴി രജിസ്റ്റർ ചെയ്യാനുള്ള അവസരത്തിന് പുറമെ ജനപ്രതിനിധികൾ മുഖേനയും മിസ്സ്ഡ് കാൾ നൽകുമ്പോൾ KSEBL-ൽ നിന്നും ഗുണഭോക്താവിനെ അങ്ങോട്ട് ബന്ധപ്പെട്ട് കൊണ്ട് രജിസ്റ്റർ ചെയ്യുവാനുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ തേടിയും എല്ലാ ഗുണഭോക്താക്കളെയും പദ്ധതിയിലുൾപ്പെടുത്തുവാൻ ശ്രദ്ധിച്ചു. ഓരോ നിയോജകമണ്ഡലത്തിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി. എൽ. ഫണ്ടിൽനിന്നും ലഭ്യമാക്കിയതിനു പുറമെ തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക തുടങ്ങിയവയിൽനിന്നും കണ്ടെത്തി. വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി. എൽ.ഏറ്റെടുത്ത് പൂർത്തിയാക്കി.

വൈദ്യുതി കണക്ഷനുകൾ നൽകുവാൻ വിവിധ രേഖകൾ ഹാജരാക്കേണ്ടി വരുന്നത് ഉപഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നടപടിക്രമങ്ങൾ ലഘൂകരിച്ചും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടും വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ANERT, EMC എന്നീ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കിക്കൊണ്ടും കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് കേന്ദ്ര

സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility-യിൽപ്പെടുത്തി വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഏറ്റെടുത്ത് പൂർത്തിയാക്കി. സംസ്ഥാനത്തൊട്ടാകെ 150219 കണക്ഷനുകൾ നൽകിക്കൊണ്ട് 29-5-2017-ൽ കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു.

(ബി&സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 90.643 കി.മീ. LT ലൈനും 3.37 കി.മീ. HT ലൈനും വലിക്കുകയും 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്ത് 4545 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപയ്ക്ക് പുറമെ ബോർഡിന്റെ തനതു ഫണ്ടിൽനിന്നും SC/ST വകുപ്പുകളുടെ ഫണ്ടിൽനിന്നും DDUGJY പദ്ധതിയിലുൾപ്പെടുത്തിയും ആകെ 349.169 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

വൈദ്യുതി വകുപ്പിന്റെ ജനകീയ അദാലത്ത്

228 (2486) ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ ജനകീയ അദാലത്ത് വഴി പരിഹാരം കാണാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ജനകീയ അദാലത്തിലേക്ക് പരാതി മുൻകൂട്ടി നൽകേണ്ടതുണ്ടോ; എങ്കിൽ അതിന്റെ രീതി അറിയിക്കാമോ; ജനകീയ അദാലത്തിൽ ഒരാൾക്ക് പരാതിയുമായി നേരിട്ട് ഹാജരാകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ജനകീയ അദാലത്തിന്റെ സംഘാടനം, പരസ്യം എന്നിവയ്ക്ക് വേണ്ടി സർക്കാർ ചെലവിടുന്ന തുക എത്രയെന്ന് അറിയിക്കുമോ;വിശദവിവരം നല്കുമോ?

ഉത്തരം

(എ) വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ വിവിധ പരാതികൾ പരിഹരിക്കുന്നതിനാണ് ജനകീയ വൈദ്യുതി അദാലത്ത് ലക്ഷ്യം വെയ്ക്കുന്നത്. ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങി എല്ലാ വിഭാഗങ്ങളിൽപെടുന്ന പരാതികളും അദാലത്തിൽ പരിഗണിക്കുന്നുണ്ട്. വൈദ്യുതി കുടിശ്ശിക, പോസ്റ്റ് വാടക തർക്കങ്ങൾ/പരാതികൾ, സർവ്വീസ് കണക്ഷൻ, ലൈൻ മാറ്റി സ്ഥാപിക്കൽ,

മരം മുറിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച പരാതികൾ, കോൺടാക്ട് ബില്ലുകൾ, വോൾട്ടേജ് ക്ഷാമം, താരിഫ്, മീറ്റർ തകരാർ, സുരക്ഷ എന്നിങ്ങനെ വിവിധ തരത്തിലുള്ള പരാതികൾ ജനകീയ വൈദ്യുതി അദാലത്തിൽ പരിശോധിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്.

(ബി) അദാലത്ത് ദിവസത്തിന് 10 ദിവസം മുമ്പ് വരെ അതത് ഇലക്ട്രിക്കൽ സെക്ഷൻ/ഇലക്ട്രിക്കൽ സബ്ഡിവിഷൻ/ഇലക്ട്രിക്കൽ ഡിവിഷൻ/ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളിൽ അപേക്ഷ ഫീസ് ഇല്ലാതെ പരാതികൾ സമർപ്പിക്കാവുന്നതാണ്. പരാതികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സഹിതം അദാലത്തിൽ പരിഗണിക്കാനുള്ള സൗകര്യത്തിനാണ് പത്തു ദിവസം മുമ്പെന്ന് തീരുമാനിച്ചത്. അതിനുശേഷം കിട്ടുന്ന പരാതികളും അദാലത്ത് തീയതിയിൽ നേരിട്ട് തരുന്ന പരാതികളും അദാലത്തിൽ പരിഗണിക്കുന്നുണ്ട്. അങ്ങനെ ലഭിക്കുന്നവയിൽ വിശദമായ പരിശോധന ആവശ്യമായ പരാതികളിൽ അത്തരം പരിശോധന നടത്തി തീർപ്പു കൽപ്പിക്കുന്നതാണ്.

(സി) 14 ജില്ലകളിൽ 8 ജില്ലകളിലെ അദാലത്തുകൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ചെലവ് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ

229(2487) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡി.ആർ. ഐ.പി.-ലേക്ക് ലോകബാങ്കിൽനിന്നും ലഭിച്ച ധനസഹായം എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഡാമുകളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്ററി സപ്പോർട്ട് ഇനത്തിൽ എത്ര തുക ചെവലഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 37 ഡാമുകളുടെ പുനരുദ്ധാരണവും നവീകരണവും കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുത്ത് നടപ്പിലാക്കി. പ്രധാന ഡാമുകളുടെ ഗേറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കി. ഡാമുകളുടെ റിമിംഗ് പ്രവൃത്തികൾ, റോഡുകൾ തുടങ്ങിയ അനുബന്ധ സംവിധാനങ്ങൾ പൂർത്തിയാക്കി നവീകരിച്ച് ഹൈമാസ്റ്റ്

വിളക്കുകൾ, നിരീക്ഷണ ബോട്ടുകൾ തുടങ്ങിയവ ലഭ്യമാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 31 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ (EAP) തയ്യാറാക്കി CWC വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 35 ഡാമുകളിൽ 31 എണ്ണം CWC മാനദണ്ഡപ്രകാരമുള്ള ഓപ്പറേഷൻ & മെയിന്റനൻസ് മാന്വൽ തയ്യാറാക്കി CWC-ക്ക് സമർപ്പിച്ചു പ്രധാന ഡാമുകളിലെല്ലാം സാറ്റലൈറ്റ് ഫോണുകൾ ലഭ്യമാക്കി.

(ബി) 10-6-2016 മുതൽ ഇന്നുവരെയുള്ള കാലയളവിൽ ഡ്രിപ്പ് ഇനത്തിൽ ലോകബാങ്ക് വിഹിതമായി 50,26,72,673 രൂപയും സംസ്ഥാന ഗവൺമെന്റ് വിഹിതമായി 12,53,19,764 രൂപയും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.

(സി) ഡ്രിപ്പിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

2016 മാർച്ച് വരെ	-	11,88,63,616
2016 ഏപ്രിൽ മുതൽ നാളിതുവരെ	-	84,96,19,479
		96,84,83,095

ഇതിൽ 80% ലോക ബാങ്ക് വിഹിതവും 20% സംസ്ഥാന ഗവൺമെന്റ് വിഹിതവുമായി കണക്കാക്കുന്നു.

ചാലക്കുടി, കൊരട്ടി സെക്ഷൻ ഓഫീസുകളുടെ വിഭജനം

230 (2488) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനോ പ്രസ്തുത സെക്ഷൻ ഓഫീസു കളിലെ അമിത ജോലിഭാരവും കണക്ഷനും ക്രമീകരിക്കുന്നതിനോ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ സൃഷ്ടികരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത്

ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഗ്രണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി KSEBL നടപടി സ്വീകരിച്ചു വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി, കൊരട്ടി എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇടക്കൊച്ചി കെ.എസ്.ഇ.ബി. എൽ.സെക്ഷൻ ഓഫീസ്

231 (2489) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിനായി സ്ഥലം ലഭ്യമാക്കിയിട്ടും പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിൽ നേരിടുന്ന കാല താമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇടക്കൊച്ചി കെ.എസ്.ഇ.ബി. എൽ.ഓഫീസിന് വേണ്ടി കൊച്ചി കോർപ്പറേഷൻ സൗജന്യമായി കെട്ടിടം അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2020 ഏപ്രിൽ മാസം ആദ്യവാരത്തോട് കൂടി പുതിയ ഓഫീസ് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

ചിത്തിരപുരം സി.എച്ച്.സി.യിൽ കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ട പ്രവൃത്തികൾ

232 (2490) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കെ.എസ്.ഇ.ബി.എൽ.-ന് കീഴിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏജൻസിയെ എസ്.പി.വി. ആക്കിക്കൊണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള, ദേവികുളം നിയോജക മണ്ഡലത്തിലെ ചിത്തിരപുരം സി.എച്ച്.സി. യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ചിത്തിരപുരം സി.എച്ച്.സി.-യുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന് കീഴിലെ പ്രസ്തുത ഏജൻസി തയ്യാറാക്കിയിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചതിൻ പ്രകാരം 28-5-2019-ലെ G.O.(Rt) No.1280/2019/H&FWD ആയി ₹55,33,78,145 രൂപ (അൻപത്തിയഞ്ചു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തി യെണ്ണായിരത്തി ഒരുനൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) യുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്നതിനായി പ്രസ്തുത നിർമ്മാണത്തിന്റെ വിശദമായ ഡി.പി.ആർ. ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

പള്ളുരുത്തി സെക്ഷനു കീഴിൽ ട്രാൻസ്ഫോർമറുകൾ

233 (2491) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി സെക്ഷനോഫീസിന് കീഴിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ എത്ര ട്രാൻസ്ഫോർമറുകൾ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവ എന്നത്തേക്ക് സ്ഥാപിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ)എറണാകുളം ജില്ലയിലെ പള്ളുരുത്തി സെക്ഷനോഫീസിന്റെ പരിധിയിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി 34 ട്രാൻസ്ഫോർമറുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഈ വർഷം ഇതുവരെ 25 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി 9 എണ്ണം 2019-20-ലെ ദൃതി പദ്ധതിയിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സർഫാസി ആക്ട്

234 (T2492) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി ആക്ടിന്റെ പരിധിയിൽ സംസ്ഥാനത്തെ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ സഹകരണ മേഖല സർഫാസി ആക്ടിന്റെ പരിധിയിൽ വരുമോ; വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയെ സർഫാസി ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ, RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളാണ് നിലവിൽ സർഫാസി ആക്ടിന്റെ പരിധിയിൽ വരുന്നത്.

(സി) സർഫാസി നിയമം ഒരു കേന്ദ്ര നിയമമാണ്. ആയതിനാൽ ടി നിയമത്തിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും വായ്പയ്ക്ക് സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ

Tമാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ പ്രകാരം സർഫാസി നിയമത്തിൽ ഇളവുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് അനുകൂല നടപടി സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.പി.-മാരുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. സർഫാസി നിയമപ്രകാരമുള്ള നടപടികൾ മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ്. ശർമ്മ ചെയർമാനായി രൂപീകരിച്ച അഡ്ഹോക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

കാർഷികമേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ

235 (2493) ശ്രീ. എം. സി. കമറുദ്ദീൻ :

ശ്രീ. എം. ഉമ്മർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന വായ്പകളിൽ എത്ര ശതമാനമാണ് നിലവിൽ കാർഷിക വായ്പയായി നൽകിവരുന്നത്;

(ബി) കാർഷികമേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തമാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണസംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് സർക്കുലർ മുഖാന്തരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിഗണിച്ച് ഒരു അംഗത്തിന് നൽകാവുന്ന കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല-മധ്യകാല

വായ്പകളുടെ പരമാവധി വായ്പ പരിധി 3 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപ, കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചുനൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉത്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷി വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

കൂടാതെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയായ സുവർണ്ണ കേരളം പ്രകാരം വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി എന്നിവ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പ്രകാരം സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വായ്പാക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്ന നടപടികൾ

236 (2494) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വായ്പാക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) കുടിശ്ശിക വരുത്തിയ വായ്പക്കാർക്കെതിരെ കേസ് നടപടി ആരംഭിക്കുന്നതിന് സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം നടപടി കാർഷികവായ്പ എടുത്തിട്ടുള്ള കർഷകരെയടക്കം കൂടുതൽ ദുരിതത്തിലാഴ്ത്തുമെന്നതിനാൽ ഈ നടപടി നിർത്തിവയ്ക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ നിയമ പ്രകാരമുള്ള ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളും സംസ്ഥാന സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവ സർഫാസി നിയമപ്രകാരമുള്ള നടപടികളും വായ്പക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്നുണ്ട്. ഇതിന് പുറമെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കുടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരം വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

സ്വീകരിക്കാറുണ്ട്. നിലവിൽ കടിശ്ശിക തീർപ്പാക്കുന്നതിനായി "നവകേരളീയം കടിശ്ശിക നിവാരണം 2020" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. സഹകരണ സംഘങ്ങളുടെ വായ്പ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" പദ്ധതി നടപ്പിലാക്കിവരുന്നത്. 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയാണ് ടി പദ്ധതിയുടെ കാലാവധി. 2019 ഡിസംബർ 31 വരെ കുടിശ്ശികയായ വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവർ എന്നിവരുടെ വായ്പകളുൾപ്പെടെ ഓരോ വായ്പാക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി കുടിശ്ശിക വായ്പ തീർപ്പാക്കാവുന്നതാണ്.

(ബി) The Securitisation and Reconstruction of Financial Assets and Enforcement of Securities Act, 2002 (SARFAESI ACT) പ്രാബല്യത്തിൽ വരികയും സഹകരണ ബാങ്കുകളെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി നിയമം സഹകരണ ബാങ്കുകൾക്ക് ബാധകമാക്കിക്കൊണ്ട് 29-08-2003-ലെ 50/2003 നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന് കീഴിൽ RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവയാണ് സർഫാസി നിയമപ്രകാരം നടപടി സ്വീകരിക്കുന്നത്.

ഇതിന് പുറമെ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ, 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013) പ്രകാരം വകുപ്പ് 69(4)ൽ വരുത്തിയ ഭേദഗതി അനുസരിച്ച് എല്ലാ ധനപരമായ തർക്കങ്ങളും ടി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള സമയപരിധിക്കുള്ളിൽ ഫയൽ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഭേദഗതി നിലവിൽ വന്നപ്പോൾ അതിനോടകം സമയപരിധി കഴിഞ്ഞു പോയ ധനപരമായ തർക്കങ്ങൾ ഫയൽ ചെയ്യാൻ കഴിയാതിരുന്ന സംഘങ്ങൾക്ക് അവ ഫയൽ ചെയ്യുന്നതിനാണ് 31-3-2020 വരെ അനുമതി നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-7-2018 മുതൽ 31-3-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ള കർഷകരുൾപ്പെടെയുള്ള കുടിശ്ശിക വായ്പക്കാർക്ക് വിവിധ

ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിന് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ പങ്കെടുത്ത് കർഷകരുൾപ്പെടെയുള്ള സഹകാരികൾക്ക് വിവിധ ഇളവുകളോടെ വായ്പ കണക്ക് അവസാനിപ്പിക്കാൻ അവസരം ലഭിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക്

237 (2495) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് എന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ടോ;

(ബി) ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കാക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ആലോചനയിലില്ല.

(ബി) ബാധകമല്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക, ടി സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുന്നതിനും സഹകരണ നയത്തിൽ ലക്ഷ്യമിടുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നടപടി ആരംഭിച്ചിട്ടില്ല.

കെയർ കേരള പദ്ധതി

238 (T 2496) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കായുള്ള കെയർ കേരള പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

Tമാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിക്കായി എത്ര തുകയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെയർ കേരള പദ്ധതിയുടെ ഉപപദ്ധതിയായ കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. 2020 ജനുവരി 27 വരെ 1938 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 10 വീടുകൾ നിർമ്മാണം പൂർത്തിയായി കൈമാറ്റത്തിന് സജ്ജമായിട്ടുണ്ട്. 15 വീടുകളുടെ റൂഫ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചും 15 വീടുകളുടെ ലിന്റൽ ലെവൽ വരെയുള്ള നിർമ്മാണം പൂർത്തീകരിച്ചും പണി തുടർന്നുവരുന്നു. 24 വീടുകളുടെ അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ചും 20 വീടുകളുടെ കല്ലിടൽ നടത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയ ദുരന്തത്തെ തുടർന്ന് സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുള്ള നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുകയുൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. പദ്ധതി പ്രകാരം നൽകുന്ന തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം വീട് നിർമ്മാണത്തിനായി വിനിയോഗിക്കുന്നുണ്ട്. 2020 ജനുവരി 27 വരെ സംസ്ഥാനത്തൊട്ടാകെ 1948 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

സംസ്ഥാനത്തെ, തുക സംഭാവന നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച 52,68,69,506 രൂപയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽനിന്നും അനുവദിച്ച 35 കോടി രൂപയും

ചേർത്ത് ആകെ 87,68,69,506 രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിന് തുക ചെലവഴിക്കുന്നത്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട നിർവ്വഹണത്തിനായി സഹകരണ സ്ഥാപനങ്ങൾ അവരുടെ ലാഭവിഹിതം പൊതുയോഗത്തിന്റെ അംഗീകാരത്തോടെ സംഭാവനയായി അനുവദിക്കുന്നുണ്ട്. രണ്ടാംഘട്ടം ഉടൻ ആരംഭിക്കുന്നതാണ്.

(സി) കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. 2020 ജനുവരി 27 വരെ സംസ്ഥാന ത്തൊട്ടാകെ 1948 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്ന 74 വീടുകളുടെ നിർമ്മാണം 2020 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനു ലക്ഷ്യമിടുന്നു. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 3 മാസത്തിനകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരികയാണ്.

കെയർ കേരള പദ്ധതി

239 (2497) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെയർ കേരള പദ്ധതി മുഖേന എത്ര വീടുകൾ ഇതുവരെ പൂർത്തിയാക്കി അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) എത്ര വീടുകളുടെ നിർമ്മാണം നിലവിൽ നടന്നുവരുന്നു എന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കെയർ കേരള പദ്ധതിയുടെ ഉപ പദ്ധതിയായ കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. 2020 ജനുവരി 27 വരെ 1938 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 10 വീടുകൾ നിർമ്മാണം പൂർത്തിയായി കൈമാറ്റത്തിന് സജ്ജമായിട്ടുണ്ട്.

(ബി) 74 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

(സി) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) കെയർ ഹോം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചുനൽകിയശേഷം അവരുടെ കുടുംബത്തിനാവശ്യമായ തുടർക്ഷേമ പ്രവർത്തനങ്ങൾ കെയർഗ്രേസ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപുസ്തകം, പ്രധാനപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കെയർ ഗ്രേസ് പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച കെയർഹോം വീടുകളുടെയും ഗുണഭോക്താക്കളുടെയും സമഗ്രമായ വിവര ശേഖരണം നടത്തുന്നതിന് ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാഫ് (SAF-Society for Assistance to Fisherwomen) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവര ശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരികയാണ്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ഭൂദാനം കോളനിയിൽ 2019-ലെ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 67 കുടുംബങ്ങൾക്ക് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിന് സർക്കാർ അനുമതി ആയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

240 (2498) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച് വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓഹരി മൂലധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കി തുടങ്ങിയിട്ടില്ല.

(ബി) ഉണ്ട്.

(സി) 1. എസ്.സി./എസ്.റ്റി. വിഭാഗത്തിൽ ഉൾപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് ഓഹരിമൂലധനമായി 1,50,000 രൂപയും സബ്സിഡിയായി 3,50,000 രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

2. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് റെഡി മെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്, ടെയിലറിംഗ് യൂണിറ്റ്, പേപ്പർ കപ്പ് ആൻഡ് പേപ്പർ ക്യാരിബാഗ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, നോട്ട് ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, സോപ്പ് ആൻഡ് ലോഷൻ നിർമ്മാണ യൂണിറ്റ് എന്നീ തൊഴിലധിഷ്ഠിത മേഖലകളിൽ പരിശീലനം നൽകുന്നതിനായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡി) പ്രവർത്തനമൂലധന ഗ്രാന്റ് ഇനത്തിലും ഓഹരി ഇനത്തിൽ 5 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ പുനരുദ്ധാരണ പദ്ധതി പ്രകാരവും അനുവദിച്ചുവരുന്നു. ഇതിനു പുറമെ സർക്കാർ ഓഹരി മൂലധനമായി 4 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

(ഡി) ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനും സംഘം പ്രവർത്തനം വിപുലീകരിക്കുന്നതിനും ഓഹരിമൂലധനമായി 20 ലക്ഷം രൂപയും സബ്സിഡിയായി 30 ലക്ഷം രൂപയുമുൾപ്പെടെ ആകെ 50 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി

241 (2499) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏഴ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമും ഊർജ്ജക്ഷമതയുള്ള അടുപ്പും സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ചെയ്തിരുന്നതുപ്രകാരമുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി.സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചുനൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

കേരള ബാങ്ക് - രൂപീകരണം

242 (2500) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം, ജില്ലാ ബാങ്കുകളിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും ദോഷകരമാണെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചതുമൂലം സംഘങ്ങളുടെ സ്വയംഭരണ സ്വഭാവത്തെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ;

(സി) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഏകീകരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പുതിയ ബാങ്കിന് യോജിച്ച രീതിയിൽ ഉദ്യോഗസ്ഥ ഘടന നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണം മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും ദോഷകരമാവുന്ന ഒന്നല്ല. മറിച്ചുള്ള വാദങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ചത് സഹകരണ സംഘങ്ങളുടെ സ്വയംഭരണ സ്വഭാവത്തെ ദോഷകരമായി ബാധിക്കില്ല.

(സി) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടേയും സംസ്ഥാന സഹകരണ ബാങ്കിന്റേയും ഉൽപ്പന്നങ്ങൾ ഏകീകൃതമാക്കിയിട്ടുണ്ട്.

(ഡി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായും പരിഷ്കരിക്കുന്നതുമായും ബന്ധപ്പെട്ട് പഠനം നടത്തുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

കേരള ബാങ്ക്

243 (2501) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറത്തിറങ്ങിയിട്ടുണ്ടോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ ഇതിനകം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ ഇതിനകം പാലിച്ചുവെന്നും ഇനി അവശേഷിക്കുന്നവ ഏതെന്നും വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് രൂപീകൃതമായതോടുകൂടി സഹകാരികൾക്കും ബാങ്കിലെ ഇടപാടുകാർക്കും ലഭ്യമാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചുവടെപ്പറയുന്ന വ്യവസ്ഥകളോടെയാണ് റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയത്.

1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.
2. ലയനത്തെ സ്റ്റേ ചെയ്ത് കൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലായെന്ന് സർക്കാർ ഉറപ്പ് വരുത്തണം.
3. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.
4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസ്സാക്കണം.

5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ ഒരു എം.ഒ.യു. ഒപ്പുവയ്ക്കണം. ഭരണ സമിതി, മാനേജ്മെന്റ് ഘടന, മനുഷ്യ വിഭവ ശേഷി ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവ എം.ഒ.യു.-വിൽ വരേണ്ടത്.

6. ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനപര്യാപ്തതയും നെറ്റ് വർത്തും റിസർവ് ബാങ്ക് നിബന്ധനകൾക്ക് അനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.

7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ് ഷീറ്റ് എല്ലാ വിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള ശേഷിയുള്ളതും ജനങ്ങൾക്ക് എല്ലാ വിധ സേവനങ്ങളും നൽകുന്നതിന് പര്യാപ്തവുമായിരിക്കണം.

8. ക്രമരഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.

9. ആസ്തിബാധ്യതകളുടെ വാല്യൂവേഷൻ നടത്തുകയും നഷ്ടആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നൽകാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ് വെയർ സംസ്ഥാന സഹകരണ ബാങ്കിനുണ്ടായിരിക്കണം.

12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.

13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO ഫിറ്റ് & ആൻഡ് പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണസമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽസുണ്ടാകണം.

14. റിസർവ് ബാങ്ക് അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കണം. അതിനായി ഉചിത ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും, ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI-യ്ക്ക് അപേക്ഷ നൽകണം. RBI-യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI-യ്ക്ക് സറണ്ടർ ചെയ്യണം.

16. സംസ്ഥാന സഹകരണ ബാങ്ക് ലയന പദ്ധതിക്ക് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.

18. ബാങ്ക് എന്ന പദമുപയോഗിച്ച് കൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19. മേൽ വ്യവസ്ഥകൾ പാലിച്ചതിനുശേഷം അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിനെ സമീപിക്കണം.

(സി) ലയനത്തിന് മുമ്പ് പാലിക്കേണ്ട നിബന്ധനകൾ പാലിച്ച് റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ലയനത്തിനുള്ള അന്തിമ അനുമതി റിസർവ് ബാങ്ക് നൽകിയത്.

(ഡി) കേരളത്തിലെ സഹകരണ മേഖലയുടെ സർവ്വോന്മുഖമായ വളർച്ചയാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സര ശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും സമൂഹത്തിനാകെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും ഇത് സഹായകമാകും. പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാക്തീകരണത്തിന് വഴിയൊരുക്കുന്നതിനും ഇതിലൂടെ സാധിക്കും. കാർഷിക കാർഷികേതര വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കാൻ കഴിയുന്നതോടൊപ്പം അതിനൂതന സാങ്കേതിക മികവിലേയ്ക്ക് സഹകരണ ബാങ്കിംഗ് രംഗത്തെ ഉയർത്തുവാനും കഴിയും.

കേരള ബാങ്ക്

244 (2502) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് എന്നുമുതലാണ് മറ്റ് പൊതുമേഖലാ ബാങ്കുകൾ നൽകുന്നതു പോലുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിത്തുടങ്ങുക; വിശദവിവരങ്ങൾ നൽകുമോ;

(ബി) സോഫ്റ്റ്വെയർ അടക്കം ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) കേരള ബാങ്കിനായുള്ള ഏകീകൃത സോഫ്റ്റ്വെയറിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. കോർബാങ്കിംഗ് ഏകീകരണം പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമേഖല ബാങ്കുകൾ നൽകുന്നതുപോലെയുള്ള സേവനങ്ങൾ നൽകാൻ കഴിയുന്നതാണ്. കേരള ബാങ്കിന് ടെക്നിക്കൽ പ്ലാറ്റ്ഫോം ഒരുക്കുന്നതിന്റെ ഭാഗമായി Selection of CBS, Allied Solution and Setting up to DC/DR/NDR, ATM Switch Services for proposed Kerala Bank under OPEX Model, Selection of Network Integrator for Managing, Designing and Monitoring of enterprise wide area network എന്നിങ്ങനെ മൂന്ന് ടെണ്ടറുകൾ വിളിക്കുകയുണ്ടായി.

Sl.No.	Tender Name	Open Date	Closed Date
1	Selection of CBS, Allied Solution and Setting up of DC/DR/NDR for proposed Kerala Bank	1-3-2019	22-7-2019
2	ATM Switch Services for proposed Kerala Bank under OPEX Model	2-3-2019	22-7-2019
3	Selection of Network Integrator for Managing, Designing and Monitoring of Enterprise wide area network (EWAN)	2-3-2019	22-7-2019

ഇതിൽ CBS ടെണ്ടറിനും ATM Switching ടെണ്ടറിനും നാല് ക്വട്ടേഷൻ വീതം ലഭിക്കുകയും ചെയ്തു. Network Integrator-ന് ഒരു ക്വട്ടേഷൻമാത്രം ലഭിച്ചതിനാൽ അത് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. CBS, RFP, Prequalification evaluation പൂർത്തീകരിക്കുകയും അതിൽ രണ്ട് Vendor-മാർ അടുത്ത ഘട്ടമായ technical evaluation-ലേയ്ക്ക് യോഗ്യത നേടി. ഇതിന്റെ technical evaluation നടന്നുകൊണ്ടിരിക്കുന്നു. ATM Switch-ന്റെ Pre-qualification evaluation നടന്നുകൊണ്ടിരിക്കുന്നു.

കേരള ബാങ്ക് നൽകുന്ന കാർഷിക വായ്പ പലിശ നിരക്ക്

245 (2503) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ കാർഷിക വായ്പ പലിശ നിരക്ക് ഇപ്പോൾ നൽകുന്ന നിരക്കിൽനിന്ന് കുറവുവരുത്താൻ കേരള ബാങ്ക് നിലവിൽ വരുമ്പോൾ കഴിയുമോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പുതിയ നിരക്ക് എത്ര ആയിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്കിലെ എ ക്ലാസ് അംഗങ്ങളായ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കേരള ബാങ്കിൽനിന്നും നൽകുന്ന വായ്പയുടെ പലിശ നിരക്കും എ ക്ലാസ് അല്ലാത്ത മറ്റ് അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്കും തുല്യമായിരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വായ്പാഘടന Delayer ചെയ്താണ് കേരള ബാങ്ക് നിലവിൽ വന്നത്. ഈ സാഹചര്യത്തിൽ പലിശ ഘടനയിൽ കാതലായ മാറ്റമുണ്ടാകും. സഹകരണ സംഘം രജിസ്ട്രാർ കൺവീനറായുള്ള പലിശ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

(ബി) കേരള ബാങ്കിൽനിന്നും നൽകുന്ന വായ്പകളുടെ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത് വായ്പാ സ്കീമുകളുടെ അടിസ്ഥാനത്തിലാണ്. വായ്പകളുടെ പലിശ നിരക്ക് പലിശനിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകിവരുന്നു.

കേരള ബാങ്ക് ജീവനക്കാരുടെ വിരമിക്കൽ പ്രായം

246 (2504) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ച സാഹചര്യത്തിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) 2019 ഡിസംബർ രണ്ടാം വാരം തിരുവനന്തപുരത്ത് ചേർന്ന കേരള ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ യോഗത്തിൽ വിരമിക്കൽ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സമാനമായി കേരള ബാങ്ക് ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സ് ആക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരിച്ച സാഹചര്യത്തിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

കേരള ബാങ്ക് പ്രവർത്തനത്തിന് അന്തിമാനുമതി

247 (2505) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ പ്രവർത്തനത്തിന് അന്തിമാനുമതിക്കായുള്ള അപേക്ഷ റിസർവ് ബാങ്കിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ബാങ്കിന് അനുമതി ലഭിക്കാൻ റിസർവ് ബാങ്ക് നിശ്ചയിച്ച ഒമ്പത് ശതമാനം മൂലധന പര്യാപ്തത ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്ക് ഉണ്ടെന്നുള്ള റിപ്പോർട്ടാണ് സമർപ്പിച്ചത്; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ട് കിട്ടാക്കടങ്ങളുടെ യഥാർത്ഥ കണക്കുകൾ മറച്ചുവെച്ചുണ്ടാക്കിയതാണെന്ന് നബാർഡ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. അന്തിമ അനുമതിയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് 31-3-2020-ന് മുമ്പ് RBI-ക്ക് റിപ്പോർട്ട് നൽകേണ്ടതുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും സംയോജിത മൂലധനം മൂലധനപര്യാപ്തത നിബന്ധനകൾ അനുസരിച്ച് ഉണ്ടായിരിക്കണമെന്നതാണ് തത്വത്തിൽ അനുവാദം നൽകുമ്പോൾ RBI നിഷ്കർഷിച്ച വ്യവസ്ഥ. ഈ വ്യവസ്ഥ പാലിച്ച് കൊണ്ടാണ് അന്തിമ അനുവാദത്തിന് അപേക്ഷ സമർപ്പിച്ചിരുന്നത്.

(സി) ഇല്ല. സഹകരണ സംഘം ഓഡിറ്റർമാരും ചാർട്ടേഡ് അക്കൗണ്ടന്റ്മാരും ഓഡിറ്റ് ചെയ്ത കണക്കുകൾ നബാർഡിന്റെ ശിപാർശയോടെയാണ് RBI-യ്ക്ക് നൽകിയത്. ആ കണക്കുകളിൽ RBI/NABARD പിഴവുകൾ ചൂണ്ടികാണിച്ചിരുന്നില്ല.

കേരള ബാങ്കിന് ഇതര സംസ്ഥാനങ്ങളിൽ ശാഖകൾ

248 (2506) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരള സഹകരണ സംഘം നിയമം അനുസരിച്ച് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുവാൻ അനുമതിയുണ്ടോ എന്നറിയിക്കുമോ ;

(സി) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്നുവെങ്കിൽ ഏതു നിയമപ്രകാരം ആണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള ബാങ്കിന് ഇതര സംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്ന വിഷയം ഭാവിയിൽ പരിഗണിക്കുന്നതാണ്. കേരള ബാങ്ക് ബൈലോയിൽ താഴെപ്പറയുന്ന രീതിയിലാണ് ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുള്ളത്. Area of operation:- Its operation shall extend to the whole of the Kerala State. It can be extended outside the State of Kerala/India with the permission of the Government/Regulators.

(ബി) നിലവിൽ അനുമതിയില്ല.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമം അനുശാസിച്ചാണ് നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിച്ചുവരുന്നത്. ഈ ബാങ്കിന് ഇതര സംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങുന്നതിന് അനുമതി നേടുന്നത് ആലോചനയിലുണ്ട്.

കേരള ബാങ്കിന്റെ ഭരണം

249 (2507) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ പത്തൊൻപതിന നിർദ്ദേശങ്ങളിൽ കേരള ബാങ്കിന്റെ ഭരണം ബോർഡ് ഓഫ് മാനേജ്മെന്റിന് ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഉത്തരവാദിത്വം എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(സി) റിസർവ് ബാങ്കിന്റെ ഈ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. എന്നാൽ അർബൻ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയ മാതൃകയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് കേരള ബാങ്കിനുമുണ്ടാവണം എന്ന് RBI നിർദ്ദേശിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ഭരണസമിതിക്ക് കീഴെയായിരിക്കും ബോർഡ് ഓഫ് മാനേജ്മെന്റ്.

(ബി) നിക്ഷേപം, വായ്പ തുടങ്ങിയ ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ആയത് സംബന്ധിച്ച് റിസർവ് ബാങ്ക് ചട്ടങ്ങൾ പ്രകാരം ബാങ്ക് ഭരണസമിതിയെ ഉപദേശിക്കുകയെന്നതാണ് ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ചുമതല.

(സി) കേരള സഹകരണ നിയമത്തിലും സംസ്ഥാന സഹകരണ ബാങ്കിന്റെ ബൈലോയിലും ഈ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സർവ്വീസ്

250 (2508) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സർവ്വീസ് പ്രൊവൈഡറെ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്;

(സി) ടെണ്ടർ പരിശോധിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ടെണ്ടർ നടപടികളുടെ ഭാഗമായുള്ള ടെക്നിക്കൽ ഇവാല്യൂവേഷൻ നടപടികൾ നടന്നുവരുന്നു.

(ബി) ചുവടെ പരാമർശിക്കുന്ന സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

C B S Bidders

1. M/s. Intellect Design Arena Ltd.
2. M/s. EIT Services India Pvt. Ltd.
3. M/s. FIS Payment Solutions & Services India Pvt. Ltd.
4. M/s. Wipro Ltd.

A T M Switch Bidders

1. FIS Payment Solutions and Services India Pvt. Ltd.
2. Euronet Services India Pvt. Ltd.
3. A G S Transact Technologies Ltd.
4. Sarvatra Technologies Pvt. Ltd.

Network Integrator

1. Dimension data

(സി) RFP തയ്യാറാക്കുന്നതിനായി സർക്കാർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും തുടർനടപടികൾക്കായി MD, KSCB-ക്ക് ടി കമ്മിറ്റിയുടെ സഹായത്തോടെ ടെക്നിക്കൽ, ഫിനാൻഷ്യൽ ഇവാല്യൂവേഷൻ നടത്താൻ സർക്കാർ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി

251 (2509) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായി രൂപീകരിച്ച കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) കേരള ബാങ്കിൽ ചേരുന്നതിന് വിസമ്മതിച്ച മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരളബാങ്കിന്റെ ഭാഗമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്ക് പൂർണ്ണതോതിൽ എന്ന് പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കേരള ബാങ്കിനെ അത്യാധുനിക സാങ്കേതിക വിദ്യയോടും സേവന സന്നദ്ധതയോടെയും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) റിസർവ് ബാങ്കിന്റെ അന്തിമ അനുമതി 7-10-2019-ന് ലഭിച്ചിട്ടുണ്ട്. 29-11-2019-ന് 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് കേരള ബാങ്ക് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലയന ശേഷമുള്ള വിശേഷാൽ പൊതുയോഗം 20-1-2020-ന് ചേരുകയുണ്ടായി. കേരള ബാങ്കിന്റെ നിയമാവലി ഭേദഗതി ടി പൊതുയോഗം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) സഹകരണ നിയമപ്രകാരം മലപ്പുറം ജില്ലാ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(സി&ഡി) കേരള ബാങ്ക് 30-11-2019 മുതൽ നിയമപരമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള ബാങ്കിന് വിദേശനിക്ഷേപം സ്വീകരിക്കുവാൻ അനുമതി

252(2510) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിച്ചതോടുകൂടി ജില്ലാ സഹകരണബാങ്കുകൾക്ക് വിദേശനിക്ഷേപം സ്വീകരിക്കാനുള്ള ലൈസൻസ് നഷ്ടമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള ബാങ്കിന് നിലവിൽ വിദേശനിക്ഷേപം സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമം പൂർത്തീകരിക്കുവാൻ എത്ര കാലതാമസം നേരിടും എന്ന് അറിയിക്കാമോ;

(ഡി) ഇവ പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട്, വയനാട് ജില്ലാ സഹകരണ ബാങ്കുകൾ പുതുതായി വിദേശ നിക്ഷേപം സ്വീകരിക്കരുതെന്ന് RBI നിർദ്ദേശിച്ചിട്ടുണ്ട്.

(ബി-ഡി) വിദേശനിക്ഷേപം സ്വീകരിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുള്ള വിശദമായ അപേക്ഷ RBI-യുടെ പരിഗണനയിലാണ്. കെ.എസ്.സി.ബി.(എൽ.) നൽകിയ അപേക്ഷ പരിഗണിച്ച് NRE നിക്ഷേപം സ്വീകരിക്കാൻ ആവശ്യമായ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റ് RBI-ക്ക് കത്ത് നൽകിയിട്ടുണ്ട്.

സഹകരണ വകുപ്പിന് കേരള ബാങ്കിന്റെ നടത്തിപ്പിലുള്ള പങ്ക്

253 (2511) ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയുടെ പ്രവർത്തനത്തിൽ നിർണ്ണായക സ്വാധീനം നല്കിയ സഹകരണ വകുപ്പിന് കേരള ബാങ്കിന്റെ നടത്തിപ്പിൽ എന്തുപങ്കാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള ബാങ്ക് സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമായി സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഭരണ സമിതിയിൽ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉണ്ടായിരിക്കും. കൂടാതെ 2 പ്രൊഫഷണൽ അംഗങ്ങളേയും ഭരണ സമിതിയിൽ സർക്കാർ നോമിനേറ്റ് ചെയ്യുന്നതായിരിക്കും. ബാങ്ക് ആത്യന്തികമായി സഹകരണ മേഖലയിൽ സഹകരണ നിയമനത്തിനും ചട്ടങ്ങൾക്കും അനുസൃതമായിട്ടായിരിക്കും പ്രവർത്തിക്കുക.

പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനിൽപ്പ്

254(2512) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് വിദേശത്ത് ശാഖ തുടങ്ങാൻ കഴിയുമോ; കേരള സഹകരണ നിയമചട്ടം അനുസരിച്ച് രൂപീകൃതമാകുന്ന ഒരു സഹകരണ സ്ഥാപനത്തിന് വിദേശത്ത് ശാഖ തുടങ്ങാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശയേക്കാൾ 1% കുറവാണോ കേരള ബാങ്ക് ഈടാക്കുന്ന പലിശ;

(സി) കൂടാതെ 2% ഓഹരി കൂടി പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങളിൽ നിന്ന് ഈടാക്കുന്നുണ്ടോ; ഇങ്ങനെ പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്ന് വായ്പ എടുക്കുവാൻ ആരെങ്കിലും തയ്യാറാകുമോ;

(ഡി) ഇത് പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) കേരള ബാങ്ക് ആദ്യ മൂന്ന് വർഷം 10% ലാഭവിഹിതം നൽകുമോ; കേരള സംസ്ഥാന സഹകരണ സംഘം നിയമം വകുപ്പ് 56 പ്രകാരം പ്രവർത്തനലാഭം ഉണ്ടാകില്ലെങ്കിൽ എങ്ങനെ ലാഭവിഹിതം കൊടുക്കും എന്ന് വ്യക്തമാക്കാമോ;

(എഫ്) മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും അനുശാസിച്ചാണ് സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിക്കുന്നത്. വിദേശത്ത് ശാഖ തുടങ്ങുന്ന കാര്യം ഗവൺമെന്റിന്റെയും RBI/നബാർഡ് തുടങ്ങി റെഗുലേറ്റർ സ്ഥാപനങ്ങളുടെയും അംഗീകാരത്തോടെ പിന്നീട് ആലോചിക്കുന്നതാണ്.

(ബി) സഹകരണ സംഘങ്ങളിലെ വായ്പാ പലിശ നിർണ്ണയിക്കുന്നത് പലിശ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറാണ്.

(സി&ഡി) സഹകരണ നിയമത്തിലെ വ്യവസ്ഥ പ്രകാരം മാക്സിമം 2% ഓഹരി വായ്പാക്കാരിൽനിന്ന് ഈടാക്കാവുന്നതാണ്. വായ്പാക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാണ് ആയത് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിന് ഡിവിഡന്റ് നൽകുന്നുണ്ട്.

(ഇ) കേരള ബാങ്കിന് തുടക്കത്തിൽത്തന്നെ ലാഭവിഹിതം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പൊതു താല്പര്യം മുൻനിർത്തി മലപ്പുറം ജില്ലാ ബാങ്കിനേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കും.

കേരള ബാങ്കിന് നബാർഡിൽനിന്നും ലഭിക്കുന്ന പുനർവായ്പാ സഹായം

255 (2513) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ എ റേറ്റിംഗ് ഉള്ള ഒൻപത് ജില്ലാ സഹകരണ ബാങ്കുകളും ബി റേറ്റിംഗ് ഉള്ള ആറ് ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിക്കുന്നത് ബി റേറ്റിംഗ് ഉള്ള കേരള സംസ്ഥാന സഹകരണ ബാങ്കിലാണോ; എങ്കിൽ കേരള ബാങ്കിന്റെ റേറ്റിംഗ് എന്താവും എന്ന് വ്യക്തമാക്കാമോ;

(ബി) ദ്വിതല സംവിധാനത്തിലേക്ക് മാറുമ്പോൾ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ് ക്രിയാസ്തി ഉയർന്ന നിലവാരത്തിലേക്ക് മാറുകയോ മൂലധന പര്യാപ്തത ഒൻപത് ശതമാനത്തിൽ താഴെ വരികയോ പ്രവർത്തനഫലം നഷ്ടത്തിലാവുകയോ ചെയ്യുമ്പോൾ നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പാ സഹായം കേരളത്തിന് ലഭിക്കാതെ വരുമോ; വിശദമാക്കാമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളും അർബൻ ബാങ്കുകളും ഒഴികെയുള്ള മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ ഉള്ള ഓഹരികൾ തിരികെ നൽകിയോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിലെ തീരുമാനം എന്താണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റേറ്റിംഗ് 'A' റേറ്റിംഗ് ആയാണുള്ളത്.

(ബി) 2019-20 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് നബാർഡിൽനിന്ന് പുനർവായ്പാ സഹായം ലഭിക്കുന്നുണ്ട്. 31-3-2020-ലെ നിഷ്ക്രിയ ആസ്തിയും മൂലധന പര്യാപ്തതയും കണക്കിലെടുത്തായിരിക്കും 2020-21-ലെ നബാർഡിന്റെ പുനർവായ്പ സഹായം ലഭിക്കുന്നത്.

(സി) ബാങ്കിന്റെ ബൈലോ വ്യവസ്ഥകൾ അനുസരിച്ച് PACS-ഉം അർബൻ ബാങ്കുകളും ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് Nominal/ Associate അംഗങ്ങൾ എന്ന നിലയിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഓഹരികൾ നില നിർത്താൻ സാധിക്കും.

ക്ഷേമ പരിപാടികളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്

256 (2514) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നയം മുന്നോട്ടുവച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിന് ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്ന വിവിധ മേഖലകളിലും കാർഷിക മേഖലയിലും നൽകി വരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽനിന്നുള്ള വായ്പ തോത് വർദ്ധിപ്പിക്കാനായിട്ടുണ്ടോ;

(സി) സർക്കാരിന്റെ വിവിധ ക്ഷേമ പരിപാടികളിൽ സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ ;

(ഡി) കെയർ ഹോം, കെയർ ലോൺ, റിസർജന്റ് കേരള ലോൺ സ്കീം എന്നീ പദ്ധതികൾ വഴി നവകേരള നിർമ്മാണത്തിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ നയം മുന്നോട്ടുവച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിന് ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി തിരുവനന്തപുരം ആസ്ഥാനമായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് "ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4498" എന്ന പേരിൽ ഒരു സഹകരണ സംഘം 2-11-2019-ൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ആസ്ഥാനമായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് "കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ലിമിറ്റഡ് നമ്പർ 4499" 21-12-2019-ൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31-3-2020 വരെ മൊറട്ടോറിയം അനുവദിച്ചും സഹകരണ സംഘം രജിസ്ട്രാറുടെ 06/20 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്.

പ്രളയത്തിൽ സർക്കാർ പ്രളയബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതിക്ക് സർക്കാരിന്റെ 17-12-2018-ലെ സ.ഉ.(കൈ)27/2018/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം (സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ 03/19) രൂപം നൽകിയിട്ടുണ്ട്.

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവർ, കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിക്കുക സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത

വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം 1000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം.

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി നെൽകൃഷിക്ക് പരിധിയില്ലാത്ത തുക പലിശ രഹിത വായ്പയായി നൽകിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം സബ് വെൻഷൻ കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി സർക്കാർ നൽകുന്നതുവഴി ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകിവരുന്നു. കൂടാതെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നെൽ കർഷകർക്കും കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ചുവടെപ്പറയും പ്രകാരമുള്ള പദ്ധതി ധനസഹായവും സർക്കാർ നൽകിവരുന്നു.

- സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- സഹകരണ സംഘത്തിന് കൊയ്ത്തുമെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകിവരുന്നുണ്ട്.

- സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ചു നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.

- ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങൾ വഴി കൃഷി അടിസ്ഥാനമാക്കി തോട്ടവിളകൾ സംസ്കരിക്കൽ (തേയില, കാപ്പി, റബ്ബർ, കശുവണ്ടി, അടയ്ക്ക, സുഗന്ധ വ്യഞ്ജനങ്ങൾ) ഭക്ഷ്യവിളകളുടെ സംസ്കരണം, എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി. പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. കൂടാതെ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള യന്ത്ര സാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്. വിവിധ കാർഷിക ഉത്പന്നങ്ങൾക്കുള്ള വിപണന അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ പറ്റുന്നതും വരുമാനം ഉളവാക്കാൻ പറ്റുന്നതുമായ പദ്ധതികൾക്ക് ധനസഹായം നൽകിക്കൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് ധനസഹായം അനുവദിക്കുന്നു.

കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുത്തുകൊണ്ട് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ പുതയതായി രൂപീകരിച്ച പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്)

എന്ന സഹകരണ സംഘത്തിന്റെ അധീനതയിൽ 200 മെട്രിക് ടൺ നെല്ല് സംസ്കരിച്ച് അരിയാക്കുന്നതിന് ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനായി സംസ്ഥാനങ്ങൾക്കും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികളും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് 04/2007 സർക്കുലർ മുഖാന്തരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ട് മുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്ന് 39/06 സർക്കുലർ മുഖാന്തരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ വിവിധ ക്ഷേമ പരിപാടികളിൽ ഒന്നും പ്രധാനവുമായ ക്ഷേമ പെൻഷൻ വിതരണത്തിനായുള്ള സർക്കാരിന്റെ കൺസോർഷ്യത്തിലേയ്ക്ക് കേരളത്തിലെ സഹകരണ സംഘങ്ങളുടെ സംഭാവന ചുവടെ ചേർക്കുന്നു.

- കേരള സംസ്ഥാന സർക്കാരിന് 2018 സാമ്പത്തിക വർഷത്തിൽ ഓണത്തിനോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്കായി 1773.30 കോടി രൂപ സംസ്ഥാനത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും വായ്പയായി സ്വരൂപിച്ച് സംസ്ഥാന സഹകരണ ബാങ്ക് വഴി സംസ്ഥാന സർക്കാരിന് നൽകുകയുണ്ടായി.

- ടി തുകയ്ക്ക് എല്ലാ സംഘങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രസീത് നൽകുകയും സംഘം വായ്പയായി കൺസോർഷ്യം ഫണ്ടിലേയ്ക്ക് 14 മാസക്കാലാവധിയായി നിക്ഷേപിച്ച തുകയ്ക്ക് ടി തീയതി മുതൽ 2019 ആഗസ്റ്റ് മാസം വരെ 9.5 ശതമാനം പലിശ നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘങ്ങൾക്ക് 2019 മേയ് മാസം വരെയുള്ള പലിശ വീഴ്ച കൂടാതെ നൽകുകയും ചെയ്തിട്ടുണ്ട്.

- 2019 സാമ്പത്തിക വർഷം വിഷുവിനോടനുബന്ധിച്ച് രണ്ടാം ഘട്ടമായി സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി സംസ്ഥാനത്തെ ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും മറ്റ് സഹകരണ സംഘങ്ങളിൽനിന്നും വായ്പയായി 14 മാസക്കാലാവധിക്ക് 9.5 ശതമാനം പലിശയ്ക്ക് 2634.48 കോടി രൂപ സ്വരൂപിച്ച് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. ടി തുകയ്ക്കും സഹകരണ സംഘം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രസീത് സംഘങ്ങൾക്ക് നൽകുകയും സംഘങ്ങൾ വായ്പയായി നിക്ഷേപിച്ച തുകയ്ക്ക് 2020 ജൂൺ മാസം വരെ പലിശ നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

- സർക്കാരിന്റെ 14-3-2019-ലെ സ.ഉ.(സാധാ)നമ്പർ 200/2019/സഹ ഉത്തരവ് പ്രകാരം 16-10-2019 വരെ 1799.80 കോടി രൂപ പുതുക്കിയിട്ടുണ്ട്.

- സർക്കാരിന്റെ 18-12-2019-ലെ സ.ഉ.(സാധാ.)നമ്പർ749/2019/സഹ ഉത്തരവ് പ്രകാരം 1700 കോടി രൂപ കൂടി കൺസോർഷ്യത്തിലേയ്ക്ക് സമാഹരിക്കുന്നതിനും 14 മാസക്കാലാവധിക്ക് 9.5 ശതമാനം പലിശ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 1170 കോടി രൂപ കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്.

മേൽ പ്രകാരം 2-2-2020 വരെ 4434.28 കോടി രൂപയും 1170 കോടി രൂപയുമുൾപ്പെടെ 5604.28 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്.

വനിതാഫെഡ്

വനിതകളുടെ ക്ഷേമം മുൻനിർത്തി സ്ത്രീശാക്തീകരണത്തിനും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയും ലക്ഷ്യമിട്ട് വനിതാഫെഡ് വിവിധ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരുന്നു. അതോടൊപ്പം വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭരണപരമായ പ്രാഗത്ഭ്യം നേടുന്നതിനും ട്രെയിനിംഗ് നൽകിവരുന്നു. ഇതിനായി ശില്പശാലകൾ നടത്തിവരുന്നു. വനിതകൾക്ക് തൊഴിലവസരം സൃഷ്ടിച്ച് സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനായി ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ് എന്നിവ ആരംഭിക്കുന്നതിനുവേണ്ടി വനിതാ സംഘങ്ങൾക്കും നീതി ലാബ്, തുണിസഞ്ചി, പേപ്പർ സഞ്ചി, ജ്യൂട്ട് ബാഗ് എന്നിവ നിർമ്മിക്കുന്നതിന് സംഘങ്ങൾ മുഖേന വനിതകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വനിതകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനാവശ്യമായ സഹായങ്ങൾ വനിതാഫെഡ് നൽകിവരുന്നു.

ഹൗസ് ഫെഡ്

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുന്ന കെയർ ഹോം, കെയർ കേരള പദ്ധതിയിലേയ്ക്ക് 5 വീടുകൾക്കായി 25 ലക്ഷം രൂപ ഹൗസ്ഫെഡ് സഹകരണസംഘം രജിസ്ട്രാർക്ക് കൈമാറിയിരുന്നു.

കൺസ്യൂമർഫെഡ്

ജനക്ഷേമം മുൻനിർത്തി സംസ്ഥാനത്തെ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡിന്റെ 183 ത്രിവേണികളും 45 മൊബൈൽ ത്രിവേണികളും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന 745 നീതി സ്റ്റോറുകളിലൂടെയും പൊതു വിപണിയിലെ വിലയെക്കാളും 15 ശതമാനം മുതൽ 40 ശതമാനം വരെ വിലകുറച്ച് നിത്യോപയോഗ സാധനങ്ങൾ, കോസ്മെറ്റിക്സ് സാധനങ്ങൾ എന്നിവ വില്പന നടത്തിവരുന്നു. കൂടാതെ ഉത്സവ കാലങ്ങളിലുണ്ടാകുന്ന വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെ സർക്കാർ സബ്സിഡിയോടെ പൊതു വിപണിയിലെ വിലയേക്കാളും 60 ശതമാനം വരെ വിലക്കുറവിൽ നിയന്ത്രിത അളവിൽ വില്പന നടത്തിവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി 12555 വിപണി കളിലൂടെ 315.16 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുകയുണ്ടായി. ടി വില്പനയിൽ സർക്കാർ സബ്സിഡിയായി 171.85 കോടി രൂപയുടെ പ്രത്യക്ഷ വിലക്കുറവ് പൊതു വിപണിയിൽ ലഭ്യമാക്കി. കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്ന 77-ഉം സഹകരണസംഘങ്ങൾ നടത്തുന്ന 856-ഉം നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ ഇൻസുലിൻ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾ പൊതു വിപണിയിലെ വിലയെക്കാളും 14 മുതൽ 70 ശതമാനം വരെ വിലക്കിഴിവിൽ വില്പന നടത്തിവരുന്നു.

സ്കൂൾ സീസണിൽ വിദ്യാർത്ഥികൾക്കാവശ്യമായ ത്രിവേണി നോട്ടുബുക്കുകൾ, മറ്റ് ഉല്പന്നങ്ങൾ, സഹകരണ സംഘങ്ങൾ, കൺസ്യൂമർ ഫെഡ് എന്നിവർ മുഖേന നടത്തുന്ന സ്കൂൾ മാർക്കറ്റുകളിലൂടെ പൊതു വിപണിയിലെ വിലയെക്കാളും 25 ശതമാനം മുതൽ 50 ശതമാനം വരെ വിലക്കുറവിൻമേൽ കഴിഞ്ഞ മൂന്ന് വർഷമായി വില്പന നടത്തിവരുന്നുണ്ട്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ ദീർഘകാല സഹകരണ വായ്പാഘടനയെ കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50 ശതമാനമെങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുകയെന്നുള്ളതായിരുന്നു സഹകരണ നയം. പ്രാഥമിക

സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ നൽകുന്ന വായ്പയുടെ 2017-18, 2018-19 വർഷങ്ങളിലെ കണക്കുകൾ പ്രകാരം, ഭൂരിഭാഗം ബാങ്കുകളും നൽകുന്ന വായ്പയുടെ 30 മുതൽ 40 ശതമാനം വരെയുള്ള വായ്പ തുക കാർഷിക വായ്പയാണ് നൽകിവരുന്നത്.

(സി) സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള തുകയുൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. പദ്ധതിപ്രകാരം നൽകുന്ന തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം വീട് നിർമ്മാണത്തിനായി വിനിയോഗിക്കുന്നുണ്ട്.

2020 ജനുവരി 27 വരെ സംസ്ഥാനത്തൊട്ടാകെ 1938 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 10 വീടുകളുടെ നിർമ്മാണം പൂർത്തിയായി കൈമാറ്റത്തിന് സജ്ജമായിട്ടുണ്ട്. 74 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി (റൂഫ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചത്-15, ലിന്റൽ ലെവൽവരെ നിർമ്മാണം പൂർത്തിയായത്-15, അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ച് നിർമ്മാണം തുടരുന്നത്-24, കല്ലിടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്-20) നടന്ന് വരികയാണ്. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണങ്ങൾ ആസൂത്രണം ചെയ്തു വരികയാണ്.

പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace). കെയർ ഹോം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക്

വീടുകൾ നിർമ്മിച്ചുനൽകിയശേഷം അവരുടെ കുടുംബത്തിനാവശ്യമായ തുടർ ക്ഷേമ പ്രവർത്തനങ്ങൾ കെയർ ഗ്രേസ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപുസ്തകം, പ്രധാനപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കെയർ ഗ്രേസ് പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച കെയർഹോം വീടുകളുടെയും ഗുണഭോക്താക്കളുടെയും സമഗ്രമായ വിവര ശേഖരണം നടത്തുന്നതിന് ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാഫ് (SAF- Society for Assistance to Fisherwomen) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

റീസർജന്റ് കേരള ലോൺ സ്കീം (RKLS)

കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 7-9-2018-ലെ സ.ഉ.(കൈ)326/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS)നടപ്പിലാക്കുന്നത്.

ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മൊറട്ടോറിയം അനുവദിക്കുന്നതാണ്. 10-ാം മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്. 31-12-2019 വരെയുള്ള കണക്കുകൾ പ്രകാരം 85661 അംഗങ്ങ

ൾക്കായി 713.92 കോടി രൂപ ടി വായ്പാ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്. ടി വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണ്. ഗുണഭോക്താവിൽ നിന്നും പലിശ അടക്കമുള്ള തുകയാണ് അയൽക്കൂട്ടം ബാങ്കിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടത്. 9% പലിശ തുക സർക്കാരിൽനിന്നും കൈപ്പറ്റി കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു.

ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം

257 (2515) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ സഹകരണ ബാങ്കുകൾക്കാണ് പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ലൈസൻസ് ഉണ്ടായിരുന്നത് എന്ന് അറിയിക്കാമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് പ്രസ്തുത ബാങ്കുകൾക്ക് നഷ്ടമായോ എന്ന് അറിയിക്കാമോ;

(സി) കേരള ബാങ്കിന് നിലവിലെ സ്ഥിതിയിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ആർ. ബി. ഐ. അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്കാണ് പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസുണ്ടായിരുന്നത്.

(ബി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച സാഹചര്യത്തിൽ വയനാട്, കോഴിക്കോട് ജില്ലാ ബാങ്കുകൾ പ്രവാസി നിക്ഷേപം (NRI നിക്ഷേപം) സ്വീകരിക്കാൻ പാടില്ലെന്ന് ആർ.ബി.ഐ. അറിയിച്ചിട്ടുണ്ട്.

(സി) കേരള ബാങ്കിന് പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷ ആർ.ബി.ഐ.-യുടെ പരിഗണനയിലാണ്.

സംസ്ഥാനത്ത് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ ലയിച്ച സാഹചര്യം

258 (2516) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ ലയിച്ച സാഹചര്യത്തിൽ നിലവിലുള്ള ക്ലാർക്ക്,ക്യാഷർ റാങ്ക് പട്ടികയിൽനിന്ന് നിയമനം നടത്താനാവുമോ; ഈ വിഷയത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; നിലവിലുള്ള നിയമന പട്ടികയിലെ ഉദ്യോഗാർത്ഥികളുടെ ഈ പ്രശ്നം പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി സമർപ്പിച്ച ശ്രീറാം കമ്മിറ്റി റിപ്പോർട്ട് പ്രകാരം കേരള ബാങ്ക് രൂപീകരണശേഷം കൂടുതൽ നിയമനങ്ങൾ ആവശ്യമാണെന്ന വിലയിരുത്തലുണ്ടായിട്ടുണ്ടോ;

(സി) ഇപ്പോൾ താല്ക്കാലിക ജീവനക്കാരെ നിയമിക്കുവാനും സ്ഥിരപ്പെടുത്തുവാനും നടപടി സ്വീകരിക്കുന്നുണ്ടോ; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്ക ഇപ്രകാരം താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്ന നടപടി അവസാനിപ്പിക്കുവാൻ കർശന നിർദ്ദേശം നൽകാമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള ബാങ്ക് നിലവിൽ വന്ന സാഹചര്യത്തിൽ നിയമനങ്ങൾ സംബന്ധിച്ച് പുതിയ സ്പെഷ്യൽ റൂൾ രൂപീകരിക്കേണ്ടതുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ സംസ്ഥാന സഹകരണ ബാങ്കിൽ ഇത്തരം നിയമനങ്ങൾ സ്ഥിരപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടില്ല.

വായ്പാകുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് സംവിധാനം

259 (2517) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ എല്ലാംതന്നെ കേരളാ ബാങ്കിന്റെ ഭാഗമായതോടെ നിലവിൽ ജില്ലാ ബാങ്കുകളിൽനിന്നും വായ്പ എടുത്ത് കുടിശ്ശിക ആയവരുടെ പേരിൽ സർഫാസി നിയമമുപയോഗിച്ച് ജപ്തിയുൾപ്പെടെയുള്ള നടപടിയിലേക്ക് ബാങ്കുകൾ നീങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്കുപകരം ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ അധികാരം ഇല്ലാതായതോടെ ജില്ലാ ബാങ്ക് അധികൃതർ കാലാവധി നീട്ടിനൽകുകയോ തവണകൾ അനുവദിക്കുകയോ ചെയ്യാതെ പെട്ടെന്നുതന്നെ ജപ്തി നടപടിയിലേക്ക് നീങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മൊറട്ടോറിയം കാലയളവിൽപോലും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ബാങ്കധികൃതർ ഇത്തരത്തിൽ ഇടപെട്ടത് സർക്കാർ അന്വേഷിക്കുമോ;

(ഡി) വായ്പകുടിശ്ശിക വന്നവർക്ക് സമയം നീട്ടിനൽകി കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13 ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച തീയതിക്കുമുമ്പ് തന്നെ സംസ്ഥാന സഹകരണ ബാങ്കും ജില്ല സഹകരണ ബാങ്കുകളും സർഫാസി നിയമമനുസരിച്ച് സ്വീകരിച്ചുവന്ന റിക്കവറി നടപടികൾ ഇപ്പോഴും തുടരുന്നു.

(ബി) നിയമാനുസൃതമായി ചെയ്യേണ്ട നോട്ടീസ് നടപടികൾ പൂർത്തീകരിച്ച ശേഷം ബാങ്കിന്റെ വായ്പാ കുടിശ്ശിക പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളാണ് ചെയ്തുവരുന്നത്. വായ്പാ കുടിശ്ശികക്കാരെ സഹായിക്കുന്നതിനുവേണ്ടി ഇപ്പോൾ 1-2-2020 മുതൽ 31-3-2020 വരെ പരമാവധി ഇളവുകളോടെയുള്ള OTS സ്കീമും നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിലുമുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ നൽകിയിരുന്ന മൊറട്ടോറിയത്തിന്റെ കാലാവധി 31-3-2020 വരെ ദീർഘിപ്പിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ജപ്തി നടപടികൾ സംബന്ധിച്ച പരാതി ലഭിക്കുന്ന പക്ഷം ആയത് അന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കുടിശ്ശിക വായ്പകളിൽ പരമാവധി ഇളവുകളോടുകൂടി കണക്ക് അവസാനിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. എന്നാൽ കുടിശ്ശിക വായ്പകളുടെ സമയപരിധി നീട്ടിനൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന പദ്ധതി നിലവിലില്ല.

അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ ജില്ലാ ബാങ്കുകളിലെ നിയമനം

260 (2518) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ മുന്നോടിയായി സംസ്ഥാനത്തിന്റെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിരുന്നോ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ താല്ക്കാലിക, ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ ജില്ലാ ബാങ്കുകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ബാങ്കിലും ഇപ്രകാരം നടത്തിയ താല്ക്കാലിക നിയമനങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഇപ്രകാരം താല്ക്കാലിക നിയമനം ലഭിച്ചവർക്ക് സ്ഥിരനിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2017-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസിലെ വ്യവസ്ഥകൾ നിലവിൽ വന്നതോടെ ജില്ലാ സഹകരണ ബാങ്കുകളിലുണ്ടായിരുന്ന ഭരണ സമിതികൾ ഇല്ലാതായതിനെ തുടർന്ന് ടി ബാങ്കുകളിൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിരുന്നു.

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ താത്കാലിക, ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിയ താത്കാലിക നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

മലപ്പുറം ജില്ല സഹകരണ ബാങ്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്യൂൺ തസ്തികയിൽ മൂന്നു തവണയായി ആറു മാസം കാലാവധിയിൽ 41 പേരെയും സ്റ്റെനോ/ടൈപ്പിസ്റ്റ് തസ്തികയിൽ നാല് തവണയായി ആറു മാസം കാലാവധിയിൽ പത്ത് പേരെയും ഡ്രൈവർ തസ്തികയിൽ ആറു മാസം കാലാവധിയിൽ ഒരു നിയമനവും നടത്തിയിട്ടുണ്ട്.

വയനാട് ജില്ല സഹകരണ ബാങ്ക്

കോൺട്രാക്ട് വ്യവസ്ഥയിൽ:-

സെക്യൂരിറ്റി	-		4 പേർ
സിസ്റ്റം അഡ്മിനിസ്ട്രേറ്റർ	-		ഒരാൾ
അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ	-		ഒരാൾ
എൽ 1 ഹെൽപ്പ് ഡെസ്ക്	-		2 പേർ
ഹാർഡ് വെയർ ആൻഡ് നെറ്റ്			
വർക്കിംഗ് സപ്പോർട്ട്	-		2 പേർ
ദിവസവേതനം	-	പ്യൂൺ	- 10 പേർ
താത്കാലികം (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്)			
ക്ലാർക്ക് /കാഷ്യർ	-		8 പേർ
ആകെ	-		28 പേർ

കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്

ദിവസവേതന വ്യവസ്ഥയിൽ:-

ഡ്രൈവർ	-	5 പേർ
ടൈപ്പിസ്റ്റ്	-	3 പേർ
ടെലഫോൺ ഓപ്പറേറ്റർ	-	ഒരാൾ
ഓഫീസ് ബോയ്	-	ഒരാൾ
പ്യൂൺ	-	60 പേർ
പാർട്ട് ടൈം സ്വീപ്പർ	-	23 പേർ
നൈറ്റ് വാച്ച്മാൻ	-	3 പേർ
കോൺടാക്ട്		
നൈറ്റ് വാച്ച്മാൻ	-	8 പേർ
ആകെ		104 പേർ

(സി) നിലവിൽ പരിഗണനയിലില്ല.

സഹകരണ ബാങ്കിലെ സ്വതന്ത്ര സോഫ്റ്റ്വെയർ

261 (2519) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ചപ്പോൾ സ്വതന്ത്ര സോഫ്റ്റ്വെയർ നടപ്പിൽ വരുത്തിയോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് കേരള ബാങ്കിനെയും അതിന്റെ ഏജൻസിയായി പ്രവർത്തിപ്പിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് എത്ര കാലം വേണ്ടി വരുമെന്ന് അറിയിക്കുമോ;

(ഡി) സ്വതന്ത്ര സോഫ്റ്റ്വെയർ ബന്ധിപ്പിക്കൽ നടപടി പൂർത്തിയാകുന്നതുവരെ പ്രസ്തുത ബാങ്കുകളുടെ പ്രവർത്തനം എങ്ങനെ ഏകീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏകീകൃത കോർബാങ്കിംഗ് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ടെണ്ടർ നടപടി അന്തിമഘട്ടത്തിലാണ്.

(ബി) സമർപ്പിക്കപ്പെട്ട ടെണ്ടറുകളുടെ ടെക്നിക്കൽ ഇവാല്യുവേഷൻ നടന്നുവരുന്നു.

(സി) കേരള ബാങ്കിന്റെ സോഫ്റ്റ് വെയർ ഏകീകരണത്തിനുശേഷമേ പ്രാഥമിക സഹകരണ ബാങ്കുകളെ ഈ സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

(ഡി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുവരെ നിലവിലുള്ള സംവിധാനം തുടരും.

സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർപ്പാക്കാൻ നടപടികൾ

262 (2520) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി "നവകേരളീയം കുടിശ്ശിക നിവാരണം 2020" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" പദ്ധതി നടപ്പിലാക്കിവരുന്നത്. 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയാണ് ടി പദ്ധതിയുടെ കാലാവധി. 2019 ഡിസംബർ 31 വരെ കുടിശ്ശികയായ വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവർ എന്നിവരുടെ വായ്പകൾ ഉൾപ്പെടെ ഓരോ വായ്പാക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി കുടിശ്ശിക വായ്പാ തീർപ്പാക്കാവുന്നതാണ്.

സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പ്

263 (2521) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്ക് ആകുമ്പോൾ സഹകരണം എന്ന പദം പ്രസ്തുത ബാങ്കിന്റെ പേരിൽനിന്ന് ഒഴിവാകുമോ;

(ബി) കേരളത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1824 പ്രാഥമിക സഹകരണ ബാങ്കുകളും 60 അർബൻ സഹകരണ ബാങ്കുകളും 10000-ൽ പരം മറ്റ് സഹകരണ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള 12000-ൽ അധികം സഹകരണ സ്ഥാപനങ്ങളുടെ ഫിനാൻസിംഗ് ബാങ്കായ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതായ സ്ഥിതിക്ക് പ്രസ്തുത സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ അംഗത്വം ലഭിക്കുമോ; ഈ സഹകരണ സംഘങ്ങളുടെ ഫിനാൻസിങ്ങ് ബാങ്കായി കേരള ബാങ്കിന് പ്രവർത്തിക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ;

(സി) കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ശക്തിയായ പ്രസ്തുത സംഘങ്ങളുടെ നിലനിൽപ്പ് എന്താകുമെന്നും സഹകരണ വകുപ്പ് എന്ത് മുൻകരുതൽ ആണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്ക് രൂപീകൃതമാകുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ആഡിറ്റ്, എക്സ്റ്റിക്യൂഷൻ, ആർബിട്രേഷൻ എന്നിവ നിർവ്വഹിക്കുന്ന സഹകരണ വകുപ്പിലെ 16 ജോയിന്റ് രജിസ്ട്രാർ, 7 ഡെപ്യൂട്ടി രജിസ്ട്രാർ, 13 അസിസ്റ്റന്റ് രജിസ്ട്രാർ, 34 ആഡിറ്റർ/ഇൻസ്പെക്ടർമാർ എന്നിവരുൾപ്പെടെ എഴുപതോളം വകുപ്പ് ജീവനക്കാരെ കേരള ബാങ്കിൽ സ്ഥിരമായി നിലനിർത്തുമോ; കേരള ബാങ്കിൽ ഇതിന് ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മറ്റ് വാണിജ്യ ബാങ്കുകളിൽനിന്ന് വിഭിന്നമായി, അംഗങ്ങൾ വായ്പ എടുക്കുമ്പോൾ ലഭിക്കുന്ന 2% ഒറ്റത്തവണ ഓഹരിത്തുക പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനമായി മാറുന്ന നിലവിലെ രീതി ഒഴിവാക്കണം എന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം നടപ്പിലാക്കുമോ;

(എഫ്) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തനങ്ങളായ ചിട്ടി നടത്തിപ്പ്, നീതി സ്റ്റോറുകൾ, വളം ഡിപ്പോകൾ, വിശേഷ ദിവസങ്ങളിലെ ചന്തകൾ, സർക്കാരിന്റെ ക്ഷേമ പെൻഷൻ നൽകൽ തുടങ്ങിയവ പ്രാഥമിക സഹകരണ ബാങ്കുകൾ നടത്തുന്നുണ്ടോ;

(ജി) എങ്കിൽ ഇത്തരം വായ്പേതര പ്രവർത്തനങ്ങൾ തുടർന്നും നടത്താനാവശ്യമായ അനുമതി റിസർവ് ബാങ്കിൽ നിന്നും കേരള ബാങ്കിന്റെ അനുബന്ധ ബാങ്കുകളായി പ്രവർത്തിക്കേണ്ട പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യങ്ങളിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ബ്രാൻഡ് നെയിമാണ് കേരള ബാങ്ക്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ A ക്ലാസ് അംഗങ്ങൾ ആയിരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും ലൈസൻസ്ഡ് അർബൻ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ A ക്ലാസ് അംഗങ്ങൾ ആയിരിക്കും. മറ്റു സംഘങ്ങൾ 'C' ക്ലാസ് (Nominal/Associate) അംഗങ്ങൾ ആയിരിക്കും. എല്ലാ വിഭാഗം സംഘങ്ങൾക്കും ഫിനാൻസിംഗ് നടത്താൻ കേരള ബാങ്കിന് സാധിക്കും.

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ലയനം നടന്നു എന്ന കാരണത്താൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് യാതൊരു വിധ പ്രവർത്തന തടസ്സവുമുണ്ടാകുകയില്ല.

(ഡി) കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ ആഡിറ്റ്, എക്സ്റ്റിക്യൂഷൻ, ആർബിട്രേഷൻ എന്നിവ നിർവ്വഹിക്കുന്നതിനായി സഹകരണ വകുപ്പിലെ 16 ജോയിന്റ് രജിസ്ട്രാർമാർ, 6 ഡെപ്യൂട്ടി രജിസ്ട്രാർമാർ, 15 അസിസ്റ്റന്റ് രജിസ്ട്രാർമാർ 35 ഇൻസ്പെക്ടർ/ആഡിറ്റർമാർ ഉൾപ്പെടെ 72 ജീവനക്കാരുടെ സേവനം KSR Part I ചട്ടം 156-ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുണ്ട്. അതാത് ബാങ്കുകൾ ഭരണസമിതി തീരുമാനത്തിലൂടെ ഒരു വർഷക്കാലവധിയിലേയ്ക്കാണ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കാൻ വകുപ്പിനോട് അപേക്ഷിക്കാറുള്ളത്. കാലാവധി പൂർത്തിയാവുന്ന മുറയ്ക്ക് ടി തസ്തികകളുടെ തുടർച്ചാനുവാദത്തിനായുള്ള അതാത് ബാങ്കുകളുടെ അപേക്ഷ പരിഗണിച്ച് വകുപ്പ് ടി തസ്തികകൾക്ക് തുടർച്ചാനുമതിയും നൽകി വരുന്നു. നിലവിലുള്ള സർക്കാർ ജീവനക്കാരുടെ സേവനം ലയനത്തിലൂടെ രൂപീകൃതമായ കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)-ൽ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) അത്തരത്തിലുള്ള നിർദ്ദേശങ്ങൾ റിസർവ് ബാങ്ക് നൽകിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) നിലവിൽ പ്രാഥമിക സഹകരണ ബാങ്കുകൾ നടത്തിവരുന്ന മേൽ പ്രസ്താവിച്ച എല്ലാവിധ പ്രവർത്തനങ്ങളും തുടരുന്നതിന് യാതൊരു തടസ്സവുമുണ്ടാവില്ല. ആയതിന് പ്രത്യേക അനുവാദം ആവശ്യമില്ല.

കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ ശമ്പളം

264 (2522) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് ആൻറ് പ്രോസസ്സിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ ശമ്പളം അനുവദിക്കണമെന്ന് കാണിച്ച് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ C/3275570/19, 3258605/2019 എന്നീ നമ്പർ ഫയലുകൾ മുഖേന സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ പെൻഷൻ ബോർഡിനും റിപ്പോർട്ടിനായി സമർപ്പിച്ചതിന് രജിസ്ട്രാറും ബോർഡും സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും ആയതിന്റെ പലിശയും അനുവദിക്കണമെന്നുള്ള സഹകരണ ആർബിട്രേഷൻ ബോർഡ് വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനരഹിതമായ പ്രസ്തുത സ്ഥാപനത്തെക്കുറിച്ച് കോട്ടയം സഹകരണ ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സി/3275770/19, 3258605/2019 എന്നീ നമ്പർ തപാലുകൾ പ്രകാരം സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിന് നൽകിയിരുന്ന ഹർജികളിൽ കേരള കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സൊസൈറ്റി സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമല്ലെന്ന സർട്ടിഫിക്കറ്റ് നൽകുവാനാണ് അപേക്ഷിച്ചിരുന്നത്. സഹകരണ പെൻഷൻ ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ ലഭ്യമാക്കിയ 2-7-2019-ലെ റിപ്പോർട്ട് പ്രകാരം 19-6-2006-ലെ ജി.ഒ.(എംഎസ്.)44/2006/എൽ.ബി.ആർ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും സഹകരണ പെൻഷൻ പദ്ധതിയിൽ ചേരുന്നതിനായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിലെ പെൻഷൻ പദ്ധതിയിൽ തുടരുന്നതിൽ ഇളവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഇളവനുവാദം പ്രാഥമിക സഹകരണ സംഘമായ കടുത്തുരുത്തി സഹകരണ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സംഘത്തിനും ബാധകമാണ്. ആയതിനാൽ അംഗമാകാൻ അർഹതയില്ലെന്ന് അറിയിക്കുവാൻ കഴിയുന്നതല്ല. എന്നാൽ സംഘത്തിന്റെ അപേക്ഷ പെൻഷൻ ബോർഡിൽ ലഭിച്ചാൽ അപ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് സഹകരണ പെൻഷൻ ബോർഡ് സെക്രട്ടറി അറിയിച്ചതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ 6-2-2020-ന് സഹ-സി2/87/2019-സഹ നമ്പർ കത്ത് പ്രകാരം താങ്കൾക്ക് മറുപടി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടത് സംഘം മാനേജിംഗ് ഡയറക്ടറും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുമാണ്. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോ സഹകരണ സംഘം രജിസ്ട്രാറോ ടി വിധിയിൽ കക്ഷികൾ അല്ലാത്തതാണ്.

(സി) കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) 29-8-2019-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി* ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൺസ്യൂമർ ഫെഡ്ഡിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

265 (2523) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ്ഡിന് കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഏതെല്ലാം കോഴ്സുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഉള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൺസ്യൂമർ ഫെഡ്ഡിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ കേച്ചേരിയിൽ "ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി" എന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ 2 വർഷത്തെ ഡി.ഫാം. കോഴ്സും 4 വർഷത്തെ ബി.ഫാം കോഴ്സും നടത്തുന്നുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക

266 (2524) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശികയ്ക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) 2015 വരെ കാലാവധി പൂർത്തിയാക്കിയ വായ്പകളിൽ കേസ് ഫയൽ ചെയ്യാൻ നിയമം അനുവദിക്കാത്ത സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) വായ്പകളുടെ കാലാവധി കഴിഞ്ഞാൽ എത്രവർഷം പിന്നിട്ടാലും ഈടാക്കാൻ സംഘങ്ങൾക്ക് ആർബിട്രേഷൻ കേസടക്കമുള്ള നടപടി 2013-ലെ സഹകരണ നിയമ ഭേദഗതിയോടെ കഴിയാത്ത സ്ഥിതിക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സംഘങ്ങളുടെ കോടിക്കണക്കിന് രൂപയുടെ വായ്പാ കുടിശ്ശിക തിരിച്ചു പിടിക്കാനാകാതെ കിടക്കുന്നതിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശികയ്ക്കെതിരെ സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായി സഹകരണ സംഘങ്ങൾക്ക് നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) 2015 വരെ കാലാവധി പൂർത്തിയാക്കിയ വായ്പകളിൽ കേസ് ഫയൽ ചെയ്യാൻ നിയമം അനുവദിക്കാത്ത സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല.

(സി) 18-11-2019-ലെ സ.ഉ.(പി.)121/2019/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) എല്ലാ വർഷവും കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പാ കുടിശ്ശിക തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിൽ വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് ആർബിട്രേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനായി സെയിൽ ആഫീസർമാരുടെ സേവനവും ലഭ്യമാണ്.

കർഷകർക്ക് പലിശരഹിത വായ്പ

267(2525) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

1. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

2. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെയും അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്.

3. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ.

4. ഒന്നിലധികം വായ്പകളിലായി ഓരോ കർഷകർക്കും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ പരമാവധി മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ.

ജില്ലകളിൽനിന്നും പലിശ സബ്സിഡി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ പലിശ ഇളവ് അനുവദിക്കുന്നതിനായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു.

വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ

268 (2526) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും അനുവദിക്കുന്ന വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ലെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വായ്പ എടുത്ത ശേഷം മരണപ്പെട്ടുപോയവരുടെ പേരിലുള്ള ബാധ്യത എഴുതിത്തള്ളുന്നതിനോ ഇളവുകൾ അനുവദിക്കുന്നതിനോ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്തിട്ടുള്ള വായ്പകളിലെ കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോത്സാഹനം എന്ന രീതിയിൽ സഹകരണ സംഘങ്ങളിൽ നിന്നും അനുവദിക്കുന്ന വായ്പകളിൽ കുടിശ്ശികയായതും നിഷ്ക്രിയ ആസ്തികളായി തുടരുന്നതുമായ അഞ്ച് ലക്ഷം രൂപ

വരെയുള്ള വായ്പകളിൽ പലിശ മുതലിനെക്കാൾ കൂടുതലായി വർദ്ധിച്ചിട്ടുണ്ടെങ്കിൽ അത്തരം വായ്പകളിൽ മുതൽ ഇനത്തിൽ ബാക്കിനിൽക്കുന്ന തുകയ്ക്ക് തുല്യമായ പലിശയും മുതലിനേക്കാൾ അധികരിച്ച പലിശ തുകയുടെ 5% തുക ഭരണച്ചെലവ് ഇനത്തിലും ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 82/2013 നമ്പർ സർക്കുലർ നിർദ്ദേശം നിലവിലുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 82/2013 നമ്പർ സർക്കുലർ നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊന്നിച്ച് അനുബന്ധമായി* ചേർക്കുന്നു.

(സി) വായ്പ എടുത്തശേഷം മരണപ്പെട്ടുപോയവരുടെ പേരിലുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നത്/ഇളവുകൾ അനുവദിക്കുന്നതിന് കേരള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ രണ്ട് ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആ തുക റിസ്ക് ഫണ്ട് നിയമാവലിയ്ക്ക് വിധേയമായി ഫണ്ടിൽനിന്നും നൽകും. കൂടാതെ വായ്പയെടുത്ത ശേഷം വായ്പ കാലാവധിക്കുള്ളിൽ വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയുംചെയ്യുന്ന കേസുകളിൽ ഒരു ലക്ഷം രൂപ ആനുകൂല്യം പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.

റിസ്ക് ഫണ്ട് ആനുകൂല്യം

269 (2527) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്ന് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകളിൻമേൽ തീരുമാനമെടുത്തു എന്നത് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി അർഹരായവർക്ക് വേഗത്തിൽ റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി താഴെ പറയും പ്രകാരം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

ക്രമ നമ്പർ	ബാങ്കിന്റെ പേര്	ലഭ്യമായ അപേക്ഷകൾ
(1)	(2)	(3)
1	കീരംപാറ സർവ്വീസ് സഹകരണ ബാങ്ക്	84
2	കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്	89
3	കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക്	75
4	ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക്	141
5	മാതിരപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്	24
6	കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്	70
7	മാമലക്കണ്ടം സർവ്വീസ് സഹകരണ ബാങ്ക്	6
8	മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക്	34
9	കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക്	30
10	പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക്	33
11	കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 583	107

(1)	(2)	(3)
12	കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 354	75
13	കോതമംഗലം PCARDB	8
14	കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക്	39
15	കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്	65
16	ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക്	52
17	വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക്	78
18	പോത്താനിക്കാട് FSCB	65
19	വടാട്ടുപാറ വനിത സഹകരണ സംഘം	6
20	വാരപ്പെട്ടി AICOS	2
21	പോത്താനിക്കാട് ഹൗസിംഗ് സഹകരണ സംഘം	2
22	കോതമംഗലം താലൂക്ക് എംപ്ലോയീസ് സഹകരണ സംഘം	1
23	കോതമംഗലം എം. എ. കോളേജ് സ്റ്റാഫ് സഹകരണ സംഘം	1

(1)	(2)	(3)
24	കോതമംഗലം താലൂക്ക് മത്സ്യ വ്യാപാര വനിത സഹകരണ സംഘം	2
25	കോതമംഗലം താലൂക്ക് മെർക്കന്റയിൽ സഹകരണ സംഘം	11
26	വടാട്ടുപാറ റൂറൽ സഹകരണ സംഘം	7
27	ചെറുവാറ്റൂർ റൂറൽ സഹകരണ സംഘം	2
28	കോതമംഗലം റൂറൽ സഹകരണ സംഘം	6
29	പോത്താനിക്കാട് റൂറൽ സഹകരണ സംഘം	12
	ആകെ	1121

(ബി) ലഭ്യമായ മുഴുവൻ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് താഴെ രേഖപ്പെടുത്തിയ ന്യൂനതയുള്ള അപേക്ഷകളിലും തീരുമാനമെടുക്കുന്നതാണ്.

ക്രമ നമ്പർ	ബാങ്കിന്റെ പേര്	ലഭ്യമായ അപേക്ഷകൾ	ന്യൂനത അറിയിച്ച് മറുപടി ലഭ്യമാകാത്ത അപേക്ഷകൾ
(1)	(2)	(3)	(4)
1	കീനപാറ സർവ്വീസ് സഹകരണ ബാങ്ക്	84	20
2	കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്	89	25
3	കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക്	75	15

(1)	(2)	(3)	(4)
4	ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക്	141	22
5	മാതിരപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്	24	6
6	കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക്	70	12
7	മാമലക്കണ്ടം സർവ്വീസ് സഹകരണ ബാങ്ക്	6	0
8	മാലപ്പാറ സർവ്വീസ് സഹകരണ ബാങ്ക്	34	5
9	കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക്	30	8
10	പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക്	33	10
11	കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 583	107	24
12	കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് 354	75	8
13	കോതമംഗലം PCARDB	8	0
14	കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക്	39	11
15	കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്	65	14

(1)	(2)	(3)	(4)
16	ഊന്നുങ്കൽ സർവ്വീസ് സഹകരണ ബാങ്ക്	52	19
17	വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക്	78	25
18	പോത്താനിക്കാട് FSCB	65	27
19	വടാട്ടുപാറ വനിത സഹകരണ സംഘം	6	4
20	വാരപ്പെട്ടി AICOS	2	1
21	പോത്താനിക്കാട് ഹൗസിംഗ് സഹകരണ സംഘം	2	2
22	കോതമംഗലം താലൂക്ക് എംപ്ലോയീസ് സഹകരണ സംഘം	1	1
23	കോതമംഗലം എം. എ. കോളേജ് സ്റ്റാഫ് സഹകരണ സംഘം	1	0
24	കോതമംഗലം താലൂക്ക് മത്സ്യ വ്യാപാര വനിത സഹകരണ സംഘം	2	0
25	കോതമംഗലം താലൂക്ക് മെർക്കന്റയിൽ സഹകരണ സംഘം	11	9

(1)	(2)	(3)	(4)
26	വടാട്ടുപാറ റൂറൽ സഹകരണ സംഘം	7	7
27	ചെറുവാറ്റൂർ റൂറൽ സഹകരണ സംഘം	2	0
28	കോതമംഗലം റൂറൽ സഹകരണ സംഘം	6	5
29	പോത്താനിക്കാട് റൂറൽ സഹകരണ സംഘം	12	9
	ആകെ	1127	289

(ഡി) റിസ്ക് ഫണ്ട് അപേക്ഷയിൽ തീരുമാനം എടുക്കുവാനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതാത് സംഘം/ബാങ്കുകളിൽനിന്നും മതിയായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടി പൂർത്തീകരിച്ച് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്യുന്നത്.

റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

270 (2528) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിൽനിന്നാണ് വായ്പയെടുത്തവർ മരണപ്പെടുമ്പോൾ റിസ്ക് ഫണ്ട് അനുവദിക്കുന്നുവെന്നും റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽനിന്ന് എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചുവെന്ന് വിശദീകരിക്കുമോ; ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിച്ച് വേഗത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) വിവിധ വായ്പാ സഹരണ സംഘങ്ങളിൽ (സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര വായ്പാ സഹകരണ സംഘങ്ങൾ) നിന്നും നൽകിവരുന്ന കാർഷിക കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്.

അർഹതാ മാനദണ്ഡങ്ങൾ

1. വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

2. വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായിട്ടുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.

3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.

4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതൽ തിരിച്ചടവിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല.

5. വായ്പയെടുത്ത് ഒരു മാസ്സത്തിനുള്ളിൽ അപകടംമൂലമോ ഹാർട്ട് അറ്റാക്ക് മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ മരണപ്പെടുന്ന വായ്പക്കാരുടെ വായ്പകൾക്ക് ധനസഹായത്തിന് അർഹതയില്ല.

6. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും ധനസഹായത്തിന് അർഹതയില്ല.

മാരകരോഗം

1. മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.

2. വായ്പ എടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.

3. 30-3-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങളായ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക്

വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവ പിടിപെടുന്ന വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.

4. 29-2-2016 മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി., ലിവർ സിറോസിസ് പടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.

5. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

റിസ്ക് ഫണ്ട് ധനസഹായ തുക

1. പദ്ധതി നിലവിൽ വന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെട്ടവർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 1,00,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

2. 30-3-2012 തീയതി മുതൽ വായ്പയെടുത്ത് മരണപ്പെട്ടവർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 1,50,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

3. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണതീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്.

4. ഒരു വായ്പാക്കാരൻ വിവിധ സഹകരണസംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി അഞ്ച് ലക്ഷം രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

മാരകരോഗം

1. 30-3-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകി വരുന്നു.

2. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാ മുതലിനത്തിൽ പരാമവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

നടപടിക്രമങ്ങൾ

1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ചു നൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ.

2. മരണപ്പെട്ട വായ്പാക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ.

3. വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ്.

4. വായ്പക്കാരന്റെ വയസ്സ് തെളിയിക്കുന്ന രേഖ.

5. വായ്പക്കാരന്റെ വായ്പാ ഏറടവ്.

6. മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട വായ്പാക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹത ഉണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്.

7. ബാങ്ക് ഭരണസമിതി തീരുമാനം.

8. വായ്പക്കാരന്റെ റിസ്ക് ഫണ്ട് വിഹിതം അടച്ച ഫോം എ സ്റ്റേറ്റ്മെന്റ്.

9. വായ്പക്കാരനിൽനിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിൽ അടച്ച ചെലാൻ.

10. വായ്പ അപേക്ഷ.

11. വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്.

12. ജാമ്യ കടപത്രത്തിന്റെ പകർപ്പ്.

13. കൂട്ടുകക്ഷി വായ്പ സംബന്ധിച്ച്.

14. ചികിത്സാ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധ മെഡിക്കൽ രേഖകളും എന്നിവ സഹിതം ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) (ജില്ലാ സഹകരണ ബാങ്ക്-ജോയിന്റ് രജിസ്ട്രാർ/ കൺകറന്റ് ആഡിറ്റർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്-അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസർ) എന്നിവരുടെ നിശ്ചിത ധനസഹായ അപേക്ഷയിലെ ശിപാർശയോടുകൂടിയാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) 2016 മുതൽ 31-12-2019 വരെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ 167 പേർക്ക് 1,60,65,377 രൂപ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.*

(സി) കാലാകാലങ്ങളിൽ നിബന്ധനകൾ ലഘൂകരിച്ച് അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ധനസഹായം വേഗത്തിൽ വിതരണം ചെയ്യുവരുന്നുണ്ട്. ഏറ്റവും ഒടുവിലായി 20-9-2019-ൽ റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി അംഗീകരിച്ചിട്ടുണ്ട്.

റിസ്ക് ഫണ്ട്

271 (2529) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ഇതുവരെ എത്ര കോടി രൂപ അനുവദിച്ചു എന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ആകെ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി എന്നുകൂടി അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഇതുവരെ അനുവദിച്ച തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	തുക (കോടിയിൽ)
2016-17	17.64
2017-18	70.23
2018-19	78.53
2019-20 ജനുവരി വരെ	66.55
ആകെ	232.95

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ള അപേക്ഷകരുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	എണ്ണം
2016-17	2221
2017-18	9339
2018-19	10196
2019-20 ജനുവരി വരെ	8730
ആകെ	30486

ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക്/കാഷ്യർ തസ്തിക

272 (2530) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ജനുവരിയിൽ നിലവിൽ വന്ന ക്ലർക്ക് /കാഷ്യർ തസ്തികയിലേക്ക് ഓരോ ജില്ലാ ബാങ്കിലും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് നിയോഗിച്ച ശ്രീറാം കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ ജില്ലാ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാർ അധികമാണെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ജില്ലാ ബാങ്കുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ അവിടെ നിയമന നിരോധനം നടപ്പിലാക്കിയത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)

ക്രമ നമ്പർ	ജില്ല	എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	6
2	കൊല്ലം	7
3	പത്തനംതിട്ട	54
4	ആലപ്പുഴ	21
5	കോട്ടയം	52
6	ഇടുക്കി	31
7	എറണാകുളം	66
8	തൃശ്ശൂർ	59
9	പാലക്കാട്	38
10	മലപ്പുറം	56
11	കോഴിക്കോട്	56

(1)	(2)	(3)
12	വയനാട്	36
13	കണ്ണൂർ	43
14	കാസർഗോഡ്	22
	ആകെ	547

(ബി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് നിയോഗിച്ച ശ്രീറാം കമ്മിറ്റി ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാർ അധികമാണെന്ന് റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) ജില്ലാ സഹകരണ ബാങ്കുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയിരുന്നില്ല.

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ അനധികൃത നിയമനം

273 (2531) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ മുൻ ഭരണസമിതിയുടെ ഭാഗത്ത് നിന്നുണ്ടായ അനധികൃത നിയമനം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 27-9-2019-ലെ റിപ്പോർട്ടിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) അനധികൃത നിയമനംമൂലം അവസരം നഷ്ടപ്പെടുന്ന കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ നിലവിലുള്ള ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച 27-9-2019-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സഹകരണ വിജിലൻസിൽനിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഹൈക്കോടതിയിൽ സമർപ്പിച്ച കേസ്

274 (2532) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), കേരള സർക്കാർ എന്നിവർക്കെതിരായി നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 5025/2018 നമ്പർ കേസ്സിൽ സർക്കാരിനുവേണ്ടി ഗവണ്മെന്റ് പ്ലീഡർ സമർപ്പിച്ച കൗണ്ടർ അഫിഡവിറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ കേസ്സിൽ മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ നടപടി ക്രമങ്ങൾക്ക് സ്റ്റേ അനുവദിച്ച ഹൈക്കോടതിയുത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസ്സിലെ സ്റ്റേ ഒഴിവാക്കിക്കിട്ടുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ; സ്റ്റേ സമയബന്ധിതമായി ഒഴിവാക്കുന്നതിൽ സഹകരണ വകുപ്പിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സിൽ ജോയിന്റ് രജിസ്ട്രാർക്കും കേരളസർക്കാരിനുംവേണ്ടി വാദിക്കുന്ന അഭിഭാഷകരുടെ പേരും വിലാസവും ഫോൺ നമ്പറുമടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പകർപ്പ് അനുബന്ധം- I ആയി ചേർക്കുന്നു.*

(ബി) പകർപ്പ് അനുബന്ധം- II ആയി ചേർക്കുന്നു.*

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 15-2-2018-ന് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ ആഫീസിൽനിന്നും സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതുമായി ബന്ധപ്പെട്ട് 23-5-2018-ൽ ബഹുമാനപ്പെട്ട കേരള അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിരുന്നു. തുടർന്ന് 21-6-2018-ന് ടി വിഷയവുമായി ബന്ധപ്പെട്ട് സീനിയർ ഗവൺമെന്റ് പ്ലീഡർക്ക് കത്ത് നൽകിയിരുന്നു. ഇപ്പോൾ കേസ് തീർപ്പാക്കാനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വാദം നടന്നുകൊണ്ടിരിക്കുകയാണ്. സ്റ്റേ സമയബന്ധിതമായി ഒഴിവാക്കുന്നതിൽ സഹകരണ വകുപ്പിന് കാലതാമസം നേരിട്ടിട്ടില്ല.

(ഡി) ശ്രീ. മുഹമ്മദ് ഹാഷിം, സീനിയർ ഗവൺമെന്റ് പ്ലീഡർ (കോ-ഓപ്പറേഷൻ), അഡ്വക്കേറ്റ് ജനറൽ ആഫീസ്, എറണാകുളം. Ph. No. 9847476589

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികജാതി/വർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ധനദുർവിനിയോഗവും അഴിമതിയും

275 (2533) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി/വർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ധനദുർവിനിയോഗത്തിനെതിരെയും, അഴിമതികൾക്കും, എസ്.സി./എസ്.ടി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെതിരെയും ഫയൽ നമ്പർ സി.വി.ഇ. 18/2018 പ്രകാരം ആലപ്പുഴയിൽ പ്രവത്തിക്കുന്ന സഹകരണ വിജിലൻസിനെ കൊണ്ട് അന്വേഷിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ഉത്തരവ് നൽകിയത് പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; അന്വേഷണം തുടങ്ങിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പേരൂർക്കട ആസ്ഥാനമായി പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ ഇല്ലാത്ത തനത് ഫണ്ടിൽനിന്നും പുതിയ വാഹനം വാങ്ങുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ; ഭരണസമിതിയുടെ ഈ തീരുമാനത്തിനെതിരെ മാനേജിംഗ് ഡയറക്ടർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനേജിംഗ് ഡയറക്ടറുടെ എതിർപ്പ് അവഗണിച്ച് പ്ലാൻ ഫണ്ടിൽനിന്നും വാഹനം വാങ്ങുന്നത് ചട്ടവിരുദ്ധമല്ലേ; ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്.സി./എസ്.ടി. സഹകരണ ഫെഡറേഷന്റെ 2018-2019-ലെ തനത് ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ പ്രകാരം പട്ടിക ജനവിഭാഗ ക്ഷേമത്തിന് ലഭിക്കുന്ന ഫണ്ടുകൾ ടി ഫെഡറേഷൻ വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരുന്നു.

(ബി) പുതിയ വാഹനം വാങ്ങുന്നതിന് ഫെഡറേഷന്റെ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിനെതിരെ മാനേജിംഗ് ഡയറക്ടർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ടി വാഹനം വാങ്ങുന്നത് തനത് ഫണ്ട് ചെലവഴിച്ചാണ് എന്നതിനാൽ ചട്ടവിരുദ്ധമല്ല. ടി ഫെഡറേഷന്റെ 2018-19-ലെ ആഡിറ്റ് പൂർത്തിയിട്ടില്ല. ടി ഫെഡറേഷന്റെ താൽക്കാലിക കണക്കുപ്രകാരം 2018-19 വർഷം അംഗ സംഘങ്ങളുടെ ഓഹരിയിനത്തിൽ 33.60 ലക്ഷം രൂപയാണ് സംഘത്തിന്റെ തനത് ഫണ്ട്.

വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ്

276 (2534) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയത്തെ തുടർന്ന് കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തിൽ മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 3,47,437-ഉം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 37,997-ഉം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 2018-ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18,225-പേരുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ തുടർച്ചയായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ൽ സെപ്റ്റംബർ മാസം വരെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2019 സെപ്റ്റംബർ വരെയുള്ള കണക്ക് അന്തിമം ആക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രളയം സൃഷ്ടിച്ച തിരിച്ചടികൾ മറികടന്ന് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48 ശതമാനവും വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആലാ പൂമലച്ചാൽ ടൂറിസം പദ്ധതി

277 (2535) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയുടെ സമഗ്ര പുരോഗതിക്ക് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ആലാ പൂമലച്ചാൽ ടൂറിസം പദ്ധതി നിർവ്വഹണത്തിന് സമർപ്പിച്ച പ്രോജക്ടിൽ (CGNR-1585/19) സ്വീകരിച്ചിട്ടുള്ള നടപടിയുടെ പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ഗ്രീൻ കാർപ്പറ്റ് സ്കീം
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം, മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ശൗചാലയസമുച്ചയങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്

(ബി) ആലപ്പുഴ പൂമലച്ചാൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് KIIDC മുഖേന തയ്യാറാക്കിയ പ്രൊപ്പോസൽ പരിശോധനയിലാണ്.

ഹൗസ് ബോട്ട് ടൂറിസം

278 (2536) ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കായലുകളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഹൗസ് ബോട്ടുകളുടെ ലൈസൻസ് നൽകുന്ന രീതി, ടാക്സ് നിരക്ക്, ഇൻഷ്വറൻസ് തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) ഹൗസ് ബോട്ടുകളിൽ ടൂറിസ്റ്റുകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അറിയിക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാരികളുടെ കായൽ യാത്ര സുരക്ഷിതമാക്കാൻ ആലപ്പുഴ മേഖലയിലെ ഹൗസ് ബോട്ടുകൾക്ക് കെൽട്രോണിന്റെ സഹകരണത്തോടെ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമേ വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ടൂറിസം പോലീസിന്റെ സേവനവും ലഭ്യമാണ്.

(ബി) ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ മാത്രമാണ് വിനോദസഞ്ചാര വകുപ്പ് കൈകാര്യം ചെയ്യുന്നത്. ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നതും നികുതി നിരക്കും ഇൻഷ്വറൻസ് നിർണ്ണയവും വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിലല്ല.

(സി) ഹൗസ് ബോട്ട് സഞ്ചാരികളുടെ സുരക്ഷയ്ക്കായി കെൽട്രോണിന്റെ സഹകരണത്തോടെ ഹൗസ് ബോട്ട് ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ടൂറിസം പോലീസിന്റെ സേവനവും ലഭ്യമാണ്.

ടൂറിസം രംഗത്തെ നേട്ടങ്ങളും കോട്ടങ്ങളും

279 (2537) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം രംഗത്തെ പ്രധാന നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കുമോ;

(ബി) കേരളം ടൂറിസം രംഗത്ത് പിറകിലാണെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ടൂറിസം രംഗത്ത് നൂതന സംരംഭങ്ങൾ നടപ്പിലാക്കി സംസ്ഥാനത്തെ മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരുകാലത്ത് സാധാരണക്കാരായ ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവും ഇല്ലാതിരുന്ന ടൂറിസം രംഗത്ത് പ്രാദേശിക ജനസമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് അവർക്ക് ടൂറിസത്തിൽനിന്നും വരുമാന ലഭ്യത ഉറപ്പ് വരുത്തിയത് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളാണ്. രണ്ട് വർഷക്കാലത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്തരവാദിത്ത ടൂറിസം എന്ന ആശയം പ്രചരിപ്പിക്കാനും അതിന്റെ ഭാഗമായി യൂണിറ്റുകളുടെ എണ്ണത്തിൽ കുതിച്ചുകയറ്റം നടത്താനും മിഷന് കഴിഞ്ഞിട്ടുണ്ട്. കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് കിടക്കുന്ന വ്യത്യസ്തങ്ങളായ 17008 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ആർ.ടി. മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ആകെ 92980 ആളുകൾ വിനോദസഞ്ചാര മേഖലയുടെ ഗുണഭോക്താക്കളായി മാറുകയും വരുമാനം ലഭിക്കുകയും ചെയ്യുന്നു.

2008 മുതൽ 2017 വരെയുള്ള കാലയളവിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി വഴിയുണ്ടായ പ്രാദേശിക വരുമാനം ഏതാണ്ട് 12 കോടി രൂപയായിരുന്നു. എന്നാൽ ആർ.ടി. മിഷൻ നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ച 2017 ആഗസ്റ്റ് മുതൽ 2019 ഡിസംബർ 31 വരെ ആകെ ലഭിച്ചിരിക്കുന്ന പ്രാദേശിക വരുമാനം 24.37 കോടി രൂപയാണ്.

(ബി&സി) ടൂറിസം രംഗത്ത് കേരളം പുറകിലാണെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടൂറിസം രംഗത്ത് നൂതന സംരംഭങ്ങൾ നടപ്പിലാക്കി സംസ്ഥാനത്തെ മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് നിരവധി നൂതന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ഗ്രീൻ കാർപ്പറ്റ് സ്കീം
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം, മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്ലെറ്റ് സമുച്ചയങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം
- സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം
- ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം
- വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും
- ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകൽ.

വിനോദസഞ്ചാരികളുടെ എണ്ണം

280 (2538) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ രാജ്യങ്ങളിൽനിന്നും കഴിഞ്ഞവർഷം സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം രാജ്യത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

2019 ജനുവരി മാസം മുതൽ ജൂൺ മാസം വരെ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ രാജ്യം തിരിച്ചുള്ള കണക്കാണ് അന്തിമമാക്കിയിട്ടുള്ളത്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ക്രൂയിസ് ടൂറിസത്തിന്റെ വികസനം

281 (2539) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ക്രൂയിസ് ടൂറിസം ഭൂപടത്തിൽ കാലൂന്നിയ കേരളം പ്രസ്തുത ടൂറിസം വികസനത്തിനായും അതിലൂടെ തൊഴിലും മികച്ച ഭാവിയും സൃഷ്ടിക്കാനും കൂടുതൽ ടൂറിസ്റ്റുകളെ സംസ്ഥാനത്തെത്തിക്കാനുമായി നടത്തിവരുന്ന സർക്കാർ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(ബി) ക്രൂയിസ് ടൂറിസത്തിൽ കൊച്ചിയുടെ പ്രകൃതി സൗന്ദര്യം,സംസ്കാരം, പാചകരീതികൾ, കൊച്ചിയിൽ ലഭ്യമാകുന്ന ഹോംസ്റ്റേകൾ എന്നിവയും കൊച്ചിയുടെ സാംസ്കാരികവും ചരിത്രപരവുമായ അറിവുകൾ ടൂറിസ്റ്റുകൾക്ക് പകർന്നു നല്കുവാനുമുള്ള സാധ്യതകളും ഉപയോഗപ്രദമാക്കാനായി വിനോദസഞ്ചാര വകുപ്പും സർക്കാരും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഹോംസ്റ്റേകളെ കൊമേഴ്സ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ നടപടി ടൂറിസം മേഖലാ വികസനത്തിന് വലിയ തിരിച്ചടി ആയതിനാൽ അവയെ പ്രസ്തുത കാറ്റഗറിയിൽ നിന്നൊഴിവാക്കി ടൂറിസം വികസനം ജനങ്ങളിലെത്തിക്കാൻ സർക്കാർ നാളിതുവരെ സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) വടക്കൻ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ വിപുലീകരിക്കുന്നതിനും കൂടുതൽ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുംവേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പുഴകളിലൂടെ സഞ്ചാരികൾക്ക് യാത്ര ചെയ്യുവാനും തദ്ദേശീയരായ വിവിധ കലാരൂപങ്ങൾ, പൈതൃകവും ചരിത്രപരവുമായ അവശേഷിപ്പുകൾ, ഭക്ഷണ രീതികൾ എന്നിവ ആസ്വദിക്കുവാനും അനുഭവിച്ചറിയാനുമുള്ള അവസരമൊരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാഹിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണംപുഴ, വലിയപറമ്പ കായൽ എന്നിവയിലാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് പദ്ധതിയായി 17 പദ്ധതികൾക്ക് 53.07 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 14 ബോട്ട് ടെർമിനലുകൾ/ജെട്ടികൾ കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് സ്ഥിതി ചെയ്യുന്നത്. ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേനയാണ് പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ബോട്ട് ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റൂറൽ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതിക്ക് കേന്ദ്ര സർക്കാർ 80.37 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും ബോട്ട് ജെട്ടികൾ/ ടെർമിനലുകൾ എന്നിവയ്ക്ക് പുറമെ ബോട്ട് പവലിയനും ഉൾപ്പെടുന്നു.

പ്രസ്തുത പദ്ധതിക്കുവേണ്ടി താഴെപ്പറയും പ്രകാരം 6 ബോട്ടുകൾ വാങ്ങുന്നതിന് 4-9-2019-ലെ സ.ഉ.(സാധാ) നമ്പർ 294/2019/ടൂറിസം പ്രകാരം 4.67 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കൊപ്ര വള്ളം (10 സീറ്റർ) - 2 എണ്ണം

2. ഫ്രീഡം (6 സീറ്റർ) - 2 എണ്ണം

3. മാരിവിൽ (25 സീറ്റ്) - 2 എണ്ണം

ഇതിനുവേണ്ടിയുള്ള വർക്ക്/പർച്ചേസ് ഓർഡർ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൊച്ചി വെല്ലിംഗ്ടൺ ഐലന്റിനോട് ചേർന്ന് ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്ററും പെർഫോമിംഗ് ആർട്സ് തിയേറ്ററുകളും (കൂത്തമ്പലം) നിർമ്മിക്കുന്നതിനായി 4.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം തുടങ്ങുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ ഹോംസ്റ്റേകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-7-2019-ന് ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോംസ്റ്റേകൾക്ക് വെള്ളത്തിന് ഗാർഹിക നിരക്ക് ഈടാക്കുന്നതിന് നിലവിലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ ജല വിഭവ വകുപ്പിനോടും ബിൽഡിംഗ് ടാക്സ് ഗാർഹിക നിരക്കിൽ ആക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. 16-1-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ/ റീക്ലാസ്സിഫിക്കേഷൻ സ്കീം പുതുക്കിയും ഉത്തരവായിട്ടുണ്ട്.

ലൈസൻസില്ലാതെ ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നത് തടയാനുള്ള നടപടികൾ

282(2540) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസ് ബോട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനും ഹൗസ് ബോട്ടുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ മാത്രമാണ് വിനോദസഞ്ചാര വകുപ്പ് കൈകാര്യം ചെയ്യുന്നത്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. ടൂറിസം വകുപ്പിന് മാത്രമായി ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്നതും പരിശോധിക്കാവുന്നതാണ്.

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

283 (2541) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. കൂടാതെ, ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി RT Mission പ്രവർത്തനം നടത്തിവരുന്നു. വിനോദ സഞ്ചാരികളുടെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ഗ്രീൻ കാർപ്പറ്റ് സ്കീം
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി

- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം, മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് സമുച്ചയങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം
- ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ
- അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ടെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസിന്റെ തുടർച്ച
- 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- MICEI വെഡിങ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രകാരം
- ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ നവീകരണം
- സാഹസിക ടൂറിസം സംരംഭങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം.

എക്സ്പീരിയൻസ് എത്നിക് കൃസിൻ പദ്ധതികളുടെ സംരംഭകർ

284 (2542) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആവിഷ്കരിച്ച എക്സ്പീരിയൻസ് എത്നിക് കൃസിൻ പദ്ധതിയുടെ സംരംഭകരെ തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ ഓരോ പ്രദേശത്തിന്റെയും തനതായ പരമ്പരാഗത ശൈലിയിലുള്ള കേരളീയ വിഭവങ്ങൾ വൃത്തിയോടെ തയ്യാറാക്കി നൽകുന്നതിന് സാധാരണക്കാരായ വീട്ടമ്മമാർ ഉൾപ്പെടുന്ന ഒരു ശൃംഖല സംസ്ഥാനത്ത് ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് 'എക്സ്പീരിയൻസ് ദി ലോക്കൽ കൃസിൻ പ്രോജക്ട്'. 2019-20 സാമ്പത്തിക വർഷം 2000 യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി രജിസ്റ്റർ ചെയ്യുവാനാണ് ആർ.ടി. മിഷൻ തീരുമാനിച്ചിരുന്നതെങ്കിലും നിലവിൽ 2113 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ രജിസ്ട്രേഷൻ തുടരുന്നു.

(ബി) തിരുവനന്തപുരം - 158
കൊല്ലം - 85
പത്തനംതിട്ട - 40
ആലപ്പുഴ - 330
കോട്ടയം - 175
ഇടുക്കി - 50
എറണാകുളം - 430
തൃശ്ശൂർ - 115
പാലക്കാട് - 54
കോഴിക്കോട് - 157
മലപ്പുറം - 78
വയനാട് - 118
കണ്ണൂർ - 165
കാസർഗോഡ് - 158
ആകെ എണ്ണം - 2113

മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി

285 (2543) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) മലബാർ മേഖലയിലെ ഏതെല്ലാം നദികളെ ബന്ധിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം യുവജനങ്ങൾക്കായി എത്രത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികളെ ആകർഷിക്കും വിധം വിവിധ നദികളിലെ തുരുത്തുകൾ ടൂറിസം സങ്കേതമാക്കി മാറ്റാൻ പ്രസ്തുത പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലബാർ മേഖലയിലെ മാഹി, അഞ്ചരക്കണ്ടി, കപ്പം, വളപട്ടണം, പെരുന്ന, കവ്വായി കായൽ, തേജസ്വിനി എന്നീ പുഴകളെ ബന്ധിപ്പിച്ചുകൊണ്ടാണ് മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്.

(സി) കൺസൾട്ടന്റ് ആർക്കിടെക്ട് തയ്യാറാക്കിയ വിശദ പദ്ധതിരേഖപ്രകാരം ഇതിൽനിന്നും സൃഷ്ടിക്കപ്പെടുന്ന പ്രതീക്ഷിത തൊഴിലവസരങ്ങൾ ഇപ്രകാരമാണ്.

ഡയറക്ട് എംപ്ലോയ്മെന്റ്	- 2772
ഇൻഡയറക്ട് എംപ്ലോയ്മെന്റ്	- 81660
ആകെ	- 84432

(ഡി) വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ വലിയപറമ്പ ദ്വീപ്, മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ തെക്കുമ്പാട് ദ്വീപ്, കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ പാമ്പുരുത്തി ദ്വീപ് എന്നിവിടങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളിലൂന്നിയുള്ള വികസനമാണ് വിഭാവന ചെയ്തിട്ടുള്ളത്. അതുപോലെതന്നെ ഉത്തരവാദിത്ത പ്രവർത്തനങ്ങളോടൊപ്പം കണ്ടൽ സംരക്ഷണത്തിനും പ്രകൃതിഭംഗി ആസ്വദിക്കുന്ന തിനുമായി പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ ഭഗത്സിംഗ് ദ്വീപിനെ നാച്വറൽ ടൂറിസം സ്പോട്ട് ആയും നാടൻ കായിക വിനോദങ്ങളിൽ കുട്ടികളെ ആകൃഷ്ടരാക്കുന്ന തിനായി കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ കൊളച്ചേരി ദ്വീപിനെ കിഡ്സ് ലാന്റായും പരമ്പരാഗത മത്സ്യബന്ധന രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും തനത് പ്രാദേശിക പാചകകലകളെ പരിപോഷിപ്പിക്കുന്നതിനുമായി കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ സി.എച്ച്. ദ്വീപിനെ 'ഐ ക്യാച്ച് യു കുക്ക് തീമിലും' കൃഷിരീതികളെ പ്രോത്സാഹിപ്പിക്കാനും കാർഷിക വിഭവങ്ങളെ ടൂറിസം ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുമായി ആന്തൂർ നഗരസഭയിലെ എ.കെ.ജി. ദ്വീപിനെ 'അഗ്രി ലാന്റ്' ആയും വികസിപ്പിക്കാനുമാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

ബുക്ക് കേരള പദ്ധതി

286 (2544) ശ്രീ. എൻ . എ. നെല്ലിക്കുന്ന് :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം മേഖലയെ മറ്റു രാജ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ബുക്ക് കേരള എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഇത്തരമൊരു പദ്ധതി ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

അനന്തപുരം തടാക ക്ഷേത്രവും ശ്രീപത്മനാഭസ്വാമി ക്ഷേത്രവും ബന്ധപ്പെടുത്തിയുള്ള ടൂറിസം പദ്ധതി

287 (2545) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ നൂറ്റാണ്ടുകളുടെ ചരിത്രമുള്ളതും പ്രകൃതിരമണീയതകൊണ്ടും വാസ്തു ശിൽപകലകളാലും സമ്പന്നമായതും മനോഹരമായ തടാക മധ്യത്ത് സ്ഥിതി ചെയ്യുന്നതുമായ അനന്തപുരം തടാക ക്ഷേത്രവും തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായുള്ള ചരിത്രപരമായ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ടൂറിസം സാധ്യതയെപ്പറ്റി പരിശോധിക്കുമോ;

(ബി) എങ്കിൽ ആയത് പരിശോധിച്ച് പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ഇത്തരത്തിൽ ഒരു പദ്ധതി ഇപ്പോൾ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

തീർത്ഥാടന ടൂറിസം പദ്ധതി

288 (2546) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഈ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) സ്വദേശി ദർശൻ, പ്രസാദ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ കോർത്തിണക്കി പിൽഗ്രിം സർക്യൂട്ട് രൂപീകരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന വികസന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടി വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വദേശ് ദർശൻ, പ്രസാദ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതികളുടെയും അവയിൽ അനുമതി ലഭ്യമായ പദ്ധതികളുടെയും വിവരം ചുവടെ ചേർക്കുന്നു.

സമർപ്പിച്ച പദ്ധതികൾ

(എ) സ്വദേശ് ദർശൻ സ്കീം

1. ശബരിമല വികസനം (എരുമേലി)- പമ്പ- സന്നിധാനം
2. ശ്രീപത്മനാഭ- ആറന്മുള- ശബരിമല വികസനം
3. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങളുടെ വികസനം (കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം)
4. ശിവഗിരി ശ്രീനാരായണഗുരു ആശ്രമം അരുവിപ്പുറം- കുന്നുപാറ ശ്രീ സുബ്രഹ്മണ്യ- ചെമ്പഴന്തി ശ്രീ നാരായണഗുരു കേന്ദ്രം
5. കാലടി- മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്
6. നാലമ്പലം സർക്യൂട്ട്
7. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
8. പന്തിരുകുലം പദ്ധതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസാദ് സ്കീം

1. ഗുരുവായൂർ ക്ഷേത്ര വികസനം (കേന്ദ്ര ടൂറിസം)
2. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
3. സെന്റ് തോമസ് ഇന്റർനാഷണൽ ദേവാലയം (കേന്ദ്ര ടൂറിസം)
4. ചേരമൻ ജുമാ മസ്ജിദ് കൊടുങ്ങല്ലൂർ (കേന്ദ്ര ടൂറിസം)
5. കോഴിക്കോട് ജില്ലയിലെ ഇരിങ്ങന്നൂർ ശ്രീ മഹാശിവക്ഷേത്ര വികസനം

അനുമതി ലഭ്യമായ പദ്ധതികൾ

സ്വദേശ് ദർശൻ

1. ശബരിമല വികസനം (എരുമേലി- പമ്പ)
2. ശ്രീപത്മനാഭസ്വാമി- ആറന്മുള- ശബരിമല വികസനം
3. കേരളത്തിലെ 133 ആരാധനാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
4. ശിവഗിരി ശ്രീനാരായണഗുരു ആശ്രമം- അരുവിപ്പുറം- കുന്നുപാറ ശ്രീ സുബ്രഹ്മണ്യ- ചെമ്പഴന്തി ശ്രീ നാരായണഗുരു കേന്ദ്രം

പ്രസാദ് സ്കീം

ഗുരുവായൂർ ക്ഷേത്ര വികസനം

വിനോദസഞ്ചാര മേഖലയുടെ വികസനം

289(2547) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ടൂറിസം മേഖല അംഗപരിമിതർക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ബാരിയർ ഫ്രീ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തലശ്ശേരി പൈതൃകപദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ഗ്രീൻ കാർപ്പറ്റ് സ്കീം
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം, മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് സമുച്ചയങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തവും ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കലും.

- FAM ട്യൂറുകൾ സംഘടിപ്പിക്കൽ
- അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ടെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസിന്റെ പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ
- 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- ഓണോഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, നിശാഗന്ധി മൺസൂൺ രാഗാസ് മ്യൂസിക് ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികളുടെ നടത്തിപ്പ്
- വെള്ളാർ ക്രാഫ്റ്റ് വില്ലേജ്
- ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.

(ബി) മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മതിലകം ബംഗ്ലാകടവ് നിർമ്മാണം, മാള ജൂതപള്ളിയുടെ അറ്റകുറ്റപ്പണികൾ, കൊടുങ്ങല്ലൂർ ടെമ്പിൾ മ്യൂസിയം, പട്ടണം ഇന്റർപ്രട്ടേഷൻ സമന്റർ, സെന്റ് സെബാസ്റ്റ്യൻ ചർച്ചിട്ടു നാടക മ്യൂസിയം, ഹോളിക്രോസ് ചർച്ച് ഇന്റർപ്രട്ടേഷൻ സെന്റർ മുതലായവ പുരോഗമിക്കുന്നു. ആകെ 48.3 കോടി രൂപയുടെ പദ്ധതി രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നു.

(സി) ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെല്ലാം തന്നെ 2021 ആകുമ്പോൾ സമ്പൂർണ്ണമായി ഭിന്നശേഷി സൗഹൃദമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കുന്ന ബാരിയർഫ്രീ കേരളയുടെ ഒന്നാംഘട്ടം മാർച്ച് മാസത്തിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ആദ്യഘട്ടത്തിൽ 9 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയത്. ഇതിന്റെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 120 കേന്ദ്രങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 69 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പൂർത്തിയാക്കുകയുണ്ടായി.

(ഡി) തലശ്ശേരി പൈതൃകപദ്ധതിയുടെ കരട് മാസ്റ്റർ പ്ലാൻ, മാസ്റ്റർപ്ലാൻ അപ്രൂവൽ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുകയും ആയതിന് മാറ്റങ്ങൾക്ക് വിധേയമായി തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അന്തിമ മാസ്റ്റർപ്ലാൻ സമർപ്പിച്ചിട്ടില്ല.

ഈരാറ്റിൻപുറം ടൂറിസം പദ്ധതി

290 (2548) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റിൻപുറം ടൂറിസം പദ്ധതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത നല്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വിഭാഗം നൽകിയ കത്തിന്മേൽ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യകതമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളിൽ ആണ് ജലസേചനവകുപ്പ് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയത് എന്ന് വിശദമാക്കാമോ;

(സി) ഈരാറ്റിൻപുറം ടൂറിസം പദ്ധതി 2020 മേയ് മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഭരണാനുമതി നൽകിയ ഈരാറ്റിൻപുറം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് നൽകിയ കത്തിനനുസൃതമായി മാറ്റങ്ങൾ വരുത്തിയ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാർ അനുമതിക്കായി ലഭ്യമാക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ പദ്ധതികളുമായി ബന്ധപ്പെട്ട് നടത്തിയ അവലോകന യോഗത്തിൽ മേൽ പദ്ധതി 2020 ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുള്ളത്.

വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി

291 (2549) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയ്ക്കായി തൃശ്ശൂർ ഡി. റ്റി. പി.സി. 16-4-2018 ലെ റ്റി.എസ്.ആർ. 584/2017 പ്രകാരം ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്കായി 2,50,00,000 (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ ടോയ്‌ലറ്റ് ബ്ലോക്ക്, നടപ്പാത, ലാൻഡ്സ്കേപ്പിംഗ്, ഇലക്ട്രിഫിക്കേഷൻ, കഫറ്റേറിയ, പാർക്കിംഗ് ഏരിയ, കുട്ടികളുടെ പാർക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നുള്ള അനുമതികൂടി ലഭിച്ചാൽ മാത്രമേ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയൂ.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് നൽകിയ തീരുമാനം, വില്ലേജിൽനിന്നും ലഭിച്ച സ്കെച്ച്, പ്ലാൻ എന്നിവ സഹിതം വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണ്.

തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ

292 (2550) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്ന നടപടികൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള ഔദ്യോഗികമായ അറിയിപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് അനുമതിക്കായി വനം വകുപ്പ് (പ്രോജക്ട് ടൈഗർ) ഡെപ്യൂട്ടി ഡയറക്ടർക്ക് ഇടുക്കി ഡി.റ്റി.പി.സി. അപേക്ഷ നൽകിയിരുന്നു. പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിലെ നിർവ്വചന പ്രകാരം വനേതര ആവശ്യം ആയതിനാൽ വനസംരക്ഷണ നിയമപ്രകാരമുള്ള മുൻകൂർ അനുമതി ആവശ്യമാണെന്നും ആയതിനാൽ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട

വെബ്സൈറ്റിൽ പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഭൂമി ഉപയോഗിക്കുന്നതിന് "പെർമിസ്സീവ് സാങ്ഷൻ" നൽകണമെന്ന് അഭ്യർത്ഥിച്ച് 20-12-2019-ൽ കേരള ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് ഡയറക്ടർക്ക് ഇടുക്കി ഡി.റ്റി.പി.സി. കത്ത് നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്ന നടപടികൾക്കായി ഇടുക്കി ഡി.റ്റി.പി.സി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കോതമംഗലം മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതികൾ

293 (2551) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ, തുണ്ടം, കുട്ടമ്പുഴ പ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക പരിശോധന ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഇക്കോ ടൂറിസം സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

കവ്വായി കായൽ ടൂറിസം പദ്ധതി

294 (2552) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവ്വായി കായൽ ടൂറിസം പദ്ധതിയിൽ ടൂറിസ്റ്റുകളുടെ സൗകര്യങ്ങൾക്കായി എന്തൊക്കെ പശ്ചാത്തല സൗകര്യങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കേരള ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന 14 പദ്ധതികളിൽ ഒന്ന് മുക്കുവച്ചേരി (കവ്വായി കായലിടപ്പുറം) ബോട്ട് ടെർമിനൽ പദ്ധതിയാണ്. 5020,000 രൂപയുടെ ഭരണാനുമതി നൽകിയ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ബോട്ട് ടെർമിനൽ കം വാക്ക് വേ, ഗ്രാനൈറ്റ് പേവിങ്ങ്, സോളാർ വിളക്കുകൾ എന്നിവ വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ നടത്തിവരികയാണ്.

കുമരകത്തെ സവിശേഷ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതി

295 (2553) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകത്തെ രാജ്യത്തെ സവിശേഷ ടൂറിസം കേന്ദ്രമാക്കി മാറ്റുവാൻ കേന്ദ്ര ടൂറിസം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ കുമരകത്ത് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) രാജ്യാന്തര വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഐക്കോണിക്ക് ഡെസ്റ്റിനേഷൻ പദ്ധതിയിൽ കുമരകത്തെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ രൂപരേഖയിൽ ഉൾപ്പെട്ട ഘടകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കോവളം ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അഭാവം

296 (2554) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അഭാവം കോവളത്തെ ടൂറിസം വികസനത്തിന് തിരിച്ചടി ആയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ടൂറിസം വികസനത്തിനായി ലക്ഷങ്ങൾ ചെലവാക്കിയതായി പ്രഖ്യാപിക്കുമ്പോഴും പല പദ്ധതികളും എങ്ങുമെത്താത്ത സ്ഥിതി പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കോവളത്തിന്റെ സമഗ്ര വികസനത്തിനായി വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) സമുദ്ര ബീച്ചിൽ ഏതാനും വർഷങ്ങൾക്കുമുമ്പ് അരക്കോടി രൂപ ചെലവിൽ നിർമ്മിച്ച ഉദ്യാന പാർക്ക് പൊളിച്ച് പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനം നിലവിൽ ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. കോവളത്ത് എത്തുന്ന സഞ്ചാരികൾക്കായി ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സുഗമമായി പുരോഗമിക്കുന്നുണ്ട്. തടസ്സം നേരിട്ടിരിക്കുന്ന പഴയ പദ്ധതികളുടെ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്നതിനായി വിവിധ തലങ്ങളിൽ പരിശോധനയും അവലോകനവും നടത്തുന്നുണ്ട്.

(സി) കോവളത്തിന്റെ സമഗ്ര വികസനത്തിനായി വ്യക്തമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോവളത്തിന്റെ സമഗ്ര വികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി മാസ്റ്റർപ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായാണ് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ഉദ്യാന പാർക്ക് കൂടുതൽ മോടിപിടിപ്പിക്കുന്നതിനും ഉപയോഗശൂന്യമായി കിടക്കുന്ന ടോയ്ലെറ്റ് കോംപ്ലക്സ് ആധുനിക രീതിയിൽ പരിഷ്കരിച്ച് അതിനോട് ചേർന്നതന്നെ കഫെട്ടീരിയ നിർമ്മിക്കുന്നതിനുമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തന്നെ കൽമണ്ഡപങ്ങൾ, റോളർ സ്കേറ്റിംങ് റിംഗ്, ഫേഷ്യൽ വാൾ എന്നിങ്ങനെയുള്ള പുതിയ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത നിർമ്മാണത്തിന്റെ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് നൽകിയിട്ടുള്ളത്.

ടൂറിസം കോറിഡോർ പദ്ധതി

297 (2555) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ചെറായി ബീച്ചിനെ മാതൃ ബീച്ചായി വികസിപ്പിച്ചുകൊണ്ട് മുനമ്പം,കുഴപ്പിള്ളി, എടവനക്കാട്, നായരമ്പലം, എളങ്കുന്നപ്പുഴ എന്നീ ബീച്ചുകളെ കോർത്തിണക്കുന്ന ടൂറിസം കോറിഡോർ പദ്ധതി ദീർഘനാളായി തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 19-7-2019 തീയതിയിൽ നടന്ന അവലോകനയോഗ പ്രകാരം തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ് ബാധകമായ ഘടകങ്ങൾ ഒഴിവാക്കി പാർക്ക്, വാക്ക് വേ, സീറ്റിംഗ്, പാർക്കിംഗ് ഏരിയ, കാന, ലാൻഡ് സ്കേപിംഗ് സംരക്ഷണ പ്രവൃത്തി, ലൈറ്റിംഗ് മുതലായവ സ്ഥാപിക്കാൻ എക്സിക്യൂട്ടീവ് ഏജൻസിയായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയറോട് പുതുക്കിയ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഉടൻ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

298 (2556) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വികസനം നടപ്പാക്കുമെന്നുള്ള 2018-19-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ബഡ്ജറ്റിൽ വിഭാവന ചെയ്ത പ്രകാരം സ്പൈസ് റൂട്ട് പദ്ധതി നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിപുരാതന കാലം മുതൽ കേരളത്തിൽ ഉയർന്നുവരികയും ക്ഷയിക്കുകയും ചെയ്തിട്ടുള്ള തുറമുഖങ്ങളെ പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി കൂട്ടിയിണക്കുന്ന ഒരു സഞ്ചാര പദ്ധതിയായിട്ടാണ് "സ്പൈസ് റൂട്ട്" പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. മുസിരിസ് പൈതൃക പദ്ധതിയാണ് ഈ ഒരു ആശയത്തിന് തുടക്കം കുറിച്ചത്. ഇപ്പോൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള തലശ്ശേരി പൈതൃക പദ്ധതിയും ആലപ്പുഴ പൈതൃക പദ്ധതിയും സ്പൈസ് റൂട്ടിന്റെ ഭാഗമായാണ് വിഭാവന ചെയ്തിരിക്കുന്നത്. പൊന്നാനി, തങ്കശ്ശേരി എന്നിവിടങ്ങളിൽ സമാന രീതിയിലുള്ള പദ്ധതികൾ തുടങ്ങുന്ന മുറയ്ക്ക് വിഭാവന ചെയ്തിട്ടുള്ള സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ആയംകടവ് പാലം ടൂറിസം പ്രോജക്ട്

299 (2557) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏറ്റവും ഉയരം കൂടിയതും ടൂറിസം സാധ്യതയുള്ളതുമായ ആയംകടവ് പാലം പരിസരം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ഡി.റ്റി.പി.സി. പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന് ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഡി.റ്റി.പി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധ്യത ഒരുക്കുന്ന ഈ പദ്ധതിക്ക് എന്ന് അനുമതി നൽകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ആയംകടവ് പുഴയോര പദ്ധതിക്കായി ഒരു കോടി രൂപയുടെ പ്രോജക്ട് ഡി.റ്റി.പി.സി. സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ വിനിയോഗാനുമതി നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. വിനിയോഗാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

ആനക്കയം അഗ്രോ ടൂറിസം പാർക്ക് രണ്ടാം ഘട്ട വികസന പദ്ധതി

300 (2558) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആനക്കയം അഗ്രോ ടൂറിസം പാർക്ക് രണ്ടാം ഘട്ട വികസന പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം വികസന പ്രവൃത്തികളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി എന്ത് തുക നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കാർഷിക രീതികൾ മനസ്സിലാക്കുവാനും ഉല്ലാസത്തിനുമായി പാർക്കിലെത്തുന്ന സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് രണ്ടാം ഘട്ട നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) മലപ്പുറം ജില്ലയിലെ ആനക്കയം അഗ്രോ ടൂറിസം പാർക്ക് രണ്ടാം ഘട്ട വികസന പദ്ധതി നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ഇത്തരത്തിലുള്ള പദ്ധതികളുടെ പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ പാർക്കിലെത്തുന്ന സന്ദർശകരുടെ എണ്ണവും കണക്കിലെടുത്ത് കാർഷിക രീതികൾ മനസ്സിലാക്കുവാനും ഉല്ലാസത്തിനായുമുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മലബാർ റിവർ ക്രൂയിസ് പദ്ധതി

301 (2559) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കുന്ന മലനാട് മലബാർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 17 പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെ പറയുന്നു.

കണ്ണൂർ ജില്ല

1. പഴയങ്ങാടി ബോട്ട് ടെർമിനൽ- പ്രവൃത്തി പൂർത്തീകരിച്ചു.

2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ- പൈലിംഗ് പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു. ഹാന്റ് റെയിൽ വർക്കുകൾ പുരോഗമിച്ചുവരുന്നു. ആകെ (78%) ജോലികൾ പൂർത്തിയായി.

3. ധർമ്മടം ബോട്ട് ടെർമിനൽ- പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (55%) ജോലികൾ പൂർത്തിയായി.

4. ചേരിക്കൽ ബോട്ട് ടെർമിനൽ- പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (55%) ജോലികൾ പൂർത്തിയായി.

5. പാറപ്രം ബോട്ട് ടെർമിനൽ- പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (55%) ജോലികൾ പൂർത്തീകരിച്ചു.

6. ചാമ്പാട് (മമ്പറം) ബോട്ട് ജെട്ടി- ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചു. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി-പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെ (35%) ജോലികൾ പൂർത്തീകരിച്ചു.

8. മോന്താൽ ബോട്ട് ജെട്ടി- പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. ആകെ (42%) ജോലികൾ പൂർത്തീകരിച്ചു.

9. കരിയാട് ബോട്ട് ടെർമിനൽ- നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

10. ന്യൂ മാഹി ബോട്ട് ടെർമിനൽ- പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ്ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെ (70%) ജോലികൾ പൂർത്തീകരിച്ചു.

11. പാത്തിക്കൽ ബോട്ട് ജെട്ടി- പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (40%) ജോലികൾ പൂർത്തീകരിച്ചു.

12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ- പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (62%) ജോലികൾ പൂർത്തീകരിച്ചു.

13. പുന്നക്കടവ് ബോട്ട് ജെട്ടി- പൈലിംഗ്, പ്ലാറ്റ്ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ആകെ (66%) ജോലികൾ പൂർത്തീകരിച്ചു.

14. മുക്കുവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ- എഗ്രിമെന്റ് വച്ച് നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കാസർഗോഡ് ജില്ല

1. ഡെവലപ്മെന്റ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ- ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാർ ഒപ്പുവച്ചു. പദ്ധതി നിർമ്മാണം ഉടൻ ആരംഭിക്കും.

2. ബോട്ട് ജെട്ടി അറ്റ് മാലി കടപ്പുറം- പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആകെ 75 ശതമാനം ജോലികൾ പൂർത്തീകരിച്ചു.

3. ബോട്ട് ജെട്ടി അറ്റ് മടക്കാൽ- ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ഭാരതപ്പുഴ കേന്ദ്രീകരിച്ച് ടൂറിസം

302 (2560) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ ഫലപ്രദമായൊരു പദ്ധതി പോലും ഇല്ലെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഭാരതപുഴ കേന്ദ്രീകരിച്ചു കൊണ്ട് ഒരു ടൂറിസം പദ്ധതി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ടൂറിസം സാധ്യതയുടെ അടിസ്ഥാനത്തിലും സ്ഥലം ലഭിക്കുന്ന മുറയ്ക്കും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

പരവൂർ-പൊഴിക്കര ടൂറിസം പദ്ധതി

303 (2561) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ-പൊഴിക്കര ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരണത്തിന് താമസം നേരിടുന്നതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ അവയെന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പരവൂർ- പൊഴിക്കര ബീച്ച് വികസന പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറഞ്ഞത് പ്രവൃത്തിയിൽ താമസം നേരിടാൻ കാരണമായി.

(സി) 22-1-2020-ൽ ചേർന്ന അവലോകന യോഗത്തിൽ പ്രവൃത്തികൾ അവലോകനം നടത്തി. പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മണിയാർ ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതി

304 (2562) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ മണിയാർ ഡാം കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതിക്ക് സംസ്ഥാന ടൂറിസം വകുപ്പ് ഇതേവരെ അനുമതി നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡാം സേഫ്റ്റി അതോറിറ്റിയുടെയും ജലവിഭവ വകുപ്പിന്റെയും അംഗീകാരവും സ്ഥലം ടൂറിസം പദ്ധതിക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടും പൊതുമേഖലാസ്ഥാപനമായ കെൽ തയ്യാറാക്കിയ ഡി.പി.ആർ. അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പദ്ധതിക്ക് എന്നത്തേക്ക് അംഗീകാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മണിയാർ ഡാം കേന്ദ്രീകരിച്ച് 9,99,50,000 രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നു. പദ്ധതി പ്രദേശത്തിന്റെ ഉടമസ്ഥ വകുപ്പായ ജലസേചന വകുപ്പിന്റെ അനുമതിയുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് പദ്ധതികൾ

305 (2563) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പൈതൽമല, പാലക്കയംതട്ട്, ശശിപ്പാറ, കാഞ്ഞിരക്കൊല്ലി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിനായി മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലയിലെ നദികളെയും ജലാശയങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രമേയാധിഷ്ഠിതമായ (ക്രൂയിസ്) സവാരിക്ക് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ബോട്ട് ടെർമിനൽ/ ജെട്ടികൾ നിർമ്മിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ 14 ബോട്ട് ജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 പ്രവൃത്തികൾ പൂരോഗമിച്ചുവരുന്നു. ഇതുകൂടാതെ 27 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച 80.37 കോടിയുടെ പദ്ധതിയും നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി പ്രമേയാധിഷ്ഠിതമായ ജലയാത്രയ്ക്ക് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ 3 പ്രവൃത്തികൾ പൂരോഗമിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ 11 പദ്ധതികൾക്കുകൂടി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ധർമ്മടം മുഴപ്പിലങ്ങാട് പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കിഫ്ബി വഴി 233.71 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൈതൽമല ടൂറിസം റിസോർട്ടിന്റെ നവീകരണത്തിനുള്ള പദ്ധതി ഡി.ടി.പി.സി. തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2018-ൽ 75,90,707 രൂപയുടെ ഭരണാനുമതി നൽകിയ ഏഴരക്കുണ്ട് ടൂറിസം ഫേസ്-2

പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്. പാലക്കയംതട്ടിന്റെ വികസനത്തിനായി പുതിയ പദ്ധതി തയ്യാറാക്കാൻ ഡി.ടി.പി.സി. നടപടി സ്വീകരിച്ചു വരുന്നു. കാഞ്ഞിരക്കൊല്ലി, ശശിപ്പാറ എന്നിവിടങ്ങളിൽ ട്രക്കിംഗ് പോലെയുള്ള അഡ്വഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കാഞ്ഞിരക്കൊല്ലിയിൽ ഭൂമി കൈമാറി ലഭിക്കാത്തതിനാലും തുടർന്നുള്ള വികസനങ്ങൾക്ക് ഭൂമി ലഭ്യമാകാത്തതിനാലും പദ്ധതി പ്രവൃത്തികളുമായി മുന്നോട്ട് പോകാൻ സാധിച്ചില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

കോതമംഗലം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

306 (2564) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷി സങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി അടക്കമുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എന്തെങ്കിലും ടൂറിസം പദ്ധതികൾ നടന്നുവരുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ടിൽ 2,87,00,000 രൂപയുടെ സൗന്ദര്യവത്കരണം പൂർത്തിയാക്കിയിട്ടുണ്ട്. തട്ടേക്കാട് പക്ഷി സങ്കേതത്തിൽ 9,30,000 രൂപയുടെ താത്കാലിക ബോട്ട് ജെട്ടി പൂർത്തിയാക്കി. എന്നാൽ വനം വകുപ്പിനാണ് ഡെസ്റ്റിനേഷൻ ചുമതല. ഇടമലയാർ ഡാം പ്രദേശം കെ.എസ്.ഇ.ബി.എൽ.ന്റെ അധീനതയിലാണ്. പൂയംകുട്ടി ആദിവാസി മേഖലയായതിനാൽ ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(സി) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് കേന്ദ്രീകരിച്ച് ഇറിഗേഷൻ ഡിവിഷന്റെ അധീനതയിലുള്ള സ്ഥലങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഇക്കോ ടൂറിസം പദ്ധതിയുടെ രൂപരേഖ ഇക്കോ ടൂറിസം ഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കി വരികയാണ്.

ആനക്കുട്-അടവി-ഗവി ടൂറിസം സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം

307 (2565) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കുട്- അടവി-ഗവി ടൂറിസം സങ്കേതങ്ങളിൽ സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിനായിട്ടുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഞ്ചാരികൾക്ക് ഗവിയിൽ എത്തിച്ചേരുന്നതിന് പ്രത്യേക സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) ഗവിയിൽ കെ.റ്റി.ഡി.സി.-യുടെ ഒരു വിശ്രമ സങ്കേതം തുടങ്ങുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) പൊന്മുടിയിൽ ആരംഭിച്ച മാതൃകയിൽ ഗവിയിൽ കോട്ടേജുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പത്തനംതിട്ട ഡി.ടി.പി.സി. മുഖേന 2 മിനി ബസ്സുകൾ (ടെമ്പോ ട്രാവലർ) കോന്നി ഡി.എഫ്.ഒ.-യ്ക്ക് ടൂറിസം വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത ബസ്സുകൾ ആനക്കുട്-അടവി-ഗവി എന്നിവിടങ്ങളിൽ വിനോദസഞ്ചാരികൾക്കായി സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇത്തരത്തിൽ ഒരു പദ്ധതി ഇപ്പോൾ ടൂറിസം വകുപ്പിന്റെ പരിഗണന യിലില്ല.

പട്ടാമ്പി പൈതൃക പ്രോജക്ട്

308 (2566) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിനോദ സഞ്ചാര വകുപ്പിനുകീഴിൽ ഏറ്റവും കുറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കി വരുന്ന പട്ടാമ്പി മണ്ഡലത്തിലെ അതിപുരാതന ക്ഷേത്രങ്ങളായ പട്ടാമ്പി പടിഞ്ഞാറേ മഠം, ഞാങ്ങാട്ടിരി ഭഗവതി ക്ഷേത്രം, തിരുമിറ്റക്കോട് വിഷ്ണു ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി, ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് പട്ടാമ്പി പൈതൃക പ്രോജക്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ പദ്ധതികൾ ഒന്നും നടപ്പാക്കി വരുന്നില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ സ്പിരിച്വൽ സർക്യൂട്ട് വികസനം എന്ന സ്കീമിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ താഴെ പറയുന്ന വികസനം നടപ്പിലാക്കി വരുന്നു.

1. തിരുവേഗപ്പുറം മഹാദേവ ക്ഷേത്രം- 22,02,616 രൂപ
2. പട്ടാമ്പി ജുമാ മസ്ജിദ്- 17,02,616 രൂപ
3. മരുളൂർ തളി ശിവ ക്ഷേത്രം- 93,52,616 രൂപ

(ബി) ടൂറിസം സാധ്യത സംബന്ധിച്ച പഠനം നടത്തിയതിനുശേഷം പരിശോധിക്കാവുന്നതാണ്.

കാസർഗോഡ് പെരിയയിലെ എയർസ്ട്രിപ്പ് നിർമ്മാണം

309 (2567) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർസ്ട്രിപ്പ് നിർമ്മിക്കുന്ന വിഷയം സർക്കാറിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന് ബന്ധപ്പെട്ടവരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർസ്ട്രിപ്പ് നിർമ്മിക്കുന്ന പദ്ധതിക്കായി ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (ഏവിയേഷൻ), ജില്ലാ കളക്ടർ കാസർഗോഡ്, മാനേജിംഗ് ഡയറക്ടർ ബി.ആർ.ഡി.സി., ധനകാര്യ

വകുപ്പിന്റെ പ്രതിനിധി, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗതാഗത വകുപ്പിൽനിന്നും ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റായി പ്രവർത്തിക്കുന്നതിന് ഈ എയർസ്ട്രിപ്പിനെ റീജിയണൽ കണക്ടിവിറ്റി സ്കീം (UDAN)-ൽ ഉൾപ്പെടുത്തണമെന്നും വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മൂന്നാറിലെ ടൂറിസ്റ്റ് ടെയിൻ പദ്ധതി

310 (2568) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ ടൂറിസ്റ്റ് ടെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ഘട്ടങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) മൂന്നാറിൽ ടൂറിസ്റ്റ് ടെയിൻ പദ്ധതി നടപ്പാക്കുന്നതിനായി ആവശ്യമായ ഭൂമി അതിർത്തി നിർണ്ണയിച്ച് നൽകണമെന്നും പ്രസ്തുത ഭൂമി നിർദ്ദിഷ്ട പദ്ധതിക്കായി ഉപയോഗിക്കുവാനുള്ള അനുമതി നൽകണമെന്നും കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഫോർട്ട് വൈപ്പിന്റെ വികസന പ്രവർത്തനങ്ങൾ

311 (2569) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് വൈപ്പിന്റെ ഒന്നാംഘട്ട സൗന്ദര്യവൽക്കരണത്തിനായി അനുവദിച്ച 1.65 കോടി രൂപ ചെലവഴിച്ചതിനാലും, ഫോർട്ട് വൈപ്പിന്റെ ചരിത്ര പ്രാധാന്യവും കണക്കിലെടുത്ത് ഈ പ്രദേശത്തിന്റെ രണ്ടാംഘട്ട വികസനത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഫോർട്ട് വൈപ്പിന്റെ രണ്ടാംഘട്ട വികസനം ഇപ്പോൾ പരിഗണനയിലില്ല.

ഷൊർണൂർ മണ്ഡലത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

312 (2570) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം നടത്തിയ വികസന പ്രവർത്തനങ്ങളും, ഓരോ പ്രവൃത്തികൾക്ക് അനുവദിച്ച തുകയും, പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണൂർ മണ്ഡലത്തിൽ വെള്ളിനേഴി കലാഗ്രാമം ഒന്നാംഘട്ടത്തിന്റെ പ്രവൃത്തിക്കായി 200,00,000 (രണ്ട് കോടി രൂപ) രൂപ അനുവദിച്ചതിൽ കലാഗ്രാമത്തിന്റെ മെയിൻ ബ്ലോക്ക് പൂർത്തീകരിച്ചു. ഇതിൽ ഇലക്ട്രിഫിക്കേഷൻ ലാന്റ് സ്കേപിംഗ്, ചുറ്റുമതിൽ എന്നിവയ്ക്കായി കെ.ഇ.എൽ. (KEL) വഴി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

മലങ്കരയിൽ റിസർവോയർ ബെയിസ്ഡ് ടൂറിസം

313 (2571) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലങ്കരയിൽ റിസർവോയർ ബെയിസ്ഡ് ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയായ ടൂറിസം ഹബ്ബ് @ മലങ്കരയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിലെ മലങ്കരയിൽ റിസർവോയർ ബെയിസ്ഡ് ടൂറിസം ഡെസ്റ്റിനേഷൻ ടൂറിസ്റ്റ് ഹബ്ബ് അറ്റ് മലങ്കര എന്ന പെരിൽ ഹാബിറ്റാറ്റ് തയ്യാറാക്കിയ പദ്ധതിക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പെരുന്തേനരുവി ടൂറിസം പദ്ധതി

314 (2572) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തെത്തുടർന്ന് പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്; എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇവയുടെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് ഇവ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാവാനുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കിയ പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ 2018-ലെ മഹാപ്രളയത്തിൽ താഴെപ്പറയുന്ന ഘടകങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

1. ലാന്റ് സ്കേപ്പിംഗിനായി അരുവിയോട് ചേർന്ന് ചെയ്തിരിക്കുന്ന ആർ.സി.സി. റീട്ടെയിനിംഗ് വാൾ-ഉം അതിന് മുകളിലായി ചെയ്തിരുന്ന വയർ മെഷ് ഉപയോഗിച്ചുള്ള ചുറ്റുവേലിയും
2. സീറ്റിംഗ് സ്ലാബിനായി ചെയ്തിരുന്ന പി.സി.സി.
3. ഭൂമി ലെവൽ ചെയ്തിരുന്ന മണ്ണ്, ക്വാറി മക് എന്നിവ ഒഴുകിപ്പോയി
4. സ്ട്രീറ്റ് ലൈറ്റ്- 1, ലൈറ്റ് പോസ്റ്റ് ആന്റ് ഫിറ്റിംഗ്സ്- 8 എണ്ണം, എൽ.ഇ.ഡി. ഫ്ലഡ് ലൈറ്റ്- 3 എണ്ണം

ഏജൻസി തയ്യാറാക്കിയ കണക്ക് പ്രകാരം ഈ പ്രവൃത്തിക്ക് 10,85,000 രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ പുഴയോരത്ത് ചെയ്തിരുന്ന ഇന്റർലോക്ക് കൊണ്ടുള്ള നടപ്പാത നഷ്ടപ്പെട്ട ഇനത്തിൽ ഏജൻസിയുടെ കണക്ക് പ്രകാരം 5 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്ര വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ പുനരുദ്ധാരണത്തിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 6 മാസംകൊണ്ട് പണി പൂർത്തീകരിക്കുന്നതാണ്. കെൽ (KEL) മുഖേന പുഴയോരത്ത് നിർമ്മിച്ച നടപ്പാത ഇനിയും നഷ്ടപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് പരിഗണിച്ചിട്ടില്ല.

(സി) കെൽ (KEL) മുഖേന ചെയ്തുവരുന്ന പ്രവൃത്തികൾ 2020 മാർച്ചിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. എ.സി., ഫർണിച്ചർ, സോളാർ ലൈറ്റ്, സ്റ്റീൽ റാമ്പ്, പ്രൊവിഷൻ ഓഫ് വാട്ടർ എന്നിവ ഇനിയും പൂർത്തിയാക്കാനുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്ര നടപ്പിലാക്കുന്ന പദ്ധതിയിൽ ലാന്റ് സ്കേപ്പിംഗ്, പ്ലേ എക്യുപ്മെന്റ്, ഇലക്ട്രിക്കൽ വർക്ക്, പാർക്കിംഗ് ഏരിയ എന്നിവ ഇനിയും പൂർത്തീകരിക്കാനുണ്ട്.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപിത ലക്ഷ്യങ്ങളും പ്രവർത്തനവും

315 (2573) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപിത ലക്ഷ്യങ്ങളും പ്രവർത്തനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യത ആവശ്യാനുസരണമുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; അല്ലാതെയുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ആവശ്യമായ കെട്ടിട സൗകര്യം ഒരുക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഏതൊക്കെ ജില്ലകളിലാണ് പുതിയ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത് 1967-ൽ കളമശ്ശേരിയിലാണ്. വിനോദസഞ്ചാര വ്യവസായത്തിന്റെ വളർച്ച മുന്നിൽക്കണ്ട് അതിനനുസരണമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സ്ഥലങ്ങളിലായി 13 ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിൽ ഒരു വർഷത്തെ പരിശീലനമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നത്. വമ്പിച്ച ജോലി സാധ്യത ഉറപ്പുള്ള ഈ കോഴ്സുകൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച കേരള സർക്കാരിന്റെ സാങ്കേതിക വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റും നൽകുന്നു. വർഷാവർഷം 1600-ൽ പരം വിദ്യാർത്ഥികൾ കേരളത്തിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും വിദഗ്ധ പരിശീലനം ലഭിച്ച് ഹോസ്പിറ്റാലിറ്റിയിലെ വിവിധ മേഖലകളിൽ ജോലിയിൽ പ്രവേശിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകുക എന്ന കർത്തവ്യത്തിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വലിയ പങ്ക് വഹിക്കുന്നു.

(ബി) ഉണ്ട്. കോഴ്സിന്റെ ഭാഗമായി 3 മാസത്തെ നിർബന്ധിത വ്യാവസായിക പരിശീലനം വിവിധ സ്റ്റാർ ഹോട്ടലുകളിൽ നൽകി വരാറുണ്ട്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും വിദേശങ്ങളിലും ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലി ലഭിക്കുന്നു. കൂടാതെ ആഡംബര കപ്പലുകൾ, ഇൻഡസ്ട്രിയൽ ക്യാന്റീനുകൾ, ഹോസ്പിറ്റലുകൾ, സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ജോലി ലഭിക്കുന്നുണ്ട്.

(സി) നിലവിൽ കേരളത്തിൽ 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. ആയതിൽ കളമശ്ശേരി, തൃശ്ശൂർ, കണ്ണൂർ, ഉദുമ സെന്ററുകൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് സ്ഥലങ്ങളിലും സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ.

നെല്ലിയാമ്പതി ടൂറിസം വികസനം

316 (2574) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) നെല്ലിയാമ്പതിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ സംബന്ധിച്ച് വകുപ്പ് പഠനം നടത്തിവരുന്നു. പുതിയ പദ്ധതി തുടങ്ങുവാനുള്ള പ്രാരംഭ ഘട്ടമെന്ന നിലയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

317 (2575) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം ഇന്ത്യയിലെത്തുന്ന വിദേശ വിനോദസഞ്ചാരികളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ആഭ്യന്തര വിനോദസഞ്ചാരികളെത്തുന്നതിൽ കേരളത്തിന്റെ സ്ഥാന മെത്രയാണ്;

(സി) ഈ സ്ഥാനങ്ങൾ ഉയർത്തുന്നതിനും കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2018-ലെ കണക്കുകൾ പ്രകാരം 8-ാം സ്ഥാനം.

(ബി) 2017-ലെ കണക്ക് പ്രകാരം 18-ാം സ്ഥാനം.

(സി) കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള

നടപടികൾ ഏർപ്പെടുത്തി വരുന്നു. കൂടാതെ, ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി RT Mission പ്രവർത്തനം നടത്തിവരുന്നു. വിനോദസഞ്ചാരികളുടെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ഗ്രീൻ കാർപ്പറ്റ് സ്കീം
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം, മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്ലെറ്റ് സമുച്ചയങ്ങൾ

- ചാമ്പ്യൻസ് ബോട്ട് ലീഗ്
- ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം
- ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ട്രൂകൾ സംഘടിപ്പിക്കൽ
- അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ടെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസിന്റെ തുടർച്ച
- 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- MICE, വെഡിങ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം
- ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ നവീകരണം
- സാഹസിക ടൂറിസം സംരംഭങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം.
- ഇതുകൂടാതെ ചുവടെ ചേർക്കുന്ന ഭാവി പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തേയ്ക്കുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.
- ചാമ്പ്യൻസ് ബോട്ട് ലീഗ് രണ്ടാം ഘട്ടം
- ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം
- സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം
- വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും
- ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസഡർ ടൂർ പോലെയുള്ള നവീന സംരംഭങ്ങൾക്ക് സഹായം നൽകൽ.

എക്സ്പീരിയൻസ് എത്നിക് കൃസിൻ പദ്ധതി

318 (2576) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി.ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വിഭവങ്ങളുടെ രുചി വിദേശസഞ്ചാരികളുടെ ക്കുമുള്ളവർക്ക് പരിചയപ്പെടുത്തുന്നതിനായി "എക്സ്പീരിയൻസ് എത്ത്നിക് കൃസിൻ " എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) വീട്ടമ്മമാരുടെ കൈപ്പുണ്യം കൊണ്ടുണ്ടാക്കുന്ന സ്വാദേറിയ നാടൻ വിഭവങ്ങൾ വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിന് ഈ പദ്ധതി മുഖേന കഴിയുമോ; വ്യക്തമാക്കുമോ;

(സി) നാടൻ സഞ്ചാരികൾക്ക് ഏതുപ്രദേശത്ത് യാത്ര പോകുമ്പോഴും ആ പ്രദേശത്തെ രുചികരമായ നാടൻ ഭക്ഷണം ലഭ്യമാകുന്നതിനുള്ള സൗകര്യം ഒരുക്കുമോ; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ പരമ്പരാഗത ഭക്ഷണവും പ്രാദേശിക രുചിഭേദങ്ങളും പരമ്പരാഗതമായി ഭക്ഷണം തയ്യാറാക്കുന്ന രീതികളും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എക്സ്പീരിയൻസ് ലോക്കൽ/എത്നിക് കൃസിൻ പദ്ധതി'.

(ബി) കേരളത്തിലെ ഓരോ പ്രദേശത്തെയും പ്രാദേശിക വിഭവങ്ങളും നാടൻ ഭക്ഷണവും വിനോദസഞ്ചാരികൾക്ക് വൃത്തിയായും മിതമായ നിലയിലും പ്രാദേശിക ഭവനങ്ങളിൽ ലഭ്യമാക്കുക എന്നുള്ളതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) കേരളത്തിലുടനീളം സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് കേരളത്തിലെ എല്ലാ ഭാഗത്തും മിതമായ വിലയിലും വൃത്തിയും വെടിപ്പുമുള്ള പ്രാദേശിക ഭവനങ്ങളിൽ രുചിഭേദങ്ങളും പരമ്പരാഗത ഭക്ഷണവും ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഈ പദ്ധതി വഴി ഒരുക്കുകയാണ് ആർ.ടി. മിഷൻ ചെയ്യുന്നത്.

(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആർ.ടി. മിഷൻ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത്, പ്രിന്റ് എടുത്ത് പൂരിപ്പിച്ച് FSSAI രജിസ്ട്രേഷൻ/ലൈസൻസ് പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ അനുബന്ധ രേഖകളോടെ ആർ.ടി. മിഷന്റെ ജില്ലാ ഓഫീസിലോ സംസ്ഥാന മിഷൻ ഓഫീസിലോ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകളുടെ വെരിഫിക്കേഷനും യൂണിറ്റ് പരിശോധനയും കഴിഞ്ഞതിനുശേഷം ആർ.ടി. മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നതായിരിക്കും. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് നൽകുന്ന ലോഗിൻ ഐ.ഡി.യും പാസ്വേർഡും ഉപയോഗിച്ച് ഓരോ യൂണിറ്റുകൾക്കും തങ്ങൾ നൽകുന്ന ഡിഷുകൾ, അതിന്റെ വില, അളവ്/എണ്ണം എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ നിലവിൽ വരുന്നതോടെ സഞ്ചാരികൾക്ക് ഓൺലൈൻ ആയി ആവശ്യമായ ഭക്ഷണം ഓർഡർ ചെയ്യാവുന്നതാണ്.

ക്ഷേത്രോപദേശക സമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനവും

319 (2577) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളോടനുബന്ധിച്ച് നിയമാനുസൃതമായി രൂപീകരിക്കുന്ന അഡ്ഹോക്ക് കമ്മിറ്റികളെയും ഉപദേശക സമിതികളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുമോ;

(ബി) വലിയ തുകകൾ പൊതുജനങ്ങളിൽനിന്നും പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള എല്ലാ ക്ഷേത്രങ്ങളോടുമനുബന്ധിച്ചുള്ള ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും ജനാധിപത്യപരമാക്കുന്നതിനും ഈ സംവിധാനങ്ങളിലൂടെ നടക്കുന്ന സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനും കുറ്റമറ്റ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉപദേശക സമിതിയിലെ സ്ഥിരാംഗങ്ങൾ ഒഴികെയുള്ളവരെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് രജിസ്റ്റേർഡ് ഭക്തജനങ്ങളുടെ പൊതുയോഗം, പ്രസ്തുത യോഗത്തിന് ഒരാഴ്ച മുമ്പെങ്കിലും നോട്ടീസ് നൽകി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ വിളിച്ച് ചേർക്കുന്നതും യോഗത്തിൽവച്ച് പൊതുധാരണയുടെ/ സമവായത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുമാണ്. കൂടാതെ, നിശ്ചിത അംഗസംഖ്യയിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കപ്പെട്ടാൽ ക്ഷേത്രനടയിൽവച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പ് നടത്തി നിശ്ചിത എണ്ണം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) ഉണ്ട്. ദേവസ്വങ്ങളിൽ നടക്കുന്ന ഏത് രീതിയിലുള്ള ധനസമാഹരണത്തിനും ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ, ദേവസ്വം ബോർഡ് സീൽ ചെയ്ത് നൽകുന്ന കൂപ്പണുകൾ ഉപയോഗിച്ച് മാത്രമേ ധനസമാഹരണം നടത്തുവാൻ സാധിക്കൂ. അപ്രകാരം ധനസമാഹരണം നടത്തിയശേഷം വരവ് ചെലവ് കണക്കുകൾ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥയുണ്ട്. തുടർന്ന് അതത് സബ് ഗ്രൂപ്പ് ഓഫീസർ ടി കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി ആഡിറ്റ് വിഭാഗത്തിന് കൈമാറുന്നതാണ്.

(സി) സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന അവസരങ്ങളിൽ ഉത്തരവാദികളായവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ക്ഷേത്രോപദേശക സമിതികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബൈലോ പരിഷ്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

മണ്ഡല- മകരവിളക്ക് കാലത്തെ ശബരിമലയിലെ വരുമാനം

320 (2578) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ മണ്ഡല-മകരവിളക്ക് കാലത്തെ ശബരിമലയിലെ വരുമാനം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

ഈ മണ്ഡല-മകരവിളക്ക് കാലത്ത് 263,57,05,403 രൂപയാണ് വരുമാനമായി ലഭിച്ചിട്ടുള്ളത്. കാണിക്കയിനത്തിൽ ലഭിച്ചിട്ടുള്ള നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്ന നടപടി നടന്നുവരുന്നു.

ശബരിമല മാസ്റ്റർപ്ലാനിലെ മാറ്റങ്ങൾ

321 (2579) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം ഇത്തവണത്തേതുപോലെ യാതൊരു പ്രശ്നങ്ങൾക്കും ഇടനൽകാതെ വരും വർഷങ്ങളിലും നടക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018-ലെ നൂറ്റാണ്ടിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ശബരിമല മാസ്റ്റർ പ്ലാനിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ മെച്ചപ്പെട്ട താമസ സൗകര്യം, സുരക്ഷ, ബാത്ത് റൂം, ശൗചാലയങ്ങൾ, യൂറിനലുകൾ എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. ഭക്തർക്കുള്ള വിരി സൗകര്യം വർദ്ധിപ്പിക്കും, കുടിവെള്ള വിതരണം 24 മണിക്കൂറും ഉറപ്പാക്കും, ആവശ്യത്തിന് അപ്പം അരവണ പ്രസാദം ലഭ്യമാക്കും അന്നദാനം വിപുലമാക്കും മാലിന്യ സംസ്കരണം കാര്യക്ഷമമാക്കും പോലീസ് ബാരക്കിന് സമീപത്തുനിന്നും ചന്ദ്രാനന്ദൻ റോഡിലേയ്ക്ക് പുതിയ നടപ്പാത (എക്സിറ്റ് ബ്രിഡ്ജ്) നിർമ്മിക്കും, സ്വദേശ് ദർശൻ പദ്ധതികളും ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള പദ്ധതികളും പൂർത്തീകരിക്കും.

(ബി) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽ ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാറ്റംവരുത്തി പകരം താത്കാലിക നിർമ്മിതികളാണ് ചെയ്തിട്ടുള്ളത്. പമ്പയിൽ നിന്നും ബേസ് ക്യാമ്പ് എല്ലാവിധ സൗകര്യങ്ങളോടുകൂടി നിലയ്ക്കലിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കാലാനുസൃതമായി ശബരിമല മാസ്റ്റർപ്ലാനിലും മാറ്റം വരുത്തുന്ന കാര്യം ആലോചിച്ചുവരുന്നു.

ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ

322 (2580) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദ വിവരം നല്കാമോ?

ഉത്തരം

(എ & ബി) ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ നിർമ്മിക്കുന്നതിനുള്ള ജോയിന്റ് സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിക്ക് വേണ്ടിയുള്ള അനുമതിക്കും മണ്ണ് പരിശോധനയ്ക്കുമുള്ള അപേക്ഷകൾ എൺവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് റിപ്പോർട്ട് സഹിതം വനം വന്യജീവി വകുപ്പിന് സമർപ്പി ച്ചിട്ടുണ്ട്.

(സി) വനം വന്യജീവി വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ കഴിയും.

കോന്നി നിയോജകമണ്ഡലത്തിൽ പിൽഗ്രിം സെന്റർ

323 (2581) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഒരു പിൽഗ്രിം സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

കോന്നി നിയോജക മണ്ഡലത്തിൽ കോന്നി മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രവും മലയാലപ്പുഴ ദേവീ ക്ഷേത്രവും തീർത്ഥാടന കാലത്തെ ശബരിമല അയ്യപ്പൻമാർക്കുള്ള ഇടത്താവളങ്ങളാണ്. ഇവിടെ തിരക്ക് കൂടുന്നപക്ഷം കൂടുതൽ സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്.

ശബരിമലയിൽ നടന്ന അക്രമസംഭവങ്ങളിലിരയായവർക്ക് നഷ്ടപരിഹാരം

324 (2582) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമലയിൽ നടന്ന അക്രമസംഭവങ്ങളിലിരയായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ ഏതെങ്കിലും വിധത്തിലുള്ള പരാമർശമോ പ്രഖ്യാപനമോ നടത്തിയിരുന്നോ ; വിശദമാക്കാമോ;

(ബി) എങ്കിൽ നഷ്ടപരിഹാരം ലഭിക്കാൻ അർഹതപ്പെട്ടവരായി എത്ര പേരെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് എപ്രകാരമാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ചുള്ള നിർദ്ദേശം സർക്കാരിന് ഏതെങ്കിലും കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിരുന്നതാണോ അതോ സർക്കാർ ഈ വിഷയത്തിൽ സ്വമേധയാ തീരുമാനമെടുത്തതാണോ എന്ന് വ്യക്തമാക്കുമോ; എന്നാണ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തത് എന്നറിയിക്കുമോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കേണ്ടവരെ തെരെഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു; ഇവരിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നാളിതുവരെ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും എന്ത് തുക വീതം നല്കിയെന്നും അറിയിക്കുമോ ;

(ഡി) നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക എവിടെനിന്നാണ് കണ്ടെത്തിയത് ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ മണ്ഡല- മകരവിളക്കുകാലത്ത് തീർത്ഥാടകർക്ക് നേരെ അക്രമസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ എല്ലാവിധ സംരക്ഷണവും ഏർപ്പെടുത്തിയിരുന്നു. ആയതിനാൽ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ബി - ഡി) ബാധകമല്ല.

ശബരിമലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികൾ

325 (2583) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വനം വകുപ്പിന്റെ ഭാഗത്തുനിന്നുള്ള നിസ്സഹകരണം അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ പ്രതിബന്ധം ഉണ്ടാക്കുന്നുണ്ടോ;

(സി) സന്നിധാനത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കുന്നാർ തടയണയുടെ ഉയരം കൂട്ടേണ്ടതുണ്ടോ; അതിനായുള്ള പദ്ധതികൾ ബോർഡ് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് നിലവിലുള്ള പ്രതിബന്ധം എന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഹിൽടോപ്പിൽനിന്നും സന്നിധാനത്ത് എത്താൻ റോപ് വേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശബരിമലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ശബരിമല മാസ്റ്റർപ്ലാൻ വിഭാവന ചെയ്തിട്ടുള്ളതാണ്. ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് പൂർത്തിയാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ബി) ശബരിമലയിലെ ഭൂമി സംബന്ധമായി വനം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും തമ്മിൽ ചില തർക്കങ്ങൾ നിലവിലുണ്ട്. അവ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കുന്നാർ തടയണയുടെ ഉയരം കൂട്ടി വ്യാസം കൂടിയ പൈപ്പ്ലൈനുകൾ സ്ഥാപിക്കേണ്ട പദ്ധതിക്കുള്ള അംഗീകാരത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ നിർമ്മിക്കുന്നതിന് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ചിറങ്ങരയിൽ ശബരിമല ഇടത്താവളം

326(2584) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങരയിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം അനുവദിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിറങ്ങര ശബരിമല ഇടത്താവള നിർമ്മാണത്തിന് അനുമതിയും ഫണ്ടും ഉടൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചിറങ്ങര വിഷ്ണു ക്ഷേത്ര ഭൂമിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ ചെലവിൽ ശബരിമല തീർത്ഥാടകർക്ക് ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദിവസ വേതന നിയമനം

327 (2585) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദിവസ വേതന അടിസ്ഥാനത്തിൽ എത്ര പേർ ഏതൊക്കെ വിഭാഗങ്ങളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിൽ ബോർഡ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ദിവസ വേതനം നൽകുന്നതിന് 2019 ൽ എത്ര ലക്ഷം രൂപയാണ് ബോർഡിന് ആവശ്യമായി വന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ലാർക്ക്, ഓവർസിയർ, തസ്തിക ഒഴിവുള്ള പ്യൂൺ, ടൈപ്പിസ്റ്റ്, ലാസ്കർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഗസ്റ്റ് ഹൗസ് വാച്ചർ, ദേവസ്വം ബോർഡ് പ്രസ്സ് ബൈൻഡർ, സ്വീപ്പർ, ഗാർഡ് എന്നീ തസ്തികയിൽ 43 ഓളം ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു.

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓവർസിയർമാരുടെ നിയമനം നടത്തിയിട്ടുള്ളതിനാലും നിയമനം നടത്തിയിട്ടുള്ളതിനാലും ക്ലാർക്ക് തസ്തികയിൽ പുനർ വിന്യാസ നടപടി പൂർത്തിയാക്കിയിട്ടുള്ളതിനാലും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ലാർക്ക്, ഓവർസിയർ തസ്തികകളിലുള്ള ദിവസവേതനാടിസ്ഥാനക്കാരുടെ സേവന കാലാവധി അവസാനിപ്പിച്ചിട്ടുള്ളതാണ്.

(സി) ദിവസ വേതനം നൽകുന്നതിന് 2019-ൽ 91,23,965 രൂപ ചെലവഴിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിന് കീഴിലെ താല്കാലിക നിയമനങ്ങൾ

328 (2586) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താല്കാലിക നിയമനങ്ങൾ നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശം ലംഘിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസ്, ശബരിമല മാസ്റ്റർ പ്ലാൻ ഓഫീസ് എന്നിവിടങ്ങളിൽ താല്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിലാണ് താല്കാലിക നിയമനങ്ങൾ നടത്തിയതെന്നും, എത്ര പേരെ ഓരോ വിഭാഗത്തിലും നിയമിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് താല്കാലിക നിയമനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്ഥിര നിയമനം നടക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ ആഫീസ് ജോലികളുടെ നടത്തിപ്പിനായി താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളതായും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽനിന്നും സ്ഥിരം ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് താത്കാലിക ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ, ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി ആഫീസിന്റെ പ്രവർത്തനത്തിന് സ്റ്റാഫ് പാറ്റേൺ തയ്യാറാക്കി പോസ്റ്റുകൾ അനുവദിച്ചിട്ടില്ല. ആയതിനാൽ ഉന്നതാധികാര സമിതിയുടെ തീരുമാന പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി) ദേവസ്വം പ്രസ് ബോർഡ്

(ദിവസ വേതനം)

ബൈൻഡർ- 1

നമ്പറിംഗ് സ്റ്റാഫ്- 1

ഡി.റ്റി.പി. ഓപ്പറേറ്റർ- 1

ശബരിമല മാസ്റ്റർപ്ലാൻ ഓഫീസ്

(കോൺട്രാക്ട് അടിസ്ഥാനത്തിൽ)

പ്രോജക്ട് മാനേജർ- 1

അസിസ്റ്റന്റ് എഞ്ചിനീയർ- 1

ഫിനാൻസ് ഓഫീസർ- 1

കമ്പ്യൂട്ടർ ഓപ്പറേറ്റർ- 1

വർക്ക് സൂപ്പർവൈസർ- 3

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് താത്കാലിക നിയമനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞിട്ടില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിൽ മുന്നാക്കത്തിലെ പിന്നാക്കക്കാർക്ക് സംവരണം

329 (2587) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നാക്കത്തിലെ പിന്നാക്കകാർക്ക് 10% സംവരണം നൽകുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സംവരണത്തിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അവ്യക്തത നിറഞ്ഞതാണെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് പ്രസ്തുത സംവരണം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിന് സർക്കാർ വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 2019-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം റിക്രൂട്ട്മെന്റ് ബോർഡ് തയ്യാറാക്കുന്ന എല്ലാ തസ്തികകളിലേയ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നുമുള്ള നിയമനങ്ങൾക്ക് ഈ സംവരണം ബാധകമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനം

330 (2588) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം ശാന്തിക്കാരുടെ നിയമനം സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാർട്ട് ടൈം ശാന്തിക്കാരുടെ എത്ര ഒഴിവുകളാണ് ഇപ്പോൾ ടി.ഡി.ബി.-യിൽ ഉള്ളത് എന്നറിയിക്കാമോ; പാർട്ട് ടൈമിൽ നിന്നും ഫുൾടൈം ശാന്തിക്കാരുടെ പ്രൊമോഷൻ നടക്കുന്നില്ല എന്ന പരാതി വാസ്തവമാണോ ;ആണെങ്കിൽ പരാതിക്ക് പരിഹാരം കണ്ടെത്തുമോ ; ഇങ്ങനെയുള്ള പ്രമോഷൻ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ കരാർ ശാന്തിക്കാരെ നിയമിക്കുന്ന സാഹചര്യം ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) പാർട്ട് ടൈം ശാന്തിക്കാരുടെ 42 ഒഴിവുകളാണ് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലുള്ളതെന്നും പാർട്ട് ടൈം ശാന്തിക്കാരുടെ ഫുൾ ടൈം ശാന്തിയിലേയ്ക്കുള്ള പ്രൊമോഷൻ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ശാന്തിക്കാരുടെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിക്ക് ഫണ്ട്

331 (2589) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിയുടെ സുഗമമായ നടത്തിപ്പിനും ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ക്ഷേത്രകലാ അക്കാദമിക്ക് വകയിരുത്തിയിരുന്ന 5,00,000 രൂപ (അഞ്ച് ലക്ഷം) അനുവദിച്ച് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 50,00,000 (അൻപത് ലക്ഷം) രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ

332 (2590) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ശ്രീ.ഇ.ശ്രീധരനെ മുഖ്യഉപദേശകനായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗുരുവായൂരിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ നടക്കുന്നത്; ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗുരുവായൂർ ദേവസ്വം വികസനം കൂടി ഉൾപ്പെട്ട ഗുരുവായൂർ നഗരസഭയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ശ്രീ. ഇ. ശ്രീധരന്റെ സേവനം തേടാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു :

1. മൾട്ടി ലെവൽ കാർ പാർക്കിംഗ് (പ്രസാദ് പദ്ധതി) സമുച്ചയം.
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലറ്റും വാട്ടർ ടാങ്കും അടങ്ങുന്ന സമുച്ചയം.
3. കൂറമ്മ ഭവന നിർമ്മാണം.
4. കെ. ജി. സ്കൂൾ കെട്ടിട നിർമ്മാണം.
5. ശ്രീകൃഷ്ണ കോളേജിലെ കെമിസ്ട്രി ബ്ലോക്കിന് ഒരു നിലയുടെകൂടി നിർമ്മാണം.

ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിന്റെ സമഗ്ര വികസനം

333(2591) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ഇടത്താവളവും പ്രശസ്തവും പുരാതനവുമായ ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിന്റെ നാശോന്മുഖമായി കൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ നവീകരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ദേവസ്വം ബോർഡിന് നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ക്ഷേത്രത്തിലെ ശോചനീയാവസ്ഥയിലുണ്ടായിരുന്ന കെട്ടിടങ്ങൾ കാലാകാലങ്ങളിൽ നവീകരിച്ച് തീർത്ഥാടകർക്കായി തുറന്ന് കൊടുക്കുന്നുണ്ട്.

(ബി) ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 കോടി രൂപ ചെലവിൽ ഒരു ഇടത്താവളം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് സോയിൽ ടെസ്റ്റ് നടത്തിയിട്ടുള്ളതാണ്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസം

334(2592) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ ദേവസ്വം ബോർഡ് മരാമത്ത് എഞ്ചിനീയർക്ക് നൽകിയ കത്തിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; കത്ത് ലഭിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ടൂറിസം വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ ആഫീസിൽനിന്ന് 27-6-2019-ന് നെയ്യാറ്റിൻകര അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിശോധനയിലാണെന്ന് തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

II അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള അനാസ്ഥമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷാനിമോൾ ഉസ്മാൻ, ഡോ. എൻ. ജയരാജ്, സർവ്വശ്രീ കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ൭ൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാലിൽ വാസു എന്നയാളുടെ ചെറുമകളെ 6-1-2020-ന് അനു എന്ന യുവാവ് വീട്ടിൽ അതിക്രമിച്ച് കയറി മുത്തച്ഛനെ ആക്രമിച്ചശേഷം ചെറുമകളുടെ കഴുത്തിൽ കറിക്കത്തി ഉപയോഗിച്ച് മുറിവേൽപ്പിച്ചശേഷം സ്വയം കഴുത്തിൽ മുറിവേൽപ്പിച്ച സംഭവമുണ്ടായി. വിവരം അറിഞ്ഞെത്തിയ പോലീസ് സംഘം ഇരുവരെയും കാരക്കോണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചപ്പോഴേയ്ക്കും പെൺകുട്ടി മരണപ്പെട്ടു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോകവേ അനുവും മരണപ്പെട്ടു. ഇക്കാര്യത്തിൽ മുത്തച്ഛന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 450, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 36/2020 ആയി വെള്ളറട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് അന്വേഷണത്തിൽ അവർ തമ്മിൽ മുമ്പ് പ്രണയത്തിലായിരുന്നുവെന്നും അനുവിന്റെ സ്വഭാവദൂഷ്യംകാരണം പ്രണയത്തിൽനിന്നും പെൺകുട്ടി പിൻമാറിയശേഷവും അനു ശല്യം ചെയ്തിരുന്നുവെന്നും അതിന്റെ വിരോധത്താൽ വീട്ടിൽ അതിക്രമിച്ചുകയറി പെൺകുട്ടിയെ കൊലപ്പെടുത്തിയശേഷം യുവാവ് ആത്മഹത്യ ചെയ്തതായിട്ടുമാണ് വെളിവായിട്ടുള്ളത്. കേസിന്റെ അന്വേഷണം വെള്ളറട പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ (എസ്.എച്ച്.ഒ.) നടത്തിവരികയാണ്.

വലിയമല കുന്നത്തുമല സ്കൂൾ വിദ്യാർത്ഥിനിയെ സ്കൂളിന്റെ ഡയറക്ടറും അദ്ധ്യാപകനുമായ യശോധരൻ 5-2-2020-ന് സ്കൂളിലെ ക്ലാസ്സ് മുറിയിൽ വച്ച് ലൈംഗികമായി പീഡിപ്പിച്ചതായുള്ള കുട്ടിയുടെ പിതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 7-2-2020-ൽ വനിതാ പോലീസ് ഉദ്യോഗസ്ഥയെ കുട്ടിയുടെ വീട്ടിൽ അയച്ച് മൊഴി രേഖപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ പോക്സോ ആക്ട് 7, 8, 9 വകുപ്പുകൾ പ്രകാരം വലിയമല പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 53/2020 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. പീഡനത്തിനിരയായ

കുട്ടിയുടെ രഹസ്യമൊഴി നെടുമങ്ങാട് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ രേഖപ്പെടുത്തി പ്രതിയെ 7-2-2020-ൽ തന്നെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം വലിയമല പോലീസ് ഇൻസ്പെക്ടർ നടത്തിവരുന്നു.

വാളയാറിൽ ലൈംഗിക പീഡനത്തിനിരയായ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ മരണപ്പെട്ട കേസുകളിൽ പ്രതികളെ വിചാരണ കോടതി വെറുതെ വിട്ടതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ക്രിമിനൽ അപ്പീൽ നമ്പർ 1357/19, 1358/19, 1359/19, 1360/19, 1361/19, 1363/19 എന്നിങ്ങനെ ആറ് അപ്പീലുകൾ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമാണ്. പെൺകുട്ടികളുടെ മരണത്തെ സംബന്ധിച്ച് വിശദമായി അന്വേഷിക്കുന്നതിനായി Commissions of Enquiry Act പ്രകാരം റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. പി. കെ. ഹനീഫയെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. 2019 നവംബർ 26-ന് SRO No. 919/2019 ആയി ഇത് വിജ്ഞാപനം ചെയ്യുകയും ജൂഡീഷ്യൽ അന്വേഷണ കമ്മീഷൻ അന്വേഷണം നടത്തിവരികയുമാണ്. ഈ സംഭവത്തിൽ പെൺകുട്ടികളുടെ മാതാപിതാക്കൾ കോടതിയിൽ സി.ബി.ഐ. ഉൾപ്പെടെയുള്ള ഏത് അന്വേഷണവും ആവശ്യപ്പെട്ടാൽ സർക്കാർ അതിനെ എതിർക്കില്ലെന്ന കാര്യം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമ കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സ്ത്രീ സുരക്ഷാ നിയമങ്ങളെ സംബന്ധിച്ചും അവരുടെ അവകാശങ്ങളെ സംബന്ധിച്ചും ശക്തമായ ബോധവൽക്കരണ പരിപാടികളിലൂടെ ലഭിച്ച അറിവുകൾ മുഖേന കുട്ടികൾ അവർക്കുനേരെ ഉണ്ടായിട്ടുള്ള ലൈംഗികാതിക്രമങ്ങൾ പുറത്തുപറയാൻ മുന്നോട്ടുവരുന്ന സാഹചര്യം സംസ്ഥാനത്താകമാനം വന്നുകഴിഞ്ഞിട്ടുണ്ട്. ഇത്തരം പരാതികളിൽ കേസുകളെടുത്ത് അന്വേഷിക്കുന്നതിൽ പോലീസ് ജാഗ്രതയോടെ ഇടപെടുന്നതിന്റെ ഭാഗമായി കേസുകളുടെ എണ്ണത്തിൽ നാമമാത്രമായ വർദ്ധനവും കാണാനാകുന്നുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഊർജ്ജിതമായ അന്വേഷണവും പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികളും സ്വീകരിച്ചുവരികയാണ്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമൊന്നും ഇതിൽ അടങ്ങിയിട്ടില്ല.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ലോകത്ത് ഏറ്റവുമധികം കുട്ടികളുള്ള രാജ്യമാണ് ഇന്ത്യ. ഐക്യരാഷ്ട്ര സഭയുടെ Convention of Child Register-ൽ ഒപ്പു വച്ചിട്ടുള്ള രാജ്യമെന്ന നിലയ്ക്ക് കുട്ടികളുടെ സാർവ്വദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നിയമങ്ങളും അതിന്റെ പ്രയോഗവും നടപ്പാക്കാൻ ബാധ്യതപ്പെട്ട ഒരു

രാജ്യമാണ് ഇന്ത്യ. Juvenile Justice (Care and Protection of Children) Act പ്രകാരം 18 വയസ്സിൽ താഴെയുള്ളവരാണ് കുട്ടികൾ. കുട്ടികളുടെ സുരക്ഷിത ബാല്യത്തിനായുള്ള നിയമങ്ങളും വ്യവസ്ഥകളും ഭരണഘടനയിൽ അനുശാസിക്കുന്നുമുണ്ട്. Juvenile Justice (Care and Protection of Children) Act, 2015 പ്രകാരം കുട്ടികളെ ആക്രമിക്കുകയോ അവഗണിക്കുകയോ അതിലൂടെ കുട്ടിക്ക് മാനസികമോ ശാരീരികമോ ആയിട്ടുള്ള സമ്മർദ്ദം ഏൽപ്പിക്കുകയോ ചെയ്യുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. ഇത് പറയുമ്പോഴാണ് നെടുമങ്ങാട് പിഞ്ചു വിദ്യാർത്ഥിനിയെ അദ്ധ്യാപകൻ പീഡിപ്പിച്ച സംഭവം പ്രസക്തമാകുന്നത്. പോക്സോ ഒഫൻഡേഴ്സിന് കൃത്യമായ ഫോളോ അപ്പ് വേണമെന്നും കുട്ടികളുമായി ഇത്തരം ഒഫൻഡേഴ്സ് ഇടപെടുന്നത് തടയണമെന്നും ഇത്തരം ഒഫൻഡേഴ്സിന്റെ ഡാറ്റാബേസ് ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം പോലീസിനും ബാലാവകാശ കമ്മീഷനുമാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ 30 ശതമാനം മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂ. അതിൽത്തന്നെ പല തരത്തിലുള്ള സോഷ്യൽ അല്ലെങ്കിൽ ഫാമിലി സ്റ്റിഗ്മ ഉണ്ടാകും. അതിൽ 10 ശതമാനത്തിന് താഴെ മാത്രമേ കൺവിക്ഷനുണ്ടാകുന്നുള്ളുവെന്നത് ഒരു വസ്തുതയാണ്. നെടുമങ്ങാട് പിഞ്ചു വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിലെ ഇതേ പ്രതിയെ ഇതിനുതൊട്ടുമുൻപ് ഉഴമലയ്ക്കൽ പോലീസ് അറസ്റ്റ് ചെയ്യുകയും പോക്സോ നിയമപ്രകാരം ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഒഫൻഡേഴ്സ് കുട്ടികളുമായി ഇടപഴകുന്നതിൽനിന്നും തടയണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശം നിലനിൽക്കെ ഇത്തരത്തിൽ കേസിൽപ്പെട്ട ഒരാൾ എങ്ങനെയാണ് വീണ്ടും ഒരു കേസിൽപ്പെട്ടത് എന്നതിന് സംസ്ഥാന സർക്കാരാണ് കൃത്യമായ മറുപടി പറയേണ്ടത്. നെടുമങ്ങാട് പീഡനത്തിനിരയായ കുട്ടിയുടെ മൊഴിയെടുക്കാൻ പോയ വനിതാ പോലീസ് ഉദ്യോഗസ്ഥ കരഞ്ഞുകൊണ്ടാണ് മൊഴി എഴുതിയെടുത്തത്. ഇത് ചെറിയ കാര്യമല്ല. ഇതൊരു രാഷ്ട്രീയ പ്രശ്നമൊന്നുമല്ല, ഒരു സാമൂഹ്യ പ്രശ്നമാണ്. ഈ സാമൂഹ്യ പ്രശ്നത്തിൽ ഗവൺമെന്റ് ഇടപെടുന്നത് എങ്ങനെയാണ് എന്നതാണ് ഇവിടത്തെ പ്രധാന ചോദ്യം. ഒരു കേസിൽ പ്രതിയായിരുന്ന അതേയാൾ കുറച്ചുനാൾ കഴിഞ്ഞപ്പോൾ വീണ്ടും കുട്ടികളെ പഠിപ്പിക്കാൻ പോകുകയാണ്. കുറ്റകൃത്യം ചെയ്ത ഇയാളെ പോലീസ് എവിടെയാണ് നിരീക്ഷിച്ചിട്ടുള്ളത്; ബാലാവകാശ കമ്മീഷൻ ഇത്തരം കാര്യങ്ങളിൽ എവിടെയാണ് ഇടപെട്ടിട്ടുള്ളതെന്നതു സംബന്ധിച്ച് കൃത്യമായ ഉത്തരം നമുക്ക് ലഭിക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിലെ പോക്സോ കേസുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സംഭവം തന്നെയാണ് വാളയാർ കേസ്. ഒരമ്മ പ്രസവിച്ച 9-ഉം 13-ഉം വയസ്സുള്ള രണ്ട് കുഞ്ഞുങ്ങളെ 53 ദിവസങ്ങൾക്കുള്ളിൽ ഒരേ രീതിയിൽ പീഡിപ്പിച്ച്

കൊലപ്പെടുത്തുന്നത് ലോകത്തുതന്നെ ഇതാദ്യമായിരിക്കും. ഈ കേസിൽ കാര്യങ്ങൾ ചോദിക്കുമ്പോൾ പോലീസ് കളിച്ച കളി നമ്മൾ കണ്ടു. പ്രോസിക്യൂട്ടറും പോലീസും രാഷ്ട്രീയ നെക്സസും അതിനകത്തുണ്ടെന്നതും പുറത്തുവന്നിട്ടുള്ള കാര്യമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച കമ്മീഷൻ മുമ്പാകെ എസ്.പി. ശ്രീ. ശിവവിക്രം നൽകിയ മൊഴിയുണ്ട്. പ്രാഥമികാന്വേഷണത്തിൽ വീഴ്ച സംഭവിച്ചെന്നും തെളിവുകൾ ശേഖരിക്കുന്നതിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും വീഴ്ചയുണ്ടായിയെന്നും അദ്ദേഹം പി. കെ. ഹനീഫ കമ്മീഷനിൽ പറഞ്ഞിരിക്കുന്നു. അരിവാൾ പാർട്ടിയുടെ ചില ആളുകൾ ഇതിന്റെ പ്രതിസ്ഥാനത്തുണ്ടെന്ന് ആ കുട്ടികളുടെ അമ്മ പറഞ്ഞത് ഞങ്ങളുടെ മുന്നിലുണ്ട്. ആദരണീയരായ വനിതാമന്ത്രിയടക്കമുള്ളവർ ഈ സഭയിലുണ്ട്. വാളയാർ കേസിൽ ഇവരൊക്കെ ഇത്രയധികം നിശബ്ദത പാലിക്കുന്നതെന്തിനാണ്? കേരളത്തിലെ വനിതാപ്രസ്ഥാനങ്ങളുടെ വക്താക്കളായിട്ടുള്ളവർ ഇവിടെ മിണ്ടാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പറയണം. സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഇന്ന് ശ്രീമതി വീണാ ജോർജ്ജ് എം.എൽ.എ. അവതരിപ്പിക്കുന്ന ശ്രദ്ധക്ഷണിക്കൽ. കേരളത്തിൽ സ്ത്രീകൾ സുരക്ഷിതരല്ല എന്നുള്ളതിന് ഇതിൽപ്പരുടതൽ തെളിവുവേണോ? സ്ത്രീസുരക്ഷയുടെ പേര് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. തലയ്ക്കുതാഴെ വാക്കത്തിയില്ലാതെ കിടന്നുറങ്ങുന്നതിനുവേണ്ടി എൽ.ഡി.എഫ്.-ന് വോട്ട് ചെയ്യണമെന്നാണ് വീടുവീടാന്തരം കയറി പറഞ്ഞത്. ഇതൊക്കെ പറഞ്ഞ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് സാക്ഷര കേരളമെന്നും സുന്ദര കേരളമെന്നുമുള്ള കേരളത്തിന്റെ നല്ല പേരുകൾ കളഞ്ഞില്ലേ? സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങളുടെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാമതെത്തി നിൽക്കുന്നുവെന്നത് അപമാനകരമാണ്. സാക്ഷര കേരളത്തിൽ എന്തുകൊണ്ട് ഇത് സംഭവിക്കുന്നു? രാജ്യമാകെ ഇത് ചർച്ച ചെയ്യുകയാണ്. കേരളം പോലുള്ള സംസ്ഥാനത്തിൽ എന്തുകൊണ്ട് ഇത് നടക്കുന്നു; ഇതിനെന്താണ് പരിഹാരം? ഒരു രാജ്യത്തിന്റെ സ്റ്റാൻഡേർഡ് ഓഫ് ലിവിംഗ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കുന്ന പ്രധാന കാര്യം അവിടത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയാണ്. ഇവിടെ പോലീസിനെക്കൊണ്ട് റൂട്ട് മാർച്ച് നടത്തിച്ചതിനുശേഷം സ്ത്രീകളെ അർദ്ധരാത്രി റോഡിലൂടെ നടത്തിക്കുന്ന സർക്കാർ സ്പോൺസേർഡ് പ്രോഗ്രാമുകളല്ലാതെ കേരളത്തിലെ സ്ത്രീസുരക്ഷയ്ക്കുവേണ്ടി ഈ ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. മൂന്നുവർഷത്തിനിടെ 380 ഗാർഹിക പീഡനകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആന്ധ്രാപ്രദേശ്, അരുണാചൽപ്രദേശ്, ഗോവ, ജമ്മുകാശ്മീർ, മണിപ്പൂർ, മേഘാലയ, നാഗാലാന്റ്, ഒഡീഷ, സിക്കിം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ ഒരു കേസ്സുപോലും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇവിടെ ഇത്തരം കേസ്സുകളുണ്ടാകുന്നത് എന്തുകൊണ്ടാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പറയുന്നത്, ഇവിടെ പരാതി പറയുന്നുവെന്നതുകൊണ്ടാണ് എന്നാണ്. പരാതി കൊടുക്കുന്നു എന്നുള്ളതുകൊണ്ടല്ല, ഇരകൾക്കും വേട്ടക്കാരനുമൊപ്പം നീങ്ങുന്ന സർക്കാരിന്റെ നയം മാത്രമാണ് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ ഏറ്റവും പ്രധാന കാരണം. രണ്ടും കൂടി നടക്കുമോ? ഒന്നുകിൽ ഇരകൾക്കൊപ്പം അല്ലെങ്കിൽ വേട്ടക്കാർക്കൊപ്പം പോകണം. നമ്മുടെ നാട്ടിലെ എത്രയോ കേസ്സുകൾ എടുത്ത് പറയാൻ സാധിക്കും. ഇന്ന് ഏറ്റവും കൂടുതൽ പെൺകുട്ടികളെ കാണാതാകുന്നത് കേരളത്തിൽ നിന്നാണ്. കേരള സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. റാന്നിയിലെ ജസ്ന എന്ന പെൺകുട്ടിയെക്കുറിച്ച് യാതൊരറിവുമില്ല. അത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നുവെന്നാണ് പറയുന്നത്. രണ്ട് വർഷമാകുന്നു. അന്വേഷണം എവിടെ എത്തിനിൽക്കുന്നുവെന്നത് സംബന്ധിച്ച് യാതൊന്നും പറയുന്നില്ല. മിഷേൽ ഷാജി എന്ന പെൺകുട്ടിയെ കൊലപ്പെടുത്തിയതാണെന്ന് അവരുടെ കുടുംബാംഗങ്ങൾ ശക്തമായി പറയുകയാണ്. പക്ഷേ അതിനെക്കുറിച്ച് അന്വേഷണം നടത്താൻ കേരളത്തിലെ പോലീസിന് കഴിയുന്നില്ല. സ്ത്രീകൾക്കെതിരെയുള്ള ആക്രമണത്തിൽ ഏറ്റവും മുന്നിലുള്ളത് തലസ്ഥാനം തന്നെയാണ്. തിരുവനന്തപുരത്ത് 1792-ഉം എറണാകുളത്ത് 1654-ഉം കൊല്ലത്ത് 1206-ഉം പത്തനംതിട്ട 654-ഉം ആലപ്പുഴയിൽ 863-ഉം ആണ്. 2018-നെ അപേക്ഷിച്ച് 680 കേസ്സുകൾക്കൂടി വർദ്ധിച്ചു. ബലാത്സംഗ കേസ്സുകളുടെ കണക്കുകൾ പരിശോധിച്ചാൽ 2018-ൽ 1945-ഉം 2019-ൽ 2076 -ഉം ആണ്. പോക്സോ കേസ്സുകളിൽ കേരളം ഒന്നാമതാണ്. കേരള സംസ്ഥാനത്ത് സ്ത്രീ സുരക്ഷയെ സംബന്ധിച്ച് വളരെ അപകടകരമായ തരത്തിൽ നിരവധി കേസ്സുകളുണ്ടായിക്കൊണ്ടിരിക്കുകയാണ്. പരാതി കൊടുക്കാൻ പോലീസ് സ്റ്റേഷനിലെത്തിയാലുള്ള അവസ്ഥയെന്താണ്? ആദ്യം പരിഹസിക്കും, പിന്നെ ഇതൊന്ന് ഒത്തു തീർപ്പാക്കിക്കൂടേയെന്ന് പോലീസ് ചോദിക്കും. ഇങ്ങനെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇവിടെ പാതിരാത്രി രൂട്ട് മാർച്ച് നടത്തി സ്ത്രീസുരക്ഷയ്ക്കായി സ്ത്രീകളെ കൊണ്ടുപോയി മണിക്കൂറുകൾ കഴിഞ്ഞപ്പോൾ വർക്കല ബീച്ചിൽ ഒരു സഞ്ചാരിക്ക് ഒരനുഭവമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് പരാതി നൽകാൻ പോലീസ് സ്റ്റേഷനിലെത്തിയ അവരോട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പറഞ്ഞത് വെള്ളത്തിൽവച്ച് നടന്ന സംഭവമായതിനാൽ ഇത് ഞങ്ങളുടെ അധികാരപരിധിയിൽ വരുന്നതല്ലെന്നും തീരദേശ പോലീസിനാണ് പരാതി കൊടുക്കേണ്ടതെന്നുമാണ്. നമ്മുടെ സംസ്ഥാനത്തേയ്ക്ക് എങ്ങനെയാണ് വിനോദസഞ്ചാരികൾ വരുന്നത്? മിഷേൽ ഷാജിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇതുപോലുള്ള നിരവധി കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പരാതിയുമായി ചെന്ന ആ കുട്ടിയുടെ രക്ഷകർത്താക്കൾ മൂന്ന് പോലീസ് സ്റ്റേഷനുകളിൽ കയറിയിറങ്ങി. യുവതിയെ ബലാത്സംഗത്തിനിരയാക്കി തലയ്ക്കടിച്ചുകൊന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ആക്രമങ്ങൾ പെരുകുന്നു. .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം സംസാരിക്കട്ടെ .....പ്ലീസ്.....

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ പറയുമ്പോൾ ഭരണപക്ഷത്തിന് ബുദ്ധിമുട്ടുണ്ടാകും. കവിയൂർ, കിളിരൂർ, പൂവരണി തുടങ്ങിയവ കേരളത്തിലെ സ്ഥലനാമങ്ങളാണ്. ഈ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. ഇരകളൊക്കെ കൊല്ലപ്പെടുന്ന അവസ്ഥയിലേയ്ക്ക് സ്ത്രീപീഡന കേസ്സുകൾ മുന്നോട്ടുപോകുമ്പോൾ അതിനെതിരെ കൃത്യമായ നിലപാടെടുക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റിന് കഴിയാത്തത്?. ..... (ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം സംസാരിക്കട്ടെ .....പ്ലീസ്.....

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, എന്റെ വിഷമം മറ്റൊന്നുംകൊണ്ടല്ല. സ്ത്രീ സുരക്ഷയുടെ പേരുപറഞ്ഞുകൊണ്ട് അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഒരു പെൺകുട്ടിയുടെ ചിത്രം വച്ചുകൊണ്ടാണ് ഇടതുമുന്നണി സ്ഥാനാർത്ഥികൾ മത്സരിച്ചത്. അതിനുശേഷം ഇത്രയും വർഷമായിട്ടും സ്ത്രീ സുരക്ഷയ്ക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. Justice delayed is justice denied എന്നാണ്. ഇവിടെ നീതി കൊടുക്കാൻ ഒരു കാരണവശാലും തയ്യാറാകുന്നില്ല. സമൂഹത്തിന്റെ നിലവാരം വിലയിരുത്തുമ്പോൾ സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഇത്രയേറെ മോശമായ അവസ്ഥയിലേയ്ക്ക് പോയ കാലഘട്ടമുണ്ടായിട്ടില്ല. വാളയാർ കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരവധി തവണ ഇവിടെ ചർച്ച ചെയ്തതാണ്. അതുമായി ബന്ധപ്പെട്ട് ഇപ്പോഴും പുറത്ത് സമരം നടക്കുകയാണ്. വാളയാർ കേസിന്മേൽ നീതി കിട്ടുന്നതുവരെ സമരമെന്ന് പറഞ്ഞ് വാളയാർ മുതൽ തിരുവനന്തപുരം വരെ ശക്തമായ പ്രതിഷേധ മാർച്ച് നടക്കുന്നു. എന്താണ് ഗവൺമെന്റിന് ഇതുസംബന്ധിച്ച് പറയാനുള്ളത്? ഈ നീതികേടിനെ നിശബ്ദതകൊണ്ട് നേരിടുക എന്നുപറയുന്നത് എത്ര നാണംകെട്ട പണിയാണ്. ഇതുചോദിക്കാതിരിക്കാൻ സാധിക്കുമോ? ഇവിടെ മന്ത്രിമാരടക്കമുള്ളവരുണ്ട്. ഇത് ആനുകാലികമായി കേരളത്തിൽ നടക്കുന്ന കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള ഗ്രാഫാണ് (ഗ്രാഫ് അടങ്ങുന്ന കടലാസ് ഉയർത്തിക്കാട്ടി.) അതിൽ Crime against children 2008 മുതൽ 2019 വരെ-4560, ബലാത്സംഗത്തിന്റെ കണക്ക് പറയുന്നതിൽ 2019-ൽ 2076 ആണ്. ഇതൊക്കെ കണ്ടിട്ട് എങ്ങനെ കയ്യുംകെട്ടി നോക്കിയിരിക്കാൻ സാധിക്കും; എന്തിനാണ് കേരളത്തിൽ വനിതാ കമ്മീഷൻ; വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടക്കുന്നത്? സ്ത്രീകൾ പരാതിയുമായി കടന്നുചെല്ലുമ്പോൾ അന്യായം പറഞ്ഞ് പരാതി തിരിച്ചു കൊടുത്തയയ്ക്കുകയും പാർട്ടിക്കാരുടെ കേസ്സാണെങ്കിൽ മാറ്റിവയ്ക്കുന്നതുമായ വനിതാകമ്മീഷൻ കേരളത്തിൽ എന്തിനാണ്? ഭരണഘടനാപരമായി ചുമതലയേറ്റിട്ടുള്ള വനിതാ കമ്മീഷന്റെ അദ്ധ്യക്ഷ

പാർട്ടിപരിപാടികളിൽ പങ്കെടുക്കുന്നത് നിരവധി തവണ നമ്മൾ കണ്ടിട്ടുണ്ട്. ഇവിടെ യാതൊരു തരത്തിലും സ്ത്രീകൾക്ക് സുരക്ഷയില്ല. പരാതി കൊണ്ടുചെന്നാൽ അവ മുഖവിലയ്ക്കെടുക്കാൻ വനിതാകമ്മീഷൻപോലും തയ്യാറാകാത്ത ഗുരുതരമായ അവസ്ഥയുള്ളതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, സ്ത്രീ സുരക്ഷയ്ക്കുവേണ്ടി കേരളം ഒന്നും ചെയ്യുന്നില്ലെന്നാണ് ബഹുമാന്യയായ അംഗം ഇവിടെ പ്രസ്താവിച്ചത്. കാര്യങ്ങൾ മനസ്സിലാക്കിയിട്ടും മനസ്സിലായില്ലെന്ന് നടിക്കുകയാണെന്നാണ് തോന്നുന്നത്. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകളുടെ പ്രാതിനിധ്യം പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ കൊണ്ടുവരുന്നതിനും ക്രിയാത്മകമായ ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ വളരെ പ്രാധാന്യവും ഗൗരവവുമുള്ള വിഷയമായാണ് സർക്കാർ കാണുന്നത്. വിവിധ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവുതന്നെയാണ് നമ്മുടെ ബഡ്ജറ്റ് ജെൻഡർ ബഡ്ജറ്റായത്. വനിതാ വകുപ്പും സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായി നിലവിൽ വന്നതാണ്. പോലീസ് സേനയിലും ഇത്തരത്തിലുള്ള ഇടപെടലുകളുണ്ടായിട്ടുണ്ട്. 15 ശതമാനം വനിതാ പ്രാതിനിധ്യം പോലീസ് സേനയിൽ ഉയർത്തുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി ഒരു പ്രത്യേക വനിതാ ബറ്റാലിയൻ രൂപീകരിച്ചുകഴിഞ്ഞു. ഇതിനുപുറമെ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് വനിതകളെ ആദ്യമായി നേരിട്ട് നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചില സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി വനിതകളെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട വനിതകൾ ഉൾപ്പെടെയുള്ളവരെ പ്രത്യേക നിയമനംവഴി പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. അഗ്നിരക്ഷാ സേനയിലും എക്സൈസിലും വനിതകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അതോടൊപ്പം കേരളാ പോലീസ് ഈ വർഷം വനിതകളുടെ സുരക്ഷയ്ക്കായി നിരവധി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനിതകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിന് സംസ്ഥാനതല സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. രണ്ട് വനിതാ പോലീസുകാർ ഉൾപ്പെട്ട സംഘം ബസ് സ്റ്റോപ്പുകൾ, ബസ് സ്റ്റാന്റുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ, ചന്തകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ രാവിലെയും ഉച്ചകഴിഞ്ഞും സ്കൂൾ സമയങ്ങളിലും വൈകുന്നേരവും രാത്രി 11 മണിക്കും വെളുപ്പിന് 5 മണിക്കും ഇടയ്ക്കുള്ള സമയത്തും പട്രോളിംഗ് നടത്തും. വനിതാ പോലീസ് ഉദ്യോഗസ്ഥർ പഞ്ചായത്തുകൾ

സന്ദർശിച്ച് പരാതികൾ സ്വീകരിക്കുന്ന സംവിധാനം വിപുലീകരിക്കും. അവർ ഇനിമുതൽ താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ചേർന്ന് നിയമ അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കും. സന്ദർശനത്തിനിടെ അവർ കാണുന്ന പരാതിക്കാരുടെയും സ്ത്രീകളുടെയും വിവരങ്ങൾ ഉൾപ്പെടെ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ക്രൈം ഡ്രൈവ് ആപ്പിൽ ഉൾപ്പെടുത്തുകയും മുതിർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഈ വിവരങ്ങൾ നേരിട്ട് നിരീക്ഷിക്കാൻ കഴിയുകയും ചെയ്യും. എല്ലാ ജില്ലകളിലും നിലവിലുള്ള വനിതാ പോലീസ് സ്റ്റേഷനുകൾ കേസന്വേഷണത്തിന് സഹായിക്കും. വനിതാ സെല്ലുകളിൽ നിന്നുള്ള ഒരു വനിതാ ഇൻസ്പെക്ടറെ ഉൾപ്പെടുത്തി റെയ്ഞ്ച് തലത്തിൽ സ്ത്രീകളുൾപ്പെടുന്ന അന്വേഷണ സംഘത്തിന് രൂപം നൽകും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഗുരുതരമായ കേസ്സുകൾ ഇനിമുതൽ ഈ സംഘമാണ് അന്വേഷിക്കുന്നത്. റെയ്ഞ്ച് ഡി.ഐ.ജി. ആയിരിക്കും ടീമിന്റെ മേൽനോട്ടം വഹിക്കുന്നത്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിലുള്ള വനിതാ സ്വയം പ്രതിരോധ പരിശീലന സംവിധാനത്തിലെ പരിശീലകർക്ക് പരമാവധി സ്കൂളുകളിലും കോളേജുകളിലും പഞ്ചായത്തുകളിലും പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകും. ഈ വർഷം അവസാനത്തോടെ വലിയ ജില്ലകളിൽ അഞ്ച് ലക്ഷം സ്ത്രീകൾക്കും ചെറിയ ജില്ലകളിൽ രണ്ട് ലക്ഷം സ്ത്രീകൾക്കും പരിശീലനം നൽകും. വനിതകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കും. പോക്സോ കേസുകൾ, ബാലനീതി നിയമം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ പദ്ധതികൾ തയ്യാറാക്കും.

തനിച്ച് താമസിക്കുന്ന സ്ത്രീകളെയും ശാരീരികവും മാനസികവുമായി വൈകല്യമുള്ള സ്ത്രീകളെയും വനിതാ പോലീസ് അംഗം സന്ദർശിച്ച് ക്ഷേമാന്വേഷണം നടത്തും. മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പെൺകുട്ടികളുടെ ഇടയിൽ ബോധവത്കരണം നടത്തും. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾ സ്കൂൾ പഠനം ഇടയ്ക്കുവച്ച് നിർത്തുന്നത് അവസാനിപ്പിക്കാൻ കുടുംബശ്രീ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കും. കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി ചേർന്ന് സ്ത്രീധനത്തിനെതിരായി ക്യാമ്പയിൻ തയ്യാറാക്കും. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷാ ഹസ്തവുമായി കേരളാ പോലീസിന്റെ 'നിഴൽ' പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായമെത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെല്ലിൽ പ്രത്യേക സംവിധാനം നിലവിൽ വന്നു. ഈ സംവിധാനത്തിലേയ്ക്ക് കേരളത്തിലെ എല്ലാ ജില്ലയിൽനിന്നും ഏത് സമയവും

ഫോൺ മുഖേന ബന്ധപ്പെടാവുന്നതാണ്. അസമയത്ത് വാഹനം കേടാവുകയും ടയർ പഞ്ചറാകുകയും ചെയ്യുന്നതുമൂലം വഴിയിൽ കുടുങ്ങുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും 112 എന്ന നമ്പരിൽ വിളിച്ച് സഹായമഭ്യർത്ഥിക്കാം. രാത്രി ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് പോലീസ് സഹായമെത്തിക്കാനും ഈ സംവിധാനം വഴി സാധിക്കും. രാത്രിയിൽ കേരളത്തിൽ സ്ത്രീകൾക്ക് ഒറ്റയ്ക്ക് നിർഭയമായി സഞ്ചരിക്കാൻ സാഹചര്യം ഒരുക്കുന്നതിന് 'സുരക്ഷിത' എന്ന പേരിൽ കേരളാ പോലീസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 24-12-2019 മുതൽ 31-1-2020 വരെ കൊല്ലം നഗരത്തിൽ നടപ്പിലാക്കി. മഫ്തിയിലുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെയും നിർഭയ വോളന്റിയർമാരുടെയും നാലുപേർ വീതം അടങ്ങുന്ന സംഘം രാത്രി 8 മണി മുതൽ പുലർച്ചെ വരെ പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. വനിതാ ശിശുവികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിനായിട്ടുള്ള ഒട്ടേറെ പദ്ധതികൾ ഇതിനകം തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിന് ഐ.ഇ.സി. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ പ്രചരണം എത്തിക്കുന്നതിന് പോസ്റ്ററുകൾ ഒട്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള മാസ് ക്യാമ്പയിനിംഗ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൺ സ്റ്റോപ് സെന്ററുകളിലെ ജീവനക്കാർ മുഖേന വിവിധ തലങ്ങളിൽ അവബോധ നടപടികൾ നടത്തിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വിമെൻ ആന്റ് ചിൽഡ്രൻ ഹോം താമസക്കാർക്കായി സൈക്കളോജിക്കൽ ഇന്റർവെൻഷൻ, ജീവിത നൈപുണ്യ വിദ്യാഭ്യാസം, വിവിധ തൊഴിൽ പരിശീലന പരിപാടികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 'കരുതൽ സ്പർശം- കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി 2019-ൽ ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 'ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വം' എന്ന വിഷയം ആസ്പദമാക്കി എല്ലാ പഞ്ചായത്തുകളിലും അഞ്ച് വീതം പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ കൂടുതലും കുടുംബത്തിനുള്ളിൽനിന്നും ബന്ധുക്കളിൽ നിന്നുമാണെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് 'കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. സ്ത്രീ ശാക്തീകരണ പരിപാടിയായ 'സധൈര്യം മുന്നോട്ട്' എന്നതിന്റെ ഭാഗമായി വിവിധ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം, സ്കൂൾതലം മുതൽ ഡിഗ്രിതലം വരെയുള്ള വിദ്യാർത്ഥികൾക്കായി

ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' പദ്ധതി നടപ്പാക്കി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ സഹായം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'സഖി വൺസ്റ്റോപ് സെന്റർ'. കേരളത്തിൽ 14 ജില്ലകളിലും വൺസ്റ്റോപ് സെന്ററുകൾ പ്രവർത്തനക്ഷമമാണ്. കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്ന 'നിർഭയ' ഒട്ടേറെ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെന്ററിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമങ്ങളെ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ 13 ഹോമുകൾ, തിരുവനന്തപുരം-3, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ ദൈനംദിനം പ്രവർത്തിച്ചുവരികയാണ്. 12 വയസ്സിനുതാഴെയുള്ള ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16-11-2018-ൽ എസ്.ഒ.എസ്. മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ എസ്.ഒ.എസ്. ഹോമിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗികാതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നു. കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന വൺസ്റ്റോപ് സെന്ററുകളുടെ നോഡൽ ഏജൻസിയായി നിർഭയ സെൽ പ്രവർത്തിച്ചുവരുന്നു. വനിതകളുടെയും കുട്ടികളുടെയും ഹോമുകളുടെയും എസ്.ഒ.എസ്. മോഡൽ ഹോമിന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്കും പുനരധിവാസത്തിന് ആവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവയും നടപ്പിലാക്കിവരുന്നു. ഇതോടൊപ്പംതന്നെ വിദ്യാലയങ്ങളിൽ പ്രത്യേകമായ ചില സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നുണ്ട്. അതിൽ ഒന്ന് കൗൺസിലിംഗിനുള്ള സംവിധാനമാണ്. അതോടൊപ്പംതന്നെ സ്കൂളുകളിലെ അദ്ധ്യാപകർ സ്വയമേവ മെന്റർമാരായി മാറുകയാണ്. നിശ്ചിത എണ്ണം കുട്ടികളുടെ മെന്ററായി ഒരു അദ്ധ്യാപകനും അദ്ധ്യാപികയുമുണ്ടാകും. ഏതെങ്കിലും തരത്തിലുള്ള വിഷമം കുട്ടിക്കുണ്ടെന്ന് മെന്ററായ ടീച്ചർക്ക് ബോധ്യപ്പെട്ടാൽ, അങ്ങനെ തോന്നുന്ന

അവസരത്തിൽതന്നെ അതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികളിലേയ്ക്ക് കടക്കും. അതിൽ കുടുംബത്തിലുള്ളവരടക്കം ബന്ധപ്പെടേണ്ടതായിട്ടുണ്ടെങ്കിൽ ബന്ധപ്പെടുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വിപുലമായ കരുതൽ നടപടികളാണ് ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നത്. വനിതാ കമ്മീഷനെതിരെ ബഹുമാനപ്പെട്ട അംഗം കുശുമ്പുകൊണ്ട് എന്തോ പറഞ്ഞതാണെന്നാണ് തോന്നുന്നത്. വനിതാ കമ്മീഷൻ നല്ല നിലയ്ക്ക് പ്രവർത്തിച്ചുവരികയാണ്, അതിൽ ഒരു തരത്തിലുള്ള അപാകതയുമില്ല. അതുകൊണ്ട് നല്ല നിലയ്ക്ക് ഇക്കാര്യങ്ങളിൽ സമൂഹം ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്. കാരണം വലിയ തോതിൽ കേസ്സുകൾ വരുന്നത് സ്വന്തമെന്ന് പറയാവുന്നവരിൽ നിന്നുമാണ്. അടുപ്പക്കാരിൽനിന്നും സ്വന്തക്കാരിൽ നിന്നുമാണ് പല കുട്ടികളും പീഡനത്തിനിരയാകുന്നത്. സമൂഹമാകെ വലിയ തോതിൽ ജാഗ്രത പാലിക്കേണ്ട കാര്യമാണിത്. അവിടെയാണ് ബോധവൽക്കരണത്തിന്റെ പ്രാധാന്യം വരുന്നത്. ഇതിനെക്കുറിച്ച് ഒരവബോധം പൊതുവിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി നല്ലുതുപേലെ പരാതിപ്പെടുന്ന അവസ്ഥ വന്നുകൊണ്ടിരിക്കുന്നു; അതിന്റെ തുടർനടപടികളിലേയ്ക്കും കടക്കുന്നുണ്ട്. അത് കൂടുതൽ ശക്തമായി നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. സാധാരണ നിലയ്ക്ക് ഒരു സംഭവവും ഇല്ലാതിരിക്കത്തക്ക ഒരു അന്തരീക്ഷത്തിലേയ്ക്ക് നമുക്ക് എത്താൻ കഴിയണം. അതിന് സമൂഹത്തിന്റെയാകെ ജാഗ്രതയും ഇടപെടലും കരുതലുമുണ്ടാകണം. ഇതെല്ലാം പഴയ കാര്യങ്ങളെപ്പറ്റിയാണ് പറഞ്ഞത്. ഇവിടെ ഈ വിഷയം ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇപ്പോൾ ഉദിക്കുന്നില്ല. നേരത്തെയുള്ള പ്രശ്നങ്ങളാണിതെന്ന് ബഹുമാന്യയായ അംഗംതന്നെ പറഞ്ഞു. പുതിയ പ്രശ്നങ്ങളില്ലാത്തതിനാൽ ഇത് ചർച്ച ചെയ്യുന്നതിനായി സഭ നിർത്തി വയ്ക്കേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ "I measure the progress of a community by the degree of progress which women have achieved", എന്നത് മഹാനായ ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞ വാചകമാണ്. ഒരു പരിഷ്കൃത സമൂഹം എങ്ങനെയായിരിക്കണമെന്നാണ് മഹാനായ ഡോ. ബി. ആർ. അംബേദ്കർ തന്റെ ഈ വാചകത്തിലൂടെ എടുത്തുപറയുന്നത്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്ത്രീ പീഡനങ്ങളും കുട്ടികൾക്കെതിരായ അതിക്രമങ്ങളും വളർന്നുവരുന്നതിന്റെ യഥാർത്ഥമായ ചിത്രമാണ് ശ്രീമതി ഷാനിമോൾ

ഉസ്മാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതെല്ലാം പഴയ കാര്യങ്ങളാണ്, ഇതിലൊന്നും ഒരു പുതുമയുമില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം സാധാരണ ഗതിയിൽ ആഭ്യന്തര വകുപ്പും വനിതാ വികസന വകുപ്പുമെല്ലാം നടപ്പിലാക്കുന്ന കുറേ പദ്ധതികളെപ്പറ്റി വിശദമാക്കിയതല്ലാതെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ല. സംസ്ഥാനത്ത് സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചു വരുന്നു. പോസ്റ്റർ ഒട്ടിച്ച കാര്യവും ഫോൺ വിളിച്ചാൽ എടുക്കുന്ന കാര്യങ്ങളുമാണ് അദ്ദേഹം പറഞ്ഞത്. ഈ സംസ്ഥാനത്ത് തന്നെയാണോ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ജീവിക്കുന്നതെന്നുള്ള അത്ഭുതമാണ് എനിക്കുള്ളത്. അങ്ങനെയാണെങ്കിൽ ഇത്തരം കാര്യങ്ങളൊന്നും പറയുമായിരുന്നില്ല. കേരളം നിലവിളിക്കുകയാണ്. കേരളത്തിൽ മൂന്ന് വർഷത്തിനിടയിൽ 380 ഗാർഹിക പീഡന കേസ്സുകൾ; ഒത്തുതീർപ്പിന് പോലീസ് മധ്യസ്ഥനാകും, തെളിവെടുക്കില്ല; പോക്സോ കേസ്സുകൾ പൂകയാകുന്നു, കാണാതാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം കൂടുന്നു; കേരളത്തിൽനിന്നും കാണാതായ സ്ത്രീകളുടെ എണ്ണം 7839- ഉം കുട്ടികളുടെ എണ്ണം 1991-ഉം. എട്ടുമാസം കൊണ്ട് 1537 ബലാത്സംഗ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. കേരളത്തിൽ അന്നദിനം കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. ഈ വർഷം 1704 കേസ്സുകൾ. 'Calling the reality of child abuse', വനിതാ കമ്മീഷന് പുല്ലുവില നൽകി പോലീസ്; പോലീസിന് പരാതി നൽകിയാൽ അത് ചവറുകൊട്ടയിൽ; ഇവിടെ ഞാൻ ചൂണ്ടിക്കാണിച്ചതെല്ലാം അവിടെ നിൽക്കട്ടെ, ഭരണകക്ഷിയുടെ മുഖപത്രമായ ജനയുഗത്തിൽ പറഞ്ഞിരിക്കുന്നത് 'പോക്സോ കേസ്സുകളിൽ രണ്ടിരട്ടി വർദ്ധന, നീതി തേടി കുരുന്നുകൾ'; ജാമ്യമില്ലാ വകുപ്പായിട്ടും പോക്സോ കേസ്സുകളിൽ ഞെട്ടിപ്പിക്കുന്ന വർദ്ധന' എന്നാണ്. സംസ്ഥാനത്ത് കുട്ടികൾ കടുത്ത അരക്ഷിതാവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. ഇത്തരത്തിൽ നടുക്കുന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നു. കഴിഞ്ഞ ആറര വർഷത്തിനിടയിൽ കുട്ടികൾക്കെതിരെ നടന്ന ലൈംഗികാതിക്രമങ്ങളിൽ ക്രമാതീതമായ വർദ്ധനവുണ്ടായിരിക്കുന്നു. ഈ കാലയളവിൽ സംസ്ഥാനത്തെ പോക്സോ കേസ്സുകളുടെ എണ്ണം 13232. നവംബർ 2012 മുതൽ 2019 വരെയുള്ള കണക്കാണിത്. അതിൽ ഈ വർഷം സെപ്റ്റംബർ മാസം വരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം 2514, അതിന്റെ വിശദാംശങ്ങൾ എല്ലാം എന്റെ കൈവശമുണ്ട്. ഇവിടെ ഞാൻ വായിച്ചതെല്ലാം പത്ര വാർത്തകളാണ്. ഇവ സൂചിപ്പിക്കുന്നത് സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമില്ലാത്ത അവസ്ഥയുണ്ടായിരിക്കുന്നു എന്നാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചതൊന്നും സ്ത്രീ സുരക്ഷയ്ക്ക് ബാധകമല്ല അല്ലെങ്കിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ പര്യാപ്തമല്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്. നിർഭാഗ്യവശാൽ ഈ സർക്കാർ കഴിഞ്ഞ നാല്

വർഷമായി നമ്മുടെ നാടിനെ അപരിഷ്കൃത കാലഘട്ടത്തിലേയ്ക്ക് നയിക്കുകയും സമൂഹത്തെ അത്യന്തം ദുർബലപ്പെടുത്തുകയുമാണ് ചെയ്യുന്നത്. കഴിഞ്ഞ എട്ടു മാസത്തിനുള്ളിൽ 1537 ബലാത്സംഗ കേസ്സുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തു. 2019-ൽ മാത്രം 2076 ബലാത്സംഗ കേസ്സുകൾ റിപ്പോർട്ട് ചെയ്തു. ഇത്തരം കേസ്സുകളിൽ മൂന്ന് വർഷത്തിനുള്ളിൽ നാൽപ്പത് ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ 14500 കേസ്സുകളാണ് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളുടെ പേരിൽ 4800-ഓളം കേസ്സുകളാണ് കഴിഞ്ഞവർഷം മാത്രം രജിസ്റ്റർ ചെയ്തത്. അതിനേക്കാൾ ഏറ്റവും ഗൗരവമായ കാര്യം രജിസ്റ്റർ ചെയ്ത ഈ കേസ്സുകളിൽ അഞ്ചുശതമാനത്തിൽ താഴെ മാത്രമേ വിചാരണ പൂർത്തിയായിട്ടുള്ളൂ എന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ഏത് അക്രമത്തിലും എത്രയുംവേഗം വിചാരണ പൂർത്തിയാകുകയും ഇരകൾക്ക് നീതി ലഭിക്കുകയും വേണമെന്നത് ലോകമെങ്ങും അംഗീകരിച്ചിട്ടുള്ള തത്വമാണ്. 2017 മുതൽ കഴിഞ്ഞ മൂന്ന് വർഷമായി നാലായിരത്തോളം കേസ്സുകൾ ഫോറൻസിക് ലാബിൽ ഫലം കാത്ത് കിടക്കുകയാണ്. മറ്റ് കേസ്സുകൾ പോലെയല്ല സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ളവ. ഇവിടെ വിചാരണ നടപടികൾ വൈകുംതോറും സാക്ഷികളെയും ഇരകളെയും സ്വാധീനിക്കാനും ഭയപ്പെടുത്തി നിശബ്ദരാക്കാനുമുള്ള സാധ്യത വളരെയേറെയാണ്. യൂറോപ്യൻ രാജ്യങ്ങളിൽ ഇത്തരം കേസ്സുകളിൽ ഒന്നൊന്നര മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്ന കോടതികളെ നമുക്ക് കാണാൻ സാധിക്കും. ഫോറൻസിക് ലാബിൽ 400-ഓളം ജീവനക്കാർ വേണ്ടിടത്ത് 100 പേരെ മാത്രമാണ് നിയമിച്ചിട്ടുള്ളത്, ഇത് മാധ്യമങ്ങളിലൂടെ വായിച്ച് മനസ്സിലാക്കിയ കാര്യമാണ്. ധാരാളം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് പറയുന്ന ഗവൺമെന്റ് ഫോറൻസിക് വിഭാഗത്തിൽ മാത്രം എന്തുകൊണ്ടാണ് നിയമനം നടത്താതിരിക്കുന്നത്? കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതി ക്രമങ്ങൾ തടയുന്നതിൽ പോലീസിനുണ്ടായ വീഴ്ച വളരെ വ്യക്തമാണ്. പോസ്റ്റർ ഒട്ടിച്ചതുകൊണ്ടോ ഫോൺ വിളിച്ചതുകൊണ്ടോ കാര്യമില്ല. ഒരിടത്തും ഫോണിന്റെയും പോസ്റ്ററിന്റെയും ഒരു ഇംപാക്ടും ഉണ്ടാകുന്നില്ല. ഇത്തരം കേസ്സുകളിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നതുകൊണ്ട് മാത്രമാണ് കോടതിയിൽ പോകുന്നത്. വാളയാർ കേസ്സിനെപ്പറ്റി ബഹുമാന്യയായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. വാളയാർ സമര സമിതി, ഹൈക്കോടതിയിൽനിന്നും വാളയാറിലേയ്ക്ക് സമരം നടത്തി തിരുവനന്തപുരത്തെത്തി. അവരുടെ ആവശ്യം ന്യായമല്ലേ? ഈ കേസ് എന്തുകൊണ്ട് സി.ബി.ഐ. അന്വേഷണത്തിന് വിടുന്നില്ല? മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ മാത്രമേ സി. ബി. ഐ.-യ്ക്ക് വിടുകയുള്ളൂവെന്ന നിർബന്ധ ബുദ്ധി എന്തിനാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വേണമെങ്കിൽ ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടാം. കേരളത്തെ ഞെട്ടിപ്പിച്ച ഇത്രയും ഗുരുതരമായ ഒരു കേസ്സുണ്ടായപ്പോൾ, അത്

സി.ബി.ഐ.-യ്ക്ക് കൈമാറണമെന്ന് അവർ ആവശ്യപ്പെട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരുപക്ഷെ എഴുതിക്കൊടുത്ത് കാണില്ല. ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടുന്നില്ലെങ്കിൽ പിന്നെ ഏത് കേസ്സാണ് സി.ബി.ഐ.-യ്ക്ക് വിടുന്നത്? വാളയാറിലെ രണ്ട് പിഞ്ചുകുട്ടികളെ ബലാത്സംഗം ചെയ്ത് കൊന്ന കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ കാര്യമെന്താണ്? ഇന്നലെ സൂപ്രണ്ട് ഓഫ് പോലീസ് തന്നെ പി. കെ. ഹനീഫ കമ്മീഷൻ മുമ്പാകെ പോലീസ് അന്വേഷണം കുറ്റമറ്റതായിരുന്നില്ല, പോലീസിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ട് എന്ന് തെളിവ് കൊടുത്തിരിക്കുന്നു. ആദ്യം സബ് ഇൻസ്പെക്ടറെ സസ്പെന്റ് ചെയ്തു. ഡിവൈ.എസ്.പി. അടക്കമുള്ളവർ പ്രതികളെ സംരക്ഷിക്കാൻവേണ്ടി പ്രവർത്തിക്കുകയാണ് എന്നെല്ലാം വ്യക്തമായി പറഞ്ഞു. ആദ്യം മുതൽ വാളയാർ കേസ് അട്ടിമറിക്കാൻ ശ്രമിച്ചിട്ടും സി.ബി.ഐ.-യ്ക്ക് വിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും മടിക്കുന്നത് എന്തുകൊണ്ടാണ്; ആരെ സംരക്ഷിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്? കുറ്റവാളികളെ സംരക്ഷിക്കുന്ന ഈ സർക്കാർ നീതിനിർവ്വഹണത്തിന്റെ കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്.

പ്രണയം നിരസിച്ചതിന്റെ പേരിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഒരു പോലീസുകാരി ഉൾപ്പെടെ 8 സ്ത്രീകളാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. സ്ത്രീകളും കുട്ടികളും കേരളത്തിൽ അൽപ്പംപോലും സുരക്ഷിതരല്ല എന്നാണ് ഓരോ ദിവസത്തെയും സംഭവങ്ങൾ വ്യക്തമാക്കുന്നത്. അദ്ധ്യാപകർതന്നെ പിഞ്ചുവിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന കേസ്സുകൾ നിരന്തരം വർദ്ധിക്കുന്നു. കഴിഞ്ഞ ദിവസം മലയാളികൾ ബഹുമാനിക്കുന്നൊരു മഹത് സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന അദ്ധ്യാപകൻ ഒരു പിഞ്ചു വിദ്യാർത്ഥിയെ പീഡിപ്പിച്ച വാർത്ത കേരളം ഞെട്ടലോടുകൂടിയാണ് ശ്രവിച്ചത്. സദാചാര ഗുണ്ടകളുടെ അക്രമം പെരുകുകയാണ്. എല്ലായിടത്തും സദാചാര ഗുണ്ടകൾ ആളുകളെ പീഡിപ്പിക്കുന്നു എന്ന പരാതികൾ ഉയർന്നുവരുന്നു. ശംഖുമുഖത്ത് സുഹൃത്തുക്കളോടൊപ്പം സമയം ചെലവഴിക്കാനെത്തിയ ഒരു പെൺകുട്ടി സദാചാര ഗുണ്ടകളുടെ അക്രമത്തിന് ഇരയായ സംഭവം അടുത്ത കാലത്തുണ്ടായി. പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെന്നപ്പോൾ അവരോട് ചോദിച്ചത്, 'നിങ്ങൾ രാത്രിയിൽ എന്തിനാണ് ശംഖുംമുഖത്ത് പോയത് എന്നാണ്. നിർഭയമായി രാത്രിയിൽ സ്ത്രീകൾക്ക് സഞ്ചരിക്കാമെന്ന് പറയുന്നൊരു സർക്കാരിന്റെ പോലീസ് ഇതാണോ ചെയ്യേണ്ടത് ?

കേരളത്തിൽനിന്നും കാണാതാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം വർദ്ധിക്കുന്നു. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം കഴിഞ്ഞവർഷം ഏതാണ്ട് 7,839 സ്ത്രീകളെയും 1,991 കുട്ടികളെയും കേരളത്തിൽ നിന്നും കാണാതായിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 400

ഗാർഹിക പീഡന കേസ്സുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യ. പോക്സോ കേസുകളിലാണ് ഏറ്റവുംകൂടുതൽ അട്ടിമറി നടക്കുന്നത്. 5 ശതമാനം കേസുകൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. 1,225 കേസ്സുകളിൽ കേവലം 230 മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. പോലീസിന്റെ ഏറ്റവും വലിയ അനാസ്ഥയാണിത്. പോലീസ് ഇക്കാര്യത്തിൽ മധ്യസ്ഥന്റെ റോൾ വഹിക്കുന്നു. കുട്ടികൾക്കെതിരെ അതിക്രമമുണ്ടായാൽ പ്രതികളോടൊപ്പം നിൽക്കുന്നു. വ്യാപകമായ പരാതികൾ ഉയർന്നുവരുമ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് എല്ലാം നല്ല നിലയിൽ നടക്കുന്നുവെന്നാണ്.

2017-18 വർഷത്തിൽ കേന്ദ്ര സർക്കാർ 11 കോടി രൂപ നിർഭയ ഫണ്ട് അനുവദിച്ചു. പ്രസ്തുത ഫണ്ട് ചെലവാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഇതുവരെ കേന്ദ്രത്തിന് നൽകിയിട്ടില്ല. അതിന്റെ അർത്ഥം ചെലവാക്കിയിട്ടില്ല എന്നുള്ളതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയുടെ കാര്യത്തിൽ കേരളം ഉദാസീനത കാണിക്കുന്നുവെന്ന് ഇതിൽനിന്നും വ്യക്തമല്ലേ; സംസ്ഥാനത്തെ വിവിധ വകുപ്പുകൾ ആവിഷ്കരിക്കുന്ന പരിപാടികൾ എത്രമാത്രം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വമല്ലേ; വാസ്തവത്തിൽ കേരളത്തിലിന്ന് സ്ത്രീകളും കുട്ടികളും അരക്ഷിതരാണ്. അവർക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ്. സ്ത്രീ സുരക്ഷയുടെ പേരിൽ അധികാരത്തിൽ വന്നൊരു സർക്കാർ സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിൽ പരാജയപ്പെടുകയാണ്. ഇത്രയും ഗൗരവമായൊരു വിഷയം ചർച്ച ചെയ്യാൻ ഈ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, വിട്ടുവീഴ്ചയില്ലാത്ത സ്ത്രീ സുരക്ഷ എന്ന മുദ്രാവാക്യം ഉയർത്തിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. ഇപ്പോൾ സ്ത്രീകളുടെ സുരക്ഷ എവിടെ എത്തിനിൽക്കുന്നു എന്നതിനെക്കുറിച്ചാണ് ശ്രീമതി ഷാനിമോൾ ഉസ്മാൻ കണക്കുകൾ സഹിതം ഇവിടെ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ പോസ്റ്റർ ഒട്ടിക്കും; ടെലഫോൺ നമ്പരിൽ വിളിച്ചാൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും എന്നെല്ലാം പറഞ്ഞു. അതിനേക്കാൾ ആദ്യം ചെയ്യേണ്ട കാര്യം എന്താണെന്നറിയാമോ? ഇവിടെ CWC ചെയർപേഴ്സൺമാരായി കുറേ ആളുകളെ നിയമിച്ചിട്ടുണ്ട്. അവരെയൊക്കെ പിരിച്ചുവിട്ടാൽത്തന്നെ ഈ രാജ്യത്ത് കുറച്ച് സമാധാനമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിൽ യാതൊരു പങ്കുമില്ലെന്ന് എനിക്കറിയാം. കാരണം, എവിടെനിന്ന് വന്ന ലിസ്റ്റാണ്; ആരാണ്

നിയമിച്ചത് എന്നൊന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാൻ സാധ്യതയില്ല. വാളയാർ കേസ് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആ രണ്ട് പെൺകുട്ടികളുടെ വിഷയത്തിൽ CWC ചെയർപേഴ്സൺ ഒരേ സമയംതന്നെ പ്രതിക്കുവേണ്ടി വക്കീലാകുകയും ഇപ്പുറത്തുവന്ന് ഇരയ്ക്കുവേണ്ടി വാദിക്കുകയും ചെയ്തു. വേറൊരു വലിയ അപകടം ഇപ്പോൾ വായിച്ചു. അതിനെക്കുറിച്ചുകൂടി അന്വേഷിക്കണം. വാളയാർ കേസിന് തൊട്ടുമുമ്പ് വാളയാർ കേസിലെ പെൺകുട്ടിയുടെ ഏറ്റവുമടുത്തൊരു കൂട്ടുകാരിയെയും അനിയത്തിയെയും മറ്റൊരു ലൈംഗിക പീഡനക്കേസുമായി ബന്ധപ്പെട്ട് നിർഭയ ഹോമിൽ താമസിപ്പിച്ചു. ഇപ്പോൾ ആ കുട്ടിയെ കാണാനില്ല. വാളയാർ കേസ്സിലെ ആദ്യത്തെ പെൺകുട്ടിയുടെ മരണം വന്നപ്പോൾ ഈ പെൺകുട്ടി അസ്വസ്ഥത കാണിക്കാൻ തുടങ്ങി. പിന്നെ കുറച്ചുകഴിഞ്ഞപ്പോൾ ആ കുട്ടിയെ അവിടെനിന്ന് വിളിച്ചുകൊണ്ടുപോയി എന്നാണ് പറയുന്നത്. ഈ കുട്ടി ഇപ്പോൾ എവിടെയാണ് ഉള്ളതെന്ന് അറിയില്ല. ആ കുട്ടിയെ സാക്ഷിപോലും ആക്കിയിട്ടില്ല. കൗൺസിലിംഗ് സമയത്ത് ഈ കുട്ടി വാളയാർ കേസിലെ ചില വിവരങ്ങൾ പറഞ്ഞിരുന്നു എന്നാണ് വാർത്ത. ആ പെൺകുട്ടി എവിടെ എന്നുപറഞ്ഞുകൊണ്ട് ഇപ്രാവശ്യത്തെ മലയാളം വാരികയിൽ വന്നിട്ടുള്ള ഒരു ലേഖനത്തിൽ കൃത്യമായി പറയുന്നു. ആ കുട്ടിയെ കാണാനില്ല. ആ കുട്ടി എവിടെപ്പോയി? അന്വേഷിക്കണ്ടേ; ആ കേസിലും CWC-യുടെ ചെയർപേഴ്സൺ ഇടപെട്ടു എന്നാണ് പറയുന്നത്. ഇപ്പോൾ CWC പാലക്കാട് ചെയർപേഴ്സണെ മാറ്റിനിർത്തിയല്ലോ. അത് വാളയാർ കേസിലല്ല. ഈ പെൺകുട്ടിയെ അവിടെനിന്നും ഇറക്കിക്കൊണ്ട് പോകാൻ പ്രേരിപ്പിച്ചതിന് മഹിളാ സമഖ്യ കൊടുത്ത കേസ്സിൽ അന്വേഷണം നടത്തിയാണ് അയാളെ മാറ്റിനിർത്താൻ തീരുമാനിച്ചത്. ഒരു habitual offender ആയിട്ടുള്ള ഒരാളുടെ പേരിൽ ഇപ്പോഴും നടപടികൾ ഉണ്ടാകുന്നില്ല. മറ്റൊരു CWC അംഗം രണ്ട് റ്റി.എ. ഒപ്പിട്ട് വാങ്ങുകയാണ്. രണ്ട് ശമ്പളം പറ്റിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം പത്തനംതിട്ട ജില്ലയിൽ കോ-ഓപ്പറേറ്റീവ് ബാങ്കിലെ ഉദ്യോഗസ്ഥനാണ്, അതേസമയം CWC അംഗവുമാണ്. ഒരേ സമയം രണ്ട് സ്ഥലത്തുമുള്ള സിറ്റിംഗിനും പൈസ വാങ്ങിക്കൊണ്ടിരിക്കുകയാണ്. സുരേഷ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം സിറ്റിംഗ് ഫീസ് ക്ലെയിം ചെയ്ത് നൽകിയ ഫോമും അതിന്റെ സമയവുമൊക്കെ രേഖാമൂലം ഞാനിവിടെ മേശപ്പുറത്ത് വയ്ക്കുകയാണ് (പ്രസ്തുത രേഖകൾ മേശപ്പുറത്ത് വച്ചു). CWC തന്നെ ഈ കുട്ടികളെ കാർന്നുതിന്നുന്ന ഒരവസ്ഥയിൽ എങ്ങനെയാണ് കുട്ടികൾക്ക് സുരക്ഷയുണ്ടാകുക; ബോധവൽക്കരണം ആദ്യം വേണ്ടത് CWC-യിൽ തെരഞ്ഞെടുക്കപ്പെടുന്ന വർക്കാണ് എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട്, ഇവിടെ പറഞ്ഞ കാര്യങ്ങളിലൊന്നും ഒരു തരത്തിലും സ്ത്രീകൾക്ക് സുരക്ഷിതരായി നിൽക്കാനുള്ള സാഹചര്യമില്ല. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, വാളയാർ കേസ് കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. ആദ്യത്തെ കുട്ടി മരിച്ചപ്പോൾത്തന്നെ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ രണ്ടാമത്തെ കുട്ടി മരിക്കില്ലായിരുന്നു. ഇപ്പോൾ പറഞ്ഞ കാര്യം ഞാനും വായിച്ചു. കൊല്ലപ്പെട്ട കുട്ടിയുടെ കൂട്ടുകാരിയെ നിർഭയ ഹോമിൽ താമസിപ്പിച്ചിരുന്നു. ആ കുട്ടിയെ ഒരു ദിവസം അമ്മയേയും കൂട്ടിക്കൊണ്ട് ചെന്ന് അവിടെനിന്നും ഇറക്കിക്കൊണ്ട് പോയിയെന്നാണ് പറയുന്നത്. ഇപ്പോൾ ആ കുട്ടി എവിടെയുണ്ട്? കൗൺസിലിംഗിൽ സാക്ഷി പറഞ്ഞൊരാളാണ്. ഇങ്ങനെയൊരു സംഭവം കേരളത്തിൽ നടക്കാമോ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം എന്നാണ് എന്റെ അഭിപ്രായം. പ്രസ്തുത CWC അംഗത്തെ തൽസ്ഥാനത്തു നിന്നും മാറ്റിയിട്ടുണ്ടോ? ഒരേസമയം പ്രതിക്കും ഇരയ്ക്കും വേണ്ടി വാദിക്കുന്ന ഒരു CWC അംഗം, ശ്രീ. രാജേഷ്, അദ്ദേഹം അറിയപ്പെടുന്ന ആളാണ്. എങ്ങനെ അവിടെ തുടരുന്നു; അദ്ദേഹത്തെ നീക്കിയിട്ടുണ്ടോ; Kept in abeyance ആണ്. ഇതുവരെ നീക്കിയിട്ടില്ല.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പ്രസ്തുത CWC അംഗത്തെ നീക്കിയിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, ശരി. എങ്കിലും ഇങ്ങനെയൊരാൾ ഇവിടെ എങ്ങനെ വന്നു എന്നതിനെക്കുറിച്ച് അന്വേഷിക്കണം. വാളയാർ കേസിൽ അടിയന്തര നടപടി സ്വീകരിച്ച് സ്ത്രീ സുരക്ഷയുടെ കാര്യം സർക്കാർ ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് നടക്കുന്ന ബോധവൽക്കരണ പരിപാടികളെക്കുറിച്ചും ഇതുമായി ബന്ധപ്പെട്ട കൗൺസിലിംഗ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നത് സംബന്ധിച്ചുമായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി. അതാവശ്യമില്ലെന്നൊന്നും ഞങ്ങൾ പറയുന്നില്ല. അതു വേണം. പക്ഷെ ഇപ്പോൾ വാളയാർ കേസ്സടക്കമുള്ള കാര്യങ്ങളിൽ കൃത്യമായ ഇടപെടലുകളും നടപടികളും ഉണ്ടാകുന്നില്ലെന്നതാണ് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, CWC ചെയർമാനെ ആ സമയത്തുതന്നെ മാറ്റി. വാളയാർ കേസ്സുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിങ്ങളുടെ ഭരണകാലത്താണ് നിയമിച്ചത്. അവരെ മാറ്റിയെന്ന് മാത്രമല്ല, ഇൻവെസ്റ്റിഗേഷനോ അല്ലെങ്കിൽ പ്രോസിക്യൂഷനോ, എന്തെങ്കിലും അപകടം സംഭവിച്ചിട്ടുണ്ടെങ്കിൽ, ഏതെങ്കിലും രൂപത്തിലുള്ള സ്വാധീനത്തിന് വിധേയമായിട്ടുണ്ടെങ്കിൽ അവ പരിശോധിക്കുന്നതിന് ഒരു ജുഡീഷ്യൽ കമ്മീഷൻ, ജസ്റ്റിസ് ഹനീഫ കമ്മീഷനെ ഗവൺമെന്റ് നിയമിച്ചുകഴിഞ്ഞു. ഇതിനപ്പുറം ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുക? എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചതല്ലേ? പ്രോസിക്യൂഷനിലും ഇൻവെസ്റ്റിഗേഷനിലും വന്ന അപാകതകൾ പരിശോധിക്കാൻ ഇതുവരെ ഒരു ജുഡീഷ്യൽ കമ്മീഷനെ കേരളത്തിന്റെ ചരിത്രത്തിൽ നിയമിച്ചിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് സി.ഡബ്ല്യു.സി. ചെയർമാനെതിരെ നടപടിയെടുത്തുവെന്നും ഇതൊന്നും ഫലപ്രദമായ നിലയിൽ വരുന്നില്ലെന്നുള്ളതുമാണ്. കേസ്സുകൾ ആവർത്തിക്കപ്പെടുന്നുവെന്നുള്ളതും ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. ഈ വ്യക്തിയെ സംബന്ധിച്ച് അനവധി പരാതികൾ ഞങ്ങൾ ഉന്നയിച്ചശേഷമാണ് സർക്കാർ നടപടികളിലേക്ക് നീങ്ങിയത്, അതാണ് ഇവിടെ സൂചിപ്പിച്ചത്. ഇദ്ദേഹം ഒരേ സമയത്ത് ഇരയ്ക്കൊപ്പവും പ്രതിക്കൊപ്പവും നിന്നുവെന്നുള്ളത് വാസ്തവമാണ്. അത് നിഷേധിക്കാൻ കഴിയുമോ? ഇത് ഞങ്ങൾ ചൂണ്ടിക്കാട്ടി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, CWC ചെയർമാൻമാരെയെല്ലാം തെരഞ്ഞെടുത്തത് കൃത്യമായ നിയമക്രമങ്ങളിലൂടെയാണ്. അതിന് ആപ്ലിക്കേഷൻ വിളിച്ചു, ആവശ്യമായിട്ടുള്ള ക്വാളിഫിക്കേഷൻ രേഖകൾ ഹാജരാക്കി, അങ്ങനെ തന്നെയാണ് നിയമിക്കുന്നത്. ഒരു ആരോപണമുണ്ടായത് ഇയാൾ നേരത്തെ ഈ പോക്സോ കേസിലെ പ്രതികൾക്കുവേണ്ടി ചില കേസ്സുകളിൽ ഹാജരായിയെന്നുള്ളതാണ്. നിയമപരമായി നോക്കുമ്പോൾ ചെയർമാൻ ആയതിനുശേഷം ഹാജരാകാൻ പാടില്ല. എന്നാൽ ധാർമ്മികമായി പരിശോധിക്കുമ്പോൾ CWC ചെയർമാനായ ഒരാൾ ഇത്തരം കേസ്സുകളിൽ ഹാജരായത് ഉചിതമായില്ലെന്നുള്ളതാണ്. അത് കണക്കിലെടുത്തിട്ടാണ് അദ്ദേഹത്തെ മാറ്റിനിർത്തി അന്വേഷണം നടത്തിയത്. ഇപ്പോൾ പൂർണ്ണമായും അദ്ദേഹത്തെ CWC ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, CWC ചെയർമാന്റെ നടപടികൾ ശരിയായിരുന്നില്ലെന്ന് ഗവൺമെന്റ് തന്നെ സമ്മതിക്കുന്നു. അതുകൊണ്ടാണ് ഇങ്ങനെയുള്ളവർക്ക് ഒരു ബോധവൽക്കരണം ആവശ്യമാണെന്നുള്ളത് നേരത്തെ

ഡോ. എം. കെ. മുനീർ സൂചിപ്പിച്ചത്. ഇദ്ദേഹം പ്രതിക്കുവേണ്ടി ഹാജരായിയെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതാണ് ഇവിടെ ഗവൺമെന്റ് ചൂണ്ടിക്കാട്ടുന്നതും. CWC ചെയർമാൻ ആയി നിയമിക്കപ്പെടുന്നവരുടെ പശ്ചാത്തലവും ട്രാക്ക് റെക്കോർഡ്സും നോക്കേണ്ടതായിട്ടുണ്ട്. ഏറ്റവും സെൻസിറ്റീവായ ഡിപ്പാർട്ടുമെന്റാണിത്. സ്ത്രീകൾക്കും കുട്ടികൾക്കും സുക്ഷിതത്വം ഉറപ്പുവരുത്തുന്നുവെന്ന് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് ഗവൺമെന്റ് തന്നെയാണ്. ഭാവിയിലും ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഇവിടെ നടപടികളെടുക്കുമ്പോഴും വിഷയങ്ങൾ ആവർത്തിക്കുന്നുവെന്നത് കണ്ടില്ലെന്ന് നടിക്കരുത്. 2015-ൽ നിന്ന് 2019-ൽ എത്തുമ്പോൾ കേരളത്തിലെ ബലാത്സംഗ കേസ്സുകളുടെ വർദ്ധനവ് 65 ശതമാനമാണ്. 2015-ൽ നിന്ന് 2019-ൽ എത്തുമ്പോൾ കേരളത്തിൽ പോക്സോ കേസ്സുകളിൽ 91 ശതമാനം വർദ്ധനവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ പറയുന്ന കാര്യങ്ങളൊന്നും സർക്കാർ നടപ്പിലാക്കുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. നിങ്ങൾതന്നെ നൽകിയ മറുപടിയാണ്, ഞങ്ങൾ പറഞ്ഞതല്ല. ഇത്തരത്തിലുള്ള കേസ്സുകൾ ആവർത്തിക്കപ്പെടുന്നു. പോസ്റ്റർ ഒട്ടിച്ചതുകൊണ്ടോ, ബോധവൽക്കരണം നടത്തിയതുകൊണ്ടോ, ഫോൺ വിളിച്ചാൽ എടുക്കുന്ന ടോൾഫ്രീ നമ്പർ കൊടുത്തതുകൊണ്ടോ ഇവിടെ വിഷയങ്ങൾ അവസാനിക്കുന്നില്ല. ഇവിടെ നടപടികളാണ് വേണ്ടത്. വാളയാർ കേസ്സിലെ പ്രതികൾ ശിക്ഷിക്കപ്പെടാതെ നിയമത്തിന്റെ പഴുതുകളിലൂടെ രക്ഷപ്പെടുവെന്നത് പരമമായ യാഥാർത്ഥ്യമായി നമ്മുടെ മുൻപിൽ നിൽക്കുകയാണ്. അത് കേരള സമൂഹത്തിന് നൽകിയിരിക്കുന്ന അപമാനം ചെറുതല്ല. അതെന്തുകൊണ്ട് നിങ്ങൾ തുറന്ന് സമ്മതിക്കുന്നില്ല; അത് യാഥാർത്ഥ്യമല്ലേ? അത് ഗവൺമെന്റ് തുറന്ന് സമ്മതിക്കണം. ഈയടുത്ത കാലത്ത് ഉണ്ടായതിൽ ഏറ്റവും പ്രമാദമായ ഒന്നാണ് വാളയാർ കേസ്. വാളയാർ കേസ്സിലെ പ്രതികൾ എന്തുകൊണ്ട് രക്ഷപ്പെട്ടു? അതിൽ ഗവൺമെന്റിന്റെ കൃത്യമായ നടപടികൾ ഉണ്ടായിട്ടില്ല. പോലീസിന്റെ വീഴ്ചയും അനാസ്ഥയും അക്കാര്യത്തിലുണ്ടായിയെന്നത് വാസ്തവമാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളല്ല ശ്രീമതി ഷാനിമോൾ ഉസ്മാൻ ആവർത്തിച്ചത്. പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കേണ്ട സാഹചര്യം വന്നതെന്തുകൊണ്ടാണ്? ഇതിനകത്തൊന്നും നടപടികൾ വരാത്തതുകൊണ്ടാണ് ഇക്കാര്യം ഞങ്ങൾ ആവർത്തിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പക്ഷെ ഗവൺമെന്റ് കണ്ണടച്ചിരുന്നാൽ ഇനിയും ഇതാവർത്തിക്കുമെന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, വിവാദസ്ഥലമായ വാളയാർ പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിൽപ്പെട്ടതാണ്. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പ്രതിനിധീകരിക്കുന്ന മണ്ഡലമാണ്. പ്രായാധിക്യവും വിഷമങ്ങളുമുള്ളതിനാൽ അദ്ദേഹത്തിന് അവിടെ പോകാൻ സാധിക്കുന്നില്ല. അവിടെയുള്ള കാര്യങ്ങൾ മുഴുവൻ കൈകാര്യം ചെയ്യുന്നത് ലോക്കൽ പാർട്ടിനേതാക്കന്മാരാണ്. ഈ സംഭവം നടന്ന് രണ്ട് ദിവസത്തിനകം ഞാൻ അവിടെ പോയി വീടുകൾ സന്ദർശിച്ചു. ചുറ്റുമുള്ള ആൾക്കാരോട് സംസാരിച്ചു. എനിക്ക് വളരെ വ്യക്തമായി ബോധ്യപ്പെട്ടത്, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അസാന്നിദ്ധ്യം പ്രയോജനപ്പെടുത്തി അവിടുത്തെ പോലീസിനെയും ഭരണസംവിധാനത്തെയും നിയന്ത്രിക്കുന്ന ചില പാർട്ടിനേതാക്കന്മാരുണ്ട്. അവരാണ് ഇതിലെ പ്രധാനപ്പെട്ട പ്രതികൾ. അതുകൊണ്ടാണ് വാസ്തവത്തിൽ ഇക്കാര്യത്തിൽ അച്ഛനും അമ്മയുമൊക്കെ പോയി പറഞ്ഞിട്ടും കാര്യങ്ങൾ മുന്നോട്ട് പോകാത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സീറ്റിലില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നേരിട്ട് അഭ്യർത്ഥിക്കാനുള്ളത്, വാസ്തവത്തിൽ ഇക്കാര്യത്തിൽ അദ്ദേഹം തന്നെ മുൻകയ്യെടുത്ത് അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടുന്നതിനോ അല്ലെങ്കിൽ ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാനോ തയ്യാറാകണം. എങ്കിൽ മാത്രമേ ഇതിന്റെ മുഴുവൻ വശങ്ങളും പുറത്തുവരൂ. നമ്മൾ ഈ സംഭവങ്ങളെപ്പറ്റി ഒട്ടേറെ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് കാര്യമില്ല. സ്പെസിഫിക്കായൊരു കേസ്സാണിത്. പാർട്ടി നേതാക്കന്മാർ ഇടപെട്ടുകൊണ്ട് ഇത്തരത്തിലൊരു അനീതി ചെയ്തിരിക്കുന്നു. ഏത് പാർട്ടിക്കാരനായാലും ശരി, അവരെ ശിക്ഷിക്കേണ്ടത് ആവശ്യമാണ്. അത് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന, അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ വിഷയം ശ്രീ. ഒ. രാജഗോപാൽ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് വളരെ ഗൗരവമായി കണ്ടതിന്റെ ഭാഗമായാണ് ഒരു ജുഡീഷ്യൽ എൻക്വയറിക്ക് വിട്ടത്. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ചേർത്തലയിൽനിന്നുള്ള ഒരു ബി.ജെ.പി. പ്രവർത്തകൻ ഇതിൽ പ്രതിയാണ്. രാജേട്ടന് അറിയുമോയെന്നുള്ളത് എനിക്കറിയില്ല. എല്ലാപേരും വന്നോട്ടെ നമുക്ക് എന്താണ് അതിൽ പ്രശ്നം.

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചുവന്നു.)

III ശ്രദ്ധ ക്ഷണിക്കൽ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... സബ്മിഷന് അവസരം കിട്ടാത്ത കുറേ അംഗങ്ങൾ ഒന്നിച്ച് നൽകിയതുകൊണ്ട് 25-ഓളം സബ്മിഷനുകൾക്കാണ് ഇന്ന് അനുവാദം നൽകിയിട്ടുള്ളത്. അതുകൊണ്ട് ഒരു മിനിറ്റിൽ സബ്മിഷനുകൾ അവതരിപ്പിക്കണം. ഉത്തരങ്ങൾ പരമാവധി മേശപ്പുറത്ത് വച്ചാൽ മതി, പറയേണ്ട കാര്യങ്ങൾ മാത്രം മന്ത്രിമാർ പറഞ്ഞാൽ മതി. ഉത്തരങ്ങളുടെ സോഫ്റ്റ് കോപ്പി ലഭ്യമായാൽ ഉടൻതന്നെ സിസ്റ്റത്തിൽ അതിന്റെ ഉത്തരങ്ങൾ ലഭ്യമാക്കാൻ കഴിയും. മന്ത്രിമാർ അതിന് മുൻകയ്യെടുത്താൽ ഉടനെ തന്നെ ഉത്തരങ്ങൾ ലഭ്യമാക്കാൻ സാധിക്കും. ശ്രദ്ധക്ഷണിക്കൽ രണ്ട് മിനിറ്റുകൊണ്ട് അവതരിപ്പിക്കണം.

(1) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കൽ

ശ്രീമതി വീണാ ജോർജ്ജ്: സർ, ഏത് പരിഷ്കൃത സമൂഹത്തിലും സ്ത്രീ സുരക്ഷ ഉറപ്പാക്കൽ ഒരു തുടർ പ്രക്രിയയാണ്, ക്ലോസ്ഡ് കംപാർട്ടുമെന്റല്ല. വേദിയിൽ സ്ത്രീ ശാക്തീകരണവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമവും പറയുന്നവർക്ക് മാത്രമാണ്, അല്ലെങ്കിൽ അതിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവർക്കാണ് അതൊരു ക്ലോസ്ഡ് കംപാർട്ടുമെന്റാകുന്നത്. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം അതൊരു തുടർ പ്രക്രിയ ആയതുകൊണ്ടാണ് ഇവിടെ വനിതാ ശിശുക്ഷേമത്തിനുവേണ്ടി പ്രത്യേകമായി ഒരു വകുപ്പുള്ളതും സ്ത്രീ ക്ഷേമം സംബന്ധിച്ച കാര്യങ്ങളിൽ അതീവ ജാഗ്രതയോടു കൂടി ഇടപെടുന്നതും. അതുകൊണ്ടാണ് ഈ വിഷയം ഒരു കോളിംഗ് അറ്റൻഷനായി ബഹുമാനപ്പെട്ട ഈ സഭയുടെ മുൻപാകെ ഞാൻ കൊണ്ടുവരുന്നതും. ഒരു കാര്യം എനിക്ക് ഉറപ്പുണ്ട്, തൊഴിൽ സംരംഭകരായിട്ടുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം സെക്രട്ടേറിയറ്റിനുള്ളിലാണെങ്കിലും പുറത്താണെങ്കിലും മാന്യമായി പ്രവർത്തിക്കാനും ഇടപെടാനുമുള്ള ഒരു അവസരം നാലുവർഷം കൊണ്ട് ഇവിടെ സംജാതമായിട്ടുണ്ട്. കേരളത്തിൽ തൊഴിൽ ചെയ്ത് കുടുംബത്തിന് തുണയാകുന്ന സ്ത്രീകളുടെയും എണ്ണം വർദ്ധിക്കുകയാണ്. പ്രത്യേകിച്ച് സർക്കാർ ഇതര, ഐ.ടി. സെക്ടർ ഉൾപ്പെടെയുള്ള മേഖലകളിൽ പതിനായിരക്കണക്കിന് സ്ത്രീകളാണ് ജോലി ചെയ്യുന്നത്. അവരുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തൊഴിൽ മേഖലകളുടെ സ്വഭാവം മാറുന്നു; അതുപോലെ തന്നെ തൊഴിലുകളുടെ സ്വഭാവവും മാറുന്നുണ്ട്. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ സുരക്ഷയെക്കുറിച്ചും ക്ഷേമത്തെപ്പറ്റിയും പറയുമ്പോൾ തൊഴിലിടങ്ങൾക്കുള്ളിലും അതുപോലെ തൊഴിലിടത്തിലേയ്ക്ക് വരുന്നതും പുറത്തേക്ക് പോകുന്നതുമായിട്ടുള്ള സ്ത്രീകളുടെ സുരക്ഷയും ഇതിൽപ്പെടുന്നതാണ്. അതിൽ ആദ്യത്തെ കാര്യം, ലിംഗ പരമായിട്ടുള്ള വിവേചനം പല മേഖലകളിലും നിലനിൽക്കുന്നുവെന്നുള്ളതാണ്. അത് സാലറിയുടെ കാര്യത്തിലാണെങ്കിലും അല്ലെങ്കിൽ മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്ന

കാര്യത്തിലാണെങ്കിലും അർഹമായിട്ടുള്ള അവധി, പ്രസവാവധി ഉൾപ്പെടെയുള്ളവ ലഭിക്കുന്നത് നിഷേധിക്കപ്പെടുന്നുണ്ട്. ഒരു സ്ത്രീ വിവാഹിതയായി ഗർഭിണിയാകുമ്പോൾ നിർബന്ധിതമായി ജോലി രാജിവച്ചുപോകേണ്ട സ്ഥിതിയുണ്ടെന്ന് പല ഐ.ടി. കമ്പനികളിലും ജോലി ചെയ്യുന്ന പെൺകുട്ടികൾ പറയുന്നുണ്ട്. വളരെ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷമാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാൻ അല്ലെങ്കിൽ പരാതിപ്പെടാൻ Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013 പ്രകാരം വിശാഖ കേസ്സിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങളിലും ഒരു കമ്മിറ്റി നിലവിൽ വരണം. പക്ഷെ പല സ്ഥാപനങ്ങളിലും ഈ കമ്മിറ്റി നിലവിലില്ല. ഇനി അഥവാ നിലവിലുണ്ടെങ്കിൽത്തന്നെ ഈ കമ്മിറ്റിയിൽ പരാതിപ്പെടാൻ സ്ത്രീകൾ മടിക്കുന്നു. കാരണം അങ്ങനെ പരാതിപ്പെട്ടാൽ ആ സ്ത്രീകളോട് നിർബന്ധമായും റിസൈൻ ചെയ്ത് പോകണമെന്നാണ് പറയുക. ഇതിനൊരു മാറ്റമുണ്ടാകുന്നതിനു വേണ്ടി എല്ലാ കമ്പനികളിലും ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ നിലവിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കണം. സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവിടെ നിർഭയം പരാതിപ്പെടുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണം. സംസ്ഥാന തലത്തിൽ ഇതിൽ നേരിട്ട് പെൺകുട്ടികൾക്കും സ്ത്രീകൾക്കും പരാതിപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതിന്റെ ആവശ്യകതയുണ്ടാകണം. അതിൽ അടിയന്തരമായി ഇടപെടണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം സ്ത്രീകളോട് ഉത്തരവാദിത്വമുള്ള സാമൂഹികാന്തരീക്ഷത്തിൽ നാഷണൽ മിനിമം ഗൈഡ്ലൈൻ അനുസരിച്ച് കമ്പനികൾ ക്രഷുകൾ ഉറപ്പാക്കണം. അത്തരം സ്ഥാപനങ്ങൾ അവിടെ ഉണ്ടാകേണ്ടതുണ്ട്. 50 കുഞ്ഞുങ്ങളെ ഉൾക്കൊള്ളുന്ന നല്ല ക്രഷുകൾ ഉണ്ടാകണം. പക്ഷെ അങ്ങനെയുള്ള ക്രഷ് സംവിധാനങ്ങളൊന്നുമില്ല. ഇത് സ്ത്രീകൾക്ക് വലിയ മാനസിക പ്രശ്നങ്ങളുണ്ടാക്കുന്നു. സ്ത്രീകൾക്കിടയിൽ ഹൈപ്പർ ടെൻഷൻ വളരെ കൂടുതലാണെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മിനിസ്റ്റർ പറയുകയുണ്ടായി, ഇതിൽ ഇടപെടലുകൾ ഉണ്ടാകണം. തൊഴിൽ വകുപ്പുമായി ചേർന്നു കൊണ്ടാണ് വനിത-ശിശു വികസന വകുപ്പിന് ഈ രീതിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുക. ഇത് സംബന്ധിച്ചുള്ള ഫലപ്രദമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

11.00 AM]

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള വിഷയങ്ങളാണ് ഇന്ന് രാവിലെ മുതൽ ഈ സഭയിൽ വന്നുകൊണ്ടിരി

ക്കുന്നത്. ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി എന്ന നിലയിൽ വളരെ ചുരുക്കി ചില കാര്യങ്ങൾ പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പക്ഷേ, രാവിലെയുണ്ടായ ചില പരാമർശങ്ങൾക്ക് അപ്പോൾ പ്രതികരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പ്രത്യേകിച്ച് വനിത-ശിശു വികസന വകുപ്പ് എന്ന നിലയിലെ ചില പരാമർശങ്ങൾക്കുള്ള പ്രതികരണത്തിനുകൂടി ഒരു മറുപടി പറയാൻ സദയം ഒരവസരം തരണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ ആദ്യം സൂചിപ്പിക്കാം, അതിനുശേഷം അടുത്തതിലേയ്ക്ക് വരാം. വളരെ നല്ലൊരു കാര്യമാണ് ശ്രീമതി വീണാ ജോർജ്ജ് സൂചിപ്പിച്ചത്. ശ്രദ്ധക്ഷണിക്കലുമായും രാവിലത്തെ അടിയന്തരപ്രമേയവുമായും ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് ചെയ്ത ധാരാളം കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. അക്കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. തൊഴിലെടുക്കുന്ന മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പറയുമ്പോൾ അത് വളരെ ഗൗരവമുള്ള ഒരു വിഷയമായി എടുത്തിട്ടുണ്ട്. Harassment at workplace എന്നത് പരിഹരിക്കാനാവശ്യമായ നിയമവുമായി ബന്ധപ്പെട്ട് എല്ലാ സ്ഥാപനങ്ങളിലും Internal Complaints Committee (ICC) രൂപീകരിക്കണമെന്ന നിബന്ധനയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അത്തരമൊന്ന് വളരെ വിരളമായിരുന്നു. വളരെ ശക്തമായ തീരുമാനമെടുക്കുകയും തൊഴിലിടങ്ങളിൽ ഇത്തരം കമ്മിറ്റി രൂപീകരിക്കുന്നതിന് വനിത-ശിശു വികസന വകുപ്പിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി കൂടുതൽ ഇന്റേണൽ കമ്മിറ്റി (IC)-യും LCC (Local Complaints Committee)- യും രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. നല്ല പുരോഗതി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്, എന്നാൽ പൂർണ്ണമായും കഴിഞ്ഞിട്ടില്ല. എല്ലാ ജില്ലാ കളക്ടർമാരേയും ഈ അധികാരം വിനിയോഗിക്കാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ വനിത-ശിശു വികസന വകുപ്പ് ഓഫീസർക്ക് പ്രത്യേക ചുമതല നിശ്ചയിച്ച് കൊടുത്തുകൊണ്ട് ബന്ധപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചുവരികയാണ്. വളരെ പെട്ടെന്നതന്നെ ഇവ പൂർത്തീകരിക്കാൻ സാധിക്കും. 258 വനിത-ശിശു വികസന പദ്ധതി ഓഫീസർമാരെ നോഡൽ ഓഫീസർമാരായും സ്റ്റേറ്റ് നോഡൽ ഓഫീസറായി വനിത-ശിശു വികസന വകുപ്പിന്റെ ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിരവധി പദ്ധതികൾ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി രൂപീകരിച്ച കൂട്ടത്തിൽ 'കൈത്താങ്ങ്' എന്ന പ്രത്യേക പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് പരാതി കൊടുക്കുന്നതിനുള്ള സഹായവുംമറ്റും ചെയ്യുന്നതിനായി ഒരു സ്ക്വാഡ് തന്നെ രൂപീകരിക്കുകയുണ്ടായി. കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, മഹിളാപ്രധാൻ ഏജന്റുമാർ, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, റിട്ടയേർഡ് ഉദ്യോഗസ്ഥർ എന്നീ മേഖലയിൽനിന്നുള്ള ആളുകളെ ചേർത്തുകൊണ്ട് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി

70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ 2017-2018-ൽ ഈ പദ്ധതി തുടങ്ങിയിട്ടുണ്ട്. ഇപ്പോഴത് കൂടുതൽ വാർഡുകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. Vulnerable ആയിട്ടുള്ള കുടുംബങ്ങളെ മുൻകൂട്ടി കണ്ടെത്തി അവർക്ക് നിയമസഹായം നൽകുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തി പോലീസിൽ റിപ്പോർട്ട് ചെയ്യുകയുമാണ്. ഇവിടെ മുമ്പത്തെക്കാൾ കൂടുതലായി ധാരാളം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുവെന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ പറഞ്ഞു, കേരളത്തിൽ കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുവെന്നത് വസ്തുതയാണ്. കൈത്താങ്ങ് അടക്കമുള്ള പദ്ധതികളും ജനമൈത്രി പോലീസിനെ കൂടുതൽ ജാഗ്രതപ്പെടുത്തിയതിന്റെ ഭാഗമായുള്ള 'നിഴൽ' പോലുള്ള പോലീസ് സംവിധാനങ്ങളും 'സുരക്ഷിത' പോലുള്ള പദ്ധതികളും പോലീസ് വകുപ്പ് ആവിഷ്കരിച്ചതിന്റെ ഫലമായി ഗ്രാമങ്ങളിലടക്കം ഗാർഹിക പീഡനങ്ങളോ, കുട്ടികളെ ദ്രോഹിക്കലോ ഉണ്ടാകുമ്പോൾ അവ ഗവൺമെന്റിന്റെയും നിയമവിഭാഗത്തിന്റെയും ശ്രദ്ധയിൽക്കൊണ്ടുവന്ന് കേസ് രജിസ്റ്റർ ചെയ്യിപ്പിക്കുന്ന അവസ്ഥ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ അടുത്ത നാളുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചത്. ഇതെല്ലാം മഹിളാ പ്രവർത്തകയായിട്ടുള്ള ശ്രീമതി ഷാനിമോൾ ഉസ്മാൻ അടക്കമുള്ളവർ പഠിക്കേണ്ടതും പരിശോധിക്കേണ്ടതുമാണ്. കേസ് രജിസ്റ്റർ ചെയ്തതിന്റെ എണ്ണം കൂടിയതുകൊണ്ട് നാല് വർഷംകൊണ്ട് ഇവിടെയാകെ പീഡനമായി എന്നതല്ല. ധാരാളം പീഡനം നടക്കുന്നുണ്ട്. സ്വാതന്ത്ര്യം കിട്ടി ഇത്രയും വർഷങ്ങളായെങ്കിലും ഒരു രാജ്യത്തിന്റെ സാമൂഹികാവസ്ഥയിലും സാംസ്കാരികാവസ്ഥയിലും മാറ്റം വരുത്താനായി എടുക്കേണ്ടിയിരുന്ന ഉചിതമായ നടപടികൾ കേന്ദ്രത്തിൽ ഭരണാധികാരികൾ സ്വീകരിക്കാത്തതിന്റെ ഭാഗമായി ഇന്നും ഇന്ത്യൻ സമൂഹം സ്ത്രീകളെയും കുട്ടികളെയും ഈ രീതിയിൽ ഇകഴ്ത്തുന്നതായാണ് കാണാൻ കഴിയുന്നത്. അക്കാര്യം പറയാതെ വയ്യ. ഇന്ന് കേരളത്തിൽ മാത്രമല്ല ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. കേരളത്തിലുണ്ടാകുന്ന സംഭവങ്ങളുടെ ഗ്രാവിറ്റി കുറയ്ക്കാൻ ഞാൻ മന:പൂർവ്വം ഉത്തരേന്ത്യയിലെല്ലാം ഇങ്ങനെ ഉണ്ടാകുന്നുവെന്ന് പറയുന്നതായി വ്യാഖ്യാനിക്കരുത്. എന്നാൽ ഈ രാജ്യത്ത് സ്ത്രീകളും കുട്ടികളും പരക്കെ ആക്രമിക്കപ്പെടുന്നുണ്ട്. ഡൽഹിയിൽ ഓരോ മിനിട്ടിലും ഒരു സ്ത്രീ ബലാത്സംഗത്തിന് വിധേയമാകുന്നു എന്നാണ് പറയുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെല്ലാം ഇത്രമാത്രം ഹീനമായ അവസ്ഥയാണ്. Khairlanji-ൽ ഒരു പെൺകുട്ടി പ്ലസ്വണ്ണിന് പഠിക്കാൻ ആഗ്രഹിച്ചുവെന്നതു കൊണ്ടാണ് സവർണ്ണ മേധാവികൾ അവളെ മാനഭംഗം ചെയ്തതും സഹോദരങ്ങളെ വെട്ടിക്കൊന്നതും. ദിവസേന ഇത്തരത്തിലുള്ള അതിക്രമങ്ങൾ നടക്കുന്നു. എന്നാൽ കേരളത്തിൽ നാം നടത്തിയിട്ടുള്ള നിരന്തരമായ ഇടപെടലിന്റെയും സാമൂഹ്യ പരിഷ്കർത്താക്കൾ നടത്തിയിട്ടുള്ള ഇടപെടലിന്റെയും ഭാഗമായി കുറേയേറെ പ്രശ്നങ്ങൾക്ക് പരിഹാരം

കാണാൻ സാധിച്ചിട്ടുണ്ട്. എന്നാലും ഇന്ത്യൻ സമൂഹത്തിന്റെ മൊത്തത്തിലുള്ള വൃത്തികേടുകളിൽ പലതും കേരളീയ സമൂഹത്തിലുമുണ്ട്. വളരെ പരിഹാസ്യമായ രീതിയിൽ ഗവൺമെന്റ് എടുക്കുന്ന നടപടികളെക്കുറിച്ച് ഇവിടെ പറഞ്ഞു, അങ്ങനെ രണ്ടുപേരുടെ ഭാഗത്തുനിന്നുമുണ്ടായി, അതിലൊന്ന് ശ്രീമതി ഷാനിമോൾ ഉസ്മാൻ തന്നെയായിരുന്നു. ഇവിടെ നൈറ്റ് വാക്കിനെക്കുറിച്ച് പറഞ്ഞു, ഇവിടെ ഒരു രാത്രി നടത്തം മാത്രമല്ല സംഘടിപ്പിച്ചിട്ടുള്ളത്. ഇതും സർക്കാർ സ്പോൺസേർഡ് പരിപാടിയായി ആളുകളെ വച്ച് നടത്തിയതാണ്, ശ്രീമതി ഷാനിമോൾ ഉസ്മാന്റെ സംഘടനയെയടക്കം വിളിച്ചിരുന്നു. അവരിൽ പലരും ചിലയിടങ്ങളിൽ പങ്കെടുത്തിട്ടുണ്ട്, എന്നാൽ ചിലർ പങ്കെടുത്തിട്ടുമില്ല. ഇതെല്ലാം ഒരു stigma ഒഴിവാക്കാനായി സ്വീകരിച്ച നടപടികളാണ്. അഞ്ചുമണി കഴിഞ്ഞാൽ പുറത്തിറങ്ങാൻ സ്ത്രീകളും ധൈര്യപ്പെടുന്നില്ല, പുറത്തിറങ്ങുമ്പോൾ ചില വികൃതികൾ വന്ന് വൃത്തികേടുകൾ കാണിക്കുകയും ചെയ്യുന്നു. ഈ സമൂഹത്തിലെ പുരുഷന്മാരാകെ മോശമാണെന്നല്ല, എന്നാൽ വളരെ മോശമായ പെരുമാറ്റം നമ്മുടെ സമൂഹത്തിനകത്ത് ഉണ്ടാകുന്നുണ്ട്. അത് മാറ്റിയെടുക്കാനുള്ള നടപടികളിൽ ഒന്നായിരുന്നു നൈറ്റ് വാക്ക്, അതിന് ഫലവും ഉണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള ധാരാളമാളുകളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ഒരു കാര്യം ഐ.ടി മേഖലയെക്കുറിച്ചാണ്. ഐ.ടി. മേഖലയിൽ സ്ത്രീകൾക്ക് രാത്രി സഞ്ചരിക്കേണ്ടതായിവരുന്നുണ്ട്. അവർക്കൊരു ആത്മധൈര്യം പകരാൻ വേണ്ടി തന്നെയാണ് അത്തരത്തിലുള്ള നടപടിക്രമങ്ങളടക്കം ആലോചിച്ചിട്ടുള്ളത്. ഷിഫ്റ്റടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക് രാത്രി സഞ്ചരിക്കേണ്ടതായി വരുന്നുണ്ട്. 'പൊതു ഇടം എന്റേതും' എന്നാണ് അതിന്റെ മുദ്രാവാക്യം. അതിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചത് നല്ല ആത്മവിശ്വാസം പകരുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒരുപാട് നടപടിക്രമങ്ങൾ ഉണ്ടാകുന്നുണ്ട്. ജൻഡർ പാർക്ക് വരുന്നു, ജൻഡർ ബഡ്ജറ്റ് അവതരിപ്പിച്ചു. ഇതിനകത്ത് സ്ത്രീകളുടെ entrepreneurship പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്റർനാഷണൽ വിമൻസ് റിസർച്ച് ആന്റ് ട്രേഡ് സെന്റർ എന്ന സംരംഭത്തെക്കുറിച്ച് ബഹുമാന്യനായ ഗവർണറുടെ സ്പീച്ചിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് സ്പീച്ചിലും പറഞ്ഞിരുന്നു. പറഞ്ഞാൽ തീരാത്ത അത്രയും കാര്യങ്ങൾ ഈ നാലരവർഷംകൊണ്ട് തുടങ്ങിയിട്ടുണ്ട്. ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഡോ. എം. കെ. മുനീർ ചില കാര്യങ്ങൾ പറയുമ്പോൾ തങ്ങൾ മാത്രമാണ് സർവ്വജ്ഞർ ബാക്കിയെല്ലാവരും വിഡ്ഢികളാണ് എന്നുള്ള മട്ടിൽ പറയരുത്. സി.ഡബ്ല്യു.സി. (Child Welfare Committee) ചെയർമാൻമാരെ തെരഞ്ഞെടുത്തത് മന്ത്രിക്ക് അറിയില്ലെന്ന് പറഞ്ഞു. ഡോ. എം. കെ. മുനീർ ഇപ്പോൾ എല്ലാകാര്യങ്ങളും പറയുമ്പോൾ ഞാൻ ശ്രദ്ധിക്കാറുണ്ട്, ഞാൻ അദ്ദേഹത്തെ അങ്ങനെയല്ല കരുതിയത്, എനിക്ക് എല്ലാ കാര്യങ്ങളും അറിയാം,

പക്ഷേ നിങ്ങൾക്ക് അതൊന്നും അറിയില്ല എന്നൊരു മനോഭാവമുണ്ട്. എന്റെ ഡിപ്പാർട്ടുമെന്റിനകത്തെ സി.ഡബ്ല്യു.സി. ചെയർമാൻമാർ ആരൊക്കെയാണ്, അവർ എന്തൊക്കെയാണ് ചെയ്യുന്നത്, ചെയ്യേണ്ടത് എന്നതിനെക്കുറിച്ചൊക്കെ നല്ല ധാരണയുണ്ട്. അവർക്കെല്ലാംതന്നെ നല്ലരീതിയിലുള്ള ടെയിനിംഗ് കൊടുത്ത് കൂടുതൽ ശക്തമായി കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കിയിട്ടുണ്ട്. നമുക്ക് വൺസ്റ്റോപ്പ് സെന്ററുകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പറഞ്ഞു, സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ പറയുന്നതിനുതന്നെയാണ് 14 ജില്ലകളിലും വൺസ്റ്റോപ്പ് സെന്റർ തുറന്നത്. ആക്രമിക്കപ്പെടുന്ന സ്ത്രീകൾക്ക് വൈദ്യസഹായവും നിയമസഹായവും പെട്ടെന്ന് കിട്ടുന്നതിനുള്ള നടപടി വൺസ്റ്റോപ്പ് സെന്ററിലൂടെ നന്നായി പുരോഗമിച്ചിട്ടുണ്ട്. ഇപ്പോഴും ഗാർഹിക പീഡനവും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും തുടരുന്നുണ്ട്. ഞാൻ നേരത്തേ പറഞ്ഞതിന്റെ ഭാഗംതന്നെയാണത്, ഒരു സാമൂഹ്യപരിവർത്തനത്തിനുതകുന്ന രീതിയിൽ കാര്യങ്ങളായില്ല. പോക്സോ കോടതികൾ കേസ്സുകൾ തീർപ്പുകല്പിക്കുന്നതിനെ സംബന്ധിച്ച് പറയാം, ഒന്നരണ്ട് കാര്യങ്ങൾകൂടി എനിക്ക് പറയാതെ വയ്യ. കേസ്സുകൾ തീർപ്പുകല്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെകൂടി നിർദ്ദേശമനുസരിച്ച് (...ബഹളം..) ഞാൻ പറയട്ടെ.. അങ്ങനെയങ്ങ് ആരോപണം ഉന്നയിച്ച് പോകാൻ പറ്റില്ലല്ലോ, ഇതൊരു പൊതു പ്രശ്നമാണ്. കാരണം സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഏതെങ്കിലുമൊരു പാർട്ടിയുടെയോ, ഭരണപക്ഷത്തിന്റെയോ, പ്രതിപക്ഷത്തിന്റെയോ മാത്രം വിഷയമല്ല. ഈ നാട്ടിൽ സ്ത്രീകളും പെൺകുട്ടികളും സംരക്ഷിക്കപ്പെടണം. കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാനായി എല്ലാ ജില്ലകളിലും കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കുമെന്ന് കേന്ദ്രഗവൺമെന്റിന്റെകൂടി നിർദ്ദേശമനുസരിച്ചാണ് പറഞ്ഞത്. വനിതാ കമ്മീഷൻ നോക്കുകുത്തിയായി എന്ന് ബഹുമാനപ്പെട്ട ഷാനിമോൾ ഉസ്മാൻ പറഞ്ഞല്ലോ. കഴിഞ്ഞകുറേ വർഷങ്ങളായി കെട്ടിക്കിടന്ന കേസ്സുകൾക്ക് പരിഹാരം കാണുന്നതിനുള്ള അദാലത്തുകൾ നടത്തുകയായിരുന്ന ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വനിതാ കമ്മീഷന്റെ ഉത്തരവാദിത്വം. വനിതാ കമ്മീഷന്റെ പ്രവർത്തനം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. കെട്ടിക്കിടക്കുന്ന നൂറുകണക്കിന് കേസ്സുകൾ അദാലത്തുകൾ നടത്തി പരിഹരിച്ചതും ഇപ്പോഴത്തെ വനിതാ കമ്മീഷൻ വന്നതിനുശേഷമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം കേസ്സുകൾ പെന്റിംഗായിരുന്നു. ആ കേസ്സുകളെല്ലാം പരിഹരിക്കുന്നതിന് കഴിഞ്ഞുവെന്നതാണ് പ്രധാനപ്പെട്ട കാര്യം.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ. മിനിസ്റ്റർ പറഞ്ഞവസാനിപ്പിച്ചതിനു ശേഷം സംസാരിക്കാൻ സമയം തരാം. അല്ലെങ്കിൽ വീണ്ടും നീണ്ടുപോകും. പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട വീണാ ജോർജ്ജ് പറഞ്ഞതുപോലെ Internal Complaints Committee-യും Local Complaints Committee-യും പൂർണ്ണമാകുന്നതുവരെ ആ പ്രവർത്തനം തുടരുന്നതാണ്. നല്ല രീതിയിലുള്ള പുരോഗതി അതിനകത്ത് ഉണ്ടായിട്ടുണ്ട്. ക്രഷുകളെപ്പറ്റി പറഞ്ഞു, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവന്ന തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥലത്തടക്കം ക്രഷുകൾ ആരംഭിച്ച സർക്കാരാണിത്. എന്നാലും ആ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. ധാരാളം ക്രഷുകൾ ഐ.ടി. മേഖലയിലടക്കം തുടങ്ങുന്നതിനുവേണ്ടി ആലോചിച്ചിട്ടുണ്ട്. നേരത്തേ പറഞ്ഞ എല്ലാകാര്യങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വളരെ വിശദമായി മറുപടി നൽകിയിട്ടുണ്ട്. നമുക്ക് ഒരുമിച്ച് മുന്നേറണം. എല്ലാവരും എല്ലാതരത്തിലുള്ള മഹിളാ സംഘടനകളും ഭരണ-പ്രതിപക്ഷ ഭാഗത്തുനിന്നുള്ളവരുമെല്ലാം കൂടിച്ചേർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും വളരെപെട്ടന്നതന്നെ നടപടികളുണ്ടാക്കുന്നതിനും ആവശ്യമായ കൂടുതൽ ശക്തമായ നീക്കമുണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കും. അതിനായി ഭരണ-പ്രതിപക്ഷ ഭേദമെന്യേ സഹകരിച്ച് മുന്നോട്ടുപോകാം. ഡോ. ബി. ആർ. അംബേദ്കറെ ക്വാട്ട് ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്, degree of the progress of the society is measured by the degree of the progress of women എന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എവിടെ സ്ത്രീകൾക്ക് സുരക്ഷ കിട്ടുന്നുവോ, അവിടെ മാത്രമേ സാമൂഹിക പുരോഗതിയുള്ളൂ. സ്വാതന്ത്ര്യം കിട്ടി ഇത്രയും വർഷമായിട്ടും നമുക്കതിന് സാധിച്ചിട്ടില്ല. പക്ഷേ ഉണ്ടാക്കിയെടുത്തേ മതിയാകൂ, ഞാൻ ആ വാചകത്തെ അംഗീകരിക്കുന്നു, അതുണ്ടാക്കിയെടുക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം എന്നുമാത്രം സൂചിപ്പിക്കുകയാണ്.

ശ്രീ. വി. ടി. ബൽറാം: സർ, പോയിന്റ് ഓഫ് ഓർഡർ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധ ക്ഷണിക്കലാണ്. ശ്രദ്ധ ക്ഷണിക്കലിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അതുമായി ബന്ധമില്ലാത്ത, നേരത്തെ സമാനമായ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ഷാനിമോൾ ഉസ്മാൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസിനുള്ള മറുപടിയാണ് പറയുന്നത്. സാധാരണ ഗതിയിൽ അതിനെന്തെങ്കിലും മറുപടി പറയാനുണ്ടെങ്കിൽ ആ സമയത്താണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ട് സംസാരിക്കേണ്ടത്. ആ സമയത്ത് വകുപ്പുമന്ത്രി സംസാരിച്ചില്ല.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. വി. ടി. ബൽറാം: സർ, ആ പ്രമേയം ചർച്ചചെയ്യാൻ അനുവദിക്കാതെ മറ്റൊരു നടപടിക്രമത്തിനിടയിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെ അടിയന്തരപ്രമേയം അവതരിപ്പിച്ച മെമ്പറുടെ പേര് നാല് തവണ ഇവിടെ എടുത്തു പറഞ്ഞ് ഇങ്ങനെ ചെയ്യുന്നത് ഓർഡറിലാണോ; അങ്ങ് കമന്റ് പറയണം. .... (...ബഹളം...)

മി. സ്പീക്കർ: ശ്രീമതി ഷാനിമോൾ ഉസ്മാൻ സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ടൊരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. അവരുടെ ആദ്യത്തെ അടിയന്തര പ്രമേയമായതു കൊണ്ട് അവർക്ക് യഥേഷ്ടം സമയംകൊടുത്തു. സാധാരണഗതിയിൽ ലഭിക്കാത്ത നിലയിൽ 12-13 മിനിറ്റുകൊടുത്തു. അതിനുശേഷം പ്രതിപക്ഷനേതാവ് വാക്ക് ഔട്ട് പ്രസംഗം 12 മിനിറ്റ് നടത്തി, ഉപനേതാവ് 6 മിനിറ്റ് പ്രസംഗം നടത്തി, അതിനുശേഷം ശ്രീ. പി. ജെ. ജോസഫ് ഉൾപ്പെടെയുള്ള മറ്റ് നേതാക്കളെല്ലാം പ്രസംഗം നടത്തി. ഏതാണ്ട് 40 മിനിറ്റോളം ഈ സഭയിൽ അത് ഉന്നയിക്കപ്പെട്ടു. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട ഒരു ശ്രദ്ധ ക്ഷണിക്കലാണ് കൊണ്ടുവന്നത്. അതുമായി ബന്ധപ്പെട്ട് വിശദീകരിച്ചുവെന്നുമാത്രം. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയത്തിൽ താല്പര്യം ഒന്നാണല്ലോ;

ശ്രീമതി വീണാ ജോർജ്ജ്: സർ, സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് സ്ത്രീശാക്തീകരണത്തിൽ ഇത്രയും സങ്കുചിതമായ കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗത്തിനുള്ളതെന്നത് വളരെ നിർഭാഗ്യകരമാണ്. എന്റെ ചോദ്യം ഇതാണ്; ഞാൻ എന്ത് ചോദ്യം ചോദിക്കണമെന്ന് ബഹുമാന്യനായ മെമ്പർ അല്ല തീരുമാനിക്കേണ്ടത്. (...ബഹളം...) ഈ സഭയിൽ അംഗമായ എനിക്ക് എന്ത് സംസാരിക്കണമെന്നും എന്ത് ചോദിക്കണമെന്നും പ്രതിപക്ഷാംഗമല്ല തീരുമാനിക്കേണ്ടത്. രണ്ടാമത്തെ ചോദ്യം; ഇവിടെ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ ഇതര സ്ഥാപനങ്ങളിലും സ്ത്രീകളുമായി ബന്ധപ്പെട്ട് സ്ത്രീ സൗഹൃദ അന്തരീക്ഷമുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. സർക്കാർ ഓഫീസുകളിലെല്ലാം അതിനുള്ള ശ്രമങ്ങൾ വളരെ തീവ്രമായി ആരംഭിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം വുമൺ ഫ്രണ്ട്ലി പോളിസികൾ (സ്ത്രീ സൗഹൃദ പോളിസികൾ) അവലംബിക്കുന്ന കമ്പനികൾക്ക് വനിത-ശിശുവികസന വകുപ്പിൽനിന്ന് ഒരു പുരസ്കാരം/റിവാർഡ് ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ? അതിന് കഴിയുമോ? അതോടൊപ്പംതന്നെ, സർക്കാർ സ്ഥാപനങ്ങളിലും രണ്ട് കാറ്റഗറികളിലായി ആ രീതിയിലുള്ള ഒരു അംഗീകാരം നൽകുന്നതിനെക്കുറിച്ചും ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇവിടെ മെമ്പർ ഉന്നയിച്ച തിനെപ്പറ്റി വനിത-ശിശു വികസന വകുപ്പ് ആലോചിക്കുകയും ഏറ്റവും നല്ല സ്ത്രീ സൗഹൃദാന്തരീക്ഷമൊരുക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന രീതി സ്വീകരിക്കുന്നതുമാണ്.

(2) വന്യജീവി ആക്രമണം

ശ്രീ. പി. ജെ. ജോസഫ്: സർ, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിലെ കർഷകർ നിരന്തരം വന്യജീവി ആക്രമണം നേരിടുന്നു. കാർഷികവൃത്തി തുടർന്നു പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അടുത്ത ദിവസം ഞാൻ കോതമംഗലത്ത് പോയിരുന്നു. കുട്ടമ്പുഴയിലെ ഒരു കർഷകൻ രണ്ടുമാസം ഒളിവിലായിരുന്നു. കാരണം, ഒരു രാജവെമ്പാല അദ്ദേഹത്തിന്റെ വീട്ടിൽ കയറിയപ്പോൾ വീട്ടമ്മ ഓടി രക്ഷപ്പെട്ടു. രണ്ടുദിവസം കഴിഞ്ഞപ്പോൾ ആരോ രാജവെമ്പാലയെ കൊന്നു. കേസ്സായപ്പോൾ പ്രതികളെ അന്വേഷിച്ച് നടന്നു. ആ രണ്ടുമാസം വീട്ടുടമസ്ഥൻ ഒളിവിലായിരുന്നു. ഏതായാലും ദൃശ്യം സിനിമ കണ്ട ആളായതുകൊണ്ട് മണ്ണ് ഇളകിയ ഇടത്തെല്ലാം രാജവെമ്പാലയെ കുഴിച്ചിട്ടിട്ടുണ്ടോയെന്ന് അറിയാൻ കുഴിച്ചുനോക്കുകയാണ്. ഒരിടത്ത് കുഴിച്ചപ്പോൾ രാജവെമ്പാല കടിച്ച് കൊന്ന കോഴിയുടെ ജഡമാണ് കിട്ടിയത്. രാജവെമ്പാലയെ കൊന്നാൽ വീട്ടിൽ കയറാൻ പറ്റുകയില്ല. അവിടെയുള്ള ആളുകൾ പറഞ്ഞ സങ്കടമാണ്. രണ്ടാമതൊരു കാര്യം, വേറൊരു പഞ്ചായത്തിൽ ആനക്കുട്ടം വന്ന് പ്രസവിച്ചു. അവിടെനിന്ന് ആന മാറാതെ നിൽക്കുകയാണ്. 100 ഏക്കർ സ്ഥലത്തെ മുഴുവൻ കൃഷിയും നശിപ്പിച്ചു. എല്ലാം ചവിട്ടിമെതിച്ച ആനയെ കടത്തിക്കൊണ്ടുപോകാൻ ഒരു നടപടിയുമില്ല; എന്തുകൊണ്ടാണ് ആന ഇറങ്ങുന്നതെന്ന് അന്വേഷിക്കണ്ടേ? വെള്ളവും ഭക്ഷണവും വനത്തിൽ ഇല്ലാത്തതുകൊണ്ടാണ്. വനം വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ വനം-വന്യജീവി സംരക്ഷണത്തിന് 70 ലക്ഷം രൂപയോളം മാറ്റിവച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. വനത്തിനകത്ത് കുളങ്ങൾ കുഴിക്കണം. ആനയ്ക്ക് കുടിക്കാൻ വെള്ളത്തിനും തീറ്റയ്ക്കും സൗകര്യങ്ങളൊരുക്കിക്കൊടുക്കണം. വെള്ളമില്ലാതെ വരുമ്പോഴാണ് ആന യിറങ്ങുന്നത്. വന്യജീവികൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കി കൊടുക്കേണ്ടത് വനം വകുപ്പിന്റെ ചുമതലയാണ്. ഇല്ലെങ്കിൽ നാട്ടിലിറങ്ങി ആളുകളെ ഉപദ്രവിക്കും. വലിയ മാംസഭോജികളായ വന്യമൃഗങ്ങളുള്ള പ്രദേശങ്ങളിൽ മാംസഭോജികളും മനുഷ്യരും തമ്മിലുള്ള സംഘട്ടനം വർദ്ധിച്ചിട്ടുണ്ട്. മുറിവേറ്റ കടുവകളുടെ സത്വര ചികിത്സയ്ക്കായും ആവശ്യമുള്ളിടത്ത് അവയുടെ ശാശ്വതമായ പുനരധിവാസത്തി നുമായി ഒരു കടുവ പുനരധിവാസകേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് സർക്കാർ പറയുന്നു. വന്യമൃഗങ്ങളെ സംരക്ഷിക്കണം, തീറ്റകൊടുക്കണം, വെള്ളം കൊടുക്കണം. അല്ലെങ്കിൽ ഇവ പുറത്തേയ്ക്കിറങ്ങും. ആനയേയും ആനക്കുഞ്ഞിനെയും വേണമെങ്കിൽ

പെരിയാറിനപ്പുറത്തേയ്ക്ക് കടത്തിവിടാം. എന്തുകൊണ്ട് കടത്തിവിടുന്നില്ല? 100 ഏക്കർ കൃഷി പരിപൂർണ്ണമായി ആന നശിപ്പിച്ചു, കൃഷിക്കാരൻ എന്തുചെയ്യും? കാട്ടുപന്നിയെ നിയന്ത്രിക്കാൻ കഴിയും. പക്ഷെ, ആനകളെ നിയന്ത്രിക്കാൻ കഴിയില്ല. ടെഞ്ചിന്റെ അപ്പുറത്ത് ഇലക്ട്രിക് ഫെൻസ് ചെയ്താൽ ആന തകർക്കുകയില്ല, അഥവാ തകർത്താൽ എർത്തടിക്കും. വനം വകുപ്പിന് ഇതറിയാത്തതാണോ? കൃത്യമായി എനിക്ക് പറയാൻ കഴിയും, ടെഞ്ചിന്റെ അപ്പുറത്ത് ഫെൻസ് ചെയ്താൽ ആന തകർക്കുകയില്ല. കാട്ടുപന്നിയെ ചെറുക്കാൻ ടാറ്റാ കമ്പനി ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. വനാതിർത്തിയിൽ അത് സ്ഥാപിക്കുകയാണെങ്കിൽ പന്നിക്ക് ഇപ്പുറത്തിറങ്ങാൻ കഴിയില്ല. അതിനൊക്കെ പണം കണ്ടെത്തണം. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘട്ടനം ഇങ്ങനെ തുടരുന്നത് അനുവദിക്കാൻ പാടില്ല. വനാതിർത്തി പങ്കിടുന്ന ധാരാളം പ്രദേശങ്ങൾ വയനാട്ടിലും കണ്ണൂരിലുമുണ്ട്. അവിടത്തെ ആളുകൾ വന്യമൃഗങ്ങളെ ഭയപ്പെട്ട് കഴിയുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഈ തുക കുറച്ചുകൂടി വർദ്ധിപ്പിച്ച് ഫെൻസിംഗ് എല്ലായിടത്തും ഏർപ്പെടുത്തണം, ടെഞ്ച് കുഴിക്കണം. ടെഞ്ചിന്റെ അങ്ങേയറ്റത്ത് ഇലക്ട്രിക് ഫെൻസിംഗായാൽ കുഴപ്പമുണ്ടാകില്ല. ഞാൻ ഇക്കാര്യം വിശദമായി പഠിച്ചിരിക്കുന്നു. ഒരു ചർച്ചയ്ക്ക് തയ്യാറാണെങ്കിൽ മുഴുവൻ സ്ഥലങ്ങളിലും പന്നി കടക്കാതെ ഫെൻസിംഗ് ഏർപ്പെടുത്താം. ശാസ്ത്രീയമായി കാര്യങ്ങളെ നേരിടേണ്ടതല്ലേ? രാജവെമ്പാലയെ കൊന്നതിന്റെ പേരിൽ രണ്ടുമാസം ഒളിച്ച് താമസിക്കേണ്ടിവരിക. ആരാണ് കൊന്നതെന്ന് പിടികിട്ടിയില്ല, തൊണ്ടിമുതൽ കിട്ടിയില്ല, കുഴിച്ചിട്ട സ്ഥലത്ത് അതിനെ മാറ്റിയിട്ട് കോഴിയെ കുഴിച്ചിട്ടു. അങ്ങനെ മാന്തിയിട്ടും കിട്ടാത്തതിന്റെ പേരിൽ കേസ് ചാർജ്ജ് ചെയ്തു. ആളെ കിട്ടാത്തതുകാരണം വീട്ടുടമസ്ഥൻ ഇപ്പോഴും ഭയന്നുനടക്കുകയാണ്. രാജവെമ്പാലയെ കൊന്നതിന് കണ്ടാലറിയാവുന്ന കുറച്ച് പ്രതികളെ ഉൾപ്പെടുത്തിയിരിക്കുകയാണ്. അങ്ങ് ഇത് അന്വേഷിക്കണം. കുട്ടമുഴ പഞ്ചായത്തിലാണ് ഈ സംഭവം നടന്നത്. മൃഗങ്ങളും മനുഷ്യനും തമ്മിൽ സ്നേഹമായി ജീവിക്കണ്ടേ; അതിനുള്ള അന്തരീക്ഷമുണ്ടാക്കണം. മനുഷ്യരെ തീറ്റുന്നതുപോലെ തന്നെ വനത്തിനടുത്ത് കുളമുണ്ടാക്കണം, തീറ്റയില്ലാത്തിടത്ത് തീറ്റയിട്ടുകൊടുക്കണം. വനം വകുപ്പിന്റെ ഫണ്ട് അതിനുവേണ്ടി കുറെ മാറ്റിവയ്ക്കണം. ഈ അവസരത്തിൽ കെ. എസ്. ജോർജ്ജിന്റെ രണ്ടുവരികൾ ഞാൻ മൂളുന്നു.

"പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ട്.

മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല...." കോതമംഗലത്തെ 5 പഞ്ചായത്തുകളിലെ ജനങ്ങൾ ഭയവിഹ്വലരായിരിക്കുകയാണ്. സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനാതിർത്തിക്ക് അടുത്തുള്ള കൃഷിയിടങ്ങളിൽ നിരന്തരമായുണ്ടാകുന്ന വന്യജീവികളുടെ ആക്രമണം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഇവിടെ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഈ വിഷയം ഇപ്പോഴത്തെ സമ്മേളനത്തിൽ പല അംഗങ്ങളും സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും പലപ്രാവശ്യം ഉന്നയിക്കുകയുണ്ടായി. അതിനെല്ലാം മറുപടികൾ പറഞ്ഞിട്ടുള്ളതുമാണ്. സംസ്ഥാനത്തെ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധന വുണ്ടായിട്ടുണ്ടെന്നും തൽഫലമായി അവയിലൊരു ഭാഗം നാട്ടിലേക്കിറങ്ങുന്ന സാഹചര്യമുണ്ടായിയെന്നതും വസ്തുതയാണ്. ഇതുകാരണം വനാതിർത്തിയോടു ചേർന്ന പ്രദേശങ്ങളിൽ അവയുടെ ആക്രമണവും കൃഷി നാശവുമുണ്ടാകുന്നുണ്ടെന്നതും സത്യമാണ്. ഇത്തരത്തിൽ കൃഷി നാശമുണ്ടാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത് കാട്ടുപന്നികളാണ്. കർഷകർക്ക് പരിക്കും ജീവഹാനിയും കൃഷിനാശവുമുണ്ടാക്കുന്ന കാട്ടുപന്നികളിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച് 11-12-2018-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ vermin (ശല്യക്കാരി) ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് വിദഗ്ധ പഠനം നടത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെയും സംയുക്തമായി പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ജീവനക്കാർക്ക് അടിയന്തര സാഹചര്യത്തെ നേരിടാൻ പരിശീലനം, മനുഷ്യ വന്യജീവി സംഘർഷം നേരിടുന്നതിനായി സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുന്നതു വരെ 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗപ്പെടുത്തി ഉപദ്രവകാരികളായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് നമ്പർ 7/2019 വനം 16-2-2019-ലെപ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കാത്തതിനാൽ ടി ഉത്തരവിൽ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഘൂകരിക്കുന്നതിന് ചില ഭേദഗതി വരുത്തുന്നതിനായി

സർക്കാരിന് പുതിയ പ്രൊപ്പോസൽ 3-1-2020-ൽ ലഭിച്ചിട്ടുണ്ട്. ലൈസൻസുള്ള തോക്ക് കൈവശമുള്ളവർക്കും ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കും യൂണിഫോം ഫോഴ്സിൽ പെടുന്നവർക്കും പന്നിയെ വെടിവയ്ക്കാമെന്നാണ് ഈ ഉത്തരവിൽ പറയുന്നത്. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പ്രത്യേകം ശ്രദ്ധിക്കണം. ചില ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള പുതിയ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ലൈസൻസുള്ളതോക്ക് കൈവശമുള്ളവർക്കും പന്നിയെ വെടിവയ്ക്കാൻ കഴിയുന്ന തരത്തിലുള്ള ഭേദഗതി നിർദ്ദേശമാണ് വന്നിട്ടുള്ളത്. അതുസംബന്ധിച്ച് സർക്കാർ പരിശോധിക്കുകയാണ്. അത്തരത്തിലുള്ള അനുമതി നൽകുന്ന നടപടിയിലേയ്ക്കായിരിക്കും ഗവൺമെന്റ് പോകുന്നത്. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് സംസ്ഥാനത്ത് 2018-19 വരെ 2413.7 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലി, 631 കിലോമീറ്റർ നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 178.133 കിലോമീറ്റർ ആനപ്രതിരോധ മതിൽ, ആറുകിലോമീറ്റർ കല്ലുകെട്ടിയ കിടങ്ങുകൾ, 26 കിലോമീറ്റർ ജൈവവേലി, 248 കിലോമീറ്റർ കയ്യാല, 1.2 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ഇനിയും ഇതുപോലെയുള്ള സംരക്ഷണ വേലിയോ, ഭിത്തിയോ കെട്ടാനുള്ള മേഖലകളുണ്ട്. അവ കിഫ്ബിയിലുൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ടി നൂറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുകൂടി ലഭ്യമാകുന്ന മുറയ്ക്ക് ഈ വർഷംതന്നെ വനമേഖലയുമായി ബന്ധപ്പെട്ടുള്ള പ്രതിരോധ കിടങ്ങുകളോ വേലിയോ കെട്ടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി സൗരോർജ്ജവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം, സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യ ജീവികളെ മയക്കുവെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ, പ്രശ്ന ബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാനിർദ്ദേശം നൽകൽ, വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി, വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റിപാർപ്പിക്കുന്നതിനുള്ള

നടപടി, വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടി, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാസമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

രാജവെമ്പാലയുടെ കാര്യം അങ്ങ് ഇപ്പോൾ പറഞ്ഞതാണ്. നോട്ടീസിലുള്ള കാര്യമല്ല. എന്താണ് അവിടെ സംഭവിച്ചതെന്നുള്ളതിനെ സംബന്ധിച്ച് അന്വേഷിക്കാം. രാജവെമ്പാല വന്യജീവിയാണ്. അതിനെ കൊല്ലാൻ പാടില്ല. ഫോറസ്റ്റ് ഉദ്യോഗസ്ഥരെ അറിയിച്ചാൽ ഭീതി ഒഴിവാക്കി അവർ പിടിച്ച് വനത്തിനുള്ളിൽ കൊണ്ടുപോയി വിടും. അതാണ് ചെയ്യേണ്ടിയിരുന്നത്.

വീടില്ലാത്തവർക്ക് വീട് വേണമെന്ന കാര്യമാണ് അങ്ങ് ഒരു പാട്ടിലൂടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഫലപ്രദമായി നടപടി സ്വീകരിക്കുന്നു. അതിന്റെ ഭാഗമായി രണ്ടുലക്ഷം വീടുകൾ പൂർത്തീകരിച്ചു. വീടില്ലാത്തവർക്ക് വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുമെന്ന് 29-ാം തീയതി തിരുവനന്തപുരത്തുവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപനം നടത്തുകയാണ്. രണ്ടുലക്ഷം പേർക്ക് വീട് കൊടുക്കുന്നു. ബാക്കിയുള്ളവർക്ക് ഇനി ഫ്ലാറ്റ് നിർമ്മിച്ച് കൊടുക്കാൻ പോകുകയാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങ് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെഞ്ച് കുഴിച്ചിട്ട് ഫെൻസിംഗ് എവിടെയാണ് നടത്തേണ്ടത്? ടെഞ്ചിന്റെ അങ്ങേവശത്താണ്. ടെഞ്ചിൽ നിന്നുകൊണ്ട് തകർക്കാൻ പറ്റില്ല. അല്ലെങ്കിൽ ആന ഫെൻസിംഗിന്റെ സ്ഥലത്ത് ചെന്ന് ഉണക്കമരങ്ങൾ അടിച്ചുതകർത്തുകളയും. ഫെൻസിംഗിന്റെ അപ്പുറത്ത് ചെയ്താൽ കടക്കാൻ പറ്റില്ല. ഗാഡ്ഗിൽ റിപ്പോർട്ടിനോട് യോജിപ്പില്ല. പക്ഷേ അതിനകത്തൊരു ഭാഗമുണ്ട്. മനുഷ്യരെ ഉപദ്രവിക്കുന്ന കാട്ടുപന്നികളെ കൊന്ന് മൂല്യാധിഷ്ഠിത വസ്തുക്കളാക്കി അതിന്റെ ലാഭം കർഷകർക്ക് കൊടുക്കണമെന്ന് ഗാഡ്ഗിൽ റിപ്പോർട്ടിലുണ്ട്. അപ്പോൾ ശല്യം പെരുകിയാൽ പന്നിയെ കൊല്ലാം. പക്ഷേ പന്നി കടക്കാതിരിക്കാനുള്ള ഫെൻസിംഗുണ്ട്. ടാറ്റായുടെ ഒരു സംവിധാനമുണ്ട് മേപ്പാടിയിൽ ഞാൻ അത് ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്താൽ പന്നി കടക്കുകയില്ല. അവിടെയും ഇവിടെയും ചെയ്തിട്ട് കാര്യമില്ല. ഒരു സമഗ്രമായ പദ്ധതി കിഫ്ബിയിൽപ്പെടുത്തി എന്നുപറഞ്ഞപ്പോൾ സംഗതി തീർന്നു. ഇതിനുള്ള തുക കിഫ്ബിയിലില്ല. ആനയും കുഞ്ഞുമായി ഒരുമാസമായി അവിടെ നിൽക്കുകയാണ്. അവരെ കടത്തിവിടാനുള്ള സംവിധാനമുണ്ടാക്കണം. ഇപ്പോഴും അവിടെത്തന്നെയാണോ നിൽക്കുന്നതെന്നുള്ളത് സംബന്ധിച്ച് അങ്ങ് അന്വേഷിക്കണം.

ശ്രീ. കെ. രാജു: സർ, അശാസ്ത്രീയമായ രീതിയിൽ പലയിടത്തും ഫെൻസിംഗ് നടന്നിട്ടുള്ളത് ശരിയാണ്. ആനത്താര സമ്പൂർണ്ണമായി അടച്ചുകൊണ്ടുള്ള ഫെൻസിംഗും നടന്നിട്ടുണ്ട്. അതുകൊണ്ടുവരുന്ന കഴപ്പുമാണ്. തീറ്റ അന്വേഷിച്ച് വെള്ളം കുടിക്കാനായി വരുന്ന ആനകൾ തിരിച്ചുപോകാതെ നിൽക്കുന്നത് അശാസ്ത്രീയമായി മുമ്പ് നടന്നിട്ടുള്ള ഫെൻസിംഗിന്റെ ഭാഗമായാണ്. അവരുടെ വഴിയടച്ച് ഫെൻസിംഗ് നടത്തിയാൽ നല്ല ബലത്തിൽ വേലികെട്ടിയാലും അത് പൊളിച്ചുകൊണ്ട് പുറത്തുവരും. അതുകൊണ്ട് അത്തരം കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് ആനത്താരകളോ അല്ലെങ്കിൽ വന്യജീവികൾ സ്ഥിരമായി സഞ്ചരിക്കുന്ന പാതകളോ ഒഴിവാക്കിക്കൊണ്ട് ഫെൻസിംഗ് നടത്തേണ്ടിവരും. അതുസംബന്ധിച്ച് ആലോചിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ആനകൾക്ക് എല്ലാ സംരക്ഷണവും ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജു: സർ, സ്വീകരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞു..... പ്ലീസ്.....

ശ്രീ. പി. ജെ. ജോസഫ്: സർ, കോതമംഗലത്ത് അഞ്ച് ആനകളും ഒരു കുട്ടിയാനയും ഇപ്പോഴും നിൽക്കുകയാണ്. ഒരു പഞ്ചായത്തിലെ നൂറ് ഏക്കർ സ്ഥലം അവ നശിപ്പിച്ചു. ഞാൻ അവിടെ പോയി കണ്ടതാണ്. അവയെ അവിടെനിന്ന് മാറ്റുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

ശ്രീ. കെ. രാജു: സർ, കുറച്ചുനാളുകൾക്ക് മുമ്പുള്ള കാര്യമാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ അവിടെ ആന നിൽക്കുന്നുണ്ടോ എന്നുള്ളത് അങ്ങ് പരിശോധിക്കണം. അങ്ങനെ ഉണ്ടെങ്കിൽ ഉടൻതന്നെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ, റാപ്പിഡ് ഫോഴ്സിനെ അയച്ച് ആനകളെ വളരെ സുരക്ഷിതമായിത്തന്നെ അകത്തേയ്ക്ക് അയയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "പാമ്പുകൾക്ക് മാളമുണ്ട് ....." എന്ന പാട്ടിന് സംരക്ഷണം വേണം. ഇത് വെറുതെയുള്ള പാട്ടല്ല. കെ. എസ്. ജോർജ്ജ് പാടിയ, കെ.പി.എ.സി.-യുടെ, ലോകപ്രശസ്തമായ ആ പാട്ടിന് സംരക്ഷണം വേണം. ജനഹൃദയങ്ങളിലുള്ള പാട്ടാണത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞ സന്ദർഭത്തിൽ ഒരു വാചകം പറഞ്ഞത് ബഹുമാനപ്പെട്ട അംഗം ശ്രീമതി ഷാനിമോൾ ഉസ്മാന് അൽപ്പം പ്രയാസമുണ്ടാക്കിയ കാര്യമാണ്. 'വനിതാ കമ്മീഷനോട് അംഗത്തിന് എന്തോ

കൃത്രമ്പാണ് എന്ന് പറഞ്ഞു. ആ വാചകം ശരിയായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ വാചകം പിൻവലിക്കുകയാണെങ്കിൽ നല്ല കാര്യമാണ്. കൃത്രമ്പും അസൂയയും തോന്നത്തക്ക നിലയിലുള്ള ഒരാളും വനിതാ കമ്മീഷന്റെ പ്രവർത്തനത്തിലില്ല എന്നുള്ളതാണ് സത്യം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പ്രസ്തുത വാചകം സഭാരേഖകളിൽ കാണരുത്. ചട്ടം 307-ൽ പറയുന്നത് ചർച്ചകളിൽനിന്ന് വാക്ക് നീക്കംചെയ്യുന്നത് സംബന്ധിച്ചാണ്. അപകീർത്തികരമോ അസഭ്യമോ സഭ്യേതരമോ അന്തസ്സില്ലാത്തതോ ആയ വാക്കുകൾ ചർച്ചാ വേളകളിൽ ഉണ്ടായിട്ടുള്ളതായി ബഹുമാനപ്പെട്ട സ്പീക്കർക്ക് അഭിപ്രായമുണ്ടെങ്കിൽ അത് വിവേചനാധികാരമുപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ് എന്ന് ഇതിൽ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിച്ച വാചകം എന്നെ സംബന്ധിച്ച് അപമാനകരമായിപ്പോയി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വനിതാ കമ്മീഷൻ ഇവിടെ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള വനിതാ കമ്മീഷനെ വളരെ മോശമായ രീതിയിൽ പറയണമെങ്കിൽ അതിന് കൃത്രമ്പ് മാത്രമാണ് കാരണം. അതാണ് ഞാൻ പറഞ്ഞത്. 'കൃത്രമ്പ്' എന്നത് സഭ്യേതരമായ ഒരു വാക്കേ അല്ല.

IV സബ്മിഷൻ

(1) വനിതാ പോലീസിന്റെ സേവനം

ശ്രീമതി ഗീതാ ഗോപി: സർ, ജില്ലയിലെ ഏറ്റവും വിസ്തൃതിയേറിയ സേവന പരിധികളുള്ളതും അഞ്ചോളം പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതുമാണ് അന്തിക്കാട് പോലീസ് സ്റ്റേഷൻ. ഈ സ്റ്റേഷനിൽ വനിതാപോലീസിന്റെ സേവനം ലഭ്യമല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. വനിതാപോലീസിനായി അനുവദിച്ചിട്ടുള്ള അഞ്ച് തസ്തികകളിൽ രണ്ടുപേർ മാത്രം ജോയിൻ ചെയ്യുകയും അതിൽ ഒരാൾക്ക് ജനമൈത്രി പോലീസിന്റെ ഭാഗമായി ഡ്യൂട്ടി നൽകുകയും മറ്റൊരാൾ മെഡിക്കൽ ലീവിൽ പ്രവേശിച്ചിരിക്കുകയുമാണ്. വനിതാപോലീസിന്റെ സേവനം ലഭ്യമാക്കുന്നതിന് നിരവധി പ്രശ്നങ്ങൾ ഈ സ്റ്റേഷനിലുണ്ട്. അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വനിതാപോലീസിന്റെ സേവനം ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യയായ അംഗം ഉന്നയിച്ച കാര്യത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാം.* തൃശ്ശൂർ (റൂറൽ) ജില്ലയിൽ പോലീസ് സേനയിൽ വനിതകൾക്കായി തൊണ്ണൂറ് തസ്തിക

* അനുബന്ധമായി ചേർത്തിരിക്കുന്നു

കളുണ്ടെങ്കിലും 59 പേർ മാത്രമാണ് ജോലി നോക്കുന്നത്. എണ്ണത്തിലെ ഈ കുറവാണ് ജില്ലയിലെ എല്ലാ സ്റ്റേഷനുകളിലും പ്രതിഫലിക്കുന്നത്. അന്തിക്കാട് പോലീസ് സ്റ്റേഷനിലെ സ്ഥിതിയും വ്യത്യസ്തമല്ല. നിലവിൽ അഞ്ച് തസ്തികകളുള്ളതിൽ രണ്ടുപേർ മാത്രമാണ് ജോലി നോക്കിവരുന്നത്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഇരിങ്ങാലക്കുട വനിതാപോലീസ് സ്റ്റേഷനിൽനിന്നും പിങ്ക് പോലീസിൽനിന്നുമുള്ള വനിതാപോലീസുകാരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. അതോടൊപ്പം അന്തിക്കാട് പോലീസ് സ്റ്റേഷനിലെ വനിതാ പോലീസിന്റെ ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം പോലീസ് മേധാവിക്ക് നൽകിയിട്ടുമുണ്ട്.

(2) ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ഭാഷാന്യൂനപക്ഷ പദവി

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഏകദേശം അഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് പോർച്ചുഗീസുകാരുടെ ആക്രമണത്താൽ ഗോവയിൽനിന്ന് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത ഒരു സമുദായമാണ് ഗൗഡസാരസ്വത ബ്രാഹ്മണ സമുദായം. ഇവരുടെ സംസാര ഭാഷ കൊങ്കിണിയാണ്. പ്രസ്തുത സമുദായത്തെ ഭരണഘടന 30(1) പ്രകാരം ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചിട്ടുള്ളതാണ്. അവരുടെ ഭാഷയും സംസ്കാരവും പ്രത്യേകമായിട്ടുള്ള പാരമ്പര്യവും തനിമയുമൊക്കെ നിലനിർത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള ടി.ഡി. മെഡിക്കൽ കോളേജ് ഗവൺമെന്റിന് അവർ നൽകിയതാണെന്നുള്ള കാര്യം നമുക്കറിയാം. ആതുരസേവന - വിദ്യാഭ്യാസ രംഗങ്ങളിലുള്ള അവരുടെ ശ്രേഷ്ഠമായ പ്രവർത്തനങ്ങൾ ഏറെ പ്രകീർത്തിച്ചിട്ടുള്ളതാണ്. എന്നാൽ ഇവരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള കേരള സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നതായി അറിയില്ല. ഈ വിഭാഗത്തിൽപ്പെട്ട രണ്ടായിരത്തോളം വരുന്ന ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ അഡ്മിഷനിലും പരീക്ഷാ നടത്തിപ്പിലും ന്യൂനപക്ഷ വിഭാഗത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഇവരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവിറക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാം.* കൊങ്കിണി ഭാഷയെ കേരള സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷയായി പ്രഖ്യാപിച്ചിട്ടില്ല. പതിനഞ്ച് ശതമാനത്തിന് മുകളിൽ ന്യൂനപക്ഷ ഭാഷ മാതൃഭാഷയായിട്ടുള്ളവരുണ്ടെങ്കിൽ

*അനുബന്ധമായി ചേർത്തിരിക്കുന്നു.

മാത്രമേ ഗവൺമെന്റ് ഉത്തരവുകളും നടപടിക്രമങ്ങളും ന്യൂനപക്ഷ ഭാഷയിലും പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. കൊങ്കിണി ഭാഷ സംസാരിക്കുന്ന ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തിൽപ്പെട്ടവർ മൊത്തം ജനസംഖ്യയുടെ പതിനഞ്ച് ശതമാനമോ അതിലധികമോ താമസിക്കുന്ന ലോക്കൽ ഏരിയകൾ കേരളത്തിൽ നിലവിലില്ലാത്തതിനാൽ ഭാഷാ ന്യൂനപക്ഷമായി ഈ സമുദായത്തെ അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ല.

(3) നദികളിലും ഡാമുകളിലുമുള്ള മണലും ചെളിയും നീക്കംചെയ്യൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ജൂൺ മാസമാകുമ്പോൾ മഴ വരുന്നത് പ്രമാണിച്ച് ചില മുൻകരുതലുകൾ എടുക്കേണ്ട കാര്യമാണ് ഞാൻ ശ്രദ്ധയിൽ പ്പെടുത്തുന്നത്. കഴിഞ്ഞ രണ്ട് പ്രളയംമൂലം ഉണ്ടായിട്ടുള്ള മണലും ചെളിയും 44 നദികളിലും വന്ന് നിറഞ്ഞിരിക്കുകയാണ്. തന്മൂലം ഇവിടെ ഡാമുകളും റിസർവ്വോയറുകളും മൂടിക്കിടക്കുകയാണ്. ഒരു ചെറിയ മഴ പെയ്താൽപ്പോലും വെള്ളം കരകവിഞ്ഞൊഴുകുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ 44 നദികളിലും അതിന്റെ കൈവഴികളിലും പ്രത്യേകിച്ച് പെരിയാറിൽ, പെട്ടെന്നുതന്നെ മണലും ചെളിയും നീക്കംചെയ്യണം. ഇത് ഗവൺമെന്റിന് വലിയ റവന്യൂ വരുമാനം നേടാനും സഹായകമാകും. ഇതിനുള്ള നടപടി ഉടനെ സ്വീകരിക്കണം. അതുപോലെതന്നെ, ജില്ലാതല ദുരന്ത ലഘൂകരണ നിധി രൂപീകരിക്കുകയും വെള്ളപ്പൊക്ക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വേണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാം*. മണ്ണും ചെളിയും നീക്കംചെയ്യുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പന്ത്രണ്ട് ഡാമുകളിലെയും ആറ് റഗുലേറ്ററുകളിലെയും മണലും ചെളിയും നീക്കംചെയ്യുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. സംഭരണശേഷി വർദ്ധിപ്പിക്കാനുതകുംവിധം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള കുണ്ടള, മാട്ടുപ്പെട്ടി, കല്ലാർകുട്ടി, പെരിങ്ങൽക്കുത്ത്, ലോവർ പെരിയാർ എന്നീ അണക്കെട്ടുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രളയംമൂലം നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

*അനുബന്ധമായി ചേർത്തിരിക്കുന്നു

(4) പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പോലീസ് സേനയിൽ 2015 മുതൽ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2018-ൽ ആത്മഹത്യ ചെയ്ത പോലീസുകാരുടെ എണ്ണം 18-ഉം സമീപകാലത്ത് സ്വയം മരണം വരിച്ച പോലീസുകാർ 66-ഉം ആണ്. പോലീസ് സേനയിലെതന്നെ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിലെ പോലീസുകാരുടെ ആത്മഹത്യാ നിരക്ക് 25.4 ശതമാനമാണ്. ദേശീയ ആത്മഹത്യാ നിരക്കായ 10.6 ശതമാനത്തിന്റെ ഇരട്ടിയിലധികമാണ് കേരളത്തിലെ പോലീസ് ആത്മഹത്യകളുടെ എണ്ണം. പുറത്തു നിന്ന് നാം നോക്കിക്കാണുന്നതുപോലെയുള്ള, അധികാരത്തിന്റെ ശീതളഛായയല്ല പോലീസിന്റെ അകത്തളം. അവിടം വിവിധതരം കാലുഷ്യങ്ങളുടെ ഇടിമുറികളാണെന്ന് വെളിപ്പെടുത്തുകയാണ് ആത്മഹത്യ ചെയ്യുന്ന പോലീസുകാരുടെ എണ്ണം. അമിത ജോലിഭാരവും മേലുദ്യോഗസ്ഥന്മാരുടെ അധികാര പ്രവണതകളും സൃഷ്ടിക്കുന്ന കടുത്ത മാനസിക സമ്മർദ്ദങ്ങളാണ് പോലീസുകാരുടെ തൊഴിൽ മേഖല കലുഷിതമാക്കുന്നത്. ഇതിൽനിന്ന് മോചനം തേടി ചിലർ ലഹരിയിൽ അഭയം തേടുകയും ഇത് കുടുംബകലഹത്തിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. അവസാനം ഇതും ആത്മഹത്യയിൽ ചെന്നെത്തുന്നു. സമീപകാലത്തുണ്ടായ ഒരുപാട് സംഭവങ്ങൾ ഇതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാനാകും. ജോലിസ്ഥലത്ത് മാനുഷികമായ ഒരു പരിഗണനയും കിട്ടുന്നില്ലെന്ന് മാത്രമല്ല, പലപ്പോഴും പരസ്യമായ അവഹേളനങ്ങൾക്കും കീഴ്ജീവനക്കാർ വിധേയരാകുകയും ചെയ്യുകയാണ്. മേലുദ്യോഗസ്ഥരുടെ സമ്മർദ്ദം നിമിത്തം നിയമവിരുദ്ധ പ്രവൃത്തികൾ ചെയ്യാൻ നിർബന്ധിതരാകുകയും അവസാനം വിവാദമായാൽ അതിന്റെ ഉത്തരവാദിത്വം കീഴുദ്യോഗസ്ഥന്മാരുടെ തലയിൽ കെട്ടിവച്ച് മേലുദ്യോഗസ്ഥർ രക്ഷപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ മുമ്പത്തേക്കാളും ഇപ്പോൾ വർദ്ധിച്ചുവരികയാണ്. പോലീസ് സേനയിൽ, ജാതി-ലിംഗ വിവേചനങ്ങൾ താങ്ങാനാകാതെ ജോലി ഉപേക്ഷിക്കുന്നവരുടെ എണ്ണം ആത്മഹത്യ ചെയ്യുന്നവരേക്കാൾ എത്രയോ മടങ്ങാണെന്ന് കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. ഇതിന്റെയൊക്കെ അടിസ്ഥാന കാരണങ്ങൾ അന്വേഷിച്ചാൽ ചെന്നെത്തുക ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇനിയും ശാസ്ത്രീയമായി നവീകരിക്കാത്ത പോലീസിന്റെ പരിശീലന പദ്ധതികളിലേയ്ക്കായിരിക്കും. പോലീസ് സേനയുടെ തെരഞ്ഞെടുപ്പിൽ മാനസികാരോഗ്യം ഇന്നും ഒരു പരിശോധനാ വിഷയമല്ല. പരിശീലന കാലയളവിൽ ശാരീരികക്ഷമതയ്ക്ക് നൽകുന്നതുപോലുള്ള പ്രാധാന്യം മാനസികക്ഷമതയ്ക്ക് നൽകുന്നില്ല. സാഡിസത്തിന്റെ അനുഭവങ്ങളാണ് ടെയിനിംഗ് ക്യാമ്പുകൾ സംഭാവന ചെയ്യുന്നത്. അവിടെനിന്ന് പുറത്തുവരുന്നവർ പുറത്ത് മാത്രമല്ല, അകത്തും നിയമ ലംഘകരാകുന്നു

എന്നതാണ് വർദ്ധിച്ചുവരുന്ന ആത്മഹത്യകളും പോലീസിലെ ക്രിമിനലിസവും വ്യക്തമാക്കുന്നത്. പോലീസ് സംവിധാനം പൊളിച്ചെഴുതേണ്ടതിന്റെ അനിവാര്യതയും ഇത് ചൂണ്ടിക്കാണിക്കുന്നു. ഈ സാഹചര്യത്തിൽ പോലീസ് സേന അനുഭവിക്കുന്ന ആന്തരിക സമ്മർദ്ദങ്ങളും അവയുടെ പരിഹാരങ്ങളും പഠിക്കുന്നതിന് പോലീസ് സേനയ്ക്ക് പുറത്തുനിന്നുള്ള ഒരു കമ്മിറ്റിക്ക് രൂപം നൽകണമെന്ന നിർദ്ദേശങ്ങൾ ഇന്ന് പല കോണുകളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നിലപാട് സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രണ്ടേമുക്കാൽ മിനിറ്റോളം എടുത്ത് ഉന്നയിച്ച സബ്മിഷന് ഞാൻ മാത്രം പിന്നെ മറുപടി പറയാതിരുന്നിട്ട് കാര്യമുണ്ടോ? അതുകൊണ്ട് ഞാൻ എഴുതിയതെല്ലാം പറയാം. നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് കേട്ടതുകൊണ്ടാണ് ഞാൻ ഓരോ വാചകത്തിൽ മറുപടി പറഞ്ഞിട്ട് സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നുവെന്ന് പറഞ്ഞത്. ഇതും അങ്ങനെതന്നെ ചെയ്താൽ മതിയോ അതോ വിശദമായി പറയണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അങ്ങയുടെ ഇഷ്ടം.

ശ്രീ. പിണറായി വിജയൻ: സർ, കേരളാ പോലീസ് സേനയിലെ അംഗങ്ങൾ ആത്മഹത്യ ചെയ്ത ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻ.സി.ആർ.ബി) 'ക്രൈം ഇന്ത്യ' പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കനുസരിച്ച് കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യാ നിരക്ക് കുറവാണെന്നാണ് ലഭിച്ച വിവരങ്ങൾ കാണിക്കുന്നത്. ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ടും കുടുംബപരമായ പ്രശ്നങ്ങൾ കാരണവും സേനയിലെ അംഗങ്ങൾക്കിടയിലുണ്ടായ മാനസിക വ്യഥകൾ നിമിത്തവുമാണ് ഇത്തരത്തിലുള്ള ചില സംഭവങ്ങൾ ഉണ്ടായതെന്നും കണ്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുകയെന്നത് പ്രധാനമാണ്. അനാവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും മാറ്റിനിർത്തിക്കൊണ്ടുള്ള പ്രൊഫഷണൽ സംവിധാനത്തിലൂടെ മാത്രമേ ഇക്കാര്യം സാധ്യമാകൂ. അതിനാവശ്യമായ നടപടികൾ എന്ന നിലയിൽ പോലീസ് ഉദ്യോഗസ്ഥരുടെ മാനസികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. പരിശീലനമൊക്കെ കാലോചിതമായി മാറിക്കഴിഞ്ഞിട്ടുണ്ട്. അതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നുള്ളതുതന്നെയാണ് സർക്കാർ ഇക്കാര്യത്തിൽ കാണുന്നത്. വിശദവിവരം ഞാൻ സ്റ്റേറ്റ്മെന്റായി മേശപ്പുറത്ത് വയ്ക്കുന്നു*.

*അനുബന്ധമായി ചേർത്തിരിക്കുന്നു

(5) ഭരണഘടനയുടെ ആമുഖം വായന

ഡോ. എം. കെ. മുനീർ: സർ, രാജ്യത്തെ ഇന്നത്തെ പ്രത്യേക സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് തുടങ്ങി എല്ലാ സ്കൂളുകളിലും രാവിലെ നടക്കുന്ന അസംബ്ലിയിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിക്കാനുള്ള ഒരു നിർദ്ദേശം കൊടുക്കണമെന്നാണ് എന്റെ സബ്മിഷൻ. ഇപ്പോൾ ഭരണഘടനയ്ക്കെതിരെയുള്ള നടപടികളാണ് പലപ്പോഴും കേന്ദ്ര ഗവൺമെന്റിൽനിന്നുൾപ്പെടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു മുൻമന്ത്രിയടക്കം 'Secular' എന്ന പദം ആമുഖത്തിൽനിന്ന് എടുത്തുകളയണമെന്നുവരെ പറയുകയുണ്ടായി. മാത്രമല്ല, 'FRATERNITY assuring the dignity of the individual....' വ്യക്തികളുടെ അന്തസ്സ് തകർക്കുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരു സർക്കാർ കേന്ദ്രത്തിൽ ഭരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ഭരണഘടനയുടെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. ആ സാഹചര്യത്തിൽ നമ്മുടെ ഭരണഘടനയുടെ ആമുഖം വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതിന് നടപടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാർത്ഥികളിൽ ഭരണഘടനാ സാക്ഷരത ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് SCERT മുഖേന 2019-20 അക്കാദമിക് വർഷം 'നൈതികം' എന്ന പേരിൽ സ്കൂളുകളിൽ ഭരണഘടനയുടെ 70-ാം വാർഷികാഘോഷ പരിപാടികൾ വിപുലമായി സംഘടിപ്പിച്ചിരുന്നു. ഇതിനായി ഓരോ സ്കൂളിലും ഓരോ അദ്ധ്യാപകനെ നൈതികം കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തി. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും മൂല്യങ്ങളും തിരിച്ചറിയാനും അതനുസരിച്ച് നിലപാടുകൾ സ്വീകരിക്കാനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഈ പദ്ധതി വിദ്യാർത്ഥികൾക്ക് അവസരം നൽകി. ഇതിന്റെ തുടർച്ചയായി ഭരണഘടനയുടെ മാതൃകയിൽ സ്കൂളുകൾ അവരവരുടെ വിദ്യാലയ ഭരണഘടനകൾ തയ്യാറാക്കി. ക്ലാസ് സഭകൾ, സ്കൂൾ സംവാദ സദസ്സുകൾ തുടങ്ങി വിവിധ ഭരണഘടനാ പഠന പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ തയ്യാറാക്കപ്പെട്ട ഭരണഘടനകളിൽ മികച്ച സ്കൂൾ ഭരണഘടനകൾക്ക് വിവിധ തലങ്ങളിൽ സമ്മാനങ്ങൾ നൽകി. റിപ്പബ്ലിക് ദിനത്തിൽ എല്ലാ സ്കൂൾ അസംബ്ലികളിലും ഭരണഘടനയുടെ ആമുഖം സ്കൂൾ ലീഡർ വായിച്ച് കൊടുക്കുകയും മറ്റുള്ളവർ ഏറ്റുചൊല്ലുകയും ചെയ്തു. ജനുവരി 27-നും ഇതേ തരത്തിൽ തുടർന്നു. ജനുവരി 28, 29 തീയതികളിൽ സ്കൂളുകളിൽ നിർമ്മിച്ച ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി ചർച്ചകൾ സംഘടിപ്പിച്ചു. ജനുവരി 30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിക്ടേഴ്സ് ചാനലിലൂടെ കേരളത്തിലെ മുഴുവൻ

വിദ്യാർത്ഥികൾക്കും ഭരണഘടനാ സന്ദേശം നൽകി. കേവലമായ വായനയ്ക്കപ്പുറം ഭരണഘടനാ മൂല്യങ്ങൾ മനസ്സിൽ ഉറപ്പിക്കുന്ന രീതിയിലുള്ള വിവിധ പ്രവർത്തനങ്ങളോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നൈതികം പരിപാടി തുടരുന്നു.

(6) മുതലമൂർഖൻകടവ് തൂക്കുപാലം

ശ്രീ. പി. കെ. ശശി: സർ, ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ തൂതപ്പുഴയ്ക്ക് കുറുകെ കുറ്റാനശ്ശേരി പ്രദേശത്തെയും ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാലമാണ് മുതല മൂർഖൻകടവ് തൂക്കുപാലം. സംസ്ഥാനത്ത് സ്കൂൾ കുട്ടികളുൾപ്പെടെ 72-ഓളം ആളുകൾ പുഴയിൽ ഒഴുക്കിൽപ്പെട്ട് മരണമടഞ്ഞ സാഹചര്യത്തിൽ ഇത്തരം അപകടം ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടെ 2011 നവംബറിൽ ഗവൺമെന്റ് ഉത്തരവുപ്രകാരം 30 തൂക്കുപാലങ്ങൾ നിർമ്മിച്ചതിൽ ഒന്നാണ് മുതലമൂർഖൻകടവ് തൂക്കുപാലം. ഈ പാലം നിർമ്മിച്ചതിനുശേഷം ഇതിന്റെ മേൽനോട്ടവും ചുമതലയും ഒരു വകുപ്പിനെയോ പഞ്ചായത്തിനെയോ ഏൽപ്പിക്കുകയുണ്ടായില്ല. ഇതുമൂലം കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് നടന്നിട്ടില്ല. 2018-ലെ കനത്ത മഴയിലും പ്രളയത്തിലും ഈ പാലത്തിന് കാര്യമായ കേടുപാടുകൾ സംഭവിച്ച് ഗതാഗതയോഗ്യമല്ലാതായി. കരിമ്പുഴ പ്രദേശത്തെ ആളുകൾ നിത്യവും ആശ്രയിക്കുന്ന റേഷൻ കട, ആയുർവേദ ഡിസ്പെൻസറി എന്നിവ പുഴയുടെ ഇക്കരെയാണ്. നൂറുകണക്കിന് കുട്ടികൾ ഈ പാലത്തിലൂടെ സഞ്ചരിച്ചാണ് കുറ്റാനശ്ശേരി യു.പി. സ്കൂളിലേയ്ക്കും ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്കും വന്നുപോകുന്നത്. ഈ പാലം തകർന്നതോടെ നാല് കിലോമീറ്റർ ചുറ്റിവരേണ്ട സാഹചര്യമാണ് ഇപ്പോൾ അവർക്കുള്ളത്. പല ആളുകളും സാഹസികമായി പുഴ മുറിച്ചുകടന്ന് യാത്ര ചെയ്യുന്നു. ഇത് വലിയ അപകട സാധ്യതയാണ് സൃഷ്ടിച്ചിട്ടുള്ളത്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ നൂറുകണക്കിനാളുകൾ ദിവസേന ആശ്രയിക്കുന്ന ഈ പാലം അടിയന്തരമായി ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായി നവംബർ മാസം 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഈ പ്രവൃത്തി ഉടൻ നടത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ മുതലമൂർഖൻകടവ് തൂക്കുപാലം ദുരന്ത നിവാരണ വകുപ്പിൽ നിന്നുള്ള ഉത്തരവുപ്രകാരം നിർമ്മാണം നടത്തിയെന്നുള്ളത് ശരിയാണ്. എന്നാൽ യഥാർത്ഥത്തിൽ സംസ്ഥാന ദുരന്ത

പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് പാലങ്ങളുടെ പുനർനിർമ്മാണം അനുവദനീയമല്ല. അതിന് നിലവിലുള്ള സ്ഥിതിയനുസരിച്ച് യാതൊരു തരത്തിലും സാധ്യമല്ലാത്തതാണ്. എന്നാൽ അതേ സമയം ഈ പറയുന്ന പ്രശ്നം വളരെ ഗൗരവമുള്ളതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(7) കുടിവെള്ള പ്രശ്നം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പല കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളുടെയും റിപ്പോർട്ടനുസരിച്ച് കേരളത്തിൽ മാത്രമല്ല ലോകത്തൊട്ടാകെ തന്നെ വലിയ തോതിൽ വരൾച്ച വരികയാണ്. കൊല്ലം ജില്ലയിൽ പല പഞ്ചായത്തുകളിലും വെള്ളം കൊടുക്കാനുള്ള സംവിധാനങ്ങൾ കുറഞ്ഞുവരികയാണെന്നത് ഡി.ഡി.സി. (District Development Council) മീറ്റിംഗുകൾ കൂടുമ്പോൾ മനസ്സിലാകുന്നതാണ്. കേരളത്തിലെ ഏറ്റവും വരൾച്ചയുള്ള ജില്ലകളിൽ ഒന്ന് കൊല്ലമാണ്. എനിക്ക് ഒറ്റകാര്യമാണ് പറയാനുള്ളത്, ഇതിനെ മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ പ്രധാനപ്പെട്ട റവന്യൂ, ഇറിഗേഷൻ, പി.ഡബ്ല്യു.ഡി., വൈദ്യുതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ചേർന്ന് അവിടെ മണ്ഡലാടിസ്ഥാനത്തിലെങ്കിലും യോഗങ്ങൾ നടത്തി ഒരു ക്രമീകരണമുണ്ടാക്കി ജലസ്രോതസ്സുകൾ നിലനിർത്താനും ഉള്ളത് വീണ്ടെടുക്കാനും നടപ്പാക്കേണ്ട നടപടികളെക്കുറിച്ച് ഒരു ആലോചന നടത്താനും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2016-ലാണ് വരൾച്ച ഒരു ദുരന്തമായി സംസ്ഥാന വ്യാപകമായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് 2017-ൽ ഇറക്കിയ പുതിയ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ എവിടെയും കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. അതിന്റെ വിശദാംശങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. 2019-ലെ വേനൽ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഇറക്കിയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വമേധയാ മുൻകയ്യെടുത്ത് വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനം ചെയ്തിരിക്കുകയാണ്. അതുപോലെതന്നെ വാട്ടർ അതോറിറ്റി ഉൾപ്പെടെ ജലവിഭവ വകുപ്പും ആവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്. ഇത് ക്രോഡീകരിച്ചുകൊണ്ട് വരൾച്ച ബാധിത പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനെക്കുറിച്ച് തീർച്ചയായും ആലോചിക്കാവുന്നതാണ്.

(8) കരമന-വെള്ളറട റോഡ് നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: സർ, സംസ്ഥാന റോഡ് വികസന പദ്ധതിയിലുൾപ്പെടുത്തി 2012-ൽ പ്രഖ്യാപിച്ചതാണ് 35.5 കിലോമീറ്റർ ദൈർഘ്യമുള്ള കരമന-വെള്ളറട റോഡ്. തിരുവനന്തപുരം നഗരത്തെ നിർദ്ദിഷ്ട മലയോര ദേശീയ പാതയുമായും തമിഴ്നാട് അതിർത്തിയുമായും ബന്ധിപ്പിക്കുന്നതാണ് കരമന-വെള്ളറട റോഡ്. ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും തമിഴ്നാട്ടിലെ വിവിധ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിന് സമയദൈർഘ്യവും ദൂരദൈർഘ്യവും കുറയ്ക്കാനുമുതകുന്ന ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഐ. ബി. സതീഷ് ഉന്നയിച്ച കരമന-വെള്ളറട റോഡിന്റെ നിർമ്മാണം ഏകദേശം എട്ട് വർഷം പഴക്കമുള്ള ഒരു പ്രവൃത്തിയാണ്. അതിന് 21.44 കോടി രൂപ ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് നൽകുകയും നോട്ടിഫിക്കേഷൻ ഇറക്കുകയും സാമൂഹികാഘാത പഠനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവിടത്തെ എം.എൽ.എ.-ആയ ശ്രീ. ഐ. ബി. സതീഷ് ഒരു യോഗം വിളിക്കുകയും അതിൽ രണ്ട് ഘട്ടങ്ങളിലായി പണി പൂർത്തിയാക്കാൻ തീരുമാനമെടുക്കുകയും ചെയ്തതായി കാണുന്നുണ്ട്. എക്സ്പെർട്ട് കമ്മിറ്റി സംയുക്ത സ്ഥല പരിശോധന നടത്തുകയും പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം എസ്റ്റിമേറ്റ് തുക 22.53 കോടി രൂപയായി തിട്ടപ്പെടുത്തുകയും ഡി.പി.ആർ. തയ്യാറാക്കി ഇതിന്റെ നിർമ്മാണ ഏജൻസിയായ Road Infrastructure Company Kerala Limited (RICK)-ന്റെ ഓഫീസിൽ കഴിഞ്ഞ വർഷം നവംബർ അഞ്ചാം തീയതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സാങ്കേതികാനുമതിയും ധനകാര്യാനുമതിയും ലഭിച്ചാലുടനെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(9) ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട ആവശ്യമാണ് ഗുരുവായൂർ-തിരുനാവായ റെയിൽവേ പാത. വടക്കോട്ടുള്ള റെയിൽവേ ലൈൻ സ്ഥാപിതമായാൽ കേരളത്തിൽ കൂടുതൽ ട്രെയിനുകൾ ഓടിക്കാനും അതുവഴി റെയിൽ ഗതാഗതരംഗത്ത് വലിയ മാറ്റമുണ്ടാക്കാനും സാധിക്കും. തൃശ്ശൂർ ജില്ലയിൽ അലൈൻമെന്റ് ഏറെക്കുറേ പൂർത്തീകരിച്ചുകഴിഞ്ഞു. ഏകദേശം രണ്ടേമുക്കാൽ പതിറ്റാണ്ടായി അവിടെ ലാൻഡ് ഫ്രീസ് ചെയ്തിരിക്കുകയാണ്.

ആളുകൾക്ക് സ്ഥലം ഏറ്റെടുക്കാത്തതുകൊണ്ട് ക്രയവിക്രയങ്ങൾ നടത്താനോ, ബാങ്ക് ലോണിനോ, വീട് നിർമ്മിക്കാനോ കഴിയുന്നില്ല. അങ്ങനെയുള്ള പ്രശ്നം നിലനിൽക്കുകയാണ്. പക്ഷേ, മലപ്പുറം ജില്ലയിൽ ഇതുവരെ അലൈൻമെന്റ് പൂർണ്ണമായി നടത്തിയിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തൃശ്ശൂരിലും മലപ്പുറത്തും പൂർത്തീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിലുള്ള സ്ഥിതിയെന്താണെന്നും അടിയന്തരമായി നടപടി പൂർത്തീകരിച്ച് ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത യാഥാർത്ഥ്യമാക്കണമെന്ന ആവശ്യവുമാണ് സഭ മുമ്പാകെ എനിക്ക് അവതരിപ്പിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, 1995-96-ലെ റെയിൽവേ ബഡ്ജറ്റിലാണ് 30.8 കിലോമീറ്റർ ദൈർഘ്യമുള്ള ഗുരുവായൂർ-തിരുനാവായ പാതയുടെ 17.4 കിലോമീറ്റർ തൃശ്ശൂർ ജില്ലയിലും 21.8 കിലോമീറ്റർ മലപ്പുറം ജില്ലയിലുമായി നിർമ്മിക്കാൻ തീരുമാനിച്ചത്. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കിലോമീറ്റർ ദൂരത്തിന്റെ ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ ഏറ്റെടുക്കേണ്ട പതിനെട്ടര ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമേ റെയിൽവേയ്ക്ക് കൈമാറാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിന് ജനങ്ങളുടെ ശക്തമായ എതിർപ്പാണ് കാരണം. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകാൻ സാധിക്കുന്നില്ല. സർവ്വേ നടപടിക്കാവശ്യമായ പോലീസ് സംരക്ഷണം ലഭ്യമാക്കാൻ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജനങ്ങളിൽനിന്നുള്ള എതിർപ്പ് ഇപ്പോഴും നിലനിൽക്കുകയാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും ഈ പദ്ധതി ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ബഡ്ജറ്റിൽ വിഭാവന ചെയ്തതുപോലെ റെയിൽവേ തന്നെ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുത്തിട്ടില്ല. അവിടത്തെ ജനപ്രതിനിധികളും കളക്ടറുമൊക്കെ ചേർന്ന് ചർച്ച ചെയ്ത് ഭൂമിയെടുക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കുമെന്ന് കരുതുന്നു. അത് പരിഹരിക്കാതെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റിന് കേരളത്തോടുള്ള ദയാശൂന്യമായ, അകാരണമായ, അടിസ്ഥാനരഹിതമായ അവഗണനയ്ക്ക് എന്ത് മരുന്നാണുള്ളത്. തമിഴ്നാടിന് 2400 കോടി രൂപ നൽകിയെന്ന് ഇന്ന് കേരള കൗമുദി പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നമുക്ക് വെറും 162 കോടി രൂപയാണ് നൽകിയത്. ഇതാണ് സ്ഥിതി. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നെയുംകൂട്ടി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ നേരിട്ട് കണ്ട് ഈ പ്രശ്നം റെയിൽവേ മന്ത്രി ശ്രീ. പീയൂഷ് ഗോയലിനോട് സംസാരിച്ചു. സംസാരിക്കാത്തതുകൊണ്ടാണോ? ദേശീയ പാത ഇതുവരെ തുടങ്ങിയിട്ടില്ലായെന്ന് എല്ലാവർക്കും

അറിയാമല്ലോ? അത് അവരുടെ അവഗണന കാരണമാണ്. എങ്കിലും മെമ്പർ പറഞ്ഞതുപോലെ നമ്മൾ ശക്തമായി ഈ പ്രശ്നം ഉന്നയിച്ചുകൊണ്ടേയിരിക്കും. ആ അവഗണന മാറണം. ഇവിടത്തെ കാര്യങ്ങളിലുൾപ്പെടുന്ന ഭൂമി ഏറ്റെടുത്ത് കൊടുക്കുന്നതൊക്കെ നമ്മൾ ചെയ്യണം. എല്ലായിടത്തും ഭൂമിയുടെ പ്രശ്നം വലുതാണ്. കേന്ദ്രത്തിന്റെ അവഗണനയുടെ ഫലമായിട്ടാണ് സുപ്രധാനമായ ഈ റെയിൽവേ പാതയ്ക്ക് അവർ അനുമതി നൽകാത്തത്. നമുക്ക് അതിനുവേണ്ടി മുന്നോട്ടുപോകാം.

(10) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂരിലെ അപകടകരമായ താഴെപാലം പൂട്ടിക്കഴിഞ്ഞാൽ കോഴിക്കോട്-തിരൂർ ബന്ധം പാടെ തകർന്നുപോകുമെന്നുള്ളതു കൊണ്ടാണ് അതിന് ബദലായി അടിയന്തരമായി സമാന്തര പാലത്തിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചത്. അതിനുവേണ്ട പണമെടുത്തു, പാലം പണി കഴിഞ്ഞു, അതിനുശേഷം ടെണ്ടർ ചെയ്ത് പണി നടക്കുന്നതിനിടയ്ക്ക് വലതുഭാഗത്ത് ഒരു കൈവരി വച്ചാൽ മാത്രമേ കുറച്ചുകൂടി വീതി കിട്ടുകയുള്ളുവെന്നും അതിന് ആറ് സെന്റ് ഭൂമികൂടി വേണമെന്നും പറഞ്ഞു. തൊട്ടടുത്തെ സ്ഥലമുടമ അതിന് തയ്യാറാകുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. പിന്നാലെ റവന്യൂ വകുപ്പിന് ടെണ്ടർ സബ്മിഷനും കൊടുത്തു. അങ്ങനെ ഇത് ലാഗ് ചെയ്തുപോകുകയായിരുന്നു. ഇപ്പോൾ എല്ലാം ഏകദേശം ശരിയായി, പണവും റെഡിയായി, പണിചെയ്യാനുള്ള ഉത്തരവുമായി. ഇനി ആ സ്ഥലത്ത് പണി ആരംഭിച്ചാൽ മാത്രം മതി. അത് വല്ലാതെ ലാഗ് ചെയ്തുപോകുന്നുണ്ട്. കഴിഞ്ഞ ദിവസം ജില്ലാ കളക്ടർ പറഞ്ഞത്, Government Pleader (GP)-ന്റെ ഒപ്പീനിയൻ ലഭിച്ചതുപ്രകാരം ഇനി സ്ഥലം വാങ്ങി പണി ചെയ്യാമെന്നാണ്. അങ്ങനെ സ്ഥലം വാങ്ങുന്ന ഘട്ടത്തിൽ, GP-യുടെ ഒപ്പീനിയനും കിട്ടിയ സാഹചര്യത്തിൽ, കോൺട്രാക്ടർ തയ്യാറായി നിൽക്കുന്നതുകൊണ്ട് ലാഗ് ചെയ്തുപോകാതെ ഒരു മാസം കൊണ്ടുതന്നെ പണി പൂർത്തിയാക്കാൻവേണ്ടി അങ്ങ് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, തിരൂർ താഴെപാലത്തിന് സമാന്തരമായി നിർമ്മിച്ച തിരൂർ സമാന്തര താഴെ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി ടെണ്ടർ ചെയ്ത പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാലത്തിന്റെ ഒരു വശത്ത് നടപ്പാത നിർമ്മിക്കേണ്ടതിനാൽ ആറ് സെന്റ് സ്ഥലം ഡയറക്ട് പർച്ചേസിലൂടെ വിലയ്ക്കെടുത്ത് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിനാവശ്യമായ ഫണ്ടും നൽകിയിട്ടുണ്ട്. തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ പുരോഗമിക്കുകയാണ്. സ്ഥലമേ

റ്റെടുക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുംവേണ്ട നടപടി തിരുർ എം.എൽ.എ.-യും തഹസീൽദാറുമടക്കം സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ബന്ധപ്പെട്ട ആധാരങ്ങൾ നിയമാഭിപ്രായങ്ങൾ ലഭിക്കുന്നതിന് ഗവൺമെന്റ് പ്ലീഡർക്ക് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡറിൽനിന്നും ഉപദേശം കിട്ടിയിട്ടില്ല. അടിയന്തരമായി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായാലുടൻ ഉടമയിൽനിന്നും ആധാരം രജിസ്റ്റർ ചെയ്ത് സ്ഥലം ലഭ്യമാക്കി പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. പ്രവൃത്തികളും നടപടിക്രമങ്ങളും വേഗത്തിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകും.

ശ്രീ. സി. മമ്മൂട്ടി: സർ, മൂന്ന് ദിവസം മുമ്പ് ഗവൺമെന്റ് പ്ലീഡർ ഉപദേശം നൽകികഴിഞ്ഞു.

ശ്രീ. ജി. സുധാകരൻ: എന്നാൽ പ്രശ്നമില്ല. ഭൂമി രജിസ്റ്റർ ചെയ്യകൊടുക്കാൻ സാധിക്കും.

(11) വരയന്നൂർ അക്വഡക്ടിന്റെ പുനർനിർമ്മാണം

ശ്രീമതി വീണാ ജോർജ്ജ്: സർ, 2018-ലെ മഹാപ്രളയത്തിൽ തകർന്ന വരയന്നൂർ അക്വഡക്ട് പുനർനിർമ്മിക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. പമ്പാ ഇറിഗേഷൻ പ്രോജക്ട് പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഇരുപത്തി ഒന്നായിരത്തിലധികം ഹെക്ടർ ഭൂമിയെ കൃഷിയോഗ്യമാക്കുന്നതും ലക്ഷക്കണക്കിന് ആളുകൾക്ക് വരൾച്ചാ സമയത്ത് കുടിവെള്ളമെത്തിക്കുന്നതുമായ പ്രോജക്ടാണ്. പമ്പാ ഇറിഗേഷൻ പ്രോജക്ടിൽ കോയിപ്രം പഞ്ചായത്തിൽ പൂവത്തൂർ ഈസ്റ്റ് ബ്രാഞ്ച് കനാലിന്റെ ഭാഗമായിട്ടാണ് വരയന്നൂർ അക്വഡക്ടുള്ളത്. പൂവത്തൂർ ഈസ്റ്റ് ബ്രാഞ്ച് കനാലിന് ആറേമുക്കാൽ കി.മീറ്റർ നീളമുണ്ട്. ഏതാണ്ട് 292 ഹെക്ടർ കൃഷി ഭൂമിയെ ഇറിഗേറ്റ് ചെയ്യുന്നതും ഈ കനാലാണ്. പക്ഷേ ആയക്കെട്ട് ഏരിയയുടെ തുടക്കത്തിലാണ് അക്വഡക്ട് സ്ഥിതി ചെയ്യുന്നത് എന്നുള്ളതുകൊണ്ട് ഈ കനാലിലൂടെ ഇപ്പോൾ വെള്ളം വിടാൻ സാധ്യമാകുന്നില്ല. ആയിരക്കണക്കിന് ആളുകൾക്ക് കുടിവെള്ളമില്ല. അതുമാത്രമല്ല, കൃഷിയോഗ്യമാക്കിയ തരിശ്ശുപാടങ്ങളിൽ ഈ വർഷം കൃഷി ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ വരൾച്ചാസമയത്ത് ഇത് പുനർ നിർമ്മിക്കുന്നത് ഒരു വലിയ പദ്ധതിയാണെങ്കിലും അതിനൊരു ബദൽ സംവിധാനമെങ്കിലും ഏർപ്പെടുത്തിക്കൊണ്ട് ഈ പ്രദേശത്തെ ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്നതിനും കൃഷി നടത്തുന്നതിനുമുള്ള അടിയന്തര സംവിധാനം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പത്തനംതിട്ടയിലെ കോയിപ്രം പഞ്ചായത്തിലൂടെ കടന്നുപോകുന്ന പമ്പാ ജലസേചന പദ്ധതി വലതുകര കനാലിന്റെ ചെയിനേജ് 8500 മീറ്ററിൽ തുടങ്ങുന്ന പൂവത്തൂർ ഈസ്റ്റ്

ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 1000 മീറ്റർ മുതൽ 1220 മീറ്റർ വരെയുള്ള വരയന്നൂർ അക്വഡക്ട് 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു. അത് പുതുക്കി പണിയുന്നതിലേയ്ക്കായി 190 ലക്ഷം രൂപയുടെ വിശദമായ പദ്ധതിരേഖ റീ-ബിൽഡ് കേരളയിൽ സമർപ്പിച്ചിരുന്നു. എന്നാൽ 15-11-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം 145 ലക്ഷം രൂപയ്ക്ക് മാത്രമേ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നുള്ളൂ. പ്രവൃത്തി ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് മുഴുവൻ തുകയും ആവശ്യമായതിനാൽ പുതുക്കിയ അനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തരമായി എന്താണ് ചെയ്യാൻ കഴിയുകയെന്ന് എം.എൽ.എ.-യുമായി കൂടിയാലോചിച്ച് തീരുമാനിക്കാം.

12.00 Noon]

(12) ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറ്റം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എറണാകുളം ജില്ലയിലെ തിരക്കേറിയ രണ്ടാമത്തെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥിതി ചെയ്യുന്നത് പെരുമ്പാവൂർ ആർ.റ്റി.ഓഫീസിലാണ്. ഈ ഓഫീസ് മുപ്പത് വർഷങ്ങൾ കൊണ്ട് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഴയ കെട്ടിടമായതിനാൽ പരിമിതികൾ ഏറെയാണ്. ഈ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കണമെങ്കിൽ ഭൂമി ആവശ്യമാണ്. കെട്ടിടം പണിയാനുള്ള തുക ആസ്തി വികസന ഫണ്ടിൽനിന്നും നൽകാമെന്ന് ഞാൻ അറിയിച്ചിട്ടുണ്ട്. പെരിയാർവാലിയുടെ ഏഴ് ഏക്കർ സ്ഥലം അവിടെയുണ്ട്. ഒരേക്കർ പത്ത് സെന്റ് സ്ഥലം ആർ.റ്റി. ഓഫീസിനുവേണ്ടി നൽകിക്കഴിഞ്ഞാൽ എല്ലാ സൗകര്യങ്ങളോടും കൂടിയ മനോഹരമായ കെട്ടിടം അവിടെ നിർമ്മിക്കാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട അപേക്ഷ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ചീഫ് എഞ്ചിനീയറുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ ഈ ഫയൽ വന്നപ്പോൾ അവിടെ സോളാർ പദ്ധതി നടപ്പിലാക്കാൻ കഴിയുമോയെന്ന് അന്വേഷിച്ച് അത് തിരിച്ചയച്ചു. അവിടെ വൃക്ഷങ്ങൾ നിൽക്കുന്നതിനാൽ സോളാർ പദ്ധതി നടപ്പാക്കാൻ കഴിയില്ല. ഈ സ്ഥലത്ത് റീജിയണൽ ഓഫീസ് പണിതുകഴിഞ്ഞാൽ ആ കെട്ടിടത്തിനുമുകളിൽ വേണമെങ്കിൽ സോളാർ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. വാഹനങ്ങളുടെ ടെസ്റ്റിംഗ് നടത്താൻവേണ്ടി ഒരു ടെസ്റ്റിംഗ് യാർഡ് ഇല്ല, ഫിറ്റ്നസ് പരിശോധന, ലേണേഴ്സ് ടെസ്റ്റ് എന്നിവ നടത്താനും സാധിക്കുന്നില്ല. ഇങ്ങനെ ധാരാളം പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പെരിയാർവാലിയുടെ ഒരേക്കർ പത്ത് സെന്റ് സ്ഥലം ട്രാൻസ്പോർട്ട് ബ്ലോക്കിനുവേണ്ടി വിട്ടുനൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പെരുമ്പാവൂർ പട്ടാലിലുള്ള പി.വി.ഐ.പി. കോമ്പൗണ്ടിൽ ആലുവ പെരുമ്പാവൂർ റോഡിന്റെ തെക്കുവശത്ത് കിടക്കുന്ന ഒരേക്കർ പത്ത് സെന്റ് സ്ഥലം മോട്ടോർ വാഹന വകുപ്പ് ആവശ്യപ്പെട്ടുകയുണ്ടായി. പെരുമ്പാവൂർ വില്ലേജ് ബ്ലോക്ക് 132 സർവ്വെ നമ്പർ 6-ൽ ഉൾപ്പെടുന്ന ടി സ്ഥലത്ത് ഒരു മെക്കാനിക്കൽ സബ് ഡിവിഷൻ ഓഫീസ് മാത്രമാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥലം ജലസേചന വകുപ്പിന് ഭാവിയിൽ ആവശ്യമായി വരുമോയെന്ന് പരിശോധിച്ച് സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറണമെന്ന ആവശ്യത്തിൽ ഉടനെ തീരുമാനം എടുക്കുന്നതാണ്. പടിഞ്ഞാറ് വശം പി.വി.ഐ.പി. ജീവനക്കാരുടെ ക്വാർട്ടേഴ്സ് ഉള്ളതിനാൽ അവരുടെ സുരക്ഷയും സ്വകാര്യതയും നിലനിർത്തുന്നതിന് അതിന്റെ അതിർത്തി തിരിച്ച് മതിൽകെട്ടി വേർതിരിക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(13) തൊഴിൽ നിയമങ്ങൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ രാജ്യത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഭരണഘടനാപരമായ അവകാശങ്ങളിൽനിന്ന് ഉടലെടുത്തതാണ്. ഭരണഘടനയുടെ അദ്ധ്യായം 3-ലെ മൗലികാവകാശങ്ങളാണ് തൊഴിൽ നിയമങ്ങളുടെ അടിത്തറ. അനുച്ഛേദം 14-ൽ പ്രതിപാദിച്ചിട്ടുള്ള സമത്വം, അനുച്ഛേദം 19-ൽ പ്രതിപാദിച്ചിട്ടുള്ള സ്വാതന്ത്ര്യം, 23-ലും 24-ലും പറഞ്ഞിട്ടുള്ള ചൂഷണത്തിനെതിരായുള്ള അവകാശങ്ങൾ തുടങ്ങിയവ ഭരണഘടനയിൽ അടിവരയിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളുംകൊണ്ട് തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ ഓരോന്നായി കേന്ദ്ര സർക്കാർ കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യാനന്തരം പാർലമെന്റ് പാസ്സാക്കിയ നാൽപ്പത്തിനാല് നിയമങ്ങളിൽ തൊഴിലാളി വിരുദ്ധ ഭേദഗതികൾ ഉൾപ്പെടുത്തി നാല് നിയമങ്ങളാക്കി മാറ്റുന്നതിനുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി സന്തോഷ് കുമാർ ഗങ്വാർ അവതരിപ്പിച്ച ബില്ലിൽ വേജ് കോഡ്, കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, ഇൻഡസ്ട്രിയൽ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ, കോഡ് ഓൺ ഒക്യുപേഷൻ തുടങ്ങിയ നാല് നിയമങ്ങളാണുള്ളത്. ഇതിലെല്ലാം തൊഴിലാളി വിരുദ്ധ സമീപനങ്ങളാണുള്ളത്. ലോകമാകെ അംഗീകരിച്ചിട്ടുള്ള എട്ട് മണിക്കൂർ ജോലി സമയം എന്നത് ജോലിക്കിടയിൽ ഇടവേള നൽകി പന്ത്രണ്ട് മണിക്കൂറായി ഉയർത്താൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. കോർപ്പറേറ്റ് മുതലാളിമാർ ഇത് ദുരുപയോഗം ചെയ്യുമെന്നുള്ളതിൽ ആർക്കും തർക്കമില്ല. എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിശ്രമം, എട്ട് മണിക്കൂർ വിനോദം എന്ന് ലോകം അംഗീകരിച്ച തൊഴിലാളികളുടെ അവകാശംപോലും രാജ്യത്ത് പഴങ്കഥയായി

മാറുകയാണ്. തൊഴിലാളികളെ കൂലി അടിമകളാക്കി മാറ്റുവാനുള്ള മോദി സർക്കാരിന്റെ നീക്കം തൊഴിലാളി വർഗ്ഗത്തിന് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഈ കരിനിയമങ്ങൾക്കെതിരെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കാനുള്ള നീക്കങ്ങൾ നടത്തണമെന്ന് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള കോഡുകൾ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉയർത്തുന്ന പ്രത്യാഘാതങ്ങൾ വളരെ ഗുരുതരമാണ്. തൊഴിൽ നിയമങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തുന്ന തൊഴിലാളികൾക്ക് ദോഷകരമായ ഭേദഗതികളിന്മേൽ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ, നിയമ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇടപെടുകയും അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കുന്ന അവസരത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തൊഴിലാളി താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. പുതിയ ലേബർ കോഡുകൾ പ്രാവർത്തികമാക്കുന്നതടക്കം തൊഴിൽ മേഖലയിൽ കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായി ഉടലെടുത്തിട്ടുള്ള പ്രതിസന്ധിക്കെതിരെ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിൽ അതിശക്തമായ പ്രതിരോധ സമരങ്ങൾ രാജ്യത്ത് നടന്നുവരികയാണ്. ആ പൊതുവികാരം തന്നെയാണ് ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിനുള്ളത്. ഓരോ കോഡിന്റെയും വിശദാംശങ്ങൾ ഞാനിവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. സമയക്കുറവുകാരണം ഞാനത് വായിക്കുന്നില്ല, മേശപ്പുറത്ത് വയ്ക്കുന്നു. ഓരോ കോഡിലും ഗവൺമെന്റ് എടുക്കുന്ന നിലപാടുകളെ സംബന്ധിച്ചിടത്തോളവും ഇതിനകത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ഈ പേപ്പർ മേശപ്പുറത്ത് വയ്ക്കുന്നു.*

(14) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. എം. സി. കമറുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്ത് താലൂക്ക് പ്രഖ്യാപിക്കപ്പെട്ടിട്ട് വർഷങ്ങളായി. എന്നാൽ അവിടെ ഒരു മിനി സിവിൽ സ്റ്റേഷനോ താലൂക്കാശുപത്രിയോ അനുബന്ധ സ്ഥാപനങ്ങളോ കൊണ്ടുവരുന്നതിനുവേണ്ടി യാതൊരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല. എന്നാൽ ഒരേ സമയം പ്രഖ്യാപിക്കപ്പെട്ട മറ്റ് താലൂക്കുകളിലെല്ലാം ഇതുമായി ബന്ധപ്പെട്ട് പല സ്ഥാപനങ്ങളും പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്. അതിലൊന്നാണ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്. ഇതുസംബന്ധിച്ച് ഞാൻ എം.എൽ.എ. ആയ ഉടനെതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിച്ചിരുന്നു. അടുത്ത ബഡ്ജറ്റിന്റെ

*അനുബന്ധമായി ചേർക്കുന്നു

സമയമാകുമ്പോൾ മെമ്പർ എഴുതിക്കൊടുക്കണമെന്നും ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഇത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലോ, ബഡ്ജറ്റിലോ ഇപ്രാവശ്യവും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനെക്കുറിച്ചൊന്നും സൂചിപ്പിച്ചിട്ടില്ല. അതിനുള്ള പണം വകയിരുത്തുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും അതും ഉണ്ടായിട്ടില്ല. ആയതിനാൽ മറുപടി പ്രസംഗത്തിലെങ്കിലും ദയവായി ഇത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിരവധി വാഹനങ്ങളുള്ള പ്രദേശമെന്ന നിലയിൽ, ഈ സ്ഥാപനം അവിടെ വന്നാൽ വാഹനങ്ങളുടെ രജിസ്ട്രേഷനെല്ലാം നല്ലനിലയിൽ നടത്താൻ സാധിക്കും. അതിനുവേണ്ടി പരിശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. എം. സി. കമറുദ്ദീൻ മഞ്ചേശ്വരം താലൂക്കിലൊരു സബ് ആർ.ടി. ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച് ഒരു ശിപാർശ മോട്ടോർ വാഹന വകുപ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ആ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ശുഭോതർക്കമായ ഒരു നിലപാട് തന്നെയാണ് സർക്കാർ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളത്. അത് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(15) ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ഒ. രാജഗോപാൽ: സർ, ലോകപ്രശസ്തമായിട്ടുള്ള വനിതകളുടെ ഒരു കൂട്ടായ്മയാണ് ആറ്റുകാൽ പൊങ്കാല. അത് ഈ വരുന്ന മാർച്ച് മാസം ഒൻപതാം തീയതിയാണ്. ധാരാളം സ്ത്രീകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഒത്തു കൂടുന്ന അവസരത്തിൽ, അവർക്ക് പ്രാഥമികമായ ആവശ്യങ്ങൾക്കുവേണ്ട സൗകര്യങ്ങൾ മുമ്പ് ചെയ്തുകൊടുത്തിരുന്നു. എന്നാൽ കഴിഞ്ഞ പ്രാവശ്യം ചെയ്തതിന്റെ പണം ഇതുവരെ നൽകിയിട്ടില്ലെന്നാണ് മുമ്പ് അത് ചെയ്തിരുന്ന കോൺട്രാക്ടർമാർ പറയുന്നത്. ആയതിനാൽ ഇപ്രാവശ്യം അക്കാര്യത്തിൽ വലിയൊരു ആശങ്ക ഉണ്ടായിരിക്കുന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കഴിഞ്ഞ പ്രാവശ്യത്തെ തുക അനുവദിച്ച് പരമ്പരാഗതമായ രീതിയിൽ ശുചിമുറികളും മറ്റ് സൗകര്യങ്ങളും ഒരുക്കി സ്ത്രീകൾക്കുണ്ടാകുന്ന വിഷമങ്ങൾക്ക് പരിഹാരമുണ്ടാക്കി ആറ്റുകാൽ പൊങ്കാല ഭംഗിയായി നടത്താൻ സഹായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കായി 3,14,13,250 രൂപയുടെ

ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്ലാൻ ശീർഷകത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അത് നിർവ്വഹിക്കണമെന്ന് തീരുമാനിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ കളക്ടർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള പ്രസ്തുത ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 6,22,95,000 രൂപ ലഭ്യമാക്കിയിരുന്നു. എന്നാൽ 31-3-2019-വരെ ഈ ശീർഷകത്തിൽനിന്ന് 2,53,71,705 രൂപ മാത്രമേ വിതരണം ചെയ്യാൻ ജില്ലാ കളക്ടർക്ക് സാധിച്ചിട്ടുള്ളൂ. തുടർന്ന് വീണ്ടും തുക ആവശ്യപ്പെട്ട് 30-8-2019-ൽ കത്ത് നൽകി. അതിൻപ്രകാരം 80 ലക്ഷം രൂപ അനുവദിച്ചു. 75 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. തുടർന്ന്, രണ്ടാമത് 23-10-2019-ലെ കത്ത് പ്രകാരം 1,25,44,230 രൂപയുടെ ബില്ലുകൾകൂടി ലഭ്യമായതായി അറിയിച്ചു. ആ സംഖ്യയും അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു. ആറ്റുകാൽ പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് 25 സ്വീവേജ് വർക്കുകൾ ഉണ്ടായിരുന്നു. അതിൽ 19 വർക്കുകളുടെ തുകയായ 60,01,707 രൂപ 31-1-2020-ൽ മാറ്റിനൽകിയിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് വർക്കുകളുടെ തുകയായ 4,45,438 രൂപ വിതരണം ചെയ്യാൻ ജില്ലാ കളക്ടറുടെ കൈവശം ഡെപ്പോസിറ്റുണ്ട്. ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടാകില്ല. ഈ വിഷയത്തിൽ സർക്കാർ ഇടപെട്ട് ഉടൻതന്നെ പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കും.

(16) റെസ്റ്റ് ഹൗസ്

ശ്രീ. ഡി. കെ. മുരളി: സർ, വെഞ്ഞാറമൂട്ടിൽ ഒരു പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് 2018-ൽ 2 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 18.0186 സെന്റ് ഭൂമിയാണ് കെട്ടിടം നിർമ്മിക്കാൻവേണ്ടി വിട്ടുകൊടുക്കാൻ തീരുമാനിച്ചത്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച്, ഗ്രാമവികസന കമ്മീഷണറോട് അഭ്യർത്ഥിക്കുകയും തുടർന്ന് ആ ഫയൽ അഡീഷണൽ ചീഫ് സെക്രട്ടറി മുഖാന്തിരം വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് എത്തുകയും പ്രിൻസിപ്പൽ സെക്രട്ടറി മേൽനടപടിക്കു വേണ്ടി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷമായി നിർമ്മാണാനുമതി ലഭിച്ച ഒരു കെട്ടിടമാണ്. എന്നാൽ എൽ.എസ്.ജി.ഡി., എൻ.ഒ.സി. കൊടുക്കാത്തതുകൊണ്ട് ഇതുവരെയും കെട്ടിടനിർമ്മാണം ആരംഭിക്കാനായിട്ടില്ല. അടിയന്തരമായി ഇടപെട്ട് എൻ.ഒ.സി. ലഭ്യമാകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. റവന്യൂ വകുപ്പിന്റെ അധീനതയിലല്ലാത്തതുകൊണ്ട് വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാണ്. നിരാക്ഷേപപത്രം കിട്ടുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പ്രസ്തുത ഭൂമി വില്ലേജ് രേഖകൾ പ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് എന്ന് കാണുന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം ജില്ലാ കളക്ടർക്ക് തുടർനടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

(17) പാക്വയി പാലം പുനർനിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ പ്രളയത്തിൽ ഏറെ നാശം സംഭവിച്ച ഒരു മണ്ഡലമാണ് നാദാപുരം. അതിന്റെ ഭാഗമായി ഒട്ടെറെ റോഡുകളും പാലങ്ങളും തകർന്നിരുന്നു. നരിപ്പറ്റ, വാണിമേൽ റോഡുകളെ ബന്ധിപ്പിക്കുന്ന പാക്വയി പാലം കഴിഞ്ഞ പ്രളയത്തിൽ പാടെ ഒലിച്ചുപോയി. ഇന്ന് കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് വിദ്യാലയങ്ങൾ, ആശുപത്രി തുടങ്ങിയ ലക്ഷ്യസ്ഥാനങ്ങളിലേയ്ക്ക് എത്താൻ അഞ്ചും എട്ടും കിലോ മീറ്റർ വഴിമാറി യാത്ര ചെയ്യേണ്ടുന്ന സാഹചര്യമാണുള്ളത്. ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഒരു പാലം പുനർനിർമ്മിക്കാൻ വേണ്ടുന്ന നടപടി ഉണ്ടാകണം. ലോക്കൽ ബോഡി എഞ്ചിനീയർമാർ 2.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ആ പാലം നിർമ്മിക്കാൻവേണ്ട നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വാണിമേൽ പഞ്ചായത്തിൽ പ്രളയത്തിൽ തകർന്ന പാക്വയി പാലം പുനർനിർമ്മിക്കുന്നതിന് 270 ലക്ഷം രൂപയുടെ ഡി.പി.ആർ. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. അതിൽ അടിയന്തരമായി ഇടപെട്ട് നടപടി സ്വീകരിക്കും. എസ്റ്റിമേറ്റ് പരിശോധിച്ച് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ടി പാലത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി വളരെ പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

(18) പാർപ്പിട പ്രശ്നം

ശ്രീ. കെ. ബാബു: സർ, ആലപ്പുഴ ജില്ലയോളം വലിപ്പവും അട്ടപ്പാടിയോളം വരുന്ന ഭൂമിയുടെ വിസ്തൃതിയുമുള്ള പറമ്പിക്കുളം മേഖലയിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 157 വീടുകളാണ് എസ്.സി./എസ്.റ്റി. വകുപ്പ് അനുവദിച്ചത്. കടുവാ സങ്കേതമായതുകൊണ്ട് പല കാരണങ്ങൾ പറഞ്ഞ് വീട് നിർമ്മാണം ആരംഭിക്കാൻ നാളിതുവരെയും കഴിഞ്ഞിട്ടില്ല. എർത്ത് ഡാം കോളനിയിൽ 36 പുതിയ വീടുകളാണ് അനുവദിച്ചതെങ്കിലും ഒരു വീടിന്റെ

നിർമ്മാണംപോലും ആരംഭിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോഴും നില നിൽക്കുന്നത്. അതുമാത്രമല്ല, കടവുകോളനിയിൽ നിലവിൽ 68 കുടുംബങ്ങളാണുള്ളത്. 50 വീടുകളാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ടുതന്നെ അവർക്കാവശ്യമായ രൂപത്തിലുള്ള വീട് വയ്ക്കാൻ കഴിയാത്ത സ്ഥിതിയും നിലനിൽക്കുകയാണ്. ഇതേ അവസ്ഥതന്നെയാണ് സുങ്കം കോളനിയിലും. അവിടെ 115 കുടുംബങ്ങളുണ്ട്. 90 വീടുകൾ മാത്രമാണുള്ളത്. പറമ്പിക്കുളം ഡാം പണി ആരംഭിക്കുമ്പോൾ മാറ്റി പാർപ്പിക്കപ്പെട്ട ഇത്തരം ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനാവശ്യമായ ഭൂമി അനുവദിക്കുന്നതിനും നിലവിൽ അനുവദിക്കപ്പെട്ട വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുമാവശ്യമായ ഒരു ഉന്നതതല യോഗം അടിയന്തരമായി പറമ്പിക്കുളത്ത് വിളിച്ചുചേർക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിലെ എർത്ത് ഡാം കോളനിയിലെയും കടവുകോളനിയിലെയും പാർപ്പിട പ്രശ്നവുമായി ബന്ധപ്പെട്ടാണ് ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. എർത്ത് ഡാം കോളനിയിൽ കാടർ വിഭാഗത്തിൽപ്പെട്ട 47 കുടുംബങ്ങളിലായി 147 പേർ താമസിച്ചുവരുന്നു. 2016-17 വർഷത്തെ HUDCO ഭവനനിർമ്മാണ പദ്ധതിയിൽ 38 കുടുംബങ്ങൾക്കുള്ള ഒന്നാംഗഡു അനുവദിച്ചിട്ടുണ്ട്. പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി നിലവിൽ താമസിക്കുന്ന വീടുകൾ പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ടി കുടുംബങ്ങൾക്ക് കോളനിയോട് ചേർന്ന വനപ്രദേശത്തു തന്നെ താൽക്കാലികമായി താമസ സൗകര്യം ഒരുക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്. പറമ്പിക്കുളം ഡാം നിർമ്മാണ സമയത്ത് ഡാമിന്റെ വൃഷ്ടിപ്രദേശത്ത് താമസിച്ചിരുന്ന കുടുംബങ്ങളെയാണ് കടവ് കോളനിയിലേയ്ക്ക് മാറ്റി പാർപ്പിച്ചത്. ഇവിടെ മലശ്ശർ, കാടർ വിഭാഗത്തിൽപ്പെട്ട 69 കുടുംബങ്ങളിലായി 155 പേർ താമസിക്കുന്നുണ്ട്. ടി കുടുംബങ്ങൾക്ക് നാമമാത്രമായ ഭൂമി മാത്രമേ കൈവശമുള്ളൂ. ഇവർക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം വീട് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതിമൂലം വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണ്. വനാവകാശ നിയമപ്രകാരം 49 കുടുംബങ്ങൾക്ക് 0.7425 ഹെക്ടർ ഭൂമി അനുവദിച്ച് കൈവശ രേഖ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമപ്രകാരം കൂടുതൽ സ്ഥലം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. പറമ്പിക്കുളം ടൈഗർ റിസർവ് പദ്ധതിയിലുൾപ്പെട്ട എല്ലാ പട്ടികവർഗ്ഗ കോളനികളിലും സമഗ്രമായ വികസനം യാഥാർത്ഥ്യമാക്കുന്നതിന് വനം, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഒരു ഉന്നതതലയോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(19) കാസർഗോഡ് മെഡിക്കൽ കോളേജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന് 2013-ൽ ആണ് തറക്കല്ലിട്ടത്. ഈ മെഡിക്കൽ കോളേജ് എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് ജില്ലയിലെ ജനങ്ങൾക്ക് വലിയ ആശങ്ക ഉണ്ടായിരുന്നു. അത് അവസാനിച്ചത് കഴിഞ്ഞ മാസം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാസർഗോഡ് കിഫ്ബിയുടെ ഒരു അവലോകന യോഗത്തിൽ വന്നപ്പോഴാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് കിഫ്ബിയിൽ ഉൾപ്പെടുത്തി അതിന്റെ ബാക്കി നിർമ്മാണം നടത്തുമെന്ന് അന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ലയിൽ വളരെയധികം സന്തോഷവും ആഹ്ലാദവും ഉണ്ടാക്കിയ ഒരു പ്രഖ്യാപനമായിരുന്നു അത്. ഇന്ന് ഈ സബ്മിഷന്റെ ആവശ്യമില്ലായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനത്തെ ഞങ്ങൾ വിശ്വസിക്കുന്നു. ഈ സബ്മിഷന്റെ ആവശ്യമില്ലെങ്കിലും ആ കാര്യം ഒന്നുകൂടി അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയാണ് അവതരിപ്പിക്കുന്നത്. മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചെങ്കിലും ജനങ്ങൾ വിചാരിക്കും എം.എൽ.എ. അതിന്റെ പുറകെ പോയില്ലായെന്ന്. ജനങ്ങളുടെ അത്തരം സംശയം ദൂരീകരിക്കുന്നതിനുംകൂടിയാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കാസർഗോട്ടെ ആ പ്രഖ്യാപനം ഒന്നുകൂടി ശക്തിപ്പെടുത്തുന്ന വിധത്തിൽ ഒരു പ്രഖ്യാപനം ഈ സഭയിൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാസർഗോഡ് മെഡിക്കൽ കോളേജിന് കിഫ്ബിയിൽനിന്ന് പണം അനുവദിക്കുമെന്ന് പൂർവ്വാധികം ശക്തിയോടുകൂടിത്തന്നെ പറയുകയാണ്. മെഡിക്കൽ കോളേജിന്റെ വികസനത്തിന് പദ്ധതി തയ്യാറാക്കി, കിഫ്ബിയുടെ ധനസഹായത്തിനുവേണ്ടി ആരോഗ്യവകുപ്പ് തീരുമാനമെടുത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയെ നിയോഗിച്ച് സമർപ്പിച്ചാൽ ഉറപ്പായും പണം തരും. 2000 കോടി രൂപയാണ് പാക്കേജിൽ മെഡിക്കൽ കോളേജിന് അനുവദിച്ചത്. 2200-ൽപ്പരം കോടി രൂപയായി. പക്ഷേ എല്ലാ മെഡിക്കൽ കോളേജിനും മിതമായ രീതിയിൽ വേണമെന്നുള്ള ഡിമാന്റുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജുപോലെ ആകുമെന്ന് ധരിക്കരുത്. നിശ്ചയമായിട്ടും ചെയ്യും.

(20) ആസ്തിവികസന ഫണ്ട്

ശ്രീമതി യു. പ്രതിഭ: സർ, അസറ്റ് ഫണ്ട് 5 കോടി രൂപയും എസ്.ഡി.എഫ്. ഒരു കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. നാല് വർഷംകൊണ്ട് ഏകദേശം 30 കോടി രൂപയുടെ വർക്കുകളാണ് എം.എൽ.എ.-മാർക്ക് ഡയറക്ട് ചെയ്യാൻ

കഴിയുന്നത്. മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടാണ് ബാക്കിവരുന്നത്. എന്നാൽ ഈ പ്രവൃത്തികൾക്ക് വലിയ കാലതാമസമുണ്ടാകുന്നുണ്ട്. സമാനമായ പ്രശ്നം ഒരുപാട് പേർക്കുണ്ട്. കഴിഞ്ഞ വർഷം ഒക്ടോബറിൽ കൊടുത്ത 17 പ്രവൃത്തികൾ ഫോളോ അപ്പ് ചെയ്തപ്പോഴും എസ്റ്റിമേറ്റ് അണ്ടർ പ്രിപ്പറേഷൻ എന്നാണ് പറയുന്നത്. 2018-ലും സമാനമായ കാലതാമസമാണുണ്ടായത്. സ്കൂൾ കെട്ടിടം ഇടിഞ്ഞുവീഴുന്നുവെന്ന് അറിഞ്ഞ് 50 ലക്ഷം രൂപ അടിയന്തരമായി കൊടുത്തു. 2019 ആയപ്പോൾ അത് പൂർത്തീകരിച്ചു. 3 വർഷമാണ് 50 ലക്ഷം രൂപയുടെ ഒരു കെട്ടിടം പൂർത്തീകരിക്കാനായി എടുത്തത്. ഉദ്ഘാടനത്തിന് തീയതി തീരുമാനിച്ചപ്പോഴാണ് വൈദ്യുതീകരണത്തിന് യാതൊരു പ്രൊവിഷനും വച്ചിട്ടില്ലെന്ന് അറിയുന്നത്. ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിൽനിന്നും വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. അതുപോലെതന്നെ അസറ്റ് ഫണ്ടും എസ്.ഡി.എഫ്.-ഉം കൊടുക്കുമ്പോൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള ഒരു തീയതികൂടി സമയബന്ധിതമായി നൽകണം. അതുപോലെതന്നെ 10 ലക്ഷം രൂപയുടെയും 50 ലക്ഷം രൂപയുടെയും വർക്കുകൾക്ക് ഡേറ്റ് ഓഫ് കംപ്ലീഷൻ ഇടുന്നത് 150 ദിവസമെന്നാണ്. ഇത്തരത്തിലുള്ള വലിയ പ്രതിസന്ധികൾ ഇവ പൂർത്തിയാക്കുന്നതിലും വരുന്നുണ്ട്. ബഹുമാന്യരായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും അവരുടെ ഡിപ്പാർട്ടുമെന്റുകളെ കൃത്യമായി കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ താഴെത്തട്ടിലിരിക്കുന്ന ഉദ്യോഗസ്ഥർ ഗവൺമെന്റിനെയും എം.എൽ.എ.-മാരെയും ഇത്തരം പ്രവർത്തനങ്ങളെയും അപമാനിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തുന്നു. കൃത്യമായി ഇതിൽ ഇടപെടൽ ഉണ്ടാകണം. ജില്ലാ കളക്ടർമാർക്കൊരു ചുമതല കൊടുക്കണം. അവർ അതിൽ ഇടപെടില്ല, അവർക്കാണല്ലോ എം.എൽ.എ. വർക്കിന്റെയൊക്കെ പൂർണ്ണമായ ചുമതല വരുന്നത്. പലപ്പോഴും ഫിനാൻസ് ഓഫീസർമാരും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. എം.എൽ.എ.-മാരുടെ അസറ്റ് വർക്കുകൾ സമയബന്ധിതമായി തീർക്കുന്നതിനു വേണ്ടി ഒരു ശക്തമായ ഇടപെടൽ ബഹുമാന്യനായ അങ്ങ് നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അപേക്ഷിക്കുകയാണ്. മറ്റൊരുപാട് കാര്യങ്ങളുണ്ട്. എം.എൽ.എ.-മാർക്ക് നൽകുന്ന ഫണ്ട് ഇന്ന പ്രവൃത്തികൾക്ക് മാത്രമേ ചെയ്യാവൂയെന്ന മാനദണ്ഡം വച്ചാണ് അനുവദിക്കുന്നത്. അപ്രകാരം കുറച്ച് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ, 2016-ലെ ചില വർക്കുകൾപോലും നാല് വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പി.ഡബ്ല്യു.ഡി.-യുടെയും എൽ.എസ്.ജി.ഡി.-യുടെയും റേറ്റുകൾ വ്യത്യസ്തമാണ്. 25 ലക്ഷം രൂപയുടെ ഒരു വർക്ക് ടെണ്ടർ ചെയ്താൽ പലപ്പോഴും പല കോൺടാക്ടർമാരും വർക്ക് എടുക്കുന്നില്ല. ഇതൊന്നും ജനങ്ങൾ അറിയാത്തതുകൊണ്ട് പല തരത്തിലുള്ള പരാമർശങ്ങൾ ജനപ്രതിനിധികൾ കേൾക്കേണ്ടിവരുന്നുണ്ട്. ഇതിന് കൃത്യമായൊരു മോണിറ്ററിംഗ് സംവിധാനം ജില്ലാതലത്തിൽ ഉണ്ടാകണം. 14 ജില്ലയ്ക്കും ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയറെന്ന നിലയിൽ എം.എൽ.എ.-മാരുടെ വർക്കുകൾ

മോണിറ്റർ ചെയ്യുന്നതിന് നിലവിലെ ഏതെങ്കിലുമൊരു എഞ്ചിനീയറെ ചുമതല പ്പെടുത്തിയാൽ കൂടുതൽ നന്നായിരിക്കുമെന്നുകൂടി ഈ സബ്മിഷനിലൂടെ അഭിപ്രായപ്പെടുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പല തവണ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ള ഗൗരവമായ പ്രശ്നമാണിത്. നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെയും ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്തതിന്റെയും അടിസ്ഥാനത്തിൽ ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്കെല്ലാം ജില്ലാതലത്തിലാണ് ഭരണാനുമതിയും ടെക്നിക്കൽ സാംഗ്ഷനും നൽകേണ്ടത് എന്ന തീരുമാനമെടുത്തു. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കുമാത്രമേ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രത്യേക അനുവാദം ആവശ്യമുള്ളൂ. ഈ വർക്കുകൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിന് വലിയ താമസം വരുന്നുവെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത്. ധാരാളം വർക്കുകൾ നടക്കുന്നതുകൊണ്ടാകാം അങ്ങനെ സംഭവിക്കുന്നത്. സർക്കാർ ഇറക്കിയിട്ടുള്ള മുഴുവൻ ഉത്തരവുകളുടെയും ദീർഘമായ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ട്. ഞാനത് മേശപ്പുറത്തു വെക്കുന്നു.* ആവശ്യമുള്ളവർക്ക് വായിച്ചു നോക്കാം. എസ്റ്റിമേറ്റ് സ്പീഡപ്പ് ചെയ്യാൻ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറാക്കി നിയമിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത്.

മി. സ്പീക്കർ: ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന് ജില്ലാ കളക്ടർമാരോട് നമ്മൾ ആവശ്യപ്പെട്ടിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, മോണിറ്ററിംഗ് സെൽ അതത് ജില്ലകളിൽ രൂപീകരിക്കണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടു. നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ച് ജില്ലാ കളക്ടർമാരോട് ചർച്ച ചെയ്തശേഷം തീരുമാനമെടുക്കാം.

മി. സ്പീക്കർ: പത്ത് ലക്ഷം രൂപയുടെയും ഒരു കോടി രൂപയുടെയും പ്രവൃത്തികൾക്കുള്ള കംപ്ലീഷൻ ഡേറ്റ് 150 ദിവസം ആയിരിക്കണമെന്ന് നിർബന്ധമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ആ പ്രശ്നവും പരിഹരിക്കാം.

(21) മരങ്ങളുടെ വിലനിർണ്ണയം

ശ്രീ. എൽദോ എബ്രഹാം: സർ, സംസ്ഥാനത്തെ വിവിധങ്ങളായ വികസന പദ്ധതികൾക്കും ഭൂരഹിതരായ ആളുകൾക്ക് ഗവൺമെന്റ് നൽകിയിട്ടുള്ള ഭൂമിയിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മരങ്ങൾ വലിയ തടസ്സമായി നിൽക്കുകയാണ്. സോഷ്യൽ ഫോറസ്ട്രി മരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വില വളരെ ഉയർന്ന തോതിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ മരങ്ങൾ ലേലത്തിൽ പോകാത്ത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥിതിവിശേഷമുണ്ട്. പഞ്ഞിമരത്തിന് പോലും പതിനായിരം രൂപയാണ് സോഷ്യൽ ഫോറസ്ട്രി വില നിശ്ചയിക്കുന്നത്. സ്വാഭാവികമായും ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകി ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് സർക്കാർ നൽകിയിട്ടുള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ഈ മരങ്ങൾ മുറിച്ചുമാറ്റിയേ പറ്റൂ. മൂവാറ്റുപുഴ വില്ലേജ് ഉൾപ്പെടെ കേരളത്തിന്റെ നാനാമേഖലകളിൽ ആയിരക്കണക്കിന് വരുന്ന ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെയും ഭൂമി ലഭിച്ച ഭൂരഹിതരായവരുടെയും സർക്കാരിന്റെ പൊതുവായ വികസന പദ്ധതികളിലുൾപ്പെടുന്ന ഭൂമിയിലും നിൽക്കുന്ന മരങ്ങൾ ലേലത്തിലെടുക്കാൻ ആരും തയ്യാറാകുന്നില്ല. ടെണ്ടർ ചെയ്താലും റീ-ടെണ്ടർ ചെയ്താലും വില ഒരുതരത്തിലും പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതു കൊണ്ട് വലിയ പ്രതിസന്ധി രൂപപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്തപക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട വകുപ്പിലെ ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥനോ ആയതിലുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ ഡെലിഗേഷൻ ഓഫ് പവേഴ്സ് ബന്ധപ്പെട്ട വകുപ്പിൽ തയ്യാറാക്കാവുന്നതാണ്. പ്രസ്തുത വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പാണ് തുടർനടപടി സ്വീകരിക്കേണ്ടത്. പട്ടയ, പുറമ്പോക്ക്, മിച്ചഭൂമികളിൽ ഉണങ്ങിയതും വീണ് കിടക്കുന്നതും അപകട ഭീഷണി ഉള്ളതുമായ മരങ്ങൾ ലേലം ചെയ്യുന്നതിന് റവന്യൂ വകുപ്പ് 5-7-2019-ലെ സ.ഉ.1808/19/റവന്യൂ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം പട്ടയ, പുറമ്പോക്ക്, മിച്ച ഭൂമികളിൽ നിൽക്കുന്ന ഉണങ്ങിയതും കേടുവന്നതുമായ മരങ്ങൾ നിലവിലെ സീനിയറേജ് പ്രകാരമുള്ള പൊതുവായ വിലയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതും ആയത് സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതുമായ സാഹചര്യത്തിൽ മേൽപ്പടി മരങ്ങൾക്ക് നിശ്ചിത വിലയേക്കാൾ കുറഞ്ഞ വിലയാണ് ലേലത്തിൽ ലഭിക്കുന്നതെങ്കിൽ പുനർ ലേലം നടത്തിയാലും മെച്ചപ്പെട്ട വില ലഭിക്കില്ല എന്നു ബോധ്യമായാൽ ലഭിക്കുന്ന പരമാവധി വിലയ്ക്ക് അവ ലേലം നടത്താൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

V മേശപ്പുറത്തുവച്ച കടലാസുകൾ

<u>ലിസ്റ്റ് I പ്രകാരമുള്ള കടലാസുകൾ</u>

I. മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	991/2019	സ.ഉ.(കൈ) നമ്പർ 23/2019/നോർക്ക	17-12-2019	അല്ല
2	995/2019	സ.ഉ.(കൈ) നമ്പർ 19/2019/നോർക്ക	1-11-2019	അല്ല
3	3/2020	ജി.ഒ.(ആർറ്റി) നമ്പർ 3738/2019/ ഹോം	24-12-2019	അല്ല
4	18/2020	ജി.ഒ.(പി) നമ്പർ 1/2020/ഹോം	4-1-2020	അല്ല
5	37/2020	ജി.ഒ.(ആർറ്റി) നം. 108/2020/ഹോം	16-1-2020	അല്ല
6	42/2020	ഹോം-എസ്എസ്എ 2/172/2019-ഹോം	17-1-2020	അല്ല

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	5/2020	സ.ഉ.(അച്ചടി) നമ്പർ 1/2020/കാ.യു.വ	1-1-2020	അല്ല

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	996/2019	ജി.ഒ.(പി) നമ്പർ 92/2019/ആർഡി	19-12-2019	അല്ല
2	100/2020	ജി.ഒ.(എംഎസ്) നമ്പർ 2/2020/എച്ച്എസ്ജി	2-2-2020	അല്ല

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	994/2019	ജി.ഒ.(പി) നമ്പർ 42/2019/ട്രാൻസ്	6-12-2019	അല്ല

V. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	51/2020	ജി.ഒ.(പി) നമ്പർ 3/2020/ടാക്സസ്	21-1-2020	അല്ല

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

ക്രമനമ്പർ	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
1	കംപ് ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ	2017-18	റവന്യു സെക്ടർ	ബാധകമല്ല
2	കംപ് ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ	2017-18	ജനറൽ & സോഷ്യൽ സെക്ടർ	ബാധകമല്ല

VI. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

ക്രമനമ്പർ.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
1	കേരള സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്	2015-16 2016-17 2017-18	വാർഷിക റിപ്പോർട്ട്	അതെ
2	വാസ്തു വിദ്യാ ഗുരുകുലം	2017-18	ഭരണ റിപ്പോർട്ട്	അതെ

VII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

ക്രമ നമ്പർ	എസ്.ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	968/2019	ജി.ഒ.(പി) നമ്പർ 199/2019/ടാക്സസ്	10-12-2019	അല്ല

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

ക്രമ നമ്പർ	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്	2016-17	വാർഷിക റിപ്പോർട്ട്	അതെ

VIII.തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	963/2019	ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ	25-11-2019	അല്ല

2	964/2019	ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ	25-11-2019	അല്ല
3	965/2019	ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ	25-11-2019	അല്ല
4	966/2019	ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ	25-11-2019	അല്ല
5	1021/2019	ജി.ഒ.(പി) നമ്പർ 139/2019/എൽബിആർ	24-12-2019	അല്ല
6	34/2020	ജി.ഒ.(പി) നമ്പർ143/2019/എൽബിആർ	30-12-2019	അല്ല
7	75/2020	ജി.ഒ.(പി) നമ്പർ 9/2020/എൽബിആർ	23-1-2020	അല്ല
8	82/2020	ജി.ഒ.(പി) നമ്പർ 137/2019/എൽബിആർ	23-12-2019	അല്ല

IX.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	402/2019	ജി.ഒ.(പി) നമ്പർ 61/2019/കോ-ഓപ്പ്	30-5-2019	അതെ
2	579/2019	ജി.ഒ.(പി) നമ്പർ. 86/2019/കോ-ഓപ്പ്	30-7-2019	അതെ
3	17/2020	ജി.ഒ.(പി) നമ്പർ 134/2019/കോ-ഓപ്പ്	19-12-2019	അല്ല

X. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	951/2019	ജി.ഒ.(പി) നമ്പർ 86/2019/എൽഎസ്ജിഡി	2-12-2019	അല്ല
2	1011/2019	ജി.ഒ.(പി) നമ്പർ 87/2019/എൽഎസ്ജിഡി	6-12-2019	അല്ല
3	32/2020	സ.ഉ.(അ) നമ്പർ 5/2020/തസ്വഭവ	10-1-2020	അല്ല

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

ക്രമ നമ്പർ	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	സ്വഭാവം	
1	ഇൻഫർമേഷൻ കേരള മിഷൻ	2014-15 2015-16	ഓഡിറ്റ് റിപ്പോർട്ട്	അതെ

XI. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നമ്പർ	എസ്. ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെ ന്ന്
		നമ്പർ	തീയതി	
1	973/20 19	ജി.ഒ.(പി) നമ്പർ 9/2019/എഫ്&ഡബ്ല്യുഎൽഡി	17-8-2019	അല്ല

ചട്ടം 47(2)അനുസരിച്ച് ലിസ്റ്റ് 2 പ്രകാരമുള്ള കടലാസുകൾ

I. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 417 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

II. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 5696 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

III. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1757 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

IV. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3916, പതിനാറാം സമ്മേളനത്തിലെ 2505 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്ന തിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

(1) 2017-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസിനുള്ള ഭേദഗതികൾ

Shri M. Vincent: Sir, I move the following amendment,

'The entries against, " Note 1" of the category 8(b) in rule 4 of the Kerala Secretariat Subordinate Service Special Rules, 1967 amended by clause 2(1) for the words " Four percent" the words " Twenty percent" shall be substituted.

സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട്, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നീ ഡിപ്പാർട്ടുമെന്റുകളിൽ ഓഫീസ് അറ്റൻഡന്റുമാരായി പി.എസ്.സി. മുഖാന്തരം ജോലി ലഭിച്ചിട്ടുള്ളവർക്ക് അവരുടെ പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് തസ്തികയിൽ 4 ശതമാനം മാത്രമാണ് സംവരണം നൽകിയിട്ടുള്ളത്. ഇതേ പരീക്ഷ എഴുതിയിട്ടുള്ള മറ്റ് ഡിപ്പാർട്ടുമെന്റുകളിലുള്ളവർക്ക് 20 ശതമാനം സംവരണം ലഭിക്കുകയാണ്. നിയമസഭയിൽ ഓഫീസ് അറ്റൻഡന്റുമാരായി 121 പേരുണ്ട്. അവരുടെ പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് തസ്തികയിൽ

67 പേരാണുള്ളത്. ഇങ്ങനെ നോക്കിയാൽ വെറും രണ്ടുപേർക്ക് മാത്രമാണ് പ്രൊമോഷൻ ലഭിക്കാൻ സാധ്യതയുള്ളത്. ഇതേ കാറ്റഗറിയൽപ്പെട്ടിട്ടുള്ള മറ്റ് ഡിപ്പാർട്ടുമെന്റുകളിലുള്ളവർക്ക് അഞ്ച് വർഷത്തിലൊരിക്കൽ പ്രൊമോഷൻ ലഭിക്കും. എന്നാൽ 20 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയാൽപ്പോലും ഇവർക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇവിടെ പറഞ്ഞിട്ടുള്ള ഭേദഗതി തീർച്ചയായും അംഗീകരിക്കണം. നിയമസഭയിലും അതുപോലെ സെക്രട്ടേറിയേറ്റിലുമൊക്കെയുള്ള ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഇത് ന്യായമായ ഒരു ആവശ്യമാണ്. അതുകൊണ്ട് ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ കേഡർ സ്ട്രെങ്ത്തിന്റെ 20 ശതമാനം യോഗ്യതയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് 2:1 എന്ന അനുപാതത്തിൽ തസ്തികമാറ്റം വഴി സീനിയോറിറ്റി അടിസ്ഥാനമാക്കി നിയമനം നൽകാൻ വ്യവസ്ഥയുണ്ട്. കൂടാതെ 2 ശതമാനം മറ്റ് വകുപ്പുകളിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കായി പി.എസ്.സി. മുഖാന്തരം തസ്തികമാറ്റ നിയമനം നടത്താൻ വ്യവസ്ഥയുണ്ട്. അസിസ്റ്റന്റ് തസ്തികയിലെ 2 ശതമാനം ഒഴിവുകൾ സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കായി നീക്കിവച്ചിരുന്നത് 17-5-2018-ലെ വിജ്ഞാപനത്തിലൂടെ 4 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വിജ്ഞാപനത്തിലാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഇതുകൂടാതെ 5 ശതമാനം ഒഴിവുകൾ ആശ്രിതനിയമനം വഴി നികത്താനും നിലവിൽ വ്യവസ്ഥയുണ്ട്. ഇവയ്ക്കുപുറമെ ഇപ്പോൾ നോട്ടീസിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതിപ്രകാരം 4 ശതമാനമെന്നത് 20 ശതമാനമായി ഉയർത്തുന്നത് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കും. താഴ്ന്നവിഭാഗം ജീവനക്കാരുടെ ന്യായമായ അവകാശങ്ങളും സാദ്ധ്യതകളും സംരക്ഷിക്കുന്നതോടൊപ്പം നേരിട്ടുള്ള നിയമനം ലഭിക്കുന്നവരുടെ അവകാശങ്ങളും സർവ്വീസിന്റെ കാര്യക്ഷമതയും നില നിർത്തുകയെന്നതും പ്രധാനമാണ്. ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകളുമായി സർക്കാർ ആശയവിനിമയം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ നോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചു.

(2) 2019-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുന്നു.

ഖണ്ഡം (2) പ്രകാരം ഭേദഗതി ചെയ്ത 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ ചട്ടം 10-ലെ ഇനം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നിവയ്ക്ക് നേരെയുള്ള മൂന്നാം ഉൾക്കുറിപ്പിലെ '25' എന്ന അക്കം ഒഴിവാക്കുക.

1954-ലെ പ്രത്യേക വിവാഹ ആക്ടിലെ വ്യവസ്ഥപ്രകാരം പുറപ്പെടുവിച്ച, 2019-ലെ കേരള പ്രത്യേക വിവാഹ ഭേദഗതി ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ വർദ്ധിപ്പിച്ച ഫീസിൽ 25 പൈസയുടെ കണക്ക് ഉൾപ്പെടുത്തിയത് പ്രായോഗികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയാണ്. മാത്രമല്ല, കേന്ദ്ര ധനകാര്യമന്ത്രാലയം 20-12-2010-ൽ പുറപ്പെടുവിച്ച ഉത്തരവും റിസർവ് ബാങ്കിന്റെ ഉത്തരവും റിസർവ് ബാങ്കിന്റെ UBD.BPD. (PCB).Cir.No.39/09.73.000/2010-11 പ്രകാരമുള്ള സർക്കുലർ പ്രകാരവും 2011 ജൂൺ 30 മുതൽ 25 പൈസയുടെ ക്രയവിക്രയം റിസർവ് ബാങ്ക് പിൻവലിച്ചിരിക്കുകയാണ്. ആയതിനാൽ നിലവിലില്ലാത്ത നാണയത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിരക്ക് വർദ്ധിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഗവൺമെന്റ് ഫീസ് വർദ്ധിപ്പിച്ച് പുറപ്പെടുവിച്ച പത്തിടങ്ങളിൽ, ഉദ്ദിഷ്ട വിഭാഗത്തെ സംബന്ധിച്ച നോട്ടീസ് അല്ലെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള 110.25 പൈസ, ആക്ഷേപം രേഖപ്പെടുത്തുന്നതിന് 110.25 പൈസ, ആക്ഷേപത്തിനുള്ള ഒരന്വേഷണത്തിന് 551.25 പൈസ, സാക്ഷി ഹാജരാകുന്നതിന് തെളിവ് 110.25 പൈസ, ഇങ്ങനെ ഒൻപതിടങ്ങളിൽ 25 പൈസ എന്നുള്ളത് പ്രത്യേകമായി പറയുന്നുണ്ട്. ഇത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്ന് മാത്രമല്ല, സെൻട്രൽ ഗവൺമെന്റും റിസർവ് ബാങ്കും ഇല്ലാതാക്കിയിട്ടുള്ള 25 പൈസ നൽകണമെന്ന് പറഞ്ഞാൽ അത് ശരിയല്ല. അതുകൊണ്ട് ഇനം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നിവയ്ക്ക് നേരെയുള്ള മൂന്നാം ഉൾക്കുറിപ്പിലെ '25' എന്ന അക്കം ഒഴിവാക്കുക എന്നതാണ് എന്റെ ഭേദഗതി. ഇത് ഒരിക്കലും പ്രായോഗികമല്ലാത്തതാണ്; ജനങ്ങൾക്കും ബുദ്ധിമുട്ടാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി അംഗീകരിക്കാവുന്നതാണ്. സർക്കാർ വകുപ്പുകൾ, പൊതുമേഖല, ഗ്രാന്റ് -ഇൻ - എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേന സർക്കാർ നൽകുന്ന എല്ലാ സേവനങ്ങൾക്കും നിലവിലുള്ള ഫീസ് ചാർജ് 2019-20 സാമ്പത്തിക വർഷത്തിൽ 5 ശതമാനം

വർദ്ധനവ് വരുത്താൻ സർക്കാർ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ പത്താം ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചു. 5 ശതമാനം വർദ്ധനവ് കണക്കാക്കിയാൽ 25 പൈസയും 50 പൈസയും ഉൾപ്പെട്ടിരുന്നു. അതിൽ 25 പൈസ വരുന്ന ഇനങ്ങളിൽനിന്നും 25 പൈസ ഒഴിവാക്കണമെന്നാണ് ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയിരുന്നത്. 1996-ലെ 68/96/Fin. Dated 6-12-1996 സർക്കാർ ഉത്തരവുപ്രകാരം പൊതു ഇടപാടുകളിൽ സംസ്ഥാന ട്രഷറിയിൽ പണമടയ്ക്കുമ്പോൾ 50 പൈസയും അതിന് മുകളിൽ വരുന്ന സംഖ്യ അടുത്തൊരു രൂപയ്ക്ക് റൗണ്ട് ഓഫ് ചെയ്യുകയും 49 പൈസയും അതിന് താഴെയുമുള്ള സംഖ്യകൾ ഉപേക്ഷിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. എന്നാലും ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപ്രകാരം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നീ ഇനങ്ങളിലെ 25 പൈസ വിട്ടുകളഞ്ഞുകൊണ്ടും (v), (viii) ഇനങ്ങളിലെ 50 പൈസ ഒരു രൂപയാക്കി ഉയർത്തിക്കൊണ്ടും എസ്.ആർ.ഒ. നമ്പർ 779/2019 ഭേദഗതി വരുത്താവുന്നതാണ്. 50 പൈസയ്ക്ക് മുകളിലുള്ളത് ഒരു രൂപയാക്കിയും ഈ പറഞ്ഞ ഇനങ്ങളിലുള്ള 25 പൈസ എന്നുള്ളത് മുഴുവൻ ഡിലീറ്റും ചെയ്യാം. ഭേദഗതി അംഗീകരിക്കുന്നു. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

മി.സ്പീക്കർ: ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

VII റിപ്പോർട്ടുകളുടെ സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 48 മുതൽ 52 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പിനുവേണ്ടി ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അംഗമായ ഞാൻ ബഹുമാനപ്പെട്ട സമിതി അദ്ധ്യക്ഷനുവേണ്ടി സമിതിയുടെ 48 മുതൽ 52 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VIII ക്രമപ്രശ്നം

(1) ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ 166 (1) പ്രകാരം 5-2-2020-ന് സഭയുടെ മേശപ്പുറത്തുവച്ച ചുവടെചേർക്കുന്ന എസ്.ആർ.ഒ.-കൾ ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചത്. ഇനം

2 ക്രമ നമ്പർ 4 12/2020, ഇനം 12 ക്രമ നമ്പർ 5828/2019, ഇനം 12 ക്രമ നമ്പർ 6829/2019. എന്നാൽ പ്രസ്തുത എസ്.ആർ.ഒ.-കൾക്കും ചട്ടങ്ങൾക്കും ആധാരമായ മൂലനിയമങ്ങളായ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമവും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടും മലയാളത്തിലാണ് പ്രസിദ്ധീകരിച്ചതും പാസ്സാക്കിയതും. ചട്ടം 161-പ്രകാരം മേശപ്പുറത്തുവയ്ക്കുന്ന എസ്.ആർ.ഒ.-കൾക്ക് 167 പ്രകാരം അംഗങ്ങൾക്ക് ഭേദഗതി നൽകാൻ അവകാശമുണ്ട്. എന്നാൽ മലയാളത്തിലുള്ള നിയമങ്ങൾക്ക് ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നതുകൊണ്ട് ചട്ടം 167-പ്രകാരം ഭേദഗതി നിർദ്ദേശിക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, പഞ്ചായത്ത് രാജ് ആക്ടുമായും ബിൽഡിംഗ് റൂളുമായും ബന്ധപ്പെട്ട് സാധാരണക്കാരായ ജനങ്ങളുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു എസ്.ആർ.ഒ. ആയതുകൊണ്ട് ജനങ്ങൾക്ക് വളരെപ്പെട്ടെന്ന് മനസ്സിലാക്കാനും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭേദഗതി നൽകാനും കഴിയാത്ത ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, മലയാളഭാഷ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചിട്ടുള്ളതും മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ സഭയിൽത്തന്നെ ഇത്തരത്തിലുള്ള ലംഘനങ്ങൾ നടക്കുന്നത് തീരെ ആശാസ്യമല്ല. മാത്രമല്ല, 2016 ജൂലൈ 18-ാം തീയതി നിയമസഭ പാസ്സാക്കുന്ന മൂലനിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാളഭാഷയിൽത്തന്നെ പുറപ്പെടുവിക്കണമെന്ന് അങ്ങ് നൽകിയ റൂളിംഗ് നിലനിൽക്കെയാണ് ബന്ധപ്പെട്ട വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയത്. അതുകൊണ്ട് ഇക്കാര്യത്തിൽ റൂളിംഗ് നൽകുന്നതോടൊപ്പം പ്രസ്തുത എസ്.ആർ.ഒ.-കൾ സഭയുടെ മേശപ്പുറത്തുനിന്നും പിൻവലിക്കാനും നടപടി സ്വീകരിക്കണം. അല്ലെങ്കിൽ സ്വാഭാവികമായും 14 ദിവസം കഴിഞ്ഞാൽ ഇത് ലാപ്സായിപ്പോകുകയും ചെയ്യും ഭേദഗതി കൊണ്ടുവരാനും സാധിക്കുകയില്ല. അതുകൊണ്ട് അവ പിൻവലിക്കാൻ ആവശ്യമായ റൂളിംഗ് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരള നിയമസഭ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിക്കുകയും തുടർന്ന്, ഡിസംബർ 7-ാം തീയതി പൊതുജനങ്ങളുടെ അറിയിപ്പിലേയ്ക്കായി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് ഇംഗ്ലീഷിലും മലയാളത്തിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആക്ടിലെ വകുപ്പ് 14-പ്രകാരം ഇംഗ്ലീഷിലുള്ള ചട്ടം രൂപീകരിക്കുകയും ആയത് എസ്.ആർ.ഒ. നമ്പർ 12/2020 ആയി 6-1-2020-ലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും

ചട്ടം 166(1) പ്രകാരം 5-2-2020-ന് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ജനുവരി ആദ്യവാരം കൊച്ചിയിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ പുതുതായി സംജാതമായ വ്യവസായ അനുകൂല സാഹചര്യങ്ങളും ഇതിനായി നടത്തിയ നിയമ പരിഷ്കാരങ്ങളും അവതരിപ്പിക്കേണ്ടതായിരുന്നു. വിദേശത്തുനിന്നും ഉൾപ്പടെയുള്ള ഒട്ടനവധി നിക്ഷേപക സമൂഹം പങ്കെടുത്ത ചടങ്ങിൽ വിദേശികളടക്കം പങ്കെടുക്കുന്ന എന്നുള്ളതുകൂടി പ്രത്യേകമായി പരിഗണിച്ചുകൊണ്ട് ചടങ്ങിൽ അവയ്ക്ക് പ്രചരണം ലഭിക്കുന്നതിനുവേണ്ടിയാണ് ചട്ടങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തേണ്ട അടിയന്തര സാഹചര്യമുണ്ടായത്. ആയതിന്റെ മലയാളം പതിപ്പ് നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയോടുകൂടി ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2-1-2019-ലെ G.O.(P) No.77/2019/ LSGD, SRO No. 828/2019 ഉത്തരവുപ്രകാരം ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2-11-2019-ലെ G.O.(P) No.78/2019/LSGD SRO No.829/2019 ഉത്തരവുപ്രകാരം പുറപ്പെടുവിച്ച 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ മലയാളത്തിൽ പുറപ്പെടുവിക്കാത്തതിനെ സംബന്ധിച്ചുള്ളതാണ് ക്രമപ്രശ്നം.

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും ഒരുമിച്ച് പ്രസിദ്ധീകരിക്കാൻവേണ്ടിയാണ് സർക്കാർ തീരുമാനിച്ചിരുന്നത്. അതനുസരിച്ച് കരട് ചട്ടങ്ങൾ തയ്യാറാക്കി നൽകാൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയതനുസരിച്ച് മലയാളത്തിലെ ചട്ടങ്ങൾ തയ്യാറാക്കിവരികയാണ്. പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിഷ്കർഷിച്ചതിൻപ്രകാരം കേരളത്തിലെ ചില പ്രത്യേക പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണ വ്യവസ്ഥകൾ ലളിതമാക്കുന്നതിനായി ചില പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥയും അതിൽ ഉൾപ്പെടുത്തിയിരുന്നു. ഈ അടിയന്തര സാഹചര്യത്തിലാണ് ഇംഗ്ലീഷിൽ ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടി വന്നത്. ഇതിന്റെ മലയാളത്തിലുള്ള ചട്ടങ്ങൾ തയ്യാറാക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഉടൻതന്നെ ഇത് പ്രസിദ്ധീകരിക്കുന്നതാണ്. 2019-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയുടെ മലയാളം പകർപ്പ് അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു. കാലതാമസമില്ലാതെ ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലെ കാലതാമസം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ സ്പീക്കർ നിരവധി തവണ റൂളിംഗ് നൽകിയ ഒരു വിഷയത്തെ സംബന്ധിച്ചാണ് ഞാൻ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഒന്നാം സമ്മേളനത്തിലെ 2016 ജൂലൈ 13, പതിനഞ്ചാം സമ്മേളനത്തിലെ 2019 ജൂൺ 13 എന്നീ തീയതികളിൽ അങ്ങ് ഇതുസംബന്ധിച്ച് ശക്തമായ റൂളിംഗ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ സ്പിരിറ്റ് ഉൾക്കൊള്ളുന്നതായും ജാഗ്രത കാണിക്കുന്നതായും കാണുന്നില്ല. ഞാൻ പലതവണ അങ്ങേയ്ക്ക് ഇതുസംബന്ധിച്ച വിശദാംശങ്ങൾ സഹിതം കത്ത് നൽകിയിരുന്നു. പഴയ സ്ഥിതിതന്നെയാണ് ഇപ്പോഴും തുടരുന്നത്. ചട്ടം 47-ന്റെ നഗ്നമായ ലംഘനമാണ് ഇക്കാര്യത്തിലുണ്ടാകുന്നത്. To elicit details from the Government എന്നത് നിയമസഭാ സാമാജികരുടെ അവകാശമാണ്. അതനുസരിച്ച് 3-2-2020-ലെ നക്ഷത്രചിഹ്നമിടാത്ത 390 ചോദ്യങ്ങളുണ്ടായിരുന്നതിൽ 114 ചോദ്യങ്ങൾക്കാണ് കൃത്യസമയത്ത് മറുപടി ലഭിച്ചത്. അതിൽത്തന്നെ പലതിനും വിവരം ശേഖരിച്ചുവരുന്നുവെന്നുള്ളതാണ് മറുപടി. ഈ സമ്മേളനത്തിൽ അംഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യങ്ങളിൽ 237 എണ്ണത്തിന് മറുപടി ലഭിക്കാനുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി 157 ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതായിട്ടുണ്ട്. ഫെബ്രുവരി 4-ാം തീയതി കിഫ്ബി സംബന്ധിച്ച് ഭരണ-പ്രതിപക്ഷ അംഗങ്ങൾ നൽകിയ 36 ചോദ്യങ്ങളിൽ ഒന്നിനുപോലും യഥാസമയം മറുപടി ലഭിച്ചില്ല. പത്തുദിവസത്തെ നോട്ടീസോടുകൂടി അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഒരു സമ്മേളനം കഴിഞ്ഞാൽപ്പോലും മറുപടി നൽകാത്തത് സഭയോടുള്ള അവഹേളനം തന്നെയാണ്. ഇക്കാര്യത്തിൽ ബഹുമാന്യനായ അങ്ങയുടെ ശക്തമായ ഇടപെടലും അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നടപടിയും ഉണ്ടാകണം. അത് അങ്ങ് പരിശോധിക്കണം. അതുകൊണ്ടാണ് ഇതൊരു ക്രമപ്രശ്നമായി ഉന്നയിച്ചത്.

(3) ഉപധനാഭ്യർത്ഥന പാസ്സാക്കാത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, 2019-20-ലെ സപ്ലിമെന്ററി ഡിമാന്റിന്റെ സ്റ്റേറ്റ്മെന്റ് 7-2-2020-ന് സഭയുടെ മേശപ്പുറത്ത് വച്ചെങ്കിലും പ്രസ്തുത ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കും അതുസംബന്ധിച്ച അപ്രോപ്രിയേഷൻ ബിൽ പരിഗണിക്കുന്നതിനും ഈ സമ്മേളനത്തിൽ സമയം അനുവദിച്ചിട്ടില്ല. ഉപധനാഭ്യർത്ഥനകൾ അതേ സമ്മേളനത്തിൽത്തന്നെ ചർച്ചചെയ്ത് പാസ്സാക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് വിരുദ്ധമായ നടപടിയാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഇതിനുമുമ്പ് ചെയ്തിരുന്നു. നിരന്തരമായ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ്

ഉണ്ടായിട്ടുണ്ട്. അത് നല്ല പ്രാക്ടീസല്ല. സപ്ലിമെന്ററി ഡിമാന്റും അതിന്റെ അപ്രോപ്രിയേഷനും അതുവയ്ക്കുന്ന അതേ സമ്മേളനത്തിൽത്തന്നെ പാസ്സാക്കണമെന്ന റൂളിംഗുകളും നിലനിൽക്കുകയാണ്. എങ്കിൽപ്പിന്നെ റൂളിംഗിന് എന്താണ് പ്രസക്തി? റൂളിംഗ് നിലനിൽക്കുമ്പോൾ വീണ്ടും അതുതന്നെയാണ് ചെയ്യുന്നത്. അതനുസരിച്ച് ഷെഡ്യൂൾ ചെയ്യണമായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടിയിൽ ഒന്ന്, ഈ സമ്മേളനം ഒരു tight schedule ആയിരുന്നു. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനോടൊപ്പം 2019-20-ലെ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് 7-2-2020-ൽ സഭയുടെ മേശപ്പുറത്ത് വച്ചിരുന്നു. വളരെ ടൈറ്റ് ഷെഡ്യൂൾ ആയതുകൊണ്ട് നിയമസഭയുടെ നടപ്പുസമ്മേളനം ക്രമീകരിച്ചത് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ്. കൂടാതെ നടപ്പുസമ്മേളനം അവസാനിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റികളിൽ ബഡ്ജറ്റ് സംബന്ധിച്ച വിശദമായ പരിശോധനയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ ചട്ടപ്രകാരം 2020 മാർച്ച് മാസത്തിൽ പാസ്സാക്കിയാൽ മതി. അതുകൊണ്ട് ഉപധനാഭ്യർത്ഥനകൾ സഭയുടെ അടുത്ത സമ്മേളനത്തിൽ ആദ്യംതന്നെ ചർച്ച ചെയ്യും. ഇതിൽ ക്രമവിരുദ്ധമായി ഒന്നുംതന്നെയില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായിരുന്നു. പക്ഷേ, എന്തുകൊണ്ടാണ് ഉപധനാഭ്യർത്ഥനകൾ ഈ സഭയിൽ വയ്ക്കാതിരുന്നത് എന്നുള്ളതിന്റെ കാര്യം എല്ലാവർക്കും അറിയാം. ചട്ടവിരുദ്ധമായി യാതൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, കൃത്യസമയത്ത് അസംബ്ലി നടക്കാത്തത് നമ്മുടെ കുറ്റമാണോ?

ശ്രീ. എ. കെ. ബാലൻ: സർ, വേറെയേതെങ്കിലും കാലഘട്ടത്തിൽ ഒരു സ്പീക്കർ എന്തെങ്കിലും റൂളിംഗ് നൽകിക്കഴിഞ്ഞാൽ അത് സ്ഥായിയായി നിൽക്കുന്നതല്ല എന്നുള്ളത് ശ്രീ. വക്കം പുരുഷോത്തമൻ ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പറഞ്ഞതുപോലെ സഭയിൽ വയ്ക്കാതിരുന്നതിന്റെ കാരണം ഞാനിവിടെ വിശദീകരിച്ചു. അടുത്തസമ്മേളനത്തിൽ ആദ്യംതന്നെ വയ്ക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി രണ്ടാം തവണയാണ് മുൻ സ്പീക്കർമാരുടെ റൂളിംഗ് ബാധകമല്ല എന്നുപറയുന്നത്. അദ്ദേഹം പാർലമെന്റ് അംഗമായ ഒരാൾ കൂടിയാണ്. We have precedents. ലോക്സഭയിലാണെങ്കിലും രാജ്യസഭയിലാണെങ്കിലും

നിയമസഭകളിലാണെങ്കിലും മുൻകാലത്ത് സ്പീക്കർമാർ നൽകുന്ന ഉത്തരവുകൾ പ്രീസിഡന്റായി സ്വീകരിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഏത് സഭയുടെ കാര്യത്തിലാണെങ്കിലും അതാണുള്ളത്. അതുകൊണ്ട് മുൻകാലത്ത് സ്പീക്കർ നൽകിയ ഉത്തരവ് ബാധകമല്ല എന്നുപറയുന്നത് ചെയറിനോടുള്ള അവഹേളനം കൂടിയാണ്. Precedents ആണ്. അങ്ങനെയാണ് പ്രീസിഡന്റ്സ് ഉണ്ടാകുന്നത്. അത് ശരിയല്ല. അങ്ങ് സ്പീക്കർ സ്ഥാനത്തുനിന്നും മാറിയാൽ അങ്ങ് നൽകുന്ന റൂളിംഗ് അടുത്ത സഭയിൽ വരുമ്പോൾ ക്വാട്ട് ചെയ്യുന്നത് ശരിയല്ല എന്നുപറഞ്ഞാൽ എന്ത് അർത്ഥമാണുള്ളത് ? Sanctity of the chair should not be questioned. അത് ശരിയല്ല. പ്രത്യേകിച്ച് ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇങ്ങനെ നിരന്തരമായി മുൻസ്പീക്കർമാർ പറയുന്ന കാര്യങ്ങൾ ഇവിടെ ബാധകമല്ല എന്നുപറയുന്നത് ഓർഡറിലല്ല, ശരിയല്ല. സഭാനടപടി ചട്ടങ്ങളുടെ പ്രീസിഡന്റ്സ് എപ്പോഴും എടുക്കാറുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർമാർ നൽകിയിട്ടുള്ള എല്ലാ റൂളിംഗുകളെയും സംബന്ധിച്ച 'Speaker Speaks' എന്ന പുസ്തകം ലോക്സഭയിലുണ്ട്. അത് ലോക്സഭയിലെ എല്ലാവരും ഉദ്ധരിക്കുന്നുമുണ്ട്.

മി. സ്പീക്കർ: അത് ഇവിടെയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശക്ധർ ആന്റ് കൗൾ, അവർ രണ്ടുപേരും ലോക്സഭയിലെ സെക്രട്ടറിമാരായിരുന്നു. അവരുടെ പുസ്തകമല്ലേ ഇവിടെ ക്വാട്ട് ചെയ്യാറുള്ളത്. അപ്പോൾ 'Speaker Speaks' എന്നുപറയുന്നത് ഒരു പ്രീസിഡന്റാണ്. നിയമസഭാ നടപടിക്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ബഹുമാന്യരായ സ്പീക്കർമാരുടെ റൂളിംഗ് സഹായകരമായിരിക്കും. ഇടയ്ക്കിടയ്ക്ക് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഏതെങ്കിലും സ്പീക്കർ പറയുന്നതൊന്നും പിന്നീട് ബാധകമല്ലെന്ന് പറയുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് അതിലുണ്ട്. Always he is making some precedents എന്ന് ഇപ്പോൾ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ഓവർറൂൾ ചെയ്തുകൊണ്ടാണ് എല്ലാ മറുപടിയിലും പറഞ്ഞത്. അദ്ദേഹം പുതിയ പ്രീസിഡന്റുണ്ടാക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നിലവിലുള്ള ചില സാഹചര്യങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് പഴയ സ്പീക്കർമാരുടെ റൂളിംഗ് അതേരൂപത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്ത ചില സാഹചര്യങ്ങൾ വരുമ്പോൾ, (...ബഹളം..)

മി. സ്പീക്കർ: ഞാൻ റൂൾ ചെയ്തോളാം. അദ്ദേഹം പറയട്ടെ.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യും. നിലവിലുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ സ്പീക്കർമാർതന്നെ ആദ്യം കൊടുത്ത റൂളിംഗ് വേവ് ചെയ്തിട്ടുണ്ട്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ സ്പീക്കറായിരിക്കുന്ന സമയത്ത് ശ്രീ. എം. വിജയകുമാറിന്റെ ഒരു റൂളിംഗ് വരികയുണ്ടായി. ശ്രീ. എം. വിജയകുമാറിന്റെ റൂളിംഗ് എനിക്ക് ആപ്ലിക്കബിളല്ല, ഞാൻ പുതിയ റൂളിംഗാണ് ഇതിന് കൊടുക്കുന്നതെന്ന് അദ്ദേഹം തുറന്നുപറഞ്ഞു. അങ്ങനെയുള്ള സന്ദർഭങ്ങൾ അപൂർവ്വമായി വരാറുണ്ട്.

മി. സ്പീക്കർ: കീഴ്വഴക്കങ്ങൾ പുതിയ റൂളിംഗിലൂടെ തിരുത്താവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഓവർറൂൾ ചെയ്യണമെന്ന് ഞാൻ പറഞ്ഞിട്ടില്ല; ബഹുമാന്യരായ സ്പീക്കർമാർക്ക് തിരുത്താവുന്നതാണെന്ന് പറഞ്ഞു. ഇവിടെ ഇപ്പോൾ പറഞ്ഞിട്ടുള്ള കാര്യം ശരിയാണ്. അതേ സെക്ഷനിൽതന്നെ സപ്ലിമെന്ററി ഡിമാന്റ് ചർച്ച ചെയ്യണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ കൊടുത്ത റൂളിംഗ് ഇവിടെയുണ്ട്. അത് സാധിക്കാതിരുന്നതിന്റെ സാഹചര്യം ഇവിടെ വെളിപ്പെടുത്തിയെന്നുമാത്രം.

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തേയുള്ള ഒരു സ്പീക്കറുടെ റൂളിംഗ് ഓവർറൂൾ ചെയ്യാനുള്ള എന്തുസാഹചര്യമാണുള്ളത്? അതിന് എന്തെങ്കിലും കാരണമുണ്ടോ? ഒന്നും ഉണ്ടായിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം പൊതുവിൽ നിയമസഭാംഗങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടണമെന്ന നിലപാടിൽ തന്നെയാണ് സർക്കാർ നിൽക്കുന്നത്. ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാൻ ചില കാര്യങ്ങളിൽ കാലതാമസം വന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്. ആ കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

റൂളിംഗ്

മി. സ്പീക്കർ: നിയമസഭ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 5-2-2020-ന് സഭയുടെ മേശപ്പുറത്തുവച്ചതുമായ ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും മലയാളം മൂലനിയമമാക്കി സഭ പാസ്സാക്കിയ മേൽപ്പറഞ്ഞ മൂന്ന് നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചത് ക്രമപ്രകാരമല്ലെന്നും അതിനെതിരെ ശക്തമായ റൂളിംഗ് വേണമെന്നുമാണ് ശ്രീ. എം. ഉമ്മർ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇവിടെ പരാമർശിക്കപ്പെട്ട ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വിശദീകരിക്കുകയുണ്ടായി.

പുതിയ വ്യവസായ നയത്തിന്റേയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ അംഗീകരിക്കാവുന്നതാണെങ്കിലും വിശദമായി ചെയർ പരിശോധിച്ച സാഹചര്യത്തിൽ ന്യായവാദങ്ങൾ എന്തുതന്നെയായാലും സഭ മലയാള ഭാഷയിൽ പാസ്സാക്കിയ ഒരു മൂലനിയമത്തിന്മേൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആദ്യം ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കുന്നത് അംഗീകരിക്കാനാവില്ല. ഏതെങ്കിലും കാരണത്താൽ മലയാളത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെ ഇംഗ്ലീഷ് ഭാഷ അനിവാര്യമാണെന്ന് തോന്നുന്നപക്ഷം മലയാളം ചട്ടങ്ങളുടെ ഇംഗ്ലീഷ് പരിഭാഷകൂടി ഉടൻ പുറപ്പെടുവിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 348(3)-ൽ അതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സഭ മലയാളത്തിൽ പാസ്സാക്കുന്ന മൂലനിയമത്തെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ അവ ആദ്യം മലയാള ഭാഷയിൽത്തന്നെ ആയിരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ ഈ അവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇനിമേൽ ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ചെയർ അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട വളരെ ഗുരുതരമായ മറ്റൊരു കാര്യംകൂടി ഇത്തരുണത്തിൽ സൂചിപ്പിക്കുകയാണ്. മുകളിൽ പരാമർശിക്കപ്പെട്ട 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ വളരെയേറെ ബൃഹത്തും ഓരോന്നിലും നൂറിലധികം ചട്ടങ്ങളും ഉപചട്ടങ്ങളും ഫോറങ്ങളും അനുബന്ധങ്ങളും ഉൾപ്പെടുന്നതുമായ വളരെ പ്രധാനപ്പെട്ട രേഖയാണെന്നും കാണാവുന്നതാണ്.

ഇത്രമാത്രം പ്രധാനപ്പെട്ടതും എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാരെയും ബാധിക്കുന്നതുമായ ഒരു ചട്ടനിർമ്മാണം സബ്ജക്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട സഭാ ചട്ടങ്ങളിലെ ചട്ടം 238 പ്രകാരമുള്ള മുൻകൂർ പരിശോധന കൂടാതെയാണ് പുറപ്പെടുവിച്ചതെന്ന് കാണുന്നു. ഈ നടപടിയും പൊതുവേ അംഗീകരിക്കുവാൻ കഴിയുന്നതല്ല. സമഗ്രമായ ചട്ടങ്ങളാണ് രൂപീകരിക്കുന്നതെങ്കിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന (Prior scrutiny) കൂടാതെ പുറപ്പെടുവിക്കുന്നത് സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണത്തിന് പിന്നിലെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന ഒന്നായി മാറുന്നതാണ്. ഇപ്പോൾ അവ സാധൂകരണത്തിനായി സബ്ജക്ട് കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽപ്പോലും ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്നുകൂടി അറിയിക്കുന്നു.

നടപ്പുസാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി 7-2-2020-ന് സഭയിൽ സമർപ്പിച്ചുവെങ്കിലും അതിന്മേലുള്ള ചർച്ചയും വോട്ടെടുപ്പിനുമായി ഈ സമ്മേളനത്തിൽ സമയം നീക്കി വയ്ക്കാതിരിക്കുന്നതുമൂലം ഉളവാകാതിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

സാധാരണഗതിയിൽ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചുകഴിഞ്ഞാൽ അത് അതേ സമ്മേളനത്തിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നതാണ് നമ്മുടെ നടപടിക്രമവും കീഴ്വഴക്കവും. എന്നാൽ നമുക്കൊക്കെ അറിയാവുന്നതുപോലെ നമ്മുടെ സഭ ഈ വർഷം Vote on Account കൂടാതെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാനുള്ള ശ്രമത്തിലാണ്. സഭ ഇന്ന് പരിഞ്ഞുകഴിഞ്ഞാൽ അടുത്ത രണ്ടാഴ്ചകൊണ്ട് സബ്ജക്ട് കമ്മറ്റികളുടെ ബഡ്ജറ്റ് സ്ക്രൂട്ടിനി നടത്തേണ്ടതുമുണ്ട്. അതിനുശേഷം സഭ വീണ്ടും സമ്മേളിച്ച് ബഡ്ജറ്റ് സമ്പൂർണ്ണമായി ചർച്ച ചെയ്ത് മാർച്ച് 31-ന് മുമ്പായി പാസ്സാക്കേണ്ടതുമുണ്ട്. സ്വാഭാവികമായും സമയക്കുറവ് ഇക്കാര്യങ്ങളിലൊക്കെ നമ്മെ അലട്ടുന്നുണ്ട്.

ഉപധനാഭ്യർത്ഥനകളുടെ കാര്യത്തിൽ സാങ്കേതികമായി അവ മാർച്ച് 31-ന് മുമ്പായി പാസ്സാക്കിയാൽ മതിയെങ്കിൽപ്പോലും കഴിയുന്നത്ര വേഗത്തിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നത് തന്നെയാണ് ഉത്തമ മാതൃക. ഇക്കാര്യത്തിൽ നടപടിക്രമത്തിൽ വീഴ്ച ഇല്ലാത്തതിനാലും സഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഇതിനായുള്ള സമയം ക്രമീകരിക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ക്രമപ്രശ്നം നിലനില്ക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത് വസ്തുതാപരമായ ഒരു കാര്യം തന്നെയാണ്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തത് സംബന്ധിച്ച് സമാനമായ ക്രമപ്രശ്നങ്ങൾ നിരവധി തവണ ഉന്നയിച്ചിട്ടുള്ളതും വ്യക്തമായി റൂളിംഗ് നൽകിയിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗുണപരമായ വലിയ മാറ്റങ്ങൾ പൊതുവിൽ പ്രകടമാണ് എന്നതാണ് വസ്തുത. ചില വകുപ്പുകളുടെ കാര്യത്തിൽ ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ആശാവഹമല്ല എന്നാണ് ഈ സമ്മേളനത്തിലും പ്രകടമാകുന്നത്. ഇതേവിഷയത്തിൽ സഭയുടെ 16-ാം സമ്മേളന സമയത്ത് ഉന്നയിക്കപ്പെട്ട ഒരു ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ യഥാസമയം മറുപടി

ലഭിക്കാത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കൊപ്പം സമർപ്പിക്കേണ്ട ഡിലേ സ്റ്റേറ്റ്മെന്റുകൾക്ക് ഒരു നിർദ്ദിഷ്ട മാതൃക നിശ്ചയിക്കുകയും ആയത് സർക്കുലർ പ്രകാരം എല്ലാ വകുപ്പുകളേയും അറിയിക്കുകയും ചെയ്തതായി മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നത്തിലെ ബഹുഭൂരിപക്ഷം ചോദ്യങ്ങൾക്കുമുള്ള മറുപടി ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയിരുന്നുവെങ്കിലും അവ സർക്കാർ സർക്കുലറിലൂടെ നിഷ്കർഷിച്ചിരുന്ന മാതൃകയിലല്ലാത്തതിനാൽ അപ്രകാരം റിവൈസ് ചെയ്യുന്നതിനായി തിരിച്ചയയ്ക്കുകയായിരുന്നു. അവ ഉൾപ്പെടെയുള്ള മറുപടികളാണ് ഇപ്പോൾ കൂടിശ്ശികയായി നിൽക്കുന്നത്.

സഭാതലത്തിൽ നൽകിയ റൂളിംഗിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് തന്നെ നിഷ്കർഷിച്ച മാതൃകയിൽനിന്നും വിരുദ്ധമായി തയ്യാറാക്കി ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ഒരു കാരണവശാലും സ്വീകരിക്കാൻ കഴിയുന്നവയല്ല എന്ന സാഹചര്യമുള്ളതുകൊണ്ടാണ് ഇത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ പുതുക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി കൂടിശ്ശികയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങളുടേതുകൂടി അടിയന്തരമായിത്തന്നെ ലഭ്യമാക്കേണ്ടതാണെന്നും റൂൾ ചെയ്യുന്നു.

1.00 pm]

IX വ്യക്തിപരമായ വിശദീകരണം

ഏറനാട് എം.എൽ.എ.യുടെ പരാമർശം

ശ്രീ. എം. നൗഷാദ്: സർ, ഇന്നലെ (11-2-2020) ഈ സഭയിൽ പഞ്ചായത്ത്രാജ്, മുനിസിപ്പാലിറ്റി ബില്ലുകളുടെ ഭേദഗതി ചർച്ചാവേളയിൽ ഇടപെട്ട് സംസാരിച്ച ബഹുമാന്യനായ പി. കെ. ബഷീർ കഴിഞ്ഞ കൊല്ലം കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ഞാൻ ഡെപ്യൂട്ടി മേയറായി തെരഞ്ഞെടുക്കപ്പെട്ടത് എസ്.ഡി.പി.ഐ. ഉൾപ്പെടെയുള്ള വർഗ്ഗീയ പാർട്ടികളുടെയും സംഘടനകളുടെയും പിന്തുണയോടു കൂടിയാണെന്ന പരാമർശം നടത്തുകയുണ്ടായി. ഇത് തികച്ചും അടിസ്ഥാനരഹിതമാണ്. വളരെ ബോധപൂർവ്വം എന്നെ വ്യക്തിപരമായി ആക്ഷേപിക്കുന്നതിനുവേണ്ടി നടത്തിയ പരാമർശമാണിത്. ലീഗിന്റെ ജില്ലാ പ്രസിഡന്റും ഹൈപവർ കമ്മിറ്റിയംഗവും മുൻ നിയമസഭാ അംഗവും പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കൗൺസിൽ മെമ്പറും കോർപ്പറേഷൻ കൗൺസിലറുമൊക്കെയായിരുന്ന എന്റെ അയൽക്കാരൻ കൂടിയായിരുന്ന ശ്രീ. എ. യൂനസ് കുഞ്ഞിനെ 2005-ലെ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ 1838 വോട്ടിന്റെ

ഭ്രരിപക്ഷത്തിൽ തോൽപ്പിച്ച അന്നുമുതൽ തുടങ്ങിയ വ്യക്തിപരമായ ആക്ഷേപങ്ങളുടെ തുടർച്ചയായാണ് ഈ പരാമർശം ഇവിടെ നടത്തിയിട്ടുള്ളത്. എന്റെ പഞ്ചായത്ത് വടക്കേവിളയായിരുന്നു, തൊട്ടടുത്ത പഞ്ചായത്തായ ഇരവിപുരത്തെ ഭരണപങ്കാളിയായിരുന്ന ലീഗിന് ഇപ്പോൾ കൊല്ലം കോർപ്പറേഷൻ കൗൺസിലിൽ ഒരൊറ്റ അംഗം പോലുമില്ലാതെ ഒരു ബിഗ് സീറോ ആയിപ്പോയതിന്റെ കുശുമ്പാണ് ശ്രീ. പി. കെ. ബഷീർ ഇപ്പോൾ ഇവിടെ കാണിച്ചിട്ടുള്ളത്. വസ്തുത എന്താണെന്ന് ചോദിച്ചാൽ ഞാൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ടത് എസ്.ഡി.പി.ഐ.-യുടെയോ മറ്റോ പിന്തുണയോടുകൂടിയല്ല. അവിടെ യു.ഡി.എഫ്. അംഗമായിരുന്ന, ശ്രീ. സതീശൻ എനിക്ക് വോട്ട് ചെയ്യുവെന്നുള്ളത് വസ്തുതയാണ്. കോൺഗ്രസിനെ വർഗ്ഗീയ പാർട്ടിയായി ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇത് ബോധപൂർവ്വം വ്യക്തിപരമായി ആക്ഷേപിക്കാൻവേണ്ടി നടത്തിയ പരാമർശമാണ്. അത് രേഖകളിലുണ്ടാകാൻ പാടില്ല. അടിസ്ഥാനരഹിതമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. പി. കെ. ബഷീർ നടത്തിയ പരാമർശം പിൻവലിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ...(മൈക്ക് ഓഫ്)...

<u>മി. സ്പീക്കർ</u>: ചട്ടം 288 പ്രകാരമുള്ള വിശദീകരണത്തിൽ ചർച്ചയില്ല. അങ്ങയുടെ ആവശ്യമെന്താണ്. പറഞ്ഞത് പിൻവലിക്കാൻ വേണ്ടിയാണോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ അങ്ങനെ പറഞ്ഞില്ല. സഭാരേഖ നോക്കണം. വെറുതേ നന്നായി പ്രസംഗിക്കാൻ അവസരം കിട്ടിയെന്നല്ലാതെ വേറെ എന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി റൂളിംഗുകളെ സംബന്ധിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അതിൽ റൂൾ ചെയ്യാമെന്ന് പറഞ്ഞു. കോടതിയിലായാലും നിയമസഭയിലായാലും ഒരു വിഷയത്തിൽ ഒരു റൂളിംഗ് നിലനിൽക്കുമ്പോൾ ആ റൂളിംഗാണ് ആ വിഷയത്തിൽ അപ്പോൾ നിലവിലുള്ള നിയമം. അപ്പോൾ അതു സംബന്ധിച്ച് കഴിഞ്ഞകാല സ്പീക്കർമാരുടെ റൂളിംഗ് ബാധകമാണോ അല്ലയോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഓവർറൂൾ ചെയ്യാം. ബഹുമാനപ്പെട്ട സ്പീക്കർ അതിന്റെ പൊസിഷനെന്താണെന്ന് വ്യക്തമാക്കാമെന്ന് പറഞ്ഞു. ഇവിടെയുള്ള ക്രമപ്രശ്നങ്ങളെല്ലാം പറഞ്ഞ കൂട്ടത്തിൽ അത് വ്യക്തമാക്കി കണ്ടില്ല. കഴിഞ്ഞകാല സ്പീക്കർമാർ ഒരു വിഷയത്തിൽ പറഞ്ഞ റൂളിംഗ് ഓവർറൂൾ ചെയ്യാത്തിടത്തോളം കാലം അത് നിലനിൽക്കുന്നതല്ലേ എന്നതാണ് എന്റെ ക്രമപ്രശ്നം.

മി. സ്പീക്കർ: ഒരു റൂളിംഗ് നിലവിലുള്ളപ്പോൾ ആ റൂളിംഗിനെ സംബന്ധിച്ചുള്ള കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിലാണ് പോകുന്നത്. പക്ഷെ പുതിയ റൂളിംഗുകളുടെ പശ്ചാത്തലത്തിൽ ആ റൂളിംഗുകൾ മാറും. റൂളിംഗ് എന്നുപറഞ്ഞാൽ എല്ലാകാലത്തും മാറ്റാൻ പറ്റാത്ത ഇരുമ്പുലക്ക പോലെയുള്ള സംഗതിയല്ല. സാഹചര്യങ്ങൾക്കനുസരിച്ച് മാറേണ്ടിവരും. അപ്പോൾ പുതിയ റൂളിംഗ് വരുന്നതോടുകൂടി പഴയ റൂളിംഗ് അപ്രസക്തമാകും. ഓവർറൂൾ ചെയ്യുവെന്ന് പ്രത്യേകം പറയേണ്ട കാര്യമില്ല.

X ധനകാര്യം

2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. കെ. ദാസൻ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച 2020-21 വർഷത്തെ ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു. ബാപ്പുജിയുടെ കൊലപാതക ചിത്രം മുഖചിത്രമാക്കിയുള്ള പുസ്തകവുമായിട്ടാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണത്തിനായി സഭയിലെത്തിയത്. അതൊരു പ്രതീകമാണ്. വർഗ്ഗീയതയ്ക്കെതിരായും വികസനമുന്നേറ്റത്തിനായും തീർത്ത ഇടത് പ്രതിരോധത്തിന്റെ പ്രതീകമാണ് ആ മുഖചിത്രം. 1948 ജനുവരി 30-ലെ ബിർള മന്ദിരത്തിൽ നിന്നും പ്രാർത്ഥനാനിരതനായി 'റാം റാം' എന്ന് ഉരുവിട്ടുകൊണ്ട് പുറത്തേയ്ക്കുവന്ന ഗാന്ധിജിയുടെ ഇടനെഞ്ചിലേയ്ക്ക് വെടിയുണ്ടകളുതിർത്ത നാഥുറാം വിനായക് ഗോഡ്സെ ഉച്ചത്തിൽ വിളിച്ചത് 'ജയ് ശ്രീറാം, ജയ് ശ്രീറാം' എന്നാണ്. വർഷങ്ങൾക്കിപ്പുറം ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ മുസ്ലീം ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന ഹിന്ദു ഭീകരരുടെ കണ്ണുങ്ങളിൽ നിന്ന് അതേ 'ജയ് ശ്രീറാം' വിളി മുഴങ്ങിക്കേൾക്കുമ്പോൾ എങ്ങനെയാണ് ഗാന്ധിജിയെ ഓർക്കാതിരിക്കുക, എങ്ങനെയാണ് നാം അഭിനവ ഗോഡ്സെമാരെ മറക്കുക. എഴുത്തുകാരേ നിങ്ങൾ ഏത് ചേരിയിലെന്ന മാക്സിം ഗോർക്കിയുടെ ആ പഴയ ചോദ്യത്തിന് ഇടതുപക്ഷം നൽകുന്ന മറുപടിയാണ് ഈ ബഡ്ജറ്റെന്നതിനാലും ജനക്ഷേമകരമായ പദ്ധതികൾകൊണ്ട് കേരള വികസനത്തിന് പുതിയ അദ്ധ്യായം രചിക്കുന്നു എന്നതിനാലും ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

അർഹമായ ജി.എസ്.ടി. വിഹിതം നൽകാതെയും കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ഫണ്ട് വെട്ടിച്ചുരുക്കിയതും പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായ ദുരിതങ്ങൾക്ക് സ്വാഭാവികമായും കിട്ടേണ്ട ഫണ്ട് നിഷേധിച്ചും കേരളത്തിന്റെ സാമ്പത്തിക നിലയെ ശ്വാസം മുട്ടിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേരളത്തെ പാകിസ്ഥാന് തുല്യമായി കണക്കാക്കിയിട്ടുള്ള പകപോക്കൽ നയം കേന്ദ്രം തുടരുമ്പോൾ തളരില്ല ഞങ്ങൾ എന്ന വ്യക്തമായ സന്ദേശം നൽകിയ

ബഡ്ജറ്റാണ് ഈ വർഷത്തെ ബഡ്ജറ്റ്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധവും കോർപ്പറേറ്റ് അനുകൂലവുമായ ബഡ്ജറ്റിന് നേർവിപരീത ദിശയിൽ ജനോപകാര പ്രദമായിട്ടുള്ള ക്ഷേമനടപടികളും പദ്ധതികളും പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് കേരളീയ ജനജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാൻ പ്രാപ്തമാക്കുന്നത്. രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കാൻവേണ്ടി മാത്രമുള്ള ഓഫർ മേളയായി കേന്ദ്ര ബഡ്ജറ്റ് മാറിയത് നാം കണ്ടതാണ്. കേന്ദ്ര സർക്കാർ ഈ ജനവിരുദ്ധ, സ്വകാര്യവത്കരണ, കോർപ്പറേറ്റ് അനുകൂല നയത്തിന്റെ ബാറ്റൺ ഏറ്റുവാങ്ങിയത് പഴയ കോൺഗ്രസ് നയിച്ച ഗവൺമെന്റിൽ നിന്നാണ്. വിൽപ്പനയ്ക്കായി സ്വകാര്യ വ്യക്തികളെ ക്ഷണിച്ച് കാത്തിരിക്കുന്ന സ്ഥാപനങ്ങളെ ഏറ്റുവാങ്ങാൻ തയ്യാറാണെന്ന് പറഞ്ഞ് വീണ്ടുംവീണ്ടും കേന്ദ്രത്തോട് കേരളം അഭ്യർത്ഥിക്കുകയാണ്. ഏറ്റവുമൊടുവിൽ തിരുവനന്തപുരം വിമാനത്താവളത്തിനുവേണ്ടി വീണ്ടും ഇറങ്ങുകയാണ്. ഇതാണ് നയപരമായ വ്യത്യാസം. ഇത് ജനങ്ങൾക്കുവേണ്ടിയുള്ള, അവരുടെ നികുതിപ്പണംകൊണ്ട് പടുത്തുയർത്തിയ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ജനകീയ നയമാണ്. ഈ നയത്തിന്റെ തുടർച്ചയിലൂന്നിയ നിലപാടുകളുമായിട്ടാണ് കേരളം ബദൽ വികസന കാഴ്ചപ്പാടുകളോടുകൂടി ഈ ജനകീയ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. 25 രൂപയ്ക്ക് ഭക്ഷണം ലഭ്യമാകുന്ന 1000 ഹോട്ടലുകൾ കേരളത്തിലെമ്പാടും ആരംഭിക്കാൻ വിഭാവന ചെയ്യുന്ന ഒരു ബഡ്ജറ്റിനെ സാധാരണക്കാരുടെ ബഡ്ജറ്റായി നാം കാണേണ്ടതാണ്. മത്സ്യത്തൊഴിലാളികളടക്കം പതിനായിരക്കണക്കിന് സാധാരണക്കാരുടെ ജീവിതം കെട്ടിപ്പടുക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും പരിരക്ഷിക്കാനും ആവശ്യമായിട്ടുള്ള ശക്തമായ നിലപാടുകൾ ഈ ബഡ്ജറ്റിൽ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. കയർ, കശുവണ്ടി, കൈത്തറി, ഖാദി, മത്സ്യബന്ധനം തുടങ്ങി എല്ലാ മേഖലകളിലും വളരെ ആശ്വാസകരമായ നടപടികളാണ് പ്രഖ്യാപിച്ചത്. കാർഷിക മേഖലയിൽ വാണിജ്യവിളകൾക്ക് ആശ്വാസം പകരാനും പച്ചക്കറി കൃഷി ജനകീയമായി വ്യാപിപ്പിക്കാനും ബഡ്ജറ്റ് ഊന്നൽ നൽകുന്നുണ്ട്. നെൽകൃഷിക്ക് മാത്രമായി 40 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ആരോഗ്യ മേഖലയിൽ ഏറ്റവും ശ്രദ്ധേയമായി തോന്നിയത് കേരളത്തിന്റെ സ്വന്തം മരുന്നുല്പാദന സ്ഥാപനത്തിൽ നിന്നും ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകളുടെ ഉല്പാദനം ആരംഭിക്കുമെന്നും അത് വിലകുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുമെന്നുമുള്ള പ്രഖ്യാപനമാണ്. ലക്ഷക്കണക്കിന് വരുന്ന ക്യാൻസർ/ ഹൃദ്രോഗ ബാധിതർക്ക് ഏറെ ആശ്വാസകരമായ നടപടിയാണിത്. ഗ്രാമീണ റോഡുകൾക്കും ജലപാതയ്ക്കും അതിവേഗ റെയിൽവേ പദ്ധതിക്കും ഈ ബഡ്ജറ്റ് നൽകുന്ന പരിഗണന അഭിനന്ദനാർഹമാണ്. തീരദേശ മേഖലയിലെ സ്കൂളുകൾക്ക് കിഫ്ബി വഴി പണം നൽകാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു. ഒന്നും

രണ്ടുമല്ല, 60-ഉം 70-ഉം സ്കൂളുകൾക്കാണ് പണം അനുവദിച്ചത്. ഇപ്പോൾ നടന്നു വരുന്ന പദ്ധതികളെല്ലാം പൂർത്തിയാകുമ്പോൾ ഉത്ഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിമാർ ഓരോ ആഴ്ച വീതമെങ്കിലും ഓരോ മണ്ഡലത്തിലും ക്യാമ്പ് ചെയ്യണമെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാർക്ക് ഈ കാര്യത്തിൽ വിയോജിപ്പിന്റേതായ ഒരു കാര്യവും ചൂണ്ടിക്കാണിക്കാനുണ്ടാകില്ല. അവരുടെ മണ്ഡലത്തിൽ, ഭരണകക്ഷിയിലെ എം.എൽ.എ.-മാരെക്കാൾ കൂടുതൽ ഫണ്ട് അവർക്ക് അനുവദിച്ചതായിട്ടാണ് ബഡ്ജറ്റ് രേഖ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. എന്നിട്ടുപോലും വിമർശനങ്ങളാണ് അവർ ഉന്നയിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്റെ ജില്ലയിൽ കോൺഗ്രസ് എം.എൽ.എ.-മാരില്ലാത്തതുകൊണ്ട് മുസ്ലീം ലീഗിന്റെ മൂന്ന് എം.എൽ.എ.-മാർക്ക് അഞ്ച് കോടി രൂപ വീതം അനുവദിച്ചു. നാട്ടിൻപുറത്തെ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള ഫണ്ടാണ് അന്ന് അനുവദിച്ചത്. ഞങ്ങൾക്ക് ഒരു പൈസപോലും അന്ന് പ്രഖ്യാപിച്ചിരുന്നില്ല. കൊടുവള്ളി, തിരുവമ്പാടി, കോഴിക്കോട് നോർത്ത് എന്നീ മൂന്ന് മണ്ഡലങ്ങളിലേയ്ക്കാണ് അഞ്ച് കോടി രൂപ പ്രഖ്യാപിച്ചത്. വളരെ രഹസ്യമായി കൊടുത്ത പണമായിരുന്നു. വീണ്ടും പ്രതിപക്ഷ എം.എൽ.എ.-മാർ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയെക്കണ്ട് ഇക്കാര്യം പറഞ്ഞപ്പോൾ നിങ്ങൾക്ക് 2 കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞു, അപ്പോൾ 50,000 രൂപ കൂടി കൂട്ടിത്തരണമെന്ന് ഞാൻ ആവശ്യപ്പെട്ടപ്പോൾ അത് നൽകാതെ 2 കോടി രൂപ മാത്രമാണ് നൽകിയത്. ഇങ്ങനെ തികച്ചും പക്ഷപാതപരമായി പ്രവർത്തിച്ച യു.ഡി.എഫ്.-ന്റെ ഭരണകാലം മാറി ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ ഭരണകക്ഷിയേക്കാൾ കൂടുതൽ പണം പ്രതിപക്ഷ ബെഞ്ചിലിരിക്കുന്ന ആളുകൾക്ക് അനുവദിക്കുന്ന സമീപനം സ്വീകരിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണ ചരിത്രത്തിൽ പ്രതിപക്ഷമെന്നോ, ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ 141 എം.എൽ.എ.-മാരെയും ഒരുപോലെ കാണുന്ന സമീപനമാണ് കേരളത്തിൽ സ്വീകരിക്കുന്നത്. കിഫ്ബി ഫണ്ടിന്റെ അവലോകന റിപ്പോർട്ട് വന്നപ്പോൾ ധാരാളം തുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള ആളുകളുടെ മണ്ഡലത്തിലേയ്ക്ക് ഒഴുകി വന്നിരിക്കുന്നത്. 450 കോടിയിലധികം രൂപയുടെ കണക്ക് ഇപ്പോൾ വന്നിട്ടുണ്ട്. ഏതായാലും മണ്ഡലത്തിന് അനുവദിച്ച പണം വിനിയോഗിക്കുന്നതിൽ വിമർശനങ്ങൾ മാറ്റിവയ്ക്കുന്നത് നല്ലതാണ്. ക്രിയാത്മകമായ പ്രവർത്തനമാണ് നമുക്ക് ആവശ്യമായുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായ പശ്ചാത്തല വികസനത്തെ നാട്ടിലെ ജനങ്ങൾ വളരെ ആവേശത്തോടെയാണ് കാണുന്നത്. പശ്ചാത്തല വികസനത്തിനുള്ള പണത്തിന്റെ പ്രശ്നം വന്നപ്പോൾ അതുകൂടി മറികടക്കാനാവശ്യമായ നടപടിയായിട്ടാണ് കിഫ്ബിയെ സംസ്ഥാനം ഉപയോഗിച്ചത്. അത് പുതുമയാർന്ന

ഒരു പദ്ധതിയാണ്. അതിന്റെ ഭാഗമായി എന്റെ മണ്ഡലമുൾപ്പെടെയുള്ള എല്ലാ മണ്ഡലങ്ങളിലും വികസനം വളരെ വേഗത്തിൽ നടപ്പിലാകുന്നു എന്നതിൽ യാതൊരു സംശയവുമില്ല. പുരോഗതിയുടെ ചാലകശക്തിയായി ഈ ഗവൺമെന്റ് മാറുകയാണ്. സൂക്ഷ്മവും സുദ്ഢവും ദീർഘവീക്ഷണത്തോടുകൂടിയതുമായ വികസന കാഴ്ചപ്പാടിലൂടെ കേരളത്തിന്റെ സർവ്വ പശ്ചാത്തല മേഖലകളും വികസിക്കുകയാണ്. അസൂയാവഹമായ ഈ നേട്ടത്തെ കുറച്ചുകാട്ടാൻ പ്രതിപക്ഷം നടത്തുന്ന ശ്രമങ്ങൾ പാഴായിപ്പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ന്യൂനപക്ഷ വർഗ്ഗീയതയെ സംബന്ധിച്ച് ഇവിടെ ചർച്ച നടത്തിയിരുന്നു. വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുമായി മുന്നണിയുണ്ടാക്കിയതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയിച്ചതെന്ന പരാമർശം ശ്രീ. പാറക്കൽ അബ്ദുല്ല ഉന്നയിച്ചു. അവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു വർഗ്ഗീയ സംഘടനകളുമായും ബന്ധമില്ലാതെയാണ് മത്സരിച്ചത്. അത്തരം തെറ്റായ കാര്യങ്ങൾ രേഖയിൽ വന്നിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കപ്പെടേണ്ടതാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. വർഗ്ഗീയതയെ ചെറുക്കാൻ ഏത് പൊന്നാപുരം കോട്ടയിലും കയറിച്ചെന്ന് ഏത് പൊന്നുതമ്പുരാനെയും വെല്ലുവിളിച്ച് മുന്നേറാൻ ഞങ്ങൾക്ക് ഒരു ക്യാപ്റ്റനുണ്ട്. ആ ക്യാപ്റ്റനാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. സാമൂഹ്യ നീതിയിലധിഷ്ഠിതമായ തുല്യതയ്ക്കും അവസര സമത്വത്തിനും പ്രാധാന്യം നൽകുന്ന പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് മതിയായ പരിഗണന നൽകുന്ന വികസന സ്വപ്നങ്ങളാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. അഴിമതി രഹിത, മതനിരപേക്ഷ, വികസിത കേരളം എന്ന സ്വപ്നസാക്ഷാത്കാരത്തിന് ഒരു തുവൽകൂടി സംഭാവന ചെയ്തുകൊണ്ടാണ് 2020-21 വർഷത്തെ ബഡ്ജറ്റ് അവതരണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രൻ)

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ ധാരാളം കവിതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിന്റെ ആമുഖത്തിൽ തന്നെ " നയാ പൈസയില്ല കയ്യിലൊരു നയാ പൈസയില്ല" എന്ന 1960-ലെ ഒരു സിനിമയിലെ ഗാനത്തിന്റെ രണ്ട് വരികൾകൂടി ഉൾപ്പെടുത്തണമായിരുന്നു. കേരളത്തിൽ ധനപ്രതിസന്ധി രൂക്ഷമാണ്; കേരളത്തിന്റെ ചരിത്രത്തിലില്ലാത്തവിധം ട്രഷറി കടുത്ത പ്രതിസന്ധിയിലാണ്; ശമ്പള ബില്ലുകളല്ലാതെ മറ്റൊരു ബില്ലും മാറുന്നില്ല. അങ്ങ് ധവളപത്രത്തിൽ പറഞ്ഞതുപോലെ ധനസ്ഥിതി ഈ നിലയ്ക്കാണ് പോകുന്നതെങ്കിൽ 2020-21 ആകുന്നതോടുകൂടി ശമ്പളവും പെൻഷനും പോലും മുടങ്ങുമെന്ന് പ്രവചനരൂപത്തിൽ അദ്ദേഹം ധവളപത്രത്തിൽ പറഞ്ഞുവച്ചു. ആ പ്രവചനത്തിൽ അങ്ങേയ്ക്ക് ഇപ്പോൾ

അഭിമാനിക്കാം. ആ പ്രവചനം അങ്ങ് കാത്തുസൂക്ഷിച്ചു. ശമ്പളവും പെൻഷനും വരെ മുടങ്ങാൻ പോകുന്ന ആ തലത്തിലേയ്ക്കുവരെ കാര്യങ്ങൾ കൊണ്ടെത്തിച്ചിരിക്കുകയാണ്. അങ്ങയുടെ ഫിസ്കൽ അഡ്മിനിസ്ട്രേഷന്റെ പോരായ്മയും ധനകാര്യ നയങ്ങളുമാണ് ഈ പ്രതിസന്ധിയിലേയ്ക്കെത്തിച്ചത്. നടപ്പിലാക്കാൻ സാധിക്കാത്ത വമ്പൻ പ്രഖ്യാപനങ്ങളാണ് അങ്ങ് ബഡ്ജറ്റിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങയെ സംബന്ധിച്ച് ബഡ്ജറ്റ് എന്നുപറയുന്നത് അവതരിപ്പിക്കുന്ന ദിവസം കയ്യടി കിട്ടുന്നതിനുവേണ്ടിയുള്ള ഒരു കസർത്ത് മാത്രമാണ്. നാല് ബഡ്ജറ്റിലും തകർത്ത് കയ്യടിച്ച ഭരണപക്ഷ അംഗങ്ങൾക്കും ബോധ്യമായതുകൊണ്ട് അവർ നിസ്സംഗരായിരുന്നു. ഒടുവിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇറങ്ങി കയ്യടിപ്പിക്കേണ്ടി വന്നു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ കയ്യടിപ്പിച്ചപ്പോൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തിരുവനന്തപുരം ജില്ലയെ സമ്പൂർണ്ണമായി അവഗണിച്ചുകൊണ്ട് നിലത്തിട്ട് ചവിട്ടുകയായിരുന്നു. ഈ മന്ത്രിമാരെല്ലാം തിരുവനന്തപുരത്തിരുന്ന് ഭരിക്കുന്നവരല്ലേ; ഇവർക്ക് ലജ്ജയില്ലേ; ദിവസേന തിരുവനന്തപുരത്ത് വന്ന് പോകുന്നവർ തിരുവനന്തപുരത്തെ ഇത്രയേറെ അവഗണിക്കുന്നതിനെതിരെ ഒരു വാക്കെങ്കിലും പറയണ്ടേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരുവനന്തപുരത്തിരുന്നാണ് ഭരിക്കുന്നത്. നാല് ബഡ്ജറ്റും കോവളത്ത് വച്ചാണ് അദ്ദേഹം തയ്യാറാക്കിയത്. തിരുവനന്തപുരത്തെയും കോവളത്തെയും അദ്ദേഹം സമ്പൂർണ്ണമായി അവഗണിച്ചതായി കാണാൻ സാധിക്കും. വിഴിഞ്ഞം പദ്ധതിക്ക് ആവശ്യമായ പണം വകയിരുത്താതെ അതിനെ വകവരുത്തിയിരിക്കുകയാണ്. ജനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ഒരു കാര്യങ്ങളും നടപ്പാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കാമെന്ന് പറഞ്ഞതുപോലും നടപ്പിലാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ പുനരധിവാസ പാക്കേജ് പോലും ഇഴഞ്ഞുനീങ്ങുകയാണ്. അദ്ദേഹം പറഞ്ഞതനുസരിച്ചാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷമായി മത്സ്യത്തൊഴിലാളികൾക്ക് ഏകദേശം 5,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഡോ. തോമസ് ഐസക്കിന്റെ മത്സ്യത്തൊഴിലാളികൾക്കുള്ള പാക്കേജ് വഞ്ചനയായി പിൽക്കാലത്ത് അറിയപ്പെടും. അദ്ദേഹം ബഡ്ജറ്റ് തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്ത സ്ഥലത്തുനിന്നും നൂറ് മീറ്റർ മാത്രം അകലെയായാണ് രാജീവ് ആവാസ് യോജനയുടെ ഫ്ലാറ്റ് നിർമ്മിക്കുന്നത്. പാവപ്പെട്ടവരുടെ വീടുകൾ പൊളിച്ച് അഞ്ചുവർഷമായി ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്, ഇതുവരെ പൂർത്തിയായിട്ടില്ല. അവ പൂർത്തിയാക്കുന്നതിന് 11.57 കോടി രൂപ കേന്ദ്രം അനുവദിച്ചു, 6.94 കോടി രൂപ ഇനി സംസ്ഥാനം അനുവദിക്കണം. സംസ്ഥാനം പറയുന്നത് ലോണെടുക്കണമെന്നാണ്. അമ്പത് കുടുംബങ്ങൾ അഞ്ച് വർഷമായി താത്കാലിക ഷെഡ്ഡിൽ കഴിയുകയാണ്. പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് സ്വകാര്യതപോലും കൊടുക്കാൻ കഴിയാതെ നരകയാതന അനുഭവിക്കുകയാണ്. ലോൺ എടുക്കുന്നതിനുവേണ്ടി വിട്ടുകൊടുക്കരുത്. അങ്ങ് സംസ്ഥാന ഫണ്ട് അനുവദിക്കണം.

കൈത്തറി മേഖല പൂർണ്ണമായും സ്തംഭിച്ചിരിക്കുന്നു. ഏഴ് മാസമായി ശമ്പളം കൊടുക്കാൻപോലും കഴിയുന്നില്ല. അവിടെ ഓടത്തിന്റെ ശബ്ദം നിലച്ചിരിക്കുകയാണ്. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കൂലി കുടിശ്ശികയെങ്കിലും അടിയന്തരമായി കൊടുക്കണം. എന്റെ നിയോജക മണ്ഡലത്തിലെ കാഞ്ഞിരംകളം ഗവൺമെന്റ് കോളേജിന് അഫിലിയേഷൻ തന്നെ റദ്ദാകുന്ന സ്ഥിതിയാണ്. 5 ഏക്കർ സ്ഥലം കോളേജിന് ആവശ്യമാണ്. എന്നാൽ നിലവിൽ ഒരേക്കർ അറുപത്തിയഞ്ച് സെന്റ് സ്ഥലം മാത്രമാണുള്ളത്. അതുകൊണ്ട് ഏറ്റെടുക്കുന്നതിനുള്ള പണം ഗവൺമെന്റ് അനുവദിക്കണം. ഒന്നും ചെയ്തില്ലെങ്കിലും സർക്കാർ ബന്ധുനിയമനങ്ങൾ കൃത്യമായി ചെയ്യുകൊണ്ടിരിക്കുകയാണ്. ബന്ധുനിയമനങ്ങളുടെ പേരിൽ ഒരു മന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്ന അനുഭവം ഇവിടെയുണ്ട്. ലൈഫ് മിഷനിലെ ചെയർ പേഴ്സണിന്റെ ഭർത്താവ് ശ്രീ. ജയരാജനെ എല്ലാ ചട്ടങ്ങളും മറികടന്നുകൊണ്ട് സി-ഡിറ്റിൽ ഡയറക്ടറായി നിയമനം കൊടുത്തിരിക്കുകയാണ്. ബന്ധുനിയമനങ്ങൾ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ആ നിയമനം റദ്ദാക്കണം. അതിനെക്കുറിച്ച് അന്വേഷിക്കണം."കോടതിയിലെ കേസ് എന്തായാലും ഓർഡിനൻസ് ഇറക്കിയായാലും ശ്രീ. പിണറായി വിജയൻ എന്നെ സംരക്ഷിക്കും "എന്നാണ് നിയമനം കിട്ടിയതിന്റെ അടുത്ത ദിവസം അദ്ദേഹം ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടി പറഞ്ഞത്.

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ ഈ ബഡ്ജറ്റിനെ ആത്മാർത്ഥതയോടെ ഹൃദയത്തോട് ചേർത്തുപിടിച്ച് പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പ്രസിഡന്റ് ഭരണത്തിനുശേഷം ഇന്ത്യയിലാദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നതാണ് ഇ.എം.എസ്. സർക്കാർ. ഒരു നിമിഷം ആ സർക്കാരിന്റെ പ്രവൃത്തിയിലേയ്ക്ക് ഞാൻ എത്തിപ്പെടുകയാണ്. കേരളത്തിന്റെ വികസനത്തിന് അടിത്തറ പാകിയ ഇ.എം.എസ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ എന്തെല്ലാം ഭരണപരിഷ്കാരങ്ങളാണ് കേരളത്തിൽ നടന്നത്? എല്ലായിടത്തും പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചു; മലബാർ മേഖലയിൽ 67 ഹൈസ്കൂളുകൾ സ്ഥാപിച്ചു; അദ്ധ്യാപകർക്ക് സ്ഥിരം ജോലി നൽകി; കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണം ചെയ്തു. ഗ്രാമങ്ങളിൽ ആശുപത്രികൾ സ്ഥാപിച്ചു; ഇതെല്ലാം ചെയ്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഭരണം ശാക്തീകരിക്കാൻ മുൻകയ്യെടുത്ത കമ്മ്യൂണിസ്റ്റ് യുഗപുരുഷനായ; ചരിത്ര പുരുഷനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ അന്നത്തെ കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വിമോചന സമരത്തിന്റെ പേരിൽ താഴെയിറക്കാൻ ശ്രമിച്ചു. അതിൽ കൂടുതൽ താല്പര്യം കാണിച്ചത് ഇന്ദിരാ ഗാന്ധിയാണ്. ഭരണഘടനയുടെ അനുച്ഛേദപ്രകാരം 1959 ജൂലൈ 31-ന് കേരള സർക്കാരിനെ ഡിസ്മിസ് ചെയ്യുകയായിരുന്നു അന്നത്തെ കോൺഗ്രസ് ഭരണകൂടം. ഒരു ദിവസം വൈകുമെന്ന കാരണത്താൽ ഡൽഹി ഇന്റലിജൻസ് ബ്യൂറോയിലെ ദൂതൻ വഴി വിമാനത്തിൽ

വന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന് സന്ദേശം കൈമാറുകയായിരുന്നു. ത്യാഗ പ്രവർത്തനത്തിലൂടെ; ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന ഇ.എം.എസ്.-ന്റെ ഭരണപരിഷ്കാരം കേരളത്തിൽ തലപൊക്കിയാൽ കമ്മ്യൂണിസത്തെ പിടിച്ചുനിർത്താൻ ഇനി തങ്ങൾക്കാവില്ല എന്ന ദുരുദ്ദേശ്യത്താൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഭരണകൂടം, നീലം സഞ്ജീവ റെഡ്ഡി, ദീൻദയാൽ ഉപാധ്യായ, ഇന്ദിരാ ഗാന്ധി തുടങ്ങിയവരുടെ തത്വദീക്ഷിതയില്ലാത്ത അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ടിലൂടെയും സാമുദായിക സംഘടനകളിലൂടെ, അമേരിക്കൻ ചാര സംഘടനകളിലൂടെ, ഡോളറിന്റെ സാമ്പത്തിക സഹായത്തോടെ വിമോചന സമരത്തിന്റെ പിന്നിൽ പ്രവർത്തിച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ താഴെയിറക്കുകയായിരുന്നു. അതുകൊണ്ടൊന്നും അദ്ദേഹം തളർന്നില്ല. കേരളത്തിൽ വീണ്ടും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ, പട്ടാമ്പി കേന്ദ്രീകരിച്ച് പ്രവർത്തിച്ചപ്പോൾ കോൺഗ്രസും അതിന്റെ ഉത്തരവാദിത്വപ്പെട്ട ലീഡർമാരും ഇ.എം.എസ്. എന്ന ചരിത്രപുരുഷനെ പരാജയപ്പെടുത്താനുള്ള തന്ത്രങ്ങൾ മെനയുകയായിരുന്നു. എന്നാൽ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് 5360 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പട്ടാമ്പിയിൽ നിന്നും ഇ.എം.എസ്. സഭയിൽ തിരിച്ചുവന്നു. ആ ചരിത്രം കേരളത്തിൽ നിലനിൽക്കുമ്പോൾ പ്രതിപക്ഷം ഈ ബഡ്ജറ്റിനെ ഭയക്കുന്നു. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കിനെ ഞാൻ അഭിമാനപൂർവ്വം അഭിനന്ദിക്കുന്നു. അങ്ങ് എനിക്ക് കഴിഞ്ഞ നാല് ബഡ്ജറ്റുകളിലായി അനുവദിച്ച ഫണ്ട് വിഹിതങ്ങൾ, നിയമസഭാ സാമാജിക എന്ന നിലയിൽ ഞാൻ നാട്ടിക തീരദേശ മേഖലയിലെ ജനങ്ങൾക്കായി നൽകിയ പദ്ധതികളുടെ വികസനരേഖകളുടെ ഒരു പത്രിക ഇറക്കാൻ പോകുകയാണ്. എനിക്ക് എഴുതിയിട്ടും എഴുതിയിട്ടും തീരുന്നില്ല. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾ നൽകിയ വിശ്വാസത്തിന്റെ അധികാരസീറ്റിൽ നിന്നുകൊണ്ട് ഞാൻ ഇവിടെ പ്രതിപാദിക്കുയാണ്. ഇതെല്ലാംകൊണ്ട് കേരളത്തിലെ പിണറായി സർക്കാർ മുന്നോട്ടുപോകുമോ എന്ന ആശങ്കയാണ് ഇവർക്ക്. ഈ കഴിഞ്ഞ നാലുവർഷം കേരളത്തിന്റെ ചരിത്രം എന്താണ് സൂചിപ്പിക്കുന്നത്? സംസ്ഥാനഭരണം ലോകരാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയായില്ലേ; കേരളത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകളെയും മറ്റ് അനുബന്ധ വകുപ്പുകളെയും സംബന്ധിച്ച് പഠിക്കാൻ വിദേശരാജ്യങ്ങളിൽ നിന്ന് ഉന്നതസംഘങ്ങൾ കേരളത്തിൽ എത്തിയില്ലേ; ഐക്യരാഷ്ട്രസഭ പോലും അഭിനന്ദനം അറിയിച്ചില്ലേ. കേരളത്തിലെ ഗവൺമെന്റിന് ഇങ്ങനെയൊരു ചരിത്രമുള്ളപ്പോൾ; ഇത്തരം ഭരണപരിഷ്കാരത്തിലൂടെയും അഴിമതിരഹിതമായ ഭരണത്തിലൂടെയും പിണറായി സർക്കാരിന്റെ മുന്നേറ്റം ഇനിയുണ്ടാകുമെന്നുള്ള ആവർത്തനഭയം കൊണ്ടാണ് ഇവർ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. ഒരു തുടർഭരണം പിണറായി സർക്കാരിനുണ്ടാകും. ഇ.എം.എസ്. സർക്കാരിനുശേഷം ഇ. കെ. നായനാർ മന്ത്രിസഭയും വി. എസ്. അച്ചുതാനന്ദൻ മന്ത്രിസഭയും ഇപ്പോൾ

ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരും ചരിത്രമുറങ്ങുന്ന അതേ വികസനപാത തുടരുകയാണ്. അതിൽ കളങ്കമില്ലാത്ത; ദീർഘവീക്ഷണമുള്ള; അഴിമതിരഹിതമായ ഒരു ഗവൺമെന്റിനെ വാർത്തെടുക്കാൻ പിണറായി സർക്കാരിന് കഴിഞ്ഞാൽ, ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന വികസന പ്രവർത്തനങ്ങൾ ഇവിടെ നടപ്പാക്കാൻ സാധിക്കുമെന്ന ചേതോവികാരം മുന്നിൽ കണ്ടുകൊണ്ട് എന്തിനാണ് നിരന്തരം പ്രതിപക്ഷം എതിർക്കുന്നത്? നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലൂടെ ഒരുപാട് കാര്യങ്ങൾ നേടിയെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യസമര ചരിത്രം, ഓർമ്മകൾ, ത്യാഗങ്ങൾ, അനുഭവങ്ങൾ ഇതെല്ലാം വായിക്കുകയും മനസ്സിലാക്കുകയും ചെയ്താൽ നമ്മുടെ രാജ്യത്തിന്റെ ഒറ്റുകാരാരാണെന്ന് മനസ്സിലാകും. ഇവിടെ ശ്രീ. നരേന്ദ്ര മോദി ഭരിക്കുന്നു; ശ്രീ. അമിത് ഷാ ആഭ്യന്തരം ഭരിക്കുന്നു. ഇന്ത്യൻ പൗരത്വാവകാശ ബില്ലിൽ ആരാണ് കടന്നുകയറിയത്; അതിനെ എതിർക്കേണ്ട കോൺഗ്രസ് എന്ത് നിലപാടാണ് സ്വീകരിച്ചത്? ശ്രീ. രമേശ് ചെന്നിത്തല നമ്മളോടൊപ്പം നിന്നു. പക്ഷെ ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റ് കേന്ദ്രം ഭരിച്ചപ്പോൾ അന്നത്തെ ആഭ്യന്തര സഹവകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ എന്തിനാണ് ഇങ്ങനെ നിലപാട് മാറ്റിമറിച്ചത്? കേരളം ഒരു മതനിരപേക്ഷ സംസ്ഥാനമാണെങ്കിൽ കോൺഗ്രസ് ഒരു രാഷ്ട്രീയ ബ്യൂറോക്രസിയും മുതലാളിത്ത രാഷ്ട്രീയ പാർട്ടിയുമാണെന്ന് തെളിയിച്ചില്ലേ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി ഗീതാ ഗോപി: സർ, പക്ഷെ ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇതിനെയെല്ലാം മാറ്റിമറിച്ചുകൊണ്ട് ബഹുമാനപ്പെട്ട ജി. സുധാകരൻ, നിയമസഭയുടെ സുവർണ്ണജൂബിലി സ്മരണികയിലെ 147-ാം പേജിൽ ഒരു ലേഖനമെഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നുണ്ട്,

"ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിത

മാകണമന്തരംഗം

കേരളമെന്നുകേട്ടാലോ തിളയ്ക്കണം ചോര

നമുക്ക് ഞരമ്പുകളിൽ"

അത് ഞാൻ ഒന്നു തിരുത്തുകയാണ്.

" ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിത

മാകണമന്തരംഗം

പിണറായി വിജയൻ മുഖ്യമന്ത്രിയെന്ന്

കേട്ടാൽ തിളയ്ക്കണം ചോര

നമുക്ക് ഞരമ്പുകളിൽ"

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി ഗീതാ ഗോപി: സർ, ഇതുപറയുമ്പോൾ പൗരത്വ ബില്ലിൽ ഏകപക്ഷീയമായിട്ടുള്ള, ദീർഘവീക്ഷണത്തോടുകൂടിയുള്ള, നിശ്ചയദാർഢ്യത്തോടുകൂടിയുള്ള ഈ മതേതരരാജ്യത്തെ; ഈ മതനിരപേക്ഷ സംസ്ഥാനത്തെ കെട്ടിപ്പടുക്കാൻ നിലപാട് എടുത്ത ആ ഭരണ സംവിധാനത്തെ മുന്നോട്ടുനയിച്ച മനുഷ്യശൃംഖല.....(മൈക്ക് ഓഫ്).....

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. പ്രതിപക്ഷ എം.എൽ.എ.-മാരെയും മലപ്പുറം ജില്ലയെയും പരിപൂർണ്ണമായും അവഗണിച്ച ഒരു ബഡ്ജറ്റാണ്. ജനവിരുദ്ധവും അമിത നികുതിഭാരം സാധാരണക്കാർക്ക് മേൽ കെട്ടിവയ്ക്കുന്നതുമായ ഒരു ബഡ്ജറ്റാണിത്. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാർക്കും ഇടത്തരക്കാർക്കുംമേൽ ഇടിത്തീപോലെ വീണ്ടും വിലക്കയറ്റത്തിന്റെ ശക്തമായ വേലിയേറ്റം സൃഷ്ടിക്കാൻ ഇടയാക്കുന്നതാണ് ഈ ബഡ്ജറ്റ്. യാഥാർത്ഥ്യബോധമില്ലാത്ത നികുതി നിർദ്ദേശങ്ങളുടെയും പദ്ധതി പ്രഖ്യാപനങ്ങളുടെയും ആവർത്തനങ്ങൾ മാത്രം. ബഡ്ജറ്റിൽ പല ക്ഷേമപദ്ധതികളുടെയും പ്രഖ്യാപനമുണ്ടെങ്കിലും മാന്ദ്യം മറികടക്കാൻ സാധാരണക്കാരന്റെ കഴുത്തിനുപിടിക്കുകയെന്നതല്ലാതെ പ്രായോഗികമായ മാർഗ്ഗങ്ങളൊന്നും അവലംബിച്ചു കാണുന്നില്ല. വൻകിടക്കാരിൽ നിന്നും നികുതി കടിശ്ശിക തീർത്തുപിടിക്കാൻ കാര്യമായ ശ്രമങ്ങളില്ലാത്തപ്പോൾ തന്നെ സാധാരണക്കാരനെ ബാധിക്കുന്നതും അപ്രായോഗികവുമായ ഭീമമായ നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഇടംപിടിക്കുകയും ചെയ്തിരിക്കുന്നു. 1103 കോടി രൂപയുടെ അധിക ബാധ്യതയാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ കെട്ടിയേൽപ്പിച്ചിരിക്കുന്നത്. ഇത്രയും വലിയ ഭാരം താങ്ങാനുള്ള കരുത്ത് കേരള ജനതയ്ക്കില്ല എന്നതാണ് വസ്തുത. ആരോഗ്യ-വിദ്യാഭ്യാസ-ഗതാഗത-സാമൂഹ്യക്ഷേമ മേഖലകൾക്കെല്ലാം 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചത്. കിഫ്ബിയിൽ ഉൾപ്പെടുത്തി ചില പദ്ധതികൾക്ക് തുക അനുവദിച്ചുവെങ്കിലും അവയെല്ലാം മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളാണ്. എം.എൽ.എ.-മാർ സമർപ്പിച്ച പദ്ധതികളിൽ പലതിനും 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. എന്റെ മണ്ഡലമായ വള്ളിക്കുന്നിൽ ഞാൻ നിർദ്ദേശിച്ച പദ്ധതികളിൽ ഒരു പദ്ധതിക്കൊഴികെ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ്

അനുവദിച്ചത്. പിന്നെ അനുവദിച്ചിട്ടും വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. കഴിഞ്ഞ വർഷം തേഞ്ഞിപ്പാലം ഫയർ സ്റ്റേഷന് 20 ലക്ഷം രൂപ, മുന്നിയൂർ-പള്ളിക്കൽ വില്ലേജിന് 20 ലക്ഷം രൂപ എന്നിങ്ങനെ പ്രൊവിഷൻ അനുവദിച്ചിരുന്നുവെങ്കിലും ഭരണാനുമതിപോലും ലഭ്യമായില്ല. എന്റെ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ എങ്ങുമെത്തിയിട്ടില്ല. ചീക്കോട് കുടിവെള്ള പദ്ധതി പള്ളിക്കൽ പഞ്ചായത്തിലേയ്ക്ക് ദീർഘിപ്പിക്കുന്നതിന് ജലജീവൻ മിഷനിൽ ഉൾപ്പെടുത്താമെന്ന് ഉന്നതതല യോഗത്തിൽ തീരുമാനമായെങ്കിലും ഫണ്ട് വകയിരുത്തിയിട്ടില്ല. ഇതിന് ഫണ്ട് അനുവദിക്കണം. ജലജീവൻ മിഷന്റെ ഫണ്ട് വകമാറ്റരുത്. തേഞ്ഞിപ്പാലം, മുന്നിയൂർ, പെരുവള്ളൂർ, ചേലേമ്പ്ര, വള്ളിക്കുന്ന് പഞ്ചായത്തുകളിലെ കാലഹരണപ്പെട്ട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കാനുള്ള നടപടി വേണം. കൊണ്ടോട്ടി താലൂക്കിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററില്ല. പള്ളിക്കൽ പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുകയും ഫണ്ട് അനുവദിക്കുകയും വേണം. കരിപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട ഗ്രാമീണ റോഡുകൾക്ക് ഫണ്ട് അനുവദിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജിന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രൊവിഷനുണ്ടായിരുന്നെങ്കിലും അത് യാഥാർത്ഥ്യമാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലാണ് കേരളത്തിലെ ഏറ്റവും വലിയ സർവ്വകലാശാലയായ കോഴിക്കോട് സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. കായിക രംഗത്ത് ഇന്ത്യയിൽ അഞ്ചാം സ്ഥാനവും ദക്ഷിണേന്ത്യയിൽ ഒന്നാം സ്ഥാനവുമുള്ള സർവ്വകലാശാലയാണിത്. കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരിന്റെയും യു.ജി.സി.-യുടെയും വ്യക്തികളുടെയും സഹായത്തോടുകൂടി സിന്തറ്റിക്ക് ട്രാക്ക്, സ്വിമ്മിംഗ്പൂൾ അടക്കമുള്ള നിരവധി ഭൗതിക സൗകര്യങ്ങൾ ഒരുക്കിയെങ്കിലും ഒരു അന്താരാഷ്ട്ര മത്സരത്തിന് വേദിയൊരുക്കാനുള്ള സൗകര്യങ്ങളായിട്ടില്ല. നിരവധി കായിക പ്രതിഭകളെ രാജ്യത്തിന് സംഭാവന ചെയ്തതാണ് കോഴിക്കോട് സർവ്വകലാശാല. കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയം അന്തർദേശീയ മത്സരങ്ങൾ നടത്താൻ പര്യാപ്തമായ രീതിയിൽ നവീകരിക്കുന്നതിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ ഞാൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ബഹുമാന്യരായ മുഖ്യമന്ത്രിക്കും സ്പോർട്സ് വകുപ്പുമന്ത്രിക്കും മാസ്റ്റർ പ്ലാനും ഡി.പി.ആർ.-ഉം സമർപ്പിച്ചിട്ടും ബഡ്ജറ്റിൽ അതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. എയർപോർട്ടും റെയിൽവേ സ്റ്റേഷനും വളരെ അടുത്താണ്. ദേശീയപാതയുടെ ഓരത്താണ് ഈ സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള സർവ്വകലാശാലാ സ്റ്റേഡിയത്തിൽ അന്തർദേശീയ മത്സരങ്ങൾ നടത്താനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. അതിന് ഫണ്ട് അനുവദിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അതുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നിരവധി പ്രതിഭകളെ രാജ്യത്തിന് സംഭാവന ചെയ്തതാണ് കോഴിക്കോട് സർവ്വകലാശാല. ആ സ്റ്റേഡിയത്തിലൂടെയാണ് ഒട്ടനവധി കായിക പ്രതിഭകൾ വളർന്നുവന്നത്. മലബാറിനെ ഒരു സ്പോർട്സ് ഹബ്ബാക്കി മാറ്റാൻ സാധിക്കുന്ന എല്ലാ ഭൗതിക, അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു സർവ്വകലാശാലയും സ്റ്റേഡിയവുമാണിത്. ഫ്ലെഡ്ലൈറ്റും സ്പോർട്സ് പവലിയനും നിർമ്മിച്ച് അന്തർദേശീയ സ്റ്റേഡിയമാക്കി കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയത്തെ മാറ്റുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു</u>: സർ, സാമ്പത്തിക വറുതിയുടെ കാലത്തും പ്രതീക്ഷയുടെ പൂക്കാലം തീർക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു.

'കൈക്കുടന്ന നിറയെ' എന്ന തലവാചകത്തോടെ ഗിരീഷ് പുത്തഞ്ചേരിയുടെ പാട്ടുകളെ കോർത്തിണക്കി സർഗ്ഗാത്മകമായാണ് മാതൃഭൂമി ഈ ബഡ്ജറ്റിനെ വരവേറ്റത്. 'നാം നമുക്കായി കരുത്തും കൈത്താങ്ങും'- ദേശാഭിമാനി, 'ക്ഷേമം പതിവുപോലെ എന്നാലും ഒരു കുത്തുവാക്ക് ഭാരവും ചേർത്തെങ്കിലും 34 വർഷങ്ങൾ ക്കുശേഷം മിച്ച ബഡ്ജറ്റ്' -മലയാള മനോരമ, 'ഹോട്ടൽ ഊണ് കശാൽ'- കേരള കൗമുദി. ഇത്തരത്തിൽ മികച്ച പ്രതികരണമാണ് എല്ലാ ചാനലുകളിൽനിന്നും നമുക്കുണ്ടായത്.

റിസർവ് ബാങ്കിന്റെ കരുതൽ ധനമെടുത്തും ഇന്ത്യയുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റും ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് നൽകുമ്പോഴും കേരളത്തിന് അർഹതപ്പെട്ട പദ്ധതിവിഹിതവും വിവിധ ഗ്രാന്റുകളും കേന്ദ്രം വെട്ടിക്കുറച്ചു. ജി.എസ്.ടി. നഷ്ടപരിഹാര തുകയില്ല, കടമെടുക്കാൻ അർഹതയുണ്ടായിട്ടും അനുവദിക്കുന്നില്ല. നെല്ലിന്റെ താങ്ങുവിലയോ കേന്ദ്ര വിഹിതമായ 1035 കോടി രൂപയോ നമുക്ക് അനുവദിച്ചില്ല. തൊഴിലുറപ്പ് തൊഴിലാളികളുടെ പണിയെടുത്ത കൂലിപോലും അനുവദിക്കുന്നില്ല. 2018-ൽ പ്രളയനഷ്ടം അർഹതപ്പെട്ടത് തന്നില്ലെന്ന് മാത്രമല്ല, തന്നതിൽനിന്നും ഹെലികോപ്റ്റർ വാടകയിനത്തിലും മണ്ണെണ്ണ, അരി എന്നിവ തന്നതിൽനിന്നും തിരിച്ചെടുത്തു. 2019-ലെ പ്രളയകാലത്ത് 2200 കോടി രൂപയുടെ നഷ്ടപരിഹാരത്തിന് അപേക്ഷിച്ചപ്പോൾ ഒരു കാറ്റ് വീശിയതിന് 1647 കോടി രൂപ കർണ്ണാടകയ്ക്ക് കൊടുത്തപ്പോഴും ഒരു നയാപൈസ കേന്ദ്രം നമുക്ക് നൽകിയില്ല. സാമ്പത്തികമായി കേന്ദ്ര സർക്കാർ കേരളത്തെ ഞെക്കിക്കൊല്ലുമ്പോഴും ഇന്ത്യൻ സാമ്പത്തിക വളർച്ചയുടെ ശരാശരിയേക്കാൾ 7.2 ശതമാനമായി കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ കൊണ്ടെത്തിച്ചത്, പ്രസിദ്ധനായ മജീഷ്യൻ

പ്രൊഫ. മുതുകാടിന്റെ മാന്ത്രിക വിദ്യയിലൂടെയല്ല, സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തന മികവിലൂടെയാണ്. അതുകൊണ്ടാണ് യു.ഡി.എഫ്.-ലെ എം.എൽ.എ.-മാരുടെ എണ്ണത്തേക്കാൾ കൂടുതൽ ദേശീയവും സാർവ്വദേശീയവുമായ അവാർഡുകളും അംഗീകാരങ്ങളും ഇന്നത്തെ എൽ.ഡി.എഫ്. സർക്കാർ നേടിയെടുത്തതെന്നും ഇന്ത്യയിൽ കേരളം ഒന്നാമതായി എത്തിനിൽക്കുന്നതെന്നും യു.ഡി.എഫ്. തിരിച്ചറിയണം. മഹാത്മാഗാന്ധി പറഞ്ഞത്, ഞാൻ വികസനത്തെ അളക്കുന്നത്, ഏറ്റവും അടിത്തട്ടിലുള്ള മനുഷ്യന്റെ ജീവിതത്തിൽ അത് എന്ത് മാറ്റം കൊണ്ടുവന്നുവെന്ന് നോക്കിയാണ്. ആ മാറ്റമാണ്, ക്ഷേമ പെൻഷൻ 600 രൂപയിൽനിന്നും 1300 രൂപയായി വർദ്ധിപ്പിച്ച് അവരവരുടെ വീടുകളിൽ കൊണ്ടെത്തിച്ചപ്പോൾ ആഹ്ലാദപൂർവ്വം ഏറ്റുവാങ്ങി മോണ കാണിച്ച് ചിരിച്ച മനുഷ്യരിൽനിന്നും കണ്ടത്. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷംകൊണ്ട് 9811 കോടി രൂപയാണ് കൊടുത്തതെങ്കിൽ എൽ.ഡി.എഫ്. സർക്കാർ 22000 കോടി രൂപയാണ് പെൻഷൻ ഇനത്തിൽ മാത്രം കൊടുത്തത്. നടുവൊടിഞ്ഞു കിടക്കുന്ന രോഗിയെ നട്ടുച്ച വെയിലത്ത് കിടത്തി, പെരുവിരൽ തളരുന്നതുവരെ ഒപ്പിട്ട്, യു.ഡി.എഫ്. അഞ്ചുവർഷം കൊണ്ട് ജനസമ്പർക്ക പരിപാടിയിലൂടെ ദാനമായി 503 കോടി രൂപയാണ് കൊടുത്തതെങ്കിൽ വലതുകരംകൊണ്ട് കൊടുക്കുന്നത് ഇടത് കരം അറിയരുതെന്ന് പ്രഖ്യാപിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇടത്തട്ടുകാരില്ലാതെ അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൊടുത്തത് 1216 കോടി രൂപയാണ്. സ്വന്തമായി ഭൂമിയില്ലാത്ത ഒന്നേകാൽ ലക്ഷം പേർക്ക് ഭൂമി നൽകി. ലൈഫ് മിഷൻ പദ്ധതിപ്രകാരം നാല് വർഷം കൊണ്ട് പൂർത്തീകരിച്ചത് 2,58,658 വീടുകളാണ്. 2020-2021-ൽ ഒരു ലക്ഷം ഫ്ലാറ്റുകളുൾപ്പെടെ പണിതീർത്ത് പാവപ്പെട്ടവർക്ക് വീട് കൊടുക്കുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഒ.ഡി.എഫ്. പ്രഖ്യാപനത്തിലൂടെ ഒന്നാമതെത്തിയ കേരളം ഇപ്പോൾ നഗരപ്രദേശങ്ങളിലെത്തുന്ന ആളുകളുടെ മൂത്രശങ്ക പരിഹരിക്കാൻ 12000 ശൗചാലയങ്ങൾ തീർക്കുമെന്ന് പറഞ്ഞതും സ്വാഗതാർഹമാണ്. ഓരോ വർഷവും 60000 പുതിയ ക്യാൻസർ രോഗികളുണ്ടാകുമെന്ന ആർ.സി.സി.-യിലെ മെഡിക്കൽ ഓഫീസറുടെ വെളിപ്പെടുത്തൽ ആശങ്കയാണ് ഉളവാക്കുന്നത്. കേരളത്തിന്റേതായ അർബുദ മരുന്നുകൾ താങ്ങാവുന്ന വിലയിൽ വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന ഓങ്കോളജി പാർക്ക് ഏറെ ആശാവഹമാണ്; അഭിനന്ദിക്കുന്നു. പട്ടിണികൊണ്ട് മുണ്ടുമുറുക്കി ഇനി കേരളത്തിലെ ജനങ്ങൾക്ക് നടക്കേണ്ടി വരില്ല. 25 രൂപയ്ക്ക് ഊണ് കൊടുക്കുന്ന ആയിരം കുടുംബശ്രീ ഹോട്ടലുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

സാമ്പത്തിക ഞെരുക്കത്തിലും ആശാവർക്കർമാർ, പ്രീ പ്രൈമറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് 500 രൂപയും പാചകത്തൊഴിലാളികൾക്ക് ദിനംപ്രതി 50 രൂപ വീതവും വർദ്ധിപ്പിക്കുവാനായി എടുത്ത തീരുമാനത്തെയും ഞാൻ സ്വാഗതം ചെയ്യുന്നു. ജനസംഖ്യാനുപാതത്തെക്കാൾ എസ്.സി./എസ്.ടി. വിഭാഗത്തിന് അധികരിച്ച പദ്ധതി വിഹിതം മാറ്റിവച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്, ഞാൻ അഭിനന്ദിക്കുന്നു. വീടില്ലാത്ത പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് യു.ഡി.എഫ്. നിർമ്മിച്ചുകൊടുത്തത് 27,490 വീടുകളാണെങ്കിൽ ഈ ഗവൺമെന്റ് നാല് വർഷം കൊണ്ട് 59,926 വീടുകൾ പൂർത്തീകരിച്ചു. വീടിനോട് ചേർന്ന് ഒരു പഠന മുറികൂടി ഉൾപ്പെടുത്തി. പഠിച്ച് മിടുക്കരായാൽ വിദേശത്ത് ഉൾപ്പെടെ അവർക്ക് ജോലി കൊടുക്കുവാൻ കഴിയുന്നു. പഠിക്കുന്ന വിദ്യാർത്ഥികളുടെ ഗ്രാന്റ് വർദ്ധിപ്പിച്ച് കൊടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറായി. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്- ഇഷ്ടമില്ലാത്ത പെണ്ണ് തൊട്ടതൊക്കെ കുറ്റം എന്നാണ്. അതുപോലെയാണ് യു.ഡി.എഫ്. ഈ ഗവൺമെന്റ് ചെയ്യുന്ന എല്ലാ നല്ല പ്രവൃത്തികളെയും കുറ്റപ്പെടുത്തുകയാണ്, കുശുമ്പ് പറയുകയാണ്.

പ്രളയകാലത്ത് നാം ഒന്നിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു.ഡി.എഫ്.-നോട് പറഞ്ഞപ്പോൾ ആദ്യഘട്ടത്തിൽ ഒന്നിച്ചു. കേരളീയർ അഭിമാനത്തോടും ആവേശത്തോടും കൂടിയാണ് മുന്നിലേയ്ക്ക് വന്നത്. സാലറി ചലഞ്ച് വന്നപ്പോൾ ഒറ്റകാരെപ്പോലെ പിന്നിൽനിന്ന് കുത്തിയത് യു.ഡി.എഫ്. ആയിരുന്നില്ലേ? ലോക കേരള സഭയുടെ ആദ്യഘട്ടത്തിൽ യു.ഡി.എഫ്. ഒന്നിച്ചുനിന്നു. നമ്മുടെ സഹോദരങ്ങളായ പ്രവാസികൾ അതിൽ ഏറെ അഭിമാനം കൊണ്ടു. നാടിന്റെ വികസനത്തിൽ വലിയ പങ്ക് വഹിക്കുന്ന ലോക മലയാളികൾക്ക് ഇരിക്കാൻ കസേര ഒരുക്കിയതിന്റെ പേര് പറഞ്ഞ് അതിനെയും തകർക്കാൻ ശ്രമിച്ചത് യു.ഡി.എഫ്. അല്ലേ? അപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നാം ഒരുമിച്ച് നിൽക്കണമെന്നാണ്. നിങ്ങൾ തയ്യാറായില്ല. മതപരമായി ഭിന്നിച്ച് ഇന്ത്യയുടെ ഐക്യം തകർക്കുന്ന ദേശീയ പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രമേയം പാസ്സാക്കുമ്പോഴും പാളയത്ത് സത്യാഗ്രഹം നടത്തുമ്പോഴും യു.ഡി.എഫ്. ഒപ്പമുണ്ടായിരുന്നു. മതനിരപേക്ഷത ഉയർത്തിയ ഇന്ത്യൻ ജനതയ്ക്ക് ഏറെ ആവേശവും ഐക്യപ്പെടുത്തലുമാണ് അതിന്റെ ഭാഗമായി ഉണ്ടായത്. ഭരണഘടനയുടെ സംരക്ഷണത്തിനായി കേരള ജനത ഐക്യത്തോടെ പോകുന്നതിനെ തടസ്സപ്പെടുത്തിയതും തകർത്തതും യു.ഡി.എഫ്. അല്ലേ? കേരളീയ സമൂഹം ഭരണഘടനാ സംരക്ഷണത്തിനായി മനുഷ്യ മഹാശൃംഖല തീർത്തപ്പോൾ യു.ഡി.എഫ്. കവിത ചൊല്ലുകയായിരുന്നു. മകനേ, ഇത് ഇന്ത്യയുടെ ഭൂപടം. ചങ്കിടിപ്പോടെ എവിടെയാണ് നിങ്ങൾ ഭൂപടം തീർത്തത്? ചങ്കുറപ്പുള്ള സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുത്ത ഈ കേരളത്തിന്റെ മണ്ണിലാണ് നിങ്ങൾ ഭൂപടം തീർത്തത്. ആശങ്കയും ഭയപ്പാടുമായി ജീവിക്കുന്ന നിങ്ങൾ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് നിങ്ങളുടെ എം.പി.-മാരെക്കൊണ്ട് ഒരു

ചെറിയ മാർച്ച് സംഘടിപ്പിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞോ? അപ്പോഴാണ് ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിൽ ലോംഗ് മാർച്ച് സംഘടിപ്പിച്ചത്. ഇന്ത്യ സത്യാനന്തര കാലഘട്ടത്തിലാണ്-Post truth. ഹിറ്റ്ലർക്ക് നുണ പ്രചരിപ്പിക്കുന്ന ഫാക്ടറിയും അതിന് നേതൃത്വം കൊടുക്കാൻ പോൾ ജോസഫ് ഗീബൽസും ഉണ്ടായിരുന്നുവെന്നാണ് ചരിത്രം പറയുന്നത്. ഇന്ന് ലോകത്ത് നുണ പ്രചരിപ്പിക്കുന്നതിൽ വമ്പനും മുന്നിലെത്തി നിൽക്കുന്നതും അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആണെങ്കിലും അതിനെയും മറികടക്കുന്ന തരത്തിലാണ് ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത് ഷായും ബി.ജെ.പി.-യും എന്നാണ് പുതിയ സൂചന. ബി.ജെ.പി.-ക്കുവേണ്ടി നുണ പ്രചരിപ്പിക്കാൻ മൂന്ന് ഷിഫ്റ്റുകളിലായി പന്ത്രണ്ടായിരത്തിലധികം ആളുകൾ ഗുജറാത്തിൽ ശമ്പളത്തോടെ ജോലി ചെയ്യുന്നുണ്ടെന്നാണ് അറിയുന്നത്. യു.ഡി.എഫ്.-നുവേണ്ടി പ്രത്യേകിച്ച് കോൺഗ്രസിനുവേണ്ടി നുണ പ്രചരിപ്പിക്കുന്ന ഫാക്ടറിയുടെ നേതാവ് ഈ സഭയിലുണ്ടോയെന്നാണ് എന്റെ സംശയം. 'ഊര് സൊന്നാലും പേര് സൊല്ലക്കൂടാത്' എന്നാണ് പാലക്കാട് പ്രമാണം. ആ പേര് പാലക്കാടിലുണ്ട്, ഒലവക്കോടിലില്ല. ടെന്നിലുണ്ട്, ഫൈവിലില്ല. ശ്രീ. മാത്യു ടി. തോമസിലുണ്ട്, ഉമ്മൻ ചാണ്ടി സാറിലില്ല. കോൺഗ്രസ് തകരുന്ന കപ്പലാണ്. സാക്ഷാൽ പടച്ചോൻ വിചാരിച്ചാലും കോൺഗ്രസിനെ രക്ഷിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അര നൂറ്റാണ്ട് കേന്ദ്രവും പിന്നീട് ഡൽഹി സംസ്ഥാനവും ഭരിച്ച കോൺഗ്രസിന് ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ എഴുപതിൽ അറുപത്തിയേഴ് സീറ്റുകളിലും കെട്ടിവച്ച കാശ് നഷ്ടപ്പെട്ടുവെന്നാണ് ഇന്നലെ തെളിയിക്കപ്പെട്ടത്. മതനിരപേക്ഷതയുടെ കാവലാളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ ഒന്നിച്ചുനിൽക്കാൻ യു.ഡി.എഫ്. ഇനിയെങ്കിലും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

2018-ലെ പ്രളയകാലത്ത് പത്തുപേരുടെ ജീവൻ നഷ്ടപ്പെട്ടതും നെല്ലിയാമ്പതിയിലുൾപ്പെടെ മലയിടിച്ചിലും ഒറ്റപ്പെടലും ഏറെ ദുരിതവും അനുഭവിക്കേണ്ടിവന്ന നിയോജകമണ്ഡലമാണ് നെന്മാറ. 2009-ൽ അങ്ങ് മന്ത്രിയായിരിക്കുമ്പോൾ കൊല്ലങ്കോട് ട്രഷറിയുടെ ഭാഗത്ത് അനുവദിച്ചുനൽകിയ 50 സെന്റ് ഭൂമിയിൽ മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കൊല്ലങ്കോട് ഫയർ സ്റ്റേഷന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ പത്ത് വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നെന്മാറ ഐ.ടി.ഐ.-യ്ക്ക് ഇറിഗേഷൻ വകുപ്പിൽനിന്നും ഒരേക്കർ ഭൂമി വിട്ടുകിട്ടിയിട്ടുണ്ട്. നെന്മാറ ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളെ സംബന്ധിച്ച് ജില്ലാതലത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകനം നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. ആളുകൾ വളരെയേറെ വിഷമിക്കുന്ന സമയമാണിത്. സമയക്കുറവുകൊണ്ട് എല്ലാ മേഖലയിലേയ്ക്കും കടക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന പുതിയ നികുതികൾ സാമാന്യ ജനങ്ങളെയാണ് ഏറെ ബാധിക്കുന്നത്. വില്ലേജ് ഓഫീസുവഴി വാങ്ങുന്ന ലൊക്കേഷൻ മാപ്പിന് 200 രൂപയും തണ്ടപ്പേരിന്റെ പകർപ്പെടുക്കാൻ 100 രൂപയുമാണ് ഈടാക്കുന്നത്. പോക്കുവരവ് ഫീസ് ഇരട്ടിയായും മൂന്നിരട്ടിയായും വർദ്ധിപ്പിച്ചു. ജനങ്ങളുടെ മേൽ ഭാരം അടിച്ചേല്പിക്കുന്ന ഈ നികുതികൾ അങ്ങ് പിൻവലിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്, അത് ചെയ്യണം. കൃഷിക്കാർക്കുവേണ്ടി എന്തൊക്കെയോ ചെയ്യുവെന്നാണ് പറഞ്ഞത്. എന്താണ് ചെയ്തത്? ഉല്പാദനക്ഷമതയുടെ കാര്യത്തിൽ കേരളത്തിൽ പിടിച്ചുനിന്ന ഒരു കൃഷിയായിരുന്നു റബ്ബർ. ബാക്കി മേഖലകളെല്ലാം തകർന്നു. റബ്ബറിന് വിലസ്ഥിരതാ ഫണ്ടിന്റെ അടിസ്ഥാന വിലയായി 150 രൂപ കൊടുത്തത് മാണി സാറാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ട് ഇപ്പോൾ അഞ്ചാം വർഷമാണ്. 150 രൂപ എന്നുള്ളത് ഇപ്പോൾ കൃഷിക്കാർക്ക് ഒരുതരത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്ത വിലയാണ്. നാല് വർഷമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞങ്ങൾ പറയുന്നതാണ്, ഈ വർഷമെങ്കിലും അത് ഉയർത്തണം. ഇപ്പോൾ റബ്ബർ കൃഷി എല്ലാവരും ഉപേക്ഷിക്കുകയാണ്. കേരളത്തിൽ റബ്ബർ കൃഷിയെ പിടിച്ചു നിർത്താനായി ഇപ്പോൾ കൊടുക്കുന്ന 150 രൂപ 250 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് കേരള കോൺഗ്രസ് പാർട്ടി ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ അങ്ങേയ്ക്ക് ചെയ്യാൻ കഴിയുന്നതിന്റെ മാക്സിമം ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇവിടെ നെല്ലിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇപ്പോൾ സീറ്റിലില്ല. ധാരാളം നേട്ടങ്ങളെക്കുറിച്ച് പറയുമ്പോഴും നെല്ലിന്റെ വില ഇതുവരെ കൊടുത്തിട്ടില്ല. നെല്ല് എടുത്തിട്ട് രണ്ട് മാസം കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് തരാനുണ്ടെന്ന് പറഞ്ഞ് നീട്ടിക്കൊണ്ട് പോകുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ തൊട്ടടുത്ത പ്രദേശങ്ങളാണ് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകൾ. കൃഷിക്കാരിൽ നിന്നും വാങ്ങിയ നെല്ലിന്റെ വില കൊടുത്ത് അവരെ സഹായിക്കണം. പ്രതിപക്ഷ എം.എൽ.എ.-മാർക്കാണ് കൂടുതൽ തുക കൊടുക്കുന്നതെന്ന് ഇന്നലെ മുതൽ ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ പ്രതിപക്ഷ എം.എൽ.എ.മാരും സംസാരിച്ചത് അങ്ങ് ശ്രദ്ധിച്ചുകാണും. അഞ്ചാം വർഷം അങ്ങ് ഇങ്ങനെയൊരു ചീത്തപ്പേര് കേൾക്കുന്നത് എന്തിനാണ്? എല്ലാ പ്രതിപക്ഷ മെമ്പർമാരോടും അവരവരുടെ മണ്ഡലങ്ങളിലെ 20 വർക്കിന്റെ ലിസ്റ്റ് കൊടുക്കാൻ പറഞ്ഞിട്ട് ഒരു വർക്കിന് മാത്രമാണ് 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളത്. ഞാൻ ബഡ്ജറ്റിന്റെ പേജ് മറിച്ചുനോക്കിയപ്പോൾ എന്റെ അടുത്തുള്ള ഒരു എൽ.ഡി.എഫ്. എം.എൽ.എ.-യുടെ എല്ലാ വർക്കിനും 20 ശതമാനം തുക വകയിരുത്തിയിരിക്കുകയാണ്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ

20 വർക്കിൽ ഒരു വർക്കിനാണ് 20 ശതമാനമുള്ളത്. ബാക്കിയെല്ലാം നൂറ് രൂപയുടെ ടോക്കൺ പ്രൊവിഷനാണ്. ഇവിടെയിരിക്കുന്ന എല്ലാ പ്രതിപക്ഷ എം.എൽ.എ.-മാരുടെയും ഗതി അതാണ്. അത് ശരിയാണോ; സ്റ്റേറ്റിന്റെ പണം ആരുടേതാണ്; സി.പി.ഐ.(എം)-ന്റേത് മാത്രമാണോ? സർക്കാർ ജനങ്ങളുടേതാണ്. പൗരന്മാർ കൊടുക്കുന്ന നികുതിയാണ് ഇങ്ങനെ വീതിക്കുന്നത്. അതിൽ പ്രതിപക്ഷാംഗങ്ങൾക്ക് പണമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങനെയൊരു ചീത്തപ്പേര് ഈ വർഷത്തിൽ വാങ്ങുന്നത് ശരിയാണോ? അങ്ങത് തീർച്ചയായും പരിശോധിക്കണമെന്ന് ഞാൻ പ്രത്യേകമായി ആവശ്യപ്പെടുന്നു. കൃഷിക്കാർ നിരാശരാണ്. കൃഷിക്കാരെ വിസ്മരിച്ച ബഡ്ജറ്റ് എന്ന പേരുദോഷം മാറ്റാനുള്ള പ്രഖ്യാപനങ്ങൾ അങ്ങയുടെ മറുപടിയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, കേരള വികസന മാതൃകയുടെ പുതിയ പതിപ്പിന്റെ തുടർപ്രഖ്യാപനമായി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. രാജ്യത്തെ സാമ്പത്തികമാന്ദ്യം പിടികൂടിയ പശ്ചാത്തലത്തിലും കേന്ദ്രത്തിന്റെ കടുത്ത അവഗണനയിലുമാണ് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് നാം മനസ്സിലാക്കുന്നു. സംസ്ഥാനം നാളിതുവരെ കൈവരിച്ച സാമൂഹ്യനേട്ടങ്ങൾ സംരക്ഷിച്ച് കാർഷിക വ്യാവസായിക മേഖലകളിൽ പുതിയ നേട്ടങ്ങൾക്കായി, ഒരു സുസ്ഥിര വികസനത്തിനായി പുതിയ ദിശാബോധം നൽകുന്ന സഖാവ് പിണറായി സർക്കാരിന് ഒരു ചുവടുകൂടി മുന്നോട്ടുവയ്ക്കാൻ ഈ ബഡ്ജറ്റ് ഉപകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. എല്ലാ ക്ഷേമപെൻഷനുകളും 100 രൂപ വർദ്ധിപ്പിച്ചു. അതോടൊടി ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ക്ഷേമപെൻഷനുകൾ 500 രൂപയിൽനിന്ന് 800 രൂപയായി വർദ്ധിപ്പിച്ച് ഇപ്പോൾ 1300 രൂപയിലെത്തി. ഈ ഗവൺമെന്റ് അടുത്ത തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ സ്വാഭാവികമായും നേരത്തെ വ്യക്തമാക്കിയതുപോലെ അത് 1500 രൂപയിലെത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഭവനരഹിതർക്ക് രണ്ട് ലക്ഷം വീടുകൾ നൽകി. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ ഈ രംഗത്ത് വീരഗാഥയാണ് രചിച്ചത്. ആർദ്രം പദ്ധതിയിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി പാവപ്പെട്ടവർക്ക് ചികിത്സാ സൗകര്യമൊരുക്കി. പൊതുവിദ്യാഭ്യാസം നൽകുന്നതുവഴി പുതിയൊരു അദ്ധ്യായം കേരളത്തിൽ സൃഷ്ടിച്ചു. ഹരിത മിഷനുകളെ ശക്തിപ്പെടുത്തി. കേരളത്തിന്റെ മണ്ണും പുഴയും കുന്നുകളും പ്രകൃതിയുമെല്ലാം സംരക്ഷിക്കാനും ബഡ്ജറ്റിൽ പദ്ധതികളുണ്ട്. ദേശീയത, മതനിരപേക്ഷത, ജനാധിപത്യം എന്നീ മൂല്യങ്ങളിലും ത്വരിതമായ സാമ്പത്തിക വികാസം, വിപ്ലവാത്മകമായിട്ടുള്ള സാമൂഹിക പരിവർത്തനം എന്നീ ലക്ഷ്യങ്ങളിലും ഊന്നിക്കൊണ്ട് നമ്മുടെ നാടിനെ ലോകത്തിന്റെ മുന്നിലേയ്ക്ക്

കൊണ്ടുവരാൻ നടത്തുന്ന പരിശ്രമത്തെ പ്രതിപക്ഷം ബോധപൂർവ്വം മൂടിവയ്ക്കുകയാണ്. ഇന്ത്യയുടെ 73 ശതമാനത്തോളം സമ്പത്ത് ഒരു ശതമാനം ശതകോടീശ്വരന്മാരുടെ കൈകളിലാണ്. ഏതാനും ദിവസങ്ങളോ മാസങ്ങളോ കൊണ്ട് നേടിയതല്ല. അര നൂറ്റാണ്ട് അഥവാ അമ്പത് വർഷക്കാലം ഈ രാജ്യം ഭരിച്ചത് കോൺഗ്രസാണ്. സ്വതന്ത്ര ഇന്ത്യയിൽ ഇതര ഗവൺമെന്റുകൾ ഭരണം നടത്തിയ കാലത്താണ് ക്രമമായി ശതകോടീശ്വരന്മാർ ഈ 73 ശതമാനം സമ്പത്തും കയ്യടക്കിയത്. സമ്പത്ത് വർദ്ധിപ്പിക്കുക എന്നത്, ആരുടെ സമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് പ്രസക്തമായ ചോദ്യം. സാധാരണ ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവുണ്ടാകൂ എന്നാണ് നിയമം. മുതലാളിത്ത അർത്ഥശാസ്ത്രകാരന്മാർപോലും ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷത്തെ കേന്ദ്ര ബഡ്ജറ്റുകൾ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് പ്രഖ്യാപിച്ചു. കാർഷിക പുനരുദ്ധാരണത്തിന് വിവിധ പദ്ധതികൾ പ്രഖ്യാപിച്ചു. എല്ലാം പരാജയപ്പെട്ടു. കാർഷിക - വ്യാവസായിക മേഖല, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന വികസന മേഖല ഇവയിൽ സ്വകാര്യവത്കരണം അല്ലെങ്കിൽ വിദേശനിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്നത്. അതുവഴി കോർപ്പറേറ്റുകൾക്ക് ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയിൽ ശക്തമായി ഇടപെടാനും സമ്പത്ത് കൊള്ളയടിക്കാനുമുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയാണ് ചെയ്യുന്നത്. നമ്മുടെ രാജ്യത്തിന് 87.97 ലക്ഷം കോടി രൂപയുടെ ആഭ്യന്തര കടവും 2.58 ലക്ഷം കോടി രൂപയുടെ വിദേശ കടവുമാണുള്ളത്. എന്നിട്ടും 1.55 ലക്ഷം കോടി രൂപയുടെ നികുതിയിളവുകൾ കോർപ്പറേറ്റുകൾക്ക് കേന്ദ്രഗവൺമെന്റ് നൽകുകയാണ്. അധഃസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഒരു പ്രഖ്യാപനംപോലും കേന്ദ്ര ബഡ്ജറ്റിൽ ഇല്ല. അതിനെ പ്രതിപക്ഷം ചോദ്യം ചെയ്യുന്നില്ല. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം വീണ്ടും വെട്ടിക്കുറച്ച് 9500 കോടി രൂപയുടെ കുറവാണ് വരുത്തിയിരിക്കുന്നത്. 2019-20-ൽ 71,001 കോടി രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നത് 61600 കോടി രൂപയായി കുറച്ചു. നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ ഈ മാന്ദ്യകാലത്ത് ചുരുങ്ങിയത് ഒന്നര ലക്ഷം കോടി രൂപയെങ്കിലും ബഡ്ജറ്റിലൂടെ മാറ്റിവയ്ക്കണമായിരുന്നു.

കേരളത്തോട് കടുത്ത അവഗണനയാണ് കേന്ദ്രം കാട്ടുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ നികുതി വിഹിതത്തിൽ 5000 കോടി രൂപയുടെ കുറവാണുള്ളത്. തൊഴിലില്ലായ്മ, ഗ്രാമീണ മേഖലയിലെ കൊടിയ ദാരിദ്ര്യം, കാർഷിക മേഖലയിലെ പ്രതിസന്ധി തുടങ്ങി രാജ്യം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഇൻഡ്യയിൽ ഇന്ന് അനുഭവിക്കുന്ന സാമ്പത്തിക മാന്ദ്യത്തിൽനിന്ന് കരകയറാൻ സാധാരണ ജനങ്ങളുടെ കയ്യിൽ നേരിട്ട് പണമെത്തുന്ന രീതിയിലുള്ള

ക്ഷേമ പ്രവർത്തനങ്ങളും അവരുടെ വാങ്ങൽശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള നയങ്ങളും സ്വീകരിക്കേണ്ടത് എൽ.ഡി.എഫ്.-ന്റെ കടമയാണ്. അങ്ങനെ യാഥാർത്ഥ്യ ബോധത്തോടെയുള്ള വികസന സമീപനം സ്വീകരിച്ചുകൊണ്ടാണ് കേരളത്തിൽ ഈ ഗവൺമെന്റ് മുന്നേറുന്നത്. സാമ്പത്തിക അവലോകന റിപ്പോർട്ട് 2019-ൽ വെളിപ്പെടുത്തുന്നത്, 2018-19 സാമ്പത്തിക വർഷത്തിൽ കേരളം 7.5 ശതമാനം വളർച്ച കൈവരിച്ചുവെന്നാണ്. മുൻവർഷത്തെ അപേക്ഷിച്ച് ഇത് വർദ്ധിച്ചു. ആഗോള സാമ്പത്തിക വളർച്ച 3.9 ശതമാനമാണ്. ക്ഷേമാധിഷ്ഠിത വികസന സമീപനം സ്വീകരിച്ചതുകൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത്. പൊതുസമൂഹത്തിൽ നിക്ഷേപം നടത്തുക, എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പാക്കുക, സമ്പദ്‌വ്യവസ്ഥയിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ പ്രോത്സാഹിപ്പിക്കുക, ഇതുവഴിയാണ് നേട്ടം കൈവരിക്കാൻ കഴിയുന്നത്, ഇന്നത്തെ കാലത്ത് 'ബദൽ' എന്നുള്ള നിലയിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നത്. ഐക്യരാഷ്ട്രസംഘടന വിഭാവന ചെയ്ത് നടപ്പിലാക്കുന്ന സുസ്ഥിരവികസന നേട്ടത്തിൽ തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്താണ്. പ്രതിപക്ഷം ഈ കണക്കുകൾ പരിശോധിക്കുന്നുണ്ടോയെന്ന് എനിക്ക് സംശയമാണ്. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, കാർഷിക സംരക്ഷണം, പശ്ചാത്തല സൗകര്യ വികസനം എന്നിവയിലാണ് കേരളത്തിന് ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞത്.

കഴിഞ്ഞ രണ്ട് പ്രളയവും ജി.എസ്.ടി. നടപ്പിലാക്കിയതും ഇതിലെ പ്രശ്നങ്ങളും നോട്ടുനിരോധനത്തിലെ സങ്കീർണ്ണതകളുടെയും നടുവിലാണ് കേരളം മികച്ച വളർച്ചാനിരക്കിൽ എത്തിയതെന്ന കാര്യം ഗൗരവപൂർവ്വം പ്രതിപക്ഷം പരിശോധിക്കണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന ബഡ്ജറ്റായി ഇത് മാറാൻ പോകുകയാണ്. സാധാരണ ജനവിഭാഗത്തിന് സാമൂഹ്യസുരക്ഷ ഏർപ്പെടുത്താൻ സഹായിക്കുന്ന 25 രൂപയ്ക്ക് ഭക്ഷണം എന്നത് ഒരു നൂതന ആശയമാണ്. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കും ബഡ്ജറ്റിൽ ഊന്നൽ നൽകുന്നുണ്ട്.

25 വർഷം പൂർത്തീകരിക്കുന്ന ജനകീയാസൂത്രണം, അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും മഹനീയ അനുഭവങ്ങൾ നമ്മുടെ സംസ്ഥാനത്തിനുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രകൃതി ദുരന്തത്തെ മറികടക്കാൻ പ്രാദേശിക തലത്തിൽ പ്രതിരോധ സംവിധാനമുണ്ടാക്കുന്നത് ഒരു പുതിയ ചുവടുവയ്പാണ്. കിഫ്ബി പദ്ധതികൾ ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തെ മറികടക്കാൻ ഏറ്റവും മികച്ച മാതൃകയാണ്. പുതിയ തലമുറയുടെ ആവശ്യം മനസ്സിലാക്കി കേരളത്തിന്റെ അടിസ്ഥാന വികസന കുതിപ്പിനായി 54,000 കോടി

രൂപയുടെ നിക്ഷേപം അസൂയാവഹമാണ്. ഇനിയും അത് തുടരുമെന്ന് ബഡ്ജറ്റ് വ്യക്തമാക്കി. അനന്തസാധ്യതകളുള്ള വികസനം സാധ്യമാക്കാൻ പോകുന്ന ഈ നിക്ഷേപത്തെപ്പോലും അസത്യങ്ങളും അർദ്ധസത്യങ്ങളും പ്രചരിപ്പിച്ച് പ്രതിപക്ഷം തടസ്സപ്പെടുത്തുകയാണ് .

തിരുവനന്തപുരം ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട്, പത്രമാധ്യമങ്ങളിലും നിയമസഭയ്ക്കകത്തും ഉയർന്നുവന്ന ചില കാര്യങ്ങൾ പരാമർശിക്കാതെ പോകുന്നത് ശരിയല്ല. കോവളം നിയോജകമണ്ഡലത്തിന് കിട്ടിയില്ല; അല്ലെങ്കിൽ മറ്റ് മണ്ഡലങ്ങൾക്ക് കിട്ടിയില്ല; എന്നൊക്കെ പറഞ്ഞു. യഥാർത്ഥത്തിൽ തിരുവനന്തപുരം ജില്ലയിൽ കിഫ്ബി ഫണ്ട് ഏറ്റവും കൂടുതൽ കൈവശപ്പെടുത്തിയത് ശ്രീ. കെ. എസ്. ശബരീനാഥനും ശ്രീ. എം. വിൻസെന്റുമാണ്. രണ്ടുപേരും പറയുന്നത് ഞങ്ങൾക്കൊന്നും കിട്ടിയില്ലായെന്നാണ്. ഗവൺമെന്റ് കോവളം ജലപാതയ്ക്കുവേണ്ടിയും കാസർഗോഡുമായി ബന്ധപ്പെട്ട ജലപാതയെ കണക്ട് ചെയ്യാനും എത്രകോടി രൂപയാണ് ചെലവഴിക്കുന്നത്? കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം നടന്നാൽ, ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിന്റെ ഹൃദയഭാഗം സ്വർഗ്ഗതുല്യമായി മാറാൻ പോകുകയാണ്. ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ, (അദ്ദേഹം ഇപ്പോൾ സീറ്റിലില്ല) 71 കോടി രൂപയുടെ ആനവളർത്തൽ കേന്ദ്രം, മനോഹരമായ റോഡുകൾ, ഇതെല്ലാം എത്ര കോടി രൂപയുടേതാണ്? അതുപോലെ മലയോര ഹൈവേ, എന്റെ മണ്ഡലത്തിൽകൂടി 28 കിലോമീറ്റർ ദൂരം സഞ്ചരിക്കുമ്പോൾ ഏകദേശം 20 കിലോമീറ്ററോളം ദൂരം ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിലാണ്. അത് മനോഹരമായി നിർമ്മിച്ച് പൂർത്തിയാക്കി കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ സ്വായത്തമാക്കിയതിനുശേഷമാണ് ഈ ആരോപണവുമായി രംഗത്തുവന്നത്. ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിൽ ഇതുമാത്രമാണോ?

മി. ചെയർമാൻ: പ്ലീസ് ....പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പോർട്ടിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 292 കോടി രൂപ ഉപയോഗിച്ചുവെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നിയമസഭയിൽ വ്യക്തമാക്കി. ഈ ഗവൺമെന്റ് എത്രയെത്ര പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. ഈ ഗവൺമെന്റിന്റെ പണം പറ്റിക്കൊണ്ട് ദുരുഹതകൾ ഉണ്ടാക്കുന്നത് ശരിയായിട്ടുള്ള രീതിയല്ല എന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ് : സർ, 2020 ഫെബ്രുവരി 7-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രതിപക്ഷ എം.എൽ.എ-മാരോട് നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതിനാൽ ഈ ബഡ്ജറ്റിനെ ഞാൻ

എതിർക്കുകയാണ്. സംസ്ഥാനം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ആശങ്ക പ്രകടിപ്പിച്ചിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ വരുമാന വളർച്ച ശരാശരി 13 ശതമാനം മാത്രമാണെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇത് ശരിയല്ല. യു.ഡി.എഫ് സർക്കാരിന്റെ ഭരണ കാലത്ത് ശരാശരി 13 ശതമാനം വളർച്ചയുണ്ടായെങ്കിൽ ഈ സർക്കാരിന്റെ ഭരണകാലത്ത് 10 ശതമാനം ശരാശരി വളർച്ചയേ ഉണ്ടായിട്ടുള്ളൂ. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറത്തിറക്കിയ ധവളപത്രത്തിൽ, 30 ശതമാനം വരെ വരുമാന വളർച്ച ഉണ്ടാകുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ വരുമാന വളർച്ച കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാൾ കുറയുകയും റവന്യൂ ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും സംസ്ഥാനത്തിന്റെ കടബാധ്യത ഭീകരമായി ഉയരുകയും ചെയ്തു. റവന്യൂ വരുമാന വർദ്ധനവ് 18 മുതൽ 20 ശതമാനമായി ഉയർത്തിയാൽ മാത്രമേ കമ്മി കുറയ്ക്കാൻ കഴിയൂവെന്നാണ് ബഡ്ജറ്റിൽ സൂചിപ്പിക്കുന്നത്. എന്നാൽ ഈ സർക്കാരിന്റെ കഴിഞ്ഞ നാലുവർഷക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇതിന് കഴിയില്ലെന്ന് വ്യക്തമാണ്. ഇത് സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പിടിപ്പുകേടാണ് എന്നുള്ളത് വളരെ വ്യക്തമാണ്. ഇവിടെ തിരുവനന്തപുരത്തെ എം.എൽ.എ-മാരെ തഴഞ്ഞു; കൊച്ചിക്ക് വാരിക്കോരി കൊടുത്തു; എന്നൊക്കെ വലിയ പ്രചരണം നടക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 6000 കോടി രൂപയുടെ വികസന പദ്ധതികൾ കൊച്ചിയിൽ നടക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. അതിനാവശ്യമായ സാമ്പത്തിക വിഭവ സമാഹരണം ഈ ബഡ്ജറ്റിൽ എവിടെയും അന്വേഷിച്ചിട്ട് കാണാൻ കഴിയുന്നില്ല. കൊച്ചി 'ഗ്രീൻ മൊബിലിറ്റി സോൺ' എന്നൊരു പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്.

2.00 pm]

2017-ൽ സംസ്ഥാന സർക്കാർ പൊതു ഗതാഗത ശാക്തീകരണത്തിന്റെ വിവിധ മാർഗ്ഗങ്ങൾ കൊച്ചിയിൽ ആരംഭിക്കുന്നതിനായി കൊച്ചി മെട്രോ റെയിലിനെ ചുമതലപ്പെടുത്തിയതനുസരിച്ച് എല്ലാ ബസുകളിലും ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഒരുക്കി. എല്ലാവരും ഒരേ യാത്രക്കാർ എന്ന നിലയിൽ കൊച്ചിയിലെ 150 സ്വകാര്യ ബസുകളിൽ 'കൊച്ചി വൺ കാർഡ്' സംവിധാനം ഏർപ്പെടുത്തുന്ന വിധത്തിലുള്ള ഇലക്ട്രോണിക് ട്രാക്കിംഗ് മെഷീൻ ലഭ്യമാക്കി. യാത്ര സൗഹൃദമാക്കുന്നതിനായി യാത്രാ വിവര സഹായ സംവിധാനം എന്ന നിലയിൽ ഈ ബസുകളിൽ സ്ക്രീൻ ഘടിപ്പിക്കുകയും അതിലൂടെ യാത്രക്കാർക്ക് തൽസമയ വാർത്തകളും റോഡ് സുരക്ഷാ അറിയിപ്പുകളും യാത്രാ വിവരങ്ങളും നൽകി വരികയുമാണ്. കൂടാതെ ബസിനകത്തും പുറത്തും നിരീക്ഷണ ക്യാമറകൾ ഘടിപ്പിച്ച് സുരക്ഷാ സംവിധാനം ശക്തമാക്കി യാത്ര സുഗമവും സുരക്ഷിതവുമാക്കുന്നുവെന്നതാണ്

ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ ഒരു വർഷമായി കൊച്ചി നഗരത്തിൽ നടക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനോ ബസ് ഉടമകൾക്കോ ഒരു രൂപപോലും ചെലവ് വരുന്നില്ല. ആക്സിസ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ പി.പി.പി. മോഡലിൽ ടി പദ്ധതി കൊച്ചി നഗരത്തിൽ നടക്കുന്നതാണെന്നുള്ള വസ്തുത സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കൊച്ചി മെട്രോ റെയിലിന് 3,025 കോടി രൂപയുടെ വികസന പ്രവർത്തനം നടത്തുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽനിന്ന് കാക്കനാട് ഇൻഫോപാർക്കിലേയ്ക്കും പേട്ടയിൽനിന്ന് തൃപ്പൂണിത്തുറയിലേയ്ക്കുമുള്ള പദ്ധതി ആരംഭിച്ചിട്ട് വളരെ നാളുകളായി. കഴിഞ്ഞ വർഷംതന്നെ ഇതുമായി ബന്ധപ്പെട്ട ഡി.പി.ആർ. സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വാട്ടർ മെട്രോയ്ക്ക് 682 കോടി രൂപയുടെ പദ്ധതിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഈ പദ്ധതിയെക്കുറിച്ച് കഴിഞ്ഞ മൂന്ന് വർഷമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ രണ്ട് ബോട്ട് ജെട്ടികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. വരുന്ന നവംബറിൽ 26 ബോട്ടുകൾ വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കെ.എഫ്.ഡബ്ല്യു. എന്ന ജർമ്മൻ കമ്പനിയുടെ 85 മില്യൺ ഡോളർ യൂറോ സാമ്പത്തിക വായ്പാ സഹായത്തോടെ നടത്തുന്നൊരു പദ്ധതിയാണിത്. ഇതിനെല്ലാം മേൽനോട്ടം വഹിക്കുന്ന കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് 2.50 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ ആകെ വകയിരുത്തിയിരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വാട്ടർ മെട്രോ പദ്ധതിക്കുവേണ്ടി സോളാർ ബോട്ടുകൾ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിയുമായി ബന്ധപ്പെട്ട് 65 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. ടി പദ്ധതിക്കായി 10 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടി പദ്ധതി പൂർത്തീകരിക്കാനായി 50 കോടി രൂപയെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കാത്ത ഈ ബഡ്ജറ്റിനെ എതിർത്തു കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. ഒരു ഗവൺമെന്റ് അധികാരത്തിൽ എത്തുന്നതിനുമുമ്പ് ജനങ്ങളുടെ മുമ്പിൽ വയ്ക്കുന്ന പ്രകടനപത്രികയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളുടെ

മുമ്പിൽ വച്ച പ്രകടനപത്രികയിലെ ഏതാണ്ട് 90 ശതമാനത്തോളം കാര്യങ്ങളും നടപ്പിലാക്കി എന്ന പ്രഖ്യാപനത്തിലൂടെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. തീർച്ചയായും ഒരു മുപ്പത് നാൽപ്പത് വർഷത്തിനുള്ളിൽ വലിയ മാറ്റങ്ങളുണ്ടാകുന്ന തരത്തിൽ ഈ നിയമസഭയിലിരിക്കുന്ന എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ ധാരാളം ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടങ്ങൾ പണിതുകൊടുത്തുകൊണ്ട് വലിയൊരു മാറ്റം വിദ്യാഭ്യാസ രംഗത്തുണ്ടാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നത് വലിയ വിജയമായി മാറുകയാണ്. ഈ പദ്ധതിയിലൂടെ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചവർക്കെല്ലാം പുതിയ ഫർണിച്ചറുകൾ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവിടെയെത്തുന്ന കുട്ടികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിലൂടെ 5 ലക്ഷം കുട്ടികളെ സ്വകാര്യ സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് പറയുന്നത് ഈ സർക്കാരിന്റെ വലിയൊരു നേട്ടമാണ്.

പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കിഫ്ബിയിലൂടെയും അതല്ലാതെയും നിർമ്മിച്ച റോഡുകളെല്ലാം നല്ല നിലവാരം പുലർത്തുന്നവയാണ്. കാലാവസ്ഥ പ്രതികൂലമായി വന്നിട്ടും വളരെ നല്ല നിലവാരം പുലർത്തുന്ന തകരാത്ത റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞു. പറഞ്ഞ വാക്കിന് വിലയും ചെയ്യുന്ന പ്രവൃത്തികൾക്ക് ക്വാളിറ്റിയുമുള്ളൊരു സംവിധാനമാണ് ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതെന്ന് തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്.

കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിക്കുകയും ജനങ്ങളുടെ വ്യക്തിത്വത്തെയും അവകാശങ്ങളെയും ഭരണഘടനയെയും ചോദ്യം ചെയ്യപ്പെടുന്ന (നിയമ ഭേദഗതികൾ) പൗരത്വ ബിൽ പോലുള്ള രാജ്യദ്രോഹപരമായ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിനെ എതിർക്കുന്നൊരു ഗവൺമെന്റ് ആണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. ഈ നിയമസഭയിലാണ് ആദ്യമായി അതിനെതിരെ പ്രമേയം കൊണ്ടു വന്നത്. പ്രതിഷേധം തീർക്കാൻ വേണ്ടി കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് കേരള സർക്കാരിനെ ഞെരുക്കുകയാണ്. ഡിസംബർ മുതൽ ജി.എസ്.ടി. -യുടെ നഷ്ടപരിഹാരം നികത്തുന്നില്ല. ഫെബ്രുവരിയോടുകൂടി 3,000 കോടി രൂപയുടെ കടിശ്ശിക വരും. അതുകൊണ്ടെല്ലാം ഞെരുങ്ങുമ്പോഴും സാധാരണക്കാരായ ജനങ്ങൾക്കു വേണ്ടി ക്ഷേമ പദ്ധതികളിൽ വർദ്ധനവുണ്ടാക്കിക്കൊണ്ട് കഴിഞ്ഞ ഗവൺമെന്റ് കൊടുത്തതിനെക്കാൾ ലക്ഷക്കണക്കിന് ആളുകൾക്ക് കൃത്യമായി കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ആശാവർക്കർമാരുടെയും അങ്കണവാടി ടീച്ചർമാരുടെയും വരുമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനം വളരെ നല്ലതാണ്. ഈ രാജ്യത്തെ എല്ലാ വീടുകളിലും പോയി ജനങ്ങളുടെ പൊതു ആരോഗ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് ആശാ വർക്കർമാർ. മുമ്പ് സഭയിൽ അവതരിപ്പിച്ച ഒരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ

വകുപ്പുമന്ത്രി അന്ന് അതിന് മറുപടി പറയുകയുണ്ടായി. ക്യാൻസർ രോഗികളുടെ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതായി കാണുന്നില്ല. ഏറ്റവുമധികം വേദന അനുഭവിക്കുന്നതും ഏറ്റവും ചെലവ് വരുന്നതുമായ ചികിത്സയാണ് ക്യാൻസർ. അവർക്ക് ഇപ്പോൾ 1,000 രൂപയാണ് പ്രതിമാസം നൽകുന്നത്. ആ തുക അല്പമെങ്കിലും വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ ചെലവ് കൂടുകയും വരവ് കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ ചെലവ് കുറയ്ക്കുക എന്ന അങ്ങയുടെ നയം വളരെ ശരിയാണ്. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രികൂടി ഉള്ളതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കുന്നു. പൊതു നിർമ്മാണ പ്രവർത്തനങ്ങൾക്ക് 'പ്രൈസ്' സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത്. ഈ സോഫ്റ്റ്വെയറിന് ഒരു അപാകതയുണ്ട്. പല കാര്യങ്ങൾക്കും 20 ശതമാനം മുതൽ 30 ശതമാനം വരെ അഡീഷണലായാണ് പണം അനുവദിക്കുന്നത്. ഇങ്ങനെ കൊടുക്കുന്ന പണം ഗവൺമെന്റിന് ലാഭവും പ്രവൃത്തിയിൽ ഗുണവും ചെയ്യുന്നില്ല. ഇത് കോൺട്രാക്ടർക്ക് ഗുണം ചെയ്യുന്ന സംവിധാനമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി 'പ്രൈസ്' സോഫ്റ്റ്വെയറിൽ ഒരു കെട്ടിടത്തിന്റെ സ്കെച്ച് വരച്ച് എസ്റ്റിമേറ്റ് എടുക്കുക. അതേ കെട്ടിടം വിദഗ്ധരായ സിവിൽ എഞ്ചിനീയറുടെ കയ്യിൽ കൊടുത്ത് മാന്വലായി എസ്റ്റിമേറ്റ് എടുക്കുക. യാഥാർത്ഥ്യമെന്തെന്ന് അപ്പോൾ മനസ്സിലാകും. 20 മുതൽ 30 ശതമാനം വരെ വ്യത്യാസമുണ്ടാകുന്നുവെന്നത് വളരെ വ്യക്തമാണ്. ഇത് എന്റെ അനുഭവത്തിൽ നിന്നാണ് പറയുന്നത്. ആ പണം ഖജനാവിൽനിന്നും ചോരാനിടയാകും. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻവേണ്ടി എം.എൽ.എ. ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഞാൻ എഴുതിക്കൊടുത്തു. 'കെൽ' എന്ന സ്ഥാപനം 43,45,000 രൂപയ്ക്ക് സ്ഥാപിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. ധനകാര്യ വകുപ്പിൽനിന്നും ഏഴാം മാസത്തിൽ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ ജില്ലാ കളക്ടർമാരോട് പറഞ്ഞിരിക്കുന്നത് ഇത് 'പ്രൈസ്' സോഫ്റ്റ്വെയറിൽ ഇട്ടതിനുശേഷമേ എടുക്കാവൂ എന്നാണ്. അങ്ങനെ ഇടുമ്പോൾ ഇതിന്റെ വില 45,00,000 രൂപയാണ്. കൊല്ലം ജില്ലാ കളക്ടർ ധനകാര്യ വകുപ്പിലേക്ക് ഇതുസംബന്ധിച്ച് ഒരു കത്തെഴുതി. 15/11-ൽ അദ്ദേഹം അഡീഷണൽ ചീഫ് സെക്രട്ടറിക്ക് എഴുതിയ കത്തിൽ ഇത് ക്ലിയർ ചെയ്യണമെന്നും വില കുറച്ചാണ് കെൽ പറയുന്നതെന്നും 5 വർഷമാണ് ഗ്യാരണ്ടിയെന്നും കഴിഞ്ഞ വർഷങ്ങളിൽ അവരാണ് ഇത് സ്ഥാപിച്ചതെന്നുമാണ് പറയുന്നത്. രണ്ട് ലക്ഷം രൂപയുടെ വ്യത്യാസമുണ്ട്. ഇത് കൂടുതൽ കൊടുക്കണമെന്നാണ് ധനകാര്യ വകുപ്പിന്റെ സർക്കുലർ. 45,00,000 രൂപയ്ക്കേ വാങ്ങാവൂ, actual price 43,45,000 ആണ് അത് മാറ്റിത്തരണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ

കത്തയയ്ക്കുന്നു. 70 ദിവസത്തിനുശേഷം ധനകാര്യ വകുപ്പിൽനിന്നും അതിനൊരു മറുപടി വന്നു. ജില്ലയിലെ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറോട് ചോദിച്ചപ്പോൾ ഈ വിലയ്ക്കായാലും കൊടുക്കുന്നതിന് കുഴപ്പമില്ലെന്ന് പറഞ്ഞു. പ്രൈസ് സോഫ്റ്റ്വെയറിന്റെ വിലയേക്കാൾ കൂടുതലെന്ന് പറയാം. പക്ഷെ പ്രൈസ് സോഫ്റ്റ്വെയറിന്റെ വിലയേക്കാൾ കുറച്ചുകിട്ടുന്നുണ്ടെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഉത്തരവ് കൊടുക്കരുതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വരുന്ന വർഷം തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. എം.എൽ.എ.-മാർക്ക് അവർക്ക് അർഹതപ്പെട്ട ഫണ്ട് ലഭ്യമാക്കണം. 6 കോടി രൂപ എം.എൽ.എ. ഫണ്ടുള്ളതിൽ 15 ശതമാനം ജി.എസ്.ടി., ശരാശരി 12 ശതമാനം പി.ഡബ്ല്യു.ഡി. വർക്കുകൾക്ക്, അത് മറ്റ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ 15 ശതമാനം, ശരാശരി 15 - 18 ശതമാനം ജി.എസ്.ടി. ആയിട്ടും നിർമ്മിതിപോലുള്ള ചില കേന്ദ്രങ്ങളെ ഏൽപ്പിക്കുമ്പോൾ അവർ 8 ശതമാനം വാങ്ങുന്നതോടുകൂടി എം.എൽ.എ. ഫണ്ട് 6 കോടി രൂപയുള്ളതിൽ (5 കോടി എ.ഡി.എഫ്., ,1 കോടി എസ്.ഡി.എഫ്.) ഏതാണ്ട് 1 കോടി രൂപയിലധികം രൂപ ടാക്സ് ഇനത്തിലും സർവ്വീസ് ചാർജ്ജ് ഇനത്തിലും തിരിച്ചുപോകുകയാണ്. ജനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ 6 കോടി രൂപയുടെ പ്രയോജനമുണ്ടാക്കിക്കൊടുക്കാൻ എം.എൽ.എ.-മാർക്ക് കഴിയുന്നില്ലെന്നത് ദുഃഖകരമായ കാര്യമാണ്. ഒന്നുകിൽ എസ്.ഡി.എഫ്.-ന്റെ അളവ് വർദ്ധിപ്പിക്കണം. കാരണം ജി.എസ്.ടി.-യിലേക്ക് തിരിച്ചുവരേണ്ടതെല്ലാം ടാക്സിലേക്ക് പോകേണ്ടതാണ്. 12 ശതമാനം പി.ഡബ്ല്യു.ഡി. വർക്കുകൾക്കുണ്ട്. കമ്പ്യൂട്ടർ വാങ്ങുന്നതിനും മറ്റ് കാര്യങ്ങൾക്കും 18 ശതമാനം വരുന്നുണ്ട്. അതെല്ലാം തിരിച്ചുപോകുകയാണ്. ജനങ്ങൾക്ക് 6 കോടി രൂപയുടെ ഗുണം ചെയ്യകൊടുക്കാൻ എം.എൽ.എ.-മാർക്ക് കഴിയുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ഒരുകാര്യം, 2019-20-ൽ എം.എൽ.എ. എന്ന നിലയിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും എനിക്ക് അനുവദിച്ചതന്ന തുക തരാൻ നിവൃത്തിയില്ലെന്ന് എൽ.എസ്.ജി.ഡി.-യുടെ ചീഫ് എഞ്ചിനീയർ എനിക്ക് കത്ത് തന്നിരിക്കുകയാണ്. 'ധനകാര്യ വകുപ്പിൽ നിന്നും പണം ഞങ്ങൾക്ക് തരാത്തതുകൊണ്ട് എം.എൽ.എ. ഫണ്ടിലുള്ള പണം പി.ഡബ്ല്യു.ഡി.-യിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ കഴിയില്ല' എന്നാണ് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ എനിക്ക് എഴുതിത്തന്നിരിക്കുന്നത്. രണ്ട് പാലങ്ങൾ നിർമ്മിക്കാൻ പി.ഡബ്ല്യു.ഡി.-ക്ക് എം.എൽ.എ. ഫണ്ട് കൊടുത്തു. അതിന് ചീഫ് എഞ്ചിനീയറുടെ മറുപടി, ഇത് ഡെപ്പോസിറ്റ് ചെയ്യാൻ നിവൃത്തിയില്ല, ധനകാര്യ വകുപ്പിൽനിന്നും ഈ ഹെഡ്ഡിൽ പണം തന്നിട്ടില്ലാത്തതിനാൽ അത് തരാൻ നിവൃത്തിയില്ലെന്നാണ്. 7-ാം മാസം എനിക്ക് കളക്ടറേറ്റിൽനിന്നും ലഭിച്ച എ.എസ്.-ന് ഇപ്പോഴും പണം ലഭിക്കാത്ത

അവസ്ഥയുണ്ട്. ഇലക്ഷൻ വരുന്ന ഈ വർഷമെങ്കിലും ഭരണ-പ്രതിപക്ഷ ഭേദമെന്യേ എം.എൽ.എ.-മാർക്കെല്ലാം അസറ്റ് ഫണ്ട് റിലീസ് ചെയ്യാൻ അമാന്തിക്കരുതെന്നും അതിനുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നുമുള്ള അഭ്യർത്ഥനയോടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലഘട്ടത്തിൽ ജനോപകാരപ്രദമായ, പരിഷ്കൃത സമൂഹത്തിന് അനുയോജ്യമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ സഭാ സമ്മേളനം ചേരുമ്പോൾ നമ്മുടെ രാജ്യം റിപ്പബ്ലിക്കായതിന്റെ 70-ാം വാർഷികവും മഹാത്മാഗാന്ധിയുടെ 150-ാം ജന്മശതാബ്ദിയും സി. അച്യുതമേനോൻ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമത്തിന്റെ 50-ാം വാർഷികവും ആഘോഷിക്കുകയാണ്. രാജ്യം വല്ലാത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിലും ജനങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി അത് നടപ്പാക്കാൻ കഴിയുന്ന തരത്തിലാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നമ്മെ പരമാവധി ദ്രോഹിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്രം നമുക്ക് തരേണ്ട വിഹിതത്തിൽ 2800 കോടി രൂപയുടെ കുറവാണ് ഈ വർഷമുണ്ടായിട്ടുള്ളത്. ആ കുറവുണ്ടായിട്ടും ഉള്ള പണംകൊണ്ട് സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെ രക്ഷിക്കാമെന്ന ചിന്തയിൽ വിവിധങ്ങളായ ക്ഷേമപദ്ധതികളാണ് ഇവിടെ നടപ്പാക്കിവരുന്നത്. കേന്ദ്രഗവൺമെന്റ് ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിച്ചു. ശ്രീമതി നിർമ്മല സീതാരാമന്റെ ബഡ്ജറ്റ് ഈ രാജ്യത്തെ കച്ചവട ലോബികൾക്കുവേണ്ടിയുള്ള ബഡ്ജറ്റാണ്. ആ ബഡ്ജറ്റിൽ കേരളത്തിനുവേണ്ടി ഒന്നുമില്ല. നിർമ്മല എന്ന വാക്കിനർത്ഥം സുതാര്യം, ശാന്തം എന്നൊക്കെയാണ്. പക്ഷേ ആ ബഡ്ജറ്റിലൂടെ രാജ്യത്തെ ശാന്തം, ഭീകരം എന്ന അവസ്ഥയിലേയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ് ബഹുമാന്യയായ കേന്ദ്രമന്ത്രി. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ദ്രോഹിച്ചുകൊണ്ടിരിക്കുമ്പോഴും കടുത്ത പ്രളയവും മഴയുമൊക്കെ നേരിട്ടപ്പോഴും കേരളത്തെ പുനരുജ്ജീവിപ്പിക്കാൻവേണ്ടിയുള്ള പരിശ്രമവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. നിരവധി പദ്ധതികളുണ്ട്, അവയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, പൊതുമരാമത്ത് തുടങ്ങി ഏത് മേഖലയെടുത്ത് പരിശോധിച്ചാലും വികസനങ്ങളുടെ വേലിയേറ്റമാണ്. ഇതെല്ലാമുണ്ടായിട്ടും യു.ഡി.എഫ്. പറയുന്നത് ഒന്നും നടക്കുന്നില്ലെന്നാണ്. പാലും തേനും നെയ്യും ഒഴിച്ച് വളർത്തിയാലും വേപ്പിലയ്ക്ക് കയ്യുതന്നെയായിരിക്കും. ഇവർക്ക് എന്തുകൊടുത്താലും അതെല്ലാം സ്വീകരിക്കും പിന്നെ തനിസ്വഭാവം കാണിക്കും.

കേരളത്തിലെ യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലത്തിലൂടെ സഞ്ചരിച്ചാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മന്ത്രിമാരുടെ ഫോട്ടോ വച്ച് ആശംസകൾ അറിയിച്ചിരിക്കുന്നത് കാണാൻ കഴിയും. എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. സി. കെ. ഹരീന്ദ്രൻ പറഞ്ഞു, ഓരോ മണ്ഡലത്തിലും നടപ്പിലാക്കുന്ന വികസനങ്ങളെല്ലാം ഏറ്റുവാങ്ങിയശേഷം ഒരു വികസനപ്രവർത്തനവും നടക്കുന്നില്ലെന്ന സമീപനമാണ് അവർ സ്വീകരിക്കുന്നതെന്ന്. കേരളത്തിൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായരാണ് കേരളത്തിലെ ജനങ്ങൾക്ക് വിലകുറച്ച് അരി കൊടുക്കാൻ കഴിയത്തക്കനിലയിൽ മാവേലി സ്റ്റോറുകൾ കൊണ്ടുവന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയായിരിക്കുന്ന ബഹുമാന്യനായ പി. തിലോത്തമൻ കേരളത്തിൽ 25 രൂപയ്ക്ക് ഭക്ഷണം നൽകുന്ന 'വിശപ്പ് രഹിത കേരളം' പദ്ധതി ഇപ്പോൾ നടപ്പാക്കാൻ പോകുന്നു. പണമില്ലെങ്കിലും പാവപ്പെട്ടവർക്ക് ഭക്ഷണം കൊടുക്കുന്നതിനുവേണ്ടി 'വിശപ്പ് രഹിത കേരളം' പദ്ധതി നടപ്പിലാക്കുന്നത് ചെറിയ കാര്യമാണോ? കേരളത്തെ രക്ഷിക്കാനുള്ള നിരവധി പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി. ആശാവർക്കർമാർ, പ്രീ-പ്രൈമറി ടീച്ചർമാർ, പാചകത്തൊഴിലാളികളടക്കമുള്ളവർക്ക് ഓണറേറിയം വർദ്ധിപ്പിച്ചു. കുടുംബശ്രീയുമായി ബന്ധപ്പെട്ടാണ് എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുന്നത്. കുടുംബശ്രീയിലെ സി.ഡി.എസ്. അദ്ധ്യക്ഷന്മാർക്ക് നിലവിൽ വളരെ കുറഞ്ഞ ഓണറേറിയമാണ് ലഭിക്കുന്നത്. ഏത് പ്രവൃത്തികളും അവർ വഴിയാണ് ചെയ്യുന്നത്. കുടുംബശ്രീയില്ലെങ്കിൽ നാട്ടിൽ വികസനമില്ലാത്ത അവസ്ഥയാണ്. നമ്മുടെ നാട്ടിൽ കുടുംബശ്രീ നന്നായി പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് സി.ഡി.എസ്. അദ്ധ്യക്ഷൻമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. അവിടെയുള്ള ഓഫീസിലെ അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന എ.ഡി.എസ്. അംഗങ്ങൾക്ക് ടി.എ. എങ്കിലും നൽകാൻ കഴിയത്തക്കനിലയിൽ ചെറിയ സഹായം ചെയ്യണം.

കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ധാരാളം തുക മാറ്റിവച്ചിട്ടുണ്ട്. എന്നാൽ കുട്ടനാട് അന്തർദേശീയ കായൽ ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് 7267 കോടി രൂപയുടെ പ്രൊപ്പോസലാണ് തന്നത്. അദ്ദേഹം ഇവിടെ അനുവദിച്ചത് 20 ലക്ഷം രൂപയാണ്. അവിടെ ശമ്പളം നൽകണമെങ്കിൽത്തന്നെ 60 ലക്ഷം രൂപ വേണം. അതുകൊണ്ട് ആ പ്രൊപ്പോസൽ അനുസരിച്ചുള്ള വിഹിതം വർദ്ധിപ്പിക്കണം. അതുപോലെ റവന്യൂ വകുപ്പിൽ ആറ് റവന്യൂ ഡിവിഷനും നാല് താലൂക്കും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ഇതിനാവശ്യമായ പ്രവർത്തനം നടത്താനുള്ള തുക

മാറ്റിവയ്ക്കണം. പഞ്ചായത്ത് ഓഫീസിൽ ഇപ്പോൾ ഫ്രണ്ട് ഓഫീസ് സംവിധാനമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ റവന്യൂ ഓഫീസുകളിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന മേഖലയിൽ പാലുല്പാദനത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. മലബാർ മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. മലബാർ മിൽമ മേഖലാ യൂണിയനിൽ എൽ.ഡി.എഫ്.-ന് വിജയിക്കാൻ കഴിഞ്ഞു. കൂടാതെ ക്ഷീരകർഷകർക്ക് വിലകുറച്ച് കാലിത്തീറ്റ കൊടുക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളാണ് കേരള ഫീഡ്സ് നടത്തിക്കൊണ്ടിരിക്കുന്നത്. അവരുടെ നഷ്ടം നികത്താൻ കഴിയുന്ന തരത്തിലുള്ള സഹായം ബഡ്ജറ്റിൽ വകയിരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കേരളത്തെ മുന്നോട്ടുനയിക്കാൻ വേണ്ട പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇന്ന് അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റാണിതെന്നും ഈ കാലയളവിൽ കൂടുതൽ കേസ്സുകളുണ്ടാകുന്നുവെന്നും അവർക്ക് യാതൊരു സുരക്ഷയുമില്ലെന്നും പറയുകയുണ്ടായി. കേരളത്തിൽ ഒരു സ്ത്രീയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് ഒരു കേസ് ഇപ്പോഴും കോടതിയിൽ നിലനിൽക്കുകയാണ്. ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ട് നമുക്ക് പുറത്തുകാണിക്കാൻ കൊള്ളില്ല. അതിൽ ആരൊക്കെയാണ് പ്രതികളെന്ന് അറിയാം. അവരാണ് രാവിലെ ഇവിടെ സ്ത്രീകൾക്കുവേണ്ടി ഘോരഘോരം പ്രസംഗിക്കുന്നത്. സുഗന്ധവാഹിനികളായ പുഷ്പത്തോടുകൂടിയ ഒരു വൃക്ഷത്തിന് കാനനപ്രദേശത്തെ മുഴുവനും സൗന്ദര്യപൂർണ്ണമാക്കാൻ കഴിയും. മഹത്വമേറിയ ഒരു പുത്രനാൽ ഒരു കുടുംബം രക്ഷപ്പെടും. കേരളത്തിൽ മഹത്വമേറിയ ഒരു ധനകാര്യ വകുപ്പുമന്ത്രിയുള്ളതുകൊണ്ട് വികസന രംഗത്ത് വലിയ വിപ്ലവമാണുണ്ടാകുന്നത്. അതുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തിയായി എതിർക്കുന്നു. കഴിഞ്ഞവർഷവും മുൻവർഷവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗം ഞാൻ ശ്രദ്ധിച്ചിരുന്നു. ഇപ്രാവശ്യം ബഡ്ജറ്റ് കേട്ടപ്പോഴും മനസ്സിരുത്തി വായിച്ചപ്പോഴും മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഒരു സർക്കസുകാരന്റെ ചാതുര്യത്തോടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചാടിക്കടക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. 1995-ൽ ശേഷം ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്ന സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട നിരവധി ക്ലാസുകൾ ഞാൻ

കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ സമൂഹം സാമ്പത്തികമായി വിഷമിക്കുന്ന സന്ദർഭത്തിൽ അത് പരിഹരിക്കാൻ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ എന്തെങ്കിലും നടപടികളുണ്ടാകുമെന്ന് പ്രതീക്ഷിച്ച എനിക്ക് കേരളം എരിയുന്ന ചട്ടിയിൽനിന്നും പൊരിയുന്ന അടുപ്പിലേയ്ക്ക് പോകുന്ന അനുഭവമാണ് കാണാൻ കഴിഞ്ഞത്. മാത്രവുമല്ല, ചിരട്ടയിലാക്കി സൂൺകൊണ്ട് വിളമ്പിക്കൊടുക്കുന്ന അനുഭവമാണ് ഈ ബഡ്ജറ്റ് കേട്ടപ്പോൾ എനിക്ക് തോന്നിയത്. മല എലിയെ പ്രസവിച്ചതുപോലെ എന്നെനിക്ക് പറയാൻ തോന്നുകയാണ്. ഒരുപാട് ആവശ്യങ്ങളുമായി പോയ നമ്മുടെ എം.എൽ.എ.-മാരുടെയൊക്കെ മുമ്പിൽ അദ്ദേഹം വളരെ, അതായത് പുരാണത്തിലെ ഒരു കഥയുണ്ടല്ലോ; ശ്രീകൃഷ്ണൻ വെണ്ണയെടുത്ത് വായിലിട്ടപ്പോൾ അത് തടയുന്നതിന് മാതാവ് യശോദ മയിൽപ്പീലി കൊണ്ട് പ്രതീകാത്മകമായി അടിക്കാൻ ശ്രമിച്ചപ്പോൾ ശ്രീകൃഷ്ണൻ വായ് തുറക്കുകയും ഈരേഴ് ഉലകവും കണ്ടുവെന്നുമാണ്. ആ സമയത്ത്,

'ആനത്തലയോളം വെണ്ണതരാമെടാ

ആനന്ദ ശ്രീകൃഷ്ണാ വാമുറുക്ക്..... ' - എന്നുപറഞ്ഞതുപോലെ എം.എൽ.എ.-മാരെല്ലാം പല ആവശ്യവുമായി പോയപ്പോൾ നമ്മളോട് ആനത്തലയോളം പലതും നിങ്ങൾക്ക് തരാം എന്നുപറഞ്ഞ് മോഹിപ്പിച്ച് വാസ്തവത്തിൽ ഞങ്ങളെ ഒതുക്കി നിർത്തുകയാണ് ചെയ്തത്. ഈയൊരു സന്ദർഭത്തിൽ വ്യാമോഹങ്ങളുടെ ദന്ത ഗോപുരങ്ങളിൽ നിന്ന് കുറച്ച് ഇറങ്ങിവന്നതുപോലെയാണ് പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്. കാരണം ഇക്കൊല്ലം ഇങ്ങനെ സംസാരിച്ചിട്ട് ഒന്നും കൊടുക്കാൻ കഴിയില്ലല്ലോ എന്ന കുറ്റബോധമാണ് അദ്ദേഹത്തിന് ഉണ്ടായിട്ടുള്ളതെന്ന് എനിക്ക് തോന്നുകയാണ്. എന്നാലും കുറെ വാഗ്ദാനങ്ങളുണ്ട്. ഗ്രാമീണ റോഡിന് 1000 കോടി രൂപ, തീരദേശ പാക്കേജിന് 1000 കോടി രൂപ, കിഫ്ബിയിൽ 20,000 കോടി രൂപ ചെലവഴിക്കുമെന്നാണ് പറയുന്നത്. എന്നാൽ മൂന്ന്-മൂന്നരക്കൊല്ലം കഴിഞ്ഞപ്പോൾ 4500 കോടി രൂപ ചെലവഴിച്ചുവെന്നാണ് പറയുന്നത്. ഇനി ആകെയുള്ള ഒരു വർഷംകൊണ്ട് ബാക്കിയുള്ള 15000 കോടി രൂപ എങ്ങനെ ചെലവാക്കും എന്നതിനെ സംബന്ധിച്ച് ചിന്തിച്ചുപോകുകയാണ്. അതുപോലെത്തന്നെ കുറെ നികുതി നിർദ്ദേശങ്ങളുണ്ട്. അതൊക്കെ വിലക്കയറ്റത്തിലേക്ക് പോകുമോയെന്ന് തോന്നിപ്പോകുന്ന ഒരു അവസ്ഥാവിശേഷമാണ് കാണാൻ കഴിഞ്ഞത്. ഈ ബഡ്ജറ്റിനെക്കുറിച്ച് ഇന്നലെ ഉദുമ എം.എൽ.എ.-ആയ ബഹുമാന്യനായ കെ. കുഞ്ഞിരാമൻ, ഞാൻ എന്റെ പിതാവിനെപ്പോലെ സ്നേഹിക്കുന്ന ഒരു മനുഷ്യനാണ് അദ്ദേഹം. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം വളരെ ശ്രദ്ധയോടുകൂടി കേട്ടു. കോടികളുടെ കണക്കുകളാണ് പറഞ്ഞത്. ഞാൻ ആകെ ഞെട്ടിപ്പോയി. കുഞ്ഞിരാമേട്ടന് ഇത്രയധികം വാരിക്കോരി കൊടുത്തോ; പക്ഷേ കൂട്ടത്തിൽ 100 കോടി രൂപയിലധികം മഞ്ചേശ്വരം മണ്ഡലത്തിലും ചെലവാക്കി എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ കാണാത്തതുകൊണ്ടാണോ എന്ന്

വിചാരിച്ചു. അങ്ങനെ ഞാൻ രാത്രി പോയി അരിച്ചുപെറുക്കി നോക്കി. അപ്പോൾ 'കണ്ണ് കാണാത്തവൻ ഇരുട്ടിൽ കരിമൂച്ചയെ തപ്പിയതുപോലെ' എനിക്ക് തോന്നി. അതിലൊന്നുമില്ല. ആകെ 40 ലക്ഷം രൂപ കടൽഭിത്തിക്ക് വകയിരുത്തിയിട്ടുണ്ട്. രണ്ടുമൂന്ന് കടൽഭിത്തി കെട്ടിയതിന് തുക ആവശ്യമുണ്ട്. അത് കൊടുത്തിട്ടുണ്ട്. അതല്ലാതെ ബാക്കിയുള്ളതിനെല്ലാം 100 രൂപയാണ് കൊടുത്തത്. മാത്രമല്ല, മെഡിക്കൽ കോളേജിന് ഇത്ര കോടി രൂപ, സ്പിന്നിംഗ് മില്ലിന് ഇത്ര കോടി രൂപ, അങ്ങനെ കുറെ കണക്കുകളൊക്കെ പറഞ്ഞു. അങ്ങനെയൊരു വിവേചനം കാണിച്ചിട്ടുണ്ടോയെന്ന് അറിയില്ല. കാരണം ഭരണകക്ഷിയെന്ന നിലയിൽ എം.എൽ.എ.-മാർക്ക് കൂടുതൽ കൊടുക്കുന്നുണ്ടെന്നും പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിക്കുന്നുണ്ടെന്നുമുള്ള സംസാരം പൊതുവെയുണ്ട്. അതൊന്ന് പരിശോധിക്കപ്പെടേണ്ടതായിട്ടുണ്ട്. പക്ഷേ അദ്ദേഹം പറഞ്ഞ 110 കോടി രൂപയും അങ്ങനെയുള്ള ഒരു കോടി രൂപയും വാസ്തവത്തിൽ കിട്ടിയിട്ടില്ല. ഞാൻ ഇന്നലെ കുഞ്ഞിരാമേട്ടനോട് ചോദിച്ചപ്പോൾ അത് ഇപ്പോഴത്തേതല്ല എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ മനസ്സിലാക്കിയത് ഇപ്പോൾ കൊടുത്തുവെന്നുള്ളതാണ്. അതുപോലെതന്നെ മെഡിക്കൽ കോളേജിന് കാര്യമായിട്ടൊന്നും വകയിരുത്തിയിട്ടില്ല. ഇതിനുമുമ്പ് നൽകിയ കുറെ വാഗ്ദാനങ്ങൾ നടപ്പിലാക്കിയിട്ടുമില്ല. ഇതിനുമുമ്പ് ഒന്നരണ്ട് വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഉദാഹരണത്തിന്, 5 ബ്രഹത് പദ്ധതികൾക്ക് വ്യവസായ സോണുകൾ ആരംഭിക്കുന്നതിനായി കാസർഗോഡ് 500 ഏക്കർ സ്ഥലം ഏറ്റെടുക്കുമെന്ന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലും ഇതിനുമുമ്പ് ഒരുപാട് വാഗ്ദാനങ്ങൾ നൽകിയിരുന്നു. വരൾച്ചാ കാഠിന്യം കുറയ്ക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്റെ മണ്ഡലത്തിലെ ഷിറിയ പുഴ ഉൾപ്പെടെയുള്ള നദികളിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുമെന്ന് 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതൊന്നും നടന്നിട്ടില്ല. അതുപോലെതന്നെ തിരുവനന്തപുരത്തു നിന്ന് കാസർഗോഡ് വരെ ഒരു സമാന്തര റെയിൽപ്പാത നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. അതൊന്നും യഥാർത്ഥത്തിൽ നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങളൊന്നും നടക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. കാരണം ഇതിനുമുമ്പും കാര്യങ്ങൾ നടന്നിട്ടില്ലെന്നുള്ളത് അറിയാവുന്ന ഒരു കാര്യമാണ്.

മി. ചെയർമാൻ: യെസ്....പ്ലീസ്....കൺക്ലൂഡ്....

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഒരു കാര്യം കൂടി പറഞ്ഞോട്ടെ. എന്റെ മണ്ഡലത്തിലെ മഞ്ചേശ്വരം താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുമെന്ന് ഞാൻ വിചാരിച്ചു.

മി. ചെയർമാൻ: പ്ലീസ്... ആ പോയിന്റോടുകൂടി പ്രസംഗം അവസാനിപ്പിക്കു.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, മണ്ഡലത്തിലെ ഒരു കാര്യം മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. അതായത് ഈ താലൂക്ക് ആശുപത്രി...(മൈക്ക് ഓഫ്).....

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ...അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, പിണറായി സർക്കാരിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പതിനൊന്നാമത്തെ ബഡ്ജറ്റാണിത്. പൊതുവിൽ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ വികാരവും ഉൾക്കൊണ്ടുതന്നെയാണ് ഈ ബഡ്ജറ്റ് അദ്ദേഹം അവതരിപ്പിച്ചത്. അമേരിക്ക എന്ന സാമ്രാജ്യത്വ രാഷ്ട്രം ലാറ്റിൻ അമേരിക്കയിലെ കൊച്ചുരാഷ്ട്രമായ ക്യൂബയെ എപ്രകാരമാണോ ഉപരോധിച്ച് തകർക്കാൻ ശ്രമിക്കുന്നത് അതിന് സമാനമായാണ് പിണറായി സർക്കാരിനെ യൂണിയൻ ഗവൺമെന്റ് തകർക്കാൻ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിക്കേണ്ട പല ഫണ്ടുകളും നൽകാതിരിക്കുന്നു. ആന്വൽ ബോറോയിംഗ് ലിമിറ്റ് വെട്ടിക്കുറച്ചു. ജി.എസ്.ടി. ഇനത്തിൽ നമുക്ക് ലഭിക്കേണ്ട വിഹിതം തരാതെ ഇപ്പോഴും പിടിച്ചുവച്ചിരിക്കുകയാണ്. അതുപോലെ യൂണിയൻ ഫിനാൻസ് കമ്മീഷന്റെ അവാർഡ് തുക ആനുപാതികമായി വർദ്ധിപ്പിക്കുമായിരുന്നെങ്കിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക തന്നില്ല എന്നുമാത്രമല്ല, വെട്ടിക്കുറയ്ക്കുകയാണ്. ഇന്ത്യൻ ഇക്കോണമി വെന്റിലേറ്ററിലാണ്. പക്ഷേ ഓടാനുള്ള കരുത്തില്ലെങ്കിലും നടക്കാനുള്ള ശേഷിയെങ്കിലും കേരളത്തിന്റെ ഇക്കോണമിക്കുണ്ട്. അത് ഇന്ത്യയ്ക്ക് മാതൃകയാണ്. ഇന്ത്യയിൽ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധനാണ് ഡോ. എം. എ. ഉമ്മൻ. അദ്ദേഹം ഫോർത്ത് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ചെയർമാനായിരുന്നു. ഞാൻ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം സാധാരണ കേൾക്കാറുണ്ട്. പക്ഷേ ഇത്തവണ കേൾക്കാൻ പറ്റിയില്ല. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ഡൗൺലോഡ് ചെയ്ത് കേട്ടു. അദ്ദേഹം ഞങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയാണ്. 'ഇന്ത്യയിലെ സൗത്ത് കൊറിയയാണ് കേരളം' എന്നാണ് ഫിനാൻസ് കമ്മീഷന്റെ ചെയർമാനായിരുന്ന ഡോ. എം. എ. ഉമ്മൻ ഫെബ്രുവരി 8-ന് ദി ഹിന്ദു ദിനപ്പത്രത്തിൽ പറഞ്ഞിരിക്കുന്നത്. ഡോ. എം. എ. ഉമ്മനെ ഞാൻ ക്വാട്ട് ചെയ്യുകയാണ്. ഡോ. എം. എ. ഉമ്മൻ അപ്രകാരം ക്വാട്ട് ചെയ്യുമ്പോൾ കേരളം എല്ലാ അർത്ഥത്തിലും മുന്നോട്ടുപോകുന്നു എന്നു തന്നെയാണ് കാണാൻ കഴിയുന്നത്. സാമ്പത്തിക കണക്കുകൾ വച്ച് ബഡ്ജറ്റിനെ അദ്ദേഹം പൊളിക്കാൻ ശ്രമിച്ചു. അതിനുവേണ്ടി പറയുന്നതാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ച 2011-2016-ൽ 4.9 ശതമാനമായിരുന്നു, 2016-19 എത്തുമ്പോൾ,

നാല് വർഷം തികയാൻ പോകുന്ന ഘട്ടത്തിൽ ദേശീയ ശരാശരിയെക്കാൾ മുകളിൽ നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്ക് 7.2 ശതമാനത്തിലേക്ക് എത്തിക്കാൻ സാധിച്ചുവെന്നുള്ളത് അഭിമാനകരമായ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് 2015-16-ൽ 200 കോടി രൂപയുടെ നഷ്ടത്തിലായിരുന്നു. അത് 100 കോടി രൂപ വരെ ലാഭത്തിലെത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ടൂറിസം മേഖല ഏറ്റവും വലിയ പ്രത്യാഘാതമേറ്റ കാലമായിരുന്നു. രണ്ട് ഫ്ലഡുകൾ, നിപാ, കൊറോണ ഇങ്ങനെയെല്ലാമുള്ള ആക്രമണങ്ങൾ ഉണ്ടായിട്ടും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ആഭ്യന്തര ടൂറിസം 18.5 ശതമാനത്തിലും വിദേശ ടൂറിസം 8 ശതമാനത്തിലും എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. അതുപോലെ പിൽഗ്രിം ടൂറിസത്തിലും വലിയ സാധ്യതകളാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. ശരാശരി മലയാളിയുടെ സ്വപ്നമാണ് വിദേശത്തെ തൊഴിൽ. ഏതെങ്കിലുമൊരു വിദേശ രാഷ്ട്രത്ത് ജോലിക്കുപോകണം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നോർക്ക മുൻകയ്യെടുത്തുകൊണ്ട് തൊഴിൽ വകുപ്പിന്റെ സഹായത്തോടെ പതിനായിരത്തോളം നഴ്സുമാരെ റിക്രൂട്ട് ചെയ്യാൻ തീരുമാനിച്ചു. ഓവർസീസ് എംപ്ലോയ്മെന്റാണ്. അവർക്ക് ഓവർസീസ് എംപ്ലോയ്മെന്റിനുള്ള സാഹചര്യം സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്.

അതുപോലെ അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ-ഒരുപക്ഷേ വിദേശ രാഷ്ട്രങ്ങളിൽ നിങ്ങൾ സഞ്ചരിച്ചാൽ കാണുന്ന റോഡുകൾക്ക് സമാനമായ റോഡുകൾ 44 മാസം കൊണ്ട് നിർമ്മിക്കാൻ ഈ സർക്കാരിനായി എന്നത് അഭിമാനകരമായ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. അതുപോലെ പ്രളയം തകർത്ത കേരളത്തെ പുനരുജ്ജീവിപ്പിക്കാനും ഭാവിയിൽ പ്രളയമുണ്ടാകുമ്പോൾ അതി ജീവനത്തിന്റെ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. ഗ്രീൻ ഇനിഷ്യേറ്റീവ് സംസ്ഥാന സർക്കാരിന്റെ നേട്ടം തന്നെയാണ്. ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനുള്ള ശ്രമങ്ങൾക്കാണ് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. മുള വച്ചുപിടിപ്പിക്കുന്നതിനായി (ബാംബൂ കൾട്ടിവേഷൻ) വലിയരീതിയിലുള്ള പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. കേരവൃക്ഷത്തിന്റെ നാടാണ് കേരളമെന്ന് നിങ്ങൾക്കറിയാം. അങ്ങനെയുള്ള കേരളത്തിൽ കേരകർഷകരെ പ്രോത്സാഹിപ്പിക്കാൻ ഇൻസെന്റീവ് കൊടുക്കുന്നതിന് തീരുമാനിച്ച സർക്കാരാണ് പിണറായി സർക്കാർ. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അതിനെ അതിജീവിക്കാൻ, 2018-ലും 2019-ലും പ്രളയം വന്നു. ആ ഘട്ടത്തിൽ നമ്മുടെ യുവജനങ്ങൾ വലിയ രീതിയിൽ ആവേശത്തോടുകൂടി രക്ഷാപ്രവർത്തനത്തിന് മുന്നിൽ വന്നു. ഇനിയൊരു പ്രളയമുണ്ടാകാതിരിക്കാൻ നമുക്കെല്ലാം ആശിക്കാം. പക്ഷേ അങ്ങനെ ഉണ്ടാകുന്ന പശ്ചാത്തലം വന്നാൽ

രക്ഷാപ്രവർത്തനം നടത്താൻ യുവജനങ്ങൾക്ക് ട്രെയിനിംഗ് പ്രോഗ്രാം കൊടുത്തു. ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി രണ്ടായിരത്തോളം യുവജനങ്ങളെ 14 ജില്ലകളിലും ട്രെയിൻ ചെയ്തെടുത്തു. അതുപോലെ കേരളം ഒരു ഇൻവെസ്റ്റർ ഫ്രണ്ട്ലി സ്റ്റേറ്റാക്കി മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു. ഇന്ന് എന്താണ് കേരളത്തെക്കുറിച്ച് ആക്ഷേപിക്കുന്നത്? ഇവിടെ ആരും നിക്ഷേപിക്കില്ല എന്ന് ആക്ഷേപം ഇന്നലെകളിൽ കേട്ടുവെങ്കിൽ ഇന്ന് നമുക്ക് പറയാൻ സാധിക്കില്ലേ; നിസാൻ ഇങ്ങോട്ട് വന്നില്ലേ; ടോറസ് ഇങ്ങോട്ട് വന്നില്ലേ; ടെക് മഹീന്ദ്ര ഇങ്ങോട്ട് വന്നില്ലേ; ഇങ്ങനെ കേരളം എന്നത് ഇൻവെസ്റ്റർ ഫ്രണ്ട്ലി സ്റ്റേറ്റ് ആയി മാറി. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽ മറ്റ് പ്രക്ഷോഭങ്ങളുടെ ഭാഗമായി ആഴ്ചകളോളം കടകൾ മുടങ്ങിക്കിടക്കുമ്പോൾ കേരളം എന്ന കൊച്ചുസംസ്ഥാനത്തിലേക്ക് ഇൻവെസ്റ്റർ ഫ്രണ്ട്ലിയിലേക്ക് ആളുകൾ വരുന്നു. അതൊരു വലിയ മാറ്റമാണ്. ആ മാറ്റത്തിന് തുടക്കം കുറിക്കാൻ പിണറായി സർക്കാരിനായിയെന്നത് അഭിമാനകരമാണെന്ന് ഉയർത്തിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ ക്യാൻസർ രോഗത്തെപ്പറ്റി പരാമർശിക്കുകയുണ്ടായി. ക്യാൻസർ രോഗത്തെ മുൻകൂട്ടി കണ്ടെത്തണം. പൂർണ്ണമായും ഭേദമാകാത്ത ക്യാൻസർ രോഗികൾ എന്നതിന്റെ മെഡിക്കൽ ടേം cancer survivors എന്നാണ്. അതായത് ക്യാൻസറിനെ അതിജീവിക്കുകയെന്നുള്ളതാണ് ലക്ഷ്യമാക്കേണ്ടത്. ക്യാൻസർ സെന്ററുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് മലബാർ ക്യാൻസർ സെന്റർ. പ്രസ്തുത ക്യാൻസർ സെന്ററിന് പ്ലാൻ ഫണ്ടിൽനിന്നും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. കാരണം, ഇന്ന് കേരളത്തിലെ ഏഴ് ജില്ലകളിലെയും കർണ്ണാടകയിലേയും തമിഴ്നാട്ടിലേയും ജനങ്ങൾ ക്യാൻസർ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കേന്ദ്രമായ മലബാർ ക്യാൻസർ സെന്ററിനാവശ്യമായ ഫണ്ട് അനുവദിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വികസനത്തിന്റെ കേരള മോഡലെന്ന് വിശേഷിപ്പിക്കാവുന്നത് 'കോടിയേരി മോഡൽ' ആണ്. സഖാവ് കോടിയേരി ബാലകൃഷ്ണൻ മുൻകയ്യെടുത്തു കൊണ്ടാണ് ജനങ്ങളും സർക്കാരും സഹകരിച്ചുകൊണ്ടുള്ള വികസനത്തിന് (പാർട്ടിസിപ്പേറ്ററി ഗവേർണൻസ്) തുടക്കം കുറിച്ചത്. അതിന്റെ ഭാഗമായാണ് മദർ ആൻഡ് ചൈൽഡ് ഹോസ്പിറ്റലുകൾക്ക് 2017-ലെ ബഡ്ജറ്റിൽ തുക നീക്കി വച്ചത്. ആ തുകകൂടി നൽകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ ഗവൺമെന്റിനെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത് പിണറായി ഖലീഫാ ഉമ്മറിന് സമാനമാണ് എന്നാണ്. എല്ലാവർക്കും തുല്യമായി വീതംവച്ചു. ഇവിടെ എന്റെ പ്രായത്തോളം പാർലമെന്ററി പരിചയമുള്ളയാളാണ് ശ്രീ. കെ. സി.

ജോസഫ്, അദ്ദേഹം പറഞ്ഞത് ഞങ്ങൾക്ക് ഒന്നും കിട്ടിയില്ലെന്നാണ്. അദ്ദേഹം കിഫ്ബിയെ വിമർശിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉളിക്കൽ-കണിയാർ വയൽ റോഡ് ഉദ്ഘാടനം ചെയ്യാൻ പാകത്തിൽ 62 കോടി രൂപ കൊടുത്തിട്ടുണ്ട്. അതുപോലെ ബഡ്ജറ്റിൽ 11 കോടി രൂപ വളക്കൈ റോഡിനുവേണ്ടി മാറ്റി വച്ചിരിക്കുകയാണ്. മുതിർന്ന നേതാക്കൻമാർ നിയമസഭയെ മാനിച്ചുകൊണ്ട് നുണ പറയാൻ പാടില്ല. അതുമാത്രമല്ല, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പാലക്കയംതട്ട് ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ്. അദ്ദേഹം ഒരുപക്ഷെ അങ്ങോട്ട് പോകുന്നത് കുറവായതുകൊണ്ടായിരിക്കാം ഈ കാര്യങ്ങളൊന്നും മനസ്സിലാകാതെ പോകുന്നതെന്ന് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ഇപ്പോൾ കോൺഗ്രസ് പാർട്ടിയുടെ സ്ഥിതിയെന്താണ്? ഇന്നലെ കോൺഗ്രസ് പാർട്ടിയുടെ എ.ഐ.സി.സി. ആസ്ഥാനം, ചൈനയിൽ കൊറോണ വൈറസ് ബാധ കണ്ടെത്തിയ വുഹാൻ നഗരത്തിന് സമാനമാണ്. അവിടെ ആരുമില്ല. എല്ലാവരും ഓടി രക്ഷപ്പെട്ടു. അവിടെയുണ്ടായിരുന്ന ശ്രീ. പി. സി. ചാക്കോയും ശ്രീ. എ. കെ. ആന്റണിയും ഇങ്ങോട്ടുവന്നു. ഈ കഴിഞ്ഞ ജനുവരി 30-ന് എനിക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ കഴിഞ്ഞില്ല. കാരണം, പത്ത് മാസത്തിനുശേഷം എനിക്ക് ശ്രീ. എ. കെ. ആന്റണിയെ കാണാൻ സാധിച്ചു. പത്ത് മാസത്തിനിടയിൽ ഈ രാജ്യത്ത് എന്തെല്ലാം സംഭവങ്ങളുണ്ടായി. ഈ ജനുവരി 30-ന് ഞാൻ അദ്ദേഹത്തിനെ കണ്ടു. ഇവർ തീർത്ത 'മനുഷ്യ ഭ്രപട'ത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി വന്ന ശ്രീ. എ. കെ. ആന്റണിയെ കണ്ടപ്പോൾ ഞാൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി. ഈ രാജ്യത്ത് എന്തെല്ലാം സംഭവങ്ങളുണ്ടായി എന്നിട്ട് അദ്ദേഹം എന്തെങ്കിലും മിണ്ടിയോ? പക്ഷെ മനുഷ്യ ഭ്രപടത്തിൽ പങ്കെടുക്കാനും ഇടതുപക്ഷത്തെ ആക്രമിക്കാനും അദ്ദേഹം കേരളത്തിൽ വന്നുയെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അതുപോലെ ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ വന്നു. അദ്ദേഹം കേരളത്തിൽ വന്ന് വെല്ലുവിളിച്ചു. അദ്ദേഹത്തിനെ കണ്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് 'കിരീടം' എന്ന സിനിമയിലെ ഹൈദ്രോസിനെയാണ്. കിരീടത്തിലെ ഹൈദ്രോസ് ആളുകളെ വെല്ലുവിളിക്കും. അതുപോലെ ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ വന്ന് ശ്രീ. നരേന്ദ്ര മോദിയെ വെല്ലുവിളിച്ചു, കാരണം, ഇവിടെ ശ്രീ. രാഹുൽ ഗാന്ധിക്ക് സംരക്ഷണ മൊരുക്കാൻ സേതുമാധവൻ എന്ന ശ്രീ. പിണറായി വിജയനുള്ളതുകൊണ്ടാണ്. അല്ലാതെ ഉത്തർപ്രദേശിൽ പോയി അദ്ദേഹം വെല്ലുവിളിക്കുമോ? യു.പി.-യിൽ പോയി വെല്ലുവിളിക്കാൻ ശ്രീ. രാഹുൽ ഗാന്ധിക്ക് ആവില്ല. കാരണം, അവിടെ പ്രസംഗിക്കുന്നതിനോ സംരക്ഷണം കൊടുക്കുന്നതിനോ കോൺഗ്രസില്ല. അത് മാത്രമാണോ, ഇപ്പോൾ ഡൽഹി ഇലക്ഷൻ കഴിഞ്ഞു, 66 സീറ്റിൽ 63 സ്ഥലത്തും കെട്ടി വച്ച കാശ് സർക്കാരിന് കൊടുത്തു. അവിടെ എനിക്ക് ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവിനെ വലിയ ബഹുമാനമാണ്. അദ്ദേഹത്തെ ഞാൻ ആദ്യം കാണുന്നത് വളരെ ചെറിയ പ്രായത്തിൽ തലശ്ശേരിയിൽ വച്ച് അദ്ദേഹം ഒരു കേരള മാർച്ച് നടത്തിയ അവസരത്തിലാണ്. അന്നുമുതൽ എനിക്ക് അദ്ദേഹത്തെ അറിയാം. അദ്ദേഹം എന്തുതന്ത്രമാണ് ഡൽഹിയിൽ മെനഞ്ഞത്? 63 സീറ്റിലും നിങ്ങളുടെ കെട്ടിവച്ച കാശ് നഷ്ടപ്പെടുന്ന എന്ത് തന്ത്രമാണ്; അതറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. അതുമാത്രമല്ല, ശ്രീ. രാഹുൽ ഗാന്ധി ഡൽഹിയിൽ പോയതാണ് കോൺഗ്രസിന്റെ പരാജയത്തിന്റെ കാരണം. അദ്ദേഹം പ്രസംഗിക്കാത്തിടത്ത് ജാർഖണ്ഡിൽ കോൺഗ്രസിന് coalition സർക്കാരുണ്ടാക്കാൻ കഴിഞ്ഞു. അദ്ദേഹം അവിടെ പോയപ്പോൾ അവർ പരാജയപ്പെട്ടു. അതുമാത്രമല്ല ഇവിടെ എന്തൊക്കെയായിരുന്നു പ്രസംഗം? ഞാൻ ഇപ്പോൾ ടെൻഷൻ വരുമ്പോൾ കേൾക്കുന്നത്, എന്റെ മൊബൈലിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഒരു പ്രസംഗമുണ്ട്, അതാണ്. അദ്ദേഹം പാർലമെന്റിൽ നടത്തിയ പ്രസംഗം, നിങ്ങൾക്കാർക്കെങ്കിലും ടെൻഷൻ ഫ്രീയാകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ എന്റെ മൊബൈലിൽ നിങ്ങൾ വാട്സാപ്പിൽ എനിക്ക് ഹായ് അയച്ചാൽ ഞാൻ ആ പ്രസംഗം അയച്ചുതരാം. പ്രസംഗം കേട്ടിട്ട് ഡോ. എം. കെ. മുനീർ പറഞ്ഞുതരണം, അദ്ദേഹം ഏത് ഭാഷയിലാണ് സംസാരിച്ചതെന്ന്. ഞാൻ ഫൊനട്ടിക്സ് അറിയാവുന്നരോടെല്ലാം ചോദിച്ചു, ഇത് ഏത് ഭാഷയാണെന്ന്. ഇംഗ്ലീഷാണോ; ഹിന്ദിയാണോ; മലയാളമാണോ; എനിക്ക് മനസ്സിലായില്ല. ഇത് മനസ്സിലാക്കുന്ന കാര്യം ഇവിടെ ഞങ്ങളെ പരാജയപ്പെടുത്തി ജയിച്ചുപോയവർ എവിടെ? അവർക്കൊന്ന് എഴുന്നേറ്റ് നിൽക്കാൻപോലും കഴിയാത്തത്ര ദയനീയ അവസ്ഥയാണ്. ഇവർ പറയുന്ന പൗരത്വ വിഷയം സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും രാഷ്ട്രീയമാക്കുന്നുവെന്ന്. ഞാൻ ചോദിക്കുന്നത്, 1996-ൽ ഇന്ത്യൻ പ്രധാനമന്ത്രി പദം വച്ചുനീട്ടിയിട്ട് വേണ്ടെന്ന് പറഞ്ഞവരാണ് ഞങ്ങൾ. ആദർശ രാഷ്ട്രീയം പണയപ്പെടുത്തി മുന്നോട്ട് പോകുന്നവരല്ല ഞങ്ങളെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവർ പറയുന്ന എൽ.ഡി.എഫ്.-ന് അന്ധമായ കോൺഗ്രസ് വിരോധം എന്ന്. അന്ധമായ കോൺഗ്രസ് വിരോധം ഞങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ 2004-ൽ ഞങ്ങൾ നിങ്ങളുടെ ഗവൺമെന്റിനെ പിന്തുണയ്ക്കുമോ? 2004-ൽ വെന്റിലേറ്ററിലായ കോൺഗ്രസിന് ജീവൻ കൊടുത്തത് ഞങ്ങളാണ്. ഹർക്കിഷൻ സിംഗ് സുർജിത്തെന്ന തലപ്പാവും താടിയും വച്ച മനുഷ്യൻ, ആ മനുഷ്യനില്ലാതിരുന്നുവെങ്കിൽ കോൺഗ്രസ് 2004-ൽത്തന്നെ അകാല ചരമമടയേണ്ട പ്രസ്ഥാനമായിരുന്നു. ഇവിടെ കോൺഗ്രസ് 'മീശ മാധവൻ' എന്ന സിനിമയിലെ 'പുരുഷു' എന്ന കഥാപാത്രത്തിനെപ്പോലെയാണ്. പട്ടാളക്കാരനാണ്, വെല്ലുവിളിക്കും. നിങ്ങൾക്ക് നിങ്ങളുടെ കാര്യങ്ങളെപ്പറ്റി ബോദ്ധ്യമുണ്ടോ? നിങ്ങളും ഞങ്ങളുമെല്ലാം ഡൽഹിയിൽ ഒരുപോലെയാണ്. നിങ്ങൾക്കും 'പൂജ്യം' ഞങ്ങൾക്കും 'പൂജ്യം'. നിങ്ങൾക്ക് എത്ര ശതമാനമായിരുന്നു വോട്ട് വിഹിതം?

വോട്ടിംഗ് ശതമാനത്തിന്റെ കണക്ക് ഞാനൊന്ന് സൂചിപ്പിക്കാം. അഞ്ച് ശതമാനത്തിന്റെ ഷിഫ്റ്റുണ്ടായി ബഹുമാന്യനായ പ്രതിപക്ഷനേതാവ് അത് മനസ്സിലാക്കണം. 2015-ൽ നിന്നും 2020-ൽ എത്തിയപ്പോൾ കോൺഗ്രസിന് അഞ്ച് ശതമാനം വോട്ടിന്റെ കുറവ് വന്നു. ആ കുറവ് എവിടേയ്ക്കാണ് പോയത്? ആ അഞ്ച് ശതമാനം വോട്ട് വളരെ ക്ലിയറായി ബി.ജെ.പി.-യിലേയ്ക്ക് പോയി. അത് ഇന്നത്തെ പത്രം നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ കരുത്തിനെക്കുറിച്ച് ബോധ്യമുണ്ടോ? നിങ്ങൾ, നിങ്ങളുടെ പഴയ തഴമ്പിനെപ്പറ്റി പറഞ്ഞിട്ട് കാര്യമില്ല. ഈ രാജ്യത്ത് മതേതര പ്രസ്ഥാനങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിൽ ഇന്ന് വിഘാതം നിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. ഡൽഹിയിൽ നിങ്ങൾ സഖ്യമുണ്ടാക്കുകയോ പിന്തുണയ്ക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഒരു സംശയവും വേണ്ട, ബി.ജെ.പി.-യുടെ സീറ്റ് എട്ടിൽ എത്തില്ലായിരുന്നു. എന്തായിരുന്നു ഡൽഹിയിലെ ഇലക്ഷൻ റിസൾട്ട്, ജനക്ഷേമത്തിന് പ്രാധാന്യം കൊടുത്തിരുന്ന 'ആപ്പ്'-ന് 62 സീറ്റും വർഗ്ഗീയ ശക്തികൾക്ക് എട്ട് സീറ്റും അഴിമതിക്കാരായ കോൺഗ്രസിന് വലിയ 'പൂജ്യം'. അതുകൊണ്ട് കോൺഗ്രസ് ഇനിയെങ്കിലും ചുവരെഴുത്ത് വായിക്കാൻ തയ്യാറാകണം. മതേതര പ്രസ്ഥാനങ്ങളെ കൂട്ടിയോജിപ്പിക്കാൻ തയ്യാറാകണം, പകരം 'ഞങ്ങൾക്ക് തഴമ്പുണ്ട്', 'ഞങ്ങളാണ് ഏറ്റവും വലിയ പാർട്ടി' 'ഞങ്ങൾ ഗാന്ധിയുടെ പാർട്ടിയാണ്' 'ഞങ്ങൾ നെഹ്റുവിന്റെ പാർട്ടിയാണ്' എന്നെല്ലാം പറഞ്ഞിട്ട് കാര്യമില്ല. പുതിയ തലമുറയിലെ കെ.എസ്.യു.-വിനും യൂത്ത് കോൺഗ്രസുകാർക്കും അറിയാവുന്ന ഗാന്ധി മഹാത്മാഗാന്ധിയല്ല, അത് ശ്രീ. രാഹുൽ ഗാന്ധിയാണ്. ശ്രീ. രാഹുൽ ഗാന്ധിയിൽനിന്നും മഹാത്മാഗാന്ധിയിലേയ്ക്ക് തിരിച്ചു വരാൻ കോൺഗ്രസ് തയ്യാറാകണമെന്നുമാത്രം പറഞ്ഞ്, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച അദ്ദേഹത്തിന്റെ 11-ാമത്തെ ബഡ്ജറ്റിനെ ഞാൻ ശക്തമായി പിന്തുണച്ചുകൊണ്ട്, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. സിനിമാലോകത്ത് വിസ്മയമായി മാറിയ 'ജോക്കർ' സിനിമയിൽ ജോക്കറായി അഭിനയിച്ച Joaquin Phoenix-നാണ് ഇത്തവണത്തെ നല്ല നടനുള്ള ഓസ്കാർ അവാർഡ് ലഭിച്ചത്. ഈ കഥാപാത്രത്തിന് ഒരു കുഴപ്പമുണ്ട്, ചിരി നിയന്ത്രിക്കാനാവില്ല. എല്ലാ സമയത്തും അപ്രതീക്ഷിതമായും അനവസരത്തിലും പൊട്ടിച്ചിരിക്കും. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനും അതുപോലെ എന്തോ സാരമായ കുഴപ്പമുണ്ട്. ബഡ്ജറ്റ് പ്രസംഗം നടത്തുമ്പോൾ ആയിരക്കണക്കിന് കോടി രൂപയുടെ പാക്കേജുകളാണ് അദ്ദേഹം ഇടയ്ക്കിടെ തട്ടിവിടുന്നത്. പക്ഷേ കാൽ കാശ് കയ്യിലില്ല, തപ്പിനോക്കിയാൽ

ട്രഷറിയിലൊന്നുമില്ല. എന്നുമാത്രമല്ല മൂക്കറ്റം കടത്തിൽ മുങ്ങി നിൽക്കുകയും ചെയ്യുന്നു. എന്നാലും ആയിരക്കണക്കിന് കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിക്കാതിരിക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ല. തീരദേശ പാക്കേജിന് 1,000 കോടി രൂപ, കുട്ടനാട് പാക്കേജിന് 2,400 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 1,000 കോടി രൂപ, ഗ്രാമീണ റോഡ് പുനരുദ്ധാരണത്തിന് 2,400 കോടി രൂപ ഇങ്ങനെയാണ് ഇത്തവണത്തെ പ്രഖ്യാപനങ്ങൾ. ഇത്തവണ മാത്രമല്ല മുൻ ബഡ്ജറ്റിലും ഇതുപോലെ നിരവധി കോടി രൂപകളുടെ പ്രഖ്യാപനങ്ങളാണ് നടത്തിയിട്ടുള്ളത്. 2016-2017-ൽ അടിസ്ഥാന വികസനത്തിനായി 12,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. ഒരു രൂപയുടെ പ്രവർത്തനംപോലും നടന്നിട്ടില്ല. ആരോഗ്യ ചികിത്സാ പദ്ധതിക്ക് 1,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു, ഒന്നും നടന്നില്ല. 2017-2018-ൽ മലയോര ഹൈവേയ്ക്ക് 3,500 കോടി രൂപ, തീരദേശ പാതയ്ക്ക് 6,500 കോടി രൂപ, ജില്ലാ - താലൂക്ക് വികസനത്തിനായി 2,000 കോടി രൂപ ഇതെല്ലാം പ്രഖ്യാപനങ്ങളാണ്. 2018-2019-ൽ തീരദേശ പാക്കേജിനായി 2,000 കോടി രൂപ, നീർത്തട പദ്ധതിക്ക് 1,000 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 1,000 കോടി രൂപ, ഒന്നും നടന്നില്ല. 2019-2020-ൽ കുട്ടനാട് പാക്കേജിന് 1,000 കോടി രൂപ, ഇടുക്കി പാക്കേജിന് 5,000 കോടി രൂപ, വയനാട് പാക്കേജിന് 2,000 കോടി രൂപ, ഭൂമി ഏറ്റെടുക്കലിന് 15,600 കോടി രൂപ. ഈ കോടികളുടെ പ്രഖ്യാപനമല്ലാതെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളൊന്നും നടന്നിട്ടില്ല. ഇത്തവണ പ്രഖ്യാപിച്ച നിരവധി ആയിരം കോടി രൂപയുടെ പദ്ധതികൾക്ക് എവിടെനിന്നാണ് പണമെന്ന് മാത്രം ചോദിക്കരുത്. പ്രഖ്യാപനം മാത്രമേയുള്ളൂ. കഴിഞ്ഞ നാല് മാസമായി ട്രഷറി സ്തംഭിച്ചിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പളബില്ലും മന്ത്രിമാരുടെ യാത്രാബില്ലുമല്ലാതെ മറ്റൊന്നും മാറുന്നില്ല. വികസന പ്രവർത്തനങ്ങൾ പൂർണ്ണമായി സ്തംഭിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം ഒരു കരാറുകാരൻ എന്നെ വന്നുകണ്ടു. അദ്ദേഹത്തിന് 47 ലക്ഷം രൂപ കിട്ടാനുണ്ട്. അയാളുടെ മകളുടെ കല്യാണമാണ്. അയാൾ പൊട്ടിക്കരഞ്ഞുകൊണ്ടാണ് എന്നോട് പറഞ്ഞത്, മന്ത്രിയോടൊന്ന് പറയണം എന്ന്. ഞാൻ പറഞ്ഞു, ഞാൻ പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. കാരണം ഖജനാവ് കാലിയാണ്. എങ്ങനെയാണ് കല്യാണം നടക്കുന്നത്; കരാറുകാർക്ക് മൊത്തം 4,000 കോടി രൂപയാണ് കൊടുക്കാനുള്ളത്. നമ്മുടെ നാട്ടിൽ ഏത് വികസനമാണ് നടക്കുന്നത്; ഏത് കരാറുകാരനാണ് വികസനം ഏറ്റെടുക്കുന്നത്; ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ പറയുന്നില്ല. എല്ലാം തകിടം മറിഞ്ഞിരിക്കുകയാണ്. അപ്പോഴാണ് അദ്ദേഹം ആയിരക്കണക്കിന് കോടികളുടെ പാക്കേജുകൾ പ്രഖ്യാപിക്കുന്നത്. ഭാവനയ്ക്ക് യാതൊരു അതിരുമില്ലല്ലോ. സ്വപ്നലോകത്തിലെ ബാലഭാസ്കരൻ

എന്ന നിലയിലാണ് കാര്യങ്ങൾ പോകുന്നത്. സംസ്ഥാന സർക്കാരിന്റെ അവസാനത്തെ പൂർണ്ണ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അടുത്ത വർഷം ഇടക്കാല ബഡ്ജറ്റേ അവതരിപ്പിക്കുകയുള്ളൂ. ആ നിലയ്ക്ക് കഴിഞ്ഞ നാല് ബഡ്ജറ്റുകളിലൂടെ ഒന്ന് കണ്ണോടിക്കുക. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 20,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് അവതരിപ്പിച്ചുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് ആരംഭിച്ചത്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ പ്രയോജനം എന്തായി; വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവയെല്ലാം അദ്ദേഹം സ്വപ്നം കണ്ടതാണ്. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളത്തെ രക്ഷിക്കാനുള്ള ഉത്തേജന പാക്കേജായിട്ടാണ് പറഞ്ഞത്. എന്ത് നടന്നു; നടക്കാത്ത സ്വപ്നങ്ങൾ. തുടർന്നുവന്ന എല്ലാ പദ്ധതികളുടെയും പ്രഖ്യാപനങ്ങളുടെയും ശവപ്പറമ്പായി കേരളം മാറുകയാണുണ്ടായത്.

തകിടം മറിയുന്ന കണക്കുകൾ പരിശോധിക്കാം. യാഥാർത്ഥ്യം തൊട്ട് തീണ്ടിയിട്ടില്ലാത്ത, പൊയ്ക്കാലുകളിൽ കെട്ടിയുയർത്തിയവയാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റുകളെല്ലാം. ശ്രീ. റോജി എം. ജോണിന്റെ ചോദ്യത്തിന് 4-2-2020-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കണക്കുകൾ പറയുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ നികുതി പ്രതീക്ഷിച്ചത് 65,784.60 കോടി രൂപ. കിട്ടിയത് 37,128.90 കോടി രൂപ. നികുതിയിതര വരുമാനം പ്രതീക്ഷിച്ചത് 15,070 കോടി രൂപ. കിട്ടിയത് 7,925 കോടി രൂപ. നേർപകുതിയാണ് നികുതി പിരിച്ചെടുത്തത്. ബഡ്ജറ്റിൽ ചെറിയ വ്യത്യാസങ്ങളൊക്കെ വരാം. പക്ഷേ നേർ പകുതിയായാൽ എന്തുചെയ്യും; ഈ ബഡ്ജറ്റിലെ തമാശ നോക്കുക. ഈ വർഷം കേന്ദ്രത്തിൽനിന്നും കിട്ടുന്ന നികുതി വിഹിതമായി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ വകയിരുത്തിയത് 20,934 കോടി രൂപ (Budget at a glance, Table-1). ഡോ. ടി. എം. തോമസ് ഐസക് ഈ മാസം 7-ന് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുൻപാണ് ശ്രീമതി നിർമ്മലാ സീതാരാമൻ പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. അതിൽ കേരളത്തിന് നൽകുന്ന നികുതി വിഹിതം 15,236.64 കോടി രൂപയാണ്. അതായത് ഡോ. ടി. എം. തോമസ് ഐസക് കേന്ദ്രത്തിൽനിന്നും നികുതിയിനത്തിൽ ലഭിക്കുമെന്ന് പറഞ്ഞ തുകയേക്കാൾ 5,698 കോടി രൂപ കുറവാണ് കിട്ടാൻ പോകുന്നത് എന്നർത്ഥം. ആർക്കാണ് കണക്ക് തെറ്റിയത്; ഇനി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ട എന്തുകാര്യമാണുള്ളത്; ഇങ്ങനെയൊരു ബഡ്ജറ്റേ ഇവിടെയില്ല.

നെഗറ്റീവ് ഗ്രോത്തുമായിട്ടാണ് കാർഷിക മേഖലയുള്ളത്. Economic Review നമ്മുടെ എല്ലാവരുടെയും കയ്യിലുണ്ട്. നാളികേരത്തിന് വിലയില്ല. റബ്ബറിന് വിലയിടിയുന്നു. ഏലം, കുരുമുളക് ഉൾപ്പെടെയുള്ള എല്ലാ നാണ്യവിളകളും വലിയ പ്രതിസന്ധി

യിലാണ്. കാർഷിക മേഖലയിൽ വൻ കുതിച്ചുചാട്ടമെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നത്. പ്രളയത്തിനുശേഷം കടംകയറി ആത്മഹത്യ ചെയ്തത് 22 കർഷകർ. കാർഷിക മേഖലയിൽ നെഗറ്റീവ് ഗ്രോത്താണ്. സാമ്പത്തിക അവലോകന റിപ്പോർട്ടിൽത്തന്നെ പറയുന്നു. 2017-18-ൽ കാർഷിക മേഖലയുടെ വളർച്ച 1.72 ശതമാനമായിരുന്നു. 2018-19-ൽ അത് 0.2 ശതമാനമായി ഇടിഞ്ഞിരിക്കുന്നു. കാർഷിക മേഖലയ്ക്ക് കോളടിച്ചെന്നാണ് ചില പത്രങ്ങൾ എഴുതിയത്. 2,000 കോടി രൂപ കൃഷിക്കായി മാറ്റിവച്ചു എന്ന് പത്രങ്ങൾ പറഞ്ഞു. ഇത്തവണ 2,000 കോടി രൂപയാണെങ്കിൽ കഴിഞ്ഞ വർഷം 2,500 കോടി രൂപയാണ് കൃഷിക്കുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ചത്. എന്നിട്ടും നെഗറ്റീവ് ഗ്രോത്താണ് ഫലം. കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം 40 ശതമാനമായി കുറഞ്ഞിരിക്കുന്നു.

ഈ സർക്കാർ ഏറ്റവും വലിയ നേട്ടമായി പറയുന്നത് വ്യവസായ രംഗത്തുണ്ടായ നേട്ടമാണ്. എന്ത് നേട്ടമാണുണ്ടായത്? മാന്ത്രികവിദ്യപോലെ, നഷ്ടത്തിൽ മുങ്ങിത്താഴ്ന്ന വ്യവസായങ്ങളെല്ലാം ലാഭത്തിലാണ് എന്ന് Economic Review-ൽ പറയുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയിൽ ചെറിയ ലാഭമുണ്ടായി എന്നുള്ളത് ശരിയാണ്. 2017-18-ൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് 5 കോടി രൂപയുടെ ലാഭമാണുണ്ടായത്. പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ ലാഭത്തിലായെന്ന് ഇവിടെ കൊട്ടിഘോഷിച്ച് നടക്കുകയായിരുന്നു. 2018-19-ൽ 8.3 കോടിയായി ഉയർന്നു. 2019-20-ൽ അത് നഷ്ടത്തിലാണെന്ന് സാമ്പത്തിക സർവ്വെ ചൂണ്ടിക്കാണിക്കുന്നു. സെപ്റ്റംബർ വരെയുള്ള കണക്കെടുക്കുമ്പോൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ 127.3 കോടി രൂപ നഷ്ടത്തിലാണ്. നിങ്ങൾ എന്തിന്റെ പേരിലാണ് ഊറ്റം കൊള്ളുന്നത്?

കഴിഞ്ഞ 4 ബഡ്ജറ്റുകളിലൂടെ 2017-18 ഒഴികെ, എല്ലാ വർഷവും അങ്ങ് പാവപ്പെട്ടവന്റെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിച്ചു. മൊത്തം 4663.40 കോടി രൂപ കേരളത്തിലെ ജനങ്ങളുടെ തലയിൽ നാല് വർഷംകൊണ്ട് അടിച്ചേൽപ്പിച്ച, ഏറ്റവും വലിയ ജനദ്രോഹം കാഴ്ചവച്ച സർക്കാരാണ് ഇതെന്ന് പറയേണ്ടിവരും. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 805 കോടി രൂപയുടെ അധിക ഭാരം അടിച്ചേൽപ്പിച്ചു. 2017-18-ൽ അധിക നികുതിയില്ല. 2018-19-ൽ 970.40 കോടി രൂപ, 2019-20-ൽ 1,785 കോടി രൂപ. ഇപ്പോൾ 1,103 കോടി രൂപ. ആകെ 4,663 കോടി രൂപ കേരള ജനതയുടെ തലയിൽ അടിച്ചേൽപ്പിച്ച, ഏറ്റവും വലിയ ദ്രോഹം കാണിച്ച ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക് എന്ന് പറയേണ്ടിയിരിക്കുന്നു.

സാമ്പത്തികമായി ജനങ്ങൾ ബുദ്ധിമുട്ടുന്നു. അവർക്ക് വാങ്ങാനുള്ള കഴിവില്ല. ക്രയശേഷി വർദ്ധിപ്പിക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങളില്ല. അവിടെയാണ് 1,103 കോടി രൂപയുടെ അധികഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ചിട്ടുള്ളത്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കേരളത്തിലെ ജനങ്ങൾക്ക് ഇത്രയും വലിയ തുക താങ്ങാനുള്ള ശേഷിയുണ്ടോ എന്ന് പരിശോധിക്കണം. ശ്രീ. വി. ഡി. സതീശൻ അതിനെക്കുറിച്ച് വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

വാഹന വിപണിയും റിയൽ എസ്റ്റേറ്റ് മേഖലയും തകർന്നിരിക്കുന്നു. കേന്ദ്ര സർക്കാർ അവിടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുമ്പോൾ ഇവിടത്തെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തകർന്നുകിടക്കുന്ന മേഖലയിൽ കൂടുതൽക്കൂടുതൽ നികുതി അടിച്ചേൽപ്പിക്കുന്നു. സേവനത്തിന് വില്ലേജ് ഓഫീസിന്റെ മുന്നിലൂടെ പോയാൽ ഷോക്കടിക്കുന്ന സ്ഥിതിയാണ് സാധാരണക്കാർക്കുള്ളത്. എല്ലാ സേവനങ്ങൾക്കും നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. പാവപ്പെട്ടവന്റെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ നികുതി പിരിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. 30,000 കോടി രൂപ സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുണ്ട്. എന്താണ് നിങ്ങൾ പിരിക്കാത്തത്? കഴിഞ്ഞ വർഷം നികുതി പിരിവിൽ 5,623 കോടി രൂപയുടെ കുറവാണുള്ളത്. അത് നിങ്ങൾ കൃത്യമായി പിരിച്ചിരുന്നെങ്കിൽ ഈ സാമ്പത്തികഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കേണ്ടി വരുമായിരുന്നോ; ഭൂമി പാട്ടത്തിന് നൽകിയ വകയിൽമാത്രം 1,173.6 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറയുന്നു. എന്താണ് പിരിക്കാൻ തടസ്സം? സർക്കാരിന്റെ കഴിവുകേടും ധൂർത്തും അഴിമതിയും ജനങ്ങളുടെ തലയിൽ ഭാരം അടിച്ചേൽപ്പിക്കാൻവേണ്ടിയാക്കി മാറ്റുന്നത് എത്ര ദ്രോഹകരമാണ്.

കേരളം കടംകയറി മുടിയുകയാണ്. മുടിയനായ പുത്രനെപോലെ കിട്ടാവുന്നിടത്തുനിന്നെല്ലാം കടംവാങ്ങി ധൂർത്തടിക്കുന്നു. 2016-ൽ ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ കടബാധ്യത 1.57 ലക്ഷം കോടി രൂപയായിരുന്നു. ഇപ്പോഴത് 2.50 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. കടം കുതിച്ചുകയറുന്നു. 1,000 കോടി രൂപയുടെ കടപ്പത്രംകൂടി ഇറക്കിയത് കഴിഞ്ഞ ദിവസമാണ്. റോക്കറ്റിന്റെ വേഗതയിൽ കടം കുതിച്ചുകയറുന്നു. പ്രളയ പുനർനിർമ്മാണ പദ്ധതിക്കായി ലോകബാങ്കിൽനിന്ന് ലഭിച്ച 1,780 കോടി രൂപ നിങ്ങൾ വകമാറ്റി ചെലവഴിച്ചു. ഇന്നലെ അത് ഞങ്ങളിവിടെ പറഞ്ഞതാണ്. റീ-ബിൽഡ് കേരളയ്ക്കുവേണ്ടി അനുവദിച്ച തുക നിത്യനിദാന ചെലവുകൾക്കുവേണ്ടി വകമാറ്റി ചെലവഴിക്കുന്നു. ഇതിന്റെ പുറമേയാണ് കിഫ്ബിയിലൂടെ വാങ്ങിയ കടം. ആര് കൊടുക്കും; മസാല ബോണ്ടിലൂടെ എടുത്ത പണം ഇപ്പോൾ പലിശ സഹിതം കൊടുത്ത് തുടങ്ങേണ്ടിയിരിക്കുന്നു. ആര് കൊടുക്കും? വരുന്ന

സർക്കാരിന് മാത്രമല്ല, അതിനുശേഷം വരുന്ന സർക്കാരിനും ഉണ്ടാകാൻ പോകുന്ന ഭാരം എത്ര വലുതാണ്; വിത്തെടുത്ത് കുത്തുന്ന സമീപനമാണ് ഡോ. ടി. എം. തോമസ് ഐസക്കിന്. ചെലവ് ചുരുക്കുകയല്ല, വൻതോതിൽ ധൂർത്തും അഴിമതിയും നടത്തിക്കൊണ്ടിരിക്കുന്നു. ഞാൻ ആവർത്തിച്ച് പറയുന്നു, അഴിമതിയുടെ നീണ്ട കഥകളാണ് കിഫ്ബിയിൽനിന്ന് ഓരോ ദിവസവും പുറത്തുവരുന്നത്. കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് നിർമ്മിച്ച കെട്ടിടം താഴെപ്പോയത് നിങ്ങൾ അന്വേഷിക്കുമോ; എത്ര പദ്ധതികളിലാണ് അഴിമതി നടന്നുകൊണ്ടിരിക്കുന്നത്; നിങ്ങൾ അന്വേഷിക്കുമോ; ഓരോ വസ്തുതകളും ചൂണ്ടിക്കാണിക്കാനുണ്ട്. സമയചുരുക്കംകൊണ്ട് പറയുന്നില്ല. കാർ വാങ്ങില്ലെന്ന് പറഞ്ഞു. എട്ട് കാറുകൾ വാങ്ങാനുള്ള പദ്ധതിയുമായാണ് നിങ്ങൾ ഇപ്പോഴിവിടെ വന്നിരിക്കുന്നത്. ഇവിടെ വിശപ്പ് രഹിത പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞു. അതിനായി 20 കോടി രൂപ വകയിരുത്തി. ഇതേ പദ്ധതി 2018-19-ലേയും 2019-20-ലേയും ബഡ്ജറ്റിലുണ്ടായിരുന്നു. 2018-19-ൽ 20 കോടി രൂപ വകയിരുത്തിയതിൽ ചെലവാക്കിയത് 2.2 കോടി രൂപ മാത്രമാണ്. വിശപ്പുരഹിത കേരളത്തിന് 2019-20-ൽ വീണ്ടും 20 കോടി രൂപ വകയിരുത്തി, ചെലവാക്കിയത് 4.5 കോടി രൂപ മാത്രമാണ്. ഇത്തവണ 25 രൂപയെന്നു പറഞ്ഞ് 20 കോടി രൂപ വീണ്ടും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. മുൻകാല അനുഭവങ്ങൾ വച്ചുനോക്കിയാൽ നിങ്ങൾ എത്ര കോടി രൂപ ചെലവാക്കും? ജനങ്ങൾക്ക് നിങ്ങളിൽ വിശ്വാസമില്ല. നിങ്ങൾ ജീവനക്കാരെ പുനർവിന്യസിക്കാൻ പോകുന്നു, അതിന്റെ വിക്ടിം എന്നുപറയുന്നത് കേരളത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാരാണ്. ഒരു നിയമനവും നടക്കാൻ പോകുന്നില്ല, പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് ഇവിടെ സമരം നടത്തുകയാണ്. പുനർവിന്യാസത്തിലൂടെ ഉണ്ടാകാനിടയുള്ള മുഴുവൻ നിയമനങ്ങളുടേയും വാതിലുകൾ കൊട്ടിയടയ്ക്കപ്പെടുന്നു. മഴ കാത്തിരിക്കുന്ന വേഴാമ്പ ലിനെപ്പോലെ, കേരളത്തിലെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സായ ആയിരക്കണക്കിന് ചെറുപ്പക്കാരുടെ ജീവിതമാണ് നിങ്ങൾ തുലയ്ക്കാൻ പോകുന്നത്. ഇത് ഒരുദാഹരണം മാത്രമാണ്. എല്ലാ ജനങ്ങളേയും പറ്റിക്കുന്ന ഒരു ബഡ്ജറ്റാണിത്. പ്രതിപക്ഷ എം.എൽ.എ.-മാർക്കൊക്കെ എന്തോ വാരിക്കോരി തന്നുവെന്ന് അപ്പുറത്ത് നിന്ന് പ്രസംഗിച്ച വരൊക്കെ പറഞ്ഞു. ബഡ്ജറ്റിൽ എനിക്ക് 450 കോടി രൂപ അനുവദിച്ചു വെന്ന് ഇവിടെ ഒരംഗം പ്രസംഗിച്ചു. ഞാൻ അത് പരിശോധിച്ചു, കടൽഭിത്തി നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിൽ എന്റെ മണ്ഡലത്തിൽ 80 കോടി രൂപ അനുവദിച്ചു. പക്ഷെ ഒരു പദ്ധതിയും തുടങ്ങിയില്ല. ടെണ്ടർ വിളിക്കാൻ പോലും തയ്യാറായില്ല, ടെണ്ടറിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. അതുകൂടാതെ

ഒരു ഗേൾസ് ഹൈസ്കൂളിന് 2 കോടി രൂപ തരികയുണ്ടായി. ഞാൻ എം.എൽ.എ. ഫണ്ടിൽ നിന്നുകൂടി ഒരു കോടി രൂപ മുടക്കി അതിന്റെ പണി ആരംഭിച്ചിട്ടേയുള്ളൂ. ഓരോ പ്രതിപക്ഷ എം.എൽ.എ.-മാരോടും 5 പദ്ധതി എഴുതികൊടുക്കാൻ പറഞ്ഞു. എന്നാൽ അവയ്ക്ക് 100 രൂപയുടെ ടോക്കൺ പ്രൊവിഷനാണ് വകയിരുത്തിയിരിക്കുന്നത്. അതുസംബന്ധിച്ച് അവരെന്നോട് പരാതി പറയുന്നു. 20 പദ്ധതി എഴുതികൊടുക്കാൻ ആവശ്യപ്പെട്ടതുപ്രകാരം ഞാനും 20 എണ്ണം എഴുതികൊടുത്തു. പ്രതിപക്ഷ നേതാവിന് കിട്ടിയതും ഒരുകോടി രൂപയുടെ ഒരു പദ്ധതിയാണ്. 20 പദ്ധതിയിൽ 19 എണ്ണത്തിനും 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ. ഒരു ആശുപത്രിക്ക് മാത്രം ഒരു കോടി രൂപ നൽകി. ഈ 100 രൂപ ഞാൻ ബഹുമാനപ്പെട്ട ഐസക്കിന് മണിഓർഡർ അയയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ പ്രതിപക്ഷാംഗങ്ങളും ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഞങ്ങളുടെ മണ്ഡലത്തിലൊക്കെ നടക്കുന്ന വികസനം കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച് പൂർത്തിയാക്കേണ്ടിയിരുന്നത് ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടരുന്ന പദ്ധതികളാണ്. തിരുവനന്തപുരം ജില്ലയോട് അവഗണനയാണ്. തിരുവനന്തപുരം ജില്ലയ്ക്ക് വാരിക്കോരി കൊടുത്തെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. തിരുവനന്തപുരം തലസ്ഥാന നഗരിയാണ്, എല്ലാവരും പരാതി പറയുകയാണ്. തിരുവനന്തപുരം ജില്ലയ്ക്ക് അങ്ങ് മുപടി പ്രസംഗത്തിൽ പാക്കേജ് പ്രഖ്യാപിക്കുന്നത്. കഴിഞ്ഞ തവണ ഇടുക്കി ജില്ലയ്ക്ക് വേണ്ടി പരാതി പറഞ്ഞപ്പോൾ 5,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു, ഒരു രൂപ പോലും കൊടുത്തില്ല. അതുപോലെ തിരുവനന്തപുരം ജില്ലയ്ക്ക് പാക്കേജ് പ്രഖ്യാപിച്ച് തിരുവനന്തപുരത്തുകാരെ അപമാനിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നാട്ടിൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത, കേരള ജനതയെ കബളിപ്പിക്കുന്ന കോടികളെടുത്ത് അമ്മാനമാടുന്ന യാഥാർത്ഥ്യബോധമില്ലാത്ത ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഡ്ജറ്റിന്റെ ചർച്ചയുടെ വിശദമായ മറുപടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറയും. ഇവിടെ സംസാരിക്കുമ്പോൾ ബഹുമാന്യനായ പി. ടി. തോമസ് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് മൂന്ന് ആരോപണങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതി നൽകി ഉന്നയിച്ചിട്ടുണ്ട്. ആരോപണങ്ങളിന്മേൽ പോലീസ് വകുപ്പിന്റെ വിശദമായ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ആ കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഒന്നാമതായി പറഞ്ഞത്, പോലീസിനു വേണ്ടി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ എന്നിവ വാങ്ങിയത് സ്റ്റോർ പർച്ചേസ് നടപടികളിലെ നിബന്ധനകൾ ലംഘിച്ചു കൊണ്ടാണെന്നാണ്. പോലീസ് സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള

നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായിത്തന്നെ പോലീസിനുവേണ്ടി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ എന്നിവ വാങ്ങുക സ്വാഭാവികമാണ്. ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ്വർക്ക് സിസ്റ്റംസ് (സി.സി.ടി.എൻ.എസ്.) പദ്ധതിക്കാവശ്യമായ കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും സംസ്ഥാന സർക്കാരിനു കീഴിലുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടുകൂടിയാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത വാങ്ങൽ നടപടികൾ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് ആൻഡ് റേറ്റ് കോൺട്രാക്ട് സിസ്റ്റം (സി.പി.ആർ.സി.എസ്.) മുഖാന്തരവും ഗവൺമെന്റ് ഇ-മാർക്കറ്റിംഗ് (GeM) മുഖാന്തരവുമാണ്. സി.സി. ടിവികൾ ഓപ്പൺ ടെണ്ടർ വഴിയാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.

രണ്ടാമതായി ഉന്നയിച്ചത്, 'സിംസ്' എന്ന പേരിൽ നടത്തുന്ന വീടുകളിൽ ക്യാമറകൾ വയ്ക്കുന്ന പദ്ധതിയിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്നുള്ളതാണ്. സിംസ് പദ്ധതിയെന്നത് മോഷണശ്രമം തൽസമയം കണ്ടെത്തി തടയാൻ രാജ്യത്ത് ആദ്യമായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ്. ഈ പദ്ധതിയുടെ നിയന്ത്രണം, നടത്തിപ്പ്, ചുമതല എന്നിവ സർക്കാർ പൊതുമേഖലാ സ്ഥാപനവും സർക്കാർ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി പ്രഖ്യാപിച്ചിട്ടുള്ളതുമായ കെൽട്രോണിനാണ്. ഇതിനുവേണ്ടി സർക്കാരോ പോലീസോ യാതൊരു തുകയും ചെലവഴിക്കുന്നില്ല. അതുകൊണ്ടു തന്നെ ഇതുസംബന്ധിച്ച അഴിമതി ആരോപണം അടിസ്ഥാനരഹിതമാണ്.

മൂന്നാമതായി അദ്ദേഹം ഉന്നയിച്ചത് നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിൽ എസ്.എച്ച്.ഒ.-മാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുന്നതിന് അനുവദിച്ച തുക വകമാറ്റി സർക്കാർ അനുമതിയില്ലാതെ വില്ലകളും ബംഗ്ലാവുകളുമൊക്കെ നിർമ്മിച്ചെന്നാണ്. നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിൽ സെക്യൂരിറ്റി റിലേറ്റഡ് എക്സ്പെൻഡിച്ചർ (എസ്.ആർ.ഇ.), സ്പെഷ്യൽ ഇൻഫ്രാസ്ട്രക്ചർ സ്കീം, (എസ്.ഐ.എസ്.) എന്നിവയാണ് നിലവിലുള്ളത്. എസ്.ആർ.ഇ., എസ്.ഐ.എസ്. സ്കീമുകളിൽ നിർമ്മാണ പ്രവർത്തനമെന്ന ഘടകം ഉൾപ്പെടുന്നില്ല. ഈ പദ്ധതിയുടെ ഭാഗമായോ മറ്റേതെങ്കിലും പദ്ധതിയുടെ ഭാഗമായോ തണ്ടർ ബോൾട്ടുകാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടികളൊന്നും സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല. സീനിയർ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകൾ അപര്യാപ്തമായതിനാൽ മോഡണൈസേഷൻ ഓഫ് പോലീസ് ഫണ്ട് (എം.ഒ.പി.എഫ്.) 2013-14, സംസ്ഥാന വിഹിതം സ്കീമിൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ പണിയുന്നതിനായി അനുവദിച്ച തുകയും (433 ലക്ഷം രൂപ), സ്റ്റേറ്റ് പ്ലാൻ 2018-19, 2019-20 സ്കീമുകളിൽ സീനിയർ ഓഫീസേഴ്സ് റെസിഡൻസ് പണിയുന്നതിനായി അനുവദിച്ച തുകയും (195 ലക്ഷം രൂപ) ഉപയോഗിച്ച് ഭക്തിവിലാസത്ത് പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ സീനിയർ പോലീസ് ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകളാണ് പണി കഴിപ്പിക്കുന്നത്.

അതോടൊപ്പം പ്രസംഗത്തിൽ കേരള ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പോലീസുകാരെ വഴിവിട്ട് നിയമിച്ചുവെന്ന മറ്റൊരു ആരോപണവും ഉന്നയിച്ചിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലും മൂന്ന് മേഖലാ സയൻസ് ലബോറട്ടറികളിലുമായി 140 തസ്തികകളിൽ 64 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4 ലാബുകളിലായി പരിശോധനയ്ക്കായി 12,000 ത്തോളം ക്രൈം കേസുകൾ കെട്ടിക്കിടക്കുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ സഹായിക്കാനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി വർക്ക് അറേഞ്ചുമെന്റിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇവരെ ലബോറട്ടറികളിലെ പരിശോധനാ ചുമതലകളൊന്നും ഏൽപ്പിച്ചിട്ടില്ല. തൊണ്ടിമുതലുകളുടെ പരിശോധനയ്ക്ക് അക്കാര്യത്തിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ മാത്രമേ ചുമതലപ്പെടുത്തിയിട്ടുള്ളൂ. ഇതാണ് ഈ കാര്യത്തിൽ വ്യക്തമാക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ കയ്യിലിരിക്കുന്നത് സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ടാണ്. സി. ആൻഡ് എ. ജി.-യുടെ റിപ്പോർട്ടിൽ ഞാൻ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും അക്കമിട്ട് അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓരോന്നും നിഷേധിക്കുകയുണ്ടായി. അങ്ങനെയെങ്കിൽ ഇതിനെപ്പറ്റി ഒരു അന്വേഷണത്തിന് അങ്ങ് ഉത്തരവിടാൻ തയ്യാറുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കാണ് ഞാൻ മറുപടി പറഞ്ഞത്. സി. ആൻഡ് എ.ജി. റിപ്പോർട്ടിന്റെ കാര്യം വേറെ പരിശോധിക്കാം, അത് സാധാരണ പരിശോധിക്കുന്ന നടപടിക്രമം എല്ലാവർക്കും അറിയാവുന്നതാണ്. അത് ആ വഴിക്ക് പൊയ്ക്കൊള്ളട്ടെ. അദ്ദേഹം ഉന്നയിച്ച കാര്യങ്ങളെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ ഇതിലുള്ളതോ, ഇതിലുള്ളത് അദ്ദേഹം ഉന്നയിച്ചതോ, ഏതാണെന്നുള്ള കാര്യത്തിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ പോയിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാനത്തിന്റെ ശക്തിയും ദൗർബല്യവും തിരിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കാനുള്ള ഒരു നയ ഉപകരണമാണ്, ഉപാധിയാണ് ബഡ്ജറ്റ്. അങ്ങനെനോക്കുമ്പോൾ നമ്മുടെ സമ്പദ്ഘടനയുടെ resilience and strength വളരെയേറെ പ്രകടമായിട്ടുള്ള ഒരു കാലയളവാണ് നാം പിന്നിട്ടിട്ടുള്ളത്. 1980-കളുടെ അവസാനം മുതൽ ദേശീയ ശരാശരിയേക്കാൾ ഉയർന്ന വേഗതയിലാണ് കേരളം വളർന്നിട്ടുള്ളത്. അതുകൊണ്ട് ഇന്ന് നമ്മുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയുടെ 60 ശതമാനത്തിനു മുകളിലാണ്.

3.00 pm]

എന്നാൽ ഈ നൂറ്റാണ്ടിൽ ഇതിലൊരു ചാഞ്ചാട്ടം തുടങ്ങിയിട്ടുണ്ട്. ഈ പതിറ്റാണ്ടിന്റെ ആദ്യപകുതിയിൽ യു.ഡി.എഫ്. ഭരണകാലത്ത് സാമ്പത്തിക വളർച്ച മന്ദീഭവിച്ച് 4.9% മാത്രമായിത്തീർന്നു. ഇത് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. ഇതുകണ്ട് ഭയന്ന് കേരളം ഒരു മാന്ദ്യത്തിലേയ്ക്ക് വഴതിവീഴുകയാണ് എന്നൊരു ധാരണയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ധരിച്ച 'രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ്' ഈ സർക്കാർ ഭരണത്തിന്റെ ആദ്യ വർഷംതന്നെ പ്രഖ്യാപിച്ചത്. എന്നാൽ സമ്പദ്ഘടന തിരിച്ചുകയറി. 7 ശതമാനത്തിലേയ്ക്ക് നമ്മുടെ സമ്പദ്ഘടന വളർന്നു, ഈ സർക്കാരിന്റെ ആദ്യത്തെ മൂന്ന് വർഷം ദേശീയ ശരാശരിയേക്കാൾ മുകളിലായി. അതുകൊണ്ട് എല്ലാം സുഗമമായി എന്നല്ല, രൂക്ഷമായ വെല്ലുവിളി നേരിടുകയാണ്. ഈ ഉണർവ് നിലനിർത്താൻ പറ്റുമോ ഇല്ലയോ എന്നത് വലിയൊരു പ്രശ്നമാണ്. കാരണം ആഗോളമായും ദേശീയമായും വളരെ മോശമായ സാമ്പത്തിക സ്ഥിതിയാണ് നിലവിലുള്ളത്. അത് നമ്മളെയും ബാധിക്കാം. ബാധിച്ചുകൊണ്ടിരിക്കുകയാണെന്നതും വളരെ വ്യക്തമാണ്. അപ്പോൾ ഇത് നേരിടുന്നതിന് നമുക്ക് ചില പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങൾ വളരെ വ്യക്തമായത് ഈ വർഷത്തിന്റെ അവസാന മൂന്ന് മാസമാണ്. ബഡ്ജറ്റിൽ നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ പന്ത്രണ്ടായിരം കോടിയിലേറെ രൂപ കേന്ദ്രത്തിൽ നിന്നും വായ്പയായോ, നികുതിവിഹിതമായോ കിട്ടുന്നത് ഇല്ലാതായി. ഇതൊരു ചെറിയ തുകയല്ല. സ്വാഭാവികമായും ഇത് നമ്മുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കമ്മി കൂടിയിട്ടുണ്ട്, ചെലവ് ചുരുക്കിയിട്ടുണ്ട് എന്നീ പ്രശ്നങ്ങളൊക്കെ പല അംഗങ്ങളും സൂചിപ്പിച്ചു. അതൊക്കെ ശരിയാണ്. ഇതൊന്നും ആരും മറച്ചുവച്ചിട്ടില്ല. ഇക്കാര്യങ്ങളെല്ലാം ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. കണക്കുകളിൽ നിന്നും വളരെ വ്യക്തമായി ലഭ്യമായിട്ടുള്ള കാര്യങ്ങളുമാണ്. അടുത്തവർഷവും ഇങ്ങനെതന്നെയായിരിക്കും എന്നൊരു ഭാവനയിലാണ് പ്രതിപക്ഷം കാര്യങ്ങൾ കണ്ടത്. ബഡ്ജറ്റ് വന്നപ്പോൾ സ്ഥിതി അങ്ങനെയല്ല. എല്ലാവരും അതിന്റെയൊരു വെപ്രാളത്തിലും പ്രശ്നത്തിലുമാണ്. അപ്പോൾപ്പിന്നെ അതിനെ ദിവാസ്വപ്നമെന്നോ, ഫാന്റസിയെന്നോ വിശേഷിപ്പിക്കാം.

എങ്ങനെ ഇതിനെ മറികടക്കാൻ കഴിഞ്ഞു? അതിന് മൂന്ന് കാര്യങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഒന്നാമത്തേത്, ഈ സർക്കാരിന്റെ ആദ്യവർഷം പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജും പിന്നീട് പറഞ്ഞ ഇരുപതിനായിരം കോടി രൂപയുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് നന്നായി ഉദ്ധരിച്ചതുകൊണ്ട് ആവർത്തിക്കേണ്ട കാര്യമില്ല. അവ ഇന്ന് പ്രാവർത്തികമാകുകയാണ്. അങ്ങനെയാക്കാൻ കുറച്ച് സമയം എടുത്തുവെന്നത് ശരിയാണ്. കാരണം കിഫ്ബി സെറ്റപ്പ് ചെയ്യണം, പ്രോജക്ടുകളുടെ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ കാര്യങ്ങൾ ചെയ്യണം. ഇപ്പോഴത് ഇംപ്ലിമെന്റേഷനിലേയ്ക്ക്

നീങ്ങുകയാണ്. അങ്ങനെ വലിയൊരു മാന്ദ്യവിരുദ്ധ പാക്കേജിന്റെ പിന്തുണയോടു കൂടിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയത്. അതുകൊണ്ട് അതിനെക്കുറിച്ചൊക്കെ ഒന്ന് പരാമർശിച്ചുവെന്നേയുള്ളൂ. പറഞ്ഞകാര്യങ്ങൾതന്നെ പറയുകയാണെന്ന് വേണമെങ്കിൽ നിങ്ങൾക്ക് പറയാം. അല്ല, അതെല്ലാം ഈ വർഷം നടപ്പാകുമെന്ന് പറയുകയാണ്.

രണ്ടാമത്തെ കാര്യം പറയാം, മുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ 5000 കോടി രൂപ കേന്ദ്രവിഹിതം കുറഞ്ഞുവെന്നത് ശരിയാണ്. വലിയ പ്രക്ഷോഭവും സമ്മർദ്ദവുമൊക്കെ നമ്മളുണ്ടാക്കിയത് ഇതിനെതിരെയായിരുന്നു. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ (Revenue deficit grants) നിങ്ങളുടെ ഭരണകാലത്ത് 5,800 കോടി രൂപയാണ് ആദ്യവർഷം അനുവദിച്ചതെങ്കിൽ ഇപ്പോൾ 15,000 കോടിയോളം രൂപ ശിപാർശ ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ 5000 കോടി രൂപയുള്ളതേ വച്ചിട്ടുള്ളൂ. ആ അപകടം നമുക്കുണ്ടെങ്കിലും ഇതൊരു പുതിയ ശക്തിയാണ്. നേരത്തേ അങ്ങനെയുണ്ടായിരുന്നു. ഈ മൂന്ന് മാസത്തെ സ്ഥിതിയല്ല പറയുന്നത്, കാര്യങ്ങൾ മെച്ചപ്പെട്ടും.

മൂന്നാമത്തെ കാര്യം പറയാം. നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല എന്ന് പ്രതിപക്ഷം പറഞ്ഞത് ശരിയാണ്. കണക്കിൽ അത്രയും കുറഞ്ഞിരിക്കാൻ കാരണം നഷ്ടപരിഹാരമായി ലഭിക്കുന്ന തുക നികുതിയായല്ല, മറിച്ച് ഗ്രാന്റായാണ് കണക്കാക്കുന്നത് എന്നതുകൊണ്ടാണ്. അതുകൂടി കണക്കാക്കിയാൽ ഈ പറഞ്ഞ കുറവ് അനുഭവപ്പെടില്ല. എങ്കിലും നികുതി വരുമാനം നിങ്ങൾ പറഞ്ഞതുപോലെ തന്നെ കൂടിയിട്ടില്ല. ആ സ്ഥിതിവിശേഷം മാറുന്നതിനുള്ള സാദ്ധ്യത വളരെയേറെയാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയത്. അത് നൽകുന്ന ആത്മവിശ്വാസം നിങ്ങളെ അലോസരപ്പെടുത്തുന്നത് സ്വാഭാവികമാണ്. ഒരു തുകയും ചെലവാക്കിയിട്ടില്ല, ഒന്നും നടപ്പാക്കിയിട്ടില്ല എന്നാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ ട്രാക്ക് റെക്കോർഡ് (track record) പരിശോധിച്ചുനോക്കൂ. അതിലെ ഫിസിക്കൽ അച്ചീവ്മെന്റ്സ് (Physical achievements) സംബന്ധിച്ച് ശ്രീ. എം. സ്വരാജും ശ്രീമതി വീണാ ജോർജ്ജും ഇവിടെ സംസാരിച്ചു, ഞാനത് വീണ്ടും ഉദ്ധരിക്കുന്നില്ല. റോഡ് നിർമ്മാണം, കുടിവെള്ള കണക്ഷനുകൾ, വൈദ്യുതി കണക്ഷനുകൾ, വൈദ്യുതി ഉത്പാദനം എന്നിങ്ങനെ ഓരോ മേഖലയിലുമുള്ള ഫിസിക്കൽ അച്ചീവ്മെന്റ്സിനെക്കുറിച്ചാണ് അതിൽ പറഞ്ഞിരിക്കുന്നത്. ശരിയാണ് ശ്രീ. വി. ഡി. സതീശൻ എപ്പോഴും പറയുന്നതുപോലെ, ചിലകാര്യങ്ങളിൽ തുക കുറഞ്ഞിട്ടുണ്ട്. തുക കുറയുന്ന കാര്യം എടുത്തുപറയുന്നത് എങ്ങനെയാണ്? അത്രയും വലിയ വർദ്ധനവ് വരുന്ന സമയത്ത് മാത്രമാണ് അങ്ങനെ ചെയ്യുന്നത്. ആകെ അഞ്ചുവർഷം കൊണ്ട് 8,000 കോടി രൂപ കൊടുത്തിരുന്ന സ്ഥാനത്ത് ഞങ്ങൾ

ഇപ്പോൾ 22,000 കോടി രൂപ പെൻഷൻ ഇനത്തിൽ നൽകുമ്പോൾ അതിലെ വർദ്ധനവ് പ്ലാനിലോ ചെലവിലോ ഉണ്ടായാലും അതിന്റെ അനുപാതം എക്കാല ത്തേക്കാളും വളരെ ഉയർന്നതാണ്, അതുകൊണ്ട് പറയുന്നുവെന്നേയുള്ളൂ. അതിന്റെയൊരു ആത്മവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ മുമ്പോട്ടുപോകുമ്പോൾ സംസ്ഥാ നത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനായി ശക്തമായ നിലപാട് സ്വീകരിക്കേ ണ്ടതുണ്ട്. ഇന്നലെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ പറഞ്ഞത് കോമ്പൻസേഷൻ തുക ഗ്യാരന്റി ചെയ്യാൻ പറ്റില്ല കോമ്പൻസേഷൻ സെസ് (Compensation cess) പിരിഞ്ഞുകിട്ടുന്ന മുറയ്ക്കുമാത്രമേ തരാൻ പറ്റുകയുള്ളൂ എന്നാണ്. അത് നിയമവിരുദ്ധമായിട്ടുള്ള പ്രസ്താവനയാണ്. കോമ്പൻസേഷൻ നിയമത്തിൽ ഇത് പിരിഞ്ഞുകിട്ടിയാലേ കൊടുക്കൂ എന്ന ക്ലോസ് ഇല്ല. എന്നുമാത്രമല്ല, ഇങ്ങനെയൊരു സാഹചര്യം വന്നുകഴിഞ്ഞാൽ ഒരു പ്രശ്നവു മില്ലെന്നും താത്കാലികമായി വായ്പയെടുക്കാം, സംസ്ഥാനങ്ങൾക്ക് കൊടുക്കാം, അതിനുശേഷം ഈ കോമ്പൻസേഷൻ സെസ്സ് എന്നത് ആറുമാസമോ ഒരു വർഷമോ വർദ്ധിപ്പിച്ചാൽ പ്രശ്നം തീരാവുന്നതേയുള്ളൂ എന്നാണ് ജി.എസ്.ടി. കൗൺസിലിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, അത് റെക്കോർഡിലുണ്ട്. അതുകൊണ്ട് ഇന്ന് മറ്റുപല ധനകാര്യ മന്ത്രിമാരുമായും ബന്ധപ്പെട്ടു. ഡൽഹിയിലെ പുതിയ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മനീഷ് സിസോഡിയ (Manish Sisodia) തന്നെയാകുമെന്ന് പ്രതീക്ഷിക്കുന്നു, അദ്ദേഹത്തെ വിളിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രദ്ധിക്കണം, ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾക്ക് യോജിച്ച് സുപ്രീംകോടതിയെ സമീപിക്കാൻ സാധിക്കണം. സംസ്ഥാനത്തിന്റെ അവകാശത്തെ ഈ രീതിയിൽ ഹനിക്കുന്നതും ഒരു വിശദീകരണവുമില്ലാതെ, ഞങ്ങൾക്ക് ഇഷ്ടമല്ല, ഇപ്പോൾ തരാൻ പറ്റില്ല എന്നുപറയുന്ന രീതിയും ശരിയല്ല. അപ്പോൾ നിതാന്ത ജാഗ്രതയോടുകൂടി, അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, ഒരുമിച്ച് നിൽക്കാൻ കഴിഞ്ഞാൽ ഒരു സംശയവും വേണ്ട നമുക്ക് വളരെ ആത്മവിശ്വാസത്തോടുകൂടി അടുത്തവർഷത്തെ അഭിമുഖീകരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, 'ഞങ്ങളങ്ങ് ഞെട്ടിപ്പോയി ബഡ്ജറ്റ് കണ്ടപ്പോൾ' എന്ന് അങ്ങ് പറഞ്ഞല്ലോ, ഞങ്ങൾ അലോസരപ്പെട്ടത് അങ്ങയുടെ പ്രസംഗം കേട്ടിട്ടല്ല, ഫിസ്കൽ ഇൻഡിക്കേറ്റേഴ്സ് (Fiscal indicators) കണ്ടിട്ടാണ്. ഞാൻ ഒറ്റക്കാര്യം മത്രം അങ്ങയോട് ചോദിക്കുകയാണ്, പുതിയ വർഷമാണ്, പുതിയ കാര്യങ്ങളാണ് എന്ന് അങ്ങ് പറഞ്ഞു, കഴിഞ്ഞ വർഷത്തെ അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 1,15,000 കോടി രൂപയാണ് വരുമാനം വച്ചിരുന്നത്, എന്നാൽ ഈ വർഷത്തെ അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വരുമാനം വച്ചിരിക്കുന്നത് 1,14,000 കോടി രൂപയാണ്. കഴിഞ്ഞ വർഷം പ്രതീക്ഷിച്ച വരുമാനം പോലും അങ്ങ്

അടുത്ത വർഷം കാണുന്നില്ല. അങ്ങ് കറന്റ് ഇയറിൽ വച്ചിരുന്ന പ്ലാൻ ഔട്ട്‌ലേ (plan outlay) 30,000 കോടി രൂപയാണ്, അടുത്ത വർഷത്തേയ്ക്ക് അങ്ങ് വച്ചിരിക്കുന്നത് 27,000 കോടി രൂപയാണ്. ഇത് ചരിത്രത്തിലില്ലാത്ത കാര്യമാണ്. അങ്ങയുടെ ഈ വർഷത്തെ റവന്യൂ കമ്മി കാണിച്ചിരിക്കുന്നത് 8,777 കോടി രൂപയാണ്. എന്നാൽ അടുത്ത വർഷത്തേയ്ക്ക് അങ്ങ് കാണിച്ചിരിക്കുന്ന റവന്യൂ കമ്മി എത്രയാണെന്ന് പരിശോധിച്ചുനോക്കൂ. ഈ കണക്ക് നോക്കിയശേഷവും അടുത്ത വർഷം പ്രകാശമാനമാണെന്ന് ഞങ്ങൾ വിചാരിക്കുന്നത് എങ്ങനെയാണ്; ഞങ്ങൾ എങ്ങനെ അലോസരപ്പെടാതിരിക്കും?

ഡോ. ടി. എം. തോമസ് ഐസക്: സർ, അലോസരപ്പെട്ടോളൂ, കുഴപ്പമില്ല. ഞങ്ങളുടെ ആത്മവിശ്വാസം എന്തുകൊണ്ടാണെന്ന കാര്യം ഞാൻ പറഞ്ഞതാണ്. ഈ ബഡ്ജറ്റിന്റെ ഒരു അടിസ്ഥാന സമീപനമെന്നത് നമ്മുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാം, നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കാം, അതിന്റെ ഫലമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാം എന്നതാണ്. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്, കൂടിക്കൊണ്ടിരിക്കുകയാണ് എന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് സംസാരിക്കുമ്പോൾ പറഞ്ഞു. കൂടിക്കൊണ്ടിരുന്നത് ഇപ്പോൾ മാത്രമല്ല, എക്കാലത്തും അങ്ങനെയായിരുന്നു. അതിന്റെയൊരു സാമ്പത്തിക ശാസ്ത്രത്തിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്, 1990-കൾ മുതൽ അഖിലേന്ത്യാ ശരാശരിയും നമ്മളും തമ്മിലുള്ള അകലം കുറഞ്ഞുവരികയാണ്. തീർച്ചയായും അതിനുമുമ്പ് അന്തരം അതിനേക്കാളും വലുതായിരുന്നു. തൊഴിലില്ലായ്മ അളക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിൽ നിന്നും വ്യത്യസ്തമായി തൊഴിലില്ലാത്തവർ ഡിസ്ഗൈസ്ഡ് അൺ എംപ്ലോയ്മെന്റ്സാണ്. തൊഴിലുണ്ട് എന്ന നാട്യത്തിൽ സ്വയംതൊഴിലൊക്കെയെടുത്ത് കഴിഞ്ഞുകൂടുകയാണ്. അതുകൊണ്ട് ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് പാശ്ചാത്യ രാജ്യങ്ങളേക്കാൾ വളരെ താഴ്ന്നതാണ്. ഇത്തരത്തിൽ ഡിസ്ഗൈസ്ഡ് അൺ എംപ്ലോയ്മെന്റ് സാധ്യമല്ലാത്ത നിലയിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങൾ വന്നപ്പോൾ പൊതു തൊഴിലില്ലായ്മ നിലവാരം ഉയർന്നു, നമ്മുടേത് പഴയതുപോലെ നിൽക്കുന്നു. അതുകൊണ്ട് നമ്മളും അവരും തമ്മിലുള്ള അകലം കുറഞ്ഞുവരികയാണ്. സർ, എനിക്ക് ഒറ്റ ചോദ്യമേ ചോദിക്കാനുള്ളൂ. ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലേതെങ്കിലുമൊന്നിൽ ഇത്തരത്തിൽ തൊഴിലവസര പ്രോത്സാഹനത്തിനു വേണ്ടി സർക്കാർ സഹായം നൽകിയിട്ടുണ്ടോ? ഒരു സ്ഥാപനത്തിൽ പുതുതായി ഒരാൾക്ക് ജോലികൊടുത്താൽ അവരുടെ ഒരു മാസത്തെ ശമ്പളം സർക്കാർ കൊടുക്കും. സ്റ്റാർട്ടപ്പുകൾ, നിങ്ങൾക്ക് തീർച്ചയുള്ള ഓർഡറുണ്ടെങ്കിൽ വേറെ സെക്യൂരിറ്റിയോ

ജാമ്യമോ ഒന്നുമില്ലാതെ തന്നെ 90 ശതമാനം വായ്പ കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി.-യും നൽകും. അതല്ലെങ്കിൽ മൈക്രോ എന്റർപ്രൈസസിൽ ഒന്നരലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പരിപാടി.... , അതുകൊണ്ട് ശ്രീ. പി. ടി. തോമസ് പറഞ്ഞ കാര്യം വളരെ ഗൗരവമായി എടുത്തുകൊണ്ട് അതിനൊരു പരിഹാരം കാണുന്നതിനായി ഈ ബഡ്ജറ്റിൽ ശ്രമിക്കുകയാണ്. ഇതിനെ മിസ്ലീൻ ബഡ്ജറ്റ് എന്ന് ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു. അങ്ങനെയൊരു അവാർഡ് തന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. ഇത് ദരിദ്രർക്ക് പരിഗണന നൽകിയിട്ടുള്ള ബഡ്ജറ്റ് തന്നെയാണ്. അല്ലെങ്കിൽ ഇത്രയും സാമ്പത്തിക പ്രയാസം നിൽക്കുമ്പോഴും പാവപ്പെട്ടവർക്ക് നൽകിയ വാഗ്ദാനം, ഞങ്ങൾ ഭരിക്കുമ്പോൾ എല്ലാ വർഷവും ക്ഷേമപെൻഷൻ നൂറുരൂപ വച്ചെങ്കിലും കൂട്ടുമെന്നുള്ളത് മാറ്റിയില്ലല്ലോ? ഇത്രയും വലിയ പ്രതിസന്ധിയാണ്, നമുക്ക് നല്ലകാലം വരട്ടെ അടുത്തമാസം ആകട്ടെയെന്ന് എനിക്ക് വേണമെങ്കിൽ പറയാമായിരുന്നു. പക്ഷേ അങ്ങനെ ഞാൻ പറയില്ല. കയർ, കശുവണ്ടി, കൈത്തറി തുടങ്ങി പാവങ്ങൾ പണിയെടുക്കുന്ന മേഖലകൾ അല്ലെങ്കിൽ പാവങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, അവർ പോകുന്ന ആശുപത്രികൾ ഇവയ്ക്കല്ലേ കൂടുതൽ തുക അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി നമ്മുടെ സ്കൂളുകളിലും ആശുപത്രികളിലും വരുന്ന മാറ്റം കാണുക. നിപാ വൈറസിനെ മാത്രമല്ല, കേരളത്തിൽ കൊറോണ വൈറസിന്റെ അപകടം ഞങ്ങൾ മറികടന്നിരിക്കുന്നുവെന്ന് ലോകത്തോട് പ്രഖ്യാപിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. പോസിറ്റീവെന്ന് ടെസ്റ്റ് റിസൾട്ട് വന്ന രണ്ടുപേരുടെകൂടി നെഗറ്റീവ് റിപ്പോർട്ട് പൂനെയിൽനിന്ന് കിട്ടിക്കഴിഞ്ഞാൽ ആ പ്രഖ്യാപനം വരാൻ പോകുകയാണ്. എങ്ങനെയാണ് കേരളം ഇതിനെ അതിജീവിക്കുന്നതെന്നുകണ്ട് ലോകം അത്ഭുതപ്പെടും. അവിടെ വന്ന രണ്ട് പേരിലല്ലാതെ ഇവിടെ സെക്കണ്ടറിയായി പടരുന്നത് തടയുന്നതിനെടുത്ത നടപടി വിജയിച്ചു. വയോജനങ്ങൾക്കും സ്ത്രീകൾക്കും പ്രയോജനപ്പെടുന്ന പ്രവർത്തനത്തെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ജനപങ്കാളിത്തത്തോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രമാക്കിക്കൊണ്ട് വളരെയധികം കുതിപ്പുണ്ടാക്കാനുള്ള പരിശ്രമമാണ് ഈ ബഡ്ജറ്റിലുള്ളത്. ആയിരം ഭക്ഷണശാലകളെക്കുറിച്ച് പരിഹാസമാണല്ലോ; പരിഹസിച്ചിരുന്നോളൂ, ഞങ്ങളത് ചെയ്തുകാണിച്ചുതരാം. ഓണം വരട്ടെ, ഉണ്ടാകുമോ ഇല്ലയോ എന്ന് നോക്കിക്കോളൂ. ആലപ്പുഴയിൽ നടക്കുന്ന ഉദ്ഘാടനത്തിന് അങ്ങും വരണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്നുതവണ അങ്ങ് ഈ പദ്ധതികൾ പ്രഖ്യാപിച്ചതാണ്. 2-3 കോടി രൂപയാണ് അങ്ങ് ചെലവഴിച്ചത്. വീണ്ടും ഒരു പ്രഖ്യാപനം കൂടി അങ്ങ് നടത്തിയെന്നല്ലേയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ചെയ്യ് ശീലിക്കുകയായിരുന്നു. എല്ലായിടത്തും കൊടുക്കുമെന്നല്ല പറഞ്ഞത്. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഇതെങ്ങനെ ചെയ്യാൻ കഴിയുമെന്ന് നോക്കാം. അപ്പോഴും ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിട്ടും അതാരും എടുക്കാൻ പോയിട്ടില്ല. ചെയ്തത് ആലപ്പുഴയിലല്ലേ; ആലപ്പുഴയിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആ ഇരുപത് കോടി രൂപയും ഇല്ലാതെ ചെയ്യാൻ കഴിയുമോയെന്നാണ് നോക്കുന്നത്. അവിടെ ഭക്ഷണം കൊടുത്തോ? അവിടെ ചുരുങ്ങിയത് രണ്ടായിരം പേർക്ക് സൗജന്യ ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ അനുഭവാടിസ്ഥാനത്തിലാണ് ആയിരം ഭക്ഷണശാലകൾ എന്നുപറയുന്നത്.

കേരളത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ പകുതിയും സമ്പൂർണ്ണ ശുചിത്വ പദവി ഓണത്തിന് മുമ്പ് നേടും. ആ തീവ്രയജ്ഞത്തിനുവേണ്ടി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മാലിന്യ സംസ്കരണ ഗാർഹിക ഉപകരണങ്ങൾക്ക് സബ്സിഡി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദമുണ്ടാകും. നമ്മൾ വലിയൊരു യജ്ഞത്തിലേയ്ക്ക് നീങ്ങുകയാണ്. ഹരിത മിഷന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന ഈ പ്രവർത്തനം കേരളം മുഴുവൻ ശുചിത്വമാക്കണമെന്നില്ല. പകുതി പഞ്ചായത്തുകളിലെത്തും. അങ്ങയുടെ മണ്ഡലത്തിലും എത്തും, എനിക്കതിൽ നല്ല ഉറപ്പാണുള്ളത്. 85000 തോടുകൾ, ഇപ്പോഴത്തെ തൊഴിലുറപ്പ് ഉൾപ്പെടുത്തിയിരിക്കുന്നതുവച്ചു നോക്കുമ്പോൾ ഓണത്തിനുമുമ്പ് നമ്മളൊരു പതിനായിരം കിലോമീറ്റർ ദൂരം ശുചീകരിച്ചിരിക്കും. ഒരുകോടി ഫലവൃക്ഷങ്ങൾ ഓണത്തിനുമുമ്പ് നടുന്നതിനുവേണ്ടിയിട്ടുള്ള നഴ്സറികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഓണത്തിനുമുമ്പ് ഒന്നരലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിന് പ്ലാനുകളിൽ ഉൾപ്പെടുത്തി മേൽ പറഞ്ഞ ലക്ഷ്യങ്ങൾക്കുവേണ്ടി വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഗൈഡ്ലൈൻ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കുന്നതായിരിക്കും. നടന്ന കാര്യങ്ങളെ എങ്ങനെയൊക്കെയാണ് നിഷേധിക്കുന്നതും ചോദ്യം ചെയ്യുന്നതും. ദേശീയ ജലപാതയെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. നമ്മൾ അത് പൂർത്തീകരിക്കും; ഈ വർഷം തുറന്നുകൊടുക്കും. എനിക്ക് വടകര കഴിഞ്ഞാൽ അപ്പുറത്തേയ്ക്കുള്ളത് അറിയാമോ എന്നാണ് അപ്പുറത്തുനിന്നും ചോദിച്ചുകൊണ്ടിരുന്നത്. ഞാൻ പറയാം. വടകര-മാഹി 18 കിലോമീറ്റർ ദൂരത്തിന് 200 കോടി രൂപ കിഫ്ബിയിൽനിന്ന് ചെലവഴിക്കുകയാണ്. 650 മീറ്റർ മാത്രമേ ഇനി പൂർത്തിയാകാനുള്ളൂ. മാഹി-വളപട്ടണം 20 കിലോമീറ്റർ ദൂരത്തിന് ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്, 650 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നല്ലവില കൊടുക്കുന്നതുകൊണ്ട് തടസ്സമൊന്നുമില്ല. ഞാനിന്നും വിളിച്ചുചോദിച്ചു. അത് പൂർത്തിയാക്കുകതന്നെ ചെയ്യും. വളപട്ടണം-നീലേശ്വരം 65 കിലോമീറ്റർ ഒരു മാസ്സത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ

പോകുകയാണ്. നീലേശ്വരം-ബേക്കൽ 10 കിലോമീറ്റർ ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്, ഇത് ഈ വർഷം പൂർത്തീകരിക്കും. കോവളത്തു നിന്ന് ബേക്കൽ വരെ പോകുന്നതിനെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ പറ്റില്ല; അത് ചെയ്യാൻ പോകുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് കേട്ടാൽ ദേശീയ ജലപാത നിങ്ങൾ കണ്ടുപിടിച്ച പുതിയൊരു പദ്ധതിയാണെന്ന് തോന്നുമല്ലോ; യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ഇതിന്റെ മേജർ ഭാഗം പൂർത്തിയാക്കിയത്. അതിന്റെ കണ്ടിന്യൂവിറ്റിയാണ് ഈ സർക്കാർ ചെയ്യുന്നത്. അതിനു മുമ്പ് ഭരിച്ചിരുന്ന ഗവൺമെന്റും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങ് എന്താണ് ഈ പറയുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗെയിൽ പദ്ധതി അങ്ങനെയായിരുന്നു, ഇടമൺ പവർലൈൻ അങ്ങനെയായിരുന്നു, ദേശീയപാത അങ്ങനെയായിരുന്നു. മുമ്പുമുതലേ തുടങ്ങിയതാണ്. അന്ന് നടക്കാതെ ഏന്തിവലിഞ്ഞകാര്യങ്ങൾ ഈ സർക്കാർ രാഷ്ട്രീയ ഇച്ഛയോടുകൂടി നടപ്പാക്കിയതാണ്. ഇവിടെ വലിയ പ്രശ്നം പാക്കേജുകളെക്കുറിച്ചാണ്. വലിയ പാക്കേജുകൾ പ്രഖ്യാപിച്ചുകളയുന്നതെന്നാണ് പ്രതിപക്ഷം പറയുന്നത്. എന്താണ് പാക്കേജ് എന്നുപറയുന്നത്? കുറച്ച് പേരൊക്കെ ജനകീയാസൂത്രണത്തിന്റെ ക്ലാസിൽ ഇരുന്നിട്ടുള്ളവരല്ലേ. നമ്മളെ ആദ്യം പഠിപ്പിച്ചു തുടങ്ങിയത് സർക്കാരിന്റെ സ്കീമുകളെക്കുറിച്ചാണ്; എല്ലാസ്ഥലത്തും ഒരുപോലെ നടപ്പിലാക്കുന്ന സ്കീമുകൾ. രണ്ട് പ്രോജക്ട്-നിയതമായ ലക്ഷ്യത്തിന് പ്രാദേശികമായി ചെയ്യുന്ന ഏർപ്പാട്. അങ്ങനെ സർക്കാരിന് സ്കീമുകളും പ്രോജക്ടുകളുമുണ്ട്. അതൊക്കെയാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഇതൊക്കെ ഓരോരോ ഡിപ്പാർട്ട്മെന്റിന്റേതാണ്. നാട്ടിലെ പ്രശ്നങ്ങൾ ഡിപ്പാർട്ട്മെന്റ് തിരിച്ചല്ലേയുള്ളത്. കുട്ടനാടിലെ പ്രശ്നം എത്രയോ ഡിപ്പാർട്ട്മെന്റ് ചേർന്ന് ചെയ്യണം. ശ്രീ. മാത്യു. ടി. തോമസ് പറയാറുള്ള കാര്യമുണ്ടായിരുന്നു. അവിടെ റിവ്യൂ മീറ്റിംഗിൽ ഞാൻ പങ്കെടുത്തു. അവിടെ ഞങ്ങളുടെ പരിപാടിയും കൃഷിയുമായി എന്താണ് ബന്ധമെന്ന് ഒരു എഞ്ചിനീയർ ചോദിച്ചു. കൃഷിയുമായി ബന്ധമില്ലെന്നാണ് ആ എഞ്ചിനീയർ പറഞ്ഞത്. അതുകൊണ്ട് ചില പ്രത്യേക പ്രശ്നങ്ങൾ അല്ലെങ്കിൽ പ്രത്യേക മേഖലയിൽ ഇതുപോലെ സംസ്ഥാന ബഡ്ജറ്റിലുള്ള സ്കീമുകളും പ്രോജക്ടുകളും സംയോജിപ്പിച്ച് പ്രോഗ്രാമാക്കി മാറ്റുന്നു. അതിനുവേണ്ടി ഒരു ശ്രമം ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്. അങ്ങനെ ഓരോ സ്ഥലത്തെയും വിവിധ ഡിപ്പാർട്ട്മെന്റുകൾ ഒരുമിച്ചിരുന്ന് ചെയ്യണം. അപ്പോൾ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. കാരണം ദൈനംദിന ജീവിതത്തിൽ ഈ പ്രശ്നങ്ങളൊക്കെയിരിക്കുന്നത് ഡിപ്പാർട്ട്മെന്റുകളെ തരംതിരിച്ചല്ല. അതാണ് ഈ പാക്കേജ് എന്നുപറയുന്നത്. പരിഹസിക്കുന്നവർ പരിഹസിച്ചോളൂ.

പദ്ധതികൾക്ക് 3 മുതൽ 5 വർഷം വരെയാണ് കാലാവധി. എല്ലായിടത്തും ഈയൊരു വർഷം എത്ര ചെലവഴിക്കുമെന്ന് ചോദിച്ചു. ഒരു പെർസ്പെക്ടീവിൽ 5 വർഷത്തെയും 3 വർഷത്തെയും കണക്ക് പറഞ്ഞിട്ടുണ്ട്. ശ്രീ. വി. ഡി. സതീശന്റെ വലിയൊരു വിമർശനം തീരദേശ പാക്കേജിൽ കഴിഞ്ഞ വർഷം ആയിരം കോടി രൂപയും ഇപ്പോൾ അയ്യായിരമെന്നുമാണ് പറയുന്നതെന്നാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അയ്യായിരം കോടി രൂപയുടെ പാക്കേജെന്നാണ് വിശേഷിപ്പിച്ചത്. ശരിയാണ്. ഞാൻ സമ്മതിച്ചു, തിരുത്താം. അയ്യായിരം കോടി രൂപയുടെ പാക്കേജ് 5 വർഷംകൊണ്ടാണ് നടപ്പിലാക്കാൻ പോകുന്നത്. അതിൽ ആയിരം കോടി രൂപ ഈ വർഷം ചെലവഴിക്കാൻ പോകുന്നുവെന്ന് അർത്ഥം വച്ചാൽ മതി. അതിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും ഓഖി പരിപാടിയെക്കുറിച്ചുമായിരുന്ന പരാമർശം. എത്ര വർഷം കഴിഞ്ഞാലും സുനാമിയുടെയും ഓഖിയുടെയും നടപടികൾ ഒരുമിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാം. എന്തായിരിക്കും സ്ഥിതിയെന്ന് പരിശോധിക്കാം. തയ്യാറാണോ? ഇവിടെ ബഡ്ജറ്റിൽ പറഞ്ഞ ചട്ടക്കൂടിൽനിന്നുകൊണ്ട് പ്രാദേശിക ജനപങ്കാളിത്തത്തോടെ തീരദേശ വികസനപദ്ധതികൾക്ക് രൂപം നൽകും. തീരപ്രദേശത്ത് ഉപജീവനത്തിനുള്ള അവസരങ്ങളുയർത്താൻ NULM, NRLM തുടങ്ങിയ പദ്ധതികൾ പ്രയോജനപ്പെടുത്തും. ഞാൻ പാക്കേജുകൾ ഓരോന്നായെടുക്കുന്നില്ല. പക്ഷേ വലിയ വിമർശനം വന്നത് തലസ്ഥാനനഗരിയെ ബഡ്ജറ്റ് അവഗണിച്ചിരിക്കുന്നുവെന്നതാണ്. ഇടുക്കിക്കും വയനാടിനും കുട്ടനാടിനും തീരദേശത്തിനുമൊക്കെ പാക്കേജ് വച്ചപ്പോൾ അങ്ങ് തലസ്ഥാന നഗരിയെ അവഗണിച്ചിരിക്കുന്നുവെന്നാണ് പറയുന്നത്. ഒരു പ്രമുഖപത്രത്തിൽ രണ്ട് pullout-ആണ് മൂന്ന് ദിവസത്തിനുള്ളിൽ കൊടുത്തിരിക്കുന്നത്. ഏതായാലും ഇങ്ങനെയൊരു കോലാഹലമുണ്ടാക്കിയെടുത്തതിന് സർവ്വശ്രീ വി. എസ്. ശിവകുമാറിനെയും കെ. എസ്. ശബരീനാഥനെയും അഭിനന്ദിക്കണം. നമുക്ക് ഒരോന്നായെടുക്കാം. ബഡ്ജറ്റിലുൾക്കൊള്ളുന്ന പദ്ധതികൾ/ സ്കീമുകളിൽ, ഒരു നഗരത്തിന് ഏറ്റവും പ്രധാനമായി വേണ്ടിവരുന്നത് റോഡ് കണക്ടിവിറ്റിയാണ്. ഞാൻ വേണമെങ്കിൽ റോഡിനെക്കുറിച്ച് മുഴുവനും വായിക്കാം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പേപ്പറിലുള്ളത് വായിക്കണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വായിക്കാം, ഉള്ളൂർ മേൽപ്പാലം, പട്ടം മേൽപ്പാലം, ശ്രീകാര്യം മേൽപ്പാലം, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം, കരമന - കളിയിക്കാവിള റോഡ്, (.....ബഹളം.....) ശ്രീ. എം. വിൻസെന്റ് പറഞ്ഞപ്പോൾ ഞാൻ കേട്ടല്ലോ? അങ്ങ് ഒന്നു കേൾക്കൂ. കേട്ടിട്ട് വർത്തമാനം പറയൂ. മര്യാദയില്ലാതെ ഇങ്ങനെ വർത്തമാനം പറയരുത്.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... കേൾക്കൂ.....

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ ഏത് ചോദ്യത്തിനും മറുപടി പറയാം. ഞാൻ വഴങ്ങിത്തരും. ഞാൻ പ്രസംഗിക്കുമ്പോൾ ബഹളം വയ്ക്കേണ്ട കാര്യമെന്താണ്? പറഞ്ഞുകഴിഞ്ഞതിനുശേഷം എത്ര വേണമെങ്കിലും ചോദിക്കൂ. മൾട്ടിലെവൽ പാർക്കിംഗ് തുടങ്ങിയവയ്ക്കായി 1,882 കോടി രൂപയാണ് വകയിരുത്തിയത്. ഇതിൽ 864 കോടി രൂപ സ്മാർട്ട് സിറ്റി ടാൻസ്പോർട്ട് നെറ്റ്വർക്കിനാണ്. ശ്രീ. വി. എസ്. ശിവകുമാറിന് ഇക്കാര്യം അറിയാമല്ലോ? ഇത് പൂർണ്ണമായും അങ്ങയുടെ മണ്ഡലത്തിലാണ് വരുന്നത്. 864 കോടി രൂപയുടെ ടാൻസ്പോർട്ട് നെറ്റ്വർക്ക് പദ്ധതി നഗരകേന്ദ്രത്തെ ആസ്പദമാക്കി മാത്രമുള്ളതാണ്. ഒന്നുകിൽ അങ്ങേയ്ക്കിത് അറിയില്ല. അറിയില്ലെങ്കിൽ വളരെ കഷ്ടമാണ്. അല്ലെങ്കിൽ അറിഞ്ഞിട്ട് വേറെ വർത്തമാനം പറയുന്നു. എന്താണ് ഈ ബഡ്ജറ്റിലുള്ളതെന്ന് എങ്ങനെ പറയാൻ സാധിക്കുന്നു ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അടുത്ത മാർച്ചുമാസത്തിൽ പദ്ധതി തീരേണ്ടതാണ്. ഇന്നലെ തിരുവനന്തപുരം കോർപ്പറേഷൻ മേയർ വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന ഫണ്ട് കിട്ടിയിട്ടില്ലെന്നും മാസം തോറും ഒരു അവലോകനം നടത്തണമെന്നും പറഞ്ഞു. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടല്ലാതെ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് അനുവദിച്ചിട്ടില്ല. അനുവദിച്ചിരുന്നുവെങ്കിൽ സമയ ബന്ധിതമായി സ്മാർട്ട് സിറ്റി പദ്ധതി പൂർത്തീകരിക്കുമായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, സംസ്ഥാന ഫണ്ട് കൊടുക്കാനായി ഒരു പ്രശ്നവുമുണ്ടാകില്ല.

മി. സ്പീക്കർ: യെസ് ..... ശ്രീ. വി. കെ. പ്രശാന്ത് പറയൂ....

ശ്രീ. വി. കെ. പ്രശാന്ത്: സർ, 1535 കോടി രൂപയുടെ സ്മാർട്ട് സിറ്റി പദ്ധതിയാണ് തിരുവനന്തപുരത്ത് നടപ്പാക്കുന്നത്. അതിൽ ഭൂരിഭാഗം പദ്ധതികളും വരുന്നത് അങ്ങയുടെ മണ്ഡലത്തിലാണ്. സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിലൂടെ അമ്പതുകോടി രൂപ നഗരസഭയ്ക്ക് അനുവദിച്ചുകഴിഞ്ഞു. 93 കോടി രൂപയാണ് ഇപ്പോൾ കേന്ദ്രത്തിൽനിന്നും കിട്ടിയിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 1538 കോടി രൂപയുടെ സ്മാർട്ട് സിറ്റി പദ്ധതിയിൽ 5 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. എസ്. ശിവകുമാർ, കാര്യങ്ങൾ പറയുമ്പോൾ അതിന്റെയൊരു മാന്യതയിലെടുക്കേണ്ടേ? തിരുവനന്തപുരം മണ്ഡലത്തിൽ 864 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ അറുപത്

ശതമാനം സംസ്ഥാന സർക്കാരും നാൽപ്പത് ശതമാനം കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നത്. അദ്ദേഹം ഇത് കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിലേ വയ്ക്കുകയുള്ളൂ. (.....ബഹളം....) ശ്രീ. എം. വിൻസെന്റിന് പറയാനുള്ളത് പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് കഴിഞ്ഞ ബഡ്ജറ്റുകളിൽ പരാമർശിക്കപ്പെടാത്ത പുതുതായി എത്ര പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്? അങ്ങ് വിഴിഞ്ഞത്തിരുന്ന് ബഡ്ജറ്റ് തയ്യാറാക്കിയതിന്റെ തൊട്ടടുത്ത് ഒരു ഫ്ലാറ്റ് പണിതു കൊണ്ടിരിക്കുകയാണ്. പക്ഷേ ആറര കോടി രൂപ സംസ്ഥാന വിഹിതം വച്ചാൽ മതി. കേന്ദ്ര വിഹിതം വന്നിട്ടുണ്ട്. പക്ഷേ ലോണെടുത്ത് നിർവ്വഹിക്കണമെന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. ഇതിനെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ആ പരിപാടിയെക്കുറിച്ച് മാത്രമല്ല. ഇപ്പോൾ ഇതുയും സാമ്പത്തിക ബുദ്ധിമുട്ട് ഇങ്ങനെ നിൽക്കുമ്പോൾ ലൈഫ് മിഷൻ സുഗമമായി നടക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അടുത്ത മേയ് മാസത്തിൽ പണം അടച്ചോളാം അതുവരെ ഏതെങ്കിലും ബാങ്കിൽ നിന്നെടുത്ത് കാര്യം ചെയ്യണമെന്നുള്ളതാണ്. അങ്ങനെയല്ലേ മാനേജ് ചെയ്യുന്നത്. നോട്ട് അച്ചടിക്കാൻ നമുക്ക് വല്ല അവകാശവുമുണ്ടോ? ഇതൊക്കെ മാനേജ്ചെയ്യുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സർക്കാരിന്റെ ആദ്യത്തെ റിവൈസ്ഡ് ബഡ്ജറ്റിൽ 34 മേൽപ്പാലങ്ങൾ, 6 ആർ.ഒ.ബി.-കൾ തുടങ്ങിയവ പ്രഖ്യാപിച്ചതാണ്. ഉള്ളൂർ മേൽപ്പാലം, പട്ടം മേൽപ്പാലം എന്നിവയെല്ലാം അതിൽപ്പെടുന്നതാണ്. അങ്ങ് പ്രഖ്യാപിച്ചതല്ലാതെ ഈ പ്രവൃത്തികൾക്ക് എന്തു തുക ചെലവഴിച്ചിട്ടുണ്ട്? ഇന്നും അതിന്റെ ഡി.പി.ആർ. പോലും ആയിട്ടില്ല. അങ്ങ് വീണ്ടും ഇതാവർത്തിക്കുകയാണ്. (...ബഹളം...)

ഡോ. ടി. എം. തോമസ് ഐസക്: സർ, ആർ.ഒ.ബി.-കൾ, മേൽപ്പാലങ്ങൾ എന്നിവ പുതുതായി പ്രഖ്യാപിച്ചാൽ ഡിസൈൻ ചെയ്ത് എസ്റ്റിമേറ്റുണ്ടാക്കി കാര്യങ്ങൾ ചെയ്യുന്നതിന് രണ്ട് വർഷമെന്ന് പറയുന്നത് ഒന്നുമല്ല. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്കീമുകൾ ഇവിടെയുണ്ട്. നടപ്പാക്കുന്നതിലുള്ള പോരായ്മയല്ലേ; അത് നമുക്കൊരുമിച്ചിരുന്നു തയ്യാറാക്കാം. അങ്ങനെയല്ലല്ലോ പറഞ്ഞത്? തിരുവനന്തപുരത്തിന് ഈ ബഡ്ജറ്റിലെന്തുണ്ടെന്നാണ് പ്രതിപക്ഷം പറഞ്ഞുകൊണ്ടിരുന്നത്. കേട്ടോളൂ. അങ്ങ് എന്നോട് ചോദിച്ച ഏറ്റവും പ്രശ്നമായ കുടിവെള്ളം, ഇന്നലെ പോലും ഇവിടെ വെള്ളം കിട്ടിയില്ല. ഒന്ന്, അരുവിക്കരയ്ക്ക് വെള്ളം വരണം. നെയ്യാറിൽ നിന്നും വെള്ളം കൊണ്ടുവരാനുള്ള സംവിധാനം ചെയ്യുന്നു. പ്രോജക്ട് നടക്കുന്നില്ലേ? രണ്ട്, അരുവിക്കരയിൽ പുത്തൻ ട്രീറ്റ്മെന്റ് പ്ലാന്റ് വരുന്നു. അതിന്റെ വിതരണശൃംഖല കൂടിയുണ്ടെങ്കിൽ തിരുവനന്തപുരം നഗരത്തിന്റെ കുടിവെള്ള പ്രശ്നം

പരിഹരിക്കപ്പെടും. പ്രോജക്ടുകൾക്കുവേണ്ടി 635 കോടി രൂപയാണ് വകയിരുത്തിയത്. ഇപ്പോൾ നടക്കുന്ന പ്രോജക്ടുകൾ അംഗീകാരം നൽകി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് സ്വീവേജിന്റെ കാര്യം ചോദിച്ചു. സ്വീവേജ്-മുട്ടത്തറ പ്ലാന്റ്, നഗരത്തിന്റെ മൂന്നിലൊന്ന് പ്രദേശത്ത് മാത്രമേ ബാധകമാകുകയുള്ളൂ. ബാക്കിയുള്ളയിടത്തേയ്ക്ക് സിവറേജ് ലൈനുകൾ വരണം. വരാൻ പോകുന്ന അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ടിൽ കിട്ടാൻപോകുന്ന ഫിനാൻസ് കമ്മീഷന്റെ മെട്രോപൊളീസ് നഗരത്തിനുവേണ്ടി ഇതാണ് വച്ചിട്ടുള്ളത്. ഇതിനുവേണ്ടിയാണ് ആ പണം വിനിയോഗിക്കപ്പെടുന്നത്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നഗരം മുഴുവൻ കൊണ്ടുവരാനുള്ള പരിപാടിയാണ്. സിവറേജിനും ട്രീറ്റുമെന്റിനുമെല്ലാംകൂടി ആകെ 525 കോടി രൂപയാണ് വരുന്നത്. ഈ രണ്ടുകാര്യം മാത്രം വന്നതിനുശേഷം തുടങ്ങുന്നതാണ്. ബാക്കിയെല്ലാം ഓൺഗോയിംഗാണ്. മൂന്ന്, വിദ്യാഭ്യാസത്തെ സംബന്ധിച്ച്, നമ്മുടേത് വിദ്യാഭ്യാസ നഗരമായാണ് അറിയപ്പെടുന്നത്. ഇത്രയേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മറ്റൊരു പട്ടണമില്ല. മെഡിക്കൽ കോളേജിനുള്ള അടങ്കലടക്കം 534 കോടി രൂപയാണ് വച്ചിരിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അങ്ങ് പറഞ്ഞ സ്വീവേജിന്റെ കാര്യത്തിൽ നാൽപ്പത് ശതമാനം മാത്രമേയുള്ളൂ. ഇവിടെ കിള്ളിയാറും കരമനയാറും പാർവ്വതീ പുത്തനാറുമുണ്ട്. ഇവിടെ വാട്ടർ വേ ഉണ്ടാക്കുന്നു എന്ന് പറഞ്ഞു. ഈ വാട്ടർ വേയുടെ രണ്ട് സൈഡിലുമുള്ള സ്വീവേജ് മുഴുവൻ ഈ നദികളിലേക്കാണൊഴുക്കുന്നത്. ഇവയുടെ ശുചീകരണം പൂർത്തീകരിക്കുമോ? കാരണം, ഈ നഗരത്തിൽ നാൽപ്പത് ശതമാനം സ്വീവേജ് പദ്ധതികളേ ഉള്ളൂ. ആദ്യം നിങ്ങൾ അത് ചെയ്യൂ. ഏതെങ്കിലും ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ ഇവിടെ പറയരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയല്ല. പാർവ്വതീപുത്തനാറിലെ മുഴുവൻ ചെളിയും വാരി വൃത്തിയാക്കിക്കൊണ്ടിരിക്കുന്നു. കിള്ളിയാറിൽ ആ പ്രവർത്തനം നടത്താൻ പോകുന്നു. ശുചീകരണം നടത്തിക്കഴിഞ്ഞു. അങ്ങനെ തന്നെയിരിക്കണമെങ്കിൽ സ്വീവേജ് ഇവിടെ ഡമ്പ് ചെയ്യാൻ പാടില്ല. അതിനാണ് ഇപ്പോൾ പറഞ്ഞ പരിപാടി. അല്ലാതെ പായൽ മാറ്റി ശുചീകരിച്ചു എന്ന് പറയാനല്ല. അതൊക്കെ കൃത്യമായി മനസ്സിലാക്കിയാണ് ചെയ്യുന്നത്. ഐ.ടി., വ്യവസായ പാർക്കുകൾക്ക് 534 കോടി രൂപയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. സാംസ്കാരിക മേഖലയിൽ വിനോദം തുടങ്ങിയവയ്ക്ക് 155 കോടി രൂപയാണുള്ളത്. വേണമെങ്കിൽ എല്ലാ ബ്രേക്കപ്പും ഞാൻ തരാം. ടൂറിസത്തിന് വിവിധ സംസ്ഥാന പദ്ധതികളിലായി 180 കോടി രൂപയുണ്ട്. അങ്ങനെ മൊത്തം 4,853 കോടി രൂപയാണ് ഈ നഗരാതിർത്തിക്കുള്ളിൽ ചെലവഴിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലായിട്ടുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള പ്രൊവിഷന് കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ട്, 'അമൃത് പദ്ധതി'. എറണാകുളത്തും കോഴിക്കോടും ആ പദ്ധതിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് ഇല്ല. എറണാകുളത്ത് സെപ്റ്റേജ് മാലിന്യം ഒഴുകിനടക്കുകയാണ്. സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള പണമുണ്ടായിട്ടും എന്തുകൊണ്ട് അത് നടപ്പാക്കുന്നില്ല?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിനുകാരണം ചോദിച്ചു കഴിഞ്ഞാൽ, മനുഷ്യന്റെ ബോധം വേറെയാണ് എന്നുള്ളതാണ്. സ്വന്തം സ്വീകരണമുറിയിൽ ടോയ്ലറ്റ് ഉണ്ടെങ്കിലും അതിന് ഒരു അറപ്പുമില്ല. അതേസമയം ഇവിടെ വരുന്ന വേസ്റ്റ് ട്രീറ്റ് ചെയ്യാൻ അറപ്പാണ്. ആ ബോധത്തിൽനിന്ന് മാറണം. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ആദ്യമായി ഈ ബഡ്ജറ്റിൽ ഏതെങ്കിലും പഞ്ചായത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റിന് സ്ഥലവും സമ്മതവും തന്നാൽ അഞ്ച് കോടി രൂപ അവരുടെ ഇഷ്ടമുള്ള വർക്കിന് കൊടുക്കുമെന്ന് പറയുന്നത്. സെപ്റ്റേജ് പ്ലാന്റിന്റെ പണിയും സർക്കാർ ചെയ്തുകൊടുക്കുമെന്ന് മാത്രമല്ല, ഈ സഹായവും പഞ്ചായത്തിന് കൊടുക്കും. ഇതിനുമുമ്പ് ഇങ്ങനെ ഉണ്ടായിട്ടുണ്ടോ? എന്ത് ചെയ്തുയെന്ന് ചോദിച്ചാൽ ഇതാണ് ചെയ്യുന്നത്.

ശ്രീ. പി. ജെ. ജോസഫ്: സർ, എറണാകുളത്ത് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തി ഞാൻ അറിയിച്ചു. ഞാൻ ആ സ്ഥലം പോയി കണ്ടിരുന്നു. 1956-ൽ രാജേന്ദ്ര പ്രസാദ് തറക്കല്ലിട്ട സ്ഥലത്ത് മൂന്നേക്കർ സ്ഥലം ഫ്രീയായി കിടപ്പുണ്ട്. സെപ്റ്റേജ് ട്രീറ്റ്മെന്റിന് അൻപത് സെന്റ് മതിയാകും. നാൽപ്പത് കോടി രൂപയുണ്ടെങ്കിൽ എറണാകുളത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പൂർത്തിയാകും. എന്തുകൊണ്ട് അത് ചെയ്യുന്നില്ല?

ഡോ. ടി. എം. തോമസ് ഐസക്: സർ, ചെയ്യും. അങ്ങ് പറഞ്ഞ സ്ഥലത്ത് നമുക്കൊന്ന് പോകാം. ഒരുമിച്ചിരുന്ന് കാര്യങ്ങൾ പരിശോധിക്കാം. ഒരു സംശയവും വേണ്ട. എന്തുകൊണ്ടാണ് നടക്കാത്തത് എന്നുചോദിച്ചാൽ, പദ്ധതി തുടങ്ങാൻ ചെല്ലുമ്പോൾ അവിടെ സമരം വരികയാണ്. എത്ര സ്ഥലത്ത് ഇങ്ങനെ സംഭവിച്ചിട്ടുണ്ട് എന്നത് എനിക്ക് നേരിട്ടറിയാം. നിങ്ങൾ ഇടപെടുന്നതിനേക്കാൾ കൂടുതൽ ഇതിൽ ഇടപെടുന്ന ഒരാളാണ് ഞാൻ. ഞാൻ അതുകൊണ്ട് പറയുകയാണ്. അഞ്ച് കോടി രൂപയല്ല, അതിൽ കൂടുതൽ വേണമെങ്കിലും തരാം. എവിടെയെങ്കിലുമൊക്കെ സെപ്റ്റേജ് പ്ലാന്റ് വേണം. ശ്രീ. പി. ജെ. ജോസഫ് പറയുന്നതിനോട് എതിർപ്പ് വച്ചല്ല ഞാൻ പറയുന്നത്, എനിക്ക് യോജിപ്പാണ്. ആദ്യമായി സംസ്ഥാനത്ത് ഇത്തരത്തിൽ സെപ്റ്റേജ് പ്ലാന്റ് പണിതുകൊടുക്കുക മാത്രമല്ല, അങ്ങനെ സ്ഥലം തരുന്നവർക്ക് വേറെ അഞ്ച് കോടി രൂപ ഇഷ്ടമുള്ള പ്രോജക്ടിന് കൊടുക്കും എന്നുള്ള പ്രോത്സാഹനവും വച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തലസ്ഥാന നഗരത്തെ അവഗണിച്ചുയെന്നുള്ളത് ഒരു പൊതുവികാരമാണ്. അങ്ങ് ഇവിടെ ചില പദ്ധതികളെക്കുറിച്ച് പറയുകയുണ്ടായി. അങ്ങയുടെ ഒന്നാമത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അതേ ഉള്ളൂർ ഫ്ലൈ ഓവറിനെക്കുറിച്ചാണ് ഇപ്പോഴും പറയുന്നത്. അങ്ങ് പറഞ്ഞതെല്ലാം ഓൺഗോയിംഗ് സ്കീമാണ്. ഈ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി, തലസ്ഥാനത്തിനുവേണ്ടി അങ്ങ് ഒന്നും ചെയ്തില്ല. അങ്ങയുടെ ആദ്യത്തെ ബഡ്ജറ്റാണ് എന്റെ കയ്യിലിരിക്കുന്നത്. ഇതല്ലാതെ പുതുതായി എന്ത് പ്രഖ്യാപിച്ചു എന്നാണ് ഇവിടെ ചോദിച്ചത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിലേയ്ക്ക് കടക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ബഡ്ജറ്റ് എന്നുപറഞ്ഞാൽ അതത് വർഷം പ്രഖ്യാപിക്കുന്ന കാര്യമല്ല, അതത് വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന പണമാണ്. അത് പഴയ സ്കീമിലാകാം, നിലവിലുള്ള സ്കീമിലാകാം. ഇതുയും പണമുണ്ട്, ഇത് ഒരു തലസ്ഥാന നഗരമാണെന്ന ചിന്തയുണ്ടോ എന്നൊക്കെയാണ് ഇവിടെ ശ്രീ. വി. എസ്. ശിവകുമാറിന്റെയൊക്കെ വിമർശനം? ആ ചിന്തയുണ്ട്. തലസ്ഥാനത്തെക്കുറിച്ച് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട് എന്താണെന്നുള്ളത് നമുക്കൊന്ന് നോക്കാം. ഇതുപോലെ രണ്ട് വർഷം മുമ്പുള്ള എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഔട്ടർ റിംഗ് റോഡിനെക്കുറിച്ച് പറഞ്ഞതാണ്. ഇന്നിപ്പോൾ വെറും റിംഗ്റോഡല്ല, ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ട് എന്നുള്ള രീതിയിൽ സമഗ്രമായ ഒരു കാഴ്ചപ്പാടും പരിപാടിയുമായി ഇത് വികസിപ്പിച്ചിരിക്കുകയാണ്. ..... (ബഹളം) ..... കേൾക്കൂ... നിങ്ങൾക്ക് അല്പെങ്കിലും കേൾക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാകും, പക്ഷേ, കേട്ടേ മതിയാകൂ. ശ്രീ. വി. എസ്. ശിവകുമാർ, കേട്ടിട്ട് വർത്തമാനം പറയൂ. താങ്കളുടെ മണ്ഡലത്തിൽ നടക്കുന്ന 860 കോടി രൂപയുടെ വർക്കുപോലും താങ്കൾക്കറിയില്ല. പിന്നെയാണ് ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ടിനെക്കുറിച്ച് അറിയുന്നത്. ഇതിന് മൂന്ന് ഘടകങ്ങളാണുള്ളത്. ഒന്ന്, വിഴിഞ്ഞം പോർട്ടിനെടുത്തത്, അവിടത്തെ നാഷണൽ ഹൈവേയിൽ നിന്നാരംഭിച്ച്, നാല് സംസ്ഥാന പാതകൾ മുറിച്ച് നാവായിക്കുളത്ത് നാഷണൽ ഹൈവേ വീണ്ടും എത്തിച്ചേരുന്ന റിംഗ്റോഡാണ്. അതിനെക്കുറിച്ച് കൂടുതൽ പറയാം. രണ്ട്, ഈ റോഡിന്റെ ഇരുവശത്തുമുള്ള പാർക്കുകളും മറ്റുമായി ബന്ധപ്പെട്ടുള്ള ഗ്രോത്ത് കോറിഡോർ. മൂന്ന്, ഇതിനുപുറമെ, നഗരത്തിലെ പാരിസ്ഥിതികവും സാംസ്കാരികവും വിനോദവും അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള പ്രോജക്ടുകൾ. ഈ മൂന്ന് ഘടകങ്ങൾ ചേർന്നുള്ള ഒരു സമഗ്ര ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. നമ്മുടെ വ്യവസായ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ബാലകൃഷ്ണനാണ്

ഇതിന്റെ സ്പെഷ്യൽ നോഡൽ ഓഫീസർ. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പരിപാടി പ്രവർത്തനപഥത്തിലേയ്ക്ക് നീങ്ങുകയാണ്. എങ്ങനെയാണ് നമ്മുടെ തലസ്ഥാന നഗരിയെ മാറ്റാൻ പോകുന്നത് എന്ന് അപ്പോൾ മാത്രമേ മനസ്സിലാകൂ. ഇതിന്റെ നേട്ടമെന്താണ്? വിഴിഞ്ഞം ഹാർബറിനുവേണ്ടി എത്രയോ കോടി രൂപ നമ്മൾ മുടക്കുന്നു. അതിന് ഗുണമുണ്ടാകണമെങ്കിൽ അതിന്റെ ബാക്ക്വേഡ് ലിങ്കേജസ് ഡെവലപ് ചെയ്യണം. ഒരു ഇൻഡസ്ട്രിയൽ ഹിന്റർലാന്റ് വേണം. അതിനുവേണ്ടി യുള്ളതാണ് ഔട്ടർ റിംഗ് കോറിഡോർ. അതിനുള്ളതാണ് നമ്മുടെ ഈ പുതിയ ഗ്രോത്ത് കോറിഡോർ. അതാണ് ഇതിന്റെ ഏറ്റവും പ്രധാന നേട്ടം. ഈ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോണിൽ അതിനുവേണ്ടി നമ്മൾ പ്രത്യേക ലെജിസ്ലേഷൻതന്നെ ഈ നിയമസഭയിൽ കൊണ്ടുവരേണ്ടിവരും. 25,000 കോടി രൂപയുടെ നിക്ഷേപമാണ് നമ്മൾ ഒരു ദശാബ്ദംകൊണ്ട് പ്രതീക്ഷിക്കുന്നത്. ഇതിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇരുപതിനായിരം പേർക്ക് പ്രത്യക്ഷവും 1.2 ലക്ഷം പേർക്ക് പരോക്ഷമായും ജോലിയുണ്ടാകും. ചൈനയിലെ ഷെൻസെനെക്കുറിച്ചൊക്കെ നമ്മൾ എപ്പോഴും പറയില്ലേ? കേരളത്തിന് അതിന്റേതായിട്ടുള്ള ഒരു ഷെൻസെൻ നമ്മൾ തിരുവനന്തപുരത്ത് വിഴിഞ്ഞം ഹാർബറുമായി ബന്ധപ്പെട്ട് സൃഷ്ടിക്കാൻ പോകുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഡ്ജറ്റിന്റെ സമാപനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്ന പദ്ധതികൾ തീർച്ചയായും ബഡ്ജറ്റിന്റെ ഭാഗമായി മാറും. ഞങ്ങൾക്ക് ഒരു ക്ലാരിഫിക്കേഷൻ വേണം. അതായത്, ഇപ്പോൾ അദ്ദേഹം പ്രഖ്യാപിക്കുന്നത് ബജറ്റിലുള്ള പദ്ധതികളല്ല, പുതിയ പദ്ധതികളാണ്. അങ്ങനെ പുതിയ പദ്ധതികളാണോ പ്രഖ്യാപിക്കുന്നത് എന്നതുസംബന്ധിച്ച് ക്ലാരിഫിക്കേഷൻ വേണം. പലതരത്തിലുള്ള കൺഫ്യൂഷനുണ്ട്, അതുകൊണ്ടാണ്. കഴിഞ്ഞ അഞ്ച് വർഷമായി നടക്കുന്ന ഓൺഗോയിംഗ് പ്രോജക്ടുകളെക്കുറിച്ചും ഈ ബഡ്ജറ്റിലെ പ്രൊപ്പോസലുകളെക്കുറിച്ചും പറയുന്നുണ്ട്. അഡീഷണൽ പ്രൊപ്പോസൽസും പുതിയ പ്രോജക്ടുകളും പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് അധികാരമുണ്ട്, അത് ബഡ്ജറ്റിന്റെ ഭാഗമാകും. പക്ഷേ, ഞങ്ങൾക്ക് ഒരു സംശയം വരുന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. അഡീഷണൽ പ്രോജക്ടുകളാണോ പ്രഖ്യാപിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, റിംഗ് റോഡിനെ സംബന്ധിച്ചുള്ളത് പുതിയ കാര്യമല്ല. ഇത് നേരത്തേതന്നെ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യുകയും തത്വത്തിൽ അംഗീകരിച്ചതുമാണ്. അതിന്റെ ഭാഗമായുള്ള മറ്റ് നടപടികളാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. ടി. ബാലകൃഷ്ണൻ ഇങ്ങനെയൊരു പ്രൊപ്പോസലുമായി വന്നത് ഞാൻ ഓർക്കുകയാണ്. ....(ബഹളം)..... നിങ്ങൾക്ക് എന്തെങ്കിലും അറിയാമായിരുന്നിട്ടാണോ. വെറുതെ എന്തിനാണ് ബഹളമുണ്ടാക്കുന്നത്? വിഴിഞ്ഞത്തുനിന്ന് ആരംഭിച്ച് നാവായിക്കുളം വരെ വരുന്ന ബൃഹത്തായ പദ്ധതി ഞങ്ങളുമായെല്ലാം സംസാരിച്ചിട്ടുള്ളതുതന്നെയാണ്. ഇവിടെത്തെ ചോദ്യം അതല്ല, ഈ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയ്ക്ക് ഒന്നുമില്ലായെന്ന് പറയുമ്പോൾ ആകാശത്തുണ്ടാക്കാൻ പോകുന്ന ഒരു പദ്ധതിയെക്കുറിച്ചാണ് ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ പറയുന്നത് ശ്രീ. ടി. ബാലകൃഷ്ണന്റെ തലയിൽ ഉദിച്ചൊരു പദ്ധതിയല്ല. വിഴിഞ്ഞവുമായി ബന്ധപ്പെട്ട് കഴക്കൂട്ടത്തുനിന്നും അങ്ങോട്ട് ഒരു കോറിഡോർ ആയാൽ എന്താണെന്ന് ചർച്ച ചെയ്തപ്പോൾ അതിലൂടെ ഉരുത്തിരിഞ്ഞുവന്നതാണ്, നമുക്ക് കൂടുതൽ സ്ഥലം കിട്ടാൻ സാധ്യതയുള്ളത് ഈ രീതിയിലാണ് എന്ന്. അങ്ങനെ ഇവിടത്തെ ഒരു ചർച്ചയിലൂടെയാണ് ഈ പറയുന്ന ഭാഗം വരുന്നത്. അതിനുശേഷം അങ്ങയുടെ ഭരണകാലത്ത് അതിവേഗ റെയിലിന്റെ അധിപനായിരുന്ന ശ്രീ. ടി. ബാലകൃഷ്ണൻ. പ്രസ്തുത അധികാരത്തിൽനിന്നും ഒഴിഞ്ഞപ്പോഴാണ് അദ്ദേഹം ഇതിന്റെ ഭാഗമായി ഇരിക്കട്ടെ എന്ന് നിശ്ചയിച്ചത്. അങ്ങനെയാണ് ഈ പദ്ധതിയുടെ ആളായി അദ്ദേഹം വരുന്നത്. അതാണ് ഇതിന്റെ വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് രണ്ടും രണ്ടാണ്. അങ്ങ് പറഞ്ഞത് വേറെയാണ്. ഡോ. ടി. എം. തോമസ് ഐസക് തന്നെ പറഞ്ഞു ശ്രീ. ടി. ബാലകൃഷ്ണൻ കൊണ്ടുവന്ന പദ്ധതിയെപ്പറ്റി.

ഡോ. ടി. എം. തോമസ് ഐസക്: സർ, പറയാത്ത കാര്യങ്ങളെക്കുറിച്ച് പറയരുത്. ശ്രീ. ടി. ബാലകൃഷ്ണൻ ഈ പ്രോജക്ടിന്റെ നോഡൽ ഓഫീസറാണ്. അല്ലാതെ അദ്ദേഹം കൊണ്ടുവന്ന പദ്ധതിയാണ് ഇതെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറയാത്ത കാര്യങ്ങൾ നിങ്ങൾ പറയുന്നത് ശരിയാണോ? ഇത് മാന്യതയല്ല. അങ്ങനെ ചെയ്യരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്. നോഡൽ ഓഫീസറായതുകൊണ്ടാണല്ലോ അദ്ദേഹത്തിന് ആ പദ്ധതി കൊണ്ടുവരാൻ സാധിച്ചത്. അല്ലാതെ റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥന് പദ്ധതി കൊണ്ടുവരാൻ സാധിക്കുമോ? അങ്ങ് പറയുന്നതും ഞാൻ പറയുന്നതും ഒന്നുതന്നെയാണ്. ...(ബഹളം)..... എന്റെ ചോദ്യം അതല്ല. ശ്രീ. വി. ഡി. സതീശനും ചോദിച്ചത് അതല്ല. ഇതൊന്നും ബഡ്ജറ്റിലുള്ള കാര്യമല്ല. ബഡ്ജറ്റിൽ തിരുവനന്തപുരത്തിന് എന്ത് കിട്ടി എന്ന് ചോദിക്കുമ്പോൾ അങ്ങ് പയർ അഞ്ഞാഴി എന്നുപറയുന്നത് ശരിയാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാന്യരായ പ്രതിപക്ഷ നേതാവും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത് ഒരു കാര്യമല്ല. ഇതിന്റെ നോഡൽ ഓഫീസറായി ശ്രീ. ടി. ബാലകൃഷ്ണൻ നിന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. എപ്പോഴാണ് അദ്ദേഹം നോഡൽ ഓഫീസറായി വന്നത് എന്നതിന്റെ ക്രമമായിട്ടുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. ഒരു ഘട്ടത്തിലാണ് അദ്ദേഹത്തെ കൊണ്ടുവരുന്നത്. അതിനുമുൻപ് അദ്ദേഹം ഇതിന്റെ ഭാഗമല്ലായിരുന്നു. അതിനുശേഷമുള്ളതാണ് ഈ ആശയം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറയാനുള്ളത് പറഞ്ഞിട്ട് നിങ്ങൾക്ക് വഴങ്ങിത്തരാം. നിങ്ങൾ എന്താണ് ഈ കാര്യമെന്ന് ദയവായി ഒന്നുകേൾക്കൂ, ഇവിടെ നിങ്ങൾ പറഞ്ഞല്ലോ ഈ സർക്കാരിന് തലസ്ഥാന നഗരത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തയില്ലെന്ന്. 4856 കോടി രൂപയുടെ പ്രവൃത്തികൾ ഇപ്പോൾ നടക്കുന്നുണ്ട് എന്നുമാത്രമല്ല ഒരു ഇരുപത് വർഷത്തിനുള്ളിൽ നഗരം എങ്ങനെ മാറണം എന്നത് സംബന്ധിച്ച് ഏറ്റവും വിശാലമായിട്ടുള്ള ഒരു കാഴ്ചപ്പാട് ഈ സർക്കാർ മുന്നോട്ട് വയ്ക്കുകയാണ്. ഈ കോറിഡോർ, ആറ് വരിപ്പാത, 79 കിലോമീറ്റർ നീളമുള്ള നാല് സംസ്ഥാന പാതകളെയും ബന്ധിപ്പിക്കുന്ന എൻ.എച്ച്. 66, ഇതിനുപുറമെ മംഗലപുരത്തേയ്ക്ക് 14 കിലോമീറ്റർ ലിങ്ക് റോഡ്, മൂന്ന് മേജർ ബ്രിഡ്ജുകൾ, 16 മൈനർ ബ്രിഡ്ജുകൾ, 5 വയഡക്ടുകൾ, 90 അണ്ടർ പാസ്സുകൾ/ ഓവർ പാസ്സുകൾ, 9 ഫ്ലൈഓവറുകൾ, 54 പൈപ്പ് കൾവേർട്ടുകൾ, 44 കൾവേർട്ടുകൾ, കൂടാതെ ബാലരാമപുരത്ത് റെയിൽ ഓവർ ബ്രിഡ്ജ് എന്നിവയാണ് തലസ്ഥാനത്ത് നടപ്പാകാൻ പോകുന്ന പദ്ധതികൾ. 1500 ഏക്കർ ഭൂമി റോഡിനുമാത്രംവേണ്ടി വരുന്ന ഇതിന്റെ മൊത്തം ചെലവ് 8136 കോടി രൂപയാണ്. നിർമ്മാണത്തിന് പ്രത്യേക എസ്.പി.വി.-യുണ്ട്. ഇതിന്റെ ഡി.പി.ആർ. ഇപ്പോൾ തയ്യാറായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേന്ദ്ര സർക്കാരിന്റെ Ministry of Road Transport and Highways (MORTH)-മായി ചർച്ച ചെയ്തിട്ടുണ്ട്. ചില അനൗപചാരിക സൂചനകൾ കാണിക്കുന്നത് ഭൂമി ഏറ്റെടുത്താൽ റോഡ് അവർ പണിയാം എന്നതാണ്. രണ്ടാമത്തേത് ഗ്രോത്ത് കോറിഡോർ. ഈ റോഡിന് സമീപത്തായി ഇരുവശത്തുമുള്ള 5 കിലോമീറ്റർ വരുന്ന മേഖലയിലാണ് ടൗൺഷിപ്പുകളും പുതിയ പാർക്കുകളും എല്ലാം വരുന്നത്. ഈ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോണിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുന്നതാണ്. വിഴിഞ്ഞത്തിനോടടുത്ത് ലോജിസ്റ്റിക് പാർക്ക് ഉണ്ടാകും. ഐസർ, സ്പേയ്സ് റിസർച്ച് സെന്റർ എന്നിവയുമായി ബന്ധപ്പെട്ട് Knowledge City സ്ഥാപിക്കും. സാങ്കേതിക സർവ്വകലാശാല വിളപ്പിൽശാലയിലാണ്. അതുപോലെ മറ്റ് വ്യവസായ പാർക്കുകളും സ്ഥാപിക്കും. ഇവയ്ക്കൊക്കെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള രീതികളും

വച്ചിട്ടുണ്ട്. ലാന്റ് പൂളിംഗ് സമ്പ്രദായം, ലാന്റ് ബോണ്ടുകൾ, ലാന്റ് മോണിറ്റൈസേഷൻ തുടങ്ങിയ നൂതന രീതികൾ ഉപയോഗപ്പെടുത്തി ഇതിനുള്ള വിഭവം സമാഹരിക്കാനുള്ള പരിപാടികളാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് നഗരത്തിലെ മറ്റ് സ്കീമുകളായ ഗ്രീനിംഗ് സിറ്റി പദ്ധതി, മ്യൂസിക് ആന്റ് ആർട്ട് സർക്യൂട്ട്, ഹെറിറ്റേജ് സർക്യൂട്ടുകൾ, സമ്പൂർണ്ണ കുടിവെള്ളവും സ്വീവേജും, സാനിറ്റേഷൻ, അണ്ടർഗ്രൗണ്ട് കേബിളിംഗ്, പാർക്കിംഗ്, ജലാശയങ്ങളുടെ ശുചീകരണം, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് മാതൃക കൂടുതൽ പ്രദേശത്തേയ്ക്ക് എന്നിവ നടപ്പാക്കുന്നതിനുള്ള പദ്ധതികളുണ്ട്. ഇത്തരമൊരു സമഗ്രമായ നഗരവികസന പരിപാടി സ്വപ്നം കാണാൻ നിങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ നഗരം പത്ത് വർഷത്തിനുള്ളിൽ എങ്ങനെ മാറും എന്നതിന്റെ ചിത്രമാണ് തിരുവനന്തപുരത്തെ പൗരന്മാരുടെ മുന്നിൽ ഞങ്ങൾ വയ്ക്കാൻ പോകുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആദ്യത്തെ ബഡ്ജറ്റ് മുതൽ അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന കുറേ കാര്യങ്ങളും അങ്ങയുടെ ഭാവനയിൽവന്ന കുറേ കാര്യങ്ങളുമാണ് ഇവിടെ ഇപ്പോൾ പ്രഖ്യാപിച്ചത്. ഇതൊക്കെ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങളാണോ; തിരുവനന്തപുരത്തിനുവേണ്ടി അങ്ങ് എത്ര കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്? സ്മാർട്ട് സിറ്റിക്ക് സംസ്ഥാന ഗവൺമെന്റ് ഫണ്ട് കൊടുത്തിട്ടില്ല. ആറ്റുകാൽ പദ്ധതിക്കും രാജ്യാന്തര വിമാനത്താവളത്തിനും 5 രൂപ പോലും വച്ചിട്ടില്ല. അതുപോലെതന്നെ ഔട്ടർ റിംഗ് റോഡ് പദ്ധതിയും. അതിനൊക്കെ ഈ ബഡ്ജറ്റിൽ എത്ര തുക മാറ്റിവച്ചിട്ടുണ്ട്? ഒന്നുമില്ല. അങ്ങ് ഈ കോറിഡോറിന്റെ കാര്യങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ പ്രസംഗിക്കുന്നു. ഇതൊക്കെ അങ്ങയുടെ ഭാവനയിലുള്ള കാര്യങ്ങളാണ്. ഈ ബഡ്ജറ്റിൽ ഒന്നും വകയിരുത്തിയിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ ശ്രീ. ഒ. രാജഗോപാലും ചോദിച്ചു ആറ്റുകാലിന് എവിടെയാണ് പദ്ധതിയെന്ന്. 65 കോടി രൂപയുടെ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. അതിന്റെ തയ്യാറെടുപ്പുകൾ നടക്കുകയാണ്. അടുത്തതായി വിമാനത്താവളത്തിന്റെ കാര്യം. അതിന് 18 ഏക്കർ ഭൂമി എടുക്കണം. അതിനുമുൻപ് ആരാണ് ഉടമസ്ഥൻ എന്നറിയണം. ....(ബഹളം).... ഭൂമി എപ്പോൾ വേണമെങ്കിലും ഏറ്റെടുക്കാം. നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത് ഇതിന്റെ ഉടമസ്ഥൻ ആരായിരിക്കും എന്നുള്ളതിനെക്കുറിച്ചാണ്. ഈ ബഡ്ജറ്റിൽ എത്ര തുകയുണ്ടെന്നാണ് ചോദ്യം. ഈ ബഡ്ജറ്റിൽ കിഫ്ബിയുംകൂടി ചേർത്ത് 4853 കോടി രൂപയുണ്ട്. ഇതിനു പുറമേ ഒരു വർഷവുംകൂടി കഴിഞ്ഞാൽ ഇതിന്റെ ഡി.പി.ആർ. അനുസരിച്ച് ഭൂമി ഏറ്റെടുത്ത് തുടങ്ങും. 8136 കോടി രൂപയുടെ പദ്ധതിയാണിത്. ശ്രീ. സി. ദിവാകരൻ എം.എൽ.എ.-യുടെ നെടുമങ്ങാട് നിയോജകമണ്ഡലം ഇതിന്റെയുള്ളിലാണ് വരുന്നത്. വഴയില റോഡൊക്കെ ഇതുമായി ബന്ധിപ്പിക്കാൻ പോകുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, എനിക്ക് വൻകിട പദ്ധതികളെ സംബന്ധിച്ചല്ല ചോദിക്കാനുള്ളത്. എം.എൽ.എ.-മാരുടെ കയ്യിൽനിന്ന് അങ്ങ് കഴിഞ്ഞ വർഷം 20 റോഡ് വർക്കിന്റെ പേര് വാങ്ങിയിരുന്നു. ഇത്തവണത്തെ ബഡ്ജറ്റിൽ അതിൽ ഒരു റോഡിന് മാത്രമാണ് എ.എസ്. ലഭിച്ച് വർക്ക് തുടങ്ങിയത്. ഈ എഴുതിതന്ന റോഡുകളൊക്കെ പുതിയ പ്രോജക്ടുകൾക്കല്ല, പി.ഡബ്ല്യു.ഡി.-യുടെ ഡിസ്ട്രിക് റോഡ് അല്ലെങ്കിൽ മറ്റ് മേജർ റോഡുകൾ അല്ലെങ്കിൽ സ്റ്റേറ്റ് ഹൈവേ. ഇങ്ങനെ നിലവിലുള്ള റോഡുകൾക്കുവേണ്ടി എഴുതിതന്നതിൽ ഒരു റോഡിന് മാത്രമാണ് തുക വകയിരുത്തിയത്. ബാക്കി റോഡുകളുടെ സ്ഥിതി എന്താണെന്ന് പറയാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പറയാം. അതിനുമുൻപ് വലിയ റോഡിന്റെ കാര്യം തീർത്തോട്ടെ. കൊല്ലം ജില്ലയിലെ ചെങ്കോട്ട ഹൈവേയിലേയും ബൈപ്പാസിലെയും ചില ജംഗ്ഷനുകളിലെ ഫ്ലൈഓവറുകൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങളുണ്ട്. കിഫ്ബിയിലെ പ്രഖ്യാപിത പദ്ധതിയിൽ ക്രമീകരിച്ചുകൊണ്ട് ഈ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. ജില്ലയിലെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കും. ശാസ്താംകോട്ട തടാകവും അഷ്ടമുടിക്കായലും പുനരുദ്ധരിക്കുന്നതിനും ടൂറിസം വികസനത്തിനും തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്. മലപ്പുറം ജില്ലയെ ഇതുപോലെതന്നെ ഭയങ്കരമായി അവഗണിച്ചു എന്നുപറഞ്ഞ് ഇവിടെ ആക്ഷേപം ഉന്നയിച്ചിരുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ.... ഒരു മിനിറ്റ്. ശ്രീ. വി. ഡി. സതീശന് എന്താണ് പറയാനുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മൾ ഒരു ബഡ്ജറ്റ് പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നതുപോലെ തന്നെയാണ് ഇതും കേട്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്നതും ബഡ്ജറ്റ് പ്രസംഗം കേൾക്കുന്നതും എന്നെ സംബന്ധിച്ചിടത്തോളവും പല മെമ്പർമാരെ സംബന്ധിച്ചിടത്തോളവും ഒരുപോലെയാണ്. ഇപ്പോൾ അദ്ദേഹം തിരുവനന്തപുരം സിറ്റിയുടെ കാര്യം പറഞ്ഞിട്ട് അവസാനം 8134 കോടി രൂപയുടെ ഒരു പ്രോജക്ടിനെപ്പറ്റിയും പറയുകയുണ്ടായി. ഈ പ്രോജക്ട് കൂടി ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി മാറുകയാണോ എന്നതിനാണ് ഞാൻ ക്ലാരിഫിക്കേഷൻ ചോദിച്ചത്. അതിന് മറുപടി പറയണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞങ്ങൾ ഈ നഗരത്തിന്റെ ഭാവിയെക്കുറിച്ച് ഒരു കാര്യവും ചിന്തിക്കുന്നില്ലെന്ന് പറഞ്ഞാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ഇവിടെ ചർച്ച വന്നത്. അങ്ങനെ പറഞ്ഞ് എന്ത് പ്രചരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് 4853 കോടി രൂപ ബഡ്ജറ്റിൽ അല്ലെങ്കിൽ കിഫ്ബി അംഗീകരിച്ച പ്രോജക്ടിലുണ്ട്. പ്രതിപക്ഷം ഉന്നയിച്ച ആക്ഷേപത്തിന് മറുപടിയായി

ഞങ്ങൾ തിരുവനന്തപുരത്തിനുവേണ്ടി ഇങ്ങനെ ഒരു പദ്ധതിക്കായി തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്. അക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന് നോഡൽ ഓഫീസറുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ട് ബാക്കി ഇൻവെസ്റ്റേഴ്സുമായി ചർച്ച തുടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞതാണ്. അതുയേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ.....(മൈക്ക് ഓഫ്)

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്നാണോ അർത്ഥം? ബഡ്ജറ്റിന് പുതിയ നിർവ്വചനം കൊണ്ടുവരണ്ട. പ്രസംഗിക്കുമ്പോൾ നിങ്ങൾക്കാണെങ്കിൽ ബഡ്ജറ്റിലില്ലാത്ത എല്ലാ കാര്യത്തെക്കുറിച്ചും പറയാം. അപ്പോൾ അതിനുള്ള മറുപടിയായി ഇങ്ങനെ ഒരു കാഴ്ചപ്പാട് വ്യക്തമാക്കുന്നതിനുവേണ്ടി പറഞ്ഞതാണ്. ഇതിൽ മലപ്പുറം ജില്ലയിൽ കിഫ്ബി പ്രവൃത്തികൾ, കിഫ്ബിക്ക് പുറത്തുള്ള വിദ്യാഭ്യാസ കാര്യങ്ങൾ, ടൂറിസം, പൊതുമരാമത്ത് പ്രവൃത്തികൾ എന്നിവയ്ക്ക് 5071 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന് ഞാൻ ഉറപ്പിച്ചുപറയുന്നു 300 കോടി രൂപയെങ്കിലും വരും. ചീക്കോട് പദ്ധതിക്കുതന്നെ വരുമല്ലോ 200 കോടി രൂപ. ഇതാണ് മലപ്പുറത്തുള്ളത്. എവിടെയെന്നോ? വേണ്ടാത്തവർ വേണ്ടാന്നുപറഞ്ഞാൽ ഞാൻ അത് പിൻവലിച്ചുകൊള്ളാം. കുഴപ്പമില്ല. വേണ്ടായെന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അങ്ങനെ പറഞ്ഞാൽ മതി. നമുക്ക് തിരിച്ചെടുക്കാം. ശ്രീ. എം. ഉമ്മർ ചോദിച്ച പ്രശ്നത്തിലേയ്ക്ക് കടക്കാം. ധാരാളം പുതിയ ആവശ്യങ്ങൾ എം.എൽ.എ.-മാർ പ്രസംഗങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ അനിശ്ചിതാവസ്ഥയുടെ പശ്ചാത്തലത്തിൽ ഏപ്രിൽ മാസത്തിൽ മാത്രമേ അവ പരിഗണിക്കാൻ സാധിക്കൂ. ഞാൻ പറഞ്ഞല്ലോ, കേന്ദ്ര സർക്കാർ എങ്ങനെ ചെയ്യാൻ പോകുന്നുവെന്ന് നോക്കിയിട്ടുവേണം അത് ചെയ്യാൻ. ഈ സാമ്പത്തിക സ്ഥിതിയെ വിലയിരുത്തി അടുത്ത വർഷത്തെ ആദ്യ സപ്ലിമെന്ററി ഡിമാന്റിൽ ആയിരം കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുവാദം നൽകുന്നതാണ്. ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്ന പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തുക. സമർപ്പിച്ചിട്ടുള്ള 20 പ്രവൃത്തികളിൽ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടുത്തുന്നതാണ്. ഏതെങ്കിലും എം.എൽ.എ.-യ്ക്ക് രണ്ട് കോടി രൂപയിൽ താഴെ അനുവദിച്ചിട്ടുണ്ടെങ്കിൽ, എനിക്ക് തോന്നുന്നു എല്ലാവർക്കും ശരാശരിയേക്കാൾ കൂടുതൽ വന്നിട്ടുണ്ടെന്നാണ്. ഒരാൾ ഒരു കോടി രൂപ എന്ന് ഇവിടെ പറഞ്ഞതു കൊണ്ടാണ് ....(...ബഹളം....) ഞാൻ പറയട്ടെ, പറഞ്ഞുതീർക്കട്ടേ. (...ബഹളം....) നിശ്ചയമായിട്ടും ആ കുറവ് പരിഹരിച്ചുകൊടുക്കുന്നതായിരിക്കും. അപ്പോച്ച് റോഡിന്റെ പണി പൂർത്തിയാകാത്തതുകൊണ്ട് അനിശ്ചിതമായി നീളുന്ന പാലങ്ങളെക്കുറിച്ച് സർവ്വശ്രീ അനൂപ് ജേക്കബ്, സി. മമ്മൂട്ടി, കെ. യു. ജനീഷ് കുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ പറയുകയുണ്ടായി. ഇത്തരം പാലങ്ങൾ അടിയന്തരമായി പൂർത്തീക

രിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതാണ്. 2019-20-ലെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾക്ക് ഇനിയും അനുവാദം നൽകിയിട്ടില്ലെന്ന് ശ്രീ. പി. ജെ. ജോസഫ് അടക്കം ഉന്നയിക്കുകയുണ്ടായി. ഇരുപത് ശതമാനം തുക വകയിരുത്തിയ എല്ലാ പദ്ധതികൾക്കും അനുവാദം നൽകുന്നതാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെകൂടി സാന്നിദ്ധ്യത്തിൽ നമുക്ക് ഔപചാരികമായി ചർച്ച ചെയ്യാം.

ശ്രീ. പി. ജെ. ജോസഫ്: സർ, തൊടുപുഴ-കാരിക്കോട്-അഞ്ചിരി-ആനക്കയം-കാഞ്ഞാർ റോഡിന് പത്ത് കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകി. ഒൻപത് മീറ്റർ വീതി ഇപ്പോഴുണ്ട്. റോഡ് വിഡ്ത്ത് അഞ്ചര മീറ്റർ മതി. ധാരാളം സ്ഥലം അവിടെയുണ്ട്. പത്ത് മീറ്റർ അക്വയർ ചെയ്യണമെങ്കിൽ മൂന്ന് കൊല്ലമെടുക്കും. റോഡ് വിഡ്ത്തുള്ളതുകൊണ്ട് പ്രവൃത്തി ചെയ്താൽ പോരെ; പത്ത് മീറ്റർ എന്നുള്ളത് പിന്നീട് എടുത്താൽ പോരെ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി പ്രോജക്ടുകൾ അതിന്റെ മാനദണ്ഡങ്ങൾ ലംഘിക്കുന്നതല്ല. എന്നാൽ ഇങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതുപോലെ നീണ്ട സമയം വരുന്നതുകൊണ്ട് കിഫ്ബിയിൽത്തന്നെ അതിന്റെ മെയിന്റനൻസ് നടത്തി പരിഹാരം കാണാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ എല്ലാ എം.എൽ.എ.-മാരും ഉന്നയിച്ച ബേസിക്കായ ഒരു കാര്യത്തെപ്പറ്റി അങ്ങ് സ്പഷ്ടമായി പറഞ്ഞില്ല. പ്രതിപക്ഷ എം.എൽ.എ.-മാർ കൊടുത്ത ഇരുപത് വർക്കുകൾ, അങ്ങ് പറഞ്ഞിട്ടാണ് ഞങ്ങൾ എഴുതിത്തന്നത്. ഇല്ലെങ്കിൽ തരില്ലായിരുന്നു. ഞാൻ എന്റെ അനുഭവം ഇവിടെ പറഞ്ഞു. ഇവിടെയിരിക്കുന്ന ഭൂരിപക്ഷം പ്രതിപക്ഷ എം.എൽ.എ.-മാരുടെയും വർക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. അതാണ് ഞങ്ങളുടെ പ്രശ്നം. അതേസമയം അങ്ങ് ഭരണകക്ഷി എം.എൽ.എ.-മാരുടെ കാര്യത്തിൽ ആ നിലപാടല്ല സ്വീകരിച്ചത്. അതുകൊണ്ട് ഞങ്ങളുടെ ഇരുപത് വർക്കുകൾകൂടി പ്രയോറിറ്റി അടിസ്ഥാനത്തിൽ ഉൾപ്പെടുത്താൻ തയ്യാറുണ്ടോ ? (...ബഹളം....)

ഡോ. ടി. എം. തോമസ് ഐസക്: സർ, എല്ലാ എം.എൽ.എ.-മാർക്കും ഏറ്റവും ചുരുങ്ങിയത് രണ്ട് കോടി രൂപ വച്ച് കൊടുത്തിട്ടുണ്ട്. പല പ്രതിപക്ഷ എം.എൽ.എ.-മാർക്കും അതിനേക്കാൾ കൂടുതൽ തുക കൊടുത്തിട്ടുണ്ട്. ശ്രീ. പി. കെ. ബഷീറിനുമുണ്ട്. അത് എന്നെക്കൊണ്ട് വെറുതേ പറയിപ്പിക്കല്ലേ.

ശ്രീ. പി. കെ. ബഷീർ: സർ,.....(മൈക്ക് ഓഫ്)...

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുള്ള മറുപടി പറഞ്ഞുതീർക്കട്ടെ. ഇനി എന്തെങ്കിലും കുറവുണ്ടെങ്കിൽ ആയിരം കോടി രൂപ സപ്ലിമെന്ററി ഡിമാൻഡിൽ വകയിരുത്തും. ആരുടെയെങ്കിലും ടോക്കൺ പ്രൊവിഷൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അതും ഉൾപ്പെടുത്തും. അങ്ങനെയേ ചെയ്യാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഇവിടെനിന്ന് വേറെയൊന്നും പറയാൻ കഴിയില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ സ്പെസിഫിക്കായിട്ടാണ് പറഞ്ഞത്. പ്രതിപക്ഷ എം.എൽ.എ.-മാർക്കെല്ലാം പരാതിയുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് നിങ്ങൾ കിഫ്ബിയിൽ വാരിക്കോരി കൊടുക്കുന്നു എന്നുപറയുന്നു. നടക്കുന്നതായി എനിക്കറിയില്ല. അപ്പോൾ പ്രതിപക്ഷത്തോടുള്ള അവഗണന, അത് ശരിയല്ല. അങ്ങ് തിരുത്താൻ തയ്യാറാകണം. അങ്ങനെയുണ്ടെങ്കിൽ ഞങ്ങളോട് ഈ ഇരുപത് വർക്കുകൾ ചോദിക്കാൻ പാടില്ലായിരുന്നു. (...ബഹളം....)

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു കാര്യം പറയാം. (...ബഹളം....) വക്കം മൗലവി ഫൗണ്ടേഷൻ, ഫിലിംസ് സൊസൈറ്റീസ് ഫെഡറേഷൻ, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എന്നിവയ്ക്കുള്ള ഗ്രാന്റുകൾ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ് അനുവദിച്ചത്. കണ്ണൂരിലെ ക്ഷേത്ര കലാ അക്കാഡമിക്കും ഊരാളി പാട്ടുസംഘത്തിനും പത്ത് ലക്ഷം രൂപ വീതം അനുവദിക്കുന്നു. കേരള ഒളിമ്പിക്സ് അസോസിയേഷന് അൻപത് ലക്ഷം രൂപ അനുവദിക്കുന്നു. തൃശ്ശൂരിലെ ഗുരുസങ്കേതത്തിന്റെ പുനരുദ്ധാരണത്തിനായി 2018-19-ൽ നീക്കി വച്ച തുക തെക്കേ മഠത്തിന്റെ പുനരുദ്ധാരണത്തിനാണെന്ന് സ്പഷ്ടീകരിക്കുന്നു. പ്രേംജിയുടെ വസതി സ്മാരകമായി ഏറ്റെടുക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു.

(തലസ്ഥാനജില്ലയോടും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളോടുമുള്ള അവഗണനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: ഇതിപ്പോൾ എന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉഴവൂരിലെ കെ. ആർ. നാരായണൻ സ്മാരകത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു. ആര്യനാട് വിനോബാ മ്യൂസിയത്തിന്റെ നവീകരണത്തിന് ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിക്കുന്നു. കുന്നമ്മാവ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ സ്മാരകത്തിന് സഹായം അൻപത് ലക്ഷം രൂപയായി ഉയർത്തുന്നു. പൊന്നാനിയിലെ മൈനോരിറ്റി കോച്ചിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപ അനുവദിക്കുന്നു. ഡെപ്യൂട്ടി സ്പീക്കറുടെ അഭ്യർത്ഥന മാനിച്ച് പ്രേംനസീർ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു. ഭാരത് ഭവന് രണ്ട് കോടി

രൂപയും കേരള ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ വർക്കിംഗ് ക്യാപിറ്റലായി രണ്ട് കോടി രൂപയും മൈനോരിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK-യുടെ സ്റ്റേറ്റ് ഷെയറായി 3.5 കോടി രൂപയും വകയിരുത്തുന്നു. നാടകങ്ങൾക്കുള്ള ഗ്രാന്റ് അഞ്ച് ലക്ഷം രൂപ വീതമല്ല പരമാവധി അഞ്ച് ലക്ഷം രൂപയാണെന്ന് സ്പഷ്ടീകരിക്കുന്നു. പ്രൊഫഷണൽ നാടകങ്ങൾക്കും അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ സഹായം നൽകാവുന്നതാണ്. ഇതിനുവേണ്ടി പരമാവധി ഒരു കോടി രൂപയിൽ കൂടുതൽ ഉപയോഗിക്കാൻ പാടുള്ളതല്ല. കേസരി മെമ്മോറിയൽ ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടവും കേസരി എ. ബാലകൃഷ്ണപിള്ളയുടെ പേരിൽ കോളേജ് ആരംഭിക്കുന്നതിന് സർക്കാരിന് വിട്ടു തരാമെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ച് അടുത്ത ധനകാര്യ വർഷത്തിൽ തീരുമാനമെടുക്കുന്നതാണ്. KILA-യോട് ബന്ധപ്പെടുത്തി മുഖ്യമായി മുളയും മറ്റ് ബദൽ രീതികളും ഉപയോഗിച്ച് വിപുലമായ ഒരു അന്തർദേശീയ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം നടത്തും. നദീ പുനരുദ്ധാരണ ക്യാമ്പയിനിന്റെ പശ്ചാത്തലത്തിൽ തോട് ശുചീകരണ സങ്കേതങ്ങൾക്ക് അവസാനരൂപം നൽകാൻ ഹാക്കത്തോൺ സംഘടിപ്പിക്കുന്നതിന് അൻപത് ലക്ഷം രൂപ KILA-യ്ക്ക് അനുവദിക്കുന്നു. പല ഗ്രാൻ-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും നോൺ പ്ലാൻ കുറച്ചതായി പരാതികൾ വന്നിട്ടുണ്ട്. കേന്ദ്ര ധനസഹായത്തെക്കുറിച്ച് ഏപ്രിൽ-മേയ് മാസത്തിൽ കൃത്യമായ ധാരണയുണ്ടാകുമ്പോൾ ഇവരുടെ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നതാണ്. കേരള യൂണിവേഴ്സിറ്റി ലൈബ്രറിയുടെ നവീകരണത്തിനുവേണ്ടി പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ പ്രത്യേക പരിഗണന നൽകുന്നതാണ്. രാത്രികാലത്തും വിദ്യാർത്ഥികളുടെ പഠന സങ്കേതമായി ലൈബ്രറി ഉയർത്തുന്നതിനാണ് പരിപാടി. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് മിനിമം 'എ-പ്ലസ്' നാക് അക്രെഡിറ്റേഷൻ വേണമെന്ന് പറഞ്ഞിരുന്നു. ശതാബ്ദി കഴിഞ്ഞിട്ടുള്ള കോളേജുകൾക്ക് ഇതിൽ ഇളവുണ്ടാകും. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പുറക്കാട് ഏരിയയിലെ ആയുർവേദ സെന്ററിന് രണ്ട് കോടി രൂപ അനുവദിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ടാറ്റാ ട്രസ്റ്റിന്റെ സഹായത്തോടുകൂടി വിപുലമായ ട്രോമാകെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായിവരികയാണ്. സ്റ്റിമുലേഷൻ രീതികളെ അടിസ്ഥാനമാക്കിയുള്ള ഈ പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് പന്ത്രണ്ട് കോടി രൂപ അധികമായി അനുവദിക്കുന്നു. മഞ്ചേരി, കാസർഗോഡ്, ഇടുക്കി, വയനാട് മെഡിക്കൽ കോളേജുകളിലെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽനിന്ന് പണം അനുവദിക്കണമെന്ന് അംഗങ്ങൾ ചർച്ചയിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് ഇന്ന് സബ്മിഷനിലൂടെ മറുപടി പറഞ്ഞു കൊണ്ട് വ്യക്തമാക്കിയതുപോലെ 2016-17-ലേയും 2017-18-ലേയും ബഡ്ജറ്റുകളിൽ ഇത് പ്രഖ്യാപിച്ചിട്ടുള്ളതാണ്. നടപടിക്രമങ്ങൾ പാലിച്ച് പ്രോജക്ടുകൾ സമർപ്പിക്കുന്ന

മുറയ്ക്ക് അനുമതി നൽകും. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം 50 കോടി രൂപയായി ഉയർത്തുന്നു. നാളികേര വികസന കോർപ്പറേഷനും കേരള ഫീഡ്സിനും 2 കോടി രൂപ വീതം അധികമായി അനുവദിക്കുന്നു. ടൂറിസം വകുപ്പിന്റെ മാർക്കറ്റിംഗിനായി കൂടുതൽ പണം ലഭ്യമാക്കേണ്ട ആവശ്യം സംരംഭകരിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. അടുത്ത വർഷത്തെ ധനസ്ഥിതി കണക്കിലെടുത്ത് ഇതിൽ തീരുമാനമെടുക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കുവേണ്ടിയുള്ള പത്തനംതിട്ട ജില്ലയിലെ സുബല പാർക്കിന് പട്ടികജാതി കോർപ്പസ് ഫണ്ടിൽ നിന്നും പണം ലഭ്യമാക്കുന്നതാണ്. നിലമ്പൂർ ഉൾപ്പെടെയുള്ള പ്രളയബാധിത പ്രദേശങ്ങളിലെ വിവിധ ആവശ്യങ്ങൾക്ക് ഒട്ടേറെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം റീ-ബിൽഡ് കേരളയിൽ നിന്നോ ഇപ്പോൾ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി അനുവദിച്ച് നീക്കിവച്ചിട്ടുള്ള തുകയിൽനിന്നോ കണ്ടെത്തുന്നതാണ്. പൊന്നാനി കടിവെള്ള പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിന്റെ തുടർച്ചയായി, 151 കോടി രൂപ രണ്ടാം ഘട്ടത്തിനും അംഗീകാരം നൽകുന്നതാണ്. ചീക്കോട് പദ്ധതി സംബന്ധിച്ച പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് പരിഹരിക്കുന്നതാണ്. നിയമന നിരോധനത്തെ ക്കുറിച്ചോ പെൻഷൻ പ്രായം ഉയർത്തുന്നതിനെക്കുറിച്ചോ സർക്കാരിന്റെ പരിഗണ നയിലില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജോലികളിൽ മാത്രം 125000 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിൽ എയ്ഡഡ് സ്കൂളുകളോ, കോളേജുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ ഉൾക്കൊള്ളുന്നില്ല. 17614 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽതന്നെ 1000 തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പിന്നെ എന്ത് നിയമന നിരോധനം? സ്കൂൾ മേഖലയിലെ നിയമനരീതിയെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞത് പൊതുവെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റിന്റെ ഒരു നിയമനാവകാശത്തിന്മേലും സർക്കാർ കൈവച്ചിട്ടില്ല. ആകെ ചെയ്യാൻ ഉദ്ദേശിക്കുന്നത്, നിർണ്ണയിക്കപ്പെട്ട തോതിൽനിന്നും ഒരു കുട്ടി കൂടി വർദ്ധിച്ചാൽ ഒരു അധിക തസ്തിക സൃഷ്ടിക്കാമെന്ന വ്യവസ്ഥയെ ഇല്ലാതാക്കുമെന്ന് പറഞ്ഞതാണ്. ധനകാര്യ വകുപ്പിന്റെ നിർദ്ദേശമില്ലാതെ ഇറക്കിയിട്ടുള്ള ഒരു എക്സ്കിയൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. തസ്തിക സൃഷ്ടിക്കുന്നതിന് ഈ ഉത്തരവിന് മുമ്പുണ്ടായിരുന്ന വർദ്ധനയുടെ എണ്ണം പുനഃസ്ഥാപിക്കും. ഇങ്ങനെ തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാരിന്റെ അംഗീകാരവും വേണം. ഇത് Right to Education നിയമത്തിന് വിരുദ്ധമല്ല. ഇതുസംബന്ധിച്ച് കോടതിയിൽ പോകുന്നവർക്ക് അധികം താമസിയാതെ ബോദ്ധ്യപ്പെടുകയും ചെയ്യും. ബഡ്ജറ്റ് അവതരണവേളയിൽ സൂചിപ്പിച്ചതുപോലെ, പല സ്കീമുകളും അപ്രസക്ത മായെങ്കിലും ജീവനക്കാർ അവിടെ തുടരുകയാണ്. കമ്പ്യൂട്ടറൈസേഷൻമൂലം പല

ഉദ്യോഗതലങ്ങളിൽനിന്നും പല ഓഫീസുകളും അപ്രസക്തമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമല്ല, വനിതാ-ശിശുവികസന വകുപ്പ്, കേരള വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽ കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ട്. ഇത്തരം വകുപ്പുകളിലേയ്ക്കാണ് പുനർവിന്യാസം നടത്താൻ ഉദ്ദേശിക്കുന്നത്. ഇന്ന് ഇവിടെ ഉന്നയിക്കപ്പെട്ട എല്ലാ കാര്യങ്ങളോടും ഞാൻ പ്രതികരിച്ചു കഴിഞ്ഞു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇപ്പോൾ പലരും എഴുതിത്തന്നുകൊണ്ടിരിക്കുന്നത് അലോക്കേഷൻ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണെന്നാണ്, സത്യം അതാണ്. നമ്മുടെ വരുമാനം കഴിഞ്ഞ വർഷത്തേക്കാൾ പദ്ധതി അടങ്കൽ കുറയുമ്പോൾ ആനുപാതികമായി കുറയും. അതേസമയം ഞാൻ ഇപ്പോൾ വിശ്വസിക്കുന്നതുപോലെ നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട് വന്നുകഴിഞ്ഞാൽ അത് പുനഃസ്ഥാപിക്കും. യൂണിവേഴ്സിറ്റികൾക്ക് ശമ്പളം നൽകണ്ടേ; ശമ്പളം നൽകാതെ അവ തുറക്കാൻ കഴിയുമോ; അത് വർദ്ധിപ്പിക്കേണ്ടതായി വരും. അങ്ങനെ വർദ്ധിപ്പിക്കുന്നത് അടുത്ത വർഷത്തിൽ നൽകാവുന്നതാണ്.

ഈ ബഡ്ജറ്റിനെക്കുറിച്ച് പൊതുവെ നല്ല സ്വീകാര്യതയാണുള്ളത്. അതിന്റെ മുഖചിത്രം മുതൽ കവിതകൾ വരെ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ബില്ല്യൻ പ്രസ്സുകാർ അതിന്റെ കവർ ചിത്രങ്ങളെക്കുറിച്ച് ഒരു ലേഖനംതന്നെ ആവശ്യപ്പെട്ടിരിക്കുകയാണ്. നമ്മുടെ ജെന്റർ ബഡ്ജറ്റിന്റെ ചിത്രം ഇന്ന് അന്തർദേശീയ പ്രശസ്തിയിലേയ്ക്ക് വന്നിട്ടുണ്ട്. 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി സ്ത്രീകളുടെ കാണാപ്പണികളെ എങ്ങനെയാണ് കാണുന്നത് എന്നുള്ളതിന് വലിയൊരു ചർച്ച, അതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഗാന്ധി വധത്തിന്റെ, ആ ചിത്രം നമ്മുടെ വിവരണത്തേക്കാൾ വളരെ ആഴത്തിൽ ആളുകളുടെ മനസ്സിൽ തറപ്പിച്ചു, എന്താണ് ഇന്നത്തെ രാഷ്ട്രീയം എന്നുള്ളത്. ഇന്നത്തെ രാഷ്ട്രീയത്തിന്റെ പ്രതിഫലനമാണ് ഡൽഹി ഇലക്ഷനിൽ നമ്മൾ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു പോലെ, എവിടെയെല്ലാം ബി.ജെ.പി.-ക്ക് ബദലായി Credible opposition ഉണ്ടോ അവിടെയെല്ലാം ജനങ്ങൾ കൂടെ നിൽക്കാൻ തയ്യാറാണ്. കോൺഗ്രസ്സും അതിൽ നിന്നും പാഠങ്ങൾ പഠിക്കുമെന്ന് നമുക്ക് കരുതാം. പക്ഷേ, പോക്ക് കണ്ടിട്ട് അങ്ങനെ പഠിക്കാനുള്ള സന്നദ്ധതയല്ല തെളിയുന്നത്. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ്. എന്തുകൊണ്ടാണ് ഡൽഹിയിൽ ഇത്രയും വലിയ വിജയത്തിലേയ്ക്ക് വന്നത്? ഡൽഹിയിലെ ഭരണവും ഭരണനേട്ടങ്ങളും ജനങ്ങൾക്ക് സ്വീകാര്യമായിട്ടുണ്ട്. അത് വലിയൊരു ഫാക്ടറാണ്. അത് മാത്രമാണ് ഘടകമെന്ന് ആവശ്യപ്പെടാൻ സാധിക്കില്ല. വോട്ട് ചെയ്തിട്ടുള്ളവർ, രാഷ്ട്രീയ അടിസ്ഥാനത്തിന്റെ ബദൽ ഇതാണ്, അതുകൊണ്ടാണ് അങ്ങോട്ട് വോട്ട് ചെയ്തിരിക്കുന്നത്. എന്താണ് ഇടതുപക്ഷത്തിന് വോട്ട് കുറഞ്ഞത്. എനിക്ക് യാതൊരു സംശയവുമില്ല. അവിടെയുള്ള ഇടതുപക്ഷക്കാർ

എന്തുവന്നാലും ബി.ജെ.പി.-യെ തോൽപ്പിക്കണം അപ്പുറത്തെ AAP-യെ ജയിപ്പിക്കണമെന്ന രാഷ്ട്രീയമുണ്ട്. അതോടൊപ്പംതന്നെ അവിടെയുള്ള സർക്കാരിന്റെ പ്രവർത്തനത്തിന്റെ മികവും. ആ ആത്മവിശ്വാസമാണ് ഇടതുപക്ഷ സർക്കാരിനുള്ളത്. ഈ ബഡ്ജറ്റിന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ, 4 വർഷംകൊണ്ട് ഏത് മേഖലയെടുത്താലും Physical achievements -ന് നമ്മൾ കഴിഞ്ഞ സർക്കാരിനെ മറികടന്നുകഴിഞ്ഞു. ഈയൊരു വർഷത്തേത് ബോണസാണ്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ജനങ്ങളെ സമീപിക്കാൻ പോകുന്നത്. പക്ഷേ അതിനുമപ്പുറം ശരിയായ രാഷ്ട്രീയവും രാഷ്ട്രീയ നിലപാടുമുണ്ട്. ആ രാഷ്ട്രീയ നിലപാട് യു.ഡി.എഫ്.-നെ കൂടുതൽ ഒറ്റപ്പെടുത്തുന്നുവെന്നുള്ള പരിഭ്രാന്തിയിൽനിന്നും എന്തെല്ലാം കോപ്രായങ്ങളാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഇതൊക്കെ ജനങ്ങളിൽനിന്നും ഒറ്റപ്പെടുത്തുന്നതിനേ ഉപകരിക്കുകയുള്ളൂ. അതുകൊണ്ട് അടുത്തവർഷത്തേയ്ക്ക് തികഞ്ഞ ആത്മവിശ്വാസത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മുന്നോട്ടുപോകാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ്.

റവന്യൂ വരവ് 1,14,635 കോടി രൂപ, റവന്യൂ ചെലവ് 1,29,837 കോടി രൂപ, റവന്യൂ കമ്മി -15,201, മൂലധന ചെലവ് തനി -10,863, വായ്പകളും മുൻകൂറുകളും തനി -1230, പൊതുകടം തനി 24,491 കോടി രൂപ, പൊതു കണക്ക് തനി 4,750, ആകെ കമ്മി -63.47, വർഷാരംഭ റൊക്കബാക്കി 317.8, വർഷാന്ത റൊക്കബാക്കി -371.2, ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് -632.9, നികുതിയിളവുകൾ ഇല്ല, അധിക വിഭവസമാഹരണം 1103, വർഷാന്ത റൊക്കബാക്കി 98.8, ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് 61.48 കോടി രൂപയാണ്, ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം ഇല്ല, വർഷാന്ത റൊക്കബാക്കി 37.32 കോടി രൂപ. ഇത് എല്ലാവരും അംഗീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

4.00 pm]

XI അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ:

1. പരിഗണനയിലിരിക്കുന്നവ

I. 31-12-2019-ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന പ്രമേയത്തിനെതിരെ ശ്രീ. ജി. വി. എൽ. നരസിംഹറാവു, എം.പി. രാജ്യസഭാ ചെയർമാന് നൽകിയ നോട്ടീസിലെ വിശദാംശങ്ങൾ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതിനെ

ആധാരമാക്കി ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു അവകാശലംഘന നോട്ടീസ് നൽകുകയുണ്ടായി. കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കിയ നടപടിയെ രാജ്യസഭ എം.പി.-യായ ശ്രീ. ജി. വി. എൽ. നരസിംഹറാവു, എം.പി. 'തോന്ന്യാസവും' 'ദുർനടപടിയും' എന്ന് വിശേഷിപ്പിച്ചത് സഭയോടുള്ള അവഹേളനമാണെന്നും പ്രസ്തുത നടപടി ഭരണഘടനയുടെ അനുച്ഛേദം 194 സംസ്ഥാന നിയമസഭകൾക്ക് നൽകിയിട്ടുള്ള അധികാരത്തിന്മേലുള്ള കടന്നുകയറ്റവും ഭീഷണിയിലൂടെ സ്വതന്ത്ര ജനാധിപത്യ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതുമായതിനാൽ ശ്രീ. ജി. വി. എൽ. നരസിംഹറാവുവിനെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നുമാണ് പ്രസ്തുത നോട്ടീസിലെ ആവശ്യം. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

II. സെൻസസ് ചോദ്യാവലിയുമായി ബന്ധപ്പെട്ട വിഷയത്തിൽ 6-2-2020-ന് ശ്രീ. കെ. എം. ഷാജി അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സമർപ്പിച്ച നോട്ടീസ് സഭ പരിഗണിക്കവെ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ് നടത്തിയ അപകീർത്തികരമായ പരാമർശങ്ങൾ സഭയിൽ ചോദ്യം ചെയ്യപ്പെട്ടതിനാൽ ബഹുമാനപ്പെട്ട അംഗം അത് പിൻവലിക്കുകയും രേഖകളിൽനിന്ന് നീക്കം ചെയ്യുന്ന കാര്യം പരിശോധിക്കുമെന്ന് ചെയർ പ്രസ്താവിക്കുകയും ചെയ്തെങ്കിലും 2020 ഫെബ്രുവരി 7-ാം തീയതിയിലെ മലയാള മനോരമ ദിന പത്രത്തിൽ 'നടുത്തളം' എന്ന കോളത്തിൽ പ്രസ്തുത പരാമർശങ്ങൾ പ്രസിദ്ധീകരിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2. അനുമതി നിഷേധിച്ചവ

I. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട് ലൈൻസ് പാക്കേജിനെ സംബന്ധിച്ച 29-10-2019-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31-ന് മറുപടി പറയവെ ടെണ്ടർ നടപടികളിൽ പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച സർക്കാർ ഉത്തരവ് ട്രാൻസ്ഗ്രിഡ് 2.5 പദ്ധതിക്ക് ബാധകമല്ലെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറുപടി നൽകിയതെന്നും എന്നാൽ ട്രാൻസ്ഗ്രിഡ് പദ്ധതി കിഫ്ബിയുടെ

ധനസഹായത്തോടെ നടത്തുന്ന ഒരു പദ്ധതിയാണെന്നും അതിൽ കെ.എസ്.ഇ.ബി. എൽ. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറും പവർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും കിഫ്ബിയുടെ സി.ഇ.ഒ.-യും തമ്മിൽ ഒരു ത്രികക്ഷി കരാർ ഉണ്ടാക്കിയിട്ടുണ്ടെന്നും മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ ഇതുസംബന്ധിച്ച എല്ലാ നിയമങ്ങളും/ഉത്തരവുകളും ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് ബാധകമായിരിക്കെ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, കെ.എസ്. ഇ.ബി.എൽ.-ന് ഇതൊന്നും ബാധകമല്ലെന്ന നിലപാടാണ് സഭയിൽ കൈക്കൊണ്ടതെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ ത്രികക്ഷി കരാറിലെ ഒരു കക്ഷിയായിരിക്കെ അതിലെ മൂന്നാം ഖണ്ഡികയിലെ നിബന്ധന കെ.എസ്.ഇ.ബി.എൽ.-ന് ബാധകമല്ലെന്ന നിലപാട് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നിയമസഭയിൽ സ്വീകരിച്ചത് സഭയെയും സഭാംഗങ്ങളെയും മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയാണെന്നും ആയതിനാൽ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയിൽനിന്നും വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. കിഫ്ബിക്ക് സമർപ്പിക്കുകയും 5200 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉൽപ്പാദന പ്രസരണ വിതരണ മേഖലകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പരിഷ്കരണ വിധേയവുമായ വ്യവസ്ഥകൾ പ്രകാരമാണെന്നും അവകാശലംഘന നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 6-2-2017-ലെ സർക്കാർ ഉത്തരവ് G.O(P)No.16/2017/Fin. സർക്കാർ വകുപ്പുകളെ ഉദ്ദേശിച്ചിട്ടുള്ളതുമാണെന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ ഡയറക്ടർ ബോർഡ് സ്വീകരിച്ചിട്ടില്ലാത്തതുമാണെന്നും ആയതിനാൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ടെണ്ടർ നടപടിക്ക് ബാധകമല്ലെന്നും പ്രസ്തുത ലൈനുകളുടെ നിർമ്മാണത്തിൽ ടി. ഉത്തരവിലെ വ്യവസ്ഥകൾ പ്രായോഗികവുമല്ലെന്നും ത്രികക്ഷി കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിച്ചിട്ടില്ലെന്നും വിശദീകരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട

മന്ത്രിയുടെ വിശദീകരണം വസ്തുതാപരവും തൃപ്തികരവുമാണെന്ന് കാണുന്നതിനാൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

II. എം.ജി. സർവ്വകലാശാലയിലെ മോഡറേഷൻ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 14-10-2019-ലെ പത്രസമ്മേളനത്തിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകിയിരുന്നുവെന്നും എന്നാൽ ആയതിനുശേഷം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നടത്തിയ പ്രസ്താവനയിൽ 'മാർക്ക് ദാന വിവാദം ഉപതെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇടതുമുന്നണിക്കെതിരെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല നിർമ്മിച്ച പ്രചാരണ തന്ത്രം മാത്രമാണ് എന്ന് ആക്ഷേപിക്കുകയുണ്ടായെന്നും ഒരു ഉദ്യോഗസ്ഥൻ മാത്രമായ പ്രൈവറ്റ് സെക്രട്ടറി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അവഹേളിക്കുന്നതിനും സമൂഹമധ്യത്തിൽ താറടിച്ചുകാണിക്കുന്നുമെന്നുമുള്ള മനഃപൂർവ്വമായ ഉദ്ദേശ്യത്തോടുകൂടിയുമാണ് മേൽ ആക്ഷേപം നടത്തിയിട്ടുള്ളതെന്നും സാമാജികനെന്ന നിലയിലും പ്രതിപക്ഷനേതാവെന്ന നിലയിലുമുള്ള അവകാശങ്ങളുടെ ലംഘനമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്നും ആയതിനാൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. കെ. ഷറഫുദ്ദീനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ നിന്നും വിശദീകരണം ആരാഞ്ഞിരുന്നു. ആയതിൻപ്രകാരം ബഹുമാനപ്പെട്ട മന്ത്രി, പ്രൈവറ്റ് സെക്രട്ടറിയുടെ വിശദീകരണമടക്കം തന്റെ മറുപടി ലഭ്യമാക്കുകയുണ്ടായി. ആയതിൽ മോഡറേഷൻ സംബന്ധിച്ച ആരോപണങ്ങൾക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശാനുസരണം 17-10-2019-ന് പത്രക്കുറിപ്പായി നൽകിയിരുന്നുവെന്നും കൂടുതൽ വിവരങ്ങൾ അറിയാൻവേണ്ടി മാധ്യമപ്രവർത്തകർ ബന്ധപ്പെട്ടപ്പോൾ പ്രൈവറ്റ് സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ രാഷ്ട്രീയ വിഷയങ്ങൾ സംസാരിച്ചിട്ടില്ലെന്നും പരാമർശവിധേയമായ പത്രത്തിൽ വന്ന വാർത്ത പത്രലേഖകന്റെ സ്വയം സൃഷ്ടിയാണെന്നും പ്രൈവറ്റ് സെക്രട്ടറി അറിയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കുറിച്ച് രാഷ്ട്രീയമായ പ്രസ്താവനകൾ നടത്താൻ പാടില്ലെന്ന് ഉദ്യോഗസ്ഥനായ തനിക്ക് ഉത്തമബോധ്യമുണ്ടെന്നും അദ്ദേഹത്തെ അവഹേളിക്കാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നും ഒരു മാധ്യമപ്രവർത്തകൻ

വഴിയാണെങ്കിൽപ്പോലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും പരാതി നൽകിയ അംഗത്തിനും വിഷമം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും പ്രൈവറ്റ് സെക്രട്ടറി അറിയിച്ചതായി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയും പ്രൈവറ്റ് സെക്രട്ടറി ഖേദം രേഖപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ അവകാശലംഘന വിഷയം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

III. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല 2019-സെപ്റ്റംബർ 20, 21 തീയതികളിൽ നടത്തിയ പത്രസമ്മേളനത്തിൽ വൈദ്യുതി ബോർഡിലെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ അഴിമതി സംബന്ധിച്ച് ആരോപണം ഉന്നയിച്ചപ്പോൾ പ്രസ്തുത ആരോപണത്തിന് മറുപടി നൽകിയത് ചെയർമാൻ ശ്രീ. എൻ. എസ്. പിള്ളയാണെന്നും സാധാരണ ഗവൺമെന്റിനെ സംബന്ധിച്ചോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചോ പ്രതിപക്ഷം നടത്തുന്ന പരാമർശങ്ങൾക്ക് ഉദ്യോഗസ്ഥരല്ല മറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ ആണ് മറുപടി പറയാറുള്ളതെന്നും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വത്തോടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ ആരോപണങ്ങൾക്ക് ഉദ്യോഗസ്ഥതലത്തിൽ നൽകിയ മറുപടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അധികാരാവകാശങ്ങളെ നിഷേധിക്കുന്നതാണെന്നും അതിലൂടെ സഭയെയും പ്രതിപക്ഷ നേതാവിനെയും അവഹേളിക്കുന്നതിന് ഇടയായിട്ടുണ്ടെന്നും ആരോപിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ഊർജ്ജ വകുപ്പ് സെക്രട്ടറിയിൽനിന്നും വിശദീകരണം തേടിയിരുന്നു. വകുപ്പ് സെക്രട്ടറി കെ.എസ്.ഇ.ബി.എൽ. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ വിശദീകരണം ലഭ്യമാക്കിയിരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി സംബന്ധിച്ച ഒരു ആരോപണം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചതിനെ തുടർന്ന് മാധ്യമങ്ങളിൽനിന്നും പൊതുജനങ്ങളിൽനിന്നും നിരവധി ഉദ്യോഗസ്ഥരിൽനിന്നും നിജസ്ഥിതി അറിയാനായി അന്വേഷണങ്ങൾ ഉണ്ടായിയെന്നും പദ്ധതി പരമാവധി പുരോഗതി കൈവരിച്ചുവരുന്ന സമയത്ത് ഉണ്ടായ ആരോപണങ്ങൾ ഉദ്യോഗസ്ഥരുടെ മനോവീര്യത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതുസംബന്ധിച്ച നിജസ്ഥിതിയും വസ്തുതയും പൊതുജനങ്ങളെ അറിയിക്കുന്നത് ഗുണകരമാകുമെന്ന വിലയിരുത്തലിനെ തുടർന്നാണ് വിശദമായതും വസ്തുതാപരമായതുമായ ഒരു പത്രക്കുറിപ്പ് കമ്പനിയുടെ പി.ആർ.ഒ. മാധ്യമങ്ങൾക്ക് നൽകിയതെന്നും ചെയർമാനെന്ന നിലയിൽ താൻ നേരിട്ടോ അല്ലാതെയോ

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആരോപണങ്ങൾക്ക് പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ഒരു പ്രതികരണവും നടത്താൻ ശ്രമിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. തന്റെ ഈ പ്രവൃത്തി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രത്യേക അവകാശങ്ങളിൽ ലംഘനം നടത്തിയിട്ടില്ലായെന്നും എന്നിരുന്നാലും കെ.എസ്.ഇ.ബി.എൽ.-ന്റെ പത്രക്കുറിപ്പുമൂലം എന്തെങ്കിലും വിഷമമുണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും അറിയിക്കുകയുണ്ടായി.

ഊർജ്ജ വകുപ്പ് സെക്രട്ടറി, കെ.എസ്.ഇ.ബി.എൽ. ചെയർമാൻ എന്നിവരിൽനിന്നുള്ള വിശദീകരണം ചെയർ പരിശോധിക്കുകയും കെ.എസ്.ഇ. ബി.എൽ. ചെയർമാനെ അതൃപ്തി അറിയിക്കുകയും മേലിൽ ഇത്തരം കാര്യങ്ങളിൽ ഇടപെടുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശന് ചെയർ അനുമതി നിഷേധിക്കുന്നു.

IV. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തെ ആസ്പദമാക്കി കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിൽ 26-6-2019-ലെ 4858-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കോളേജ് യൂണിയൻ ഓഫീസ് മുറി പ്രിൻസിപ്പൽ പൂട്ടിയെടുത്ത് താക്കോൽ കൈവശം സൂക്ഷിക്കുന്നുണ്ടെന്ന് മറുപടി നൽകിയെന്നും എന്നാൽ 12-7-2019-ൽ വിദ്യാർത്ഥിക്ക് കുത്തേറ്റ സംഭവത്തിൽ ടി മുറി എസ്.എഫ്.ഐ. ഭാരവാഹികളുടെ അധീനതയിലായിരുന്നുവെന്ന് വാർത്ത വന്നിട്ടുണ്ടെന്നും ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയതിനാൽ ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിനെതിരെ അവകാശലംഘനം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ 12-7-2019-ൽ യൂണിവേഴ്സിറ്റി കോളേജിൽ നടന്ന വിദ്യാർത്ഥി സംഘട്ടനം സംബന്ധിച്ച മാധ്യമ വാർത്തകളിൽനിന്നാണ് യൂണിയൻ ഓഫീസ് തുറന്ന് കിടക്കുന്നതായി താൻ അറിഞ്ഞതെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത ഓഫീസിന്റെ പൂട്ട് തകർത്തതായി കണ്ടെത്തിയെന്നും ഗവൺമെന്റ്

കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി പ്രസ്തുത മുറി സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ ലൈബ്രറി കം റിസർച്ച് സെന്ററായി മാറ്റിയെന്നും പൂട്ട് തകർത്ത് വീണ്ടും ചിലർ ആ മുറി ഉപയോഗിച്ച വിവരം താൻ അറിയാതെപോയെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു.

ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.-യുടെ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

V. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിലുള്ള റോഡുകളുടെ നിർമ്മാണോദ്ഘാടന വേളയിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തളിപ്പറമ്പ് എം.എൽ.എ. ആയ ശ്രീ. ജെയിംസ് മാത്യുവിനോട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന്റെ മണ്ഡലമായ ഇരിക്കൂറിലെ വികസന കാര്യങ്ങളിൽകൂടി ശ്രദ്ധചെലുത്തണമെന്ന നിലയിൽ നിർദ്ദേശം നൽകിയെന്ന മലയാള മനോരമയിൽ വന്ന പത്രവാർത്താ റിപ്പോർട്ട് പൊതുജനമധ്യത്തിൽ തന്നെ മോശക്കാരനാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണെന്ന് ആരോപിച്ചുകൊണ്ട് അംഗം ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ അംഗം ശ്രീ. കെ. സി. ജോസഫ് 24-11-2019-ലെ പ്രസ്തുത യോഗത്തിൽ സന്നിഹിതനായിരുന്നില്ലായെന്നും നോട്ടീസിലോ, പത്രവാർത്തയിലോ പറയുംപ്രകാരം താൻ പ്രസംഗിച്ചിട്ടില്ലായെന്നും ബഹുമാനപ്പെട്ട സാമാജികനെ ബോധപൂർവ്വം ഇകഴ്ത്തിക്കാട്ടുന്നതിനോ, അപകീർത്തിപ്പെടുത്തുന്നതിനോ, പൊതുജനമധ്യത്തിൽ മോശക്കാരനാക്കുന്നതിനോ വേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നും പരാമർശ വിഷയം അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നില്ലായെന്നും അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം വിശദമായി ചെയർ പരിശോധിച്ചു. ആയത് മുഖവിലയ്ക്കെടുത്ത് അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

VI. 50 വർഷങ്ങൾക്ക് മുമ്പ് അവുക്കാദർക്കുട്ടി നഹ തറക്കല്ലിട്ട പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 2004 വരെ ഒരു തുടർനടപടിയും ഉണ്ടായിട്ടില്ലെന്നും 2004-ൽ അന്നത്തെ സർക്കാർ ഭരണാനുമതി നൽകിയെങ്കിലും ചില തർക്കങ്ങളെത്തുടർന്ന് പണം വകയിരുത്തിയില്ലായെന്നും ബഹുമാ

നപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് വസ്തുതാ വിരുദ്ധമാണെന്നും 50 വർഷത്തിന് മുമ്പ് ഈ പദ്ധതിക്ക് തറക്കല്ലിട്ടിട്ടില്ലായെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയ ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. അബ്ദു റബ്ബ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയിൽനിന്നും വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി പ്രസ്തുത പ്രവൃത്തിക്ക് തറക്കല്ലിട്ടു എന്നത് ശരിയാണെന്നും എന്നാൽ 2018-ൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനം പുനർനിർണ്ണയിച്ച് 20-2-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയും മൂന്ന് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെന്നും സബ്മിഷന് മറുപടി പറയവെ 50 വർഷംമുമ്പ് ഈ മന്ത്രി തറക്കല്ലിട്ട പദ്ധതിക്ക് 2004-ലാണ് ജീവൻ വച്ചതെന്ന് താൻ പറഞ്ഞത് ആലങ്കാരികമായിട്ടാണെന്നും പിന്നീട് ഇക്കാര്യം പരിശോധിച്ചപ്പോൾ 50 വർഷം മുമ്പ് തറക്കല്ലിട്ടു എന്ന പരാമർശം ശരിയായിരുന്നില്ലെന്ന് ബോദ്ധ്യമായെന്നും സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ഒരു പ്രവൃത്തിയും നടത്തിയിട്ടില്ലായെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിരിക്കുന്നു. Kaul & Shakdher-ന്റെ Practice & Procedure of Parliament എന്ന ഗ്രന്ഥത്തിൽ പ്രിവിലേജ് സംബന്ധിച്ച ഭാഗത്ത് (Page 306, 6th Edition) ഇപ്രകാരം പറയുന്നു. " A breach of privilege can arise only when the member or the Minister makes a false statement or an incorrect statement wilfully, deliberately and knowingly."

സഭയെ തെറ്റിദ്ധരിപ്പിക്കാനോ ഒരു സഭാംഗത്തിന്റെ അവകാശലംഘനത്തിനോ, അംഗത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നതിനോ ഇടയാക്കുന്ന ഒരു പ്രവൃത്തിയും ബോധപൂർവ്വം നടത്തിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം അറിയിച്ചിരിക്കുന്നു. ആയതിനാൽ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. പി. കെ. അബ്ദു റബ്ബ് എം.എൽ.എ.-യ്ക്ക് അനുമതി നിഷേധിക്കുന്നു.

XII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ തൽക്കാലം മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

(ശ്രീ. വി. എസ്. സുനിൽ കുമാർ)

കൃഷി വകുപ്പുമന്ത്രി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

XIII അവലോകനം

(സംക്ഷിപ്തം)

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പത്ത് ദിവസം നീണ്ടുനിന്ന പതിനെട്ടാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി 29-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. നമ്മുടെ സഭയിലെ അംഗമായിരുന്ന മുൻമന്ത്രി തോമസ് ചാണ്ടിയുടെ ദേഹ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി 31-ന് അന്നത്തേയ്ക്ക് സഭ പിരിയുകയാണുണ്ടായത്.

2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് ഫെബ്രുവരി 7-ന് സഭയിൽ അവതരിപ്പിക്കപ്പെട്ടു.

പതിനെട്ടാം സമ്മേളനം ആകെ സമ്മേളിച്ച പത്ത് ദിവസങ്ങളിൽ ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ച ചെയ്യുന്നതിനായി മൂന്ന് ദിവസവും ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്കായി മൂന്ന് ദിവസവും വിനിയോഗിച്ചു. 2019-20 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളും സഭയിൽ സമർപ്പിക്കുകയുണ്ടായി. നിയമനിർമ്മാണ കാര്യത്തിൽ 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും തുടർന്ന് വിശദമായി ചർച്ച ചെയ്ത് പാസ്സാക്കുകയും ചെയ്തു.

ഈ സമ്മേളനത്തിൽ 8 അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. അതിൽ ഫെബ്രുവരി 10-ന് ശ്രീ. സണ്ണി ജോസഫ് നോട്ടീസ് നൽകിയ കാർഷിക മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തരപ്രമേയ നോട്ടീസിന്മേൽ സഭ രണ്ട് മണിക്കൂറിലധികം സമയം ചർച്ച നടത്തുകയുമുണ്ടായി.

ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 210 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 2592 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 23 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 161 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

ഈ സമ്മേളനം മുതൽ 'ഇ-നിയമസഭ പദ്ധതി'ക്ക് തുടക്കം കുറിച്ച സാഹചര്യത്തിൽ വിവിധ വകുപ്പുകളിൽനിന്നും ഉത്തരങ്ങളുടെ ഹാർഡ് കോപ്പിയോടൊപ്പം സോഫ്റ്റ് കോപ്പി കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങളിൽ 149 എണ്ണത്തിനും നക്ഷത്രചിഹ്നമിടാത്ത 2592 ചോദ്യങ്ങളിൽ 1167 എണ്ണത്തിനുമാണ് മറുപടി ലഭിച്ചത്. എല്ലാ വകുപ്പുകളും ഉത്തരങ്ങൾ സോഫ്റ്റ് കോപ്പിയായി നൽകണമെന്നും ബഹുമാനപ്പെട്ട മന്ത്രിമാർ അതിന് പ്രത്യേക മുൻകയ്യെടുക്കണമെന്നും ചെയർ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മറുപടിയും സോഫ്റ്റ് കോപ്പിയായി ലഭ്യമാക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. മാറുന്ന കാലത്തെ അഭിസംബോധന ചെയ്യാനും 'ഇ-നിയമസഭ'-യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുമുള്ള ബോധപൂർവ്വമായ പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ഇക്കാര്യത്തിൽ കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ബഹുമാന്യരായ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി എന്നിവർ അതത് ദിവസം തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരെ പ്രത്യേകം അഭിനന്ദിക്കുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റു മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണെന്നും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി, ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു.

14 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 81 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളനകാലത്ത് സഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചതിനെ

ത്തുടർന്നുള്ള സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഫെബ്രുവരി 2-ന് സഭയിൽ ഒരു പ്രസ്താവന നടത്തുകയുണ്ടായി. ആദായ നികുതി നിയമത്തിലെ ആറാം വകുപ്പ് പ്രവാസി ഇന്ത്യാക്കാരെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് പ്രമേയം ഫെബ്രുവരി 6-ന് സഭയിൽ അവതരിപ്പിക്കുകയും ഏകകണ്ഠമായി പാസ്സാക്കുകയുമുണ്ടായി.

'കടലാസ് രഹിത നിയമസഭ' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായുള്ള 'ഇ -നിയമസഭ' പദ്ധതിക്ക് ഈ സമ്മേളനത്തിൽ തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞു. നിയമസഭയുടെ പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് ഇവിടെ തുടക്കമായിരിക്കുന്നത്. തുടർന്നുള്ള സമ്മേളനങ്ങളിൽ പൂർണ്ണമായ രീതിയിൽ ഇത് നടപ്പിലാക്കാനാണ് ഘട്ടംഘട്ടമായി ഉദ്ദേശിക്കുന്നത്. അതിനായുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രിന്റിംഗ് പരമാവധി ഒഴിവാക്കുവാനും സഭാ സമ്മേളനവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും മുന്നിലുള്ള ഡിവൈസിലും അംഗങ്ങൾക്കായി വിതരണം നടത്തിയിട്ടുള്ള ഐ പാഡിലും ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. ഈ സൗകര്യം അംഗങ്ങൾക്ക് കൂടുതൽ പ്രയോജന കരമായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പത്തു ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, വിവിധ കക്ഷി നേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.. ഓർഡർ.... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.24-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.413/Table-1/2020)/Leg. Dated,Thiruvananthapuram,

13-2-2020.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Eighteenth Session of the 14th Kerala Legislative Assembly with effect from February 12,2020 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ 18-ാം സമ്മേളനം 2020 ഫെബ്രുവരി 12-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

S. V. UNNIKRISHNAN NAIR,

Secretary, Legislative Assembly.

അനുബന്ധം

വനിതാ പോലീസിന്റെ സേവനം സംബന്ധിച്ച ശ്രീമതി ഗീതാ ഗോപി എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം 15 ശതമാനമായി ഉയർത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ നടപടിയായാണ് ഒരു പ്രത്യേക ബറ്റാലിയൻ രൂപീകരിച്ചത്. കൂടാതെ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് വനിതകളെ നേരിട്ട് റിക്രൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. (പോലീസിൽ വനിതാ പോലീസ് എന്നുള്ള പദം ഒഴിവാക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.) പോലീസ് സേനയിൽ കൂടുതൽ വനിതകളുണ്ടാകുക എന്നത് പരിഷ്കൃത സമൂഹത്തിന് അനിവാര്യമാണ്. ഈ തൊഴിലിലേയ്ക്ക് കൂടുതൽപേരെ ആകർഷിക്കേണ്ടതുമുണ്ട്.

തൃശ്ശൂർ റൂറൽ ജില്ലയിൽ പോലീസ് സേനയിൽ വനിതകൾക്കായി 90 തസ്തികകളുണ്ടെങ്കിലും 59 പേർ മാത്രമാണ് ജോലി നോക്കുന്നത്. എണ്ണത്തിലെ ഈ കുറവാണ് ജില്ലയിലെ എല്ലാ സ്റ്റേഷനുകളിലും പ്രതിഫലിക്കുന്നത്. അന്തിക്കാട് പോലീസ് സ്റ്റേഷനിലെ സ്ഥിതിയും വ്യത്യസ്തമല്ല. നിലവിൽ 5 തസ്തികകളുള്ളതിൽ 2 പേർ മാത്രമാണ് ജോലി നോക്കിവരുന്നത്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഇരിങ്ങാലക്കുട വനിതാ പോലീസ് സ്റ്റേഷനിൽനിന്നും പിങ്ക് പോലീസിൽ നിന്നുമുള്ള വനിതകളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. അതോടൊപ്പം, അന്തിക്കാട് സ്റ്റേഷനിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ഭാഷാന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

കേരളത്തിലെ കൊങ്കണി ഭാഷ സംസാരിക്കുന്ന ഗൗഡസാരസ്വത ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവരെ ഭാഷാന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലില്ല.

ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽപ്പെട്ട ഭാഷയാണ് കൊങ്കണി. കേരള സംസ്ഥാനത്തെ ന്യൂനപക്ഷഭാഷയായി കൊങ്കണി ഭാഷയെ പ്രഖ്യാപിച്ചിട്ടില്ല. കേരളത്തിൽ 2011 സെൻസസ് പ്രകാരം 69449 പേരുടെ മാതൃഭാഷയാണ് കൊങ്കണി.

നിലവിലുള്ള ചട്ടപ്രകാരം ജില്ല/താലൂക്ക്/മുനിസിപ്പാലിറ്റി/പഞ്ചായത്ത് അടിസ്ഥാനത്തിൽ അതാതിടങ്ങളിലെ ജനസംഖ്യയുടെ 15 ശതമാനത്തിനുമുകളിൽ ന്യൂനപക്ഷഭാഷ മാതൃഭാഷയായിട്ടുള്ളവർ ഉണ്ടെങ്കിൽ മാത്രമേ ഗവൺമെന്റ് ഉത്തരവുകളും നടപടിക്രമങ്ങളും ന്യൂനപക്ഷഭാഷയിലും പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ.

മേൽ സാഹചര്യത്തിൽ കൊങ്കണി ഭാഷ സംസാരിക്കുന്ന ഗൗഡസാരസ്വത ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവർ മൊത്തം ജനസംഖ്യയുടെ പതിനഞ്ച് ശതമാനമോ അതിലധികമോ താമസിക്കുന്ന ലോക്കൽ ഏരിയകൾ കേരളത്തിൽ നിലവിലില്ലാത്തതിനാൽ കേരളത്തിലെ കൊങ്കണി ഭാഷ സംസാരിക്കുന്ന ഗൗഡസാരസ്വത ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവരെ ഭാഷാന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ല.

നദികളിലും ഡാമുകളിലുമുള്ള മണലും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

സംയോജിത ജലവിഭവ മാനേജ്മെന്റ് ഉൾപ്പെടെ വിവിധ മേഖലകളിൽ അതിജീവനക്ഷമമായ, പരിസ്ഥിതി സൗഹൃദമായ കേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ടിയുള്ള പുനർനിർമ്മാണ പദ്ധതികളാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ഏറ്റെടുക്കുന്നത്. ഇതനുസരിച്ച് അണക്കെട്ടുകളിലെയും റിസർവോയറുകളിലെയും മണലും ചെളിയും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രളയസാധ്യത കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ റവന്യൂ-ജലവിഭവ വകുപ്പുകൾ നടപ്പിലാക്കിവരുന്നു.

2018-ലെ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ 40 വലിയ ഡാമുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ചീഫ് എഞ്ചിനീയർമാരും വകുപ്പ് തലവന്മാരും അടങ്ങുന്ന ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് സുതാര്യമായ നടപടിക്രമവും സർക്കാർ ഉത്തരവായിട്ടുണ്ട്. 12 ഡാമുകളിലെയും 6 റഗുലേറ്ററുകളിലെയും മണലും ചെളിയും നീക്കം ചെയ്യുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. ഇങ്ങനെ നീക്കം ചെയ്യുന്ന മണലിനും ചെളിക്കും മൈനിംഗ് & ജിയോളജി വകുപ്പ് റോയൽറ്റി ഒഴിവാക്കി നൽകിയിട്ടുണ്ട്. മണൽ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം ഡാമുകളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി നീക്കിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്.

സംഭരണശേഷി വർദ്ധിപ്പിക്കാനുതകുംവിധം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള കുണ്ടള, മാട്ടുപ്പെട്ടി, കല്ലാർകുട്ടി, പെരിങ്ങൽക്കുത്ത്, ലോവർ പെരിയാർ അണക്കെട്ടുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രളയംമൂലം നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക് സംബന്ധിച്ച ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

കേരളത്തിലെ പോലീസ് സേനയിലെ അംഗങ്ങൾ ആത്മഹത്യ ചെയ്ത ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. NCRB-യുടെ ക്രൈം ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കനുസരിച്ച് കേരളത്തിലെ പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യ നിരക്ക് കുറവാണെന്നാണ് ലഭിച്ച വിവരങ്ങൾ കാണിക്കുന്നത്.

ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ടും കുടുംബപരമായ പ്രശ്നങ്ങൾ കാരണവും സേനയിലെ അംഗങ്ങൾക്കിടയിലുണ്ടായ മാനസിക വ്യഥകൾ നിമിത്തമാണ് ഇത്തരത്തിലെ ചില സംഭവങ്ങളെങ്കിലും ഉണ്ടായതെന്നും കണ്ടിട്ടുണ്ട്.

ഒരു പോലീസ് സംവിധാനം പ്രൊഫഷണൽ സമീപനത്തോടെ രൂപപ്പെടുത്തുകയെന്നുള്ളത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രധാനമാണ്. അനാവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും മാറ്റിനിർത്തിക്കൊണ്ടുള്ള പ്രൊഫഷണൽ സംവിധാനത്തിലൂടെ മാത്രമേ ഇക്കാര്യം സാധ്യമാകൂ. അതിനാവശ്യമായ നടപടികളെന്ന നിലയിൽ പോലീസ് ഉദ്യോഗസ്ഥരുടെ മാനസികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ മാർഗ്ഗങ്ങൾ പോലീസ് സ്റ്റേഷൻ തലത്തിൽ തന്നെ നടത്തിവരികയാണ്. മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്റെ ഭാഗമായി കുടുംബാംഗങ്ങൾക്കുകൂടി പങ്കെടുക്കാവുന്ന രീതിയിലുള്ള ഒത്തുചേരലുകൾ ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

സംസ്ഥാനത്ത് ജാതി-ലിംഗ വിവേചനങ്ങൾ താങ്ങാനാകാതെ പോലീസ് ഉദ്യോഗസ്ഥർ ജോലി ഉപേക്ഷിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിന്റെ പൊതുമനസ്സ് അംഗീകരിക്കാത്ത ഇപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടായാൽ ഉത്തരവാദികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുക തന്നെ ചെയ്യും. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സത്വര നടപടിയെടുത്തുവരികയാണ്.

കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും കേസ്സുകൾ തെളിയിക്കുന്നതിലും പോലീസ് സേന കൈവരിച്ച നേട്ടം രാജ്യമാകെ അംഗീകരിച്ചതാണ്. ഈ മികവ് തുടർന്നും നിലനിർത്താൻ നമുക്ക് കഴിയണം. ചെറിയ ദൗർബല്യങ്ങൾ പോലും തിരുത്തി ഒരേ മനസ്സോടെ കൂട്ടായി നിന്ന് കുറ്റകൃത്യങ്ങളെ ഉന്മൂലനം ചെയ്യാനുള്ള സംവിധാനമാക്കി പോലീസിനെ മാറ്റുകയെന്നുള്ളതാണ് ആവശ്യം. അതിനാവശ്യമായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്.

തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടി

നിലവിലുള്ള തൊഴിൽ നിയമങ്ങൾ ദുർബ്ബലപ്പെടുത്തിക്കൊണ്ട് 29 തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും 12 നിയമങ്ങൾ റദ്ദാക്കിയും 4 കോഡുകളാക്കി മാറ്റി തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും പരിമിതപ്പെടുത്താനും നിഷേധിക്കാനുമാണ് തൊഴിൽ നിയമ ഭേദഗതിയിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ എതിർപ്പ് അവഗണിച്ച് ഈ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോവുകയാണ്.

കോഡ് ഓൺ വേജസ് 2019 പാർലമെന്റ് അംഗീകരിക്കുകയും രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും കരട് ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കോഡ് നടപ്പിൽ വരുത്തുന്നതിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്.

ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2019-ന കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി കോഡ് 2019, ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ് 2019 എന്നിവ ലോകസഭയിൽ അവതരിപ്പിച്ചു. ഈ കോഡുകൾ ഇപ്പോൾ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

മേൽപ്പറഞ്ഞ 4 കോഡുകളിലെയും നിയമ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ പരിശോധിക്കുകയുണ്ടായി.

(എ) കോഡ് ഓൺ വേജസ് 2019

കോഡ് ഓൺ വേജസിലെ വ്യവസ്ഥ പ്രകാരം മിനിമം വേതന ഉപദേശക സമിതിയുടെ ശിപാർശ സ്വീകരിക്കാൻ സർക്കാരിന് ബാധ്യതയില്ല. തൊഴിലാളികളുടെ പ്രതിദിന വേതനം 378 രൂപ ആയിരിക്കണമെന്ന വിദഗ്ധ സമിതി നിർദ്ദേശം അംഗീകരിക്കാൻ കോഡ് തയ്യാറായിട്ടില്ല. ദേശീയ അടിസ്ഥാന വേതനം കേവലം 178 രൂപ ആയിരിക്കുമെന്ന് കോഡ് പറയുന്നു.

വർക്കിംഗ് ജേർണലിസ്റ്റ് സെയിൽസ് പ്രൊമോഷൻ വിഭാഗങ്ങളിലെ ജീവനക്കാരെ എംപ്ലോയി എന്ന നിർവ്വചനത്തിൽ നിന്നും മാറ്റി വർക്കർ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഈ വിഭാഗം തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടാനിടയാകും.

ബോണസ് സംബന്ധിച്ച വ്യവസ്ഥകൾ 20-ഉം അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. നിലവിലുള്ള നിയമപ്രകാരം എത്ര തൊഴിലാളികൾ വരെ ജോലിചെയ്യുന്ന സ്ഥാപനങ്ങൾക്ക് ബോണസ് വ്യവസ്ഥ ബാധകമാക്കാം എന്ന കാര്യം തീരുമാനിക്കുന്നതിന് സംസ്ഥാന ഗവൺമെന്റുകൾക്ക് ഉണ്ടായിരുന്ന അധികാരം പുതിയ കോഡ് നഷ്ടപ്പെടുത്തിയിരിക്കുന്നു.

വേജ് കോഡ് ചട്ടങ്ങൾ പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂറാണ്. നിലവിലുള്ള മിനിമം വേതന ചട്ടങ്ങൾ പ്രകാരം ജോലി സമയം 9 മണിക്കൂറാണെങ്കിലും ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കുന്ന ജോലി സമയത്തിന് തൊഴിലാളിക്ക് ഓവർടൈം അലവൻസ് ലഭ്യമായിരുന്നതിനാൽ (റൂൾ 28) തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രതിദിനം ജോലിസമയം 8 മണിക്കൂർ ആയിരുന്നു. അതിനാൽ ഇപ്പോഴത്തെ വ്യവസ്ഥ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രതികൂലമായി ബാധിക്കുന്നതാണ്. ആയതിനാൽ ജോലി സമയം 8 മണിക്കൂറായി തുടരുന്നതിന് ഭേദഗതി വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ശിപാർശ ചെയ്തിട്ടുള്ളതാണ്.

(ബി) ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2019

തൊഴിലാളികളെ വർക്ക്മെൻ എന്ന് പൊതുവെ നിർവ്വചിക്കുന്നതായിരുന്ന പുതിയ നിയമം. എന്നാൽ നിലവിലെ കോഡിൽ എംപ്ലോയി, വർക്കർ എന്നീ രണ്ട് നിർവ്വചനങ്ങളും നൽകിയിട്ടുണ്ട്. ഇത് തർക്കങ്ങൾക്ക് കാരണമാകും.

കോഡ് പ്രകാരമുള്ള " wages" എന്ന നിർവ്വചനം പൂർണ്ണമല്ല. ഇതിലെ 'retaining allowance' എന്താണെന്ന് നിർവ്വചിച്ചിട്ടില്ല. " charitable, social or philanthropic service" എന്നീ സ്ഥാപനങ്ങൾ പുതിയ കോഡ് പ്രകാരം നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാകും.

കോഡ് പ്രകാരം 15,000 രൂപയ്ക്ക് മുകളിൽ വേതനമുള്ള സൂപ്പർവൈസറി തസ്തികയിലെ ജീവനക്കാരൻ "worker" എന്ന നിർവ്വചനത്തിന് പുറത്താകും. ഇത് അംഗീകരിക്കാനാവില്ല.

പുതിയ കോഡ് പ്രകാരം തൊഴിലാളികൾക്ക് കൺസീലിയേഷൻ ഓഫീസർക്ക് മുമ്പാകെ തർക്കം ഉന്നയിക്കണമെങ്കിൽ ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയിൽ തർക്കം ഉന്നയിച്ച് തർക്ക പരിഹാരം ഉണ്ടാകാതിരിക്കണം. ഇത് പരിഹാരങ്ങൾക്ക് കാലതാമസം ഉണ്ടാക്കാം.

ട്രേഡ് യൂണിയൻ രൂപീകരിക്കാൻ ഒരു സ്ഥാപനത്തിലെ ആകെ തൊഴിലാളികളിൽ 10 ശതമാനമോ 100 എണ്ണമോ ഏതാണോ കുറവ് അത്രയും തൊഴിലാളികൾ ചേർന്ന് അപേക്ഷ നൽകണമെന്നാണ് പുതിയ വ്യവസ്ഥ. നിലവിൽ 7 തൊഴിലാളികൾ ചേർന്ന് അപേക്ഷ നൽകിയാൽ ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ലഭിക്കും. സംഘടിത വ്യവസായങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് സ്ഥാപനത്തിന് പുറത്തുള്ളവരെ ഭാരവാഹികളായി തെരഞ്ഞെടുക്കാനുള്ള അവകാശം ഈ കോഡിലൂടെ നിഷേധിക്കപ്പെടുന്നു.

ട്രേഡ് യൂണിയനുകൾ "sole negotiating union" പദവി ലഭിക്കണമെങ്കിൽ സ്ഥാപനത്തിലെ 75% തൊഴിലാളികളുടെ പിന്തുണ വേണം. നിലവിൽ കേരള ട്രേഡ് യൂണിയൻ റെക്കഗ്നീഷന് നിയമ പ്രകാരം 51% മാത്രമാണ് ഇത്. ഒരു ദിവസത്തെ പണിമുടക്കിന് 8 ദിവസത്തെ വേതനം തടഞ്ഞുവയ്ക്കാൻ കോഡ് വ്യവസ്ഥ ചെയ്യുന്നു.

നിലവിൽ തൊഴിലാളികളെ സസ്പെൻഡ് ചെയ്താൽ ടി പീരിയഡിൽ ലഭിക്കുന്ന സബ്സിസ്റ്റൻസ് അലവൻസ് ആദ്യ 90 ദിവസത്തേയ്ക്ക് നിലവിലെ വേതനത്തിന്റെ 50%ഉം അടുത്ത 90 ദിവസത്തേയ്ക്ക് 75%, പിന്നീടുള്ള കാലയളവിൽ 100% എന്നുള്ളതുമാണ്. എന്നാൽ പുതിയ കോഡ് പ്രകാരം ആദ്യം 90 ദിവസത്തേയ്ക്ക് 50% അതിനെ തുടർന്നുള്ള കാലത്ത് 75% എന്നതുമാണ്.

ലേബർ കോടതികൾ എന്ന സംവിധാനം പുതിയ കോഡ് പ്രകാരം ഉണ്ടാകില്ല. പകരം ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ മാത്രമാകും ഉണ്ടാവുക.

ഫിക്സ്ഡ് ടേം എംപ്ലോയ്മെന്റിന്റെ കാര്യത്തിൽ കൃത്യത വരുത്തേണ്ടതുണ്ട്. നിലവിലെ permanent nature of job-ൽ ഫിക്സ്ഡ് ടേം എംപ്ലോയ്മെന്റ് കൊണ്ടുവരാൻ സാദ്ധ്യതയുള്ളതിനാൽ ഫിക്സ്ഡ് ടേം എംപ്ലോയ്മെന്റിൽ വ്യക്തത വരുത്തേണ്ടതുണ്ട്. Permanent nature of work-ൽ മാത്രമേ ഫിക്സ്ഡ് ടേം വരാൻ പാടുള്ളൂ എന്ന നിർദ്ദേശം ഇൻഡസ്ട്രിയൽ റിലേഷൻ കോഡ് സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(സി) കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി 2019

സൂപ്പർവൈസറി കാറ്റഗറിയിലുള്ള തൊഴിലാളികളെ എല്ലാം തന്നെ worker എന്ന നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത് തൊഴിലാളികളുടെ അവകാശ നിഷേധത്തിന് കാരണമാകും.

Section 76 പ്രകാരം കുറഞ്ഞത് 60 ദിവസമെങ്കിലും ജോലിചെയ്ത കോൺടാക്ട് തൊഴിലാളിക്ക് മാത്രമേ പ്രസ്തുത കോഡ് പ്രകാരം കോമ്പൻസേഷൻ ലഭിക്കുകയുള്ളൂ. മരണമോ, അപകടമോ തൊഴിലാളികളുടെ കുറ്റം കൊണ്ടല്ലാതെ സംഭവിച്ചാൽ 60 ദിവസം ജോലി ചെയ്തിരിക്കണം കോമ്പൻസേഷന് എന്നത് തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്.

കോമ്പൻസേഷൻ കേസ്സുകളിലെ നിലവിൽ claim നൽകാൻ delay condonation പ്രൊവിഷൻ ഉണ്ട്. എന്നാൽ പ്രസ്തുത കോഡിൽ ഇത് ഇല്ല. കോഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മെറ്റേണിറ്റി ബെനിഫിറ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ദി ഒക്യൂപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് 2019

പുതിയ കോഡ് പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ ഓഫീസുകൾ ഒന്നിലും കോഡ് ബാധകമാകില്ല. ഇത് തൊഴിലാളികളുടെ നിലവിലെ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും തടസ്സമാകും. മേൽ കോഡിന് കീഴിലാണ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെന്റ് ആക്ട്, കോൺടാക്ട് ലേബർ ആക്ട് എന്നിവ വരുന്നത്. പുതിയ നിയമപ്രകാരം സർക്കാരിന് കീഴിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും ഈ നിയമങ്ങൾ ബാധകമല്ലാത്ത സ്ഥിതി വരും.

പ്രസ്തുത കോഡിലും "employee," " worker" എന്നിവ പ്രത്യേകം നിർവ്വചിക്കപ്പെട്ടിരിക്കുന്നതിനാലും ഈ നിർവ്വചനങ്ങളിൽ അപ്രന്റീസുമാരെ ഉൾപ്പെടുത്താത്തതിനാലും ഭാവിയിൽ കേസ്സുകൾക്കും തർക്കങ്ങൾക്കും കാരണമാകുകയും അപ്രന്റീസ് വിഭാഗത്തിന്റെ അവകാശങ്ങൾ ഹനിക്കുന്നതിന് ഇടയാക്കുകയും ചെയ്യും.

നിലവിൽ സംസ്ഥാനത്തിന് ഉള്ളിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ പരിശോധിക്കാനുള്ള അധികാരം സംസ്ഥാനത്തിനുണ്ട്. എന്നാൽ പുതിയ കോഡ് പ്രകാരം കേന്ദ്ര സർക്കാരിന് കീഴിലെ ഫാക്ടറികൾ പരിശോധിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം എടുത്തുകളഞ്ഞിരിക്കുകയാണ്.

പുതിയ കോഡ് പ്രകാരം 'building or other construction work' എന്ന നിർവ്വചനത്തിൽ നിന്നും ഒഴിവാക്കാവുന്ന 'residential property' ഏതാണെന്ന് നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിന് മാത്രമാണ്. നിലവിൽ ഈ അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്.

Unskilled, skilled, semi-skilled & highly skilled എന്നീ നാല് തരത്തിലാണ് വേതനം നിശ്ചയിക്കുന്നത്. പുതിയ കോഡിലെ ബിൽഡിംഗ് വർക്കർ എന്ന കാറ്റഗറിയിൽ highly skilled, സൂപ്പർവൈസർ എന്നീ കാറ്റഗറികൾ ഇല്ല. ഇത് ഈ വിഭാഗം തൊഴിലാളികളുടെ വേതനം നിശ്ചയിക്കുന്നതിന് തടസ്സമാകും. Employee എന്ന നിർവ്വചനത്തിലും highly skilled എന്ന വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ല.

പുതിയ കോഡ് പ്രകാരം മാനേജർ തലത്തിലുള്ള ജീവനക്കാരെ principal Employer എന്ന പദവിക്ക് തുല്യമായിരിക്കുന്നു. ഇത് യഥാർത്ഥ തൊഴിലുടമകളെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുവാനും ഇല്ലാത്ത അധികാരത്തിന്റെ പേരിൽ ജീവനക്കാരുടെമേൽ അനാവശ്യ ഉത്തരവാദിത്വം അടിച്ചേൽപ്പിക്കാനും ഇടയാക്കും.

Welfare Measures Standards എന്തെല്ലാമെന്ന് തീരുമാനിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. ഈ അധികാരം സംസ്ഥാന സർക്കാരുകൾക്ക് നൽകേണ്ടതാണ്.

പ്രസ്തുത കോഡിൽ ജോലി സമയം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. എന്നാൽ മാത്രമേ തൊഴിലാളികളും ഇപ്പോൾ അനുഭവിക്കുന്ന ഓവർടൈം അലവൻസ് പോലുള്ള ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുകയുള്ളൂ. നിലവിലെ നിയമപ്രകാരം വർക്കിംഗ് സ്റ്റേറ്റ്മെന്റിനും സെയിൽസ് പ്രൊമോഷനും തൊഴിലാളികൾക്ക് ഏൺഡ് ലീവും മെഡിക്കൽ ലീവും ലഭ്യമാണ്. എന്നാൽ പുതിയ കോഡിൽ ഈ ആനുകൂല്യങ്ങളില്ല.

തൊഴിലാളികൾ ചെയ്യുന്ന കുറ്റങ്ങൾക്കുള്ള പിഴ 10,000 രൂപ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് തൊഴിലാളികൾക്കെതിരെ വ്യാപകമായി ദുരുപയോഗം ചെയ്യാനിടയാക്കും.

മേൽ സൂചിപ്പിച്ചിട്ടുള്ള തരത്തിൽ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള കോഡുകൾ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉയർത്തുന്ന പ്രത്യാഘാതങ്ങൾ വളരെ ഗുരുതരമാണ്. തൊഴിൽ നിയമങ്ങളിൽ കേന്ദ്ര സർക്കാർ വരുത്തുന്ന തൊഴിലാളികൾക്ക് ദോഷകരമായ ഭേദഗതികളിന്മേൽ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നിയമനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇടപെടുകയും അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കുന്ന അവസരത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം

ഉപയോഗിച്ച് തൊഴിലാളി താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. പുതിയ ലേബർ കോഡുകൾ പ്രാവർത്തിക മാക്കുന്നതടക്കം തൊഴിൽ മേഖലയിൽ കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായി ഉടലെടുത്തിട്ടുള്ള പ്രതിസന്ധിക്കെതിരെ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിൽ അതിശക്തമായ പ്രതിരോധ സമരങ്ങൾ രാജ്യത്ത് നടന്നുവരികയാണ്. ആ പൊതുവികാരം തന്നെയാണ് ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിനുമുള്ളത്.